4171

മാർക്കോ പോളോവിന്റെ

സഞ്ചാരകഥകൾ

13
4171

PAICO

PAICO PUBLISHING HOUSE

4171

4171
AMINA BOOK STALL,
TRICHUR-1.

# മാക്കൊപോളോവിന്റെ
# സഞ്ചാരകഥകൾ

AMINA BOOK STALL,
TRICHUR-1.

# MARCOPOLOVINTE SANCHARAKATHAKAL

Translated by
P. G. Purushothaman Pillai M. A.

Second Impression—Two thousand copies
August 1959

Publishers:
The Mangalodayam (Private) Ltd.,
Trichur.

*Price: Rs. 2—50*

# മാക്കോപോളോവിന്റെ
# സഞ്ചാരകഥകൾ

5171

1279

വിവർത്തകൻ

**പി. ജി. പുരുഷോത്തമൻപിള്ള എം. ഏ.**

**പ്രസാധകന്മാർ:**

മംഗളോദയം (പ്രൈവററ്) ലിമിററഡ്,

തൃശ്ശിവപേരൂർ

1135/1959] [വില: 2 _ 50

ഒന്നാം പതിപ്പ്: കോപ്പി ആയിരം
രണ്ടാം പതിപ്പ്: കോപ്പി രണ്ടായിരം

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ
അച്ചടിച്ചതു്.

കവർ:
കൃഷ്ണാ & കമ്പനി
തൃശ്ശിവപേരൂർ.

4171

# രണ്ടാംപതിപ്പിനെപ്പററി

രണ്ടരക്കൊല്ലങ്ങൾക്കു മുമ്പാണു് ഈ വിവർത്തനം ആദ്യമായി വെളിച്ചം കണ്ടതു്. ഈ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ള സ്ഥലങ്ങളുടേയും സംഭവങ്ങളുടേയും ഭൂപരവും ചരിത്രപരവുമായ വിശദാംശങ്ങൾ തേടിപ്പിടിക്കാൻവേണ്ടി ഈ ലേഖകനു് അന്നു വളരെ ക്ലേശിക്കേണ്ടിവന്നു. ഭാഗ്യവശാൽ ഈ പുസ്തകം പുറത്തുവന്നശേഷം കഴിഞ്ഞ അരനൂററാണ്ടിനുള്ളിൽ ആദ്യമായി, മാർക്കൊപോളോവിന്റെ സഞ്ചാരകഥകൾക്കു കുറേക്കൂടി സമഗ്രവും, സുവ്യക്തവുമായ ഒരു പുതിയ ആംഗലവിവർത്തനം പ്രസിദ്ധീകൃതമായിട്ടുണ്ടു്. നാളിതുവരെയുള്ള സകല രേഖകളും പരിശോധിച്ചു് മി. ആർ. ഇ. ലെതാം തയ്യാറാക്കിയ ഈ പുത്തൻവിവർത്തനം സംശയാസ്പദങ്ങളായ പല അംശങ്ങളിലേയ്ക്കും കൂടുതൽ പ്രകാശം പരത്തുന്നുണ്ടു്. അതുപോലെ മി. ഹാർട്ടിന്റെ 'മാർക്കൊപോളോ' എന്ന ജീവചരിത്രവും സഞ്ചാരകഥാപഠനത്തിനു സഹായകമാണു്. ഈ ഗ്രന്ഥങ്ങളുടെ വെളിച്ചത്തിൽ, അവശ്യം വേണ്ടതായ വിശദീകരണങ്ങൾ, ഈ രണ്ടാംപതിപ്പിന്റെ ഫുട്ട്നോട്ടിൽ ഞാൻ കൂട്ടിച്ചേർത്തിട്ടുണ്ടു്. ചെങ്കുത്തായി അവസാനിക്കുന്ന ഈ വിവർത്തനത്തിനു്, സ്വാഭാവികമായ ഒരു സമാപ്തിയും ലെതാമിന്റെ ഗ്രന്ഥത്തെ ആസ്പദമാക്കി എഴുതിച്ചേർത്തിരിക്കുന്നു. വേറെ പറയത്തക്ക മാററങ്ങളൊന്നും വരുത്തിയിട്ടില്ല.

ഒന്നാംപതിപ്പിനു നിരൂപകലോകം നല്കിയ പ്രോത്സാഹനാത്മകമായ വിമർശനത്തിനും, വായനക്കാർ നല്കിയ ഹാർദ്ദമായ സ്വാഗതത്തിനും വിവർത്തകൻ കൃതജ്ഞനാണു്.

4171/

# വിഷയവിവരം

അദ്ധ്യായം— പേജ്


1. ഗ്രന്ഥകത്താവിന്റെ മുഖവുര 23—34
2. ആർമീനിയാ, തുൎക്കിസ്ഥാൻ, സോഴ്സിയാ, മൊസൂൾ, ബാഗദാദ്. 34—41
3. പേഴ്സ്യാ, ജാസ്ഡി, സേർമൺ, കമണ്ടു. 42—48
4. മററു പല രാജ്യങ്ങൾ, ജിജ്ഞാസകൾ. 48—50
5. അസ്സാസിനരുടെ ചരിത്രം. 50—59
6. സമർഖണ്ഡ്നഗരം, ലോപ്പ്പട്ടണം, ഗോപീമരുഭൂമി. 59—67
7. കമാൽസംസ്ഥാനം, എസീനാനഗരം. 67—72
8. കാരക്കോറംനഗരം, താർത്തറികളുടെ ചരിത്രം. 73—83
9. താർത്തറിക്കു വടക്കുള്ള രാജ്യങ്ങൾ. 83—91
10. കുബ്ലൈഖാന്റെ രാജധാനി, ഭരണകൂടം, കുടുംബം, പ്രതാപം. 91—99
11. 'കംബാലു'നഗരം. 99—111
12. ഖാന്റെ രാജധാനിയെപ്പററി വീണ്ടും. 111—125
13. കംബാലുവിനും, തിബെത്തിനുമിടയ്ക്കുള്ള സംസ്ഥാനങ്ങൾ. 125—132
14. തിബെത്ത്സംസ്ഥാനവും, സമീപരാജ്യങ്ങളും. 132—153
15. മാങ്കിസംസ്ഥാനം, പ്രധാനനഗരങ്ങൾ. 154—164
16. 'ക്വിൻസായ്' എന്ന സ്വൎഗ്ഗീയനഗരം. 164—184
17. ഇന്ത്യൻകപ്പലുകൾ, ജപ്പാൻദ്വീപ്. 185—190
18. പൂൎവ്വേന്ത്യാദ്വീപുകൾ. 190—196
19. സിലോൺദ്വീപ്, മലബാർതീരങ്ങൾ. 197—205
20. മോട്ടപ്പള്ളിരാജ്യം—അവിടത്തെ രത്നഖനികൾ—അടുത്തുള്ള രാജ്യങ്ങൾ. 205—210
21. മെദഗാസ്കർദ്വീപ്, എത്തിയോപ്പിയാരാജ്യം. 211—213
22. അപ്രാപ്യങ്ങളായ ശീതമേഖലാരാജ്യങ്ങൾ. 213—215
23. ഉപസംഹാരം. 216

4171

# അവതാരിക

ഇററാലിയൻ നഗരങ്ങളുടെ റാണിയായ വെനീസ്സ്. 1295-ലെ ഒരു ഗ്രീഷ്മപ്രഭാതം. പ്രധാനരാജപാതയിലൂടെ, കീറിമുഷിഞ്ഞ ഉടുപ്പുകളുമായി മൂന്നു് അപരിചിതന്മാർ പോകുന്നു. യാത്രാക്ഷീണം അവരുടെ മുഖങ്ങളെ നിസ്തേജങ്ങളാക്കിയിട്ടുണ്ടു്: ചുമലിൽ വഹിച്ചിരുന്ന ഭാരിച്ച ഭാണ്ഡങ്ങൾ ക്ലേശത്തെ ഇരട്ടിപ്പിച്ചു. തെരുവുപട്ടികൾ അവരുടെ പുറകേ കുരച്ചുകൊണ്ടു പാഞ്ഞെത്തി. മററു വഴിപോക്കർ അവരെ തുറിച്ചുനോക്കി. വൈചിത്ര്യങ്ങളുടെ വിലാസരംഗമായ ആ നഗരത്തിലെ പുതിയ അത്ഭുതമായിരുന്നു ഈ പഥികത്രയം. പടിഞ്ഞാറൻരൂപവും കിഴക്കൻഭാവവും. അവരുടെ സംഭാഷണമോ? ലത്തീൻഭാഷയുടേയും, പൌരസ്ത്യജല്പനത്തിൻേറയും ഒരു പ്രത്യേകകലപ്പു്!

"നിങ്ങൾ ആരാണു്?"—ഒരു വഴിപോക്കൻ അവരോടു കയറി ചോദിച്ചു.

"ഞങ്ങളാണു് പോളോമാർ," അവരിൽ ഇളയവൻ മറുപടികൊടുത്തു—"എൻെറ അച്ഛൻ നിക്കൊളോ, അമ്മാവൻ മഫേയോ, ഞാൻ മാക്കൊപോളോ."

ആ വെനീസ്സുകാരൻ തോൾ ചുളുക്കി തന്നത്താൻ പറഞ്ഞു: "പോളോമാർ! കേട്ടിട്ടേയില്ല."—ഒടുവിൽ അവർ പട്ടണത്തിലെ ജനബാഹുല്യം കുറഞ്ഞ ഭാഗത്തുള്ള ഒരു ഒററപ്പെട്ട ഗൃഹത്തിൽ ചെന്നുപററി. മൂത്തവൻ പറഞ്ഞു: "ഹാവൂ! ജനിച്ചിടത്തു തിരിച്ചെത്താൻ കഴിഞ്ഞല്ലോ." അവർ വാതില്ക്കൽ മുട്ടിവിളിച്ചു. ഒരു മദ്ധ്യവയസ്ക വാതിൽ തുറന്നു്, അവരെ അവജ്ഞയോടെ നോക്കി.

"നീണ്ട വേർപാടിനുശേഷം, വീട്ടിൽ മടങ്ങിയെത്തിയ പോളോമാരാണ് ഞങ്ങൾ."

അവൾ: "ഒരുപക്ഷേ നരകത്തിൽനിന്നായിരിക്കും തിരിച്ചുവരവ്........ഇരുപത്താറു വഷങ്ങൾക്കു മുമ്പു നാടുവിട്ടുപോയ പോളോമാർ തിരിച്ചുവരികയോ?"

"പക്ഷേ ഞങ്ങളാണ് ആ പോളോമാർ."

"കടക്കിൻ, പടിക്കു പുറത്തു്! തെണ്ടികൾ! പോയില്ലെങ്കിൽ, ഇപ്പോൾ വിളിക്കും ഞാൻ പോലീസ്സിനെ"—ഗൃഹനായിക.

"ഞങ്ങൾ തെണ്ടികളൊന്നുമല്ല. നേരെമറിച്ചു വളരെ വിലപ്പെട്ട പല സമ്മാനങ്ങളും ഞങ്ങൾ കൊണ്ടുവന്നിട്ടുണ്ടു്."

"സമ്മാനങ്ങളോ?"

"അതെ," ഇളയവൻ പറഞ്ഞു:—"ലക്ഷക്കണക്കിനു്!"

"പോളോകുടുംബത്തിലെ ഒരു അകന്ന ചാർച്ചക്കാരിയായ ഗൃഹനായിക, ഒടുവിൽ വൈമനസ്യത്തോടെയെങ്കിലും, ആഗതക്കു സ്വാഗതമരുളി. വളരെ ചോദ്യംചെയ്യലുകൾക്കുശേഷം, ആഗതന്മാർ തട്ടിപ്പുകാരല്ലെന്നു് അവൾക്കു ബോദ്ധ്യമായി. നഗരത്തിൽ പലേടത്തും പാർത്തിരുന്ന ബന്ധുക്കളെയെല്ലാം ക്ഷണിച്ചുവരുത്തി, 'പ്രേതലോക'ത്തിൽനിന്നും തിരിച്ചുവന്ന ഈ ത്രിമൂർത്തികളുടെ ബഹുമാനാർത്ഥം ഒരു വിരുന്നു് അവൾ ഏർപ്പെടുത്തി.

അതിഥികൾ എല്ലാവരും തീൻമേശയ്ക്കരികിൽ സ്ഥലംപിടിച്ചു. പക്ഷേ 'വിശിഷ്ടാതിഥികൾ'മാത്രം പ്രത്യക്ഷരായിട്ടില്ല. ഒരു സ്വകാര്യമുറിയിൽ അവർ ഉടുത്തൊരുങ്ങുകയായിരുന്നു. സഭാവാസികളിലൊരാൾ ഇപ്രകാരം അന്വേഷിച്ചു:

"എന്തത്ഭുതകരമായ വേഷമായിരിക്കും, അവർ അണിഞ്ഞിരിക്കുക?"

അവരിതാ പ്രവേശിക്കുന്നു! എന്തു കണ്ണഞ്ചിക്കുന്ന കാഴ്ച! കടുംചുവപ്പുള്ള സാററിൻനിലയങ്കികൾ. ഞെറിവുകൾക്കു മേ

ലേ ഞെറിവുകൾ! വെള്ളിനൂലുകൾകൊണ്ടുള്ള പലതരം ചിത്രവേലകൾ.

"നിങ്ങൾ ഇതു് ഇഷ്ടപ്പെടുന്നുവോ?"—പോളോമാരുടെ ചോദ്യം. "ഓഹോ!"—ഹാളിൽ മുഴക്കം. "എന്നാലിതു നിങ്ങൾക്കിരിക്കട്ടെ." പോളോമാർ അവരുടെ മുറിയിലേയ്ക്കു തിരിച്ചുപോയി. അല്പനിമിഷങ്ങൾക്കുള്ളിൽ മടങ്ങിവന്നു. ഇപ്പോൾ അവർ ധരിച്ചിരിക്കുന്നതു സുവർണ്ണചിത്രങ്ങൾ തുന്നിയ, റോസ് നിറത്തിലുള്ള 'ഡമാസ്കസ്'പട്ടുകുപ്പായങ്ങളാണു്. ആദ്യം ധരിച്ചിരുന്ന സാററിൻകോട്ടുകൾ നീണ്ട നാടകളായി മുറിച്ചു്, അതിഥികൾക്കിടയിൽ വിതരണംചെയ്യപ്പെട്ടു. വിരുന്നു് ആരംഭിച്ചു.

വീണ്ടും അതേ ചോദ്യം. "ഈ ഡമാസ്കസ്ഷെർവാണികൾ നിങ്ങൾ ഇഷ്ടപ്പെടുന്നുവോ? ഹാളിൽ വീണ്ടും ഉന്മത്തമായ ആഹ്ലാദത്തിൻെറ കലവികൾ. പോളോമാർ, അണിയറയിലേയ്ക്കു പിന്നെയും പിൻമടങ്ങി. വജ്രഖചിതങ്ങളായ നീലവെൽവെററ്കോട്ടുകളുമിട്ടാണു്, ഇപ്പോഴത്തെ പുറപ്പാട്. ഡമാസ്കസ്കുപ്പായങ്ങൾ മംഗോളിയൻ ആചാരപ്രകാരം വീണ്ടും മുറിച്ചു വിതരണംചെയ്യപ്പെട്ടു. വിരുന്നു കഴിയാറായി. ഗാനങ്ങൾ, ആലിംഗനങ്ങൾ, ആനന്ദനൃത്തങ്ങൾ, 'ഷാംപെയിൻ'പ്രവാഹങ്ങൾ. ഈ മദിരോത്സവത്തിന്നിടയിൽ കഥാനായകന്മാർ വീണ്ടും അദൃശ്യരായി. വെൽവെററ്കോട്ടുതുണ്ടുകളും വിതരണത്തിനു തെയ്യാറായി എന്നാൽ ഇപ്പോഴത്തെ അവരുടെ വരവു്, ആ പഴയ കീറിപ്പറിഞ്ഞ വേഷത്തിൽ, പഴംഭാണ്ഡവും ഭേസികൊണ്ടാണു്.

"ഇനിയെന്തു്?" സദസ്യർ ഉല്ക്കണ്ഠിതരായി. മാക്കൊപോളോ, പരിചാരകന്മാരോടു ഹാൾ വിട്ടു പുറത്തു പോകാൻ പറഞ്ഞു. മേശപ്പുറത്തുനിന്നു മൂച്ചയുള്ള ഒരു കത്തിയെടുത്തു തൻെറ ഭാണ്ഡം കുത്തിച്ചോത്തി. അമ്പമ്പോ! പ്രേക്ഷകരുടെ വിസ്മിതനയനങ്ങൾക്കുമുമ്പിൽ, രത്നാഭരണങ്ങളുടെ വർണ്ണോജ്ജ്വലവും സംഗീതസുന്ദരവുമായ ജലപ്രപാതം!! മാണിക്യം, മരതകം, ഇന്ദ്ര

നീലം, പുഷ്യരാഗം, വജ്രം, വൈഡൂര്യം, പവിഴം, മുത്തു് ഇവയു ടെ ഒരു പേമാരി!!

"ഈ തരത്തിൽ എത്രയെണ്ണം നിങ്ങൾ ശേഖരിച്ചിട്ടുണ്ടു്, മാക്കൊപോളോ?"—ഒരു ജിജ്ഞാസുവിൻെറ അന്വേഷണം.

"ലക്ഷോപലക്ഷം!"—മറുപടി.

"ഇവ ശേഖരിക്കുന്നതിൽ വിസ്മയാവഹങ്ങളായ എത്രയെത്ര വീരസാഹസങ്ങൾ നിങ്ങൾക്കു് അനുഭവപ്പെട്ടിരിക്കണം?"

"ശരിയാണു്; ലക്ഷക്കണക്കിനുള്ള വീരേതിഹാസങ്ങൾ ഇവയ്ക്കു പിന്നിലുണ്ടു്." ഇത്തരം അത്യുക്തിയിലാണു്, മാക്കോപോളോ ആരോടും എപ്പോഴും സംസാരിച്ചിരുന്നതു്. അധികം താമസിച്ചില്ല. നാട്ടുകാർ ഒരു ഓമനപ്പേർ നല്കി അദ്ദേഹത്തെ ബഹുമാനിച്ചു—'മാക്കോലക്ഷം' എന്ന പരിഹാസപ്പേർ.

ലോകസഞ്ചാരികളുടെ ഗണനാപ്രസംഗത്തിൽ കനിഷ്ഠികാധിഷ്ഠിതനായ മാക്കൊപോളോ 25 വർഷത്തെ നീണ്ട വിദേശപര്യടനം കഴിഞ്ഞു നാട്ടിൽ തിരിച്ചെത്തിയപ്പോൾ, അദ്ദേഹത്തിനു വീട്ടിലും പുറത്തും കിട്ടിയ സ്വീകരണവും, പോളോവും പിതാക്കളും അന്നാട്ടുകാരിൽ ഉളവാക്കിയ അത്ഭുതാനന്ദങ്ങളും, അസാരം വിസ്തരിച്ചുതന്നെ രേഖപ്പെടുത്തിയതിൽ, വായനക്കാർ ക്ഷമിപ്പാനപേക്ഷ. ആരാണു് ഈ മാക്കൊപോളോ? എന്തുകൊണ്ടു് അദ്ദേഹം ലോകസഞ്ചാരികളിൽ അഗ്രേസരനായി ഗണിക്കപ്പെടുന്നു? പില്ക്കാലപാശ്ചാത്യപൌരസ്ത്യസമ്പർക്കത്തിനും, അതുവഴിക്കുണ്ടായ യൂറോപ്യൻനവോത്ഥാനത്തിനും മാക്കൊപോളോ നല്കിയ സംഭാവനയെന്തു്? അദ്ദേഹത്തിൻെറ സഞ്ചാരകഥകളിൽ കാണപ്പെടുന്ന അവ്യക്തതകൾ, അപൂർണ്ണതകൾ, അതിശയോക്തികൾ, അസത്യങ്ങൾ, അർദ്ധസത്യങ്ങൾ എന്നിവയ്ക്കു വല്ല സമാധാനവും പറയാനുണ്ടോ? മൊത്തത്തിൽ ഈ സഞ്ചാരകഥകൾക്കുള്ള വൈജ്ഞാനികവൈകാരികമൂല്യങ്ങളും, സഞ്ചാരകഥാസാഹിത്യത്തിൽ ഈ ഗ്രന്ഥത്തിനുള്ള സ്ഥാനവും എന്തു്?

കുഴപ്പംപിടിച്ച ഇത്തരം പ്രശ്നങ്ങളെ കുറഞ്ഞതോതിലെങ്കിലും ഒന്നു പരിശോധിക്കേണ്ടിയിരിക്കുന്നു, ഈ അവതാരികയിൽ.

എ. ഡി. 1254-ൽ ഇററലിയിലെ 'വെനീസ്സ്' എന്ന പുകൾപെററ പട്ടണത്തിൽ, ഒരു വത്തകകുടുംബത്തിലാണ് മാക്കൊപോളോവിൻെറ ജനനം. പിതാവായ നിക്കൊളൊപോളോ, തൻെറ സഹോദരനായ മഫേയോവുമൊന്നിച്ച്, വ്യാപാരതാല്പര്യങ്ങളെ മുൻനിത്തി, ദക്ഷിണയൂറോപ്പിൻെറ കിഴക്കുഭാഗത്തുള്ള 'ക്രിമിയാ'യിലേയ്ക്കു പോയി. അവരുടെ ഈ യാത്ര, ചില അപ്രതീക്ഷിതസംഭവങ്ങളാലും ലാഭേച്ഛയാലും കൂടുതൽ കൂടുതൽ കിഴക്കോട്ടു നീണ്ടു. 'ക്രിമിയാ'യിൽനിന്നു് 'കസാനി'ലേയ്ക്കും, പിന്നീടു 'ബൊക്കാറ'യിലേയ്ക്കും. അക്കാലത്തു മദ്ധ്യേഷ്യയും ചൈനയും അടക്കിവാണിരുന്ന സുപ്രസിദ്ധനായ കുബ്ളെഖാൻെറ സന്നിധിയിലേയ്ക്കു്, പേഴ്സ്യൻരാജാവു് അയച്ച രണ്ടു പ്രതിപുരുഷന്മാരെ, ബൊക്കാറയിൽ വെച്ചു്, ഈ പോളോസഹോദരന്മാർ കണ്ടുമുട്ടി. കുബ്ളെഖാനുമായുള്ള ബന്ധം തങ്ങളുടെ ഭാവിയെ ശോഭനമാക്കുമെന്നു്, ആ പ്രതിപുരുഷന്മാരിൽനിന്നു മനസ്സിലാക്കിയ പോളോമാർ, അവരോടൊന്നിച്ചു യാത്രചെയ്തു്, പല ക്ലേശങ്ങളും സഹിച്ചു്, ഒടുവിൽ മംഗോളിയൻ സാമ്രാജ്യകിരീടപതിയായ, കുബ്ളെഖാൻെറ ആസ്ഥാനനഗരിയിൽ—ഇന്നു 'പെക്കിങ്ങ്'എന്ന പേരിലറിയപ്പെടുന്ന അന്നത്തെ 'കംബാലു'വിൽ —എത്തിച്ചേന്നു.

ഈ മംഗോളിയൻസാമ്രാജ്യചരിത്രം ലോകചരിത്രത്തിലെ ഉജ്ജ്വലാദ്ധ്യായങ്ങളിലൊന്നാണു്. 'സ്റ്റെപ്പികൾ' എന്നറിയപ്പെടുന്ന മദ്ധ്യേഷ്യൻപുൽമേടുകളിൽ പാത്തിരുന്നവരും, സഞ്ചാരപ്രിയരുമായ മംഗോളിയൻവർഗ്ഗക്കാർ, ചൈനാഭൂഖണ്ഡത്തെ തുടച്ചയായി ആക്രമിച്ചു കീഴടക്കുകയും, ഏറെത്താമസിയാതെ, കിഴക്കു ശാന്തസമുദ്രംമുതൽ പടിഞ്ഞാറു റഷ്യയിലെ നീപ്പർനദിവരേയ്ക്കും, വടക്കൻ സൈബീരിയമുതൽ തെക്കു ഹിമാലയംവരെ

ശ്ശം വ്യാപിച്ചുകിടക്കുന്ന വിസ്തൃതഗംഭീരമായ ഭൂവിഭാഗം മുഴുവൻ, മംഗോളിയൻ ഭരണത്തിന്നടിപ്പെന്നിയുകയും ചെയ്തു. 'ചെങ്കിസ്ഖാൻ' എന്ന പുകൾപെറ്റ മംഗോളിയൻസേനാനിയാൽ സ്ഥാപിതമായ ഈ സാമ്രാജ്യത്തോട്ട താരതമ്യപ്പെടുത്തിയാൽ, അലക്സാണ്ടർചക്രവത്തിയുടെ സാമ്രാജ്യംപോലും കുട്ടിക്കളിക്കോപ്പുപോലെ നിസ്സാരമാകുന്നു. അലക്സാണ്ടറുടെ ധീരതയും, സീസറുടെ സഹനശക്തിയും, ഏഷ്യൻ നേതാക്കന്മാരുടെ ജീവിതസാരള്യവും ചെങ്കിസ്ഖാനിൽ സമ്മേളിച്ചിരുന്നു. അദ്ദേഹത്തിനു കുതിരമാംസം വിശിഷ്ടഭോജ്യവും, പടകുടീരം കൊട്ടാരവും, കുതിരപ്പുറം സിംഹാസനവുമായിരുന്നു. ഭരിക്കുന്നതിനേക്കാൾ കീഴടക്കുവാനായിരുന്നു അദ്ദേഹത്തിനു താല്പര്യം. പക്ഷേ മററു പല ജനനേതാക്കളേയുംപോലെ, അദ്ദേഹം ക്രൂരനോ പ്രതികാരേച്ഛുവോ ആയിരുന്നില്ല. പ്രസിദ്ധചരിത്രകാരനായ, എച്ച്. ജി. വെത്സ് പറയുന്നു: ചെങ്കിസ്ഖാൻെറ കീഴിൽ ഏഷ്യയിലങ്ങോളമിങ്ങോളം മതസഹിഷ്ണുത നടമാടിയിരുന്നു........മനുഷ്യൻെറ ആശയാദർശങ്ങളെ വാരിവിതറുകയും വികസിപ്പിക്കുകയും അവൻെറ ഭാവനയെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നതിൽ, ഈ മംഗോളിയൻ ആക്രമണങ്ങൾ വഹിച്ച പങ്കു നിസ്തുലമാണു്. കുറേ കാലത്തേയ്ക്കെങ്കിലും ഏഷ്യ മുഴുവനും, പടിഞ്ഞാറൻ യൂറോപ്പും, ഗാഢവും നിരർഗ്ഗളവുമായ പരസ്പരസമ്പർക്കം സമാസാദിച്ചു. സകലകവാടങ്ങളും സ്വല്പകാലത്തേയ്ക്കെങ്കിലും തുറക്കപ്പെടുകയും, ലോകരാഷ്ട്രങ്ങളുടെ തന്ത്രപ്രതിനിധികൾ, 'കാരക്കോറം'രാജസഭയിൽ സന്നിഹിതരാവുകയും ചെയ്തു. തോല്പിക്കപ്പെട്ട രാഷ്ട്രങ്ങളുടെ മേൽ തങ്ങളുടെ കാടത്തം അടിച്ചേല്പിക്കുകയല്ല, അവരുടെ കുലീനസംസ്കാരം തന്നിലേയ്ക്കുകൂടി പ്രസരിക്കുവാൻ സ്വയം അനുവദിക്കുകയാണു് ചെങ്കിസ്ഖാൻ ചെയ്തതു്. റോമാ സംസ്കാരം തവിടുപൊടിയാക്കിയ കിരാതവർഗ്ഗമെവിടെ? പരാജിതരാഷ്ട്രസംസ്കൃതി തങ്ങളുടേതായി സ്വീകരിക്കുകകൂടി ചെയ്ത മംഗോളിയൻവർഗ്ഗമെവിടെ? ചെങ്കിസ്ഖാൻെറ വംശത്തിലെ ഏറ്റ

4171



ററവും പ്രസിദ്ധനായ രാജാവായിരുന്നു 'ക്കുബ്ളൈഖാൻ'. ക്കുബ്ളൈഖാൻെറ ഭരണകാലം മംഗോളിയൻസാമ്രാജ്യത്തിൻെറ സുവർണ്ണദശയായിരുന്നു.

ഈ ക്കുബ്ളൈഖാൻെറ സദസ്സിൽവെച്ചായിരുന്നു മാർക്കോപോളോവും, അദ്ദേഹത്തിലൂടെ സമസ്തയൂറോപ്പും, പ്രാചിയുടെ സമുന്നതസംസ്കാരവുമായി അഭിമുഖസംഭാഷണം ചെയ്തതു്. അതു് എങ്ങിനെ സംഭവിച്ചുവെന്നാണു് ഇനി ആലോചിക്കേണ്ടതു്.

ചൈനയിൽ വന്നെത്തിയ നിക്കൊളോവും, മഫേയോവും, താമസിയാതെ അവിടത്തെ വിദേശവ്യാപാരികളിൽ പ്രമുഖരായിത്തീൎന്നു. തലസ്ഥാനനഗരിയിൽ പ്രമുഖരായ രണ്ടു യൂറോപ്യൻവ്യാപാരദെല്ലാളികൾ താമസിക്കുന്നുണ്ടെന്നറിഞ്ഞു്, ക്കുബ്ളൈഖാൻ അവരെ കൊട്ടാരത്തിലേയ്ക്കു ക്ഷണിച്ചു. ഒരു കൃസ്ത്യൻ വ്യാപാരിയെ അതിനുമുമ്പു ഖാൻ കണ്ടിരുന്നില്ല. ആ 'വിചിത്രമൃഗം' എങ്ങിനെയിരിക്കുമെന്നറിയുവാൻ, ചക്രവൎത്തിക്കു് ആഗ്രഹമുണ്ടായി. പ്രഥമദൎശനത്തോടെതന്നെ ഖാൻ അവരിൽ സംപ്രീതനായി. രത്നവും വാളും പരിശോധിക്കുന്നതിൽ പ്രവീണനാണു് നിക്കൊളോ. മുഖപ്പുതാടിക്കാരൻ മഫേയൊ കുതിരയിലും പെണ്ണിലും 'കണ്ണു'ള്ളവനത്രേ. അവരുടെ അശ്ലീലഹാസ്യങ്ങളും, എന്തിനെപ്പററിയുമുള്ള ദൃഢാഭിപ്രായങ്ങളും, ആകൎഷണീയമായ പെരുമാററവും ക്കുബ്ളൈഖാനെ രസിപ്പിച്ചു. വ്യാപാരകാൎയ്യങ്ങളെപ്പററി നിത്യേനയെന്നോണം അവർതമ്മിൽ സംഭാഷണം നടന്നു. രാഷ്ട്രീയവും മതപരവുമായ കാൎയ്യങ്ങളിൽ വ്യാപാരികൾ വലിയ താല്പൎയ്യം കാണിച്ചിരുന്നില്ല. എങ്കിലും ഖാനെ സത്യവേദത്തിലേയ്ക്കു പരിവൎത്തനംചെയ്യാൻ അവർ ഇടയ്ക്കിടയ്ക്കുത്സാഹിച്ചിരുന്നതു ഖാനെ വിനോദിപ്പിച്ചു. "എല്ലാ അവിശ്വാസികളേയും സത്യമതത്തിലേയ്ക്കു മാൎഗ്ഗംകൂട്ടണമെന്നാണു് ഞങ്ങളുടെ മാൎപ്പാപ്പാതിരുമേനിയുടെ അഭിലാഷം"...എന്നു വ്യാപാരികൾ ചക്രവൎത്തിയെ കൂടെക്കൂടെ ഓൎമ്മപ്പെടുത്താറുണ്ടു്.

"ആരാണ് നിങ്ങളുടെ മാപ്പാപ്പാ"—ഖാൻ ചോദിക്കും.

"ഞങ്ങളുടെ ദൈവമായ കൃസ്തുവിൻെറ ഭൂമിയിലെ പ്രതിപുരുഷനാണദ്ദേഹം"—വ്യാപാരികൾ.

"ഏകസത്യമായ ദൈവത്തിൻെറ പ്രതിപുരുഷനാണ് നിങ്ങളുടെ മാപ്പാപ്പ എന്നതിനു് എന്താണ് തെളിവു്?" ഖാൻെറ ഈ ചോദ്യത്തിനു്, അവർ ശരിക്കുത്തരംപറയാറില്ല. "ഞങ്ങൾ പാതിരിമാരോ പണ്ഡിതന്മാരോ അല്ല. വെറും വ്യാപാരസഞ്ചാരികൾ"—എന്നു പറഞ്ഞൊഴിയും. ഖാൻ ചിരിക്കും. തങ്ങൾ സംസാരിക്കുന്നതെന്തെന്നു നല്ല നിശ്ചയമുള്ളവരുമായി ചർച്ചചെയ്യാൻ കഴിഞ്ഞാൽ, അവരുടെ മതത്തെപ്പററി താൻ കൂടുതൽ മനസ്സിലാക്കിയേയ്ക്കാമെന്നും അതിന്നുവേണ്ടി, മാപ്പാപ്പയുടെ അടുക്കൽ തിരിച്ചുചെന്നു്, പ്രഗത്ഭരായ ഒരുനൂറു കൃസ്ത്യൻമിഷ്യണറിമാരെ ചൈനയിലേയ്ക്കയയ്ക്കാൻ അപേക്ഷിക്കണമെന്നും, ഖാൻ അവരോടാവശ്യപ്പെട്ടു. "ഏഴു കലകളിൽ പ്രവീണരും, വാദപ്രതിവാദത്തിന്നു സന്നദ്ധരും, 'കൺഫ്യൂഷൻ' നീതിസാരം, ക്രൈസ്തവതത്വങ്ങൾക്കു താഴെയാണെന്നു്, തന്നെപ്പോലുള്ള ചൈനക്കാക്കു തെളിയിച്ചുകൊടുക്കാൻ കഴിവുള്ളവരുമായ ബുദ്ധിമാന്മാർ വരട്ടെ," എന്നായിരുന്നു ഖാൻ ആവശ്യപ്പെട്ടതു്. പോളോസഹോദരന്മാർ ഈ ആഹ്വാനവുമായി പോപ്പ് ക്ലെമൻറ് 4-ാമൻെറ അടുക്കലേയ്ക്കു തിരിച്ചു. പക്ഷേ അതിന്നിടയ്ക്കു ക്ലെമൻറ് മരിച്ചുകഴിഞ്ഞിരുന്നു. രണ്ടു കൊല്ലത്തോളം നീണ്ടുനിന്ന സഭാകലഹങ്ങൾക്കുശേഷം, ഗ്രിഗറി പത്താമൻ പോപ്പായി വാഴിക്കപ്പെട്ടു. പോളോമാരുടെ അഭ്യർത്ഥനയനുസരിച്ചു്, ഗ്രിഗറി, അവരോടൊന്നിച്ചയച്ച രണ്ടു മിഷ്യണറിമാർ, യാത്രാക്ലേശം സഹിക്കാനാവാതെ, "ചീനർ അവക്കുള്ള നരകത്തിൽതന്നെ കിടന്നുഴറട്ടെ," എന്നു പറഞ്ഞു സ്വദേശത്തേയ്ക്കു മടങ്ങി. പക്ഷേ നിക്കോളോവിൻെറ മകൻ മാർക്കോവിനെ, ഒരു ബദൽ മിഷ്യണറിയായി പോളോസ്സഹോദരന്മാർ 1271-ൽ ചൈനയിലേയ്ക്കു കൊ-

ണ്ടുപോയി. മാർക്കോവിനു് അന്നു കഷ്ടിച്ച പതിനെട്ടുവയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ.

"ഇവൻ ഒന്നുകിൽ ഒരു നല്ല വ്യാപാരിയോ അല്ലെങ്കിൽ പ്രസിദ്ധനായ ഒരു കവിയോ ആയിത്തീരും" എന്നു മഫേയോ പ്രവചിച്ചു.

"രണ്ടുമാകാം"—എന്നു പിതാവും.

"ഈശ്വരഭക്തിയും, ആരേയും വശത്താക്കാനുള്ള നാവും അവനുണ്ടു്"—മഫേയോ.

"രണ്ടും അമ്മയിൽനിന്നാണു് അവനു കിട്ടിയതു്"—നിക്കോളോ.

താടി തടവി, കുറച്ചാലോചിച്ചുശേഷം, മഫേയോ തുടന്നു: —"ഒരുപക്ഷേ മഹാനായ ആ ചക്രവർത്തിയെത്തന്നെ ഇവൻ മാനസാന്തരപ്പെടുത്തുകയില്ലെന്നു് ആരു കണ്ടു!"

യൂറോപ്യൻകാടുകളുടേയും, ഏഷ്യൻപർവ്വതനിരകളുടേയും ഇടയിലൂടെ നാലുവർഷത്തെ ആപൽക്കരമായ യാത്ര! മറെറാരു വെള്ളക്കാരനും അതിനുമുൻപു ചവിട്ടിയിട്ടില്ലാത്ത ഭൂവിഭാഗങ്ങൾ!! പെരുംപ്രളയകാലത്തു 'നോഹ' തൻെറ പെട്ടകത്തെ കെട്ടിയിട്ട 'അരാരത്തു്'കൊടുമുടി അവർ കണ്ടു. 'ബാബൽഗോപുര'ത്തിൻെറ അവശിഷ്ടങ്ങളും, അവർ നിന്നിമേഷരായി നോക്കിനിന്നു. മർത്ത്യവർഗ്ഗത്തിൻെറ സംഘടിതശക്തിയെ വിഭിന്നഭാഷകൾ വിതച്ചു ദൈവം കൊയ്തെടുത്തതു് അവിടെവെച്ചാണല്ലോ. പച്ചമാംസം തിന്നുന്ന കിരാതന്മാരേയും, ഹിംസ്രജന്തുക്കൾ നിറഞ്ഞ വനാന്തരംഗങ്ങളേയും പിന്നിട്ടു്, ലോകത്തിൻെറ മേല്പുരയായ 'പാമീറി'ൽ അവരെത്തി. എണ്ണിയാലൊടുങ്ങാത്ത മലകളും മേടുകളും പിന്നെയും ചവിട്ടിനീക്കി. ഉപ്പുപാറകൾ, കത്തുന്ന കാടുകൾ, പാടുന്ന 'പൈൻ'മരക്കൂട്ടങ്ങൾ, നിർജ്ജലമരുഭൂമികൾ ഇവയെല്ലാം ഈ പഥികരിൽ, ഭയവും, അത്ഭുതവും, ആനന്ദവും ഉളവാക്കി. ആയിരക്കണക്കിനു മൈലുകൾ പിന്നെയും പിന്നിട്ടു. അ

വർ വിസ്തൃതഗംഭീരമായ 'ഗോബി'മരുഭൂമിയിലെത്തി. ഇത്രയു മായപ്പോഴേയ്ക്കും സഞ്ചാരികൾ തളൎന്നു. ചെറുപ്പക്കാരൻ മാക്കോ രോഗഗ്രസ്തനായി. ഒരടിപോലും മുന്നോട്ടു വെയ്ക്കാൻ വയ്യ. വേ ദനിക്കുന്ന ശ്വാസകോശങ്ങൾക്കു മണൽപ്പൊടി നിറഞ്ഞ വായു. പനിപിടിച്ചു പുകയുന്ന കണ്ണുകൾക്കു ജ്വലിക്കുന്ന സൂൎയ്യരശ്മി. ആ മണൽക്കാട്ടിൽ ഒരിടത്തു്, അസഹ്യമായ ചൂടിൽപ്പെട്ടു്, കുതി രകളും, ഒട്ടകങ്ങളുമടക്കം ഒരു വ്യാപാരിസംഘംമുഴുവൻ ചത്തൊടു ങ്ങിയതിൻെറ അസ്ഥികൂടക്കുന്നു കണ്ടതോടെ, മാക്കോ ബോധം കെട്ടു വീണു.

ചെണ്ടമേളത്തിൻെറ പ്രകാരഭേദംകൊണ്ടു്, സന്ദേശങ്ങൾ കൈമാറുന്ന ഒരുതരം കമ്പിത്തപാൽപദ്ധതി കുബ്ലൈഖാൻ ചൈനയിൽ നടപ്പാക്കിയിരുന്നു. ചൈനയിലേയ്ക്കു വരുന്ന മൂ ന്നു യൂറോപ്യൻസഞ്ചാരികൾ, മരുഭൂമിയിൽ അവശരായിക്കിടക്കു ന്നുവെന്നും, അവരിലൊരുവൻെറ സ്ഥിതി ആപൽക്കരമാണെ ന്നും, ഈ ധ്വനിവിശേഷംവഴി തപാൽവകുപ്പു് കുബ്ലൈഖാ നെ അറിയിച്ചു. അദ്ദേഹം ഉടൻതന്നെ ഒരു സാൎത്ഥത്തെ അയ ച്ചു്, അവരെ രാജധാനിയിൽ വരുത്തി ശുശ്രൂഷയ്ക്കേൎപ്പാടുചെയ്തു. അങ്ങിനെ 1275-ൽ മാക്കോപോളോ, കുബ്ലൈഖാൻെറ കൊ ട്ടാരത്തിലെത്തി. ബോധംവീണു കൺതുറന്നപ്പോഴാണു്, മംഗോ ളിയൻരാജധാനിയിൽ വിദഗ്ദ്ധശുശ്രൂഷയ്ക്കു താൻ വിധേയനാ ണെന്ന സംഗതി മാക്കോപോളോ അറിഞ്ഞതത്രേ. മാത്രമോ? അത്ഭുതമെന്നേ പറയേണ്ടൂ. ചക്രവൎത്തിയുടെ മകൾതന്നെ മാ ക്കോവിൻെറ ശുശ്രൂഷയ്ക്കെത്തിയിരിക്കുന്നു! പ്രണയമാധുൎയ്യത്തിൽ പൊതിഞ്ഞ ഒന്നരമാസത്തെ വിശ്രമസുഖം.

തൻെറ യാത്രയുടെ പ്രഥമോദ്ദേശ്യം നിറവേററുവാൻ, മാ ക്കോ രോഗശയ്യയിൽനിന്നെഴുന്നേററു. ഈ യാത്രയ്ക്കിടയിൽത്ത ന്നെ, മാക്കോ, താൎത്താറിഭാഷ, നല്ലവണ്ണം പഠിച്ചുകഴിഞ്ഞിരുന്നു. ചക്രവൎത്തിയെ മതപരിവൎത്തനംചെയ്യാൻ മാക്കൊ ശ്രമിച്ചു

തുടങ്ങി. മാർക്കോവിൻെറ സുവിശേഷപ്രസംഗങ്ങൾ ഖാൻ നിത്യവും ശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്നു. വളരെ ആവേശവും, ആത്മാർത്ഥതയും ആ പ്രസംഗങ്ങളിൽ അലതല്ലിയിരുന്നതു്, മഹാനായ ഖാൻ മനസ്സിലാക്കി. മനഃപരിവർത്തനം വരകിയും ചെയ്തു. കൃസ്തുമതത്തിലേയ്ക്കല്ല, മാർക്കോവിനോടുള്ള ഗാഢമൈത്രിയിലേയ്ക്കു്. ഏറെത്താമസിയാതെ, മാർക്കോ, ഖാൻെറ കണ്ണിലുണ്ണിയായി. 1277_ൽ മഹാനായ ഖാൻെറ പന്ത്രണ്ടംഗമന്ത്രിസഭയിലെ, ഒരു അംഗമായി മാർക്കോ തിരഞ്ഞെടുക്കപ്പെട്ടു. ചൈനാവൻകരയുടെ പല വിദൂരസംസ്ഥാനങ്ങളിലേയ്ക്കും ഖാൻെറ പ്രതിപുരുഷനായി മാർക്കോ അയയ്ക്കപ്പെട്ടിരുന്നു. അങ്ങിനെ ഇരുപതുവർഷത്തിലധികം ചൈനയുടെ വിവിധഭാഗങ്ങളിൽ സഞ്ചരിക്കുവാനും,

"പല ജനത, പലേ നിബന്ധനം

പല നഗരം, പല വേഷഭാഷകൾ" — എന്നിവയെല്ലാം കണ്ടും കേട്ടും മോദവും ബോധവുമാന്നു്, അവയെല്ലാം തൻെറ സഞ്ചാരഡയറികളിൽ സഞ്ചയിക്കുവാനും, രാജധാനിയിൽ മടങ്ങിയെത്തുമ്പോൾ, അവ ഖാനെ വായിച്ചുകേൾപ്പിച്ചു്, അദ്ദേഹത്തിൻെറ അതുലപ്രീതി സമ്പാദിക്കുവാനും മാർക്കോവിനു ഭാഗ്യമുണ്ടായി.

അച്ഛനും അമ്മാവനുമൊരുമിച്ചു മാർക്കോപോളോ ഇരുപതു നീണ്ട വർഷങ്ങൾ ചൈനയിൽ താമസിച്ചു. കുബ്ളൈഖാൻെറ ഹൃദയത്തിൽ ഒരു ചൂടുള്ള സ്ഥാനം അവർ എന്നെന്നേയ്ക്കും കരസ്ഥമാക്കി. കുബ്ളൈഖാൻ വൃദ്ധനായി. അദ്ദേഹത്തിൻെറ കാലശേഷം, തങ്ങൾക്കു് അത്രയും സ്നേഹബഹുമാനങ്ങൾ, ചൈനയിൽ ലഭിക്കാനിടയില്ലെന്നു വ്യാപാരികൾ ഭയപ്പെട്ടു. അതിനാൽ തങ്ങളെ സ്വദേശത്തേയ്ക്കു മടങ്ങുവാൻ അനുവദിക്കണമെന്നു് അവർ ഖാനോടപേക്ഷിച്ചു. മൈത്രീബന്ധംമൂലം ഖാൻ ആദ്യം വിസമ്മതിച്ചു. പക്ഷേ ഒടുവിൽ അവർക്കു സങ്കടത്തോടെ

വിട നല്കി. കുബ്ളെഖാൻെറ സഹോദരപൌത്രനും, ഭാര്യാവിയോഗദുഃഖിതനുമായ പേഴ്സ്യൻരാജാവിന്നു് അനുയോജ്യയായ ഒരു മംഗോളിയൻ വധുവിനെ തിരഞ്ഞെടുത്തു പേഴ്സ്യയിലെത്തിക്കുവാൻ, ചക്രവത്തിയോടു പേഴ്സ്യൻരാജാവു് അപേക്ഷിച്ചിരുന്നു. അപ്രകാരം ഖാനാൽ തിരഞ്ഞെടുക്കപ്പെട്ട വധുവിനെ, പേഴ്സ്യയിലെത്തിക്കേണ്ടതായ ചുമതലയുമേററുകൊണ്ടാണു്, പോളോമാർ ചൈന വിട്ടതു്. കടൽവഴിക്കുള്ള ഈ മടക്കയാത്രാവേളയിൽ, ഈസ്റ്റിൻഡ്യാദ്വീപുകൾ, സിലോൺ, മലബാർതീരങ്ങൾ എന്നീ പ്രദേശങ്ങളെല്ലാം സന്ദശിച്ചു നവവധുവിനെ പേഴ്സ്യയിൽ കൊണ്ടുചെന്നേല്പിച്ചശേഷം, പോളോമാർ 1295-ൽ വെനീസ്സിൽ തിരിച്ചെത്തി. മൂന്നുകൊല്ലത്തിനുശേഷം 1298-ൽ, തൻെറ ജന്മനഗരവും ജിനോവയും തമ്മിലുണ്ടായ ഒരു നാവികയുദ്ധത്തിൽ, മാക്കോ പങ്കെടുത്തു. ജിനോവക്കാർ അദ്ദേഹത്തെ തടവുപുള്ളിയായി പിടിച്ചെടുത്തു. തടങ്കൽജീവിതത്തിലെ മുഷിപ്പൻമണിക്കൂറുകൾ തള്ളിനീക്കുവാൻവേണ്ടി, കൂട്ടുതടവുകാരേയും ജയിലധികൃതന്മാരേയും തൻെറ പൌരസ്ത്യസഞ്ചാരകഥകളാൽ മാക്കോ രസിപ്പിച്ചുകൊണ്ടിരുന്നു. 'റസ്റ്റിസിയാനൊ' എന്ന ഒരു കൂട്ടുതടവുകാരൻ ഈ കഥകളാലാകൃഷ്ടനായി, അവയെ അപ്പൊഴപ്പോൾ കുറിച്ചെടുത്തു് ഒരു സഞ്ചാരകഥാഗ്രന്ഥമായി സഞ്ചയിച്ചു. 'മാക്കോപോളോവിൻെറ സഞ്ചാരകഥകൾ' അങ്ങിനെ സാമൂഹ്യബന്ധചരിത്രത്തിലെ ഒരു സുവണ്ണാദ്ധ്യായമായിത്തീന്നു. 1300-ൽ ജിനോവയിലെ മിലിട്ടറിജയിലിൽനിന്നു മാക്കോപോളോ മോചിതനായി. ഒരു വെനീഷ്യൻസുന്ദരിയെ വിവാഹംചെയ്തു. മൂന്നു പെൺമക്കളുടെ പിതാവായി. തൻെറ ഭൂതകാലവീരസാഹസങ്ങൾ അയവിറക്കിക്കൊണ്ടു്, സുദീർഘമായ ശിഷ്ടജീവിതം സ്വാസ്ഥ്യതയിൽ കഴിച്ചുകൂട്ടി. അദ്ദേഹത്തിനു് 70 വയസ്സു തികഞ്ഞു. കാലം 1324 ജനുവരി. മാക്കോപോളോ മരണശയ്യയിലാണു്. ആത്മാവിൻെറ

മോക്ഷത്തിനുവേണ്ടി, പുരോഹിതന്മാർ, ഈ ആസന്നമരണനോടഭ്യർത്ഥിച്ചു, തൻെറ സഞ്ചാരകഥാഗ്രന്ഥത്തിൽ അസത്യങ്ങൾ വല്ലതും കടന്നുകൂടിയിട്ടുണ്ടെങ്കിൽ അവയേററുപറഞ്ഞ്, പാപം തീക്കണമെന്നു്. തൻെറ സഞ്ചാരകഥകളുടെ വിശ്വാസ്യതയെ ചോദ്യംചെയ്തവരെ ഉഗ്രമായി ഒന്നു നോക്കിയശേഷം, ശയ്യയിൽനിന്നു് ആവേശത്തോടെ എഴുന്നേററു്, മാക്കൊപോളോ ഇപ്രകാരം ഉൽഘോഷിച്ചു: "കണ്ടതിൻേറയും അനുഭവിച്ചതിൻേറയും പകുതിപോലും ഞാൻ പറഞ്ഞുകഴിഞ്ഞിട്ടില്ലെന്നതാണു് പരമാത്ഥം." ആ ജനുവരിയിൽത്തന്നെ മാക്കൊപോളോ ലോകവാസം വെടിഞ്ഞു. ഇത്രയുമാണു്, അദ്ദേഹത്തിൻെറ ജീവിതകഥയെപ്പററി അറിയപ്പെടുന്ന വിവരങ്ങൾ.

കിഴക്കുള്ള കാടന്മാരുടെ സമീപത്തേയ്ക്കു്, പാശ്ചാത്യസംസ്കാരത്തിൻെറ ചൂട്ടുംകൊണ്ടു പുറപ്പെട്ട, ഈ വെനീസ്സു്യുവാവു്, 'പടിഞ്ഞാറിൻേറതിൽനിന്നു തുലോം ഉയന്ന ഒരു കുലീന സംസ്കൃതിയുടെ' സന്ദേശവാഹകനായിട്ടാണു് മാതൃഭൂമിയിൽ മടങ്ങിയെത്തിയതു്. മാക്കൊപോളോ കണ്ടെത്തിയ ചൈന, ഗ്രീസിനോടും റോമിനോടുമൊപ്പമോ, അവയിൽ കൂടുതലോ പ്രാചീനവും സുന്ദരവുമായ ഒരു സംസ്കാരത്തിൻെറ വിളനിലമായിരുന്നു.

'അന്യർ നിങ്ങളോടു് എന്തു ചെയ്യരുതു് എന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ, അതു നിങ്ങൾ അന്യരോടും ചെയ്യരുതു്"—എന്ന 'കൺഫ്യൂഷ്യൻ'നീതിവാക്യംമുതൽ "മതത്തിൻെറ പേരിൽ ആരും ആരേയും പീഡിപ്പിക്കരുതു്. എന്തെന്നാൽ സ്വഗ്ഗത്തിലേയ്ക്കുള്ള മാഗ്ഗങ്ങൾ ഭിന്നങ്ങളാണു്," എന്ന ടൈസൂങ്ങിൻെറ സാരോപദേശംവരെ ചീനൻെറ സഹിഷ്ണുതാബോധം പടിപ്പടിയായി വളത്തുവാൻ ചൈനീസ്ദാശനികന്മാർ ശ്രമിച്ചുപോന്നു. രണ്ടായിരം വഷങ്ങളോളം ആ മഹാസാമ്രാജ്യത്തിൽ ആദ്ധ്യാത്മികപുരോഗതി അവിച്ഛിന്നമായി തുടന്നു. മാനസിക

വും കലാപരവുമായ വികാസവും അതുപോലെതന്നെ. മനുഷ്യൻെറ കൈകൾകൊണ്ടു് ഇന്നോളം വരയ്ക്കപ്പെട്ടവയിൽവെച്ചു് ഏററവും സുന്ദരങ്ങളായ ചില ചിത്രങ്ങൾ, യൂറോപ്പിൽ ഒരു ലിയോണാർഡോവും, റാഫേലും, മൈക്കൽ ആൻജെലോവും, ഉയിർകൊള്ളുന്നതിനു സുമാർ ആയിരം വഷങ്ങൾക്കുമുമ്പുതന്നെ, ചൈനീസ് ചിത്രകാരന്മാർ വരച്ചുകഴിഞ്ഞിരുന്നു. അതുപോലെ ലളിതമധുരങ്ങളായ കൊത്തുപണികൾ, മനോഹരകാവ്യങ്ങൾ, ഗംഭീരസുന്ദരങ്ങളായ വാസ്തുശില്പങ്ങൾ എന്നിവയും അനശ്വരതയുടെ ഉടലെടുപ്പുകളായി അവിടെ പൊന്തിവന്നിരുന്നു.

ആറാംശതകത്തിനുമുമ്പു്, അതായതു യൂറോപ്യന്മാർ അച്ചടി കണ്ടുപിടിക്കുന്നതിനു് ആയിരം വഷങ്ങൾക്കുമുമ്പുതന്നെ, മരക്കഷണങ്ങളിൽ അച്ചുകൾ കൊത്തി, ചീനർ അച്ചടിസമ്പ്രദായം നടപ്പിലാക്കി. കല്ക്കരിയും ഗ്യാസും ഉപയോഗിച്ചു ചൂടും വെളിച്ചവും ഉണ്ടാക്കാനും അന്നുതന്നെ അവർ പഠിച്ചിരുന്നു. ഇരുപത്തഞ്ചു തലമുറകൾക്കുശേഷമാണു്, വെള്ളക്കാർ ഈ സമ്പ്രദായം മനസ്സിലാക്കിയതു്. ശാന്തിയും, സഹിഷ്ണുതയും അവരുടെ സിരാരക്തത്തിൽ അലിഞ്ഞുചേൎന്നിരുന്നതിനാൽ, ഹിംസയ്ക്കല്ലെങ്കിലും വിനോദാവശ്യങ്ങൾക്കായി, അഞ്ചാംനൂററാണ്ടുമുതൽ ചൈനക്കാർ വെടിമരുന്നും ഉപയോഗിച്ചുവന്നു. ഇവയെല്ലാം എത്രയെത്ര നൂററാണ്ടുകൾക്കുശേഷം, മാക്കോവിനെപ്പോലുള്ള വീരസഞ്ചാരികളുടെ പ്രയത്നഫലമായിട്ടാണു്, ചൈനയിൽനിന്നു പരിഷ്കൃതയൂറോപ്പിലേയ്ക്കു കയററി അയയ്ക്കപ്പെട്ടതു്! ആറുമുതൽ പതിമൂന്നുവരെയുള്ള ശതാബ്ദങ്ങളിൽ ലോകത്തിലെ സംസ്കാരകേന്ദ്രങ്ങളുടെ മുൻപന്തിയിൽ ചൈനയുണ്ടായിരുന്നു. അതിനുശേഷം ഒരു താല്ക്കാലികമാന്ദ്യം അനുഭവപ്പെട്ടു. ഏറെത്താമസിയാതെ ചൈന വീണ്ടും കരുപ്പിൻെറ മാന്ദ്യത്തിൽനിന്നും ഉയിർത്തെഴുന്നേററു.

മാക്കോപോളോവും, ക്യൂബ്ലൈഖാനുമായുള്ള ഗാഢമൈ

ത്രി, ഇരുഭൂഖണ്ഡങ്ങൾക്കും ഗുണകരമായിരുന്നു. ചൈനയെ നന്നാക്കാൻ വന്ന മാർക്കോപോളോ, സ്വയം നല്ലവനായി തിരിച്ചുപോയി. ചൈനയുടെ ഒരു ഉത്തമാരാധകനായിത്തീൎന്നു അദ്ദേഹം. സാംസ്കാരികവും ഭൌതികവുമായ അഭിവൃദ്ധിയിൽ, ലോകത്തിലെ ഏതു രാഷ്ട്രത്തോടും കിടപിടിക്കാൻ പോന്നതാണു് ചൈനയെന്നു മാർക്കോപോളോ കണ്ടറിഞ്ഞു. മതം, തത്വശാസ്ത്രം, ധനശാസ്ത്രം, ശില്പകല, കവിത, ചിത്രമെഴുത്തു്, സംഗീതം, ചരിത്രം, ജ്യോതിശ്ശാസ്ത്രം, ഭരണതന്ത്രം ഇവയെപ്പററിയെല്ലാം വിജ്ഞാനപ്രദങ്ങളായ നിരവധി ഗ്രന്ഥങ്ങൾ ചീനാ ഗ്രന്ഥാലയങ്ങളിൽ മാർക്കോ കാണുകയുണ്ടായി. മേൽപ്പറഞ്ഞ വിഷയങ്ങളും മററനേകം സംഗതികളും ക്രോഡീകരിച്ചുകൊണ്ടുള്ള ചൈനയിലെമാത്രമല്ല, ലോകത്തിലെതന്നെ, ആദ്യത്തെ സൎവ്വവിജ്ഞാനകോശം, താൻ അവിടെ ചെല്ലുന്നതിനു് അല്പമാസങ്ങൾക്കുമുമ്പാണു്, ചൈനയിലെ പണ്ഡിതന്മാർ തെയ്യാർചെയ്തതു് എന്നുകൂടി അറിഞ്ഞപ്പോൾ, ആ മഹാജനതയ്ക്കു കാണിക്കവെയ്ക്കാൻ തൻെറ കയ്യിലൊന്നുമില്ലെന്നു മാർക്കോപോളൊ മനസ്സിലാക്കി. പലതരം ലോഹങ്ങൾ നിത്യോപകരണങ്ങൾക്കുപയോഗിക്കുന്നതും, കല്ക്കരി കുഴിച്ചെടുക്കുന്നതും, പൂഴിയും വെള്ളവുമുപയോഗിച്ചു സമയം അളക്കുന്നതും മാർക്കോ ചൈനയിൽ കണ്ടു. നാണ്യവ്യവസ്ഥയ്ക്കു കടലാസ്സുകറൻസിനോട്ടുകൾ അവിടെ കണ്ടപ്പോൾ മാർക്കോ അമ്പരന്നു. എന്നാൽ കടലാസ്സുനാണയത്തേക്കാൾ, പരസ്പരവിശ്വാസത്തിൻെറ ആധ്യാത്മികനോട്ടുകൾ അവിടെ പ്രചരിച്ചിരുന്നതാണു്, മാർക്കോവിനെ ഏററവും വശീകരിച്ചതു്.

“കുലീനത, മര്യാദ, പരസ്പരബഹുമാനം ഇവ അവരുടെ സാമൂഹ്യബന്ധത്തെ സുന്ദരമാക്കിയിരുന്നു. സത്യസന്ധത ജീവിതത്തിൻെറ എല്ലാ തുറകളിലും നടമാടിയിരുന്നു. പൂട്ടും ഗാട്ടുമില്ലാതെതന്നെ അവരുടെ സ്വത്തുക്കൾ സുരക്ഷിതങ്ങളായിരുന്നു.

ചീനരിലും താർത്താറികളിലും മതപരമായ അസഹിഷ്ണുതയുടെ ലാഞ്ഛനപോലും കണ്ടിരുന്നില്ല. എല്ലാ മതക്കാരുടെ ദേവാലയങ്ങളും നികുതിയിൽനിന്നൊഴിവാക്കപ്പെട്ടിരുന്നു"—ഈ ശൈലിയാണ്, മാർക്കോപോളൊ തൻെറ വളർത്തമ്മയായ ചൈനയെപ്പററി പിന്നീട് പെററമ്മയോട് പ്രസ്താവിച്ചതു്. "നിങ്ങളുടെ സ്വന്തം സുഖങ്ങളെത്തന്നെ നിങ്ങൾ പിന്തുടരുക. പക്ഷേ അന്യൻെറ അവകാശങ്ങളുമായി അവ ഒരിക്കലും ഏററുമുട്ടരുതു്.... എല്ലാ മഹത്വങ്ങളുടേയും ഹൃദയാന്തർഭാഗത്തു സരളത കുടികൊള്ളുന്നു. ഒരു ശിശുവിൻെറ ഹൃദയത്തെ കവിഞ്ഞു വളരാത്ത ഹൃദയമുള്ളവനാകുന്നു യഥാർത്ഥമനുഷ്യൻ"—ഇത്തരം സമുന്നതാദർശങ്ങളുടെ താക്കോൽ ചൈനയാണ് മാർക്കോവിനു നല്കിയതു്. താൻ ജീവിച്ചിരുന്ന ചുററുപാടുകളുടെ ഇന്ദ്രജാലത്തിൽ ഒരു ശിശുവിനുണ്ടാകുന്ന അത്ഭുതാഹ്ലാദങ്ങളിൽ കവിഞ്ഞ ഒരു വികാരം മാർക്കോവിനുണ്ടായിരുന്നില്ല. ശ്രോതാക്കൾക്ക് അവിശ്വസനീയമാംവണ്ണം ആശ്ചര്യകരമായിട്ടാണ് തൻെറ സഞ്ചാരാനുഭവങ്ങളെ, മാർക്കോ പില്ക്കാലത്തു നാട്ടുകാരെ വർണ്ണിച്ചു കേൾപ്പിച്ചതു്.

ഈ സഞ്ചാരകഥകൾ പ്രസിദ്ധീകരിച്ച് അനേകം നൂററാണ്ടുകൾക്കുശേഷവും, 'മാർക്കോപോളൊ' എന്ന നാമം യൂറോപ്പിൽ നുണയുടെ പര്യായമായി പരിലസിച്ചിരുന്നു. പക്ഷേ പിന്നീടുണ്ടായ കണ്ടുപിടിത്തങ്ങൾ തെളിയിച്ചു, മാർക്കോവിൻെറ "അതിരുകവിഞ്ഞ വീരവാദങ്ങൾ ഒന്നുംതന്നെ സത്യസീമയിൽനിന്നു് അത്ര വിദൂരങ്ങള"ല്ലെന്നു്. "തട്ടിയുടച്ചു വിറകാക്കി ഉപയോഗിച്ചിരുന്ന കറുത്ത കല്ലു്" എന്നു മാർക്കോ വിവരിച്ചതു കല്ക്കരിയല്ലാതെ മറെറാന്നുമല്ല. "മനുഷ്യശിരസ്സോളം വലിപ്പമുള്ള ഇൻഡ്യൻകായ്" തേങ്ങയാകുന്നു. മലബാറിൽ അദ്ദേഹം കണ്ടതായി പറയുന്ന, 'സ്വർഗ്ഗത്തിലെ ആപ്പിൾപ്പഴം' നേന്ത്രപ്പഴമാകുന്നു. മലബാറികൾ, "കിണ്ണത്തിനു പകരം ഉണ്ണുവാൻ ഉപയോഗിക്കുന്ന വലിയ ഇലകൾ" സ്വാഭാവികമായും വാഴയിലകൾതന്നെ.

'തുടൎച്ചയായി ആറുമാസം രാത്രിയുള്ള നാട്ട്,' വടക്കൻസൈബീരിയയാകുന്നു. പക്ഷേ ഈ പ്രസ്താവങ്ങളുടെയെല്ലാം യാഥാൎത്ഥ്യം, പാശ്ചാത്യർ അറിഞ്ഞതു പിന്നെയും പല നൂററാണ്ടുകൾക്കുശേഷമാണെന്നുമാത്രം. അതുപോലെ, "പാചകാവശ്യങ്ങൾക്കു കൊള്ളുകയില്ലെങ്കിലും, വിളക്കു കത്തിക്കുവാനും, ആയുധങ്ങൾ വെടിപ്പാക്കുവാനും ഉപയോഗിക്കാവുന്ന ഒരുതരം എണ്ണ വലിയ അളവിൽ മണ്ണിന്നടിയിൽനിന്നു പൊന്തിവരുന്ന, ഒരു എണ്ണയുറവുവി 'മൊസൂൾ' എന്ന സ്ഥലത്തു കണ്ടതായി മാക്കോ പറഞ്ഞതിൻെറ പൊരുൾ, രണ്ടാംലോകമഹായുദ്ധത്തിൻെറ ആരംഭത്തിൽ, 1940-ൽ, മൊസൂൾ എണ്ണപ്പാടങ്ങൾ കണ്ടുപിടിക്കപ്പെട്ടപ്പോൾമാത്രമേ, ലോകം അംഗീകരിച്ചുള്ളു. മാക്കൊപോളോവിൻെറ കഥകൾ വെറും കെട്ടുകഥകളോ യക്ഷിക്കഥകളോ അല്ലെന്നും അവയിൽ അദ്ദേഹം സഞ്ചരിച്ച നാട്ടുകളുടെ 13-ാംശതകത്തിലെ ആകൃതിയും പ്രകൃതിയും ഏറെക്കുറെ സ്പഷ്ടമായി പ്രതിബിംബിച്ചിട്ടുണ്ടെന്നും പറയാൻ മടിക്കേണ്ടതില്ല.

എന്നാലും ഈ യാത്രാവിവരണങ്ങളിൽ ഒട്ടൊക്കെ അതിശയോക്തിയും, അവ്യക്തതയും കാണുന്നുണ്ട് എന്നതും വാസ്തവമാകുന്നു. പുസ്തകത്തിൽ ഉടനീളം കാണുന്ന അനേകം സ്ഥലനാമങ്ങൾ, ആധുനികലോകത്തിനു പരിചിതങ്ങളല്ല. അന്യരിൽനിന്നു കേട്ടറിഞ്ഞ അന്യഭാഷകളിലുള്ള നാമധേയങ്ങൾ അനേകകാലത്തിനുശേഷം മാക്കോവിനു് അനുസ്മരിക്കേണ്ടിവന്നപ്പോഴോ, പിന്നീടു പലരാലും പല ഭാഷകളിലേക്കു വിവൎത്തനം ചെയ്യപ്പെട്ടപ്പോഴോ ഈ പേരുകളിൽ പലതും രൂപഭേദം പൂണ്ടതാകാം. അതുമല്ലെങ്കിൽ, ആറേഴുനൂററാണ്ടുകളുടെ അന്തരാളത്തിനുള്ളിൽ, പണ്ടു പ്രസിദ്ധങ്ങളായിരുന്ന പല ജനപദങ്ങളും പിന്നീടു ജനശൂന്യങ്ങളും അപ്രസിദ്ധങ്ങളുമായി അധഃപതിച്ചിട്ടുണ്ടാവാം. മാത്രമല്ല, പല സംസ്ഥാനങ്ങൾക്കും, നഗരങ്ങൾക്കും ഇപ്പോൾ പേർമാററം വന്നിട്ടുണ്ടെന്നും ഓൎക്കേണ്ടിയിരിക്കുന്നു. അങ്ങിനെ കുബ്ളൈഖാൻെറ രാജധാനിയെന്നു മാക്കൊപോ-

ളോ വർണ്ണിച്ചിട്ടുള്ള അന്നത്തെ വിശ്വവിഖ്യാതമായ 'കംബാലു', ഇപ്പോൾ 'പെക്കിങ്ങ്' എന്ന അപരാഭിധാനത്തിൽ, ജനകീയ ചൈനാറിപ്പബ്ളിക്കിൻെറ, ആസ്ഥാനനഗരിയായി പരില സിക്കുന്നു. അതുപോലെ 'സെയ്ററൺ' അമോയ്ത്തുറമുഖവും, 'ലോപ്പ്' മരുഭൂമി 'ഗോബി'മരുഭൂമിയും, 'മെയിൻ' ഉത്തരബർമ്മ യും ആയി മാറിയിരിക്കുന്നു. ഇങ്ങനെ അനേകം സ്ഥലനാമ ങ്ങൾ പുത്തൻരൂപം സ്വീകരിച്ചിരിക്കുന്നതിനാലാണ്, സഞ്ചാ രകഥകളിലെ പല പേരുകളും നമുക്കു പുത്തരിയായി തോന്നു ന്നതു്.

ഇനി, ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ള സംഭവങ്ങളിൽ ചില തിൻെറ സംഭാവ്യതയെപ്പററി ചിന്തിച്ചുനോക്കാം. അതിശ യോക്തിജടിലവും, സത്യസീമയ്ക്കു വെളിയിൽ പെടുന്നതുമായ ചില പ്രസ്താവങ്ങൾ ഇതിൽ ഉണ്ടെന്നുള്ളതു് അനിഷേധ്യ മാണ്. ബാഗ്ദാദിലെ ഖലീഫിനെ വാദത്തിൽ തോല്പിച്ച്, അ വിടത്തെ ക്രിസ്ത്യാനികൾ, പ്രാർത്ഥനകൊണ്ടുമാത്രം ഒരു മലയെ അപ്പാടേ ഇളക്കിമാററിയെന്നും, 'സമർഖണ്ടി'ൽ ക്രൈസ്തവമു സ്ലിംമത്സരത്തെത്തുടന്ന് അവിടെ ദൈവശക്തിയാൽ നിലംതൊ ടാത്ത ഒരു ക്രിസ്ത്യൻപള്ളിയുണ്ടായെന്നും, സാൻസിബാറിൽ ആ നയെപ്പോലും റാഞ്ചിപ്പറക്കുന്ന, പക്ഷിരാക്ഷസന്മാർ ഉണ്ടായിരു ന്നെന്നും മററും രേഖപ്പെട്ടുകാണുന്നതു ചരിത്രമോ, യുക്തിയോ സാധൂകരിക്കുന്നവയല്ല. അതുപോലെ അവസരം കിട്ടുമ്പോഴെ ല്ലാം മുഹമ്മദീയരെ കഠിനമായി ആക്ഷേപിച്ചും, ക്രിസ്ത്യൻവർഗ്ഗ ത്തെ എവിടെ കണ്ടാലും എപ്പോഴും സ്തുതിച്ചും എഴുതിക്കാണുന്ന തു തൽക്കർത്താവിൻെറ വസ്തുനിഷ്ഠവും, സത്യസന്ധവുമായ നില പാടിനെയല്ല, അന്ധവും ആരാധനൈകതാനവുമായ സ്വമതപ്ര തിപത്തിയെയാണ് വെളിപ്പെടുത്തുന്നതു്. എന്നാൽ, സ്വമത പ്രേമത്തിൻെറ പേരിൽ ഇത്രയും അതിശയോക്തികൾ കുത്തിനി റച്ചതു്, മാക്കോപോളോവോ, അതോ അദ്ദേഹത്തിൻെറ ഗ്രന്ഥ

കാരനായിരുന്ന റസ്റ്റീസിയാനോവോ, ആരാണെന്നു തീർത്തുപറയാനും പ്രയാസമുണ്ട്. ഇത്തരം അതിശയോക്തികൾക്കും, അസത്യങ്ങൾക്കും മാർക്കോപോളോ എത്രമാത്രം ഉത്തരവാദിയാണ്? പൊതുവിൽ പറയുമ്പോൾ വളരെ ശ്രദ്ധാലുവും, സൂക്ഷ്മദൃക്കുമാണ് മാർക്കോപോളോ, എന്നതിന് ഈ ഗ്രന്ഥത്തിന്റെ സിംഹഭാഗവും ഉത്തമനിദർശനങ്ങളാണ്. കംബാലുനഗരത്തേയും, കിൻസായ്നഗരത്തേയും, താർത്താറികളുടെ സാമൂഹ്യരാഷ്ട്രീയജീവിതത്തേയും മററും പററി ഏററവും വിശദങ്ങളായ വിവരണങ്ങൾ എള്ളിട വിടാതെ നല്കിയിട്ടുള്ള, ഈ ലോകസഞ്ചാരി, മനഃപൂർവ്വം ഈ അസത്യങ്ങൾ കെട്ടിച്ചമച്ചതാണെന്നു പറയുവാൻ ധൈര്യം പോരാ. പുസ്തകത്തിന്റെ ഓരോ പേജിലും, അദ്ദേഹത്തിന്റെ ആത്മാർത്ഥതയും സുസൂക്ഷ്മമായ നിരീക്ഷണപാടവവും അലതല്ലുന്നതു കാണാം. പിന്നെ ഈ പ്രമാദങ്ങൾക്ക് എന്തു ന്യായമാണ് പറയുക? മാർക്കോപോളോ നേരിട്ടുകാണാതെ, മററുള്ളവരിൽനിന്നു കിട്ടിയ അറിവുവെച്ചുമാത്രം രേഖപ്പെടുത്തിയ സംഗതികളിലാണ്, ഇത്തരം അതിശയോക്തികൾ അധികവും കാണുന്നതു് എന്ന സംഗതി വളരെ അർത്ഥവത്താകുന്നു. മാത്രമല്ല, കാൽനൂററാണ്ടിലധികം നീണ്ടുനിന്ന ഒരു ലോകപര്യടനത്തിനുശേഷം, സ്വന്തംനാട്ടിലെ ഒരു ജയിൽമുറിയിലിരുന്നു തന്റെ യാത്രാസ്മരണകളെ പുനരവലോകനംചെയ്തു കൂട്ടുതടവുകാരോടു പറഞ്ഞുകൊടുക്കേണ്ടിവന്ന ഒരു നിർഭാഗ്യപരിതസ്ഥിതിയായിരുന്നു മാർക്കോവിനെ നേരിട്ടതു്. മാത്രമല്ല, ഈ സ്മരണകൾ പുസ്തകരൂപത്തിൽ സഞ്ചയിച്ചതു്, മറെറാരു തടവുപുള്ളിയായ, 'റസ്റ്റീസിയാനോ'വുമായിരുന്നു. മാർക്കോവിന്റെ വിവരണങ്ങളിൽ, തനിക്കു താല്പര്യമുള്ള സംഗതികൾക്കു കൂടുതൽ പ്രാമുഖ്യം നല്കിയും, അല്ലാത്തവയെ അവഗണിച്ചും, റസ്റ്റീസിയാനൊ ഈ ഗ്രന്ഥം എഴുതിയെന്നുവരാനും ന്യായമില്ലാതില്ല. ചുരുക്കത്തിൽ, ജയിൽജീവിതത്തിലെ പ്രതികൂലപരിതസ്ഥിതികളും, പില്ക്കാലസംഭവങ്ങളെക്കുറിച്ചുള്ള ചില ഓർമ്മപ്പിശകുകളും, ഗ്രന്ഥം എ

ഴുതിയ മൂന്നാമൻെറ മനോധമ്മവിലാസങ്ങളുമായിരിക്കണം ഈ സഞ്ചാരകഥകളിൽ അങ്ങിങ്ങായിക്കാണുന്ന അവ്യക്തതകൾക്കും, അതിശയോക്തികൾക്കും നിദാനം. ഈ ഗ്രന്ഥത്തിലെ വിവരണങ്ങളിൽ ബഹുഭൂരിഭാഗവും പൂണ്ണസത്യങ്ങളാണെന്നു്, മാക്കോവിൻെറ സഹയാത്രികരായിരുന്ന, പിതാവും, മാതുലനും, തങ്ങളെ സമീപിച്ച നാട്ടുകാരോടു് ഉറപ്പിച്ചു പറഞ്ഞതായും രേഖയുണ്ടു്. അതിനാൽ, ഏഷ്യ കണ്ടിട്ടില്ലാത്ത പണ്ടത്തെ പാശ്ചാത്യരെപ്പോലെ ഈ ഗ്രന്ഥം നുണക്കൂമ്പാരമാണെന്നാക്ഷേപിച്ചു തള്ളുവാൻ, മണ്ണെണ്ണയും, കല്ക്കരിയും, അച്ചടിയും, വെടിമരുന്നും കണ്ടെത്തിയ, ആധുനികതലമുറകൾക്ക സാധ്യമല്ല.

ഈ ഗ്രന്ഥത്തിനു പലേ കുറവുകളുമുണ്ടു്. അടുക്കും ചിട്ടയുമില്ലാതെ, വിവിധവലിപ്പങ്ങളോടുകൂടിയ ഇരുപത്തിരണ്ടു് അധ്യായങ്ങൾ ഇതിലുണ്ടു്. സംഭവങ്ങളുടേയും, സ്ഥലവണ്ണനങ്ങളുടേയും കൂട്ടിക്കുഴച്ചിലുകൾ, ആവത്തനങ്ങൾ, അതിശയോക്തികൾ—എല്ലാമുണ്ടു്. എങ്കിലും ഈ ഗ്രന്ഥം ലോകസഞ്ചാരസാഹിത്യത്തിലെ ഏററവും അമൂല്യവും ഉജ്വലവുമായ ഒരു രത്നമാകുന്നു. എഴുന്നൂറുകൊല്ലങ്ങൾക്കുമുമ്പുള്ള ഏഷ്യ, പ്രത്യേകിച്ചും മധ്യപൂവ്വേഷ്യകൾ, അവയുടെ എല്ലാ പ്രാഭവങ്ങളോടും പോരായ്മകളോടുംകൂടി ഒരു വണ്ണചലച്ചിത്രത്തിലെന്നപോലെ, ഈ ഗ്രന്ഥത്തിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു.

എച്ചു്. ജി. വെത്സ് പറയുന്നു: "മാക്കോപോളോവിൻെറ സഞ്ചാരകഥകൾ, ലോകത്തിലെ മഹത്തായ ചരിത്രഗ്രന്ഥങ്ങളിലൊന്നാണു്. ഈ ഗ്രന്ഥം പതിമൂന്നാംനൂററാണ്ടിനെ, മറെറാരു ചരിത്രഗ്രന്ഥത്തിനും സാധിക്കാത്തവിധം വ്യക്തമായി നമ്മുടെ ഭാവനയിൽ വിടത്തിക്കാണിക്കുന്നു." ലോകപര്യടനത്തിനും, സാമ്രാജ്യസംസ്ഥാപനത്തിനും, പാശ്ചാത്യരെ ഏററവുമധികം പ്രലോഭിപ്പിച്ച ഗ്രന്ഥവും ഇതുതന്നെ. കൊളംബസ്സിൻെറ അമേരിക്കാകണ്ടുപിടിത്തം, ഈ ഗ്രന്ഥത്തിൻെറ ഏററവും മികച്ച നേട്ടങ്ങളിലൊന്നാണു്. മാക്കോപോളോവിൻെറ സഞ്ചാരകഥ

കളാണ്‌ തന്നെ ലോകപര്യടനത്തിനു് ഏററവും ശക്തിയായി പ്രേരിപ്പിച്ചതെന്നു കൊളംബസ്സ്‌തന്നെ സമ്മതിച്ചിട്ടുണ്ടു്. പില്ക്കാലത്തെ അനേകം സഞ്ചാരസാഹസികന്മാൎക്കു് ഈ ഗ്രന്ഥം ആശയും ആവേശവും നല്കിയിട്ടുണ്ടു്. ഒരു സഞ്ചാരസാഹിത്യകൃതിയെന്ന നിലയിലും, ചരിത്രരേഖയെന്ന നിലയിലും, ഈ ഗ്രന്ഥം അമൂല്യമാകുന്നു. താത്താറിജീവിതത്തേയും, മംഗോളിയൻ സാമ്രാജ്യത്തേയും സംബന്ധിച്ച മാൎക്കോ നല്കിയിട്ടുള്ള വിവരണങ്ങൾ, ഏതു സഞ്ചാരസാഹിത്യഗ്രന്ഥത്തേയും അധഃകരിക്കുന്നവയാണു്. കുററങ്ങളുണ്ടാകാം; കുറവുകളുമുണ്ടു്. പക്ഷേ, പതിമൂന്നാംശതകത്തിലെ ഏഷ്യയുടെ സമഗ്രമായ ഒരു രാഷ്ട്രീയസാമൂഹ്യസാംസ്കാരികചിത്രം നിങ്ങൾക്കു് ഒററനോട്ടത്തിൽ ആസ്വദിക്കണമോ?—ഈ ഗ്രന്ഥം മാത്രമേയുള്ളു, ആ തൃഷ്ണ പരിഹരിക്കുവാൻ. മധ്യശതകങ്ങളിലെ (Middle Ages) ഏഷ്യൻജീവിതത്തിലേയ്ക്കു യൂറോപ്പു വീശിയ വെട്ടമാണു്, ഈ സഞ്ചാരകഥകൾ.

ഈ ഗ്രന്ഥം നിൎമ്മിച്ചതു ലത്തീൻഭാഷയിലാണു്. പിന്നീടു 'ഫ്രാൻസിസ്‌പെപ്പിൻ' എന്ന പാതിരി ആ മൂലഗ്രന്ഥത്തെ സംഗ്രഹിച്ചു് അതിനു് ഒരു ചെറിയ പതിപ്പുണ്ടാക്കി. ഈ സംഗ്രഹിതഗ്രന്ഥമാണു്, പിന്നീടു്, ജൎമ്മൻ, പോർട്ടുഗീസ്, ഡച്ചു്, ഫ്രഞ്ചു്, ഇംഗ്ലീഷ് തുടങ്ങിയ മററു പാശ്ചാത്യഭാഷകളിലേയ്ക്കു വിവൎത്തനം ചെയ്യപ്പെട്ട മൂലഗ്രന്ഥമായിത്തീൎന്നതു്. എണ്പതിൽ പരം വിവിധകയ്യെഴുത്തുപ്രതികൾ പരിശോധിച്ചു്, 'ജോൺ പിങ്കെർട്ടൺ' ഈ കൃതി ഇംഗ്ലീഷിലേയ്ക്കു തൎജ്ജമചെയ്തു. പിങ്കെർട്ടന്റെ ഇംഗ്ലീഷ്‌തൎജ്ജമയാണു്, എന്റെ ഈ മലയാളവിവൎത്തനത്തിന്നവലംബം. അത്യാവശ്യമെന്നു തോന്നിയ ചില വ്യതിയാനങ്ങൾ വിവൎത്തകൻ ഇതിൽ വരുത്തിയിട്ടുണ്ടു്. ഈ സഞ്ചാരകഥകൾ മാൎക്കോപോളോ, റസ്റ്റീസിയാനോവിനോടു നേരിട്ടു വിവരിക്കുന്നമട്ടിൽ, അതായതു മാൎക്കോവിന്റെ വാചകങ്ങൾ എന്നനി

ലക്ഷ്യംതന്നെയാണു്, മൂലഗ്രന്ഥത്തിൽ വിവരിക്കപ്പെട്ടിട്ടുള്ളതു്. പക്ഷേ ആംഗലതർജ്ജമയിൽ, റസ്റ്റീസിയാനോ, പെട്ടെന്നു രംഗത്തു പ്രത്യക്ഷപ്പെട്ടു്, മാർക്കോവിൽനിന്നു താൻ കേട്ടറിഞ്ഞ സംഗതികൾ ഒരു മൂന്നാമൻെറ നിലയ്ക്കു മററുള്ളവക്കുവേണ്ടി വിവരിക്കുകയും, വിമശിക്കുകയും ചെയ്യുന്ന അന്യാഖ്യാനസമ്പ്രദായവും ചുരുക്കം ചിലയിടങ്ങളിൽ തലപൊന്തിച്ചു കാണുന്നു. ഈ വിവത്തനത്തിൽ അത്തരം ചില അപൂവ്വവാചകങ്ങളെക്കൂടി, ഐകരൂപ്യത്തിനുവേണ്ടി മററുള്ളവയ്ക്കനുയോജ്യമായി തിരുത്തിയിട്ടുണ്ടു്. അതുപോലെ പ്രചാരലുപ്തങ്ങളായ ചില സ്ഥലനാമങ്ങൾ, അപ്രസിദ്ധങ്ങളായ ചില വസ്തുക്കൾ, സംശയാസ്പദങ്ങളായ സംഭവങ്ങൾ, എന്നിവയെപ്പററിയുള്ള ലഘുവിവരണങ്ങൾ, അതതു പേജുകളുടെ ചുവട്ടിൽ 'ഫുട്ടു്നോട്ടു്' ആയി ചേത്തിട്ടുണ്ടു്. മാക്കൊപോളോവിൻെറ സഞ്ചാരമാഗ്ഗം രേഖപ്പെടുത്തിയ ഒരു ഭൂപടവും, ഈ പുസ്തകത്തിൽ ചേത്തിരിക്കുന്നു. മധ്യശതകങ്ങളിലെ ഏഷ്യൻജീവിതം വീക്ഷിക്കാനുള്ള ഭൂതക്കണ്ണാടി, ഒരു പാശ്ചാത്യസഞ്ചാരി വരച്ച, 13-ാംശതകത്തിലെ പൌരസ്ത്യനാടിൻെറ വണ്ണശബളമായ ചിത്രം, യൂറോപ്യൻ നവോത്ഥാനത്തിൻേറയും സാമ്രാജ്യവികാസത്തിൻേറയും മൌലികമായ പ്രേരണാശക്തി, രസാത്മകതയിൽ ഏററവും മികച്ച റോമാൻറിക് നോവലുകളെപ്പോലും, താഴ്ത്തിക്കെട്ടുന്ന ഒരു അത്ഭുതകലാശില്പം—ഈ നിലയ്ക്കെല്ലാം വിലപ്പെട്ട, ഈ പ്രസിദ്ധസഞ്ചാരകഥാസഞ്ചയം, മലയാളികളുടെ സഹൃദയത്വത്തിനു വിനീതമായി സമപ്പിച്ചുകൊണ്ടു്, വിരമിക്കുന്നു.

—വിവത്തകൻ

# അധ്യായം ഒന്നു്

## ഗ്രന്ഥകർത്താവിൻെറ മുഖവുര

മഹാനായ ബോൾഡ്‌വിൻ, കോൺസ്റ്റാൻറിനോപ്പിളിലെ ചക്രവർത്തിയായിരുന്ന കാലത്തു്, നമ്മുടെ കർത്താവിൻെറ 1250-ാം വർഷത്തിൽ, വെനീസ്സ്‌നഗരത്തിൽ സുപ്രസിദ്ധമായ പോളോകുടുംബത്തിലെ രണ്ടു യുവസഹോദരന്മാർ ഒരു കപ്പലിൽ വ്യാപാരോല്പന്നങ്ങളുമായി വാണിജ്യപര്യടനം ആരംഭിച്ചു. മധ്യധരണ്യാഴിയും 'ബോസ്ഫൊറസ്സും' തരണംചെയ്തു്, ദൈവത്തിൻേറയും കാററിൻേറയും ആനുകൂല്യത്തോടെ, അവർ കോൺസ്റ്റാൻറിനോപ്പിളിലെത്തി. കുറെ ദിവസം അവിടെ വിശ്രമിച്ചു. പിന്നീടു 'പോൺടസ്സ്‌യൂക്സീനസ്സ്'[1] കടന്നു സോൾഡാദിയാ[2] എന്ന തുറമുഖത്തെത്തി. അവിടെനിന്നും ബാററ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒരു പ്രസിദ്ധനായ താർത്താറിരാജാവിൻെറ കൊട്ടാരത്തിൽ അവർ ചെന്നെത്തി. തങ്ങൾ കൊണ്ടുവന്നിരുന്ന മനോഹരങ്ങളായ രത്നങ്ങൾ അവർ അദ്ദേഹത്തെ കാണിച്ചു. വിശേഷപ്പെട്ട ചിലതു് അദ്ദേഹത്തിനു സമ്മാനിക്കുകയും ചെയ്തു. രാജാവാകട്ടെ, തെല്ലും കൃതഘ്നനാകാതെ, അവരുടെ സമ്മാനങ്ങൾക്കുപകരം അവയേക്കാൾ അനർഘങ്ങളായ ചില രത്നങ്ങൾ അവക്കു സമ്മാനിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ രാജധാനിയിൽ തികച്ചും ഒരു കൊല്ലം താമസിച്ചുകൊണ്ടു വ്യാപാരം നടത്തി നാട്ടിലേക്കു മടങ്ങുവാൻ അവർ തെയ്യാറെടുത്തു. പക്ഷേ യാത്രയാരംഭിക്കുന്നതിനുമുമ്പു്, 'ബാററയും' 'അലൻ'

---

1 കരിങ്കടൽ

2 ക്രിമിയാദ്വീപിലെ പ്രധാനതുറമുഖം.

എന്ന മറെറാരു താർത്തറിരാജാവും തമ്മിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. ബാറയുടെ സൈന്യം പരാജയമടഞ്ഞു. ഈ നിർഭാഗ്യകരമായ സംഭവം വെനീസ്സ്‌വ്യാപാരികളെ ധമ്മസങ്കടത്തിലാക്കി. സുരക്ഷിതരായി നാട്ടിലെത്തുവാൻ അവർ ആഗ്രഹിച്ചു. ഒടുവിൽ ആ രാജ്യത്തുനിന്നു് എങ്ങിനെയെങ്കിലും രക്ഷപ്പെടണമെന്നു തീരുമാനിച്ചു്, പല ഗൂഢമാർഗ്ഗങ്ങളിലൂടെ, 'ടൈഗ്രീസ്'[1] തീരത്തുള്ള 'ഗുതാക്കം' എന്ന നഗരത്തിൽ അവർ എത്തിച്ചേന്നു. പിന്നത്തെ അവരുടെ യാത്ര ഒരു വലിയ മരുഭൂമിയിലൂടെയായിരുന്നു. ഒടുവിൽ പെഴ്സ്യാസാമ്രാജ്യസീമയിൽപ്പെട്ട 'ബൊക്കാറ' എന്ന പട്ടണത്തിൽ അവർ ചെന്നുചേന്നു. 'ബാറക്ക്' എന്ന ഒരു രാജാവിൻെറ ആസ്ഥാനമായിരുന്നു 'ബൊക്കാറ'. മററു ജീവിതമാർഗ്ഗങ്ങൾ അടഞ്ഞിരുന്നതുകൊണ്ടും, രാജാവിൽനിന്നു നല്ല സ്വാഗതം ലഭിച്ചതിനാലും അവർ അവിടെ മൂന്നുവഷം സുഖമായി താമസിച്ചു. അക്കാലത്തു് ഏഷ്യയിലുണ്ടായിരുന്ന എല്ലാ താർത്തറിരാജാക്കന്മാരുടേയും അധിപതിയായിരുന്ന മഹാനായ 'കുബ്ലൈഖാൻ' ചക്രവത്തിയുടെ സമീപത്തേയ്ക്കു മേല്പറഞ്ഞ അലൻരാജാവു തൻെറ ഒരു പ്രതിപുരുഷനെ അയയ്ക്കുകയുണ്ടായി. അദ്ദേഹം യാത്രാമധ്യേ ബൊക്കാറയിൽ വന്നപ്പോൾ, ഈ വെനീസ്സ്‌സഹോദരന്മാരെ കണ്ടുമുട്ടി. അപ്പോഴേയ്ക്കും ഈ വ്യാപാരികൾ താർത്തറിഭാഷ നല്ലവണ്ണം വശമാക്കിയിരുന്നു. മഹാനായ ചക്രവത്തിയുടെ സമീപത്തേയ്ക്കു്, തന്നോടൊന്നിച്ചുപോരുവാൻ ഈ അലൻരാജാവിൻെറ പ്രതിനിധി, പോളോസഹോദരന്മാരെ പ്രേരിപ്പിച്ചു. നിരപായമായി സ്വദേശത്തു മടങ്ങിയെത്താൻ വഴി കാണാഞ്ഞ പോളോസഹോദരന്മാർ, പരസ്പരമാലോചിച്ചശേഷം, പ്രസ്തുതസ്ഥാനപതിയോടൊന്നിച്ചു താർത്തറിലോകചക്രവത്തിയായ കുബ്ലൈഖാൻെറ രാജധാനിയിലേ

---

1 ടൈഗ്രീസ് അല്ല, വോൾഗാനദിയായിരിക്കണമെന്നു ഗവേഷകന്മാർ.

ക്കു പോകാൻ നിശ്ചയിച്ചു. വടക്കോട്ടും വടക്കുകിഴക്കോട്ടുമായി ഒരു കൊല്ലത്തോളം തുടൎന്ന ഒരു ദീൎഘയാത്ര അവരെ ചക്രവൎത്തിയുടെ രാജധാനിയിലെത്തിച്ചു. മഞ്ഞും, വെള്ളപ്പൊക്കവുംമൂലം പലയിടത്തും യാത്ര നിൎത്തേണ്ടിവന്നതിനാലാണു്, സമയം ഇത്ര ദീൎഘിച്ചതു്.

പോളോമാർ ചക്രവൎത്തിയുടെ മുമ്പിൽ ആനീതരായി. അദ്ദേഹം അവരെ ബഹുമാനത്തോടെ സ്വീകരിച്ചു. പല സംഗതികളെപ്പററിയും ചക്രവൎത്തി അവരോടന്വേഷിച്ചു: പാശ്ചാത്യരാജ്യങ്ങൾ, റോമാചക്രവൎത്തി, മററു യൂറോപ്യൻരാജാക്കന്മാർ, അവരുടെ ഭരണസമ്പ്രദായം, ആയോധനരീതി, ഐക്യവും സമാധാനവും, ലത്തീൻകാരുടെ—പ്രത്യേകിച്ചു പോപ്പിന്റെ—ജീവിതരീതിയും ആചാരമൎയ്യാദകളും, ക്രൈസ്തവാദൎശങ്ങൾ, പള്ളികൾ ഇങ്ങനെ നൂറായിരം സംഗതികളെപ്പററി. നിക്കോളോവും, മഫേയോവും, വിനയാദരങ്ങളോടെ, സരസമായും സത്യസന്ധമായും ഇവയ്ക്കെല്ലാം മറുപടി നല്കി. സംഭാഷണത്തിന്റെ രസംമൂലം ചക്രവൎത്തി അവരെ നിത്യേന കൊട്ടാരത്തിലേക്കു ക്ഷണിക്കുകയും, പതിവായി. അവരുടെ വിശദീകരണങ്ങൾ അദ്ദേഹത്തെ സംതൃപ്തനും സന്തുഷ്ടനുമാക്കി. പോപ്പിന്റെ സന്നിധിയിലേക്കു്, തന്റെ പ്രതിപുരുഷന്മാരായി ഇവരെ അയയ്ക്കണമെന്ന ഉദ്ദേശം ചക്രവൎത്തിയുടെ ഹൃദയത്തിൽ വേരൂന്നി. തന്റെ ഉപദേഷ്ടാക്കളോടാലോചിച്ചശേഷം, അദ്ദേഹം പോളോസഹോദരന്മാരെ കൊട്ടാരത്തിലേക്കു വിളിപ്പിച്ചു. മറെറല്ലാ മതങ്ങളേക്കാളുമുപരിയായി ക്രിസ്തുമതമാണു് സ്വീകാൎയ്യമെന്നും, മോക്ഷത്തിലേക്കുള്ള ഏകമാൎഗ്ഗം അതാണെന്നും, താൎത്താറികളുടെ ദൈവങ്ങൾ ദൈവങ്ങളല്ലെന്നും, ഈശ്വരാരാധനക്കാൎയ്യത്തിൽ പൌരസ്ത്യർ വഞ്ചിതരാണെന്നും തന്റെ മതപണ്ഡിതന്മാൎക്കു തെളിയിച്ചുകൊടുക്കാൻവേണ്ടി, ക്രിസ്തുമതതത്വങ്ങളിൽ തികഞ്ഞ പാണ്ഡിത്യമുള്ള ഒരുനൂറു പാതിരിമാരെ തന്റെ അടുക്കലേയ്ക്കയയ്ക്കണമെന്നു്, തനിക്കുവേണ്ടി പോപ്പിനോടപേക്ഷിക്കുവാൻ, തന്റെ ഔദ്യോഗി

കപ്രതിപുരുഷനായ 'ചോഗട്ടാൾ'പ്രഭുവുമൊന്നിച്ച്, പോളോമാർ റോമിലേക്കു പോയിവരണമെന്നു ചക്രവത്തി അവരോടാവശ്യപ്പെട്ടു. മടക്കയാത്രയിൽ, യെറുശലേമിൽ നമ്മുടെ കത്താവായ യേശുവിൻെറ സമാധിസ്ഥലത്തു കത്തുന്ന വിളക്കിൽനിന്നു കുറച്ചു വിശുദ്ധമായ എണ്ണക്കൂടി പകൻകൊണ്ടുവരണമെന്നും, കൃസ്തുമതഭക്തനായ ആ ചക്രവത്തി അവരോടു പ്രത്യേകം ചട്ടംകെട്ടി. തങ്ങളെ ഏല്പിച്ചിട്ടുള്ള ചുമതലകൾ വിശ്വസ്തതയോടെ നിറവേററുകയും, താത്തറിഭാഷയിൽ എഴുതപ്പെട്ട ചക്രവത്തിയുടെ സന്ദേശം മാപ്പാപ്പക്കു സമപ്പിക്കുകയും ചെയ്യാമെന്നു പോളോമാർ വാഗ്ദാനം ചെയ്തു. ഖാൻെറ സാമ്രാജ്യത്തിലെവിടേയും നിർബ്ബാധം സഞ്ചരിക്കാൻമാത്രമല്ല, ആപൽഘട്ടങ്ങളിൽ പ്രാദേശികഭരണാധികാരികളുടെ, സഹായസഹകരണങ്ങൾ യഥേഷ്ടം ലഭിക്കുവാനും, തങ്ങളുടെ യാത്രച്ചിലവുകളും മററാവശ്യങ്ങളും അവരെക്കൊണ്ട് അപ്പോഴപ്പോൾ നിവ്വഹിപ്പിക്കുവാനും പോളോസഹോദരന്മാക്കു സാധിക്കത്തക്കവിധം, തൻെറ ഒപ്പും മുദ്രയും വഹിക്കുന്ന ഒരു സ്വണ്ണപ്പട്ടയം, സാമ്രാജ്യമര്യാദയനുസരിച്ചു ചക്രവത്തി അവക്കു നല്കി. ആജ്ഞാപത്രങ്ങളും, സ്വണ്ണപ്പട്ടയവും സ്വീകരിച്ച്, അവർ ചക്രവത്തിയോടു വിടവാങ്ങി നാട്ടിലേക്കു പുറപ്പെട്ടു. ഇരുപതു ദിവസത്തെ യാത്ര കഴിഞ്ഞപ്പോഴേക്കും അവരുടെ കൂടെയുണ്ടായിരുന്ന ഖാൻെറ പ്രതിപുരുഷൻ, ആരോഗ്യകാരണങ്ങളാൽ യാത്ര മതിയാക്കി തിരിച്ചുപോകാൻ നിർബ്ബന്ധനായി. പോളോസഹോദരന്മാർ യാത്ര തുടന്നു. ചക്രവത്തിയുടെ ആജ്ഞാപത്രികയുടെ സഹായത്താൽ അവക്ക് എല്ലാ സംസ്ഥാനങ്ങളിൽനിന്നും വേണ്ടത്ര ബഹുമതിയും സഹായസഹകരണങ്ങളും ലഭിച്ചു. എങ്കിലും വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതികോപങ്ങൾകൊണ്ട്, പല ദിക്കിലും അവക്കു യാത്ര മുറിച്ചു കാത്തുകിടക്കേണ്ടിവന്നു. അങ്ങിനെ, 'ആർമീനിയാ'രാജ്യത്തെ 'ഗിയാസാ' തുറമുഖത്തെത്തിയപ്പോഴേക്കും മൂന്നു മുഴുവൻവഷങ്ങൾ കഴിഞ്ഞു. നമ്മുടെ കത്താവിൻെറ 1269-ാംവഷം ഏപ്രിൽമാസ

ത്തിൽ അവർ ഗിയാസായിൽനിന്നു് 'അക്രേ'യിലേയ്ക്കു പോയി.

എന്നാൽ 'അക്രേ'പട്ടണത്തിൽ പ്രവേശിച്ചപ്പോൾ, പോപ്പ്ക്ലെമൻറ് 4-ാമൻ മരിച്ചുകഴിഞ്ഞുവെന്നും, തൽസ്ഥാനത്തേയ്ക്കു് ആരും നിയമിക്കപ്പെട്ടിട്ടില്ലെന്നും അവർ സങ്കടത്തോടെ മനസ്സിലാക്കി. അക്കാലത്തു് അക്രേയിൽ, 'മാസ്സൂർ ടൈബോൾഡോ നിസ്ക്കോന്തി' എന്ന ഒരു അപ്പോസ്തലപ്രതിനിധിയുണ്ടായിരുന്നു. മഹാനായ ഖാനിൽനിന്നു പോളോസഹോദരന്മാർ പോപ്പിനു കൊണ്ടുവന്ന സന്ദേശം അവർ ഈ മതപ്രതിനിധിയെ കാണിച്ചു. ഒരു പുതിയ പോപ്പിൻെറ സ്ഥാനാരോഹണംവരെ കാത്തിരിക്കുവാൻ പോപ്പിൻെറ ആ പ്രതിപുരുഷൻ അവരെ ഉപദേശിച്ചു. അതിനാൽ, ബന്ധുമിത്രങ്ങളെ സന്ദർശിക്കുവാനായി പോളോമാർ വെനീസ്സിലേയ്ക്കു തിരിച്ചു. നാട്ടിലെത്തിയപ്പോഴാണു്, തൻെറ ഭാര്യ ലോകവാസം വെടിഞ്ഞുവെന്നും, ഏകപുത്രൻ മാക്കൊ പതിനെട്ടു തികഞ്ഞ ഒരു യുവാവായിത്തീൎന്നുവെന്നും നിക്കൊളോ മനസ്സിലാക്കിയതു്. റോമിൽ പോപ്പിൻെറ തിരഞ്ഞെടുപ്പിനു വലിയ കാലതാമസം നേരിട്ടു. രണ്ടുകൊല്ലത്തോളം നിഷ്ഫലമായി കാത്തിരുന്നശേഷം, പോളോമാർ എന്നെയും (മാക്കൊവിനെ) കൂട്ടി അക്രേയിലുള്ള ആൎച്ച്ബിഷപ്പിൻെറ അടുക്കലേയ്ക്കു തന്നെ, പിന്നെയും മടങ്ങി. അദ്ദേഹത്തിൻെറ ഒരെഴുത്തു വാങ്ങി ഞങ്ങൾ യെരുശലേമിൽ ചെന്നു പരിശുദ്ധദീപത്തിൽനിന്നു് എണ്ണയും കൊണ്ടുവന്നു. അപ്പോഴും പോപ്പിൻെറ തിരഞ്ഞെടുപ്പു കഴിഞ്ഞിരുന്നില്ല. കൂടുതൽ കാക്കുന്നതു്, കുബ്ളൈഖാൻ ചക്രവൎത്തിക്കു് അനിഷ്ടമായേയ്ക്കുമെന്നു കരുതി, ചൈനയിലേയ്ക്കു മടങ്ങുവാൻ ഞങ്ങൾ തീരുമാനിച്ചു യാത്രയാരംഭിച്ചു. എന്നാൽ അധികം താമസിയാതെ, അക്രേബിഷപ്പിനെ പോപ്പായി തിരഞ്ഞെടുത്തിരിക്കുന്നുവെന്ന വാൎത്തയുംകൊണ്ടു കൎദ്ദിനാളന്മാരിൽനിന്നു ദൂതന്മാർ, ആക്രേയിലെത്തി. അദ്ദേഹം അതോടെ, 'ഗ്രിഗറി' എന്ന നാമം സ്വീകരിക്കുകയും ചെയ്തു. മാത്രമല്ല, ഖാൻെറയടുക്കലേയ്ക്കു യാത്രയാരംഭിച്ച ഞങ്ങളെ അദ്ദേഹം ഉടൻ

ആളയച്ച് മടക്കിവിളിപ്പിക്കുകയും, പോപ്പ് എന്ന നിലയ്ക്കു മഹാനായ ഖാനു് ഔപചാരികമായി നല്കുവാനുള്ള അദ്ദേഹത്തിൻെറ സന്ദേശം ഞങ്ങളെ ഏല്പിക്കുകയും ചെയ്തു. പാണ്ഡിത്യത്തിനും, വിശ്വാസ്യതയ്ക്കും പുകൾക്കൊണ്ട രണ്ടു പാതിരിമാരെ, ഖാൻെറ അഭീഷ്ടപ്രകാരം, ഞങ്ങളോടൊന്നിച്ച് അയയ്ക്കുകയും ചെയ്തു. 'ഫ്രിയർ നിക്കോളൊ ഡേവിസെൻസാ,' എന്നും 'ഫ്രിയർ ഗ്വൈൽമോ ഡിട്രിപ്പോളി' എന്നും രണ്ടുപേർ. പുരോഹിതന്മാരെയും, ബിഷപ്പുമാരെയും പട്ടംനല്കി വാഴിക്കുവാനും, മതസംബന്ധമായ എല്ലാ പ്രവൎത്തനങ്ങളും നടത്താനും അവരെ പൂർണ്ണമായും അധികാരപ്പെടുത്തുന്ന പ്രമാണപത്രങ്ങളും, ചക്രവൎത്തിക്കു തന്റേതായ ചില സമ്മാനങ്ങളും പോപ്പുതിരുമേനി, ഈ പാതിരിമാരെ ഏല്പിച്ചു. ഞങ്ങളെല്ലാവരുംകൂടി യാത്രപുറപ്പെട്ട്, ആർമീനിയായിലെ ഗിയാസാതുറമുഖത്തെത്തി. പക്ഷേ ബെന്തിയോക്കുകാരും ബാബിലോൺസുൽത്താനും, ഒരു വലിയ സൈന്യത്തെ സംഘടിപ്പിച്ച്, അപ്പോൾ ആർമീനിയായെ ആക്രമിച്ചിരുന്നതിനാൽ പ്രസ്തുത രണ്ടു പാതിരിമാരും ഭയചകിതരായി. യാത്രാവിപത്തുകളും, യുദ്ധത്തിൻെറ അപായങ്ങളും ഒഴിവാക്കാനാഗ്രഹിച്ച്, ആ പാതിരിമാർ, തങ്ങളുടെ പക്കൽ പോപ്പ് ഏല്പിച്ചിരുന്ന പ്രമാണപത്രങ്ങളും സമ്മാനങ്ങളും, പോളോസഹോദരന്മാരുടെ കയ്യിൽ കൊടുത്തിട്ട് നാട്ടിലേയ്ക്കുതന്നെ മടങ്ങി. എന്നാൽ ഒന്നുകൊണ്ടും ഭഗ്നാശരാകാതെ, വടക്കോട്ടും, വടക്കുകിഴക്കോട്ടുമായ ഞങ്ങളുടെ ഒടുങ്ങാത്ത യാത്ര ഞങ്ങൾ തുടർന്നുകൊണ്ടിരുന്നു. മൂന്നരവൎഷത്തെ ഈ നിരന്തരപര്യടനം ഞങ്ങളെ താൎത്താറിചക്രവൎത്തിയുടെ വിഖ്യാതമായ 'ക്ലെമനിസ്'[1] നഗരത്തിലെത്തിച്ചു. മഞ്ഞും, തണുപ്പും, വെള്ളപ്പൊക്കവുംമൂലം യാത്രയ്ക്കു പലപ്പോഴും നീണ്ട വിഘ്നങ്ങളുണ്ടായി. എങ്കിലും ഞ

1 ഷാങ്ട്ടു എന്നും, സനാഡു എന്നും ഈ നഗരത്തിനു വേറേയും പേരുകളുണ്ട്.

ങ്ങളുടെ പ്രത്യാഗമനത്തെപ്പററി മുൻകൂട്ടി അറിവാനിടയായ കുബ്ളൈഖാൻ, ഞങ്ങളുടെ സഹായത്തിനു, 40 ദിവസത്തോളം ദൂരത്തേക്കു തൻെറ ദൂതന്മാരെ അയച്ചു. കൊട്ടാരത്തിൽ, രാജാവിൻെറ സന്നിധിയിലേക്കു് ആനയിക്കപ്പെട്ടപ്പോൾ ദേശമര്യാദക്കനുസരണമായി, ഞങ്ങൾ ഭക്ത്യാദരങ്ങളോടെ അദ്ദേഹത്തിൻെറ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്തു. ചക്രവത്തി ഞങ്ങളെ സസ്നേഹം സ്വീകരിച്ചശേഷം, വഴിമദ്ധ്യത്തിൽ നേരിട്ട ആപത്തുകൾ എങ്ങനെ തരണംചെയ്തുവെന്നും, പോപ്പുമായുള്ള കൂടിക്കാഴ്ച എത്രത്തോളം വിജയിച്ചു എന്നും, വിശദമാക്കാൻ ആവശ്യപ്പെട്ടു.

അപ്പോൾ പോളോസഹോദരന്മാർ സ്പഷ്ടമായും സവിസ്തരമായും ആ കഥകളെല്ലാം വിവരിച്ചു. ചക്രവത്തിക്കായി കൊണ്ടുവന്നിരുന്ന പോപ്പിൻെറ സന്ദേശവും സമ്മാനങ്ങളും അവർ അദ്ദേഹത്തിനു സമപ്പിച്ചു. ഖാൻ അതീവ സന്തുഷ്ടനായി, ഞങ്ങളുടെ പരിചരണത്തിന്നു് ഏപ്പാടുകൾചെയ്തു. ദൈവപുത്രൻെറ സമാധിസ്ഥലത്തുനിന്നു കൊണ്ടുവന്ന എണ്ണ വളരെ ഭക്തിയോടെ സ്വീകരിച്ചു് സൂക്ഷിച്ചുവെയ്ക്കാൻ ദൂതരോടാജ്ഞാപിച്ചശേഷം, ഖാൻ എന്നെ ചൂണ്ടിക്കൊണ്ടു്, 'ഇവൻ ആർ?' എന്നു നിക്കൊളോവിനോടന്വേഷിച്ചു. "ചക്രവത്തി തിരുമനസ്സിലെ ഒരു വിനീതദാസനും എൻെറ പുത്രനുമാണു്, ഇവൻ" എന്നു നിക്കൊളൊ മറുപടി നല്കി. ചക്രവത്തി സ്നേഹവാത്സല്യങ്ങളോടെ എന്നെ വീക്ഷിക്കുകയും, എന്നെ താത്തറിഭാഷ പഠിപ്പിക്കാൻ വേണ്ട ഏപ്പാടുകൾ ചെയ്കയും ചെയ്തു. ചുരുങ്ങിയ കാലത്തിനുള്ളിൽ, താത്തറിക്കാരുടെ എല്ലാ ആചാരമര്യാദകളും, ഞാൻ മനസ്സിലാക്കി. നാലു ഭാഷകൾ നല്ലപോലെ എഴുതാനും വായിക്കാനും പഠിച്ചു. ചുരുങ്ങിയ കാലത്തിനുള്ളിൽ മഹാനായ ഖാൻെറ സദസ്സിലെ ഒരു പ്രമുഖവ്യക്തിയായിത്തീന്നു. 'കരാച്ചൻ'[1] നഗരത്തിൽ തൻെറ തന്ത്രപ്രതിനിധിയായി അദ്ദേഹം

1 പടിഞ്ഞാറൻചൈനയിലെ യുനാൻ സംസ്ഥാനം.

എന്നെ നിയമിച്ചു. ആറുമാസത്തെ വിഷമംനിറഞ്ഞ യാത്രകൊണ്ടാണ്, ഞാൻ അവിടെ ചെന്നെത്തിയതു്. ആ ഗ്രാമങ്ങളിലേയും നഗരങ്ങളിലേയും പുതുമകൾ ചക്രവത്തിയെ രസിപ്പിക്കുമെന്നു കരുതി, അവയെല്ലാം വളരെ ശ്രദ്ധയോടെ ഞാൻ കുറിച്ചെടുക്കുകയും, ഓരോ പ്രദേശത്തിൻെറയും പ്രത്യേകതകൾ, മനുഷ്യരുടെ സ്വഭാവം, ജീവിതരീതി, ആചാരസമ്പ്രദായങ്ങൾ എന്നിവയെല്ലാമന്വേഷിച്ചറിഞ്ഞു് അവയുടെ പൂർണ്ണമായ റിപ്പോട്ട് മഹാനായ ഖാനു സമപ്പിക്കുകയും ചെയ്തു. ഖാൻെറ സാമ്രാജ്യത്തിൽ കഴിച്ചുകൂട്ടിയ ഇരുപത്തിയൊന്നു വഷവും തുടച്ചയായി, ഓരോരോ സംസ്ഥാനങ്ങളിലേയ്ക്കു രാജകീയപ്രതിനിധിയായി ഞാൻ അയയ്ക്കപ്പെട്ടിരുന്നു. ചിലപ്പോൾ സക്കാർ ആവശ്യങ്ങൾക്കും, മററു ചിലപ്പോൾ സ്വന്തമാവശ്യത്തിനും, ഞാൻ ഇങ്ങനെ ഊരുചുററിക്കൊണ്ടിരുന്നു. മധ്യപൂവ്വേഷ്യൻരാജ്യങ്ങളെസ്സംബന്ധിച്ചു് ഇത്രമാത്രം വിവരങ്ങൾ മനസ്സിലാക്കാൻ ഇടവന്നതിൻെറ കാരണവും ഇതുതന്നെ.

എന്നാൽ ഖാൻെറ രാജധാനിയിൽ അനേകകാലം താമസിക്കുകയും, നിരവധി അമൂല്യരത്നങ്ങളാൽ സമ്പന്നരാവുകയും ചെയ്തപ്പോൾ, സ്വദേശത്തേയ്ക്കു മടങ്ങാനുള്ള അഭിലാഷത്താൽ, ഞങ്ങൾ പ്രചോദിതരായി. വൃദ്ധനായ ഖാൻെറ മരണശേഷം, ഈ മടക്കയാത്ര തികച്ചും അസാധ്യമാകുമെന്നു ഞങ്ങൾ ഭയപ്പെട്ടു. ഒരു ദിവസം മാസ്റ്റർ നിക്കോളോ, ചക്രവത്തി സന്തുഷ്ടനായിരുന്ന സന്ദർഭം നോക്കി, നാട്ടിലേയ്ക്കു മടങ്ങുവാനുള്ള അനുവാദം ഞങ്ങൾ മൂവ്വരുടേയും പേരിൽ, അദ്ദേഹത്തോടപേക്ഷിച്ചു. ഖാൻ കൂടുതൽ സ്നേഹാദ്രനായി. എങ്കിലും ആപൽക്കരമായ ഒരു നീണ്ട യാത്രയ്ക്കു ഞങ്ങൾ വീണ്ടും തുനിയുന്നതെന്തിനാണൊന്നും, ധനസമ്പാദനമാണു് ഉദ്ദേശമെങ്കിൽ, അന്നുവരെ ഞങ്ങൾ സമ്പാദിച്ചതിൻെറ ഇരട്ടി തുക താൻ നല്കാമെന്നും, ശുദ്ധമായ സ്നേഹവാത്സല്യങ്ങളാൽമാത്രം ഞങ്ങൾക്കു യാത്രാനുവാദം താൻ നിഷേധിക്കുന്നുവെന്നും, മഹാനായ ഖാൻ പ്രസ്താവിച്ചു. ആ പരിശ്രമം അങ്ങിനെ വിഫലമായി.

എങ്കിലും, അധികംനാൾ കഴിയുംമുമ്പ്, ക്കുബ്ളൈഖാന്റെ സഹോദരപൌത്രനും, പേഴ്സ്യൻരാജാവുമായ 'ആർഗോൺ', തന്റെ മൂന്നു പ്രതിപുരുഷന്മാരെ, ഒരു അപേക്ഷയുമായി ഖാന്റെ അടുക്കലേയ്ക്കയച്ചു—'അള്ളാദെ', 'അപൂസി', 'കോഷ'[1] എന്നിവർ. തന്റെ സഹധർമ്മിണി 'ബോൾഗാന' ചരമഗതി പ്രാപിച്ചുവെന്നും, പരേതയുടെ അന്ത്യാപേക്ഷയെ മാനിച്ച്, തന്റെ പുനർവിവാഹത്തിനു് അവളുടെ വംശമായ കാഥേ കുടുംബത്തിൽപ്പെട്ട ഒരു വധുവിനെ തനിക്കുവേണ്ടി ചക്രവർത്തി തന്നെ തിരഞ്ഞെടുത്തു്, ഈ പ്രതിപുരുഷന്മാരോടൊന്നിച്ചു പേഴ്സ്യയിലേയ്ക്കയയ്ക്കണമെന്നുമായിരുന്നു ആർഗോണിന്റെ അഭ്യർത്ഥനയുടെ ചുരുക്കം. ക്കുബ്ളൈഖാൻ ആ അപേക്ഷ സ്വീകരിക്കുകയും, അതനുസരിച്ചു വേണ്ട അന്വേഷണങ്ങൾ നടത്തി, മരിച്ച രാജ്ഞിയുടെ കുടുംബത്തിൽപ്പെട്ട 'കൊഗാലിൻ' എന്ന ഒരു മധുരപ്പതിനേഴുകാരിയെ തിരഞ്ഞെടുത്തു പേഴ്സ്യൻപ്രതിനിധികളെ ഏല്പിക്കുകയും ചെയ്തു. അവർ വധുവിനേയുംകൊണ്ടു്, വന്ന വഴിക്കുതന്നെ മടങ്ങി. എങ്കിലും, മാർഗ്ഗമധ്യത്തിൽ, താർത്താറികൾ തമ്മിലുള്ള പൊരിഞ്ഞ യുദ്ധം കണ്ടു ഭയപ്പെട്ട്, വീണ്ടും ഖാന്റെ അടുക്കലേയ്ക്കു മടങ്ങിച്ചെന്നു വിവരമറിയിച്ചു. അതിനിടയ്ക്കു ക്കുബ്ളൈഖാന്റെ ആജ്ഞയനുസരിച്ച്, വ്യാപാരകാര്യങ്ങൾക്കായി ഈസ്റ്റിൻഡ്യാദ്വീപുകളിൽ യാത്രചെയ്തിരുന്ന ഞാനും രാജധാനിയിൽ തിരിച്ചെത്തിയിരുന്നു. ഞാൻ കണ്ട രാജ്യങ്ങളിലെ വിശേഷങ്ങളും, കപ്പൽയാത്രയുടെ സുഖസൌകര്യങ്ങളും ഞാൻ ഖാനെ അറിയിച്ചു. ഈ വിവരങ്ങൾ അറിഞ്ഞ പേഴ്സ്യൻപ്രതിനിധികൾ പോളോസഹോദരന്മാരുമായി ആലോചിച്ചശേഷം, നവവധുവുമൊരുമിച്ചു ചക്രവർത്തിയെ ചെന്നു കണ്ടു. സമുദ്രംവഴി ആർഗോണിന്റെ നാട്ടിലേയ്ക്കു തങ്ങളെ അയ

---

1 ഈ മൂന്നു പേരുകൾ പല വിവർത്തകന്മാരും പലതരത്തിലാണു് എഴുതിക്കാണുന്നതു്.

ജ്ജാൻ ഏർപ്പാടുചെയ്യണമെന്നും സമുദ്രപരിചയമുള്ള പോളോമാരെ തങ്ങളുടെ രക്ഷയ്ക്കു കൂടെ അയയ്ക്കണമെന്നും അവർ ചക്രവത്തിയോട്ട് അപേക്ഷിച്ചു. ഖാനു് ഈ അപേക്ഷ വലിയ വേദനയുളവാക്കി. എങ്കിലും ഒടുവിൽ അർദ്ധമനസ്സോടെ അതിന്നനുവദിച്ചു. പോളോമാരായ ഞങ്ങൾ കൊട്ടാരത്തിലേയ്ക്കു വിളിക്കപ്പെട്ടു. ഉൽക്കടമായ സ്നേഹത്തിൻെറ പ്രചണ്ഡമായ പ്രകടനത്തിനുശേഷം ചക്രവത്തി ഞങ്ങളോട്ട് ഒരു വാഗ്ദാനം ആവശ്യപ്പെട്ടു. കത്തവ്യനിവ്വഹണവും, കുറച്ചുനാളത്തെ സ്വദേശവിശ്രമവും കഴിഞ്ഞു ഞങ്ങൾ അദ്ദേഹത്തിൻെറ അടുക്കലേയ്ക്കുതന്നെ വീണ്ടും ചെന്നുകൊള്ളാമെന്ന ഒരു പ്രതിജ്ഞ. തൻെറ സാമ്രാജ്യത്തിലെവിടേയും, ഞങ്ങൾക്കു പൂണ്ണമായ സ്വാതന്ത്ര്യവും രക്ഷയും നല്കുന്നതും, ഞങ്ങളുടെ സകല യാത്രച്ചിലവുകളും, ആവശ്യങ്ങളും, നിവ്വഹിക്കുവാൻ, അതതു സംസ്ഥാനഗവമ്മേണ്ടുകളെ ചുമതലപ്പെടുത്തുന്നതും, പോപ്പ്തിരുമേനി, ഫ്രാൻസ്, സ്പെയിൻ എന്നിവിടങ്ങളിലെ രാജാക്കന്മാർ, മററു പ്രധാനക്രസ്ത്യൻമേധാവികൾ മുതലായവരുടെ സന്നിധികളിൽ തൻെറ പ്രതിപുരുഷന്മാരായി വത്തിക്കുവാൻ ഞങ്ങളെ അധികാരപ്പെടുത്തുന്നതുമായ, രാജകീയമുദ്രയോടുകൂടിയ സ്വണ്ണപട്ടയങ്ങൾ ഖാൻ ഞങ്ങൾക്കു നല്കി.

ഒൻപതു കാററുപായകളും, നാലു പാമരങ്ങളും വീതമുള്ള പതിന്നാലു കപ്പലുകൾ, യാത്രയ്ക്കു തയ്യാർ ചെയ്യപ്പെട്ടു. അവയിൽ വലിയ നാലോ, അഞ്ചോ എണ്ണത്തിൽ, 250-നും, 260-നുമിടയ്ക്കു നാവികന്മാരുണ്ടായിരുന്നു. പേഴ്സ്യൻപ്രതിനിധികൾ, രാജകുമാരി, നിക്കോളോ, മഫേയോ എന്നിവരും ഞാനും ചക്രവത്തിയെ നമസ്കരിച്ചു വിടവാങ്ങി. സമ്മാനമായി ഏററവും അമൂല്യങ്ങളായ ചില രത്നങ്ങളും, രണ്ടു കൊല്ലത്തേയ്ക്കു വേണ്ടത്ര ആഹാരസാധനങ്ങളും, ഖാൻ ഞങ്ങൾക്കു നല്കിയിരുന്നു. മൂന്നു മാസത്തെ യാത്രയ്ക്കുശേഷം 'ജാവാ' എന്ന ദ്വീപിൽ ഞങ്ങളെത്തി. അവിടെനിന്നും ഇൻഡ്യാസമുദ്രംവഴി 18 മാസ

ത്തെ യാത്രകൊണ്ടു്, ഞങ്ങൾ ആർഗോൺരാജാവിൻെറ നാട്ടി ലെത്തി. അറുനൂറിൽപ്പരം നാവികരും, രാജകുമാരിയൊഴിച്ച മ റെറല്ലാ സ്ത്രീകളും[1] മധ്യേമാർഗ്ഗം മരണമടഞ്ഞു. പേഴ്സ്യൻരാ ജാവിൻെറ പ്രതിപുരുഷന്മാരിൽ 'കോഷ'മാത്രം അവശേഷിച്ചു. അവിടെ എത്തിയപ്പോഴാണു്, ആർഗോൺരാജാവു മൃതനായി യെന്നും, അദ്ദേഹത്തിൻെറ പ്രായംതികയാത്ത പുത്രനുവേണ്ടി, 'ചിയാക്കേറോ' എന്നൊരാൾ, രാജ്യം ഭരിക്കുകയാണെന്നും, ഞങ്ങൾക്കു മനസ്സിലായതു്. ഞങ്ങൾ അദ്ദേഹത്തെ വിവരമെ ല്ലാം ധരിപ്പിച്ചു. പരേതനായ രാജാവിൻെറ പുത്രനായ 'കസാനു്', ആ വധുവിനെ നല്കുവാൻ ചിയാക്കേറോ ഞങ്ങളോടു പറഞ്ഞു. പേഴ്സ്യൻഅതിർത്തിയിൽ, 'ആർബോർ സെക്കോ'[2] എന്ന സ്ഥലത്തു്, 60,000 ഭടന്മാരോടുകൂടി, അതിർത്തി രക്ഷിക്കാ നായി അപ്പോൾ ശത്രുക്കളോടു പൊരുതുകയായിരുന്നു കസാൻ. പട്ടാളക്യാമ്പിൽ ചെന്നു വധുവിനെ, രാജകുമാരൻെറ പക്കൽ ഏല്പിച്ചശേഷം, ഞങ്ങൾ ചിയാക്കേറോവിൻെറ അടുക്കലേക്കു മടങ്ങി. ഒൻപതുമാസത്തോളം അദ്ദേഹത്തിൻെറ അതിഥിക ളായി ഞങ്ങൾ അവിടെ സുഖമായി താമസിച്ചു. അതിനുശേ ഷം ഞങ്ങൾ അദ്ദേഹത്തോടു വിടവാങ്ങി. ചിയാക്കേറോ, നാലു സ്വർണ്ണപ്പട്ടയങ്ങൾ ഞങ്ങൾക്കു നല്കി. ഒരു മുഴം നീളവും, അഞ്ചു വിരൽ വീതിയും, രണ്ടു റാത്തൽ ഘനവും വീതമുള്ള നാലു സ്വർണ്ണക്കട്ടിത്തകിടുകൾ. മഹാനായ ഖാൻെറ നാമം എക്കാല ത്തും വാഴ്ത്തപ്പെടണമെന്നും, അതിനു വിസമ്മതിക്കുന്നവൻ വധി ക്കപ്പെടുകയും, അയാളുടെ സ്വത്തുക്കൾ സർക്കാരിലേക്കു മുതൽക്കൂ ട്ടുകയും ചെയ്യണമെന്നും, ചക്രവർത്തിയോടെന്നപോലെ, അദ്ദേഹ ത്തിൻെറ പ്രതിപുരുഷന്മാരായ ഞങ്ങളോടും ജനങ്ങൾ ബഹുമാ

---

1 ഒട്ടാകെ നൂറു സ്ത്രീകൾ ഉണ്ടായിരുന്നതായി, ലെതാമിൻെറ വിവർത്തനത്തിൽനിന്നു കാണാം.

2 'ഉണക്കമരങ്ങളുടെ നാട്ടു്'—എന്നു വാക്കിനർത്ഥം.

നം പ്രദശിപ്പിക്കണമെന്നും, ഞങ്ങൾക്കു വേണ്ട കുതിരകൾ, ഭൃത്യന്മാർ, യാത്രച്ചിലവുകൾ മുതലായവയെല്ലാം, പ്രാദേശികാധികാരികൾ നല്കുവാൻ ബാദ്ധ്യസ്ഥരാണെന്നും, പ്രഖ്യാപിക്കുന്നു, പ്രസ്തുതപട്ടയങ്ങൾ. ഈ നിർദ്ദേശങ്ങളെല്ലാം തികച്ചും, പാലിക്കപ്പെട്ടിരുന്നതിനാൽ, ചില സന്ദർഭങ്ങളിൽ ഞങ്ങളുടെ രക്ഷയ്ക്കു് ഇരുന്നൂറിൽപ്പരം കുതിരപ്പടയാളികൾ ഞങ്ങളെ അനുഗമിക്കാറുണ്ടു്. ഈ യാത്രയ്ക്കിടയിൽ, ഞങ്ങൾ കേട്ടു, മഹാനായ കുബ്ളൈഖാൻചക്രവത്തി ലോകവാസം വെടിഞ്ഞുവെന്നു്. കാഥേസാമ്രാജ്യത്തിലേയ്ക്കു മടങ്ങിച്ചെല്ലണമെന്ന നേരിയ അഭിലാഷംപോലും അതോടെ ഞങ്ങൾക്കില്ലാതെയായി. ട്രെബിസോണ്ടു്[1], കോൺസ്റ്റാൻറിനോപ്പിൾ, 'നീഗ്രോപോണ്ടു്'[2], ഇവയെല്ലാം തരണംചെയ്തു്, താങ്ങാനാവാത്ത സമ്പത്തുകളോടുകൂടി, എ. ഡി. 1295-ൽ ഞങ്ങൾ സുരക്ഷിതരായി വെനീസ്സിൽ എത്തിച്ചേന്നു[3].

# അദ്ധ്യായം രണ്ടു്

[ചെറിയ ആർമീനിയാ, തുക്കിസ്ഥാൻ, വലിയ ആർമീനിയാ, ജോർജ്ജിയാസംസ്ഥാനം, മൊസ്സൂൾരാജ്യം ബാഗ്ദാദ്നഗരം, എന്നിവയുടേയും, വിസ്മയകരമായ ഒരു 'ഭൂകമ്പ'ത്തിൻേറയും വിവരണം.]

ആർമീനിയ രണ്ടുണ്ടു്: വലുതും ചെറുതും. ചെറിയ ആർമീനിയയിൽ, 'സെബാസ്റ്റെ' എന്ന നഗരത്തിലാണു്, അവിട

1 കരിങ്കടലിൻെറ ദക്ഷിണതീരപട്ടണം.

2 ഗ്രീസിലെ യൂബോയ.

3 ഇവിടെ അവസാനിക്കുന്നു, നമ്മുടെ കഥാനായകൻെറ ചരിത്രപരമായ അവതാരിക. കിഴക്കൻനാടുകളിലെ ഏററവും വിദൂരങ്ങളായ ഭൂവിഭാഗങ്ങളെപ്പററി താഴെ ചേക്കുന്ന വിവരണങ്ങൾ രേഖപ്പെടുത്തുവാൻ തൽകത്താവിനുള്ള യോഗ്യത, ഈ ആമുഖം തെളിയിക്കുന്നതായി 'റസ്റ്റീസിയാനോ' അവകാശപ്പെടുന്നു.

ത്തെ രാജാവു താമസിക്കുന്നതു്. അദ്ദേഹത്തിന്റെ രാജ്യത്തിലെവിടെയും നീതിയും സമാധാനവും കാണപ്പെടുന്നു. അവിടെ പല നഗരങ്ങളും, കോട്ടകളുമുണ്ടു്. മണ്ണു ഫലഭൂയിഷ്ഠവും, നാട്ടു് ആവശ്യമുള്ള എല്ലാ ഉല്പന്നങ്ങളാലും സമൃദ്ധവുമാണു്. നായാട്ടുപക്ഷികളും ധാരാളം. പക്ഷേ അവിടത്തെ കാററു് ആരോഗ്യകരമല്ല. പണ്ടുകാലത്തു് ആർമീനിയക്കാർ ബലിഷ്ഠകായന്മാരും, യുദ്ധവീരന്മാരുമായിരുന്നുവത്രെ. എന്നാൽ ഇപ്പോൾ അമിതമായ മദ്യപാനവും വിഷയാസക്തിയും മൂലം അവർ മുഴുവരും നിർവ്വീര്യരുമായിട്ടുണ്ടു്. 'ഗിയാസാ' എന്ന ഒരു സപുഷ്ടീയനഗരം കടൽത്തീരത്തു കാണാം. വെനീസ്സു്, ജിനോവാ തുടങ്ങിയ പ്രസിദ്ധങ്ങളായ പാശ്ചാത്യവാണിജ്യകേന്ദ്രങ്ങളിൽനിന്നുപോലും വ്യാപാരികൾ ചരക്കുകളുമായി, ഈ തുറമുഖപട്ടണത്തിൽ വരിക പതിവാണു്. കിഴക്കൻനാടുകളിൽനിന്നു കൊണ്ടുവരപ്പെടുന്ന സുഗന്ധദ്രവ്യങ്ങൾക്കാണു്, ഇവിടെ ഏററവും വലിയ വ്യാപാരസാധ്യത. പൌരസ്ത്യനാടുകളിൽനിന്നുള്ള സകല ഉല്പന്നങ്ങളുടേയും സ്ഥിരമായ വാണിജ്യകേന്ദ്രമാകുന്നു 'ഗിയാസാ.'

തുർക്കോമേനിയയിലെ നിവാസികൾ, മൂന്നു തരക്കാരാണു്. മുഹമ്മദിന്റെ നിയമം അനുസരിക്കുന്ന തുർക്കികൾ, ആകുന്നു ഒന്നാമത്തെ കൂട്ടർ. അവർ നിരക്ഷരരും, മൂർഖന്മാരും, അചരിഷ്ണുതരുമാണു്. വിശാലമായ മേച്ചിൽസ്ഥലങ്ങളുള്ള മലഞ്ചെരുവുകളിലും, ദുഷ്പ്രാപങ്ങളായ വനപ്രദേശങ്ങളിലുമാണു്, ഇവർ അധികവും താമസിക്കുന്നതു്. കന്നുകാലിവളർത്തലാണു് ഇവരുടെ പ്രധാനജീവിതവൃത്തി. 'തുർക്കിക്കുതിരകൾ' എന്ന പേരിൽ പ്രസിദ്ധമായ നല്ല ഇനം കുതിരകൾ ഇവിടെ വളരുന്നു. മികച്ചതരം കഴുതകളും ഇവിടെ ധാരാളമുണ്ടു്. വ്യാപാരത്തിലും, കരകൌശലങ്ങളിലും ജാഗരൂകരായ ഗ്രീക്കുകാരും, ആർമീനിയാക്കാരുമാണു്, മററു രണ്ടു സമുദായങ്ങൾ. ഇവർ നഗരങ്ങളിലും, ചെറുപട്ടണങ്ങളിലും, താമസമുറപ്പിച്ചിരിക്കുന്നു. കലാസൌന്ദര്യത്തിൽ ലോകോത്തരങ്ങളായ പരവതാനികൾ ഇവരാണു് ഉ

ണ്ടാക്കുന്നതു്. 'കോഗ്നൊ', 'ഐക്കോണിയം', 'സിസേറിയ', 'ഇക്കോറിയ' മുതലായ നഗരങ്ങളും, ക്രിസ്തുവിനുവേണ്ടി 'ബാസൽ'പുണ്യവാളൻ രക്തസാക്ഷിത്വം വരിച്ച 'സെബാസ്റ്റെ' പട്ടണവും ഇവരുടെ അധികാരപരിധിയിലാണു്. താത്താറിരാജാക്കന്മാരിലൊരുവനെ ഇവർ മേല്ക്കോയ്മയായി അംഗീകരിച്ചിട്ടുമുണ്ടു്.

വലിയ ആർമീനിയ വിസ്തൃതമായ ഒരു രാജ്യമാണു്. താത്താറികളുടെ ഒരു സാമന്തരാജ്യം. പ്രധാനനഗരം 'അഴ്സൂക്കിയ'യാണു്. 'ബക്രം' എന്ന പേരിലറിയപ്പെടുന്ന, ലോകത്തിലെ ഏററവും മികച്ചതരം കട്ടിത്തുണി ഇവിടെയാണു് നെയ്യുന്നതു്. രോഗികൾക്കു സ്നാനംചെയ്യുവാൻ പററിയ, ഔഷധവീര്യമുള്ള, ഉഷ്ണജലപ്രവാഹവും ഇവിടെയുണ്ടു്. 'ആർഗിറോൺ', 'ഡാഴ്സിസ്', എന്നിവയാണു് മററു വലിയ പട്ടണങ്ങൾ. തടിച്ച പുൽത്തകിടികളാലാകൃഷ്ടരായി, വേനല്ക്കാലത്തു് അനേകം താത്താറികൾ, കന്നുകാലികളോടും, ചെമ്മരിയാട്ടിൻപററങ്ങളോടും കൂടി, ആർമീനിയയിൽ വന്നു താവളമടിക്കുന്നു. എന്നാൽ ശീതകാലത്തെ കൊടുംതണുപ്പു തുടങ്ങിയാൽ, അവർ കൂടുതൽ ചൂടുള്ള മററു പ്രദേശങ്ങളിലേയ്ക്കു മാറിപ്പാർക്കുകയും ചെയ്യും. പെരുംപ്രളയക്കാലത്തു്, 'നോഹ'യുടെ പെട്ടകം ഇവിടെയുള്ള 'അരാരത്തു്' കൊടുമുടിയിലാണു് കെട്ടിയിട്ടിരുന്നതെന്നു പറയപ്പെടുന്നു. ഈ രാജ്യത്തിൻെറ കിഴക്കൻഅതിർത്തിയിൽ, 'മൊസൂൾ', 'മെരഡിൻ' എന്നീ സംസ്ഥാനങ്ങളാണു്. പാചകാവശ്യങ്ങൾക്കു പററുകയില്ലെങ്കിലും, വിളക്കു കത്തിക്കുന്നതിനും, ലോഹോപകരണങ്ങളിൽ ലേപനം ചെയ്യുന്നതിനും പററിയ ഒരുതരം എണ്ണ മണ്ണിനടിയിൽനിന്നു സദാ പൊന്തിക്കൊണ്ടിരിക്കുന്ന ഒരു വലിയ എണ്ണയുററരുവി,[1] 'മൊസൂൾ' എന്ന സംസ്ഥാനത്തിലു

1. ലോകവ്യവസായങ്ങൾക്കു വിപ്ലവപരമായ പുരോഗതി വരുത്തിയ പെട്രോളിയം ഉൽപ്പന്നത്തെപ്പററി മാർക്കോ പ്രസ്താവിക്കുന്നു.

ണ്ടു്.[1] ആയിരം ഒട്ടകങ്ങൾക്കു ഭാരമേറുവാൻതക്കവണ്ണം വമ്പിച്ച അളവിൽ ഈ എണ്ണ അവിടെ എപ്പോഴും മണ്ണിന്നടിയിൽനിന്നു മേല്പോട്ടു പൊന്തിക്കൊണ്ടിരിക്കുന്നു.

സോഴ്സാനിയാ[2]യിൽ 'ദാവീദ്മാലിക്' എന്ന ഒരു രാജാവുണ്ടു്. ഈ സംസ്ഥാനത്തിന്റെ ഒരു ഭാഗം അദ്ദേഹത്തിന്റെ അധീനതയിലാണു്. മറേറ പകുതിക്കാർ, താർത്താറികളുടെ ഒരു രാജാവിന്റെ കീഴാളരുമാകുന്നു. 'ബോക്സ്' എന്ന ഒരുതരം മരം ഇവിടെ ധാരാളമായി വളരുന്നു. ഈ രാജ്യം, 'യൂക്സീൻ', 'കാസ്പിയൻ' എന്നീ കടലുകൾവരെ വ്യാപിച്ചുകിടക്കുന്നു. കാസ്പിയൻകടലിന്നു്, 2800മൈൽ ചുററളവും, മററു സമുദ്രങ്ങളുമായി ബന്ധമില്ലാത്തതിനാൽ, ഒരു വലിയ തടാകത്തിന്റെ പ്രതീതിയുമുണ്ടു്. ഈ തടാകത്തിൽ അനേകം ദ്വീപുകളും, അവയിൽ പല പട്ടണങ്ങളും, കോട്ടകളുമുണ്ടു്. പേഴ്സ്യയിലെ താർത്താറികളിൽനിന്നു് ഓടിപ്പോയ പലരും ഈ ദ്വീപുകളിൽ താമസിക്കുന്നുണ്ടു്. സോഴ്സാനിയാനിവാസികൾ അധികവും, കൃസ്ത്യാനികളാകുന്നു. മററു കൃസ്ത്യാനികൾക്കുള്ള കർമ്മാനുഷ്ഠാനങ്ങളാണു് ഇവക്കും. പാശ്ചാത്യപുരോഹിതന്മാരെപ്പോലെ ഇവരും തലമുടിയുടെ നീളം വളരെ വെട്ടിക്കുറയ്ക്കുന്നു. അവരുടെ അധീനതയിൽ പല പട്ടണങ്ങളുമുണ്ടു്. ഈ രാജ്യത്തു നല്ലതരം പട്ടു സുലഭമാകുന്നു. മനോഹരമായ പട്ടുവസ്ത്രങ്ങൾ അവർ നെയ്തുണ്ടാക്കുന്നു. പലതരം ജനങ്ങൾ ഇടകലർന്നു വസിക്കുന്ന ഒരു സംസ്ഥാനമത്രേ, 'മൊസൂൾ'. അറബികൾ എന്ന പേരിൽ അറിയപ്പെ

1. 1940-ൽ മൊസൂൾ എണ്ണപ്പാടങ്ങൾ കണ്ടുപിടിക്കപ്പെട്ടതിനുശേഷമേ, മാർക്കോപോളാവിന്റെ ഈ പ്രസ്താവത്തിന്റെ പാരമാർത്ഥികത, പാശ്ചാത്യർ അംഗീകരിച്ചുള്ളു. "ആഴത്തിൽ കുഴിച്ചു് എണ്ണ എടുക്കാൻ പാശ്ചാത്യർ പഠിച്ചിരുന്നില്ല. എന്നാൽ ബി. സി. 200-നു മുമ്പുതന്നെ 3500 അടി ആഴത്തിൽ കുഴിച്ചു് എണ്ണ എടുക്കാൻ ചൈന പഠിച്ചിരുന്നു."—ഹാട്ട്

2. ജോർജിയാ

ടുന്ന വർഗ്ഗക്കാർ മുഹമ്മദീയരാണു്. മററുള്ളവർ മൂന്നിനത്തിൽ പെട്ട ക്രിസ്ത്യാനികളാകുന്നു. 'നെസ്തോറിയൻ'ക്രിസ്ത്യാനികൾ, ആർമീനിയക്കാർ, 'യാക്കോബായ'ക്കാർ. ആർമീനിയൻക്രിസ്ത്യാനികൾക്കു സ്വന്തം മതാധിപതിയുണ്ടു്. 'ജാക്കോലെററ്' എന്ന പേരിൽ ഒരു പാത്രിയാർക്കീസ്. റോമിലെ മാർപ്പാപ്പാതിരുമേനി ചെയ്യുംപോലെ ഇദ്ദേഹവും ആർച്ച്ബിഷപ്പ്, ബിഷപ്പ്, വികാരി, എന്നിവർക്കെല്ലാം പട്ടം നല്കുകയും, ബാഗ്ദാദ്, കെയ്റൊ, ഇൻഡ്യാ തുടങ്ങി ക്രിസ്ത്യാനികൾ അധിവസിക്കുന്ന പല സ്ഥലങ്ങളിലേക്കും, അവരെ നിയമിച്ചയയ്ക്കുകയും ചെയ്യുന്നു. സ്വർണ്ണംകൊണ്ടും, 'മസ്ലിൻ' എന്ന നാമത്തിൽ പ്രസിദ്ധമായ ഒരു വിശേഷതരം പട്ടുകൊണ്ടും പലതരം കൈവേലകൾ, മൊസൂളിൽ ചെയ്യപ്പെടുന്നു.

ഇവിടത്തെ മലഞ്ചെരുവുകളിൽ, 'കർദ്ദി' എന്ന ഒരുതരം വർഗ്ഗക്കാരാണു് പാർക്കുന്നതു്. ഇവരിൽ ചിലർ നെസ്തോറിയൻക്രിസ്ത്യാനികളും, ചിലർ യാക്കോബായക്കാരും, ബാക്കിയുള്ളവർ മുഹമ്മദിൻെറ അനുയായികളുമാകുന്നു. മുഹമ്മദീയർ ദുഷ്ടന്മാരും, വ്യാപാരികളെ കൊള്ളചെയ്യുന്നവരുമാകുന്നു. മൊസൂളിന്നപ്പുറത്തു്, 'മസ്സ്' അല്ലെങ്കിൽ, 'മെരഡീൻ' സംസ്ഥാനം കിടക്കുന്നു. ഇവിടത്തെ പ്രധാനഉല്പന്നം പരുത്തിയാകുന്നു. 'ബൿരം' എന്ന തരം കട്ടിത്തുണികൾ ഇവിടേയും നിർമ്മിക്കുന്നുണ്ടു്. ഇന്നാട്ടുകാർ താർത്തറികളുടെ കീഴാളരാണു്.

'ബൽദാക്' അല്ലെങ്കിൽ 'ബാഗ്ദാദ്' മഹത്തും, പ്രശസ്തവുമായ ഒരു പുരാതനനഗരിയാകുന്നു. എല്ലാ മുഹമ്മദീയരുടേയും, 'മാർപ്പാപ്പ'യായ, മഹാനായ ഖലീഫ് ഇവിടെയാണു് കുടികൊള്ളുന്നതു്. ഈ നഗരത്തിലൂടെ ഒരു നദി ഒഴുകുന്നു. പുഴയിലൂടെ സഞ്ചരിക്കുമ്പോൾ, അവിടെനിന്നു കടലിലേക്കു 17 ദിവസത്തെ യാത്രയാണുള്ളതു്. 'ചിസി' എന്നു പേരുള്ള ഒരു നദീതീരപട്ടണം യാത്രാമദ്ധ്യേ കാണാം. എന്നാൽ കടൽ കാണും മുമ്പ്, 'ബൽസോറ' അല്ലെങ്കിൽ 'ബസ്ര' എന്ന മറെറാരു പ്ര

സിദ്ധപട്ടണംകൂടിയുണ്ടു്. അതിൻെറ പരിസരങ്ങളിലാണു് ലോകത്തിൽവെച്ച് ഏററവും നല്ലതരം ഈന്തപ്പഴം ഉണ്ടാകുന്നതു്. ബാഗ്ദാദിൽ സ്വർണ്ണം, പട്ടു് എന്നിവയിൽ തൊഴിൽ ചെയ്യുന്ന, വലിയ വ്യവസായികളുണ്ടു്. 'ദമാസ്ക്കു്', 'വെൽവെററു്', 'സാററിൻ' തുടങ്ങിയ മേത്തരം പട്ടുതുണികളിൽ, നാനാജാതിജന്തുക്കളുടെ വർണ്ണശബളമായ രൂപങ്ങൾ തുന്നുന്ന ചിത്രത്തുന്നൽവേലയാണു് ഇവിടെ പ്രധാനമായും കാണപ്പെടുക. പാശ്ചാത്യരാജ്യങ്ങളിലേയ്ക്കു മുത്തുകൾ കയററി അയയ്ക്കപ്പെടുന്നതും ഇവിടെ നിന്നാകുന്നു. ഇസ്ലാംനിയമസംഹിത, ഭൌതികശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, ശകുനശാസ്ത്രം എന്നിവ പഠിപ്പിക്കുന്ന ഒരു സർവ്വകലാശാലയും ആ നഗരത്തിലുണ്ടു്. ആ സംസ്ഥാനത്തിലെ ഏററവും പ്രധാനപ്പെട്ട നഗരവും ബാഗ്ദാദ്തന്നെ.

താർത്തറികൾ തങ്ങളുടെ ആക്രമണം വിപുലീകരിച്ച കാലത്തു്, അവരുടെ ഇടയിൽ നാലു സഹോദരരാജാക്കന്മാരുണ്ടായിരുന്നു. മൂത്തവനായ 'മംഗു' സീഡിയായിലാണു് ഭരണം നടത്തിയിരുന്നതു്. ലോകം മുഴുവൻ കീഴടക്കണമെന്ന അഭിവാഞ്ഛയോടെ ഈ 'നാൽവരിൽ' മൂത്തവനായ 'മംഗു' നേരെ കിഴക്കോട്ടും, മറെറാരുവൻ വടക്കോട്ടും, മൂന്നാമനായ 'ഉള്ളാൻ' തെക്കോട്ടും, നാലാമൻ പടിഞ്ഞാട്ടും പടകളെ നയിച്ചു. ഒരു ലക്ഷത്തോളംകുതിരപ്പടയും, അതിന്നനുസരിച്ച കാലാളും സ്വാധീനത്തിലുണ്ടായിരുന്ന ഈ ഉള്ളാൻരാജാവു് നമ്മുടെ കർത്താവിൻെറ 1250-ാം വർഷത്തിൽ,[1] ബാഗ്ദാദ് കീഴടക്കാൻവേണ്ടി ഒരു തന്ത്രം പ്രയോഗിച്ചു. തൻെറ സൈന്യത്തിൻെറ സിംഹഭാഗത്തേയും അദ്ദേഹം ഒരു അജ്ഞാതപ്രദേശത്തൊളിപ്പിച്ചു. താൻ കീഴടങ്ങി പിൻമാറുകയാണെന്നും, കീഴടങ്ങൽവ്യവസ്ഥകൾ തീരുമാനിക്കാനായി, തൻെറ താവളത്തിലേയ്ക്കു വന്നുചേരണമെന്നും, അദ്ദേഹം ബാഗ്ദാദിലെ ഖലീഫിനെ അറിയിച്ചു. ഖലീഫ് അതു് അപ്പാ

1. വാസ്തവത്തിൽ സംഭവം നടന്നതു 1258 A. D. യിലാണു്.

ടെ വിശ്വസിച്ച്, വലിയ ആർഭാടത്തോടെ ഉലാന്റെ താവളത്തിലെത്തി. സൂത്രശാലിയായ ഉലാൻ, ഈ തക്കംനോക്കി, ഖലീഫിനേയും, ഒളിവിലുള്ള തന്റെ സൈന്യത്തെ നഗരത്തിലേയ്ക്കയച്ച്, ആ പട്ടണത്തെയും എളുപ്പത്തിൽ കീഴടക്കി. ഖലീഫിന്റെ കൊട്ടാരത്തിലെ അളവില്ലാത്ത സ്വർണ്ണരത്നനിക്ഷേപങ്ങൾ, ഉലാനെ അത്ഭുതസ്തബ്ധനാക്കി. അദ്ദേഹം ഖലീഫിനെ വീണ്ടും തന്റെ മുമ്പാകെ വരുത്തി, തന്റെ ആത്മരക്ഷയ്ക്കു വേണ്ടത്ര സൈന്യത്തെയെങ്കിലും ശേഖരിക്കാഞ്ഞ ഖലീഫിനെ ഭർത്സിക്കുകയും, സ്വത്തുക്കൾ നിക്ഷേപിച്ചിരുന്ന ഗോപുരത്തിൽതന്നെ, ഖലീഫിനെ പൂട്ടിയിടുവാൻ ആജ്ഞാപിക്കുകയും ചെയ്തു.

നമ്മുടെ കർത്താവായ യേശുവിൽനിന്നു ഖലീഫിനു ലഭിച്ച ഏറ്റവും ഉചിതമായ ഒരു ശിക്ഷയായിരുന്നു, ഇതെന്നു തോന്നുന്നു. എന്തെന്നാൽ, 1225-ൽ ഈ ഖലീഫ്, തന്റെ നഗരിയിൽ പാർത്തിരുന്ന എല്ലാ ക്രിസ്ത്യാനികളേയും കൂട്ടത്തോടെ ഇസ്ലാമിലേയ്ക്കു മാർഗ്ഗംകൂട്ടുവാൻ ഒരു ക്രൂരമായ പരിശ്രമം നടത്തുകയുണ്ടായത്രേ. ഒരു ദിവസം രാജാവ്, ക്രിസ്ത്യാനികളെയെല്ലാം ഒരു മലഞ്ചെരുവിൽ വിളിച്ചുവരുത്തി, ബൈബിളിൽ പറഞ്ഞിട്ടുള്ളതെല്ലാം വിശ്വസിക്കുന്നുണ്ടോ എന്ന് അവരോടു ചോദിച്ചു. 'ഉവ്വ്' എന്ന് അവർ പറഞ്ഞപ്പോൾ, ഖലീഫ് തുടർന്നു: "ശരി, നിങ്ങളുടെ വിശ്വാസം നിങ്ങൾ തെളിയിക്കണം." തുടർന്ന്, ബൈബിളിലെ, ഈ വാചകം ഖലീഫ് ഉദ്ധരിച്ചു: "ഒരു കടുകുമണിയോളം വിശ്വാസമുള്ളവന്, മലയെപ്പോലും ഇളക്കുവാൻ സാധിക്കുന്നതാണ്." ഖലീഫ് പിന്നെയും തുടർന്നു: "ഞാൻ നിങ്ങൾക്കു പത്തു ദിവസത്തെ അവധി തന്നിരിക്കുന്നു. ഒന്നുകിൽ, ഈ അവധിക്കുള്ളിൽ നിങ്ങളുടെ മുമ്പിൽകാണുന്ന ഈ മലയെ വിശ്വാസശക്തികൊണ്ടു മാററി നിർത്തുക. അല്ലെങ്കിൽ ഇസ്ലാംമതം സ്വീകരിക്കുക. അതുമല്ലെങ്കിൽ മരണത്തിനു തെയ്യാറാവുക." പ്രാണരക്ഷയ്ക്കുവേണ്ടി ക്രിസ്ത്യാനികൾ എട്ടു ദിവസത്തോളം നിരന്തരമായി കൂട്ടപ്രാർത്ഥനചെയ്തു. ദൈവം കൺതുറന്നു. അവരുടെ

ബിഷപ്പിനു സ്വപ്നത്തിൽ ദൎശനം നല്കി. ഒററക്കണ്ണനായ ഒരു തോൽപ്പണിക്കാരൻ ആ പട്ടണത്തിലുണ്ടെന്നും, അയാൾ പൎവ്വതത്തെ ഇളക്കിക്കൊള്ളുമെന്നും ദൈവം അരുൾചെയ്തു. പരമഭക്തനായ ഈ തോൽപണിക്കാരൻ അതികൎക്കശമായ സന്മാൎഗ്ഗനിഷ്ഠയുള്ളവനാണ്. ഒരിക്കൽ അവൻ ഒരു സുന്ദരിയായ യുവതിയെ ഷൂസ് ഇടീക്കുമ്പോൾ, അവളുടെ ഉടുപ്പുയൎന്ന് അരക്കെട്ടുവരെ എങ്ങിനേയോ അനാച്ഛാദിതമാകയും ആ സുന്ദരദൃശ്യം ചെറുപ്പക്കാരനെ വികാരാധീനനാക്കുകയും ചെയ്തു. ചില പാപചിന്തകൾക്ക് അയാൾ വശംവദനായി. പക്ഷേ അടുത്തനിമിഷത്തിൽ അയാൾക്കു വേദവാക്യം ഓൎമ്മവന്നു. "ഒരു കണ്ണു നിനക്ക് ഇടച്ചു വരുത്തുന്നുവെങ്കിൽ, അതിനെ ചൂഴ്ന്നെടുത്ത്, എറിഞ്ഞു കളയുക. നിന്റെ ശരീരംമുഴുവനും നരകത്തിൽ വീഴുന്നതിനേക്കാൾ, നിന്റെ അവയവങ്ങളിലൊന്നു നശിക്കുന്നതു നിനക്കു പ്രയോജനമത്രേ." അയാൾ ഉടനെ ഒരു മൂൎച്ചയുള്ള കത്തിയെടുത്തതും, തന്റെ വലംകണ്ണു തുരന്നു വേദവാക്യം അക്ഷരംപ്രതി അനുഷ്ഠിച്ചതും ഒപ്പം കഴിഞ്ഞു. ഖലീഫ് നിശ്ചയിച്ച പത്താംദിവസം പുലൎന്നു. ഭക്തനായ ആ ചെറുപ്പക്കാരനും, ഖലീഫും, നഗരവാസികളും ചേൎന്ന് ആ മഹാസദസ്സിൽവെച്ച്, മലയെ കുമ്പിട്ടു തൊഴുത് ഒരു നീണ്ട പ്രാൎത്ഥനയ്ക്കുശേഷം ഇങ്ങനെ ഉൽഘോഷിച്ചു: "ബാവയുടേയും പുത്രന്റേയും, പരിശുദ്ധ അരൂപിയുടേയും നാമത്തിൽ, അല്ലയോ പൎവ്വതമേ, ഞാൻ ആജ്ഞാപിക്കുന്നു, തന്നെത്താൻ ഇവിടെനിന്നു മാറിയിരിക്കുകയെന്ന്!" എന്തു വിസ്മയം! പൎവ്വതം വിറച്ചുകൊണ്ടു പിൻവാങ്ങി. ഭൂമിയാകെക്കലുങ്ങി. ഖലീഫ് ഭയചകിതനായി. ജനക്കൂട്ടം പരിഭ്രാന്തമായി. അന്നുമുതൽ ഖലീഫ് ക്രിസ്തുമതത്തെ മാനിക്കുകയും, രഹസ്യമായി കുരിശു ധരിക്കുകയും ചെയ്തു. മരണത്തിനുശേഷമാണ്, അദ്ദേഹം കുപ്പായത്തിന്നടിയിൽ ഒളിച്ചു ധരിച്ചിരുന്ന പൊൻകുരിശു മററുള്ളവർ കണ്ടറിഞ്ഞത്. മലയിളക്കിയ ആ പ്രസിദ്ധദിനം, അന്നാട്ടുകാർ ഒരു പുണ്യദിനമായി ഇന്നും ആഘോഷിച്ചുവരുന്നുണ്ട്.

# അധ്യായം മൂന്ന്

[പേഴ്സ്യാരാജ്യം, ജാസ്ദി, സേർമൺ, കമണ്ടു എന്നീ പട്ടണങ്ങൾ; 'രുബാർബ്' എന്ന ഒരു അത്ഭുതച്ചെടി വളരുന്നനാട് — ഇവയെക്കുറിച്ച്.]

'ഹിർക്കേനിയാ'[1] രാജ്യത്തിലെ, ജനനിബിഡമായ ഒരു മഹാനഗരമാകുന്നു 'ടാറിസ്സ്'[2]. കൈവേലകളും കച്ചവടവുമാണ് അവിടത്തെ ഉപജീവനമാർഗ്ഗങ്ങൾ. സ്വർണ്ണം, പട്ട് എന്നിവയാൽ പല വിശിഷ്ടവസ്തുക്കളും അവർ നിർമ്മിക്കുന്നു. അവിടെ വ്യാപാരം നടത്തുന്ന വിദേശികൾ വമ്പിച്ച ലാഭമടിക്കുന്നുണ്ട്. പക്ഷേ നാട്ടുകാർ പൊതുവേ ദരിദ്രരാണ്. അവരുടെ ഇടയിൽ നെസ്തോറിയക്കാർ, ആർമീനിയർ, യാക്കോബായക്കാർ, പേഴ്സ്യക്കാർ, ജോർജ്ജിയാക്കാർ, മുഹമ്മദീയർ എന്നിവരെല്ലാമുണ്ട്. ഈ പറഞ്ഞവരിൽ, അവസാനത്തെ വർഗ്ഗക്കാർ വഞ്ചകരും, തസ്കരന്മാരുമാകുന്നു. മററു മതക്കാരിൽനിന്നു്, കൊള്ളയടിക്കുന്നതെന്തും ന്യായമായി നേടിയതാണെന്നു് അവർ ഊററംകൊള്ളുന്നു. അവരുടെ ദുഷ്ടത പല താർത്താറികളിലേയ്ക്കും പടർന്നുപിടിച്ചിട്ടുണ്ട്. തങ്ങളുടെ മോഷണശ്രമങ്ങൾക്കിടയിൽ, അവർ മററുള്ളവരാൽ വധിക്കപ്പെടുകയാണെങ്കിൽ, അത്തരം മരണം രക്തസാക്ഷിത്വമായി അവർ പരിഗണിക്കുന്നു. ടാറിസ്സിൽനിന്നു പേഴ്സ്യയിലേയ്ക്കു പന്ത്രണ്ടു ദിവസത്തെ യാത്രയുണ്ട്. പേഴ്സ്യൻ അതിർത്തിയിൽ 'ബൈറാസാം'[3] പുണ്യവാളന്റെ സന്യാസിമഠം സ്ഥിതിചെയ്യുന്നു. അവിടത്തെ പുരോഹിതന്മാർ, 'കാർമ്മലീത്താ'ക്കാരെപ്പോലെയാകുന്നു. അവർ 'അരപ്പട്ട'യുണ്ടാക്കി 'ആൾത്താര'യിൽ അർപ്പിച്ച്,

---

1 ഇറാക്ക്.

2 ടാബ്രിസ് — എന്നും പേരുണ്ട്.

3 സെയിൻറ് ബാഴ്സമോ.

സ്സേഹിതന്മാക്ക നല്കുന്നു. അവരാകട്ടെ അവയെ ഭക്തിപൂർവ്വം സ്വീകരിച്ച്, അരയിൽ ധരിക്കുന്നു. എട്ട രാജ്യങ്ങൾ ചേൎന്നതാണ് പേഴ്സ്യ. 1. കാസ്ബിൻ, 2. കർദിസ്ഥാൻ, 3. ലോർ, 4. സൂസിസ്ഥാൻ, 5. സ്റ്റഹാൻ, 6. ഷിറാസ്സ്, 7. സൊങ്കാറ, 8. തിമോക്കയീം. ഇന്ത്യയിലേക്കയയ്ക്കപ്പെടുന്ന നല്ലയിനം കുതിരകൾ ഇവിടെ വളരുന്നു. കുതിരകളേക്കാൾ നല്ല വിലയ്ക്കു വില്ക്കപ്പെടുന്ന ഒന്നാംതരം കഴുതകളും ഇവിടെ സുലഭമാണ്. ഈ കഴുതകൾ കുറച്ചു തിന്നുകയും, കൂടുതൽ ഭാരം വഹിക്കുകയും, വളരെയധികംദൂരം ക്ഷീണമില്ലാതെ സഞ്ചരിക്കുകയും ചെയ്യും. ആ നാട്ടകാക്ക് ഒട്ടകങ്ങളും ധാരാളമുണ്ട്. പക്ഷേ അവയ്ക്കു വേഗത കുറവാണ്. എങ്കിലും, പുല്ലുപോലും കാണപ്പെടാത്ത, ഇവിടത്തെ, വിസ്തൃതങ്ങളായ മരുപ്രദേശങ്ങളിൽ ഒട്ടകങ്ങൾ അനുപേക്ഷണീയങ്ങളാകുന്നു. ജനങ്ങളിൽ അധികംപേരും, മുഹമ്മദീയരും, നീചരും, ദുരാഗ്രഹികളുമാകുന്നു. സംഘംചേൎന്നു സഞ്ചരിക്കാത്ത കച്ചവടക്കാർ ഇവരുടെ വലയിൽപ്പെട്ട്, വധിക്കപ്പെടുക പതിവാണ്. ഇവിടത്തെ നഗരങ്ങളിൽ, സ്വർണ്ണം, പട്ട് എന്നിവയിൽ ചിത്രവേലകൾ ചെയ്യുന്ന പ്രഗത്ഭരായ കരകൌശലക്കാരുണ്ട്. പട്ടുനൂൽപ്പുഴുക്കൾ, ഗോതമ്പ്, ബാർലി, ചോളം, വീഞ്ഞ്, പഴങ്ങൾ എന്നിവയാൽ ഈ നാട് സമ്പന്നമത്രേ. അവരുടെ സദാചാരനിയമം, മദ്യത്തെ നിരോധിക്കുന്നുവെങ്കിലും, പ്രസ്തുത വേദവാക്യത്തെ തിരുത്തുകയോ ദുഷിപ്പിക്കുകയോ ചെയ്യുന്ന ഒരു വ്യാഖ്യാനം, അവർ സ്വീകരിച്ചിട്ടുണ്ട്. മദ്യം തിളപ്പിച്ചാൽ രുചിഭേദം വരുമെന്നും, അതിനാൽ അതു് അപ്പോൾ മദ്യമല്ലാതാകുമെന്നും, അങ്ങിനെ തിളപ്പിച്ചിട്ടുള്ള മദ്യം, കുടിക്കപ്പെടാമെന്നുമാണ് അവരുടെ നിഗമനം. പേഴ്സ്യൻപ്രാന്തത്തിലുള്ള ഒരു മഹാനഗരമാണ് 'ഇസാദി'. അതു പട്ടുവ്യവസായികളുടെ പട്ടണമാകുന്നു. പേഴ്സ്യയുടെ കിഴക്കുഭാഗത്തു താത്താറികളുടെ അധീനതയിലുള്ള മറ്റൊരു രാജ്യമാണ് ചെയ്യാൻ. അവിടത്തെ മലകളിൽ, വൈഡൂര്യം തുടങ്ങിയ വിശിഷ്ടരത്നങ്ങളുടെ ഖനി

കൾ കാണപ്പെടുന്നു. പലതരം യുദ്ധോപകരണങ്ങളും അവിടെ നിർമ്മിച്ചുവരുന്നുണ്ട്. പട്ടുനൂൽകൊണ്ട്, അതിവിശിഷ്ടമായ ചിത്രങ്ങൾ തുന്നുക എന്നതാണ്, സ്ത്രീകളുടെ മുഖ്യതൊഴിൽ. അവർ പട്ടുവസ്ത്രങ്ങളിൽ, പലതരം ജന്തുക്കളുടെ രൂപങ്ങൾ പ്രശംസനീയമാംവിധം തുന്നിച്ചേർക്കുന്നു. ലോകത്തിൽവെച്ച് ഏററവും നല്ലതരം 'പ്രാപ്പിടിയൻ'പരുന്തുകൾ ഇവിടെയാണുള്ളത്. വളരെ വേഗതയും, ചുവന്ന മാറ്റിടവും ഇവയ്ക്കുണ്ട്. കുറെക്കൂടി യാത്ര ചെയ്താൽ നിങ്ങൾ വിസ്തൃതമായ ഒരു സമതലത്തിലെത്തുന്നു. വീണ്ടും കിഴക്കോട്ട് എട്ടു ദിവസത്തെ ദൂരം പിന്നിട്ടാൽ, നിങ്ങൾ കണ്ടെത്തുന്നതു ചെങ്കുത്തായ ഒരു ഇറക്കമാണ്. മുൻപറഞ്ഞ സമതലത്തിൽ പല പട്ടണങ്ങളും കോട്ടകളുമുണ്ട്. ഈ ഇറക്കത്തിലാകട്ടെ, ഫലസങ്കുലങ്ങളായ വലിയ വൃക്ഷങ്ങളും, വന്യമൃഗങ്ങളുമുണ്ട്. അപൂർവ്വം ചില ഇടയക്കുടിലുകൾ ഒഴിച്ചാൽ, അവിടം ജനശൂന്യവുമാണ്. ശീതകാലത്ത് ഇവിടത്തെ തണുപ്പ് അസഹ്യമാകുന്നു. ഈ ഇറക്കം, ഇറങ്ങിക്കഴിഞ്ഞാൽ, പിന്നെയും ഒരു വിസ്തൃതമായ സമതലം കൺമുമ്പിലെത്തുന്നു. 'കമണ്ടു'[1] എന്ന നഗരം ഇവിടെയാകുന്നു. അടുത്തകാലംവരെ ഈ പട്ടണം ജനനിബിഡവും, ഐശ്വര്യപൂർണ്ണവുമായിരുന്നു. എന്നാൽ ഇപ്പോൾ ഇത്, താർത്താറികളുടെ ആക്രമണംമൂലം, തകർന്നിരിക്കുകയാണ്. ഈ സമതലരാജ്യത്തിൻെറ പേർ 'റിയോബാർ' എന്നാണ്. നമ്മുടെ രാജ്യങ്ങളിൽ വളരാത്ത, മാതളനാരകം, ശീമമാതളം, പിച്ചുപഴച്ചെറി മുതലായ പല പഴച്ചെടികളും ഇവിടെ സമൃദ്ധിയായി വളരുന്നു. മിനുമിനുത്ത രോമവും, തടിച്ചുരുണ്ടു നീളം കുറഞ്ഞു്, കൂർമ്മയില്ലാത്ത കൊമ്പുകളും, പുറത്ത് ഒട്ടകങ്ങളുടേതുപോലുള്ള മുഴയും (സ്കന്ധവും) ശുദ്ധവെള്ളനിറവുമുള്ള കൂററൻകാളകൾ ഇവിടെ ധാരാളമുണ്ട്. വലിയ ഭാരം ചുമന്നു പരിചയമുള്ള ആ കാളകൾ പുറത്തു ചുമട്ടുവിരിയിട്ടാലുടൻ, ഒട്ടകങ്ങളെപ്പോ

1 കമഠഡിൻ എന്നും പാഠഭേദമുണ്ട്.

ലെ മുൻകാലുകൾ മടക്കുകയും, ഭാരം ഏററിക്കഴിഞ്ഞാൽ വീണ്ടും നിവൎന്നുനില്ക്കുകയും ചെയ്യുന്നു. അവ അപ്രകാരം പരിശീലിപ്പിക്കപ്പെട്ടവയാണു്. അവിടത്തെ ചെമ്മരിയാട്ടുകൾക്കു കഴുതകളോളം വലിപ്പമുണ്ടു്. മുപ്പതു റാത്തലോളം ഘനമുള്ള, നീണ്ടു വീതിയേറിയ രോമനിബിഡമായ വാലുകളാണു് ഇവയ്ക്കുള്ളതു്. വെളുത്തു തടിച്ചുകൊഴുത്ത ഈ കൂററൻ ചെമ്മരിയാട്ടുകളുടെ മാംസം വളരെ രുചികരമാകുന്നു. ഈ സമതലത്തിൽ അനേകം നഗരങ്ങളും, ഗ്രാമങ്ങളുമുണ്ടു്. 'കരോൺ'വൎഗ്ഗക്കാരുടെ ആക്രമണങ്ങളിൽനിന്നു രക്ഷനേടുവാൻ, നിൎമ്മിക്കപ്പെട്ട വലിയ കോട്ടകൾ ഈ നഗരങ്ങളിലെല്ലാം കാണപ്പെടുന്നു. ഇൻഡ്യൻസ്ത്രീകളും താൎത്താറികളും കലൎന്നുണ്ടായ ഒരു സങ്കരവൎഗ്ഗമത്രേ 'കരോൺ' കാർ, അഥവാ മെസ്റ്റിസോകൾ. മുമ്പു തുൎക്കിസ്ഥാൻ ഭരിച്ചിരുന്ന 'സഗാഥൈ'രാജാവിൻെറ അനന്തിരവൻ 'നഗോദാർ' പതിനായിരം ഭടന്മാരുടെ അധിപനായിരുന്നു: ഈ നഗോദാർ, അസീദ് സുൽത്താനു് അധീനരായ 'മലബാറി'കളെപ്പററി കേട്ടറിഞ്ഞു, മാതുലൻെറ അറിവു കൂടാതെ, ആക്രമണപര്യടനമാരംഭിച്ചു്, മററു നഗരങ്ങളോടൊപ്പം 'ദില്ലി'യും കീഴടക്കി. അങ്ങിനെ ഒരു പുതിയ സാമന്തരാജ്യത്തിൻെറ മേലാളനായി, അദ്ദേഹം. ഇൻഡ്യൻസ്ത്രീകളേയും, താൎത്താറിഭടന്മാരേയും കലൎത്തി, അവരിലുണ്ടായ 'കരോൺ' എന്ന ഒരു പുതിയ സങ്കരവൎഗ്ഗത്തിൻെറ സ്ഥാപകനും, പിന്നീടു് അധിപനുമായി, 'നഗോദാർ'. ഈ കരോൺകാർ റിയോബാർ തുടങ്ങിയ രാജ്യങ്ങളിൽ കയറിയിറങ്ങി കൊള്ളയടിച്ചു കഴിഞ്ഞുകൂടുകയാണു്. ഞാൻ ഇപ്പോൾ വിവരിക്കുന്ന ഈ തെക്കൻസമതലത്തിനു് അഞ്ചു ദിവസത്തെ യാത്രാവിസ്തൃതിയുണ്ടു്. എന്നാൽ അതിൻെറ തെക്കേ അതിൎത്തിമുതൽ പിന്നെ അങ്ങോട്ടു 20 മൈലോളം, ഒരു നീണ്ട ചെരിവാകുന്നു. വഴി വളരെ മോശവും, കള്ളന്മാരുടെ സാന്നിധ്യത്താൽ അപകടകരവുമാകുന്നു. അതു കഴിഞ്ഞാൽ, രണ്ടു ദിവസത്തെ സഞ്ചാരദൈൎഘ്യ

മുള്ള ഒരു സമതലം പിന്നെയും കണ്ടെത്തും. ആ പ്രദേശത്തിൻെറ പ്രസിദ്ധപ്പെട്ട പേരാകുന്നു 'ഓർമ്മൂസ്സ്'.

ആ രാജ്യം നദികളാലും സാലവൃക്ഷങ്ങളാലും നിറയപ്പെട്ടിരിക്കുന്നു. പലതരം പക്ഷികളും വിശേഷിച്ച് നമ്മുടെ രാജ്യത്തില്ലാത്ത ജാതി തത്തകളും അവിടെ കാണപ്പെടുന്നു. അവിടന്നു സമുദ്രതീരത്തേയ്ക്കു കുറച്ചു ദൂരമേയുള്ളൂ. ഓർമ്മൂസ്സ് എന്ന പേരിൽത്തന്നെ ഒരു ദ്വീപും അവിടെയുണ്ട്. രത്നങ്ങൾ, സ്വർണ്ണം, വെള്ളി, സുഗന്ധവസ്തുക്കൾ, ചിത്രവേലകൾ ചെയ്ത വസ്ത്രങ്ങൾ, ആനക്കൊമ്പു തുടങ്ങിയ പല വിലപ്പെട്ട വസ്തുക്കളും ഇൻഡ്യയിൽനിന്നു വ്യാപാരികൾ ഇവിടെ കൊണ്ടുവരുന്നു. പാശ്ചാത്യപൌരസ്ത്യവാണിജ്യങ്ങളുടെ കേന്ദ്രവും ഇതാകുന്നു. ചെമ്മയിൻ രാജ്യത്തിൻെറ മർമ്മപ്രദേശമാകുന്നു, ഇതു്. ഈ നഗരത്തിലെ രാജാവിൻെറ പേർ 'റുഖിൻദ്ബെൻ-ആക്കൊമാക്ക്'[1] എന്നാകുന്നു. അദ്ദേഹം ചെമ്മയിൻരാജാവിൻെറ സാമന്തനാണ്. ഏതെങ്കിലും വ്യാപാരി അവിടെവെച്ചു മരിച്ചാൽ, അയാളുടെ മുഴുവൻ സ്വത്തിനും താനാണ് അവകാശിയെന്ന്, ആ രാജാവു പ്രഖ്യാപിക്കും. വേനൽക്കാലത്തു്, ഉഷ്ണാധിക്യംമൂലം അന്നാട്ടുകാർ, ജലാശയങ്ങളുടെ നടുവിൽ പണിചെയ്തിട്ടുള്ള തങ്ങളുടെ വേനൽക്കാലവസതികളിലേയ്ക്കു മാറിത്താമസിക്കുന്നു. മരുഭൂമികളിൽനിന്നു വരുന്ന ചൂടുകാററ്, ഒൻപതുമണിമുതൽ, മധ്യാഹ്നംവരെ അവിടെ വീശിക്കൊണ്ടിരിക്കുന്നു. ഈ കാററു ജനങ്ങൾക്കു ശ്വാസരോധം വരുത്തുകയും, വെള്ളത്തിൽ കിടക്കുവാൻ അവരെ നിർബ്ബന്ധിക്കുകയും ചെയ്യുന്നു. ഒരിക്കൽ കപ്പംകൊടുക്കാത്ത കാരണത്തിന്മേൽ, ഓർമ്മൂസ്‌രാജാവിനെ കീഴടക്കുവാൻ, ചെമ്മയിൻരാജാവ് അയച്ച 16,000 കുതിരകളും 5000 കാലാളുമടങ്ങിയ ഒരു സൈന്യംമുഴുവൻ ഈ കാററിൽപ്പെട്ടു ശ്വാസംമുട്ടി വിഷമിച്ചുവത്രെ. ഈ ദേശവാസികൾ ധാന്യംകൊണ്ടോ

1 റുമിബെൻ അഹമ്മദ്.

മാംസംകൊണ്ടോ ഉണ്ടാക്കിയ അപ്പങ്ങളല്ല, ഭക്ഷിക്കുന്നതു്. ഈന്തപ്പഴം, ഉള്ളി, ഉപ്പുമീൻ ഇവയാകുന്നു ഇവരുടെ ഭക്ഷണം. ഇവക്കു വലിപ്പവും ഉറപ്പും ഉള്ള കപ്പലുകളില്ല. എന്തുകൊണ്ടെന്നാൽ ഇരുമ്പാണികൾ ഉപയോഗിച്ചു് അവർ കപ്പലുകളെ ഉറപ്പിക്കുന്നില്ല. ഇരുമ്പാണിയടിച്ചാൽ പൊട്ടുകയും, പിളരുകയും ചെയ്യുന്ന ഒരുതരം മരമാണു് അവർ കപ്പൽനിമ്മാണത്തിനുപയോഗിച്ചിട്ടുള്ളതു്. എന്നാൽ അവർ മരസ്സൂചികളും, 'ഇൻഡ്യൻകായ'കളുടെ തൊണ്ടുകൊണ്ടുണ്ടാക്കിയ ഒരു പ്രത്യേകജാതി ചരടും[1] ഉപയോഗിച്ചു് അവർ കപ്പൽപ്പലകകളെ കൂട്ടിബന്ധിക്കുന്നു. തോലിനെപ്പോലെ ഈ തൊണ്ടുകളും പാകംചെയ്തു്, പതം വരുത്തി വൃത്തിയാക്കി നാരുകൾ എടുക്കുന്നു. ഈ നാരുകൾ പിരിച്ചുണ്ടാക്കുന്ന ഇത്തരം ചരടുകൾക്കു വളരെ ഉറപ്പുണ്ടു്. സമുദ്രജലത്തിന്റെ വീര്യവും തിരമാലകളുടെ ആക്രമണവും വിജയകരമായി തടുക്കുവാൻ അവക്കു കഴിവുള്ളതിനാൽ അവ അത്രവേഗം ദ്രവിച്ചുപോകുന്നില്ല. ആ കപ്പലുകൾക്കു് ഒരു പാമരവും, ഒരു കാററുപായും, ഒരു മോന്തായവും, ഒരു തട്ടും മാത്രമേയുള്ളു. അവയുടെ വിടവുകൾ 'കീല്'കൊണ്ടല്ല, എണ്ണകൊണ്ടും മത്സ്യക്കൊഴുപ്പുകൊണ്ടുമാണു് അടയ്ക്കപ്പെടുന്നതു്. കുതിരകളേയും വ്യാപാരവസ്തുക്കളേയും കയററി, ഇൻഡ്യയിലേക്കു പുറപ്പെടുന്ന പല കപ്പലുകളും, കടൽനടുവിൽ തകന്നുപോകാറുണ്ടു്. എന്തെന്നാൽ ആ കടൽ വളരെ പ്രക്ഷുബ്ധവും, കപ്പലുകൾ ഇരുമ്പാണികളാൽ ഉറപ്പിക്കപ്പെടാത്തതുമാണു്. ആ നാട്ടിലെ ജനങ്ങൾ കറുത്തവരും, മുഹമ്മദിന്റെ നിയമം അനുസരിക്കുന്നവരുമാകുന്നു. ഗൃഹനായകൻ മരിച്ചാൽ, നാലുവഷത്തേക്കു ഭാര്യ, ദിവസവും കരയണമെന്നതു് ആ രാജ്യത്തെ ഒരു ആചാരമാകുന്നു. കരച്ചിൽ

---

1 തേങ്ങയാണു്, 'ഇൻഡ്യൻകായ' എന്ന പദംകൊണ്ടു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. അതിനാൽ ചകിരി പിരിച്ചുണ്ടാക്കിയ കയറാണു് ഇവിടെ വിവക്ഷിതം.

തൊഴിലാക്കിയിട്ടുള്ള സ്ത്രീകൾ അവിടെ ധാരാളമുണ്ടു്. അതിനാൽ പരേതന്മാക്കുവേണ്ടി, കരയുവാൻ ഇവർ വാടകക്കെടുക്കപ്പെടുന്നു. ഓർമ്യൂസ്സിൽനിന്നു ചെമ്മയിനിലേക്കു പോകുമ്പോൾ മറെറാരു സമതലം കാണാം. ഇവിടെയുണ്ടാക്കപ്പെടുന്ന റൊട്ടികൾ, പരിചയമുള്ളവക്കേ തിന്നുവാൻ സാധിക്കൂ. വെള്ളത്തിൻെറ ദൂഷ്യംമൂലം, ആ റൊട്ടികൾ അത്ര കയ്യേറിയവയാണു്. പക്ഷേ, പല മാറാവ്യാധികളേയും ശമിപ്പിക്കുന്ന, ചില ഉഷ്ണജലസ്രോതസ്സുകൾ ഇവിടെ പലയിടത്തുമുണ്ടു്.

# അധ്യായം നാലു്

[മററു പല രാജ്യങ്ങളേയും, അവയിലെ ജിജ്ഞാസകളേയും സംബന്ധിച്ചു്.]

ചെമ്മയിനിൽനിന്നുള്ള മൂന്നു ദിവസത്തെ കുതിരയാത്ര നിങ്ങളെ ഒരു മരുഭൂമിയിലാണു് എത്തിക്കുക. അവിടെനിന്നു് ഏഴുദിവസത്തെ വഴിക്കപ്പുറമുള്ള 'കോബിൻഹാം'വരെ അതു വ്യാപിച്ചുകിടക്കുന്നു. ആദ്യത്തെ മൂന്നു ദിവസങ്ങളിൽ ഉപ്പും, കയ്പുമില്ലാത്ത വെള്ളം നിങ്ങൾക്കു കുടിക്കാൻ കിട്ടുകയില്ല. ചെടികളുടെ നീരാണോ എന്നു തോന്നിക്കുമാറു തനിപ്പച്ചനിറമാണു് ഇവിടത്തെ വെള്ളത്തിനു്. കുറച്ചെങ്കിലും കുടിച്ചുനോക്കുന്നവൻ തളച്ചയിൽനിന്നു് എളുപ്പം രക്ഷപ്പെടുകയില്ല. ഇവയിൽനിന്നുണ്ടാക്കുന്ന ഉപ്പു് ഉപയോഗിക്കുന്നവൻേറയും സ്ഥിതി ഇതുതന്നെ. ദാഹത്തിൻെറ യാതനയിൽനിന്നു രക്ഷപ്പെടണമെന്നാഗ്രഹിക്കുന്ന സഞ്ചാരികൾ, ശുദ്ധജലം കയ്യിൽ കരുതുകയാണു് ചെയ്യേണ്ടതു്. അവിടത്തെ വെള്ളം കുടിക്കുന്ന വാഹനമൃഗങ്ങളെല്ലാലും രോഗം ബാധിക്കുന്നു. നാലു ദിവസത്തെ യാത്ര കു

ഴിഞ്ഞാൽ, ശുദ്ധജലം മണ്ണിന്നടിയിൽനിന്നു പൊന്തിവരുന്ന, ഉറവുകൾ, ദൃഷ്ടിയിൽ പെടുന്നു. പക്ഷേ പിന്നീടുള്ള മൂന്നു ദിവസങ്ങൾ, പഴയപടി നിജ്ജലദിനങ്ങളാണു്. മുഹമ്മദീയർ തിങ്ങി പ്പാക്കുന്ന ഒരു വലിയ നഗരമാണു് കോബിൻഹാം. കറകളഞ്ഞ ശുദ്ധമായ ഉരുക്കുകൊണ്ടു നിമ്മിച്ച, നല്ല മുഖക്കണ്ണാടികൾ ഇവിടെ നിമ്മിക്കപ്പെടുന്നു. നേത്രരോഗൌഷധങ്ങളായ 'ടുട്ടിയാ'യും, 'സ്റ്റോഡിയ'വും, ഇവിടെ നിമ്മിച്ചുവരുന്നു. ആ രാജ്യത്തു ധാരാളം ഖനികളുണ്ടു്. ഖനികളിൽനിന്നു കുഴിച്ചെടുക്കപ്പെടുന്ന മണ്ണു കലക്കി തിളപ്പിച്ച് ചൂളയിൽ വെയ്ക്കുന്നു. അവയിൽനിന്നു പൊന്തുന്ന ആവി ഘനീഭവിപ്പിച്ചാൽ 'ടുട്ടിയാ'യും ചൂളയിൽ ശേഷിക്കുന്ന അവശിഷ്ടോല്പന്നം സ്റ്റോടിയവും ആയിത്തീരുന്നു. കോബിൻഹാം വിട്ടാൽ, പിന്നേയും ഒരു മരുപ്രദേശത്താണു് ചെന്നെത്തുക. എട്ടു ദിവസത്തെ സഞ്ചാരവ്യാപ്തിയുണ്ടു്, ഇതിന്നു്. ഈ മരുഭൂമി സങ്കടകരമായവിധം സസ്യശൂന്യവുമാണു്. വൃക്ഷങ്ങളോ, പഴങ്ങളോ, കുടിക്കാൻ വെള്ളംപോലുമോ അവിടെയില്ല. ആഹാരം കൂട്ടികലത്തി കൊടുത്തില്ലെങ്കിൽ മൃഗങ്ങൾപോലും അവിടത്തെ വെള്ളം കുടിക്കയില്ല. അതിനാൽ ഇവിടേയും, യാത്രക്കാർ വെള്ളം, കൈയിൽ കൊണ്ടു സഞ്ചരിക്കുന്നു. ഈ മരുഭൂമി തരണം ചെയ്താൽ, പേഴ്സ്യയുടെ വടക്കൻ അതിത്തിയിലുള്ള 'ടിമോക്കെയിം'സംസ്ഥാനമായി. അവിടെ പല നല്ല പട്ടണങ്ങളും, സുരക്ഷിതങ്ങളായ കോട്ടകളുമുണ്ടു്. ക്രിസ്ത്യാനികൾ 'ഉണക്കവൃക്ഷ'മെന്നും, അന്നാട്ടുകാർ 'സൂര്യവൃക്ഷ'മെന്നും പേർപറയുന്ന ഒരുജാതി വന്മരങ്ങൾ അവിടത്തെ സമതലങ്ങളിൽ വളരുന്നുണ്ടു്. വളരെ വണ്ണമുള്ള ഈ മരങ്ങൾക്കു്, ഒരു വശം വെളുപ്പും, മറുവശം പച്ചയുമായ ഇലകളാണുള്ളതു്. 'ചെസ്റ്റ്നട്ട്'കായ്കളുടെ ആകൃതിയിലുള്ള, ഈ രോമശങ്ങളായ കായകളുടെ ഉള്ള് പൊള്ളയാകുന്നു. മരം കട്ടിയുള്ളതും, കടുംമഞ്ഞ നിറത്തോടുകൂടിയതുമാണു്. നടപ്പാതയുടെ ഒരു ഭാഗത്തുമാത്രമേ വൃക്ഷങ്ങളും സസ്യങ്ങളുമുള്ളൂ. മറുഭാഗത്തു്, ഒരു നൂറു മൈലിന്നു

ളിൽ, ഒററ വൃക്ഷംപോലുമില്ലാത്ത ശൂന്യപ്പരപ്പാകുന്നു. ഈ മൈതാനത്തിൽവെച്ചാണു്, അലക്സാണ്ടർചക്രവത്തി ദാരയസ്സി നോടു പടവെട്ടിയതെന്നു്, അന്നാട്ടുകാർ പറയുന്നു. ഇവിടത്തെ പട്ടണങ്ങൾ, സുഖഭോഗവസ്തുക്കളാൽ സമ്പന്നമായിരിക്കുന്നു. ഇവിടത്തെ സമശീതോഷ്ണമായ കാററു്, തികച്ചും ആരോഗ്യകരം തന്നെ. ജനങ്ങൾ പ്രകൃത്യാ സുന്ദരന്മാരാണു്. പ്രത്യേകിച്ചും അവിടത്തെ സ്ത്രീകൾ. അവർ ലോകത്തിൽവെച്ചു് ഏററവും സുന്ദരികളാണെന്നത്രേ, ഈയുള്ളവൻെറ അഭിപ്രായം.

# അധ്യായം അഞ്ചു്

[അസ്സാസിനരുടെ ചരിത്രം. അവരുടെ രാജാവു വധിക്കപ്പെട്ട കഥ. മററു പല രാജ്യങ്ങളുടേയും വിവരണങ്ങൾ.]

അറബിഭാഷയിൽ 'മുൽഹെററു്' എന്ന പദത്തിനു്, നാസ്തികരുടെ നിവാസകേന്ദ്രം എന്നത്രേ, അത്ഥം. അവിടത്തെ ജനങ്ങളെ 'മുൽഹെററിസി', അല്ലെങ്കിൽ 'നാസ്തികന്മാർ' എന്നും വിളിക്കപ്പെടുന്നു. നാട്ടിനെപ്പററി ഇത്രയും സൂചിപ്പിച്ചുകൊണ്ടു്, 'മലവാരത്തിലെ കിഴവൻ', എന്ന അപരനാമത്താൽ വിഖ്യാതനായ അവിടത്തെ ഒരു രാജാവിനെ സംബന്ധിച്ചു ചിലതു പറയാം. അദ്ദേഹം ഒരു മുഹമ്മദീയനായിരുന്നു. ശരിയായ പേർ 'അല്ലാവുദീൻ'. ഉയരമേറിയതും, ദുർഗ്ഗമവുമായ രണ്ടു മലകൾക്കിടയ്ക്കുള്ള, മനോഹരമായ ഒരു താഴ്വരയിൽ, ആ രാജാവു്, വിശചമോഹനമായ ഒരു നന്ദനോദ്യാനം സംവിധാനം ചെയ്തു. ഏററവും അസുലഭങ്ങളും, വിശിഷ്ടങ്ങളുമായ വൃക്ഷങ്ങളും, പഴച്ചെടികളും, അവിടെ നട്ടുവളത്തി. ശില്പസൌന്ദര്യംകൊണ്ടു കാണികളുടെ കണ്ണും കരളും കവരുന്ന, നിരവധി വെണ്മാടങ്ങളും, വിഹാരസങ്കേതങ്ങളും, അവിടെ നിമ്മിക്കപ്പെട്ടു. സുവണ്ണലതാമ

ന്ധപങ്ങളും, എണ്ണച്ഛായച്ചിത്രങ്ങളും, രത്നകംബളങ്ങളും, ആ അരമനകളെ സുന്ദരതരങ്ങളാക്കി. കൊട്ടാരത്തിൻെറ വിവിധ ഭാഗങ്ങളിലേയ്ക്കു്, വീഞ്ഞു്, പാൽ, തേൻ, ശുദ്ധജലം എന്നിവയെ ഒഴുക്കുന്ന പ്രത്യേകപൈപ്പുകുഴലുകൾ, അദ്ദേഹം ഏർപ്പെടുത്തി. വാചികവും, യാന്ത്രികവുമായ സംഗീതം, നൃത്തം എന്നിവയിൽ പ്രവീണകളും, ഭാവനയ്ക്കു് എത്തിപ്പിടിക്കാൻ സാധിക്കുന്ന എല്ലാത്തരം ആനന്ദങ്ങളും പുരുഷലോകത്തിനു നല്കാൻ സമർത്ഥകളുമായ, സൌന്ദര്യറാണികളെ, രാജാവു് ഈ കൊട്ടാരങ്ങളിൽ പാർപ്പിച്ചിരുന്നു. പട്ടിലും പൊന്നിലും പൊതിഞ്ഞ ഈ യോഷാമണികൾ, ഉദ്യാനങ്ങളിലും, അന്തഃപുരത്തിലും സൈ്വരവിഹാരം ചെയ്തിരുന്നു. ഇത്തരം സുഖസമ്പൂർണ്ണമായ ഒരു സ്വർഗ്ഗം, ഉത്തമഭക്തരായ തൻെറ അനുയായികൾക്കു പ്രവാചകൻ മുഹമ്മദു്, വാഗ്ദാനം ചെയ്തിട്ടുണ്ടെന്ന ന്യായത്തിന്മേലാണു്, ആ രാജാവു് ഇങ്ങനെ ഒരു ഭൂസ്വർഗ്ഗം പണിതതു്. ആക്കും അവിടെ പ്രവേശിക്കാൻ അനുവാദമില്ല. ആ താഴ്വരയെ സംരക്ഷിക്കാൻ ശക്തമായ ഒരു കാവൽകോട്ടയുമുണ്ടു്. പ്രവേശനമാർഗ്ഗം രഹസ്യവും.

പന്ത്രണ്ടിനും, ഇരുപതിനുമിടയ്ക്കു പ്രായമുള്ള ധീരചിത്തരായ ഒരു സംഘം യുവാക്കന്മാർ, അല്ലാവുദീനു ശിഷ്യരായുണ്ടായിരുന്നു. മുഹമ്മദിൻെറ സ്വർഗ്ഗത്തിലെ ആനന്ദാനുഭൂതികളെപ്പററി, അല്ലാവുദീൻ നിത്യവും ഇവർക്കുപദേശം നല്കിയിരുന്നു. മാത്രമല്ല, തനിക്കു വേണമെന്നു തോന്നിയാൽ, ഇവരിൽ പത്തോ പന്ത്രണ്ടോ പേരെ, ഖാൻ, ഒരു പ്രത്യേകതരം പാനീയം കൊടുത്തു മയക്കി, ഗാഢനിദ്രയിൽ ലയിപ്പിക്കുകയും, അതിനുശേഷം അവരെ, തൻെറ അന്തഃപുരത്തിൽ കൊണ്ടുപോയി കിടത്തുകയും ചെയ്യും. അവിടെ അവർ ഉണരുമ്പോൾ, കാണപ്പെടുന്ന ലോകം അവരെ വിസ്മയസ്തബ്ധരാക്കുന്നു. ഓരോരുത്തരേയും പരിചരിക്കുവാൻ ഓരോ സുന്ദരിമാർ തയ്യാറുണ്ടു്. അവർ, ഈ യുവാക്കന്മാർക്കു രുചികരമായ ഭക്ഷണങ്ങളും, മാംസവും, മദ്യവും, മററ

ല്ലാത്തരം ഇന്ദ്രിയസുഖങ്ങളും നല്കുന്നു. ചുരുക്കത്തിൽ തങ്ങൾ യഥാത്ഥസ്വഗ്ഗത്തിൽത്തന്നെയാണ് കയറിക്കൂടിയിട്ടുള്ളതെന്നു്, ഈ വിഡ്ഢികൾ വിശ്വസിക്കത്തക്കവിധം എല്ലാ ഏപ്പാടുകളും അല്ലാവുദീൻ ചെയ്തിരുന്നു. നാലഞ്ചുനാൾ ഇങ്ങനെ ആനന്ദത്തിൻെറ സ്വഗ്ഗീയമേഖലയിൽ പുളഞ്ഞുകഴിഞ്ഞശേഷം, അന്തഃപുരസ്ത്രീകൾ അവരെ വീണ്ടും നിദ്രയിൽ ലയിപ്പിച്ചു കൊട്ടാരത്തിനു വെളിയിൽ കൊണ്ടുവിടുന്നു. പിന്നെ ഖാൻ അവരെ തൻെറ സഭാമണ്ഡപത്തിൽ വിളിച്ചുവരുത്തി, എല്ലാവരും കേൾക്കെ, അവരോടു് ഇങ്ങിനെ ചോദിക്കും:

"നിങ്ങൾ കഴിഞ്ഞ നാലഞ്ചുദിവസം എവിടെയായിരുന്നു?"

യുവാക്കൾ: "തിരുമേനിയുടെ കരുണാകടാക്ഷത്താൽ, സ്വഗ്ഗത്തിൽ." അവക്കുണ്ടായ ആനന്ദാനുഭൂതികളെ വിസ്തരിപ്പിച്ച ശേഷം, സഭാവാസികളോടായി ഖാൻ ഇങ്ങിനെ പറയും: "ഇതാണു് നമ്മുടെ പ്രവാചകൻെറ ആജ്ഞ. ആരാണു് തൻെറ പ്രഭുവിനെ വിശ്വസ്തനായി സേവിക്കുന്നതു്, അവൻ സ്വഗ്ഗപ്രവേശത്തിനഹ്നായിത്തീരും." ഇത്തരം പ്രലോഭനങ്ങൾ നല്കി, പല യുവാക്കളേയും പ്രോത്സാഹിപ്പിച്ചു്, തൻെറ രക്ഷയ്ക്കുവേണ്ടി ഒരു വലിയ 'ചാവേർപ്പട'യെ അദ്ദേഹം സംഘടിപ്പിച്ചിരുന്നു. ഇവരെ ബലികഴിച്ചു് അദ്ദേഹം അനേകം നാടുകൾ വെട്ടിപ്പിടിക്കുകയും, കൊള്ളചെയ്കയും ചെയ്തിരുന്നു. അതിനാൽ അദ്ദേഹം ഒരു സ്വേച്ഛാപ്രമത്തനാണെന്ന കുപ്രസിദ്ധി പരന്നു. എല്ലാവരും അദ്ദേഹത്തെ ഭയപ്പെട്ടിരുന്നു. ദമാസ്കസ്സിലും, കുർദിസ്ഥാനിലും, ഈ രാജാവിനു പ്രതിപുരുഷന്മാരുണ്ടായിരുന്നു. തൻെറ രാജ്യത്തിലൂടെ കടന്നുപോകുന്ന ആരേയും കൊള്ളചെയ്യാൻ അദ്ദേഹം മടിച്ചിരുന്നില്ല. എന്നാൽ 1262-ൽ 'ഉലാൻ' രാജാവു് ഇദ്ദേഹത്തിൻെറ കോട്ടയാക്രമിക്കുകയും, മൂന്നുകൊല്ലം കൊണ്ടു കീഴടക്കുകയും ചെയ്തു. അതോടെ, അദ്ദേഹം പണിചെയ്യിച്ച ഭൂലോകസ്വഗ്ഗവും, പാതാളത്തിലേയ്ക്കു പോയി.

ഈ പ്രദേശം താണ്ടിക്കഴിഞ്ഞാൽ, കുന്നുകളും മൈതാനങ്ങളും, പുൽമേടുകളും കലൎന്ന സുഖശീതളമായ ഒരു പ്രദേശത്താണു് നിങ്ങൾ വന്നെത്തുക. അവിടെ മണ്ണു നല്ല വളക്കൂറുള്ളതാണു്. പഴങ്ങൾ ധാരാളം. ആറു ദിവസത്തെ യാത്രാപരിധിയുള്ള ഈ പ്രദേശത്തിന്നപ്പുറത്തു്, നാല്പതോ നാല്പത്തിയഞ്ചോ നാഴിക നീളമുള്ള ഒരു നിൎജ്ജലമരുഭൂമിയുണ്ടു്. ഈ മരുഭൂമിക്കപ്പുറത്താണു്, 'സപ്പൂർഗാൻ'[1] നഗരം. ധാരാളം സസ്യഫലങ്ങൾ, പ്രത്യേകിച്ചും തണ്ണിമത്തങ്ങ അവിടെ സുലഭമാകുന്നു. തേൻപോലെ മധുരമായ, അവിടത്തെ തണ്ണിമത്തങ്ങ, ലോകത്തിൽവെച്ചു് ഏററവും സ്വാദുള്ളതാകുന്നു. 'ബാൽഖ്'[2] ആണു് അടുത്ത പട്ടണം. താൎത്താറികളുടെ ആക്രമണംകൊണ്ടു്, അതിപ്പോൾ തകൎന്നിരിക്കുകയാണു്. നാട്ടുകാർ പറയുന്നു, ഈ നഗരത്തിൽവെച്ചായിരുന്നു പണ്ടു് അലക്സാണ്ടർ ചക്രവൎത്തി ദാരയസ്സ്രാജാവിന്റെ മകളെ പാണിഗ്രഹണം ചെയ്തതെന്നു്. ഈ നഗരത്തിന്റെ കിഴക്കും, വടക്കുകിഴക്കും കിടക്കുന്ന പ്രദേശങ്ങൾവരെയാണു് പേൎഷ്യൻസാമ്രാജ്യത്തിന്റെ അതിൎത്തികൾ. എന്നാൽ, അവിടെനിന്നു പിന്നെയും കിഴക്കോട്ടോ വടക്കുകിഴക്കോട്ടോ പോയാൽ, രണ്ടുദിവസത്തെ വഴിയോളം മനുഷ്യവാസമുള്ള ഒരു ഗ്രാമവും നിങ്ങൾ കാണുകയില്ല. കവൎച്ചക്കാരിൽനിന്നനുഭവിക്കേണ്ടിവന്ന യാതനകൾമൂലം, അവിടത്തെ ആളുകളെല്ലാം, കുറേക്കൂടി സുരക്ഷിതമായ മലമ്പ്രദേശങ്ങളിലേയ്ക്കു മാറിപ്പാൎക്കുകയാണുണ്ടായതു്. പല നദികളും, നായാട്ടുമൃഗങ്ങളും ഇവിടെയുണ്ടു്. സിംഹങ്ങൾപോലും കാണപ്പെടുന്നു. വഴിക്കു ഭക്ഷണം കിട്ടാൻ സാധ്യമല്ലാത്തതിനാൽ, യാത്രക്കാർ രണ്ടുദിവസത്തേയ്ക്കുള്ള ഭക്ഷണം കയ്യിൽ കരുതുകയാണു് പതിവു്. രണ്ടാംദിവസം അവസാനത്തിൽ 'തേയ്ക്കാൻ' എന്ന ഒരു കോട്ടയ്ക്കുടുത്തെത്തുന്നു. കാററിലാടുന്ന കതിരുകൾ നിറഞ്ഞ ചോളവയലുകൾ അതിന്റെ പരിസരങ്ങ

1 അഫ്ഘാനിസ്ഥാനിൽ.

2 അഫ്ഘാനിസ്ഥാനിൽ.

ളിൽ കാണാം. ലോകത്തിൽവെച്ച് ഏററവും വിശിഷ്ടമായ 'ഉപ്പ്' ഇവിടെയാണുള്ളതു്. മുപ്പതു ദിവസത്തെ വഴിക്കുള്ളിൽ താമസിക്കുന്ന എല്ലാ നാട്ടുകാരും ഇവിടെ വന്നു്, ഇതു വെട്ടിക്കൊണ്ടുപോകുന്നു. മൂച്ചയേറിയ ഉരുക്കുമഴുകൊണ്ടു്, ഈ ഉപ്പുപാറകൾ വെട്ടിയെടുത്തു്, ലോകത്തിലെങ്ങും വിററഴിച്ചു് അവർ ലാഭമടിക്കുന്നു. ഇവിടത്തെ മററു മലകളിൽ, ബദാം 'പിസ്റ്റാക്ക്' തുടങ്ങിയ കായകൾ സമൃദ്ധിയായി വിളയുന്നു. ഇവിടെനിന്നും വടക്കുകിഴക്കോട്ടുതന്നെ യാത്രചെയ്യുമ്പോൾ, ഫലപുഷ്ടിയുള്ള ഭൂവിഭാഗങ്ങളാണു് പിന്നെയും കണ്ടുമുട്ടുന്നതു്. പക്ഷേ സ്ഥലവാസികളായ മുഹമ്മദീയർ ചതിയന്മാരും മദ്യപാനികളും ഘാതകന്മാരുമാകുന്നു. അവർ കുടിക്കുന്ന തിളപ്പിച്ച വീഞ്ഞു വളരെ സ്വാദുള്ളതുതന്നെ. അവർ തലയിൽ തൊപ്പിയിടുന്നില്ല. അതിനുപകരം, പത്തു ചാൺ നീളമുള്ള ഒരു നാട തലയിൽ കെട്ടുന്നു. വന്യമൃഗങ്ങളുടെ തോൽകൊണ്ടു്, ഇവർ കാലുറകളും, ചെരിപ്പും ഉണ്ടാക്കുന്നു. പഞ്ഞിവസ്ത്രങ്ങൾ സാധാരണമായി ഉപയോഗിച്ചു കാണുന്നില്ല. 'സീസം' എന്ന പട്ടണം, അവിടെനിന്നു മൂന്നു ദിവസത്തെ വഴിക്കപ്പുറത്താണു്. ആ പട്ടണപ്രാന്തത്തിലുള്ള മലഞ്ചെരിവുകളിൽ പല കോട്ടകളും കാണപ്പെടുന്നു. നഗരമധ്യത്തിലൂടെ ഒരു പുഴ ഒഴുകിപ്പോകുന്നുണ്ടു്. ആ പ്രദേശം മുള്ളൻപന്നികളുടെ വിഹാരരംഗമാകുന്നു. നായ്ക്കളുടെ സഹായത്തോടെ, നാട്ടുകാർ അവയെ വേട്ടയാടുന്നു. അപ്പോൾ ഈ മുള്ളൻപന്നികൾ ഉഗ്രതയോടെ ചാടിവീണു്, അവയുടെ നീണ്ടുകൂത്ത മുള്ളുകളെ നായാടികളുടേയും നായ്ക്കളുടേയുംമേൽ ആഴ്ത്തി മുറിവേല്പിക്കുന്നു. അവിടത്തുകാർക്കു സ്വന്തമായ ഒരു ഭാഷയുണ്ടു്. ഇടയന്മാർ മലവാരങ്ങളിൽ ഗുഹകളുണ്ടാക്കി വളരെനാൾ അവിടെ കഴിച്ചുകൂട്ടുന്നു. മനുഷ്യവാസമില്ലാത്ത മലമ്പ്രദേശത്തിലൂടെ മുടങ്ങാതെ മൂന്നു ദിവസത്തെ യാത്രചെയ്താൽ, നിങ്ങൾ 'ബലാക്സിയം' രാജ്യത്തിലെത്തും. അവിടത്തുകാർക്കുമുണ്ടു് ഒരു പ്രത്യേകഭാഷ. മതം മുഹമ്മദിൻേറതാകുന്നു. അലക്സാണ്ടർചക്രവർത്തിയുടേയും, അദ്ദേ

ഹത്തിന്റെ ഭാൎയ്യവഴിക്ക്, ദാരയസ്സിൻേറയും വംശത്തിൽ പിറന്നവരാണ് തങ്ങളെന്നു് അവിടത്തെ രാജാക്കന്മാർ അഭിമാനം കൊള്ളുന്നു. 'അലക്സാണ്ട്റിയൻവംശം' എന്ന പേരിലും ഈ രാജവംശം അറിയപ്പെട്ടുന്നുണ്ടു്. അന്നാട്ടിൽ അനൎഘങ്ങളായ 'ബലാസസ്സ്' (റോസ്നിറത്തിലുള്ളവ) രത്നങ്ങൾ സമൃദ്ധിയായി വിളയുന്നു. എന്നാൽ രാജാവിന്റെ സമ്മതവും, അനുവാദപത്രവും കൂടാതെ അത്തരം രത്നങ്ങൾ കുഴിച്ചെടുക്കുകയോ, രാജ്യത്തിനു വെളിയിലേയ്ക്കു കൊണ്ടുപോവുകയോ, ചെയ്യാൻ ജീവനിൽ കൊതിയുള്ള ഒരുവനും ധൈൎയ്യപ്പെടാറില്ല. എന്തെന്നാൽ ആ രത്നങ്ങളെല്ലാം രാജാവിന്റെ സ്വകാൎയ്യസ്വത്താണെന്നത്രേ സങ്കല്പം. അദ്ദേഹം തനിക്കിഷ്ടപ്പെട്ടവൎക്കു പാരിതോഷികമായോ, മേൽക്കോയ്മയ്ക്കു കപ്പമായോ നല്കാൻ ആ രത്നങ്ങൾ, വെളിയിലേയ്ക്കയയ്ക്കുന്നു. സ്വൎണ്ണം, വെള്ളി എന്നിവയ്ക്കു പകരമായും, അദ്ദേഹം ചിലപ്പോൾ ഈ രത്നങ്ങൾ കൈമാറാറുണ്ടു്. അവിടെ അതിസമൃദ്ധിയായി വിളയുന്ന ഈ രത്നങ്ങൾ, തൽക്കാരണത്താൽതന്നെ, അല്പമൂല്യങ്ങളാകാതിരിക്കാൻവേണ്ടിയാണത്രേ, ഈ നിബന്ധനകൾ. ഈ സംസ്ഥാനത്തെ മററു മലകളിൽ, 'ലപ്പീസ്സ് ലസൂലി' തുടങ്ങിയ നീലക്കല്ലുകൾ വിളയുന്നുണ്ടു്. വിശേഷകവിശിഷ്ടങ്ങളായ ഇന്ദ്രനീലക്കല്ലുകളുടെ, കേദാരവും ഈ രാജ്യമാകുന്നു. വളരെ തണുപ്പുള്ള ഒരു പ്രദേശമാണ് ഇതു്. കുതിരകൾ ധാരാളമുണ്ടു്. വലിപ്പവും, കായബലവും, വേഗതയുമുള്ള ഈ കുതിരകൾ പാറപ്പുറത്തു കുതിച്ചുചാടുമ്പോഴും ഇരുമ്പു'ലാട'ങ്ങൾ ആവശ്യമില്ലാത്തവിധം കട്ടിയും, കാഠിന്യവുമുള്ള കുളമ്പുകളോടു കൂടിയവയാകുന്നു.

അലക്സാണ്ടർചക്രവൎത്തിയുടെ 'ബൂസിഫാലസ്സ്' എന്ന പ്രസിദ്ധകുതിരയുടെ വൎഗ്ഗത്തിൽപ്പെട്ടതും അതേ നെററിയടയാളങ്ങളോടുകൂടിയതുമായ, ഒരു സംഘം കുതിരകൾ, അവിടത്തെ രാജാവിന്റെ മാതുലന്റെ കൈവശമുണ്ടായിരുന്നതായി പറയപ്പെടുന്നു. എന്നാൽ അവയിൽ ചിലതിനെ, തനിക്കു നല്കുവാൻ മാതു

ലൻ വിസമ്മതിച്ചതിനെത്തുടന്നു്, രാജാവു് അദ്ദേഹത്തെ വധിച്ചു. പക്ഷേ പരേതൻെറ വിധവ, എന്നിട്ടും കീഴടങ്ങാതെ, ആ നല്ല ഇനം കുതിരകളെ ഒന്നടങ്കം നശിപ്പിക്കുകയാണുണ്ടായതു്. ആ നാട്ടിൽ മികച്ചജാതി പ്രാപ്പിടിയൻപക്ഷികളുമുണ്ടു്. ഒന്നാന്തരം ഗോതമ്പു്, ഉമിയില്ലാത്ത ബാർലി, എണ്ണക്കുരുകൾ, കടുകു് എന്നിവ ഈ മണ്ണിൻെറ ഉല്പന്നങ്ങളാകുന്നു. ചണവിത്തുപോലിരിക്കുന്ന ഇവിടത്തെ കടുകിൽനിന്നെടുക്കുന്ന എണ്ണയ്ക്കു്, മറെറണ്ണകളേക്കാൾ വാസന കൂടും. അവിടത്തെ രാജപാതകൾ ചൊവ്വുള്ളതും, മററു വഴികൾ ദുർഗ്ഗമങ്ങളുമാണു്. മൃഗചമ്മങ്ങൾ വസ്ത്രമായി ധരിക്കുന്ന, ആ നാട്ടുകാർ പേർകേട്ട വില്ലാളികളും, നായാട്ടുകാരുമാകുന്നു. ഉയന്നു ചെങ്കുത്തായ കുന്നുകൾ, വിസ്തൃത മൈതാനങ്ങൾ, കുതിച്ചുപായുന്ന കാട്ടാറുകൾ—ആ നാടു പ്രകൃതിയാൽ അനുഗ്രഹീതമാണു്. ഏതു ശീതജ്വരക്കാരനും, അവിടത്തെ മൂന്നു ദിവസത്തെ താമസംകൊണ്ടു് ആരോഗ്യം വീണ്ടു കിട്ടുന്നു. ഒരുകൊല്ലത്തോളം, വിട്ടുമാറാതെ നിന്ന എൻെറ സുഖക്കേടുകൾ, ഇവിടെ വന്നു താമസിച്ചതോടെ നിശ്ശേഷം മാറി. അവിടത്തെ സ്ത്രീകൾ പാവാടയാണു് ധരിക്കുന്നതു്. വളരെയധികം ഞെറികളുള്ള തങ്ങളുടെ പാവാടകൾക്കു് അവർ ചിലപ്പോൾ അൻപതോ അറുപതോ മുഴം തുണി ഉപയോഗിക്കുന്നു. കാഴ്ചയിൽ ഒരു സ്ത്രീ എത്രത്തോളം വലിപ്പം തോന്നിക്കുന്നുവോ, അന്നാട്ടുകാരുടെ ദൃഷ്ടിയിൽ അവൾ അത്രയ്ക്കു സുന്ദരിയായിത്തീരുന്നു.

'ബലാസ്കിയ'ത്തിനു്, പത്തുനാൾ വഴിക്കപ്പുറമാണു്, 'ബാഷിയാ'സംസ്ഥാനം. ഈ രാജ്യം വളരെ ചൂടുള്ളതാകുന്നു. അതിനാൽ അവിടത്തുകാർ ഇരുണ്ടനിറക്കാരാണു്. സ്വന്തമായ ഭാഷയുണ്ടു്. സ്വർണ്ണം, വെള്ളി എന്നിവയിൽ നിമ്മിച്ചു്, മുത്തും രത്നങ്ങളും പതിച്ച കമ്മലുകൾ അവർ ധരിക്കുന്നു. അരിയും, മത്സ്യവുമാണു് ആഹാരം വിഗ്രഹാരാധനക്കാരും, ക്രൂരരും കുടിലരുമാണവർ. 'ബാഷിയാ'യിൽനിന്നു് ഏഴുനാളത്തെ വഴിയാണു്,

'കെസ്മൂർ' (കാശ്മീർ) സംസ്ഥാനത്തിലേയ്ക്കു്. അവിടത്തുകാൎക്കും, പ്രത്യേകഭാഷയുണ്ടു്. തികഞ്ഞ വിഗ്രഹപൂജക്കാരാണിവർ. സൂത്രശാലികളായ ഈ മന്ത്രവാദികൾ, തങ്ങളുടെ ആരാധനാമൂൎത്തികളെ സംസാരിപ്പിക്കുകയും [1] പകലിനെ കറുപ്പിക്കുകയും ചെയ്യുന്നു. നിങ്ങൾക്കു വേണമെങ്കിൽ, ഇവിടെനിന്നു് എളുപ്പത്തിൽ ഇൻഡ്യൻകടലുകളിലേയ്ക്കു പോകാം. ഇവിടത്തെ സ്ത്രീകളും പുരുഷന്മാരും തവിട്ടുനിറക്കാരാണു്. തനിക്കറുമ്പന്മാരല്ല. അരിയും, മാംസവുമാണാഹാരം. എങ്കിലും അവർ വളരെ മെലിഞ്ഞിരിക്കുന്നു. ഈ രാജത്തു് അനേകം നഗരങ്ങളും, ജനപദങ്ങളുമുണ്ടു്. അവരുടെ രാജാവു് ആരുടേയും സാമന്തനല്ല. ആശ്രമങ്ങളിലും, ഗുഹകളിലും അധിവസിച്ചു ധ്യാനംചെയ്യുന്ന മഹൎഷിമാർ ഈ രാജ്യത്തു ധാരാളമുണ്ടു്. മദ്യമാംസാദികൾ പൂൎണ്ണമായി വൎജ്ജിച്ചു്, തികഞ്ഞ ഈശ്വരഭക്തിയോടെ ബ്രഹ്മചര്യം പാലിച്ചു്, ദൈവഹിതത്തിന്നെതിരായി ഒന്നും ചെയ്യാത്ത ഈ ശുദ്ധന്മാർ ദീൎഘകാലം ജീവിച്ചിരിക്കുന്നു. ഇവരിൽ ചില മഹൎഷിമാർ പ്രസിദ്ധരും, ജനതയുടെ ഭക്ത്യാദരങ്ങൾക്കു പാത്രീഭൂതരുമാകുന്നു. ഈ നാട്ടുകാർ ഒരു ജന്തുവിനേയും കൊല്ലുകയോ, രക്തം ചൊരിയുകയോ ചെയ്യുന്നില്ല. മാംസം ഭക്ഷിക്കേണ്ടിവരുമ്പോൾ, തങ്ങളുടെ ഇടയ്ക്കു താമസിക്കുന്ന മുഹമ്മദീയരെയാണു്, അവർ കശാപ്പുകാര്യം ഏല്പിക്കുന്നതു്. പവിഴം ഏററവും വലിയ വിലയ്ക്കു വില്ക്കപ്പെടുന്നതും ഇവിടെയാകുന്നു. ഇൻഡ്യയിലേയ്ക്കുള്ള മാൎഗ്ഗം തല്ക്കാലമുപേക്ഷിച്ചു്, നമുക്കു ബലാസ്സിയത്തേയ്ക്കുതന്നെ മടങ്ങുക. കിഴക്കു, വടക്കുകിഴക്കു ദിക്കുനോക്കി, മഹത്തായ 'കാഥേ' സാമ്രാജ്യം ലക്ഷ്യമാക്കി നമുക്കു പ്രയാണം തുടരാം. ബലാസ്സിയത്തിൻെറ കിഴക്കൻ അതിൎത്തിയിൽ ഒരു നദിയുണ്ടു്. അതിൻെറ ഇരുപാൎശ്വങ്ങളും കോട്ടകളാലും പട്ടണങ്ങളാലും നിറയപ്പെട്ടി

---

1. വെളിച്ചപ്പാടന്മാർ (കോമരങ്ങൾ) കലികയറി തുള്ളുന്നതിനെയാണു്, ഇവിടെ സൂചിപ്പിച്ചിരിക്കുന്നതു്.

രിക്കുന്നു. ബലാക്സിയംരാജാവിൻെറ സഹോദരനാണു് ഈ നാടിന്നുടമ. മൂന്നു ദിവസത്തെ യാത്രാപരിധിയുള്ള ഈ ചെറുരാജ്യത്തിന്നപ്പുറത്തു്, ഇതേ വിസ്താരമുള്ള 'വാച്ചാൻ'സംസ്ഥാനം കിടക്കുന്നു. നാട്ടുകാർ മുഹമ്മദിൻെറ അനുയായികളും, പ്രത്യേകം ഭാഷ സംസാരിക്കുന്നവരുമാണു്. അവർ ബലിഷ്ഠയോദ്ധാക്കളും നായാട്ടുവീരന്മാരുമാകുന്നു. രാജ്യമാകട്ടെ, കാട്ടുമൃഗങ്ങളാൽ നിറഞ്ഞതും.

അവിടന്നു്, കിഴക്കോട്ടും വടക്കുകിഴക്കോട്ടും യാത്രചെയ്യുമ്പോൾ, മൂന്നു ദിവസത്തെ തുടർച്ചയായ ഒരു ഭയങ്കരകേററമാകുന്നു. അതിൻെറ മുകൾപ്പരപ്പാകുന്നു, ലോകത്തിൽവെച്ചു് ഏററവും ഉന്നതമായ ഭ്രതടം. യാത്രാമദ്ധ്യേ രണ്ടു മലകൾക്കിടയിൽ ഒരു വിസ്തൃതമായ തടാകവും, സമതലത്തിലൂടെ ഒഴുകുന്ന സുന്ദരമായ ഒരു നദിയുമുണ്ടു്. അതിൻെറ ഇരുകരകളും, ഒന്നാന്തരം പുൽത്തകിടികളാകുന്നു. എത്ര മെലിഞ്ഞ കുതിരകളും, അവിടെ പത്തുദിവസംകൊണ്ടു തടിക്കുന്നു. കാട്ടുമൃഗങ്ങളും വേണ്ടത്ര. പ്രത്യേകിച്ചു്, ഒരുതരം ക്രൂരൻകാട്ടുചെമ്മരിയാടുകൾ. ഇവയിൽ ചിലതിനു്, ആറു ചാൺ നീളമുള്ള കൊമ്പുകളുണ്ടു്. ഈ കൊമ്പുകൾകൊണ്ടു് അവർ പലതരം പാത്രങ്ങൾ നിർമ്മിക്കുന്നു. ഈ വിസ്തൃതമായ ഉന്നതതടത്തിൻെറ നീളം സുമാർ പന്ത്രണ്ടുദിവസത്തെ ദൂരമാകുന്നു. ഈ മഹോന്നതഭ്രതടത്തിൻെറ പേരാകുന്നു 'പാമീർ' എന്നതു്. അവിടെ ജനവാസമില്ല. യാത്രക്കാർ ഭക്ഷണം കയ്യിൽ കൊണ്ടുപോകണം. അസഹ്യമായ തണുപ്പുകൊണ്ടു്, പക്ഷികൾപോലും അവിടെ സഞ്ചരിക്കുന്നില്ല. അവിടെ തിയ്യു പിടിപ്പിച്ചാലും, വേണ്ടത്ര കത്തുകയോ, ചൂടുണ്ടാവുകയോ ചെയ്യുന്നില്ല. ഭക്ഷ്യസാധനങ്ങൾ വേവിക്കാൻ വളരെ പ്രയാസം. അവിടെനിന്നു പിന്നെയും യാത്രചെയ്യുക, കിഴക്കും വടക്കുകിഴക്കും നോക്കി. മലകൾ, കുന്നുകൾ, താഴ്വരകൾ എന്നിവയിലൂടെ നാല്പതു ദിവസത്തെ ആപല്ക്കരമായ യാത്ര. വഴിക്കു് അനേകം നദികൾ കാണാം. പക്ഷേ ജനപദങ്ങളോ,

കൃഷിയിടങ്ങളോ ഇല്ല. നാടിൻെറ പേർ, 'പലോ'[1]. ഈ ഉയൎന്ന മലകളുടെ മുടികളിൽ ചില കുടിലുകൾ അങ്ങിങ്ങായികാണാം. അവിടത്തെ മനുഷ്യർ അപരിഷ്കൃതരും വിഗ്രഹപൂജക്കാരുമാണു്. നായാട്ടുകൊണ്ടു് ഉദരപൂരണം ചെയ്യുന്ന ഇവർ, മൃഗത്തോൽകൊണ്ടു നഗ്നത മറയ്ക്കുന്നു. ഈ രാജ്യം പിൻതള്ളിയാൽ, മഹാനായ ഖാൻെറ സാമന്തരാജ്യമായ, 'കാസ്റ്റർ'[2]സംസ്ഥാനത്തിൽ നിങ്ങളെത്തിച്ചേരുന്നു. ജനങ്ങൾ മുഹമ്മദീയരാണു്. മുന്തിരിത്തോട്ടങ്ങൾ, ഉദ്യാനങ്ങൾ, പഴവൃക്ഷങ്ങൾ എന്നിവകൊണ്ടു് ഇവിടം അലംകൃതമായിരിക്കുന്നു. മണ്ണു നല്ല ഫലപുഷ്ടിയുള്ളതാണു്. അവൎക്കുമുണ്ടു് ഒരു പ്രത്യേകഭാഷ. പ്രവൃത്തിയിൽ വ്യാപാരികളും, പെരുമാററത്തിൽ വഞ്ചകരുമാണവർ. വൃത്തികെട്ട സാധനങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യത്തക്കവിധം, ലുബ്ധന്മാരുമാകുന്നു. സ്വന്തം പള്ളികളുള്ള ചില 'നെസ്റ്റോറിയൻ'കൃസ്ത്യാനികളേയും അവിടെ കാണാം. രാജ്യവിസ്താരം, അഞ്ചുദിവസത്തെ വഴിയാകുന്നു.

# അധ്യായം ആറു്

['സമർഖണ്ഡ്'നഗരം—'ലോപ്പ്'പട്ടണം, ഒരു മഹാമരുഭൂമി—പ്രസ്താവ്യങ്ങളായ മററു സംഗതികൾ.]

ഫലപുഷ്ടിയുള്ള സമതലങ്ങളും, സാമ്യമകന്ന ഉദ്യാനങ്ങളുംകൊണ്ടു്, യശസ്വിയായ ഒരു മഹാനഗരിയത്രേ 'സമർഖണ്ഡ്'[3]. മഹാനായ കുബ്ലൈഖാൻെറ ഭാഗിനേയനാണു് ഇ

---

1 ബലോർ, കാഫിർസ്ഥാൻ എന്നീ പേരുകളിലും ഈ നാട്ടു് അറിയപ്പെടുന്നുണ്ടു്.

2 കാഷ്ഗാർ.

3 സമർഖണ്ഡ് മാർക്കോപോളോ സന്ദർശിച്ചതായി തോന്നുന്നില്ല. അത്രയ്ക്കു് അവ്യക്തമാണു് വർണ്ണന. എവിടെ നാട്ടുകാര്യങ്ങൾ കൃത്യമായി വിവരിക്കുന്നില്ലയോ, അവിടെയെല്ലാം ഐതിഹ്യങ്ങൾ, മാർക്കോ രേഖപ്പെടുത്തുന്നു — ഫാട്ട്.

വിടത്തെ രാജാവു്. കൃസ്ത്യാനികളും മുഹമ്മദീയരും ഇവിടെ ഒരുമിച്ചു താമസിക്കുന്നു. പക്ഷേ തമ്മിൽ എപ്പോഴും കലഹമാണു്. ഇക്കാരണത്താൽ അവിടെ ഒരു അത്ഭുതസംഭവമുണ്ടായതായി പറയപ്പെടുന്നു. ഒരു നൂറു (100) വർഷങ്ങൾക്കുമുമ്പു് ആ രാജ്യം ഭരിച്ചിരുന്ന 'സഗാത്തെയ്ഖാൻ', ക്രിസ്തുമതത്തിലേയ്ക്കു പരിവർത്തിതനായി. അദ്ദേഹത്തിൻെറ ആനുകൂല്യത്തോടെ അവിടത്തെ കൃസ്ത്യാനികൾ യോഹന്നാൻപുണ്യവാളൻെറ നാമത്തിൽ ഒരു പള്ളിയും പണിചെയ്തു. മധ്യത്തിൽ ഉറപ്പിച്ചിട്ടുള്ള ഒരൊററ സ്തംഭത്തിന്മേൽ മേല്പുര മുഴുവൻ താങ്ങിനില്ക്കുന്ന വിസ്മയകരമായ ഒരു വാസ്തുശില്പമായിരുന്നു അതു്. ഖാൻെറ സഹായത്തോടെ, ഏതോ മുസ്ലിംപള്ളിയിൽനിന്നെടുക്കപ്പെട്ട ഒരു വലിയ ചതുരക്കല്ലായിരുന്നു, ഈ നടുത്തൂണിന്നസ്തിവാരം. എന്നാൽ സഗാത്തെയ്ഖാൻെറ കാലശേഷം അധികാരത്തിൽവന്ന, അദ്ദേഹത്തിൻെറ മകൻ, മതവിശ്വാസത്തിൽ, പിതാവിൻെറ പിൻഗാമിയായിരുന്നില്ല. അതിനാൽ പ്രസ്തുതകല്ലു്, തങ്ങൾക്കു മടക്കിത്തരുവാൻ കൃസ്ത്യാനികളെ നിർബ്ബന്ധിക്കണമെന്നു്, മുഹമ്മദീയർ അദ്ദേഹത്തോടപേക്ഷിച്ചു. കൃസ്ത്യാനികൾ കല്ലിനുപകരം തക്കതായ വില നല്കാമെന്നറിയിച്ചുവെങ്കിലും മുഹമ്മദീയർ അതിനൊന്നും വഴിപ്പെടാതെ, കല്ലുതന്നെ മടക്കിക്കിട്ടണമെന്നു വാശിപിടിച്ചു. അപ്പോൾ, മുഹമ്മദീയർക്കു് ആ കല്ലു് എളുപ്പത്തിൽ എടുക്കാൻ സൌകര്യമാകുമാറു പള്ളിയുടെ, ഈ നടുത്തൂൺ സ്വയം മേല്പോട്ടുയർന്നു. അതേനിലയ്ക്കുതന്നെ തുടരുകയും ചെയ്തു[1].

ഈ നഗരം വിട്ടാൽ, അഞ്ചുദിവസത്തെ വഴി വ്യാസമുള്ള 'കാരാഹൻ'[2] സംസ്ഥാനത്തിൽ നിങ്ങൾ ചെന്നുചേരുന്നു. വിഭ

1 ഈ പ്രസ്താവം എങ്ങും ഒപ്പിക്കാൻവയ്യാത്ത അതിശയോക്തിയായി തോന്നുന്നു.

2 യാർഖണ്ഡ്.

വസമൃദ്ധമായ ഈ സംസ്ഥാനവും മഹാനായ ഖാൻെറ ഭാഗിനേയനു വിധേയമാണ്. തദ്ദേശവാസികളും മുഹമ്മദിൻെറ ആരാധകന്മാരാകുന്നു. അവരിൽ മിക്കപേരും കൈവേലകളിൽ നിപുണരും, കാലിൽ മന്തുള്ളവരുമാകുന്നു. തൊണ്ടയിൽ ഉരുണ്ടുവീത്ത മുഴയുമുണ്ട്. അവർ കുടിക്കുന്ന വെള്ളത്തിൻെറ ദൂഷ്യമാണ് ഇതിന്നു കാരണം[1]. ഇതിനു കിഴക്കും, വടക്കുകിഴക്കുമായി, 'ഖോട്ടാം'സംസ്ഥാനം കിടക്കുന്നു. അതും മഹാനായ ഖാൻെറ അനന്തിരവൻെറ അധികാരപരിധിയിൽപ്പെടുന്നു. നഗരങ്ങളും, ഗ്രാമങ്ങളും ധാരാളം. പ്രധാനനഗരം, 'ഖോട്ടാം'തന്നെ. സംസ്ഥാനവ്യാസം എട്ടു ദിവസത്തെ യാത്രാദൂരമാകുന്നു. ജീവിതാവശ്യങ്ങൾക്കു വേണ്ടതായ ഒന്നിനും അവിടെ ക്ഷാമമില്ല. പഞ്ഞി, ചണ, ചോളം, വീഞ്ഞ്—എല്ലാം സുഭിക്ഷം. ജനങ്ങൾ സമരപ്രിയരല്ല, സമാധാനപ്രേമികളാണ്. ശില്പവേലകളിൽ വിദഗ്ദ്ധരും, കൈത്തൊഴിൽ, വ്യാപാരമെന്നിവയിൽ തല്പരരുമത്രേ, അവർ. തങ്ങളുടെ പ്രവാചകനായി അവരും മുഹമ്മദിനെ അംഗീകരിച്ചിരിക്കുന്നു. ആ രാജ്യത്തിലൂടെ, പിന്നെയും പോവുക, മുന്നോട്ട്. നാലു ദിവസത്തെ വഴിയുടെ വലിപ്പമുള്ള, 'പിയം'സംസ്ഥാനത്തിൽ നിങ്ങൾ എത്തിക്കഴിഞ്ഞു. ആ രാജ്യം മഹാനായ ഖാൻെറ നേരിട്ടുള്ള ഭരണത്തിൻകീഴിലാണ്. നഗരങ്ങളും കോട്ടകളും വേണ്ടത്ര. പ്രധാനനഗരം 'പിയം'തന്നെ. നഗരപാർശ്വത്തിലൂടെ ഒഴുകുന്ന നദിയിൽ, 'സൂര്യകാന്തം' തുടങ്ങിയ വിലയേറിയ കല്ലുകൾ കാണപ്പെടുന്നു. ഇന്നാട്ടുകാരും ഇസ്ലാമിൻെറ സന്തതികളാണ്. കരകൌശലവേലകൾ, വ്യാപാരം എന്നിവയാണ് തൊഴിലുകൾ. ഈ നാട്ടിൽ ഒരു പ്രത്യേക ആചാരമുണ്ട്. ഭത്താവു വീടുവിട്ട് അന്യദേശത്തു പോവുകയും, ഇരുപതു ദിവസങ്ങൾക്കുള്ളിൽ തിരിച്ചെത്തുകയും ചെയ്യാതിരു

1 "പെഴ്സിസൈക്സ്"—എന്ന സഞ്ചാരിയും ഈ കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്.

ന്നാൽ, ഭാര്യയ്ക്കും മറെറാരു പുരുഷനെ വിവാഹംചെയ്യാൻ അവകാശമുണ്ട്. അതുപോലെ, ഭർത്തൃവസതിവിട്ട്, ബന്ധുവീടുകളിൽപ്പോകുന്ന സ്ത്രീകളും മുൻപറഞ്ഞ കാലയളവിനുള്ളിൽ മടങ്ങിവരുന്നില്ലെങ്കിൽ, മറെറാരു പെണ്ണിനെ കെട്ടുവാൻ, പുരുഷനും അവകാശമുണ്ട്. 'കാസ്കർ', 'ഖോട്ടാം', 'പിയം', 'ലോപ്പ്'—ഈ സംസ്ഥാനങ്ങളെല്ലാം തുർക്കിസ്ഥാൻരാജ്യസീമയിൽപ്പെട്ടവയാണെന്നതു മറക്കരുത്.

'സിയേഷ്യൻ'സംസ്ഥാനം, താത്തറികളുടെ അധീനത്തിലാകുന്നു. അവിടേയും ധാരാളം കോട്ടകളും, നഗരങ്ങളുമുണ്ട്. അവിടത്തെ നദികൾ സ്ഫടികക്കല്ല്, സൂര്യകാന്തം, തുടങ്ങിയ വിലപ്പെട്ട കല്ലുകളാൽ സമ്പന്നങ്ങളാണ്. വ്യാപാരികൾ, ഈ കല്ലുകൾ ശേഖരിച്ച് 'ഔക്കാഖ്'[1] പട്ടണത്തിൽ വിററഴിച്ച് ആദായമുണ്ടാക്കുന്നു. പിയംമുതൽ, സിയേഷ്യയുൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ, മണൽനിറഞ്ഞ മണ്ണാണുള്ളത്. വെള്ളം വളരെ മലിനവും. കുട്ടായ്മക്കവർച്ചക്കാരുടെ വരവുണ്ടെന്നറിഞ്ഞാലുടൻ, ഇന്നാട്ടുകാർ കുടുംബവും, കന്നുകാലികളുമായി, രണ്ടു ദിവസത്തോളം വഴി, മണൽക്കാടുകളുടെ മദ്ധ്യത്തിലേയ്ക്കു നീങ്ങുന്നു. ശുദ്ധജലം കിട്ടാൻ വഴിയുള്ള ഏകാന്തപ്രദേശങ്ങളിൽ തമ്പടിക്കുകയും, ധാന്യങ്ങളടക്കമുള്ള സമ്പാദ്യങ്ങൾ, അക്രമകാരികളെ ഭയന്നു്, ഈ മണൽക്കാടുകളിൽ കുഴിച്ചിടുകയും ചെയ്യുന്നു. അവിടത്തെ ഉഗ്രമായ കൊടുങ്കാററു്, മണലിലെ അവരുടെ പാദമുദ്രകൾപോലും മായ്ച്ചുകളയുന്നതിനാൽ,ശത്രുക്കൾക്ക് അവരെ പിന്തുടരാനും സാധിക്കാറില്ല. ഇവിടം വിട്ടാൽ, പിന്നെ നിങ്ങൾക്ക് അഞ്ചു ദിവസത്തെ തുടർച്ചയായ മരുഭൂമിയാത്ര ചെയ്യേണ്ടതുണ്ട്. അതു കഴിഞ്ഞാൽ, മഹത്തായ 'ലോപ്പ്'[2] നഗരമായി. ഏററവും കയ്പുള്ളതും ദുഷിച്ചതുമായ വെള്ളമല്ലാതെ, ശുദ്ധജലം അവിടെ കണ്ടി

---

1 കാഥേ (ഉത്തരചൈന).

2 ചാർക്ക്ലിക്ക് പട്ടണം.

കാണാൻ സാധ്യമല്ല. ആ നഗരം കഴിഞ്ഞാൽ, വിസ്തൃതഗംഭീരമായ ഒരു മഹാമരുഭൂമിയുടെ തിരപ്പുറപ്പാടാണ്.[1]

ആ മരുഭൂമി തരണംചെയ്യാനുദ്ദേശിക്കുന്ന വർത്തകസംഘങ്ങൾ, തങ്ങൾക്കാവശ്യമുള്ള എല്ലാ സാധനങ്ങളും ലോപ്പ്നഗരത്തിൽനിന്നു വാങ്ങി ശേഖരിക്കുന്നു. മരുഭൂമധ്യത്തിൽവെച്ച്, ആഹാരം തുടങ്ങിയ അവശ്യസാധനങ്ങൾ, അപ്രതീക്ഷിതമായി, തീർന്നുപോയാൽ, സഞ്ചാരികൾ തങ്ങളുടെ ഒട്ടകങ്ങളേയോ കഴുതകളേയോ കൊന്നു ഭക്ഷിച്ചു ജീവൻ രക്ഷിക്കുന്നു. മിക്കവാറും ഒട്ടകങ്ങളെയാണ്, അവർ വാഹനങ്ങളായി തിരഞ്ഞെടുക്കുക. എന്തെന്നാൽ ഒട്ടകങ്ങൾ വളരെ കുറച്ചു മാംസംകൊണ്ടു തൃപ്തിപ്പെടുകയും, വേണ്ടത്ര വെള്ളം അവയുടെ വയറുസഞ്ചിയിൽ ശേഖരിക്കുകയും, വലിയ ഭാരങ്ങൾ വഹിച്ചു ക്ലേശം സഹിച്ചു ബഹുദൂരം സഞ്ചരിക്കുകയും ചെയ്യുന്നു. ആ മണൽസാമ്രാജ്യം വിലങ്ങനെ മുറിച്ചുകടക്കാൻതന്നെ, സുമാർ ഒരു മാസത്തെ ഭക്ഷണം മുൻകൂർ കരുതേണ്ടിയിരിക്കുന്നു. നീളംവഴിക്കാണെങ്കിൽ ഒരു വർഷം മുഴുവൻ യാത്രചെയ്യേണ്ടിവരും. മണൽക്കാടുകളും, സസ്യശൂന്യമായ അനേകം മൊട്ടക്കുന്നുകളും തരണം ചെയ്യണം. വല്ലപ്പോഴും, വെള്ളം ദൃഷ്ടിയിൽ പെട്ടേക്കാം. പക്ഷേ അൻപതോ, നൂറോ വരുന്ന ഒരു വ്യാപാരസംഘത്തിനും, അവരുടെ വാഹനങ്ങൾക്കും വേണ്ടത്ര വെള്ളം ഒരിടത്തും കണ്ടെത്തുകയില്ല. മൂന്നോ നാലോ ദിക്കിലെ വെള്ളം ഉപ്പും കയ്പും നിറഞ്ഞതത്രേ. കാട്ടുമൃഗങ്ങളോ, പക്ഷികൾപോലുമോ ഇല്ലാത്ത ഈ ഏകാന്തമരുക്കളിൽ ഭൂതപ്രേതാദികൾ കുടിപാർക്കുന്നു എന്നാണ് സഞ്ചാരികളുടെ വിശ്വാസം. ചിലപ്പോൾ ഇവ യാത്രക്കാർക്ക് ആപൽക്കരങ്ങളായ മായാമോഹങ്ങളും, ദിഗ്ഭ്രമങ്ങളുമുണ്ടാക്കി അവരെ ഒററപ്പെടുത്തി കൊന്നൊടുക്കുമെന്നാണ് കേൾക്കുന്നതു്. യാത്രയ്ക്കിടയിൽ

1 ലോകമഹാമരുഭൂമികളിൽ ഒന്നായ 'ഗോബി'മരുഭൂമിയാണ് ഇവിടെ നിർദ്ദിഷ്ടമായിരിക്കുന്നതു്.

ആരെങ്കിലും പിൻതള്ളപ്പെടുകയും കൂട്ടുകാരിൽനിന്നു് ഒററപ്പെടുകയും ചെയ്താൽ, ചില അശരീരികൾ അയാളെ പേർ ചൊല്ലി വിളിക്കുകയും, ആ മായാശബ്ദങ്ങളെ സത്യങ്ങളെന്നു കരുതി പിൻതുടന്നു്, വഴി തെററി, അയാൾ മരണപ്പെടുകയും ചെയ്യുന്നു. രാത്രികാലങ്ങളിൽ ചില സഞ്ചാരികൾ ഈ ശബ്ദങ്ങളെ കൂട്ടുകാരുടെ വിളികളായി തെററിദ്ധരിക്കുകയും, തൽഫലമായി അവർ ആപത്തിൽ പെടുകയും ചെയ്യുന്നു. ചിലപ്പോൾ സംഗീതയന്ത്രങ്ങളുടെ നാദധാരകളായും, മററുചിലപ്പോൾ കൂട്ടായ്മക്കവച്ചക്കാരുടെ ആരവാരങ്ങളായും ഈ ശബ്ദങ്ങൾ രൂപഭേദംകൊള്ളാറുണ്ടു്. ഈ അപകടങ്ങളിൽനിന്നു രക്ഷപ്പെടുവാൻവേണ്ടി വ്യാപാരികൾ അണിമുറിയാതെ യാത്രചെയ്യുകയും വാഹനങ്ങളുടെ കഴുത്തിൽ മണികൾ കെട്ടുകയും, ഏതെങ്കിലും സംഘക്കാർ യാത്രനിർത്തി വിശ്രമിക്കുന്നുവെങ്കിൽ, പിന്നാലെ വരുന്നവക്കു വിവരം നല്കുവാൻവേണ്ടി, വഴിക്കരികിൽ അടയാളങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നു.

ഈ പൂഴിക്കടൽ തരണംചെയ്തുകഴിഞ്ഞാൽ അതിനു കിഴക്കും വടക്കുകിഴക്കുമായി സ്ഥിതിചെയ്യുന്ന 'ടാൻഗട്ടു്'[1] സംസ്ഥാനത്തിലെ 'സാക്കിയോൺ[2] നഗരത്തിലാണു് നിങ്ങൾ വന്നിറങ്ങുക. ഈ സംസ്ഥാനവും മഹാനായ ഖാന്റെ സാമന്തരാജ്യമാകുന്നു. ഇവിടേയും മുഹമ്മദീയരോടൊപ്പം കുറെ നെസ്റ്റോറിയൻ കൃസ്ത്യാനികൾ താമസിക്കുന്നുണ്ടു്. വിഗ്രഹാരാധനക്കാരും കുറവല്ല. സ്വന്തമായ ഭാഷയും ഇന്നാട്ടുകാക്കുണ്ടു്. കച്ചവടമല്ല, കൃഷിയാണു് ഇവരുടെ ഉപജീവനമാർഗ്ഗം. വിവിധദൈവങ്ങൾക്കു് അർപ്പിക്കപ്പെട്ടിട്ടുള്ള, സന്ന്യാസിമഠങ്ങളാൽ[3] ഈ നഗരം നിബിഡമായിരിക്കുന്നു. വിഗ്രഹങ്ങൾക്കു മുമ്പിൽ, വളരെ ഭക്തിയോ-

---

1. കാൻസു (വടക്കുപടിഞ്ഞാറൻചൈനയിൽ)
2. തുങ്ഹ്വാങ്ങ്നഗരം.
3. ബുദ്ധവിഹാരങ്ങൾ; ബുദ്ധസന്ന്യാസിമഠങ്ങൾ.

ടെ യാഗങ്ങളും, ബലികളും അപ്പിക്കപ്പെട്ടുന്നുണ്ടു്. ഒരു പുത്രൻ ജനിച്ചാൽ, പിതാവു്, അവനെ ഏതെങ്കിലും ഇഷ്ടദേവതയ്ക്കുഴിഞ്ഞു വെയ്ക്കുകയും, ആ ദേവതയുടെ ബഹുമാനാത്ഥം, ഒരു ആടിനെ അന്നുമുതൽ തൻെറ വീട്ടിൽ വളത്തുകയും ചെയ്യുന്നു. ദേവതയുടെ അടുത്ത വാഷികോത്സവവേളയിൽ, പുത്രനോടൊന്നിച്ചു് ഈ ആടിനേയും അയാൾ ക്ഷേത്രത്തിൽ കൊണ്ടുപോകും. പല പൂജാകമ്മങ്ങൾക്കുംശേഷം, ആടിനെ ദേവതയ്ക്കു ബലിയപ്പിക്കുന്നു. അതിൻെറ മാംസം പാകംചെയ്തു്, പൂജയോടും പ്രാത്ഥനയോടും കൂടി വിഗ്രഹത്തിൻെറ മുമ്പിൽ നിവേദിക്കുന്നു. തൻെറ മകൻെറ ആയുരാരോഗ്യങ്ങൾക്കുവേണ്ടിയാണു്, ആ പിതാവു് ഇതെല്ലാം ചെയ്യുന്നതു്. ദേവത, തങ്ങളുടെ നിവേദ്യം സസന്തോഷം സ്വീകരിച്ചെന്ന ചാരിതാത്ഥ്യത്തോടെ, ഗൃഹനായകനും, ബന്ധുക്കളും ഈ നിവേദ്യം പങ്കിട്ടനുഭവിക്കുന്നു. എല്ലുകളും മററവശിഷ്ടങ്ങളും ചില പ്രത്യേകപാത്രങ്ങളിലാക്കി സൂക്ഷിക്കുകയാണു് പതിവു്. ഈ കമ്മങ്ങളെല്ലാം നടത്തുന്ന പുരോഹിതനു് ആടിൻെറ തല, കാലുകൾ, കരളു്, തോൽ, മാംസത്തിൻെറ ഒരോഹരി ഇത്രയും അവകാശപ്പെട്ടതാകുന്നു.

ഈ നാട്ടിൽ, പ്രമാണികൾ മരിച്ചാൽ, അവരുടെ ശവസംസ്കാരം താഴെ ചേക്കുംവിധമാണു് നടത്തിവരുന്നതു്: ബന്ധുക്കൾ ഒരു ജ്യോത്സ്യനെ വരുത്തി, പരേതൻെറ ജനനസമയം കൃത്യമായി അയാളോടു പറയുന്നു. ജ്യോത്സ്യൻ നക്ഷത്രങ്ങളുടെ നിലയും മററും പരിശോധിച്ചു്, ശവസംസ്കാരം ചെയ്യേണ്ട ദിവസവും മുഹൂത്തവും നിശ്ചയിക്കുന്നു. നല്ല മുഹൂത്തം ലഭിക്കുന്നതിനുവേണ്ടി, ഏഴുദിവസംമുതൽ ചിലപ്പോൾ ആറുമാസംവരെ ശവം സൂക്ഷിക്കേണ്ടതായിവരും. ഇതിനുവേണ്ടി, ദുഗ്ഗന്ധം ഒരുവിധത്തിലും പുറത്തേയ്ക്കു വമിക്കാത്തവണ്ണം, വായുനിരോധം വരുത്തിയ പെട്ടികൾ നിമ്മിക്കപ്പെടുന്നു. മൃതദേഹത്തിൽ സുഗന്ധലേപനങ്ങൾ പൂശി, അതു പെട്ടിയിൽ വെച്ചു ഭദ്രമായി അടച്ചുപൂട്ടുന്നു.

ചിത്രകംബളങ്ങൾകൊണ്ടു് ആ പെട്ടി പിന്നേയും പൊതിഞ്ഞു തുന്നുന്നു. ശവപ്പെട്ടി വീട്ടിൽ ഇരിക്കുവോളംകാലം അതിന്നടുത്തു് ഒരു തീൻമേശമേൽ മദ്യവും, മാംസവും ദിവസേന വെയ്ക്കുകപതിവാണു്. അതെല്ലാം പരേതൻെറ ആത്മാവു് അനുഭവിക്കുന്നുണ്ടെന്നാണു് സങ്കല്പം. അശുഭങ്ങളായ നക്ഷത്രഫലങ്ങളെ ഒഴിവാക്കാനായി, ശവത്തെ, വീട്ടിൻെറ പ്രധാനവാതില്പകളിലൂടെ പുറത്തേയ്ക്കെടുക്കാൻ, ചിലപ്പോൾ ജ്യോത്സ്യന്മാർ സമ്മതിക്കാറില്ല. അതിനുപകരം ശവമുറിയുടെ പുറത്തേയ്ക്കുള്ള ഭിത്തി താൽക്കാലികമായി പൊളിച്ചു ശവത്തെ പുറത്തേയ്ക്കെടുക്കുന്നു. ഉടൻ തന്നെ ആ ചുമരു പണ്ടേപ്പോലെ പണിതു ശരിപ്പെടുത്തുകയും ചെയ്യും[1]. അല്ലെങ്കിൽ പ്രകോപിതമായ പരേതാത്മാവു്, പോയവഴിയേ തിരിച്ചുവന്നു വീട്ടുകാരെ ഉപദ്രവിക്കുമെന്നാണു് അവരുടെ വിശ്വാസം.

ശവം, സംസ്കാരത്തിനുവേണ്ടി പെട്ടിയോടെ പുറത്തേയ്ക്കെടുത്തു്, നഗരവീഥിയിലൂടെ കൊണ്ടുപോകുമ്പോൾ, പാതവക്കുകളിൽ മരക്കുടിലുകൾ ഉണ്ടാക്കി, പട്ടുകൊണ്ടു വിതാനിച്ചു്, മൃതദേഹത്തെ അവയിൽ വിശ്രമിപ്പിക്കാറുണ്ടു്. പരേതാത്മാവിൻെറ യാത്രാക്ഷീണം തീർക്കാനെന്ന സങ്കല്പത്തിൽ, റൊട്ടി, മാംസം, മദ്യം എന്നിവ ശവപ്പെട്ടിയുടെ അടുക്കൽ പിന്നേയും സൂക്ഷിക്കുന്നു. മൃതദേഹം ചിതയിൽ, ദഹിപ്പിക്കപ്പെടുന്നതുവരെ, പരേതൻെറ ആത്മാവു്, ആ അന്തരീക്ഷത്തിൽ വിഹരിക്കുന്നുണ്ടെന്നും അവർ വിശ്വസിക്കുന്നു. ശവപ്പറമ്പിലെത്തിയാൽ, പുരുഷന്മാർ, സ്ത്രീകൾ, കുതിരകൾ, ഒട്ടകങ്ങൾ, നാണയങ്ങൾ, വസ്ത്രങ്ങൾ, ഭക്ഷ്യസാധനങ്ങൾ, വാദ്യോപകരണങ്ങൾ എന്നിവയുടെ രൂപങ്ങൾ കലാഭംഗിയോടെ വരച്ചു ചായം കൊടുത്ത 'മരത്തോൽച്ചിത്രങ്ങൾ', പരേതബന്ധുക്കൾ, മൃതദേഹത്തോടൊപ്പം

---

1. "ഈ ആചാരം ചൈനയിൽ സാർവ്വത്രികമല്ലെങ്കിലും, ചില ദിക്കുകളിൽ ഉള്ളതായി പല സഞ്ചാരികളും രേഖപ്പെടുത്തിയിട്ടുണ്ടു്"

—ഹാട്ട്

ചിതയിലെറിഞ്ഞു ദഹിപ്പിക്കുന്നു. ഈ ദഹിപ്പിച്ച ചിത്രങ്ങളുടെ എണ്ണത്തിന്നനുസരിച്ച ഭൃത്യന്മാർ, ദാസിമാർ, കന്നുകാലികൾ, മററു സുഖോപകരണങ്ങൾ എന്നിവയെല്ലാം, ആത്മാവിനു പരലോകത്തിലും ലഭിക്കുമെന്ന വിശ്വാസമാണ് അവരെ ഇങ്ങനെ ചെയ്യിക്കുന്നതു്.

# അദ്ധ്യായം ഏഴ്

[കമാൽസംസ്ഥാനവും, മററു പല രാജ്യങ്ങളും. എസീനാനഗരം—പിന്നെയുമൊരു മരുഭൂമി.]

മഹാനായ ഖാൻെറ പരമാധികാരത്തിൻകീഴിൽ, അനേകം നഗരങ്ങളും ജനപദങ്ങളും നിറഞ്ഞ, വിസ്തൃതമായ താൻഗത്ത്‌രാജ്യത്തിലെ ഒരു പ്രധാനസംസ്ഥാനമാണ് 'കമാൽ'[1]. പ്രധാനനഗരം കമാൽതന്നെ. ഈ സംസ്ഥാനം രണ്ടു മരുഭൂമികളാൽ വലയംചെയ്യപ്പെട്ടിരിക്കുന്നു. കുറച്ചു മുമ്പു പറഞ്ഞ ആ മഹാമരുഭൂമിയും, മൂന്നു ദിവസത്തെ വഴിവ്യാപ്തിയുള്ള മറെറാരു ചെറിയ മരുപ്രദേശവും. എങ്കിലും സുഖജീവിതത്തിന്നാവശ്യമുള്ള എല്ലാ വസ്തുക്കളാലും ഈ സംസ്ഥാനം സമ്പന്നമാകുന്നു. ദേശവാസികൾ മുഴുവൻ വിഗ്രഹാരാധനക്കാരാണ്. സ്വന്തം ഭാഷയുണ്ടു്. കായികവിനോദം, സംഗീതം, നൃത്തം, സദ്യയുണ്, എഴുത്തു്, വായന—ഇവയ്ക്കുവേണ്ടിമാത്രമാണ്, ഇവർ ജനിച്ചതെന്നു തോന്നും. ആ സംസ്ഥാനത്തിലൂടെ കടന്നുപോകുന്ന ഒരു യാത്രക്കാരൻ, വിശ്രമത്തിനുവേണ്ടി അവിടെ ഏതെങ്കിലും ഒരുവൻെറ വസതിയിൽ അപ്രതീക്ഷിതമായി ചെന്നുപെട്ടാൽ, ഗൃഹനായകൻ അയാളെ അതിരററ ആഹ്ലാദത്തോടെ സ്വാഗതം

1 ഗോബിമരുഭൂമിക്കു വടക്കുള്ള ഹാമീസംസ്ഥാനം.

ചെയ്യുകയും അതിഥി അവിടെ താമസിക്കുവാൻ ഇഷ്ടപ്പെട്ടുവോളം കാലം, അദ്ദേഹത്തിൻെറ എല്ലാ അഭിലാഷങ്ങളും സാധിച്ചുകൊടുക്കാൻ തൻെറ ഭാര്യയേയും, പുത്രിമാർ, സഹോദരിമാർ എന്നിവരേയും ഏല്പിച്ചിട്ടുത്തിയശേഷം ഗൃഹനായകൻ വീടുവിട്ടു പുറത്തേയ്ക്കു പോവുകയും ചെയ്യും. ആഗതൻ വീട്ടിൽനിന്നു പോയിക്കഴിഞ്ഞല്ലാതെ, ഗൃഹനാഥൻ സ്വവസതിയിൽ മടങ്ങിവരികയില്ല. ഈ കാലമത്രയും, ആ പരദേശി, തൻെറ ആതിഥേയൻെറ ഭാര്യയുടേയും സഹോദരിമാരുടേയും പെൺമക്കളുടേയുംകൂടെ, മാറിമാറി ശയിക്കുന്നു, സ്വന്തം ഭാര്യമാരുടെകൂടെ എന്നപോലെ[1]. ഈ രാജ്യത്തെ സ്ത്രീകൾ സൌന്ദര്യവതികളും, ഭർത്താക്കന്മാരുടെ ഇത്തരം നിർദ്ദേശങ്ങൾ ഇഷ്ടപ്പെടുന്നവരുമാകുന്നു. പുരുഷന്മാരാകട്ടെ, ഈദൃശമായ അതിഥിപൂജകൊണ്ടു്, ഇഷ്ടദേവതാപ്രീതി വരുത്തി, എല്ലാത്തരം ഭൌതികൈശ്വര്യങ്ങളും കയ്യടക്കാൻ കമ്പംകൊള്ളുന്ന പമ്പരവിഡ്ഢികളുമാണു്. ഇന്നാട്ടുകാരുടെ ഈ വിഡ്ഢിത്തത്തെപ്പററി കേട്ടറിഞ്ഞ 'മങ്കുഖാൻ', ഈ വെറുക്കപ്പെടേണ്ട ദുരാചാരം ഇനിമേൽ അനുഷ്ഠിക്കരുതെന്നു് അവരോടാജ്ഞാപിച്ചു. അതനുസരിച്ചു മൂന്നു കൊല്ലത്തോളം, ആ തൊഴിൽ നിർത്തിവെയ്ക്കപ്പെട്ടു. പക്ഷേ മുൻപതിവുപോലുള്ള ഐശ്വര്യാഭിവൃദ്ധികൾ തങ്ങൾക്കു കിട്ടുന്നില്ലെന്നു കണ്ടും, ഗാർഹികമായ കലഹങ്ങൾമൂലവും, അവർ, ഖാൻെറ അടുക്കലേയ്ക്കു തങ്ങളുടെ പ്രതിനിധികളെ അയച്ചു്, പരമസങ്കടകരമായ ആ നിരോധനാജ്ഞ പിൻവലിക്കണമെന്നും, പൂർവ്വികന്മാരാൽ നല്കപ്പെട്ടതും, അനേകനൂററാണ്ടുകളായി നിലനിന്നുവന്നതുമായ ആ 'വിശുദ്ധാചാരം' വിലക്കരുതെന്നും അദ്ദേഹത്തോടപേക്ഷിച്ചു. ഖാൻ ഇങ്ങനെ മറുപടി പറഞ്ഞു: "അവഹേളനവും, അപമാനവുമാണു് നിങ്ങൾക്കിനിയും വേണ്ടതെങ്കിൽ, അവ നിങ്ങൾക്കു

---

1 "അതിഥി അവിടെ തൻെറ താമസത്തിനു വേണ്ടിവന്ന എല്ലാ ചെലവുകളും സ്വയംവഹിക്കണമെന്നുണ്ടു്. മാക്കൊ—ലെതാം.

വീണ്ടും അനുവദിച്ചിരിക്കുന്നു. പോയി നിങ്ങളുടെ പരിചയം പുതുക്കുക.'' ഈ സന്ദേശവും വഹിച്ചുകൊണ്ടു്, കമാലിലേയ്ക്കു പാഞ്ഞെത്തിയ പ്രതിനിധികൾ, ആ രാഷ്ട്രത്തിന്നാകമാനം അളവില്ലാത്ത ആനന്ദമാണു് കൊണ്ടുവന്നതു്. ഈ ആചാരം അന്നാട്ടുകാർ, ഇന്നും ഒന്നൊഴിയാതെ പാലിച്ചുപോരുന്നു.

കമാൽ കഴിഞ്ഞാൽ, 'ചിൻചിൻതലാസ്'' എന്ന സംസ്ഥാനമായി. ഇതിന്റെ വടക്കെ അതിർത്തി പതിനാറു ദിവസത്തെ യാത്രാദൈർഘ്യമുള്ള ഒരു മരുഭൂമിയാണു്. ഈ സംസ്ഥാനവും മഹാനായ ഖാന്റെ ഭരണത്തിലാകുന്നു. ഇവിടെ വലിയ നഗരങ്ങളും കോട്ടകളുമുണ്ടു്. ജനങ്ങൾ മൂന്നു ജാതിക്കാരാണു്. അപൂർവ്വം ചിലർ ക്രിസ്തുവിനെ അംഗീകരിച്ചിരിക്കുന്നു—നെസ്റ്റോറിയന്മാർ. മററുള്ളവർ, മുഹമ്മദിനെ ആരാധിക്കുന്നു. മൂന്നാംകൂട്ടർ വിഗ്രഹാരാധകന്മാരാണു്. ഇവിടെയുള്ള പർവ്വതത്തിൽ, ഉരുക്കുഖനികളും, വസ്ത്രങ്ങൾ നെയ്യാൻ പററിയ രോമങ്ങളുള്ള 'സാലമാൻഡർ,[1] എന്ന ഒരു ജന്തുവും ധാരാളമുണ്ടെന്നു പറയപ്പെടുന്നു. എന്നാൽ എന്റെ ഒരു സ്നേഹിതനും, അവിടത്തെ ലോഹവേലകളുടെ മേൽനോട്ടം വഹിച്ചിരുന്നവനുമായ, തുക്കിക്കാരൻ 'കുരീഫാർ' എന്നോടു പറഞ്ഞപോലെ, ഈ വസ്ത്രം വാസ്തവത്തിൽ ഒരുതരം ധാതുദ്രവ്യം[2] കൊണ്ടുണ്ടാക്കിയിട്ടുള്ളതാണു്. കമ്പിളിരോമത്തിനോടു സദൃശമായ ഒരുതരം നൂൽ ഉല്പാദിപ്പിക്കാവുന്ന ഒരു പ്രത്യേകജാതി ധാതുപദാർത്ഥം ആ പർവ്വതത്തിലുണ്ടു്. ഈ നനുത്ത ധാതുദ്രവ്യം വെയിലത്തുണക്കി, പിച്ചളഉരലിൽ ഇട്ടിടിച്ചു പതംവരുത്തി, മണ്ണിന്റെ അംശംമുഴുവൻ കഴുകിക്കളഞ്ഞു്,

1 ഇംഗ്ലീഷ്നിഘണ്ടുവിൽ 'സാലമാൻഡർ' എന്ന പദത്തിനു്, 'വെള്ളത്തിലും കരയിലും ജീവിക്കാൻ കഴിയുന്നതും, അരണജാതിയിൽപ്പെട്ടതും, തീയിൽ ചാകാത്തതുമായ ഒരു സങ്കല്പജന്തു'—എന്നാണർത്ഥം കാണുന്നതു്.

2 ആസ്ബെസ്റ്റോസ് ആണെന്നു ഫാട്ട്.

വീണ്ടും ഉണക്കി വൃത്തിയാക്കുന്നു. ഈ ലോഹനാരുകൾ പിരിച്ചു നൂലാക്കി വസ്ത്രം നെയ്യുന്നു. ഈ ലോഹവസ്ത്രങ്ങൾ ഒരു മണിക്കൂറോളം തീയിലിട്ടു ശുദ്ധിചെയ്യുന്നതാൽ, അവയ്ക്കു മഞ്ഞിനേക്കാൾ കൂടുതൽ വെളുപ്പുനിറം കിട്ടുന്നു. ഈ വസ്ത്രങ്ങളിൽ ചെളിയോ കറയോ പററിയാൽ പിന്നെയും തീയ്യിലിട്ടാണ് ശുദ്ധിയും വെണ്മയും വരുത്തുക. തീയ്യിലിടുക എന്നതല്ലാതെ മറെറാരുതരം അലക്കും ഈ വസ്ത്രത്തിനില്ല.

അതല്ലാതെ, തീയ്യിൽ ജീവിക്കുന്നു എന്നു പറയപ്പെടുന്ന അരണയേയോ പാമ്പിനേയോ ഈ കിഴക്കൻരാജ്യങ്ങളിൽ എനിക്കു കാണാൻ സാധിച്ചിട്ടില്ല. എങ്കിലും ദിവ്യ ഉറുമാൽ പൊതിഞ്ഞുവെയ്ക്കുന്നതിന്നായി, റോമിലെ ബിഷപ്പിനു മഹാനായ ഖാൻ നല്കിയതും, തീപിടിക്കാത്ത 'സാലമാൻഡർ'രോമത്തിൽ നെയ്തെടുത്തതുമായ ഒരു കൈത്തോർത്ത് ഇപ്പോഴും റോമിലുണ്ടെന്ന് ഇന്നാട്ടുകാർ അവകാശപ്പെടുന്നു. ഈ സംസ്ഥാനം പിന്നിട്ടു കഴിഞ്ഞാൽ, കിഴക്കും വടക്കുകിഴക്കുമായി പത്തുദിവസത്തെ യാത്രചെയ്യേണ്ടതുണ്ട്. ഈ യാത്രയ്ക്കിടയിൽ പറയത്തക്ക മനുഷ്യവാസമോ, പ്രസ്താവ്യമായ സവിശേഷതകളോ ഇല്ല. അത്രയും കഴിഞ്ഞാൽ 'സുക്കീർ'[1] എന്ന പ്രദേശമായി. ഇവിടെ താമസിക്കുന്നവരിൽ ഭൂരിഭാഗവും വിഗ്രഹപൂജക്കാരാകുന്നു. കുറച്ചു കൃസ്ത്യാനികളും ഉണ്ട്. എല്ലാവരും മഹാനായ ഖാൻെറ കീഴാളരാകുന്നു. വ്യാപാരമല്ല, കൃഷിയാണ് ജീവിതമാർഗ്ഗം. ഈ പ്രദേശത്ത് ഒന്നാന്തരം 'റുബാർ'[2] ച്ചെടികൾ വളരുന്നു. ഈ വിശേഷതരം ചെടി ലോകത്തിൻെറ നാനാഭാഗങ്ങളിലേയ്ക്കും കൊണ്ടുപോകപ്പെടുന്നു. ഇവ വളരുന്ന വനങ്ങളിലേയ്ക്കു പ്രവേശിക്കാൻ, അപരിചിതന്മാർ ധൈര്യപ്പെടാറില്ല. എന്തെന്നാൽ

1 'സൂച്ചൗ'—കിയാങ്ങ്സുസംസ്ഥാനത്തിൽ.

2 വലിയ ഇലകളുള്ളതും ആഹാരത്തിനും, മരുന്നിനും ഉപയോഗിക്കുന്നതുമായ ഒരു മദ്ധ്യേഷ്യൻചെടി.

അവിടത്തെ വിഷവീര്യമുള്ള മററു ചെടികൾ വാഹനമൃഗങ്ങൾ തിന്നുപോയാൽ, അവയ്ക്കു രോഗവും കുളമ്പുനാശവും സുനിശ്ചിതമാണ്. നാട്ടുകാൎക്ക് അത്തരം ചെടികളെ തിരിച്ചറിയാം. അതിനാൽ, അവയെ ഒഴിവാക്കി, സഞ്ചരിക്കാൻ അവൎക്കു സാധിക്കും. ഈ രാജ്യത്തിൻേറയും, താഴെ പറയുന്ന രണ്ടു രാജ്യങ്ങളുടേയും, പൊതുവിലുള്ള പേർ 'താൻഗത്തു്'[1] എന്നാകുന്നു. താൻഗത്തിലെ പ്രധാനനഗരമാണ്, 'കാംപിയൺ.'[2] അവിടെ ക്രിസ്ത്യാനികൾ ഉണ്ടു്. സുന്ദരങ്ങളായ മൂന്നു ക്രിസ്ത്യൻപള്ളികളും. മുഹമ്മദീയരും, വിഗ്രഹാരാധനക്കാരുമാണ് മററുരണ്ടു സമുദായങ്ങൾ. ബിംബാരാധകന്മാർ അൎച്ചനചെയ്യുന്ന അനേകം സന്യാസിമഠങ്ങളും ഇവിടെ കാണാം. ഈ വിഗ്രഹങ്ങൾ, കല്ല്, മരം, മണ്ണ് എന്നിവയിൽ, കലാകുശലതയോടെ നിൎമ്മിക്കപ്പെട്ടവയാണ്. സ്വൎണ്ണത്തകിടുകൾകൊണ്ടു് അവ പൊതിയപ്പെടുന്നു. ചില ബിംബങ്ങൾക്കു പത്തടിയോളം നീളം കാണും. തറയിൽ ബലത്തിൽ ഉറപ്പിച്ചുനിൎത്തിയിട്ടുള്ള വലിയ ബിംബത്തിൻെറ ചുററുമായി, അവയ്ക്കു ബഹുമാനം നല്കിക്കൊണ്ടെന്നവണ്ണം ചെറുബിംബങ്ങൾ പ്രതിഷ്ഠിതങ്ങളായിരിക്കുന്നു. ജനങ്ങൾ എല്ലാ വിഗ്രഹങ്ങളേയും യഥോചിതം പൂജിക്കുന്നു. ഇവരിൽ, കൂടുതൽ ഭക്തന്മാരായവർ സാധാരണന്മാരേക്കാൾ വളരെ ശുദ്ധവും സദാചാരപരവുമായ ജീവിതം നയിക്കുന്നവരാണ്. വ്യഭിചാരംതുടങ്ങിയ മലിനവൃത്തികളിൽ അവർ തെല്ലും വ്യാപൃതരാകുന്നില്ല. എങ്കിലും അന്നാട്ടിൽ മൂഢത്വം ഒരു പരിതാപകരമായ പാപമായി പരിഗണിക്കപ്പെട്ടിട്ടില്ല. എന്തെന്നാൽ അവരുടെ അഭിപ്രായത്തിൽ, ഒരുസ്ത്രീസ്വമേധയാ പുരുഷനോടാവശ്യപ്പെടുകയാണെങ്കിൽ അയാൾക്കു പാപബോധം കൂടാതെതന്നെ അവളെ അനുഭവിക്കാം. എന്നാൽ പുരുഷൻ ആദ്യം അങ്ങോട്ടപേക്ഷിച്ച് അവളെ വശം

---

1 ടാൻഗട്ട്, എന്നും, താൻഗത്തു് എന്നും പറയുന്നതു് ഒരേസ്ഥലംതന്നെ.

2 കാൻചൗ.

വദയാക്കുകയാണെങ്കിൽ അതു പാപമായി. അന്നാട്ടുകാർ കാല ഗണന ചെയ്യുന്നതു ചന്ദ്രനെ അടിസ്ഥാനപ്പെടുത്തിയാണു്. ശു ക്ലപക്ഷത്തിലെ, മൂന്നോ നാലോ പ്രത്യേകദിവസങ്ങളിൽ അവർ വ്രതമാചരിക്കുന്നു. ആ ദിവസങ്ങളിൽ അവർ ജന്തുക്കളെ കൊ ല്ലുകയോ, മാംസം ഭക്ഷിക്കുകയോ ചെയ്യുന്നില്ല. ഒരു സാധാരണ ക്കാരനു്, ഇരുപതോ, മുപ്പതോ, അഥവാ അയാൾക്കു സംരക്ഷി ക്കാൻ കഴിവുള്ളിടത്തോളമോ ഭാൎയ്യമാരുണ്ടായിരിക്കും. എങ്കിലും ആദ്യഭാൎയ്യക്കാണു്, മാന്യതയും, നിയമസാധുതയും കല്പിക്കപ്പെ ടാറു്. ഭത്താവു ഭാൎയ്യയിൽനിന്നു സ്ത്രീധനം പററുന്നില്ല. നേരെ മറിച്ചു തൻെറ കഴിവനുസരിച്ചു്, ധനവും, ഭവനവും, കന്നുകാ ലികളും അയാൾ ഭാൎയ്യക്കുവേണ്ടി നീക്കിവെയ്ക്കുന്നു. തനിക്കു വെ റുപ്പുതോന്നുന്ന ഭാൎയ്യയെ ഉപേക്ഷിക്കാൻ ഭത്താവിനു നിയമപര മായ അവകാശമുണ്ടു്. സ്വന്തം രക്തബന്ധത്തിൽപ്പെട്ടവരേയോ, ഭാൎയ്യയുടെ അമ്മയേയോ പരിഗ്രഹിക്കാനും അയാൾക്കു സങ്കോ ചമില്ല. ആ നാട്ടിൽ, ചില കാര്യങ്ങൾ പ്രമാണിച്ചു് എനിക്കു് അച്ഛനോടുകൂടി ഒരു കൊല്ലത്തോളം താമസിക്കേണ്ടിവന്നിട്ടുണ്ടു്. 'കാംപിയണി'ൽനിന്നു പന്ത്രണ്ടുദിവസത്തെ യാത്രകൊണ്ടു നി ങ്ങൾക്കു് 'എസീനാ'[1] നഗരത്തിൽ എത്താം. വടക്കുഭാഗത്തു് ഒ രു മണൽക്കാട്ടു് അതിരായിട്ടുള്ള ഈ പ്രദേശവും, 'താൻഗത്തു്' രാജ്യസീമയിൽ പെട്ടതുതന്നെ. ധാരാളം ഒട്ടകങ്ങളും മററനേകം മൃഗങ്ങളും അവിടെ വളരുന്നു. സസ്യഭുക്കുകളായ ബിംബാച്ചന ക്കാരാണു്,[2] നാട്ടുകാർ. കൃഷിയൊഴിച്ചു്, വ്യാപാരം, കൈത്തൊ ഴിൽ തുടങ്ങിയ ഒന്നിലും അവർ തല്പരരല്ല.

മുകളിൽ വിവരിച്ച എല്ലാ സംസ്ഥാനങ്ങളും നഗരങ്ങളും— സാക്കിയോൺ, കമാൽ, ചിൻചിൻതലാസ്, സുക്കീർ, കാംപി യൺ, എസീന ഇവയെല്ലാം—'താൻഗത്തു്'സാമ്രാജ്യത്തിൽ പെട്ടതാണെന്ന കാര്യം മറക്കരുതു്.

---

1 മംഗോളിയയിലെ കാരക്കോട്ടൊ നഗരം.

2 ബുദ്ധമതക്കാർ.

# അദ്ധ്യായം എട്ട്

[കാരക്കോറം നഗരം; താത്താറിവർഗ്ഗക്കാർ—അവരുടെ രാഷ്ട്രത്തിന്റെയും, രാജാക്കന്മാരുടേയും സമഗ്രമായ ചരിത്രം.]

മുകളിൽ സൂചിപ്പിച്ച മരുഭൂമി കടന്നു വടക്കോട്ടു ചെന്നാൽ, നിങ്ങൾ കാരക്കോറം[1] നഗരത്തിലെത്തുന്നു. മൂന്നുമൈൽ നീളമുള്ള ഈ നഗരം, ചുറ്റും മൺകോട്ടകളാൽ സുരക്ഷിതമാക്കിയിരിക്കുന്നു — കല്ല്, അവക്കില്ല. അതിന്റെ ഒരു ഭാഗത്തു കോട്ടമാളികയും ഉള്ളിൽ ഗവർണ്ണർ താമസിക്കുന്ന രമ്യഹർമ്മ്യവുമുണ്ട്. ലോകത്തിലെങ്ങുമുള്ള താത്താറിജനത മുഴുവൻ പണ്ടുകാലംമുതല്ക്കേ ഇവിടെയാണ് ഒന്നിച്ചുകൂടുക പതിവ്. അവർ എങ്ങിനെയാണ് ഒരു സാമ്രാജ്യത്തിന്റെ അവകാശികളായതെന്ന് ഇവിടെ പ്രതിപാദിക്കാം. നഗരങ്ങളോ ഗ്രാമങ്ങളോ ഇല്ലാത്തതും എന്നാൽ വിസ്തൃതമായ മേച്ചിൽസ്ഥലങ്ങളും പുഴകളും തടാകങ്ങളും ധാരാളമുള്ളതുമായ വടക്കൻസമതലങ്ങളിലാണ്, പ്രത്യേകിച്ചും 'കുർസാ'[2], 'ബാർഗ്ഗ'[3] എന്നിവിടങ്ങളിലാണ്, പുരാതനകാലത്തു താത്താറികൾ താവളമടിച്ചിരുന്നത്. അന്ന് അവരുടെ സമുദായത്തിൽ, രാജാവോ, രാഷ്ട്രീയമോ ഉണ്ടായിരുന്നില്ല. 'അംകൻ'[4] എന്ന ഒരു രാജാവിനു് അവർ കപ്പംകൊടുത്തിരുന്നു. ചിലരുടെ അഭിപ്രായത്തിൽ, താത്താറിഭാഷയിലെ ഈ 'അംകൻ'പദത്തിനു നമ്മുടെ ഭാഷയിൽ 'പ്രെസ്ബിററർ' അഥവാ 'ജോൺ പുരോഹിതൻ' എന്നാണർത്ഥം.[5] അദ്ദേഹത്തിനു താത്ത

---

1 മംഗോളിയൻസാമ്രാജ്യത്തിന്റെ തലസ്ഥാനം.

2 മഞ്ചൂറിയാ.

3 ബേയ്ക്കൽ.

4 ഉങ്ഖാൻ.

5 "ഈ പരാമർശം ചരിത്രവസ്തുതകൾക്കു നിരക്കാത്തതാണ്"
—ഫാട്ട്.

റികൾ കൊല്ലംതോറും തങ്ങളുടെ കന്നുകാലികളിൽ പത്തിലൊന്നു കപ്പമായി കൊടുത്തിരുന്നു. കാലക്രമേണ അംകനു ഭയം ജനിക്കത്തക്കവിധത്തിൽ, താത്തറികളുടെ സംഖ്യാബലം വദ്ധിച്ചു. അതിനാൽ തന്റെ രക്ഷയ്ക്കുവേണ്ടി, അവരെ നാനാഭാഗത്തേയ്ക്കും പിരിച്ചുവിടുവാൻ അംകൻ ശ്രമിച്ചുകൊണ്ടിരുന്നു. അവരിൽ ഏതെങ്കിലും ഒരു പ്രമാണി കലഹിച്ചാൽ അയാളോടൊപ്പം മുന്നൂറോ നാന്നൂറോ താത്തറികളെ അംകൻ നാടുകടത്തുകയും, അങ്ങിനെ അവരുടെ സംഘടനാശക്തി ക്ഷയിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ, തങ്ങളുടെ ശക്തി അനുദിനം ക്ഷയിച്ചുവരുന്നതറിഞ്ഞ താത്തറികൾ, കൂട്ടത്തോടെ തങ്ങളുടെ മൂലജന്മദേശം ഉപേക്ഷിച്ച്, കുറെക്കൂടി സുരക്ഷിതമായ വടക്കൻമരുഭൂമികളിലേയ്ക്കു കുടിയേറിപ്പാർക്കുകയും, അംകനു കൊടുത്തുവന്നിരുന്ന കപ്പം നിത്തലാക്കുകയും ചെയ്തു.

അങ്ങിനെ കൃസ്തുവിനുശേഷം 1162-ൽ കുറേക്കാലമായി പരിചയപ്പെട്ട സാമൂഹ്യജീവിതത്തിന്റേയും, അനുഭവിച്ച രാഷ്ട്രീയയാതനകളുടേയും ഫലമായി, താർത്തറികൾ തങ്ങൾക്കു സ്വന്തമായി ഒരു രാജാവിനെ തിരഞ്ഞെടുത്ത്, ഭരണകൂടം സ്ഥാപിച്ചു—ബുദ്ധിമാനും യുദ്ധവീരനും, പ്രസിദ്ധനുമായ 'ചെങ്കിസ്ഖാൻ. ഒരു വെറും 'രാജാവ്' എന്ന നിലയേക്കാൾ ദൈവം എന്ന നിലയിൽ സ്വപ്രജകളാൽ പരിഗണിക്കപ്പെടുവാനും, ആദരിക്കപ്പെടാനും ഇടവരത്തക്കവിധത്തിൽ, അത്ര പ്രജാവാത്സല്യത്തോടും നീതിബോധത്തോടുംകൂടിയാണ് ചെങ്കിസ്ഖാൻ ഭരണമാരംഭിച്ചതു്. ഈ പ്രശസ്തിയുടെ ഫലമായി വിവിധരാജ്യങ്ങളിൽ പാത്തിരുന്ന എല്ലാ താർത്തറിക്കാരും അദ്ദേഹത്തെ തങ്ങളുടെ കുലചക്രവത്തിയായി അംഗീകരിച്ചു. അദ്ദേഹമാകട്ടെ, താൻ ഇത്രയധികം ധീരയോദ്ധാക്കളുടെ നേതാവാണെന്നറിഞ്ഞപ്പോൾ, ഈ മണലരണ്യജീവിതം ഉപേക്ഷിക്കാനും, അനുയായികളെ സജ്ജീകൃതശസ്ത്രരാക്കി, നാടുകളും നഗരങ്ങളും ഒന്നിനുപിറകെ ഒന്നായി കീഴടക്കാനും തുടങ്ങി. പിടിച്ചെടുത്ത രാജ്യ

ങ്ങളിൽ, തദ്ദേശവാസികൾക്കു് അതൃപ്തിവരാത്തവിധം ഭരണം നിർവ്വഹിക്കുവാൻ യോഗ്യരായ ഗവർണ്ണർമാരെ നിയോഗിച്ചു. കീഴടക്കിയ രാജ്യങ്ങളിലെ നേതാക്കന്മാരെ തൻെറ കൊട്ടാരത്തിലേയ്ക്കു ചെങ്കിസ്ഖാൻ ക്ഷണിക്കുകയും, അവക്കു വിലയേറിയ സമ്മാനങ്ങൾ നല്കി, അവരെ സ്വാധീനിക്കുകയും ചെയ്തു. അങ്ങിനെ മഹത്തായ ശക്തിയും കീത്തിയും സമാജ്ജിച്ച ചെങ്കിസ്ഖാൻ അംകൻെറ സന്നിധിയിലേയ്ക്കു തൻെറ പ്രതിപുരുഷന്മാരെ അയയ്ക്കുകയും അംകൻെറ പുത്രിയെ തനിക്കു ഭായ്യയായി നല്കണമെന്നു്, പ്രതിപുരുഷന്മാർവഴി അദ്ദേഹത്തോടാവശ്യപ്പെടുകയും ചെയ്തു. ഖാൻെറ ഈ അഭ്യത്ഥനയെ അപമാനകരമെന്നു കരുതി, ചെങ്കിസ്ഖാൻെറ പ്രതിപുരുഷന്മാരെ തിരസ്കരിച്ചുകൊണ്ടു്, അംകൻ കുപിതനായി, പറഞ്ഞു: "എന്തു്? എൻെറ ഭൃത്യൻ എൻെറ മകളെ ആവശ്യപ്പെടുകയോ? നിങ്ങൾ എൻെറ കൺമുമ്പിൽനിന്നു് ഉടനെ പോയ്ക്കൊള്ളുക. ഇത്തരം ഒരു അധികപ്രസംഗം വീണ്ടും ആവത്തിച്ചാൽ അവൻ പീഡാകരമായ മരണത്തിനു പാത്രമാകുമെന്നു നിങ്ങളുടെ യജമാനനെ ഓമ്മിപ്പിച്ചേയ്ക്കുക."

വിവരമറിഞ്ഞ ചെങ്കിസ്ഖാൻ, ഒരു വലിയ സൈന്യത്തെ സജ്ജമാക്കി, 'തണ്ടൂക്ക്' എന്ന ഒരു വിസ്തൃതമൈതാനത്തിൽ താവളമടിച്ചു. ദൂതനെ അയച്ചു് അദ്ദേഹം അംകനെ അറിയിച്ചു, വേണമെങ്കിൽ ആത്മരക്ഷയ്ക്കു തയ്യാറായിക്കൊള്ളുക, എന്നു്. എന്നാൽ അംകനും വിട്ടില്ല. അദ്ദേഹം ഒരു പ്രബലസേനയെ സംഘടിപ്പിച്ചു ശത്രുസങ്കേതം ലക്ഷ്യമാക്കി പ്രയാണംചെയ്തു. യുദ്ധത്തിൻെറ ഗതിവിഗതികളും അന്തിമഫലവും എന്തായിരിക്കുമെന്നു പ്രവചിക്കുവാൻ, ചെങ്കിസ്ഖാൻ തൻെറ ജ്യോതിഷപണ്ഡിതന്മാരോടാജ്ഞാപിച്ചു. അവർ ഒരു മുളക്കുഴലിനെ നീളത്തിൽ രണ്ടായി പിളന്നു മണ്ണിൽ കുത്തിനിത്തി, ഒന്നിന്മേൽ 'ചെങ്കിസ്ഖാൻ' എന്നും മറേറതിൽ 'അംകൻ' എന്നും പേർ കൊത്തിവെച്ചശേഷം, രാജാവിനോടു പറഞ്ഞു: "ഞങ്ങൾ മ

ന്ത്രോച്ചാരണം ചെയ്യുന്നതിന്നിടയ്ക്കു ദൈവശക്തിയാൽ ഈ രണ്ടു മുളക്കഷണങ്ങൾ തമ്മിൽ സംഘട്ടനം നടക്കുന്നുണ്ടാവും. ഒടുവിൽ ഏതു മുളക്കോലാണോ മറേറതിൽ ചാടിക്കയറിയിരിക്കുന്നതു്, അതു പ്രാതിനിധ്യം വഹിക്കുന്ന രാജാവായിരിക്കും ജേതാവു്." ഈ മുളക്കോൽസമരം കാണുവാൻ ജനങ്ങൾ തടിച്ചുകൂടി. ജ്യോത്സ്യന്മാർ പ്രാർത്ഥനാമന്ത്രങ്ങൾ ഉച്ചരിച്ചു. മുളക്കഷണങ്ങൾ തമ്മിലേററുമുട്ടി. ഒടുവിൽ 'ചെങ്കിസ്ഖാൻ മുളക്കോൽ' 'അംകൻകോലി'ന്മേൽ ചാടിക്കയറി. ഇതു കണ്ടുനിന്ന താർത്താറികൾ തങ്ങളുടെ വിജയം സുനിശ്ചിതമെന്നു കണ്ടു ഹർഷാരവം ചെയ്തു. തുടർന്നു നടന്ന പൊരിഞ്ഞ യുദ്ധത്തിൽ അംകൻ വധിക്കപ്പെടുകയും അദ്ദേഹത്തിൻെറ സ്വത്തും സാമ്രാജ്യവും, പുത്രിയും ചെങ്കിസ്ഖാൻേറതാവുകയും ചെയ്തു. ഈ യുദ്ധത്തിനുശേഷം വേറേയും പല രാജ്യങ്ങൾ പിടിച്ചടക്കി, മുന്നേറിക്കൊണ്ടു്, ചെങ്കിസ്ഖാൻ ആറുവർഷംകൂടി ജീവിച്ചു. ഒടുവിൽ, 'തെയ്ഗിൻ' എന്ന ഒരു കോട്ട പിടിക്കാനുള്ള ഉദ്യമത്തിന്നിടയ്ക്കു മുട്ടുകാലിന്മേൽ ശത്രുവിൻെറ വിഷക്രൂരമ്പു തറഞ്ഞു് അദ്ദേഹം മൃതനായി. മൃതദേഹം 'ആൾട്ടായ്'പർവ്വതപ്രാന്തത്തിൽ രാജകീയാഭാടങ്ങളോടെ അടക്കംചെയ്യപ്പെട്ടു.

താർത്താറിജനതയുടെ ആദ്യരാജാവാണു് ചെങ്കിസ്ഖാൻ. രണ്ടാമൻ 'ചെൻഖാൻ'.* മൂന്നു്, 'ബത്തിൻഖാൻ'. നാലു്, 'ഏഘു'. അഞ്ചു്, 'മങ്കുഖാൻ'. ആറാമൻ അഖിലലോകപ്രതാപവാനായ 'ക്ലുബ്ളൈഖാൻ'. തൻെറ മുൻഗാമികളേക്കാളെല്ലാം ശക്തനും പ്രശസ്തനും, ആക്രമണങ്ങളെക്കൊണ്ടു പൈതൃകസാമ്രാജ്യത്തെ പതിന്മടങ്ങു വിപുലീകരിച്ചവനും ആയ ഈ മഹാൻ അറുപതു നീണ്ട വർഷങ്ങളോളം സിംഹാസനത്തിൽ വാണു. ഖാൻ എന്ന പേരിനു ചക്രവർത്തിയെന്നാണർത്ഥം. ചെങ്കിസ്

---

* 2, 4,—ഈ ചക്രവർത്തിമാർക്കു് കയുഖാൻ, എന്നും അത്താവുഖാൻ എന്നും പേർ പറഞ്ഞുകാണുന്നു.

ഖാൻെറ പിൻഗാമികളായ എല്ലാ രാജാക്കന്മാരേയും, രാജകുമാര ന്മാരേയും, അവർ എത്ര ദൂരെക്കിടന്നു മരിച്ചാലും, അവരുടെ മൃത ദേഹങ്ങൾ ആൾട്ടായ്പർവ്വതത്തിൽ കൊണ്ടുവന്നാണ് അടക്കം ചെയ്യപ്പെടാറ്. അതിനുവേണ്ടി നൂറു (100) ദിവസത്തെ യാത്ര ചെയ്യേണ്ടിവന്നാലും ശരി. ചക്രവർത്തിയുടെ മൃതദേഹവും വഹിച്ച് ആൾട്ടായ്യിലേക്കു പോകുന്ന രാജകിങ്കരന്മാർ, മാർഗ്ഗമദ്ധ്യത്തിൽ കണ്ടുമുട്ടുന്ന ജനങ്ങളെ, ഇപ്രകാരം പറഞ്ഞുകൊണ്ടു കൊല്ലുന്നു:—"പോവുക; നമ്മുടെ മഹാനായ ചക്രവർത്തിയുടെ കൂടെ. അടുത്തജന്മത്തിലും അദ്ദേഹത്തെത്തന്നെ സേവിക്കുക." ഒന്നാന്തരം കുറെ കുതിരകളേയും, ഈ സംസ്കാരച്ചടങ്ങോടനുബന്ധിച്ച് അവർ കൊല്ലുന്നു. കുബ്ളൈഖാൻെറ പിതാവായ മങ്കുഖാൻെറ മൃതദേഹം ആൾട്ടായ്പർവ്വതത്തിലേക്കു കൊണ്ടുപോകപ്പെട്ടപ്പോൾ, അകമ്പടിസേവിച്ചിരുന്ന പട്ടാളക്കാർ, ആ സന്ദർഭത്തിൽ പതിനായിരത്തിൽപരം പേരെ ഇപ്രകാരം ബലികഴിച്ചു എന്നാണ് ഞാൻ കേട്ടത്.

താർത്താറിവനിതകൾ ഭർത്താക്കന്മാരോടു ഗാഢമായ കൂറും വിശ്വസ്തതയും കാണിക്കുന്നു. താർത്താറിസ്ത്രീകളെസ്സംബന്ധിച്ചിടത്തോളം ഏററവും വലിയ അപമാനമായി അവർ കരുതുന്നതു വ്യഭിചാരമാകുന്നു. പക്ഷേ, പുരുഷന്മാർക്ക്, തങ്ങളുടെ സാമ്പത്തികക്കഴിവുപോലെ എത്ര ഭാര്യമാരെ വേണമെങ്കിലും വെച്ചുകൊണ്ടിരിക്കാം. എങ്കിലും പ്രഥമപത്നിക്കാണ് മാന്യതയും പ്രാമാണ്യവും കല്പിക്കപ്പെടുന്നത്. ഈ ഭാര്യമാരെല്ലാം ഒരേ മേല്പുരക്കു കീഴിൽ തികഞ്ഞ ഐകമത്യത്തോടെ പുലരുകയും, ഭർത്താവിൻെറ സുഖസൌകര്യാദികളിൽ വേണ്ടത്ര ശ്രദ്ധിക്കുകയും ചെയ്യുന്നു. കുടുംബത്തിലെ ആഭ്യന്തരഭരണം തികച്ചും സ്ത്രീകളുടെ കയ്യിലാണ്. വീട്ടാവശ്യത്തിനുള്ള സാധനസാമഗ്രികൾ വാങ്ങുന്നതും ഉല്പന്നങ്ങൾ വില്ക്കുന്നതും അവർതന്നെ. യുദ്ധത്തിലും നായാട്ടിലും, സഞ്ചരിച്ചുകൊണ്ടുള്ള കച്ചവടത്തിലുമാണ് പുരുഷന്മാർ, തല്പരരായിക്കാണുന്നത്. ലോകത്തിൽവെച്ച് ഏററവും നല്ല

പ്രാപ്പിടിയൻപരുന്തുകൾ (പുള്ള്) ഇവിടെയാണുള്ളത്. ഒന്നാന്തരം നായാട്ടുനായ്ക്കളും ധാരാളം. ജനങ്ങൾ നായാട്ടുവിഭവങ്ങൾ, പാൽ എന്നിവകൊണ്ടു കാലയാപനം ചെയ്യുന്നു. ഒട്ടകങ്ങൾ, കുതിരകൾ, നായ്ക്കൾ എന്നിവയേയും അവർ കൊന്നു തിന്നുന്നു. 'വെളുത്ത വീഞ്ഞ്'' എന്നു വിളിക്കപ്പെടുന്ന കുതിരപ്പാൽ കുടിക്കുന്നു. അച്ഛൻെറ മരണാനന്തരം, പെററമ്മയൊഴിച്ചുള്ള അദ്ദേഹത്തിൻെറ മററെല്ലാ ഭാര്യമാരേയും ഒരു പുത്രനു വേൾക്കാൻ, അവിടെ സ്വാതന്ത്ര്യമുണ്ട്. അതുപോലെ ഒരു സഹോദരൻെറ വിധവയെ, അയാളുടെ ജ്യേഷ്ഠാനുജന്മാർ വിവാഹം കഴിക്കുന്നതും അന്നാട്ടിൽ സാധാരണമാണ്. ഭർത്താക്കന്മാർ ഭാര്യാകുടുംബത്തിൽനിന്നു സ്ത്രീധനം വാങ്ങാറില്ല. നേരേമറിച്ചു പുരുഷൻ ഭാര്യക്കും ഭാര്യയുടെ അമ്മക്കും, ജീവനാംശത്തിനുള്ള സ്വത്ത്, നേരത്തെതന്നെ നീക്കിവെക്കും. തൻെറ പല ഭാര്യമാരിലായി ഒരു താത്താറിക്കാരന് അസംഖ്യം സന്താനങ്ങളുണ്ടായിരിക്കും. ഈ മനുഷ്യപ്പരപ്പ് അയാൾക്ക് ഒരു ഭാരമാണെന്നു പറയുകവയ്യ. എന്തെന്നാൽ അവരുടെയെല്ലാം കൂട്ടുപ്രയത്നംകൊണ്ട്, പിതാവിനു പല ആദായങ്ങളും ഉണ്ടാകുന്നു. പുത്രിമാർ കുടുംബഭരണത്തിലും, അടുക്കളപ്പണിയിലും അമ്മയെ സഹായിക്കുമ്പോൾ, പുത്രന്മാർ, നായാട്ട്, വിദേശവ്യാപാരംതുടങ്ങിയ കാര്യങ്ങളിൽ പിതാവിനോടു സഹകരിക്കുന്നു. ചെമ്മരിയാട്, കാള തുടങ്ങിയ കന്നുകാലികളെ കൂട്ടംകൂട്ടമായി താത്താറികൾ പോററിവളർത്തുന്നു. മേച്ചിൽസ്ഥലങ്ങളിൽ അവർ അവയോടൊന്നിച്ചു ജീവിക്കും. വേനല്ക്കാലത്തു മേച്ചിൽസൌകര്യമുള്ള മലമ്പ്രദേശങ്ങളിലേക്കും ശീതകാലത്ത്, ചൂടുള്ള പ്രദേശങ്ങളിലേക്കും അവർ കന്നുകാലികളോടൊന്നിച്ചു മാറിപ്പാർക്കും. അവരുടെ വീടുകൾ, സാധാരണയായി, വൃത്താകൃതിയിലുള്ളവയും, മുളക്കമ്പുകളും, രോമചർമ്മങ്ങളുംകൊണ്ടു നിർമ്മിക്കപ്പെട്ടവയുമാണ്. സ്ഥലം മാറേണ്ടിവരുമ്പോൾ, കൂടാരസാമഗ്രികളെല്ലാം അഴിച്ചെടുത്ത്, അടുക്കിക്കെട്ടി നാലു ചക്രങ്ങളുള്ള വണ്ടികളിൽ കയററിക്കൊണ്ടു

പോകുന്നു. അങ്ങിനെ ആവശ്യം തോന്നുമ്പോൾ അഴിച്ചെടുക്കാനും, വീണ്ടും സംഘടിപ്പിക്കാനും സൌകര്യമുള്ളവയാണു്, ആ കൂടാരങ്ങൾ. എവിടെ എങ്ങിനെ ഉറപ്പിച്ചാലും കൂടാരത്തിന്റെ പ്രവേശനദ്വാരം എപ്പോഴും തെക്കോട്ടായിരിക്കും. വെള്ളം തെല്ലും ചോരാത്ത, കട്ടിയുള്ള രോമചർമ്മങ്ങൾകൊണ്ടു മൂടിയതും, കാളയോ ഒട്ടകമോ വലിക്കുന്നതുമായ ഭംഗിയുള്ള ഇരുചക്രവണ്ടികളും അവർക്കുണ്ടു്. അത്തരം ചന്തമുള്ള വണ്ടികളിലാണു്, തങ്ങളുടെ ഭാര്യമാരേയും, കുട്ടികളേയും, വിലയുള്ള വീട്ടുസാമാനങ്ങളേയും കയററി, അസുഖകരമായ വെയിലോ, മഴയോ തട്ടാതെ, അവർ സഞ്ചരിക്കുന്നതു്.

ധനികരായ താത്തറികൾ, 'നീരണ്ണാർക്കണ്ണൻ' (Sable), നീർനായ എന്നിവയുടെ അതിമൃദുലമായ രോമചർമ്മമോ, തങ്കനൂലുകൾ തുന്നിപ്പിടിപ്പിച്ച പട്ടുവസ്ത്രങ്ങളോ ധരിക്കുന്നു. അവരുടെ വീട്ടുസാമാനങ്ങളും വിലപിടിച്ചവയായിരിക്കും. താത്തറികളുടെ യുദ്ധോപകരണങ്ങൾ, വില്ലു്, വാൾ, മഴു, കുന്തം എന്നിവയാകുന്നു. ശൈശവംമുതൽ പരിചയിച്ചുവരുന്ന വില്ലിന്മേലാണു്, അവർക്കു വല്ലഭത്വമുള്ളതു്. അവർ ദൃഢഗാത്രരും ധീരരും കർമ്മോൽസുകരുമാകുന്നു. പക്ഷേ അവർ ക്രൂരരുമാണു്. എങ്കിലും യജമാനസ്നേഹത്തിൽ അവർ അദ്വിതീയരത്രേ. ശസ്ത്രധരന്മാരായി, വേണ്ടിവന്നാൽ, കുതിരപ്പുറത്തുനിന്നിറങ്ങാതെ രണ്ടു രാവും പകലും തുടർച്ചയായി പടവെട്ടുവാൻ വേണ്ട കരുത്തും സഹനശക്തിയും അവർക്കുണ്ടു്. അവരുടെ വാഹനമൃഗങ്ങളും അവരെപ്പോലെതന്നെ ശക്തിയും ദാർഢ്യവുമുള്ളവയാകുന്നു.

താത്തറികളുടെ മതവിശ്വാസങ്ങളും, ആചാരസമ്പ്രദായങ്ങളും ഇപ്രകാരമാണു്. സർവ്വജഗന്നിയന്താവായ ഒരു ഈശ്വരൻ സ്വർഗ്ഗത്തിൽ ഉണ്ടെന്നു് അവർ വിശ്വസിക്കുന്നു. തങ്ങളുടെ ആരോഗ്യത്തിനും ഐശ്വര്യത്തിനുംവേണ്ടി, ദിവസേനയുള്ള പ്രാർത്ഥനയിലൂടെ അവർ ഈശ്വരസമ്പർക്കം പുലർത്തുന്നു. രോമചർമ്മത്തിൽ പൊതിഞ്ഞു്, 'നതീഗെ' എന്ന പേരിൽ, ഓരോ വീ

ട്ടിലും സൂക്ഷിക്കപ്പെട്ടിട്ടുള്ള ഒരു മൂത്തിയാണു് ഇവരുടെ കാണ്വ പ്പെട്ട ദൈവം. ഈ മൂത്തി ഗൃഹസ്ഥനാണെന്ന സങ്കല്പത്തിൽ, ചില ചില്ലറ വിഗ്രഹങ്ങളെ ഇതിൻെറ ചുററുമായി ഇവർ പ്രതിഷ്ഠിക്കുന്നു. ഇടത്തുഭാഗത്തു് ഈശ്വരിയും, മുമ്പിൽ ഈശ്വര സന്താനങ്ങളും പ്രതിഷ്ഠിക്കപ്പെടുന്നു. ഐഹികമായ എല്ലാററിൻേറയും അധിപതിയാണെന്നു സങ്കല്പിക്കപ്പെടുന്ന ഈ ദേവൻ, തങ്ങളുടെ, സന്താനങ്ങളേയും, സ്വത്തുക്കളേയും കാത്തുരക്ഷിക്കുന്നു, എന്നാണു് അവരുടെ ഉത്തമവിശ്വാസം. അതിനാൽ ഈ ദേവനോടു വലിയ ഭക്തിയും, ബഹുമാനവുമുണ്ടു്, താത്താറികൾക്കു്. ഭക്ഷണം കഴിക്കുന്നതിനുമുമ്പു് അവർ തങ്ങളുടെ വിഗ്രഹങ്ങളെ ഊട്ടുന്നു. മററുള്ള അദൃശ്യദൈവങ്ങളുടെ പ്രീതിക്കായി, ഗൃഹാങ്കണത്തിൽ അവർ ഭക്ഷ്യപാനീയങ്ങൾ വിതറുന്നു. അങ്ങനെ ദൈവങ്ങളെയെല്ലാം ഊട്ടിയശേഷമേ അവർ ആഹാരം കഴിക്കുകയുള്ളൂ. വിവാഹത്തിനുമുമ്പു മൃതിയടയുന്ന യുവതീയുവാക്കന്മാരുടെ, ബന്ധുക്കൾ പരസ്പരം ആലോചിച്ചു്, പരേതരായ തങ്ങളുടെ കുമാരീകുമാരന്മാരുടെ വിവാഹം ആഘോഷിക്കുന്നു. അവരെ ദമ്പതികളാക്കുന്ന പ്രമാണരേഖ അവരുടെ ഇരുരക്ഷിതാക്കളും ചേർന്നെഴുതി ഒപ്പുവെയ്ക്കുന്നു. ആ 'പരലോകവധൂവരന്മാരു'ടെ ജീവിതസുഖങ്ങൾക്കാവശ്യമായ എല്ലാംതന്നെ—ദാസന്മാർ, ദാസികൾ, കന്നുകാലികൾ, വസ്ത്രങ്ങൾ, ആഹാരം, പണം ഇവയുടെയെല്ലാം—ചിത്രങ്ങൾ കടലാസുകൊണ്ടു നിമ്മിച്ചു്, അവയും മേലെഴുതിയ പ്രമാണവും ഒരുമിച്ചു തിയ്യിൽ ചുട്ടെരിക്കുന്നു. അതിൽനിന്നുയരുന്ന പുകയിലൂടെ ഈ വിഭവങ്ങളെല്ലാം സ്വർഗ്ഗസ്ഥരായ തങ്ങളുടെ സന്താനങ്ങളെ പ്രാപിക്കുമെന്നാണു് താത്താറികളുടെ വിശ്വാസം. അങ്ങനെ, ഈ പരേതാത്മാക്കൾ ജീവിച്ചിരുന്നെങ്കിൽ നടത്തുമായിരുന്ന വിവാഹത്തോളംതന്നെ ബന്ധദാർഢ്യം രക്ഷിതാക്കളാൽ നടത്തപ്പെട്ട അവരുടെ പരലോകവിവാഹത്തിനുമുണ്ടെന്നു താത്താറികൾ വിശ്വസിക്കുന്നു.

യുദ്ധത്തിനു പുറപ്പെടുന്ന ഒരു താർത്താരിരാജാവു്, സാധാരണയായി ഒരു ലക്ഷത്തോളം സംഖ്യാബലംവരുന്ന ഒരശ്വസേനയെ നയിക്കുന്നു. പത്തു്, നൂറു്, ആയിരം, പതിനായിരം എന്നിങ്ങനെയുള്ള ഓരോ സേനാവിഭാഗത്തിനും ഓരോ പ്രത്യേകഅധിപനെ നിയമിച്ചു്, സമഗ്രനിയന്ത്രണത്തിനും, സമൂലനേതൃത്വത്തിനും എളുപ്പം വരുത്തുന്നു. മാർച്ചുചെയ്യുന്ന പട്ടാളത്തിനു്, അവിചാരിതമായി, ശത്രുക്കളിൽനിന്നു് ആക്രമണം ഉണ്ടാകാതിരിക്കാൻ, എല്ലാ ദിക്കിലേയ്ക്കും ഓരോ സംഘം കാവൽപ്പടയെ മുൻകൂട്ടി അയച്ചു് അവർ വിവരങ്ങൾ ശേഖരിക്കുന്നു. നൂറുപേരടങ്ങിയ ഒരു വിഭാഗത്തിനു 'തക്ക്' എന്നും, പത്തുപേർ ചേർന്ന സംഘത്തിനു 'തോമൻ' എന്നും പേർ പറയുന്നു. മഴയിൽനിന്നു വേണ്ടപ്പോൾ രക്ഷപ്പെടുവാൻ, അവർ യുദ്ധസങ്കേതത്തിലേയ്ക്കു്, രോമചർമ്മക്കൂടാരങ്ങൾ കൊണ്ടുപോകുന്നു. അടിയന്തിരകാര്യങ്ങൾ നിറവേററാനുള്ളപ്പോൾ, ഉണക്കിയതോ, വേവിച്ചതോ ആയ ഭക്ഷണമൊന്നും കഴിക്കാൻ സാധിച്ചില്ലെങ്കിലും, എട്ടോ പത്തോ ദിവസം തുടർച്ചയായി കുതിരസ്സവാരിചെയ്യാൻ അവക്കു വിഷമമില്ല. വാഹനമൃഗങ്ങളുടെ രക്തനാഡികൾ മുറിച്ചു് അവയുടെ രക്തം വലിച്ചുകുടിച്ചാണു് അടിയന്തിരപ്പടയോട്ടക്കാലത്തു് അവർ ജീവൻ നിലനിർത്തുക. പാൽ കുറുക്കി വററിച്ചു കട്ടിയാക്കി, അവർ ഭക്ഷിക്കുന്നു. മുകളിൽ പൊന്തുന്ന പാൽപ്പാട ശേഖരിച്ചു വെണ്ണയുണ്ടാക്കിയശേഷമാണു് ശേഷിച്ച പാൽ വെയ്‌ലത്തുവെച്ചു വററിക്കുന്നതു്. യുദ്ധത്തിനു പോകുന്ന ഓരോ പോരാളിയും, സ്വന്തം ആവശ്യത്തിനു പത്തു റാത്തലോളം പാൽക്കട്ടി കയ്യിൽ കരുതുന്നു. ദിവസവും കാലത്തേ, അരറാത്തൽ പാൽക്കട്ടിയെടുത്തു് ഏതെങ്കിലും കുപ്പിലോ, 'തോൽക്കുപ്പി'യിലോ, വേണ്ടത്ര വെള്ളംചേർത്തലിയിച്ചു്, അവർ കുതിരപ്പുറത്തിരുന്നുകൊണ്ടുതന്നെ കുടിക്കുന്നു. പാൽക്കട്ടിയാണു് യാത്രാവേളയിൽ അവരുടെ പ്രധാന ആഹാരം. ശത്രുക്കളോടു നേരിടുമ്പോൾ, കുതിരയെ അങ്ങോട്ടുമിങ്ങോട്ടും പായിച്ചുകൊണ്ടു്,

അവർ എതിർസങ്കേതത്തിലേയ്ക്കു തുരുതുരെ ക്രൂരമ്പുകളും കുന്തങ്ങളും എയ്യുന്നു. ജയിക്കാൻ പ്രയാസമുള്ള ഘട്ടങ്ങളിൽ, അവർ പരാജയം നടിച്ച്, ഇടയ്ക്കിടയ്ക്കു എയ്തുകൊണ്ടു പിൻതിരിഞ്ഞോടും. ഇവർ തോറേറാടുകയാണെന്നു തെററിദ്ധരിച്ച്, ഇവരെ അനുധാവനംചെയ്യുന്ന ശത്രുക്കളുടെ അണികൾ പിളരുന്ന തഞ്ചംനോക്കി, താത്തറികൾ അവരെ പല ഭാഗത്തുനിന്നും വളഞ്ഞു കൊന്നൊടുക്കുന്നു. തങ്ങളുടെ യജമാനന്മാരിൽനിന്നു് ഒരു സൂചന കിട്ടിയാൽ മതി, ചിരപരിചയമുള്ള ആ പടക്കുതിരകൾക്കു് അവരുടെ ആജ്ഞ അതിവേഗത്തിൽ അനുസരിക്കാൻ.

ആധുനികതാത്തറികൾ ഒരു സങ്കരവർഗ്ഗമാകുന്നു. അവരുടെ ആചാരമര്യാദകളും അപ്രകാരം സങ്കരസ്വഭാവമുള്ളതുതന്നെ. കുററവാളികളെ ഇപ്രകാരമാണു് അവർ ശിക്ഷിക്കുന്നതു്. ചില്ലറ കളവുകൾക്കു് അടിശിക്ഷയാണു്, പതിവു്. ഏഴു്, പതിനേഴു്, ഇരുപത്തേഴു്, മുപ്പത്തേഴു്, നാല്പത്തേഴു് എന്നിങ്ങനെ 100 വരെ, കുററത്തിൻെറ അളവും തരവും അനുസരിച്ച്, അടിയുടെ എണ്ണം വ്യത്യാസപ്പെടും. ശിക്ഷ മുഴമിക്കുന്നതിനു മുമ്പുതന്നെ ചിലപ്പോൾ, കുററവാളികൾ മരിച്ചു എന്നു വന്നേയ്ക്കാം. കുതിരയേയോ, മററു വിലപ്പെട്ട സാധനങ്ങളേയോ മോഷ്ടിക്കുന്നവർ മരണശിക്ഷയ്ക്കു വിധേയരാകുന്നു. ചിലപ്പോൾ, മോഷ്ടിച്ച മുതലിൻെറ ഒൻപതിരട്ടി വില നഷ്ടപരിഹാരം നല്കി, ജീവനെ മോചിപ്പിക്കാനും പററിയേയ്ക്കാം. കുതിരയോ, ഒട്ടകമോ, കാളകളോ, ഉള്ളവർ അവയുടെ മേൽ തങ്ങളുടെ സ്വന്തം മുദ്ര അടയാളപ്പെടുത്തി, ഒരു കാവൽക്കാരനുമില്ലാതെ, അവയെ മേയ്ക്കുവാൻ വിടുന്നു.

'കാരക്കോറം'നഗരവും ആൾട്ടായ്പർവ്വതനിരകളും തരണം ചെയ്താൽ നാം ബാർഗ്ഗു[1] എന്ന സമതലത്തിലെത്തുന്നു. വടക്കോട്ടു് അതിനു് അറുപതുദിവസത്തെ യാത്രാദൈർഘ്യമുണ്ടു്. സ്ഥലവാസികൾ 'മെഡൈററു'കൾ എന്ന പേരിലാണറിയപ്പെ

1 ബേയ്ക്കൽത്തടാകതീരം.

ട്ടുന്നതു്. അവർ മഹാനായ ഖാൻെറ പ്രജകളും, പെരുമാററത്തിൽ, താർത്താരികളോടു സദൃശരുമാണു്. ഏറെക്കുറെ അപരിഷ്കൃതരാണവർ. നായാട്ടുമൃഗങ്ങളുടെ മാംസമാണു് തീററ. പ്രത്യേകിച്ചും കലമാൻമാംസം. കലമാൻ അവിടെ ധാരാളമുണ്ടു്. നാട്ടുകാർ അവയെ ഇണക്കി വാഹനങ്ങളായി ഉപയോഗിക്കുന്നു. ഇവിടെ ധാന്യങ്ങൾ വിളയുന്നില്ല. മദ്യവും നാസ്തി. വേനൽക്കാലത്തു കാട്ടുകോഴികളേയും വന്യമൃഗങ്ങളേയും വേട്ടയാടി, ഇവർ ശീതകാലത്തേക്കു വേണ്ട മാംസം ശേഖരിക്കുന്നു. എന്തെന്നാൽ ശൈത്യകാലത്തെ കൊടുംതണുപ്പുകാരണം അവിടത്തെ പക്ഷിമൃഗാദികൾ അന്യനാട്ടുകളിലേക്കു പോകുന്നു.

## അധ്യായം ഒൻപതു്

[താർത്താറിക്കു വടക്കുള്ള രാജ്യങ്ങൾ; കൌതുകാവഹങ്ങളായ പല വിശേഷങ്ങൾ.]

അവിടെനിന്നു നാല്പതുദിവസത്തെ യാത്രകൊണ്ടു നിങ്ങൾ സമുദ്രതീരത്തെത്തുന്നു. അവിടെ ഒരു പർവ്വതമുണ്ടു്. ആ പർവ്വതപ്രാന്തത്തിൽ കൊക്കുകളും, നല്ലതരം പ്രാപ്പിടിയൻപക്ഷികളും കാണപ്പെടുന്നു. ഈ പക്ഷികളെ പിടിച്ചു്, മഹാനായ ഖാൻെറ കൊട്ടാരത്തിലേക്കു കൊണ്ടുപോകാറുണ്ടു്. നമുക്കു 'കാംപിയൺ'നഗരത്തിലേക്കുതന്നെ മടങ്ങേണ്ടിയിരിക്കുന്നു. അവിടെനിന്നു നേരെ കിഴക്കോട്ടു് അഞ്ചുദിവസത്തെ യാത്രചെയ്താൽ താൻഗത്തുസാമ്രാജ്യത്തിലെ 'എർഗിനാൾ'[1] സംസ്ഥാനത്തിലെത്തുന്നു. ഈ നാട്ടുകാരും മഹാനായ ഖാൻെറ പ്രജകളാണു്. ജനസംഖ്യയിൽ ഭൂരിഭാഗം ബിംബാർച്ചനക്കാരും ബാക്കി തുർക്കികളും, നെസ്റ്റോറിയൻക്രിസ്ത്യാനികളുമാണു്. ധാരാളം നഗരങ്ങളും,

1 ലിയാങ്ങ്ചൌ

കോട്ടകളുമുണ്ട്. പ്രധാനപട്ടണം എർഗിനാൾതന്നെ. തെക്കു കിഴക്കായി, പിന്നേയും യാത്ര തുടരുക: നിങ്ങൾ സാക്ഷാൽ 'കാഥേ'സാമ്രാജ്യത്തിന്റെ അതിർത്തികളിൽ എത്തിച്ചേരും. 'കാഥേ' സാമ്രാജ്യത്തെ ലക്ഷ്യമാക്കിക്കൊണ്ടു യാത്രചെയ്യുമ്പോൾ 'താൻഗത്തി'ൽ പെട്ട 'സിങ്കുയി' എന്ന പ്രസിദ്ധനഗരം കണ്ടുമുട്ടുന്നു. ആ നാടിന്റെ പേരും അതുതന്നെ. ഇവിടത്തുകാരും മഹാനായ ഖാന്റെ കീഴാളരാണ്. മൂന്നു മതത്തിൽ പെട്ട ജനങ്ങളും ഇവിടെയുണ്ട്—കൃസ്ത്യാനികൾ, മുഹമ്മദീയർ, വിഗ്രഹാരാധനക്കാർ. ഏകദേശം ഒരു ആനയോളം വലിപ്പമുള്ള ചമരിക്കാളകൾ ഇവിടെ ധാരാളമുണ്ട്. ചിലതിന്റെ രോമം കറുത്തതും, ചിലതിന്റേതു വെളുത്തതുമായിരിക്കും. ചുമലിലെ രോമങ്ങൾക്കു മൂന്നു ചാൺവരെ നീളമുണ്ട്. വളരെ വെണ്മയേറിയതും, മാർദ്ദവത്തിൽ പട്ടിനെപ്പോലും വെല്ലുന്നതുമായ ഈ നീണ്ട നനുത്ത രോമങ്ങൾ, ഒരു അത്ഭുതവസ്തുവാകുന്നു.[1] ഒരു മാതൃകയെന്ന നിലക്ക്, കുറച്ചു രോമം ഞാൻ വെനീസ്സിലേക്കു കൊണ്ടുവരികയുണ്ടായി. ഈ ചമരിക്കാളകളിൽ പലതിനേയും മെരുക്കിയെടുത്ത്, നാട്ടുപശുക്കളുമായി ഇണചേർത്ത്, ഒരു മിശ്രവർഗ്ഗത്തെ, അവർ സൃഷ്ടിക്കുന്നു. അങ്ങിനെ സങ്കരവർഗ്ഗത്തിൽ ജനിക്കുന്ന കാളകൾ പണിക്കു കൂടുതൽ ഉപയോഗപ്പെടുന്നു. നല്ല ഭാരം ചുമപ്പിക്കാനും, നിലം ഉഴുവാനും ഇവയെ ഉപയോഗിക്കാം. ലോകത്തിൽ വെച്ച് ഏററവും വിശിഷ്ടമായ കസ്തൂരി ഈ പ്രദേശത്താണ് ലഭിക്കുന്നത്. ഏകദേശം ഒരാടിനോളം വലിപ്പമുള്ള ഒരുതരം മൃഗത്തിൽനിന്നാണ് കസ്തൂരി എടുക്കപ്പെടുന്നത്. മുയലിനെപ്പോലെ രോമവും, മാനിനെപ്പോലെ വാലും, കാലുകളും ഇവക്കുണ്ട്. പക്ഷേ മാനിനെപ്പോലെ കൊമ്പില്ല. കസ്തൂരിമൃഗങ്ങൾക്കു മൂന്നു വിരൽ നീളത്തിൽ ആനക്കൊമ്പുപോലെ വെളുത്ത നാലു നീണ്ട പല്ലുകൾ ഉണ്ട്. രണ്ടു മുകളിലും, രണ്ടു താഴേയും. ഈ ജന്തു കാ

---

1 വെൺചമരിമൃഗത്തിന്റെരോമം

ഴ്ചയിൽ ഭംഗിയുള്ളതുതന്നെ. ശുക്ലപക്ഷാരംഭത്തിൽ, ഈ മൃഗത്തിൻെറ പൊക്കിളിന്നടിയിലായി ഒരു വീക്കമോ, മുഴയോ, സഞ്ചിയോ വളൎന്നുതുടങ്ങുന്നു. നാൾ ചെല്ലുംതോറും ഈ സഞ്ചിയിൽ രക്തം വന്നു നിറയുന്നു. വെളുത്ത വാവിൻനാൾ രാത്രിയിൽ അന്നാട്ടുകാർ അവയെ വേട്ടയാടി, ആ രക്തസഞ്ചി കീറിയെടുത്തു്, വെയിലത്തുണക്കി ലോകോത്തരമായ കസ്തൂരിയുണ്ടാക്കുന്നു. ഈ മൃഗത്തിൻെറ മാംസവും വളരെ രുചികരമാണു്. ഈ കസ്തൂരിമൃഗത്തിൻെറ തലയും കാലും ഉണക്കി ഞാൻ വെനീസ്സിലേയ്ക്കു കൊണ്ടുവരികയുണ്ടായി.

വ്യാപാരവും കൈത്തൊഴിലുമാണു്, നാട്ടുകാരുടെ ജീവിതമാൎഗ്ഗം. ധാന്യങ്ങൾ അവിടെ ധാരാളമുണ്ടു്. അവർ വിഗ്രഹപൂജക്കാരും തടിച്ച ദേഹം, ചെറിയ മൂക്കു്, കറുത്ത മുടി എന്നിവയോടുകൂടിയവരുമാകുന്നു. അവർ മീശ വളൎത്താറില്ലെങ്കിലും, താടിയിൽമാത്രം നലഞ്ചു രോമം നിൎത്താറുണ്ടു്. സ്ത്രീകൾ അതിസുന്ദരികളാണു്. അവിടത്തെ പുരുഷന്മാർ, വിവാഹകാൎയ്യത്തിൽ, വധുവിൻെറ സ്വത്തും കുലീനതയുമല്ല, സൌന്ദൎയ്യമാണു് പരിഗണിക്കുന്നതു്. ഒരു മഹാപ്രഭു, ഒരു സുന്ദരിയായ തെണ്ടിപ്പെണ്ണിനെ കല്യാണം കഴിച്ചു എന്നു വന്നേയ്ക്കാം. ഭാൎയ്യയുടെ അമ്മയ്ക്കുംകൂടി ജീവിക്കാനുള്ള സ്വത്തു പുരുഷൻ നല്കണമെന്നാണു് അവിടത്തെ സാമൂഹ്യനിയമം. ഫലപുഷ്ടിയുള്ള ഈ രാജ്യത്തിൻെറ നീളം ഇരുപത്തിയഞ്ചുദിവസത്തെ വഴിയാകുന്നു. എട്ടും പത്തും ചാൺ നീളവും, നല്ല ഭംഗിയുമുള്ള ചിറകുകളോടുകൂടിയ കൂററൻ ആകാശക്കോഴികളും, ശബളവൎണ്ണങ്ങളായ പലതരം പക്ഷികളും അവിടെയുണ്ടു്.

വീണ്ടും എട്ടു ദിവസത്തെ യാത്ര കഴിഞ്ഞാൽ നിങ്ങൾ 'എഗ്രിഗേയാ' പ്രദേശത്തെത്തുന്നു. അവിടേയും പല കോട്ടകളും നഗരങ്ങളുമുണ്ടു്. 'കലേഷ്യ'യാകുന്നു, പ്രധാനനഗരം. ജനങ്ങൾ വിഗ്രഹാരാധകന്മാരും. നെസ്റ്റോറിയൻക്രിസ്ത്യാനികളുടെ മൂന്നു പള്ളികളും അവിടെയുണ്ടു്. എല്ലാവരും മഹാനായ ഖാ

ൻെറ പ്രജകളാകുന്നു. വെള്ളക്കമ്പിളിരോമവും ഒട്ടകരോമവും കലർത്തി ഈ നഗരത്തിൽ നെയ്യെട്ടുക്കുന്ന പുതപ്പുകൾ ലോകോത്തരങ്ങളാകുന്നു. എഗ്രിഗേയയ്ക്കു കിഴക്കായി 'തണ്ടൂക്ക്' സംസ്ഥാനം കിടക്കുന്നു. പല നഗരങ്ങളും കോട്ടകളുമുള്ള ഇവിടെയാണ്, മഹാനായ ഖാനു കപ്പം കൊടുത്തിരുന്ന, പ്രെസ്ബിററർ ജോൺ ഭരിച്ചിരുന്നതു്. അനേകകാലമായി അവിടത്തെ രാജാക്കന്മാരും അധികം ജനങ്ങളും ക്രസ്ത്യാനികളാകുന്നു. ചെങ്കിസ്ഖാനാൽ വധിക്കപ്പെട്ട പ്രെസ്റ്റർ ജോണിന്നുശേഷം, പിൻഗാമികളായി അവിടെ അധികാരത്തിൽവന്ന മററു ക്രസ്ത്യൻരാജാക്കന്മാൎക്കു്, എല്ലാ ഖാൻമാരും തങ്ങളുടെ പുത്രിമാരെ വിവാഹം ചെയ്തുകൊടുക്കുക പതിവാണ്. ഇപ്പോൾ അവിടം ഭരിക്കുന്ന ജോൺ രാജാവു് പ്രെസ്റ്റർ ജോണിൻെറ നാലാംതലമുറക്കാരനാണ്. തൻെറ പിതാമഹന്മാൎക്കുണ്ടായിരുന്നിടത്തോളം വിസ്തൃതമായ സാമ്രാജ്യം ഇന്നത്തെ രാജാവിനില്ല. അവിടെ 'ആർഗോൺസ്' എന്ന പേരിൽ ഒരു ജനത ജീവിച്ചുവരുന്നുണ്ടു്. അവർ സുഭഗന്മാരും വ്യാപാരകാര്യങ്ങളിൽ സമൎത്ഥന്മാരുമാകുന്നു. വിഗ്രഹാരാധകന്മാരുടേയും മുഹമ്മദീയരുടേയും പിൻമുറക്കാരാണിവർ. അവർ താമസിക്കുന്ന പ്രദേശങ്ങൾക്കു്, 'ഓഗ്' എന്നും, മഗോഗ് എന്നുമാണ് ഇന്നാട്ടുകാർ പേർവിളിക്കുന്നതു്. പക്ഷേ അവിടെ അധിവസിക്കുന്ന മററു ജനങ്ങൾ, ആ പ്രദേശങ്ങൾക്കു 'ഉങ്ക്' എന്നും 'മംഗോൾ' എന്നും പേർ നല്കിയിരിക്കുന്നു. 'ഉങ്ക്' പ്രദേശത്തു് 'ഗോഗ്' വൎഗ്ഗക്കാരും, 'മംഗോൾ'പ്രദേശത്തു താർത്താറികളും വസിക്കുന്നു. കാഥേസാമ്രാജ്യം ലക്ഷ്യമാക്കിക്കൊണ്ടു കിഴക്കോട്ടുള്ള ഏഴുദിവസത്തെ യാത്രയ്ക്കിടയിൽ ബിംബപൂജക്കാരും, മുഹമ്മദീയരും, ക്രസ്ത്യാനികളും അധിവസിക്കുന്ന അനേകം നാട്ടുകളും നഗരങ്ങളുമുണ്ടു്. സൈന്യങ്ങൾക്കാവശ്യമുള്ള മേത്തരം ആയുധങ്ങൾ ഭംഗിയായി പണിചെയ്യുന്ന 'സിൻഡിസീൻ[1]' എന്ന ഒരു വ്യാപാരകേന്ദ്രവും കാണപ്പെടുന്നു. ഈ സം

---

1 ഹ്വാൻഹാ

സ്ഥാനത്തെ മലകളിൽ വലിയ വെള്ളിഖനികളുണ്ടു്. നായാട്ടമൃഗങ്ങളും യഥേഷ്ടം. മലകളുടെ നാടായ ഈ പ്രദേശത്തിനു് 'ഇൻഡിഫ്യൂ' എന്നു പേർ. ഒടുവിൽ പറഞ്ഞ നഗരത്തിൽനിന്നും മൂന്നു ദിവസത്തെ യാത്ര നിങ്ങളെ 'ജാംഗനോർ' അഥവാ വെളുത്ത തടാകം എന്ന പട്ടണത്തിലെത്തിക്കുന്നു. മഹാനായ ഖാൻ ഉല്ലാസത്തിനു് എഴുന്നള്ളിത്താമസിക്കുന്ന ഒരു കൊട്ടാരം ഇവിടെയുണ്ടു്. അനേകം തടാകങ്ങൾ, പുഴകൾ, പുൽമേടുകൾ, എന്നിവയും അരയന്നങ്ങൾ, കാട്ടുകോഴികൾ, കൊക്കുകൾ, മൈനകൾ തുടങ്ങിയ പല ജാതി പക്ഷികളും, അവിടെ കാണപ്പെടുന്നു. അഞ്ചുതരം കൊക്കുകൾ (കൊററികൾ) ഇവിടെയുണ്ടു്. ചിലതിനു കാക്കയെപ്പോലെ കറുത്ത ചിറകാണു്. വേറെ ചിലതിനു വെളുത്തു തിളങ്ങുന്ന ചിറകുകൾ. പിന്നെ ഒരു വർഗ്ഗത്തിനു മയിൽപ്പീലികൾപോലെ, 'കണ്ണു'കളുള്ള തൂവലുകൾ ഉണ്ടു്. പക്ഷേ അവക്കു സ്വർണ്ണനിറമല്ലാതെ മററു നിറങ്ങളില്ലെന്ന ഒരു വ്യത്യാസവുമുണ്ടു്. കഴുത്തിൽ, കറുപ്പും വെളുപ്പും ഇടകലൎന്ന വരകൾ. നാലാംതരം, കൊക്കുകൾ ചുവപ്പും നീലയും കലൎന്ന നിറത്തോടുകൂടിയ ചെറുപക്ഷികളത്രേ. എന്നാൽ ചുവപ്പും കറുപ്പും കലൎന്ന തലയും ചാരനിറത്തിലുള്ള ചിറകും അഞ്ചാംതരം കൊക്കുകളുടെ വിശേഷമാകുന്നു. ഇവക്കു വലിപ്പവും കൂടും. നഗരാതിൎത്തിയിലുള്ള താഴ്വരയിൽ, തത്തകളേയും മൈനകളേയും വളൎത്തുന്ന അനേകം പക്ഷിശാലകളുണ്ടു്. ചക്രവൎത്തി അവിടെ താമസിക്കുന്ന കാലങ്ങളിൽ അദ്ദേഹത്തിനു മാനസോല്ലാസത്തിനുവേണ്ടിയാണു്, ഈ പൂന്തോട്ടങ്ങളും മൃഗപക്ഷിശാലകളും സംവിധാനംചെയ്യപ്പെട്ടിട്ടുള്ളതു്. അവിടെനിന്നു മൂന്നുദിവസത്തെ വടക്കുകിഴക്കൻ യാത്രക്കപ്പുറമുള്ള 'സിയാണ്ടു്' (സനാഡു) [1] നഗരവും, ഇപ്പോഴത്തെ ചക്രവൎത്തിയായ കുബ്ളൈഖാൻ പണിചെയ്യിച്ചതാണു്.

---

1. ഷാങ്ടു—(സനാഡു) ഈ വൎണ്ണനയാണു്, കോളറിഡ്ജിൻെറ "കുബ്ളഖാൻ"—എന്ന കവിതയുടെ പ്രചോദനം.

അവിടെ മാർബിൾതുടങ്ങിയ വിലപിടിച്ച കല്ലുകൾകൊണ്ടു നിൎമ്മിച്ചിട്ടുള്ള ഗംഭീരസുന്ദരമായ ഒരു രാജഹൎമ്മ്യം കാണാം. നഗരത്തെ വലയംചെയ്തിരിക്കുന്ന കോട്ടമതിൽതൊട്ടു് ഉള്ളിലേയ്ക്കു്, നഗരമധ്യംവരെ വ്യാപിച്ചുകിടക്കുന്ന ഒരു ഭീമമായ കൊട്ടാരം. നഗരദുൎഗ്ഗം കൊട്ടാരത്തെ കൂട്ടിമുട്ടുന്ന സ്ഥലംമുതൽ പതിനാറു മൈൽ ചുററളവുള്ള പ്രദേശംമുഴുവൻ ചക്രവൎത്തി പ്രത്യേകം മതിൽ കെട്ടി വളച്ചെടുത്തിട്ടുണ്ടു്. അവിടേയ്ക്കു്, കൊട്ടാരഗോപുരത്തിലൂടെയല്ലാതെ പ്രവേശനവുമില്ല. ഈ ഉപവനത്തിൽ ആനന്ദസന്ദായകങ്ങളായ പുൽത്തകിടികൾ, പൂഞ്ചോലകൾ, യന്ത്രജലധാരകൾ, ചുവപ്പും തവിട്ടുനിറവുമുള്ള മാനുകൾ, മാൻകുഞ്ഞുകൾ, കൂട്ടിലടയ്ക്കപ്പെട്ട കൂററൻ പരുന്തുകൾ—എല്ലാമുണ്ടു്. ആഴ്ചയിലൊരിക്കൽ ചക്രവൎത്തി ഈ ഉദ്യാനം സന്ദൎശിക്കുകയും കുതിരപ്പുറത്തിരുന്നു മാനിനേയും മററും വേട്ടയാടി അവയുടെ നല്ല ഭാഗങ്ങൾ സ്വന്തം ഭക്ഷണത്തിനു നീക്കിവെച്ചു്, ബാക്കിയുള്ളവ പരുന്തുകൾക്കു് എറിഞ്ഞുകൊടുക്കുകയും ചെയ്യുന്നു. പരുന്തുകൾ വലിയ ആൎത്തിയോടും മത്സരത്തോടുംകൂടി ആ ഇരകൾ കൊത്തിപ്പറിക്കുന്നതു് അദ്ദേഹം കൌതുകത്തോടെ നോക്കിനില്ക്കുന്നു. ഈ സുന്ദരമായ ഉപവനത്തിന്റെ നടുവിൽ, ചക്രവൎത്തിക്കു വിശ്രമിക്കുവാനുള്ള ഒരു വെണ്ണക്കൽമണ്ഡപമുണ്ടു്. അതിന്റെ തൂണുകൾ സ്വൎണ്ണവൎണ്ണത്തോടുകൂടിയതും, വാൎണ്ണീഷിട്ടു മിനുക്കിയതുമാകുന്നു. ഓരോ തൂണിന്മേലും, ചിറകുള്ള നാഗങ്ങളുടെ രൂപങ്ങൾ കൊത്തിവെച്ചു്, പൊൻപൂശിയിരിക്കുന്നു. അവയുടെ വാൽ തൂണിൽ ചുററിയും പത്തി മേൽപുരയെ താങ്ങിയും, ചിറകുകൾ വിരുത്തിയുമിരിക്കുന്നു. മേൽപുരയുടെ മുളക്കഴുക്കോലുകൾപോലും പൊൻപൂശി വാൎണ്ണീഷ് ഇട്ടവയാണു്. അതിനാൽ മഴയ്ക്കും വെയിലിനും അവയെ കേടുവരുത്താനാവില്ല. ഏകദേശം മൂന്നു കയ്യടം ചുററളവും, പത്തുവാര നീളവുമുള്ള കല്ലൻമുളകൾ കമ്പോടു കമ്പായി നീളത്തിൽ പൊളിച്ചു ചീകി മിനുക്കിയാണു് ഇവയുണ്ടാക്കിയിട്ടുള്ളതു്. ഈ മന്ദിരംമുഴുവൻ ഖണ്ഡംഖണ്ഡമായി അ

ഴിച്ചെടുത്തു് ഒരു കൂടാരത്തെപ്പോലെ വീണ്ടും സംഘടിപ്പിക്കാം. പട്ടുകൊണ്ടുണ്ടാക്കിയ ഇരുന്നൂറു കമ്പച്ചരടുകളാണു് ഇവയെ ഉറപ്പിച്ചുനിർത്തുന്നതു്. കൊല്ലത്തിൽ മൂന്നുമാസം (ജൂൺ, ജൂലായി, ആഗസ്റ്റു്), മഹാനായ ഖാൻ ഈ 'സനാഡു'നഗരത്തിലാണു് താമസിക്കുക. ആഗസ്റ്റു് 28-ാംതീയതി, ഒരു മഹായജ്ഞം ചെയ്യുവാനായി, അദ്ദേഹം ഇവിടംവിട്ടു്, രാജധാനിയിലേയ്ക്കു പോകുന്നു. ആണും പെണ്ണുമായി പതിനായിരത്തോളം വെള്ളക്കുതിരകൾ ഖാൻെറ ലായത്തിൽ എല്ലായ്പ്പോഴും ഉണ്ടായിരിക്കും. ചെങ്കിസ്ഖാൻെറ വംശക്കാർക്കും, യുദ്ധധീരതയുടെ പേരിൽ അദ്ദേഹം അനുവാദംനല്കിയിട്ടുള്ള ബോറിയാത്തു്കുടുംബക്കാർക്കുമല്ലാതെ, മററാർക്കും ഈ വിശേഷപ്പെട്ട കുതിരകളുടെ പാൽ കുടിക്കാൻ അവകാശമില്ല. മേഞ്ഞുകൊണ്ടു് എവിടേയും സൈ്വരമായി സഞ്ചരിക്കുന്ന ഈ കുതിരകളെ ഖാൻെറ പ്രജകൾ വലിയ ബഹുമാനത്തോടെയാണു് വീക്ഷിക്കുന്നതു്. ആരും അവയുടെ അടുത്തു പോകാൻ ധൈര്യപ്പെടാറുമില്ല. കൊല്ലംതോറും ആഗസ്റ്റു് ഇരുപതാംതീയതി ഈ കുതിരകളുടെ പാൽ ഈശ്വരന്മാർക്കർപ്പിക്കണമെന്നു ഖാൻെറ ജ്യോതിഷപണ്ഡിതന്മാർ അദ്ദേഹത്തോടു നിർദ്ദേശിച്ചിട്ടുണ്ടു്. ഖാൻെറ ക്ഷേമത്തിനും, രാഷ്ട്രത്തിൻെറ ഐശ്വര്യത്തിനുംവേണ്ടിയാണു് അതു ചെയ്യപ്പെടുന്നതു്. 'ചെബെത്തു്'[1], 'കെസ്മ്'[2] എന്നു രണ്ടുതരം വിഗ്രഹപൂജക്കാരുണ്ടു്, അവിടെ. ഇരുക്കൂട്ടരുടേയും പുരോഹിതന്മാർ ആഗസ്റ്റു് 28-ാംനു-വലിയ ഘോഷയാത്രയായി കൊട്ടാരത്തിൽ പ്രവേശിക്കുന്നു. മഴത്തുള്ളികളെപ്പോലും തങ്ങളുടെമേൽ പതിക്കാതെ അകററിനിർത്താനുള്ള ദിവ്യശക്തി അവർക്കുണ്ടെന്നാണു് പറയപ്പെടുന്നതു്. കുളിക്കുകയോ, തലമുടി വൃത്തിയാക്കുകയോ ചെയ്യാതെ, മലിനവേഷരായി, നടക്കുന്ന ഈ പുരോഹിതപ്പരിഷയ്ക്കു്, തങ്ങളുടെ ദേഹത്തേയും വേഷത്തേയും സംബന്ധിച്ച വലിയ അശ്രദ്ധയും

1. തിബത്തുകാർ. 2 കാശ്മീരികൾ.

അവഗണനയുമാണ്. വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവരെപ്പോലെ വസ്ത്രധാരണം ചെയ്കയും, ഭക്ഷണംകഴിക്കുകയും ചെയ്യുന്ന ബീഭത്സജനകമായ ഒരു ജീവിതരീതിയും അവക്കുണ്ട്. അവർ 'ബക്ഷികൾ'[1] എന്ന പേരിലാണ് പൊതുവേ അറിയപ്പെടുന്നതു്. തങ്ങൾക്കാവശ്യമുള്ള എന്തും, മന്ത്രവും ഇന്ദ്രജാലവുംവഴി അവർ നേടുന്നുണ്ടെന്നാണ് കേൾവി. സഭാമണ്ഡപത്തിലുള്ള ഖാൻെറ സിംഹാസനവേദിക്ക് എട്ടുവാര ഉയരമുണ്ട്. ഹാളിൻെറ മദ്ധ്യത്തിലുള്ള ഒരു വലിയ അലമാരിയിൽ, ഭക്ഷണം വിളമ്പാനുള്ള വെള്ളിത്തളികകളും, കൈലുകളും സൂക്ഷിച്ചിരിക്കുന്നു. പുരോഹിതർ ഇവിടെ നിന്നുകൊണ്ടു്, തങ്ങളുടെ മന്ത്രശക്തിയാൽ, കൈകൊണ്ടു തൊടാതെതന്നെ, വീഞ്ഞും പാലും ചഷകങ്ങളിൽ നിറയ്ക്കുന്നു.[2] ഒരു കയ്യും ഈ പ്രവൃത്തി ചെയ്യുന്നതായി അവിടെ ആരും കാണുന്നില്ല. ഈ ബക്ഷികൾ തങ്ങളുടെ മൂർത്തികൾക്കു സദ്യ നല്കാൻ ആഗ്രഹിക്കുമ്പോൾ, ഖാനെ ചെന്നു മുഖം കാണിച്ച്, ഇപ്രകാരം അപേക്ഷിക്കും: "ഞങ്ങളുടെ മൂർത്തികൾക്കു ബലിനല്കി അവയെ തൃപ്തിപ്പെടുത്താതിരുന്നാൽ, അവയുടെ കോപംകൊണ്ടു ധാന്യങ്ങൾക്കും കന്നുകാലികൾക്കും പ്ലേഗു ബാധിക്കുമെന്നു താങ്കൾ അറിയേണ്ടിയിരിക്കുന്നു. അതിനാൽ അവയുടെ ബഹുമാനാർത്ഥം വേണ്ട ബലികളർപ്പിക്കാനായി, ഇത്ര, കറുത്ത ചെമ്മരിയാടുകളുടെ മാംസവും, ഇത്ര റാത്തൽ സുഗന്ധദ്രവ്യങ്ങളും ഞങ്ങൾക്കു തരാൻ ദയവുണ്ടാകണം." ആഘോഷദിവസം അവർ ഈ മൃഗങ്ങളെ ബലികൊടുക്കുകയും, അവയെ പാകംചെയ്തുണ്ടാക്കുന്ന 'സൂപ്പ്' വിഗ്രഹങ്ങളിൽ തളിക്കുകയും ചെയ്യുന്നു. ഈ ബക്ഷികൾക്കു ധാരാളം മഠങ്ങളുണ്ട്. ചില സന്യാസിമഠങ്ങൾക്ക് ഒരു നഗരത്തോളംതന്നെ വലിപ്പമുണ്ട്. ഓ

---

1 'ഭിക്ഷുക്കൾ'.

2 "മന്ത്രശക്തിയാൽ, അലമാരിയിൽനിന്നു വീഞ്ഞുഭരണികൾ സ്വമേധയാ സഞ്ചരിച്ച്, അതിഥികളുടെ പാനപാത്രങ്ങൾ നിറച്ച്, തിരിച്ചുവരുന്നു."—ലെതാം.

രോ 'വിഹാര'ങ്ങളിലും ചുരുങ്ങിയതു രണ്ടായിരത്തോളം സന്യാസിമാർ താമസിക്കുന്നു. ഒരു പ്രത്യേകമൂർത്തിയെ ഇവർ ഉപാസിക്കുന്നു. സാധാരണജനതയിൽനിന്നു പ്രത്യക്ഷത്തിൽത്തന്നെ വിഭിന്നമായ ഒരു ജീവിതമാണിവക്കുള്ളതു്. എന്തെന്നാൽ ഇവർ തലയും താടിയും പററെ വടിക്കുകയും, ഒരു പ്രത്യേകജാതി 'മതവസ്ത്രം' ധരിക്കുകയും ചെയ്യുന്നു. തങ്ങളുടെ വിഗ്രഹങ്ങൾക്കു മുമ്പിൽ, ഇവർ നിശ്ചലരായി നിന്നു ധ്യാനിക്കുന്നു, പ്രാത്ഥിക്കുന്നു, ഗാനങ്ങൾ ആലപിക്കുന്നു. ചിലർ പൂർണ്ണമായ സംയമനം പാലിക്കുന്നവരാണു്. 'സന്യാസികൾ' എന്ന പേരിലും ഇവർ അറിയപ്പെടുന്നുണ്ടു്. ഉഗ്രവും കക്കശവുമായ ജീവിതം നയിക്കുന്ന ഇവർ, ഭക്ഷണസാധനങ്ങൾ വെള്ളത്തിലിട്ടു് അവയുടെ എല്ലാ സ്വാദും രുചിയും കളഞ്ഞശേഷമാണു്, ഭക്ഷിക്കുന്നതു്. അവർ അഗ്നിയെ ആരാധിക്കുന്നവരാണു്. മററു മതവിഭാഗക്കാരുടെ അഭിപ്രായത്തിൽ, ഇവർ ഒരുതരം നാസ്തികന്മാരാണു്. ഈ സന്യാസിമാർ വിവാഹം കഴിക്കുന്നില്ല. തല, 'മുട്ട'യടിക്കുന്നു. കറുത്ത ചണക്കുപ്പായങ്ങളോ, കട്ടംമഞ്ഞ'ഷാള്'കളോ ആണു് ധരിക്കുക. കട്ടിയുള്ള പരുക്കൻപായകളിൽ ഇവർ ഉറങ്ങുന്നു. ലോകത്തിൽവെച്ചു് ഏററവും ക്ലേശകരവും, കഠിനവുമായ ജീവിതമത്രേ ഇവർ നയിക്കുന്നതു്.

# അധ്യായം പത്തു്

[ക്കുബ്ലെഖാന്റെ അജയ്യമായ ശക്തിയും, പ്രതാപവും—അദ്ദേഹത്തിന്റെ ഭരണകൂടം, കുടുംബം, അധീനരാജ്യങ്ങൾ—എന്നിവ.]

'ക്കുബ്ലെഖാൻ' എന്ന പേരിൽ അറിയപ്പെടുന്ന ഇപ്പോഴത്തെ ചക്രവത്തിയുടെ മഹത്തും വിസ്മയകരവുമായ ജീവിതത്തെപ്പററി ചിലതു പറയുവാൻ ഞാൻ ഉദ്ദേശിക്കുന്നു. 'ക്കുബ്ലെഖാൻ' എന്ന പദത്തിനു്, 'രാജാധിരാജൻ' അല്ലെങ്കിൽ 'ലോ

കൈകചക്രവൎത്തി' എന്നാണു് അൎത്ഥം. താൎത്തറിരാഷ്ട്രത്തിൻെറ കുലക്കുടസ്ഥനായ ചെങ്കിസ്ഖാൻെറ വംശപാരമ്പരയിൽ ആറാമത്തെ ചക്രവൎത്തിയാണു് 'ക്കുബ്ലൈഖാൻ.' നമ്മുടെ കൎത്താവായ ക്രിസ്തുവിൻെറ 1256-ാംവൎഷത്തിൽ, തൻെറ 27-ാംവയസ്സിൽ തികഞ്ഞ ഭരണതന്ത്രജ്ഞതയോടും, അന്തസ്സോടുംക്കൂടി ക്കുബ്ലൈഖാൻ ഭരണംതുടങ്ങി. യുദ്ധതന്ത്രവിദഗ്ദ്ധൻ, സംസ്കാരസമ്പന്നൻ, അരോഗദൃഢഗാത്രൻ — ഇതെല്ലാമായിരുന്നു, ക്കുബ്ലൈഖാൻ. സ്വന്തം സഹോദരന്മാരുടെ എതിൎപ്പുകളെപ്പോലും അവഗണിച്ചു്, ഭരണകാൎയ്യങ്ങളിൽ വിപ്ലവകരങ്ങളായ പല സുധീരനടപടികളും ഖാൻ കൈക്കൊണ്ടു. താൎത്തറികൾക്കുണ്ടായിരുന്ന സേനാനികളിൽ അഗ്രേസരൻ എന്ന ബഹുമതി അദ്ദേഹം അനായാസേന നേടി. എങ്കിലും ഭരണഭാരം ഏററതിനുശേഷം ഒരിക്കൽ മാത്രമേ അദ്ദേഹം പോൎക്കളത്തിൽ പാദമൂന്നിയിട്ടുള്ളു. മററവസരങ്ങളിലെല്ലാം തൻെറ മക്കളേയോ സൈനികോദ്യോഗസ്ഥന്മാരേയോ ആയിരുന്നു, അദ്ദേഹം നിയോഗിച്ചതു്.

ക്രിസ്തുവിൻെറ 1286-ാംവൎഷത്തിൽ ഖാൻെറ മാതുലനും എന്നാൽ സമപ്രായനുമായ 'നിയാം'രാജാവു്, അഹങ്കാരവും അസൂയയുംമൂലം ക്കുബ്ലൈഖാനോടു് ഏററുമുട്ടാൻ ആലോചിച്ചു. നാലുലക്ഷംവരുന്ന ഒരു കുതിരപ്പടയെ സംഘടിപ്പിച്ചശേഷം, ഖാൻെറ സാമന്തനായിരിക്കാൻ വിസമ്മതിക്കുകയും, ഖാനിൽനിന്നു രാജ്യംമുഴുവൻ പിടിച്ചടക്കാൻ പ്ലാനിടുകയും ചെയ്തു. തുൎക്കിസ്ഥാൻഅധിപതിയും ഖാൻെറ അനന്തിരവനെങ്കിലും ശത്രുവുമായിരുന്ന 'കൈഡു' എന്ന രാജാവിനേയും, ഖാനെതിരായുള്ള ആക്രമണത്തിനു്, ഈ നിയാം കൂട്ടിനു വിളിച്ചു. ഖാനെതിരായുള്ള അടപടികളിൽ, ഒരു ലക്ഷം കുതിരപ്പടയുടെ സഹായം താൻ നല്കിക്കൊള്ളാമെന്നു്, 'കൈഡു' നിയാമിനു വാഗ്ദാനവും നല്കി. അവർ രണ്ടുപേരും രഹസ്യമായി സൈന്യസന്നാഹങ്ങൾ ചെയ്തുകൊണ്ടിരുന്നു. ക്കുബ്ലൈഖാനു് ഇതു് എങ്ങിനെയോ അറിവുകിട്ടി. ഒരു നിമിഷംപോലും പാഴാക്കാതെ അദ്ദേഹം ചാരന്മാ

രെ നാലുപാടും അയച്ച്, ശത്രുക്കളുടെ പ്രവത്തനവിവരങ്ങൾ ശേഖരിച്ചു. 'കംബാല്യ'[1]വിന്നു പത്തുദിവസത്തെ വഴി ചുററു മുള്ള എല്ലാ സൈന്യങ്ങളേയും കുബ്ളൈഖാൻ അതിവേഗത്തിൽ സംഘടിപ്പിച്ചു. വെറും ഇരുപതു ദിവസത്തിനുള്ളിൽ മൂന്നലക്ഷത്തിഅറുപതിനായിരം വരുന്ന കുതിരപ്പടയും, ഒരു ലക്ഷം കാലാളും ശേഖരിച്ച്, രാപ്പകൽ ഇളവില്ലാതെ, ഖാനും സേനയും നിയാമിന്റെ രാജ്യത്തേക്കു പ്രയാണമാരംഭിച്ചു. ഇരുപത്തിയഞ്ചുദിവസത്തെ യാത്രയ്ക്കുശേഷം അവർ അവിടെയെത്തി. യാത്രാക്ലേശം തീക്കുവാൻ, അദ്ദേഹം തന്റെ സൈന്യത്തിനു രണ്ടു ദിവസത്തെ വിശ്രമം അനുവദിച്ചു. ജ്യോതിഷപണ്ഡിതന്മാരെ, സൈനികത്താവളത്തിൽ വരുത്തി, യുദ്ധത്തിൽ വിജയം ആക്കാണെന്നു പ്രവചിക്കാൻ ആവശ്യപ്പെട്ടു. പട്ടാളക്കാക്ക് ആവേശം ഉണ്ടാക്കാൻ അന്നത്തെ ചക്രവത്തിമാർ പ്രയോഗിച്ചിരുന്ന ഒരു തന്ത്രമായിരുന്നു ഇതു്. നക്ഷത്രഫലങ്ങൾ ഗണിച്ചശേഷം, അവർ പറഞ്ഞു, വിജയം കുബ്ളൈഖാനുതന്നെയെന്ന്. ചാരന്മാരെ ശത്രുസങ്കേതത്തിലേക്കയച്ച് അവരുടെ പ്രവത്തനങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാതെ, തന്റെ കൊട്ടാരത്തിൽ കിടന്നുറങ്ങിയിരുന്ന നിയാം ഒരു പ്രഭാതത്തിൽ ഉണന്നപ്പോൾ കണ്ടതു്, അടുത്തുള്ള കുന്നിൻമുകളിൽ താവളമടിച്ചിരിക്കുന്ന കുബ്ളൈഖാന്റെ പട്ടക്കുററൻ പടയെയാണ്. നാല് ആനകളുടെ മേലെ മരംകൊണ്ടു വെച്ചുകെട്ടിയ ഒരു കൂടാരത്തിൽ, വില്ലാളികളാലും, വീരഭടന്മാരാലും വലയം ചെയ്യപ്പെട്ട്, സൂര്യചന്ദ്രന്മാരുടെ അടയാളങ്ങൾ വഹിക്കുന്ന രാജകീയപതാകയ്ക്കുകീഴിൽ കുബ്ളൈഖാൻ വിശ്രമംകൊള്ളുകയായിരുന്നു. അദ്ദേഹം സേനയെ മൂന്നായി വിഭജിച്ചു. ഒരു വിഭാഗം ശത്രുനിരയ്ക്കഭിമുഖമായി വലത്തുഭാഗത്തും, മറെറാന്ന് ഇടത്തുവശത്തും, അണിനിരന്നു,

1 ഇന്നത്തെ ജനകീയചൈനയുടെ തലസ്ഥാനമായ 'പെക്കിങ്ങ്' ആണ്, 'കംബാല്യ.'

പതിനായിരം കുതിരപ്പടയ്ക്കു് അഞ്ചൂറു കാലാൾ എന്ന തോതിൽ. പിൻതിരിയേണ്ടിവന്നാൽ കുതിരക്കാരുടെ പിന്നിൽ ചാടിക്കയറി രക്ഷപ്പെടുവാനും, അനുകൂലപരിതഃസ്ഥിതിയുള്ളപ്പോൾ കുതിരപ്പുറത്തിരുന്ന ശത്രുവിന്റെ കുതിരകളെ കുന്തം കൊണ്ടു കുത്തിക്കൊല്ലാനും, ഈ കാലാൾപ്പടയ്ക്കു പരിശീലനം നല്കിയിരുന്നു. 'കൈഡു' അപ്പോഴും വന്നെത്തിയിട്ടില്ല.

ഇതിലധികമായി, എന്താണു് ഞാൻ പറയേണ്ടതു്? സേനകൾ തമ്മിൽ ഏററുമുട്ടി. പ്രഭാതംമുതൽ മധ്യാഹ്നംവരെ ഒരു പൊരിഞ്ഞ യുദ്ധം നടന്നു. 'നിയാം'പിടിക്കപ്പെടുകയും കുബ്ലൈയുടെ മുമ്പിൽ ആനീതനാവുകയും ചെയ്തു. രാജകീയരക്തം വായുവിനും വെളിച്ചത്തിനും സ്പർശിക്കാൻ ഇടവരുത്തരുതെന്ന ഒരു വിശ്വാസം താർത്തറികൾക്കിടയിലുണ്ടു്. അതിനാൽ, 'നിയാ'മിന്റെ ദേഹം രണ്ടു പരവതാനികളിൽ പൊതിഞ്ഞു തുന്നിക്കെട്ടി ജീവൻ പോകുംവരെ മേല്പോട്ടും കീഴ്പോട്ടും എറിയപ്പെട്ടു. നിയാമിന്റെ സൈന്യത്തിൽ അവശേഷിച്ചവരും കുബ്ലൈഖാനു കീഴടങ്ങി. അവർ നാലു രാജ്യക്കാരായിരുന്നു. കാർലി[1], കോച്ച്വാ[2], ബാഴ്സ്ക്കോൽ[3], സിതപിൻകപി[4]—ഈ രാജ്യക്കാർ. നിയാം രഹസ്യമായി 'ജ്ഞാനസ്നാനം' കഴിച്ചിരുന്നു. ജീവിതരീതികൊണ്ടും അദ്ദേഹം ഒരു ക്രിസ്ത്യാനി ആയിരുന്നു. തന്റെ പതാകയിന്മേൽ അദ്ദേഹം കുരിശു് അടയാളപ്പെടുത്തിയിരുന്നു. അനുയായികളായി അദ്ദേഹത്തിനുണ്ടായിരുന്ന അസംഖ്യം ക്രിസ്ത്യാനികൾ അതിനുശേഷം വധിക്കപ്പെട്ടു. കുബ്ലൈഖാന്റെ സൈന്യത്തിലുണ്ടായിരുന്ന ജൂതന്മാരും മുഹമ്മദീയരും കുരിശിനു പിണഞ്ഞ ഈ അപമാനത്തെ ചൂണ്ടിക്കാട്ടി ക്രിസ്ത്യാനികളെ പരിഹസിക്കുകയും അപമാനിക്കുകയും ചെയ്തു. സഹിക്കവയ്യാതായപ്പോൾ ക്രിസ്ത്യാനികൾ കുബ്ലൈഖാനോടു സങ്കടം ബോധിപ്പിച്ചു. ഈ നീചമായ പെരുമാററത്തിനു് അദ്ദേഹം

---

1 വടക്കൻ കൊറിയ. 2, 3, 4—ഇവ മഞ്ചൂറിയൻരാജ്യങ്ങൾ.

ജൂതന്മാരേയും മുഹമ്മദീയരേയും ശകാരിച്ചശേഷം ക്രിസ്ത്യാനികളോടായി ഇങ്ങനെ പറഞ്ഞു: "തീൎച്ചയായും നിങ്ങളുടെ ദൈവവും അദ്ദേഹത്തിന്റെ കുരിശും നിങ്ങൾക്കു് ഇക്കാര്യത്തിൽ ഒരു സഹായവും ചെയ്കയില്ല. അതിൽ നിങ്ങൾ ലജ്ജിക്കയും വേണ്ട. എന്തെന്നാൽ ദൈവം നല്ലവനും നീതിമാനും ആയതുകൊണ്ടു് അനീതിയേയും അധൎമ്മത്തെയും സംരക്ഷിക്കാൻ അദ്ദേഹം തെയ്യാറാകയില്ല. 'നിയാം' തന്റെ യജമാനനെ വഞ്ചിക്കുകയും, എല്ലാ സാമാന്യമര്യാദകൾക്കും വിരുദ്ധമായി, കലാപം അഴിച്ചുവിടുകയും തന്റെ വിദ്രോഹപരമായ ഉദ്ദേശ്യങ്ങൾക്കു ദൈവത്തെ കൂട്ടുവിളിക്കുകയും ചെയ്തു. എന്നാൽ നന്മയും, ആൎജ്ജവവുമുള്ള 'അദ്ദേഹം' അയാളുടെ അക്രമത്തിനും സ്വാൎത്ഥത്തിനും കൂട്ടുനിന്നില്ല."

ഇത്രയും പ്രസ്താവിച്ചശേഷം, വിജയശ്രീലാളിതനായി അദ്ദേഹം 'കംബാലു'വിലേക്കു മടങ്ങി, ഈസ്റ്റർ[1] കാലംവരെ അവിടെ കഴിച്ചുകൂട്ടി. അന്നൊരു ദിവസം ക്രിസ്ത്യാനികളെ അദ്ദേഹം തന്റെ മുമ്പിൽ വരുത്തുകയും, അവരുടെ വേദപുസ്തകം ചുംബിക്കുകയും ചെയ്തു. തന്റെ പ്രഭുക്കന്മാരെക്കൊണ്ടും അദ്ദേഹം അതു തന്നെ ചെയ്യിച്ചു. മുഹമ്മദീയർ, ജൂതന്മാർ, വിഗ്രഹാരാധനക്കാർ എന്നിവരുടെ വിശേഷദിവസങ്ങളിലും അദ്ദേഹം ഇതുപോലെ ചെയ്യാറുണ്ടു്. മുഹമ്മദോ, 'മോസസ്'സ്സോ, സ്വൎഗ്ഗത്തിൽ പരമശക്തരായ മററു ദൈവങ്ങളോ, തന്നെ അനുഗ്രഹിക്കട്ടെ എന്ന ഉദ്ദേശത്തിലാണു് അദ്ദേഹം ഇതെല്ലാം ചെയ്തിരുന്നതു്. ക്രിസ്തുമതത്തോടുള്ള അദ്ദേഹത്തിന്റെ ഇഷ്ടം അദ്ദേഹം പ്രത്യേകിച്ചും പ്രകടിപ്പിച്ചിരുന്നു. എങ്കിലും നെസ്റ്റോറിയൻക്രിസ്ത്യാനികളുടെ അജ്ഞതയും, ബുദ്ധമതക്കാരായ മന്ത്രവാദികളുടെ ഇന്ദ്രജാലങ്ങളുമാണു്, ക്രിസ്തുമതം സ്വീകരിക്കുന്നതിൽനിന്നും തന്നെ തടഞ്ഞിരുന്നതെന്നു്, അദ്ദേഹം പറയാറുണ്ടു്. പടയാളികളെ ഭരിക്കുന്ന

1. ക്രിസ്തുവിന്റെ പുനരുത്ഥാനകാലം.

തിനും, സംരക്ഷിക്കുന്നതിനും അദ്ദേഹം പന്ത്രണ്ടു് ഉപദേഷ്ടാക്കളെ നിയമിച്ചിരുന്നു. ഓരോ സൈനികോദ്യോഗസ്ഥൻെറയും നേട്ടങ്ങളും അപ്രതകളും ഇവർ ഖാനെ അറിയിച്ചുകൊണ്ടിരിക്കും. ആ റിപ്പോർട്ടുപ്രകാരം, നൂറിൽനിന്നു് ആയിരംപേരുടെ തലവനായും, ആയിരത്തിൽനിന്നു പതിനായിരത്തിൻെറ അധിപനായും, ഖാൻ അവക്കു്, ഉദ്യോഗക്കയററം നല്കിയിരുന്നു. സ്വർണ്ണം, വെള്ളി എന്നിവകൊണ്ടുള്ള തളികകളും, കട്ടികളും അവക്കു സമ്മാനം നല്കാറുണ്ടു്. നൂറു ഭടന്മാരുടെ നേതാവിനു്, ഒരു വെള്ളിത്തളികയും, ആയിരം ഭടന്മാരുടെ ക്യാപ്ററനു്, സ്വർണ്ണത്തളികയും, പതിനായിരത്തിൻെറ സേനാധിപനു സിംഹശീർഷം കൊത്തിയ വലിയ സ്വർണ്ണപ്പലകയും സമ്മാനം നല്കപ്പെട്ടിരുന്നു. സ്ഥാനമനുസരിച്ചു് ഓരോ തളികയുടേയും, വലിപ്പത്തിനും ഘനത്തിനും വ്യത്യാസമുണ്ടു്. ഓരോന്നിന്മേലും ഇപ്രകാരം ഒരു പ്രഖ്യാപനം രേഖപ്പെടുത്തിയിരിക്കും: "മഹാനായ ദൈവത്തിൻെറ ആജ്ഞയാലും അഭിമതത്താലും, നമ്മുടെ സാമ്രാജ്യത്തിനു് അദ്ദേഹം നല്കിയ കാരുണ്യത്താലും, കുബ്ലൈഖാൻെറ നാമം അനശ്വരവും അനുഗ്രഹീതവുമായി പരിലസിക്കട്ടെ. അദ്ദേഹത്തെ ധിക്കരിക്കുന്ന ഏവനും മരിക്കുകയോ നശിക്കപ്പെടുകയോ ചെയ്യട്ടെ." ഈ അധികാരമുദ്രകൾ കൈവശമുള്ള എല്ലാ ഉദ്യോഗസ്ഥന്മാക്കും, തങ്ങൾക്കാവശ്യമുള്ള എന്തും അവകാശപ്പെടാം. ജനമധ്യത്തിൽ സഞ്ചരിക്കുമ്പോൾ, ഈ പട്ടാളനായകന്മാർ, ഒരു ഷാൾ തലയിൽ കെട്ടുകയും, വെള്ളിക്കസേരകളിൽ ഇരിക്കുകയും ചെയ്യുന്നു. ഒരുലക്ഷപ്പടയുടെ അധിപൻെറ സ്വർണ്ണപ്പട്ടയത്തിനു മൂന്നര റാത്തൽ ഘനമുണ്ടു്. അതിൽ സൂര്യചന്ദ്രന്മാരുടെ അടയാളങ്ങൾ കാണാം. പരുന്തിൻെറ രൂപം കൊത്തിയ പട്ടയമുള്ളവക്കു്, തങ്ങളുടെ അംഗരക്ഷയ്ക്കായി, ഒരു ക്യാപ്ററൻെറ കീഴിലുള്ള മുഴുവൻ സേനയേയും ആവശ്യപ്പെടാം. കുബ്ലൈഖാൻ, കുറിയവനെങ്കിലും, സുന്ദരഗാത്രനും, കറുത്തു പ്രകാശമുള്ള കണ്ണുകളും, വടിവൊത്ത മൂക്കും, സുഷ്ഠുവായ അംഗങ്ങളും ഉള്ളവനുമാകുന്നു. അദ്ദേഹ

ത്തിനു നാലു ധർമ്മപത്നിമാരുണ്ടു്. അവരുടെ മക്കളിൽവെച്ചു് ഏററവും മൂത്തവനായിരിക്കും, കിരീടാവകാശി. എല്ലാ ഭാര്യമാരേയും പേരോടുകൂടി 'ചക്രവത്തിനി' എന്നു ചേത്താണു് വിളിക്കുന്നതു്. ഓരോരുത്തക്കും പ്രത്യേകം കൊട്ടാരമുണ്ടു്. അവരെ ഓരോരുത്തരേയും പരിചരിക്കുവാൻ മുന്നൂറോളം ദാസിമാരും, പരിചാരകന്മാരും നിയമിതരായിരിക്കുന്നു. കാവൽപ്പടയടക്കം ആകപ്പാടെ, പതിനായിരം അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു മഹാസ്ഥാപനമാണു് ഓരോ ചക്രവത്തിനിയുടേയും കൊട്ടാരം. ധർമ്മപത്നികൾ കൂടാതെ, ഖാനു് അനേകം വെപ്പാട്ടിമാരുമുണ്ടു്. താത്തറിക്കാരുടെ ഇടയിൽ 'വിർഗട്ട്' എന്ന തനി വെള്ളക്കാരായ ഒരു ജനതയുണ്ടു്. ഈരണ്ടുകൊല്ലം കൂടുമ്പോൾ, ഖാൻ അവരുടെ നാട്ടിലേക്കു തൻെറ പ്രതിപുരുഷന്മാരെ അയച്ചു്, അവരിൽ ഏററവും സൌന്ദര്യവതികളായ യുവതികളെ തിരഞ്ഞെടുത്തു്, കൊട്ടാരത്തിൽ കൊണ്ടുവരാൻ ഏപ്പാടുചെയ്യുന്നു. ആ പ്രതിനിധികൾ 'വിർഗട്ട്' ഗോത്രക്കാരിൽ സമഗ്രമായ അന്വേഷണം നടത്തി, ഏകദേശം നാനൂറോ അഞ്ഞൂറോ സുന്ദരിമാരെ ശേഖരിച്ചുകൊണ്ടുവരും. അവരുടെ അംഗപ്രത്യംഗസൌന്ദര്യത്തെ ശരിക്കും പരിശോധിക്കുവാൻ നിയമിതരായ ഈ വിദഗ്ധന്മാർ ഓരോ യുവതിയുടേയും തലമുടി, പുരികം, കണ്ണുകൾ, മൂക്കു്, ചുണ്ടുകൾ, പല്ലുകൾ തുടങ്ങി ഓരോ അവയവത്തിൻേറയും സുഷ്ഠുതയെ പ്രത്യേകം പരിശോധിക്കുകയും, ഓരോ അവയവത്തിൻേറയും സൌന്ദര്യം 16, 17, 18, 19, 20, 21—എന്നിങ്ങനെ 'ക്യാരററ്' (പവൻമാററിൻെറ) അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തുകയും ചെയ്യുന്നു. അംഗീകൃതസൌന്ദര്യനിലവാരമുള്ള യുവതികളെയാണു്, ഈ പ്രതിനിധികൾ ഇങ്ങനെ തിരഞ്ഞെടുത്തുകൊണ്ടുവരുന്നതു്. ഈ പ്രഥമതിരഞ്ഞെടുപ്പിൽ ജയിച്ചുവരുന്ന യുവതികളെ ഖാൻ പിന്നേയും വിദഗ്ധപരിശോധനക്കു വിധേയരാക്കും. ആ രണ്ടാംപരീക്ഷയിലും ജയിച്ചുവരുന്നവരെ ഖാൻ നേരിട്ടു പരിശോധിച്ചശേഷം, തൻെറ പ്രഭുക്കന്മാരുടേയും, മന്ത്രിമാരുടേയും ഭാര്യമാരെ ഏല്പിച്ചു്,

ആ സൌന്ദര്യറാണികൾ, ശുദ്ധകന്യകകളാണോ എന്നും, ശാന്തപ്രകൃതികളാണോ എന്നും, അവർ ഉറക്കത്തിൽ കൂക്കം വലിക്കുമോ എന്നും, ചുമതലാബോധമുള്ളവരാണോയെന്നും പരിശോധിപ്പിക്കുന്നു. എല്ലാ പരീക്ഷണങ്ങളും തരണംചെയ്തു രക്ഷപ്പെടുന്ന മുപ്പതു സൌന്ദര്യറാണികളെ, അഞ്ചുപേർവീതമുള്ള 'സേവാദള'ങ്ങളായി തരംതിരിച്ചു്, 'ഊഴം' അനുസരിച്ചു ചക്രവത്തിയെ പരിചരിക്കാൻ നിയമിക്കുന്നു. 'ഓരോ' സംഘവും, തുടച്ചയായി മൂന്നു പകലും, രാത്രിയും, 'ഊഴ'പ്രകാരം 'ഡ്യൂട്ടി' ചെയ്തശേഷം, മററൊരു സംഘക്കാക്കു വഴിമാറിക്കൊടുത്തു്, അന്തഃപുരസങ്കേതങ്ങളിൽ വിശ്രമിക്കുന്നു. ഒരു 'ദള'ക്കാർ ചക്രവത്തിയുടെ പരിചരണത്തിൽ ഏപ്പെടുമ്പോൾ മററു ദളക്കാർ, തൊട്ടടുത്തുള്ള കൊട്ടാരങ്ങളിൽ താമസിച്ചു്, 'ഡ്യൂട്ടി'യിലുള്ള ദളക്കാർ ആവശ്യപ്പെടുന്ന കാര്യങ്ങൾ നിവ്വഹിച്ചുകൊടുക്കുന്നു. അന്ത്യതിരഞ്ഞെടുപ്പിൽമാത്രം തോററുപോയ മററു സുന്ദരിമാർ, കൊട്ടാരത്തിലെ തുന്നൽവേലകൾ തുടങ്ങിയ ഇതരജോലികളിൽ നിയമിക്കപ്പെടുന്നു. ചിലപ്പോൾ ഈ രണ്ടാംകിട സുന്ദരിമാരിൽ ചിലരെ, തൻെറ ഉദ്യോഗസ്ഥന്മാക്കു പൊൻ സമ്മാനമായും നല്കാറുണ്ടു്. ചക്രവത്തിയുടെ 'ചക്ഷുപ്രീതി'ക്കു പാത്രങ്ങളായ പെൺമക്കൾ ഉണ്ടാകുന്നതു് ഒരു വലിയ അനുഗ്രഹവും, അഭിമാനവുമായി അന്നാട്ടുകാർ കരുതുന്നു. കൊട്ടാരത്തിലെത്തിയിട്ടു്, തിരസ്കൃതരാകുന്ന, പെൺകുട്ടികൾ ചിത്തനക്ഷത്രത്തിൽ ജനിച്ചവരാണെന്നു് അവക്കു വിശ്വാസമുണ്ടു്.

തൻെറ നാലു ധമ്മപത്നിമാരിലുംകൂടി കുബ്ലൈഖാനു് 22 ആൺമക്കളും, അൻപതോളം പെൺമക്കളുമുണ്ടായിരുന്നു.[1] ഒന്നാംഭാര്യയുടെ ഒന്നാംപുത്രനു് അദ്ദേഹം 'ചെങ്കിസ്' എന്നുത

1 വെപ്പാട്ടിമാരിൽ, കുബ്ലൈഖാനു്, വേറെ 25 ആൺമക്കൾ കൂടി ഉണ്ടായിരുന്നതായി ലെതാമിൻെറ വിവത്തനത്തിൽ കാണുന്നു. പുത്രിമാരുടെ സംഖ്യ കാണുന്നുമില്ല.

ന്നെ നാമകരണം ചെയ്തു. പിതാവിനുമുമ്പു ലോകം വെടിഞ്ഞിരുന്നില്ലെങ്കിൽ, ആ രാജകുമാരനാകുമായിരുന്നു ഖാൻെറ അനന്തിരാവകാശി. ധീരനും, സമരതന്ത്രവിദഗ്ദ്ധനുമായിരുന്ന തിമൂർ ആയിരുന്നു തൻെറ മുത്തച്ഛനെ പിൻതുടൎന്നതു്. ഖാൻെറ വെപ്പാട്ടിമാരിലായി, അദ്ദേഹത്തിനു വേറേയും അനേകം പുത്രന്മാർ ഉണ്ടായിരുന്നു. അവരെല്ലാം സമരചതുരരും, നാട്ടുവാഴികളുമാണു്. തൻെറ സ്വന്തം ഭാൎയ്യമാരിലുള്ള, ഏഴു മൂത്തപുത്രന്മാരെ, ഏഴു വൻ സംസ്ഥാനങ്ങളുടെ ഗവൎണ്ണർമാരായി, ഖാൻ നിയമിച്ചു. അവരെല്ലാംതന്നെ പ്രശസ്തമായ രീതിയിൽ താന്താങ്ങളുടെ നാടുകൾ വാഴുന്നു.

# അധ്യായം പതിനൊന്നു്

[കംബാലുവിൽ, ഖാൻെറ കൊട്ടാരം. നഗരത്തെപ്പററി ഒരു സമഗ്രമായ വിവരണം. പ്രസ്താവ്യങ്ങളായ മററു സംഗതികൾ.]

കൊല്ലത്തിൽ മൂന്നുമാസക്കാലം, അതായതു്, ഡിസംബർ, ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിൽ, കുബ്ലൈഖാൻ, തലസ്ഥാനമായ കംബാലുവിലാണു് താമസിക്കുക. നഗരത്തിൻെറ തെക്കുഭാഗത്തു് ഒരു വലിയ കൊട്ടാരമുണ്ടു്. ആദ്യം കാണപ്പെടുന്നതു് ഒരു കൂററൻ മതിൽക്കെട്ടാണു്. നഗരത്തെ വലയം ചെയ്യുന്ന ഈ മതിൽക്കെട്ടിൻെറ ഓരോ വശത്തിനും എട്ടുമൈൽ വീതം നീളമുണ്ടു്. മതിലിൻെറ ചുററുമായി ഒരു ആഴമേറിയ കിടങ്ങും കാണപ്പെടുന്നു. ഓരോ ഭാഗത്തേയും മതിലിൻെറ മദ്ധ്യത്തിലായി ഓരോ പ്രവേശനമാൎഗ്ഗം കാണാം. ഗേയ്ററിനുള്ളിൽ ഒരു മൈൽ ചുററളവുള്ള സ്ഥലത്തു പട്ടാളക്കാർ താവളമടിച്ചിരിക്കുന്നു.

ആ താവളം തരണംചെയ്താൽ, ഓരോ ഭാഗത്തിനു് ആറു മൈൽ വീതം നീളമുള്ള ഒരു ചതുഷ്കോണക്കോട്ട ദൃഷ്ടിയിൽ

പ്പെടുന്നു. അതിനുള്ളിലാണ് സാക്ഷാൽ രാജധാനി. വടക്കേ വശത്തുള്ള കോട്ടയ്ക്കു മൂന്നു ഗോപുരങ്ങളുണ്ട്. മധ്യഗോപുരം കൂടുതൽ വിസ്തൃതവും, ഖാൻ എഴുന്നള്ളുമ്പോൾമാത്രം തുറക്കപ്പെടു ന്നതുമാകുന്നു. മററു രണ്ടു പടിപ്പുരകളും പൊതുഗതാഗതത്തിനു വേണ്ടി എപ്പോഴും തുറന്നിട്ടിരിക്കുന്നു. ഈ രണ്ടാംമതിൽക്കെട്ടി ൻെറ ഓരോ കോണിലും, ഈരണ്ടു മാളികകളുണ്ട്. ഈ 'മൂല മാളിക'കളിലാണ്, ഖാൻെറ ആയുധങ്ങളും, യുദ്ധോപകരണങ്ങ ളും സൂക്ഷിച്ചിരിക്കുന്നതു്. ഒന്നിൽ കുതിരകളെ സൂക്ഷിച്ചിരിക്കു ന്നു. മറേറതിൽ ശരങ്ങളും വില്ലുകളും. മൂന്നാമതൊന്നിൽ പട ച്ചട്ടകൾ, എന്നിങ്ങനെ. ഈ രണ്ടാംകോട്ട കടന്നു് ഉള്ളിൽ പ്ര വേശിച്ചാൽ, വീണ്ടും ഒരു മതിൽക്കെട്ടു കാണാം. ആറടി വണ്ണ വും, പതിനഞ്ചടി പൊക്കവും ഉള്ള ഒരു ചതുരമതിൽക്കെട്ട്. ഓ രോ വശത്തെ മതിലിനും ഒരു മൈൽ നീളവും, ആറു പ്രവേശ നദ്വാരങ്ങളും. അവയുടെ കോണുകളിലും എട്ടു 'കോൺകൊട്ടാ രങ്ങളു'ണ്ട്. കൊട്ടാരത്തിലേയ്ക്കാവശ്യമുള്ള ആഹാരസാധനങ്ങ ളും, മററുപഭോഗ്യവസ്തുക്കളും ഇവയിൽ സൂക്ഷിച്ചിരിക്കുന്നു. ര ണ്ടാംമതിൽക്കെട്ടിനും, മൂന്നാംമതിലിനുമിടയ്ക്കുള്ള സ്ഥലം മനോ ഹരമായ ഒരു ഉപവനമാകുന്നു. പുൽത്തകിടികളും വൃക്ഷലതാ ദികളും, മാൻതുടങ്ങിയ നായാട്ടുമൃഗങ്ങളും നിറഞ്ഞതാണ് ഈ സ്ഥലം. നടപ്പാതകൾമാത്രം, രണ്ടു മുഴം ഉയരത്തിൽ വരമ്പുകൾ പോലെ പൊങ്ങി പുൽത്തകിടികളെ പല തുണ്ടങ്ങളായി മുറി ച്ചിരിക്കുന്നു. ചെളിപ്രദേശങ്ങളോ, ചതുപ്പുനിലങ്ങളോ അവി ടെയെങ്ങും കാണുകയില്ല. വിലങ്ങും തലങ്ങുമായും, സമാന്തരമാ യും കിടക്കുന്ന രാജപാതകൾ, ഈ നഗരത്തിനു് ഒരു ചതുരംഗ പ്പലകയുടെ പ്രതീതി നൽകുന്നു. അവസാനം പറഞ്ഞ കോട്ട യ്ക്കകത്താണ് ചക്രവത്തിയുടെ സാക്ഷാൽ രാജകീയവസതി. അ തിഭീമവും, മനോഹരവുമായ ഈ കൊട്ടാരം, തെക്കും വടക്കുമുള്ള മതിലുകളെ സംയോജിപ്പിച്ചുകൊണ്ടും, പ്രഭുക്കന്മാരുടേയും പട്ടാ ളക്കാരുടേയും പ്രവേശനമാർഗ്ഗത്തിന്നു് അഭിമുഖമായും സ്ഥിതിചെ

യ്യുന്നു. മച്ചില്ലെങ്കിലും, ഉയൎന്ന മേല്പുരയാണിതിന്നുള്ളതു്. ചുററുമുള്ള പ്രാന്തകൾക്കതന്നെ മുററത്തുനിന്നു പത്തുചാൺ ഉയരമുണ്ടു്. ഈ പ്രാന്തകൾ മൂന്നടി വണ്ണമുള്ള മാർബിൾഭിത്തികളാൽ, ചുററും മറയ്ക്കപ്പെട്ടിരിക്കുന്നു. ഈ മാർബിൾ ഭിത്തികളുടെ മുകൾപ്പുറപ്പിൽ, സ്തൂപികാകൃതിയിലുള്ള സുന്ദരങ്ങളായ പ്രാസാദശിഖരങ്ങളുണ്ടു്. മണിയറകളിലേയും സ്വീകരണശാലകളിലേയും ചുമരുകളിൽ, ചിറകുള്ള സൎപ്പങ്ങൾ, പടയാളികൾ, പക്ഷികൾ, മൃഗങ്ങൾ എന്നിവയുടെ ചിത്രങ്ങളും യുദ്ധചരിത്രങ്ങളും കൊത്തി, സ്വൎണ്ണം പൂശി വെച്ചിട്ടുണ്ടു്. അതുപോലെ, മുറികളുടെ മേൽത്തട്ടുകളും സുവൎണ്ണചിത്രങ്ങളാൽ നിബിഡീകൃതമായിരിക്കുന്നു. കൊട്ടാരത്തിന്റെ ഓരോ വശത്തും, വലിയ സമ്മേളനങ്ങൾ നടത്തുവാൻ സൌകൎയ്യമുള്ള ഹാളുകളുണ്ടു്. ഓരോ ഹാളിന്റേയും, മേൽത്തട്ടു് ഒരോ നിറത്തിലാണു്; ചുമപ്പു്, പച്ച, നീല എന്നിങ്ങനെ. കൊട്ടാരത്തിന്റെ പിൻഭാഗം അന്തഃപുരസ്ത്രീകൾക്ക പെരുമാറാനുള്ള മുറികളാലും, നിക്ഷേപങ്ങൾ സൂക്ഷിക്കാനുള്ള ഭണ്ഡാരമുറികളാലും, രഹസ്യാലോചനകൾ നടത്താനുള്ള സ്വകാൎയ്യശാലകളാലും നിറയപ്പെട്ടിരിക്കുന്നു.

മുകളിൽ വിവരിച്ച ഖാന്റെ കൊട്ടാരത്തിന്നപ്പുറത്തു്, മറെറാരു കൊട്ടാരംകൂടിയുണ്ടു്, മകൻ 'ചെങ്കിസ്സി'ന്നു പാൎക്കുവാൻ. സുഖസൌകൎയ്യാദികളിൽ, ആ രമ്യഹൎമ്മ്യവും, ഖാന്റേതിൽനിന്നു വളരെ താഴെയല്ല. ഇളയരാജാവിന്റെ വസതിക്കടുത്തു്, മനുഷ്യനിൎമ്മിതമായ ഒരു മലയുണ്ടു്. ഒരു മൈൽ ചുററളവും നൂററിഅൻപതടി ഉയരവുമാണു് അതിന്നു്. എക്കാലത്തും പച്ചില നിറഞ്ഞുനില്ക്കുന്ന വൃക്ഷങ്ങളാൽ ഈ മല മനോഹരമായിരിക്കുന്നു. സാമ്രാജ്യത്തിന്റെ നാനാഭാഗത്തുമുള്ള വിവിധജാതിവിശിഷ്ടവൃക്ഷങ്ങൾ, രാജാജ്ഞയാൽ ഇവിടെ കൊണ്ടുവന്നു വെച്ചുപിടിപ്പിക്കപ്പെട്ടിട്ടുണ്ടു്. ഈ ശ്രമത്തോടനുബന്ധിച്ച കുറെ ആനകളും ഈ മലയിൽ വന്നുപെട്ടിരിക്കുന്നു. അന്യദേശങ്ങളിൽനിന്നു്, വൻമരങ്ങൾ വേരോടെ പിഴുതു് ഇവിടേയ്ക്കു കൊണ്ടുവന്ന

ആനകളാണ് അവ. എപ്പോഴും പച്ചമരങ്ങളാൽ നിറയപ്പെട്ടു കാണുന്ന ഈ മലയ്ക്കു്, 'പച്ചമല' എന്ന പേർ യുക്തംതന്നെ. ഈ മലയുടെ നിമ്മാണത്തോടെ, രണ്ടു തടാകങ്ങളും നിമ്മിതങ്ങളായി. മലയ്ക്കുവേണ്ടി മണ്ണെടുക്കപ്പെട്ട സ്ഥലങ്ങളാണ്, അങ്ങിനെ രണ്ടു വൻതടാകങ്ങളായിത്തീന്നതു്. മത്സ്യം ധാരാളമുള്ള ഒരു ചെറിയ അരുവി ഇവയിൽ വന്നുചേരുന്നുമുണ്ടു്. കാഥേസംസ്ഥാനത്തിൽ ഒരു മഹാനദീതീരത്തു സ്ഥിതിചെയ്യുന്ന 'കംബാലു' പുരാതനകാലംമുതല്ക്കുതന്നെ, ഒരു രാജധാനിയെന്ന പ്രശസ്തിയാജ്ജിച്ചിരുന്നു. 'കംബാലു' എന്ന വാക്കിൻെറ അത്ഥം, 'ദേവനഗരം' എന്നാണ്. പക്ഷേ, അതിൻെറ പൂർവ്വസ്ഥാനത്തുനിന്നു്, ആ മഹാനഗരത്തെ, നദിയുടെ മറുകരയിലേക്കു ഖാൻ ഇപ്പോൾ മാററി സ്ഥാപിച്ചിട്ടുണ്ടു്. എന്തെന്നാൽ, പഴയ സ്ഥലത്തുതന്നെയിരുന്നാൽ ആ നഗരം തൻെറ ഗവമ്മേണ്ടിന്നെതിരായി കലാപം സൃഷ്ടിക്കുമെന്നു ഖാൻ ജ്യോതിഷക്കാരിൽനിന്നറിഞ്ഞു. ഇങ്ങനെ പുതിയതായി സംവിധാനംചെയ്യപ്പെട്ട നഗരിക്കു് 'ടെയ്ഡു'[1] എന്നപേരാണ് ഖാൻ നല്കിയിട്ടുള്ളതു്. പഴയ പട്ടണത്തിൽനിന്നു് എല്ലാവരും നൂതനനഗരിയിലേക്കു മാറിപ്പാത്തുകൊള്ളണമെന്നു്, ഖാൻ ആജ്ഞാപിച്ചു ആകെ 24 ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള ഒരു സമചതുരനഗരമാണ് അതു്. ചുവട്ടിൽ ഇരുപതു് അടി വണ്ണവും, മേല്പോട്ടു് അനുക്രമമായി കുറഞ്ഞു്, മുകളിലെത്തുമ്പോൾ ആറടി വണ്ണവുമുള്ള മൺകോട്ടയാണ്, കംബാലുനഗരത്തെ പൊതുവെ വലയംചെയ്തിരിക്കുന്നതു്. കോട്ടയുടെ ഓരോ വശത്തും മൂന്നു പ്രവേശനമാഗ്ഗങ്ങളുണ്ടു്. അങ്ങിനെ ഒട്ടാകെ പന്ത്രണ്ടു പ്രവേശനദ്വാരങ്ങൾ. ഓരോന്നിൻേറയും മീതെ ഉത്തുംഗങ്ങളായ ഗോപുരമാളികകളുണ്ടു്. കോട്ടയുടെ നാലു മൂലകളിലും, മൈതാനങ്ങളും പട്ടാളസങ്കേതങ്ങളുമാകുന്നു. ഓരോ പ്രവേശനദ്വാരത്തിലും, ആയിരം ഭടന്മാർ കാവൽനില്ക്കുന്നു. നഗരത്തിലെ കെട്ടിടങ്ങളെല്ലാം ചതുരാകൃതിയിലാകുന്നു.

---

1 പെക്കിങ്ങ്നഗരത്തിൻെറ വടക്കുപടിഞ്ഞാറൻഭാഗം.

തെരുവുകൾ ചൊവ്വുള്ളതും വീതിയേറിയതുമത്രേ. അതിനാൽ, ഏതെങ്കിലും ഒരു പ്രവേശനദ്വാരത്തു നിന്നുകൊണ്ടു നോക്കിയാൽ നേരെ എതിർവശത്തുള്ള ഗോപുരംവരെ എല്ലാ ദൃശ്യങ്ങളും ഒരു തടസ്സവുമില്ലാതെ കാണാൻ കഴിയും. ഇത്തരം ഋജുവും, വിശാലവുമായ സമാന്തരത്തെരുവുകളാൽ, നഗരം ഒരേ വലിപ്പത്തിലുള്ള കുറെ ഖണ്ഡങ്ങളായി വേർതിരിക്കപ്പെട്ടിരിക്കുന്നു. രാജപാതകൾക്കിരുവശവുമായി, മിക്കവാറും ഒരേ ആകൃതിയിലുള്ള രമ്യഹർമ്മ്യങ്ങൾ, അങ്കണങ്ങളോടും പുഷ്പവാടികളോടും, മറെറല്ലാ സുഖസൌകര്യങ്ങളോടുംകൂടി നിർമ്മിക്കപ്പെട്ടിട്ടുണ്ടു്. നഗരമദ്ധ്യത്തിൽ ഉത്തുംഗമായ ഒരു മണിഗോപുരമുണ്ടു്. ഒരു പടുകൂററൻ കൂടമണി, അതിൽ തൂക്കപ്പെട്ടിരിക്കുന്നു. സന്ധ്യയ്ക്കു് ആറുമണിയടിച്ചു കഴിഞ്ഞാൽ, പിറെറ പ്രഭാതംവരെ ആരും വസതിവിട്ടു പുറത്തിറങ്ങരുതെന്നാണു് സർക്കാർനിയമം. പ്രസവവേദനയനുഭവിക്കുന്ന ഒരു സ്ത്രീയുടെ ശുശ്രൂഷയ്ക്കുവേണ്ടിയോ, അതുപോലുള്ള ജീവന്മരണപ്രശ്നങ്ങൾക്കുവേണ്ടിയോ മാത്രമേ, രാത്രിസഞ്ചാരം (അതും വിളക്കോടുകൂടി) അനുവദനീയമായിട്ടുള്ളു.

കംബാലുനഗരത്തിനു തൊട്ടു വെളിയിൽ, അതിൻെറ ഓരോ ഗോപുരങ്ങളോടും ചേർന്നുകൊണ്ടു മൂന്നോ നാലോ മൈൽ നീളമുള്ള പന്ത്രണ്ടു ജനപദങ്ങളുണ്ടു്. വാസ്തവത്തിൽ നഗരത്തിലേക്കാൾ കൂടുതൽ ജനങ്ങൾ, ഈ ബാഹ്യസങ്കേതങ്ങളിലാണു് താമസിക്കുന്നതു്. വ്യാപാരശാലകൾ അധികവും, ഇവിടെത്തന്നെ. വിദേശസഞ്ചാരികളും നഗരത്തിനു തൊട്ടു പുറത്താണു് താവളമടിച്ചു കൂടുന്നതു്. ഈ ഓരോ ഉപനഗരത്തിനും സ്വന്തമായി അനേകം പാണ്ടികശാലകൾ ഉണ്ടു്. വ്യാപാരികൾ അധികവും സ്വന്തം പാണ്ടികശാലകളിൽത്തന്നെയാണു് താമസിക്കുന്നതു്. നഗരത്തിനുള്ളിൽ ആരുടേയും മൃതദേഹം ദഹിപ്പിച്ചുകൂടാ. ശ്മശാനപ്രദേശങ്ങൾ, ഈ ഉപനഗരങ്ങൾക്കുമപ്പുറത്തുള്ള വെളിമ്പ്രദേശങ്ങളിലാകുന്നു. വിഗ്രഹപൂജക്കാർ, മൃതദേഹങ്ങളെ ചിതയിൽ ദഹിപ്പിക്കുകയും, മററു ജാതിക്കാർ അവ

രുടെ ശവങ്ങൾ കുഴിച്ചുമൂടുകയും ചെയ്യുന്നു. നഗരത്തിലും പ്രാന്തങ്ങളിലുമായി വളരെ മുഹമ്മദീയർ താമസിക്കുന്നതിനാൽ, വ്യഭിചാരവ്യാപാരം വലിയ തോതിൽ നടത്തുന്ന ഇരുപത്തിഅയ്യായിരത്തിൽപ്പരം വേശ്യകൾ ഇവിടെ പാക്കുന്നുണ്ടു്. നൂറു വേശ്യകൾക്കു സക്കാർ നിയമിച്ച ഒരു അധികാരിയും, ആയിരം പേക്കു് ഒരു കപ്പിത്താനും, വേശ്യാലോകത്തെ മുഴുവൻ ഭരിക്കുവാൻ ഒരു പ്രത്യേകഗവണ്മെന്റുമുണ്ടു്. മഹാനായ ഖാനോടു വല്ല സംഗതിയും നേരിട്ടാലോചിക്കാനെത്തുന്ന വൈദേശികപ്രതിനിധികൾക്കും, വ്യാപാരികൾക്കും, മററു സംസ്ഥാനാതിഥികൾക്കും, അവരുടെ അനുയായികൾക്കും സൌജന്യമായി, രാത്രിതോറും ഓരോ വേശ്യയെ മാറിമാറി നല്കുക എന്നതാണു് ഈ വേശ്യാധിപന്മാരുടെ പ്രധാന ഉദ്യോഗം. വേശ്യകൾ ഖാനു നല്ലേണ്ടതായ കപ്പവും ഇതുതന്നെ. അസമയത്തു നഗരവീഥികളിൽ കാണപ്പെടുന്നവരെ, കാവൽഭടന്മാർ പിടിച്ചു ജയിലിൽ വെയ്ക്കുന്നു. കുററക്കാരാണെന്നു കണ്ടാൽ അവക്കു ചമ്മട്ടിപ്രഹരം നല്കുന്നു. ചോര ചൊരിയരുതെന്ന പുരോഹിതവിധിയെ മാനിച്ചാണു് അവർ ഇങ്ങനെ ചെയ്യുന്നതു്. പക്ഷേ ഈ പ്രഹരം നടക്കുന്നതിന്നിടയിൽത്തന്നെ പലരും മരിക്കാറുണ്ടു്. മഹാനായ ഖാൻെറ രാജധാനിയിൽ പന്തീരായിരം കുതിരകളുണ്ടു്. അശ്വഭടന്മാരെ അന്നാട്ടുകാർ 'കസീതാൻ' (യജമാനൻെറ വിശ്വസ്തഭടൻ) എന്നാണു് വിളിക്കുന്നതു്. ഇവരാണു് അദ്ദേഹത്തിൻെറ അംഗരക്ഷകന്മാർ. ശത്രുഭയംകൊണ്ടല്ല, രാജകീയപ്രൌഢിക്കുവേണ്ടിയാണു്, ഇത്ര വലിയ അംഗരക്ഷാസേനയെ ഖാൻ ഏപ്പെടുത്തിയിട്ടുള്ളതു്. മൂവ്വായിരം ഭടന്മാക്കു് ഒരു ക്യാപ്റ്ററൻ എന്ന നിരക്കിൽ ഈ കുതിരപ്പടക്കു നാലു ക്യാപ്റ്ററന്മാരുണ്ടു്. ഒരു ക്യാപ്റ്ററനും അദ്ദേഹത്തിൻെറ കീഴിലുള്ള മൂവ്വായിരം പടയാളികളും മൂന്നു ദിനരാത്രങ്ങൾ തുടച്ചയായി ജോലി നിവ്വഹിച്ചാൽ അവർ വിശ്രമമെടുക്കുകയും, മറെറാരു ക്യാപ്റ്ററൻ അനുയായികളോടെ ഡ്യൂട്ടി ഏററുവാങ്ങുകയും ചെയ്യുന്നു. കൊല്ലത്തോടുകൊല്ലം ഈ ഉത

ഴക്കണക്കിനാണ് കാവൽജോലി തുടരുന്നതു്. പ്രധാനഉത്സവവേളകളിൽ, എല്ലാ അന്തസ്സുകളോടുംകൂടി ഖാൻ രാജകീയഡർബാർ നടത്തുന്നു. മററുള്ളവരുടെ സീററുകളിൽനിന്നു്, തുലോം ഉയന്ന ഒരു മണ്ഡപത്തിലാണ് ചക്രവത്തിക്കുള്ള സിംഹാസനം ഇട്ടിരിക്കുന്നതു്. ഹാളിൻെറ വടക്കുഭാഗത്തു്, തെക്കോട്ടഭിമുഖമായി ഇട്ടിരിക്കുന്നു, ഈ സിംഹാസനം. അദ്ദേഹത്തിൻെറ ഇടത്തുവശത്തു രാജ്ഞിയും (പ്രഥമപത്നി), വലത്തുഭാഗത്തു പുത്രന്മാരും, അനന്തിരവന്മാരും മററു രാജകുടുംബാംഗങ്ങളും ഉപവിഷ്ടരാകുന്നു. പക്ഷേ അവരുടെ പീഠങ്ങളും തീൻമേശകളും എല്ലാം തുലോം താഴെയാണ്. ഖാൻെറ പാദങ്ങൾ, അവരുടെ ഉയത്തിയ കൈകൾകൊണ്ടുപോലും സ്പർശിക്കാനാവാത്തവിധം, ഖാൻെറ ഇരിപ്പിടം അത്ര ഉയന്നതാണ്. ഓരോ രാജകുമാരൻേറയും ഇരിപ്പിടം പ്രായക്കുറവനുസരിച്ചു്, താഴെത്താഴെയായിരിക്കും. അവരുടെ ഭാര്യമാരും ഈ ക്രമം പാലിക്കുന്നു. രാജകുടുംബാംഗങ്ങളുടെ സ്ഥാനങ്ങൾക്കു താഴെയായി പ്രഭുക്കന്മാരും, ഉദ്യോഗസ്ഥപ്രമുഖന്മാരും ഇരിക്കുന്നു. ഹാളിൽ സന്നിഹിതരായി തന്നോടൊപ്പം സദ്യയുണ്ണുന്ന എവരുടേയും നേരെ ചക്രവത്തിയുടെ നയനങ്ങൾ സദാ വ്യാപരിച്ചുകൊണ്ടിരിക്കും. ചിലപ്പോൾ എല്ലാവക്കും ഇരിക്കുവാൻ പീഠമുണ്ടായെന്നു വരികയില്ല. ഭൂരിപക്ഷം സേനാനികളും ഇടപ്രഭുക്കന്മാരും നിലത്തു പരവതാനി വിരിച്ചാണ് ഇരുന്നു സദ്യയുണ്ണുന്നതു്. ഹാളിൻെറ ഓരോ വാതില്ക്കലും, ഈരണ്ടു ഭടന്മാർ, ചമ്മട്ടിയുമേന്തി കാവൽ നില്ക്കുന്നു. മുൻകൂർ അനുവാദംകൂടാതെ ആക്കും അവിടെ പ്രവേശനമില്ല. ക്ഷണിക്കാതെ വല്ലവരും വന്നുപെട്ടാൽ അവരുടെ വസ്ത്രം ഈ കാവൽക്കാർ അഴിച്ചെടുക്കുന്നു. ഒന്നുകിൽ കാവൽക്കാർ നിശ്ചയിക്കുന്ന അടി വാങ്ങി വസ്ത്രം മടക്കിവാങ്ങുകയോ, അല്ലെങ്കിൽ വസ്ത്രം ഉപേക്ഷിക്കുകയോ അവർ ചെയ്യേണ്ടിയിരിക്കുന്നു. രാജാവിനു ഭക്ഷണം വിളമ്പുന്നവർ തങ്ങളുടെ വായകൾ, പട്ടുതുവാലകൊണ്ടു പൊതിഞ്ഞുകെട്ടണമെന്നാണ് നിയമം. രാജാവിൻെറ ഭക്ഷണപാനീയങ്ങൾ, തങ്ങളുടെ ശ്വാ

സോച്ഛ്വാസങ്ങൾകൊണ്ടു് ഒരുവിധത്തിലും മലിനമാകാതിരിക്കാനാണു് അവർ ഇങ്ങനെ ചെയ്യുന്നതു്. അദ്ദേഹം കുടിക്കാൻ ആഗ്രഹം സൂചിപ്പിച്ചാൽ, പാനീയം പകൎന്നൊഴിക്കുന്ന സുന്ദരി, മൂന്നടി പിന്നോട്ടുവെച്ചു മുട്ടുകുത്തുകയും, വാദ്യമേളക്കാർ സംഗീതയന്ത്രങ്ങൾ പ്രവൎത്തിപ്പിക്കുകയും ചെയ്യുന്നു. വളരെ വിസ്തരിച്ചു ഒരു വൎണ്ണനയ്ക്കു് ഇവിടെ ഉദ്ദേശമില്ലാത്തതിനാൽ, മേശയ്ക്കരികിൽ കൊണ്ടുവന്നു വിളമ്പുന്ന മാംസക്കറികളുടെ സ്വാദിനെപ്പററിയോ, വിളമ്പുപാത്രങ്ങളുടെ സൌന്ദൎയ്യത്തെപ്പററിയോ ക്കുടുതലൊന്നും പ്രസ്താവിക്കുന്നില്ല. തങ്ങളുടെ രാജാവിൻെറ ജന്മദിനം എല്ലാ താൎത്താറികളും വലിയ ഉത്സാഹത്തോടും ആഡംബരത്തോടുംക്കൂടി ആഘോഷിക്കുന്നു. മഹാനായ ഖാൻെറ തിരുനാൾ സെപ്തെംബർ 28-ാംനു-യാകുന്നു. താൎത്താറിവൎഷം തുടങ്ങുന്ന ഫെബ്രു്വരി ഒന്നാംതീയതി ഒഴിച്ചാൽ പിന്നെ ഏററവും പ്രധാനപ്പെട്ട ഉത്സവദിനമാണു് രാജാവിൻെറ ജന്മദിനം. പിറന്നാൾദിവസം മഹാരാജാവു് ഏററവും വിശിഷ്ടങ്ങളായ സുവൎണ്ണപട്ടാംബരങ്ങളാണു് ധരിക്കുക. ഏകദേശം രണ്ടായിരത്തോളം പ്രഭുക്കന്മാരും, ഭടന്മാരും അന്നേദിവസം ഇതുപോലെ സുവൎണ്ണവസ്ത്രങ്ങൾ ധരിക്കുന്നു. പട്ടുകുപ്പായങ്ങൾക്കുമീതെ, സ്വൎണ്ണമോ, വെള്ളിയോകൊണ്ടുള്ള അരപ്പട്ടകളും, ഓരോ ജോടി ഷൂസും അന്നേദിവസം ധരിക്കുവാൻ ഉദ്യോഗസ്ഥപ്രമുഖന്മാൎക്കും പടയാളികൾക്കും നല്കപ്പെടുന്നു. പ്രഭുക്കളും, നാടുവാഴികളും ധരിക്കുന്ന കുപ്പായങ്ങളും ആഭരണങ്ങളും, ചക്രവൎത്തിയുടേതൊഴിച്ചാൽ, ഏററവും വിലപ്പെട്ടവതന്നെ. കൊല്ലത്തിലെ പതിമൂന്നു പൌൎണ്ണമാസീദിനങ്ങളിൽമാത്രമേ അവരെല്ലാം ഈ ആഡംബരവസ്ത്രങ്ങൾ ധരിക്കു. ചക്രവൎത്തിയുടെ ജന്മനക്ഷത്രത്തിൻനാൾ, എല്ലാ സാമന്തരാജാക്കന്മാരും ഇടപ്രഭുക്കന്മാരും അദ്ദേഹത്തിനു പിറന്നാൾസമ്മാനങ്ങൾ അയയ്ക്കുകയെന്ന ഒരു ആചാരവിശേഷം താൎത്താറികൾക്കിടയിൽ നടപ്പുണ്ടു്. സ്ഥാനമാനങ്ങളോ ഉദ്യോഗങ്ങളോ ആഗ്രഹിക്കുന്നവർ, അതിന്നായി നിയമിച്ചിട്ടുള്ള പന്ത്രണ്ടംഗ

ക്കമ്മിററിയുടെ അടുക്കൽ അപേക്ഷകൾ സമർപ്പിക്കണം. കമ്മിററിയുടെ തീരുമാനം ഖാൻെറ അംഗീകരണത്തിനു വിധേയമാണു്. കൃസ്ത്യാനികളോ, ജൂതന്മാരോ, മുഹമ്മദീയരോ, വിഗ്രഹാരാധകന്മാരോ ആയ സർവ്വജാതിമതസ്ഥരും, ചക്രവർത്തിയുടെ ആയുരാരോഗ്യങ്ങൾക്കുവേണ്ടി, താന്താങ്ങളുടെ ദൈവങ്ങളോടു പ്രാർത്ഥിക്കാൻ കടപ്പെട്ടവരാകുന്നു. താത്താറിവർഷം തുടങ്ങുന്ന ഫെബ്രുവരി 1-ാംതീയതിയാണു്, താത്താറികളുടെ ദേശീയദിനം. എല്ലാവരും ഗംഭീരമായ സദ്യകൾ നടത്തി ആ ദിനം കൊണ്ടാടുന്നു. അന്നേദിവസം എല്ലാ സ്ത്രീപുരുഷന്മാരും, സൌഭാഗ്യസൂചകമായ വെള്ളപ്പട്ടാണു് ധരിക്കുക. കൊല്ലം മുഴുവൻ നീണ്ടുനില്ക്കേണ്ട ഭാഗ്യങ്ങൾക്കുവേണ്ടിയാണു് അവർ അങ്ങനെ ചെയ്യുന്നതു്. നഗരാധിപന്മാരും സംസ്ഥാനഗവർണ്ണർമാരും, സ്വകർത്തവ്യങ്ങൾ മനസ്സിലാക്കിക്കൊണ്ടു്, ചക്രവർത്തിക്കു പലതരം സമ്മാനങ്ങൾ അയച്ചുകൊടുക്കുന്നു. സ്വർണ്ണം, വെള്ളി, മുത്തുകൾ, രത്നങ്ങൾ, വെള്ളപ്പട്ടുകൾ, വെള്ളക്കുതിരകൾ ഇങ്ങനെ പലതും. സാധാരണക്കാർതമ്മിൽ, അന്നേദിവസം പലതരം വെളുത്ത സാധനങ്ങൾ കൈമാറാറുണ്ടു്. കഴിയുമെങ്കിൽ, തങ്ങൾ അയയ്ക്കുന്ന ഈ സമ്മാനങ്ങളുടെ സംഖ്യ ഒൻപതോ, അതിൻെറ ഗുണിതങ്ങളോ ആയി ചക്രവർത്തിക്കു് അയയ്ക്കാൻ അവർ ശ്രദ്ധിക്കും. അങ്ങിനെ വെള്ളക്കുതിരയാണെങ്കിൽ, ഒൻപതോ, എൺപത്തൊന്നോ. സ്വർണ്ണമോ, വസ്ത്രമോ ആയാലും, അനുപാതം ഇതുതന്നെ. ചിലപ്പോൾ ചക്രവർത്തിക്കു് ഒരു ലക്ഷം കുതിരകളോളം സമ്മാനം കിട്ടാറുണ്ടു്. ഈ ഉത്സവവേളകളിൽ അയ്യായിരത്തോളംവരുന്ന ചക്രവർത്തിയുടെ ആനകളേയും പ്രദർശിപ്പിക്കാറുണ്ടു്. പലജാതി പക്ഷികളുടേയും മൃഗങ്ങളുടേയും ചിത്രങ്ങൾ തുന്നിയ, വർണ്ണശബളമായ പരവതാനികൾകൊണ്ടു്, അലങ്കരിക്കപ്പെട്ട ഈ ആനകൾ രാജാവിനുള്ള സമ്മാനങ്ങൾ (സ്വർണ്ണപ്പാത്രങ്ങളും വെള്ളിപ്പാത്രങ്ങളും) നിറച്ച പെട്ടികൾ ചുമന്നുകൊണ്ടു്, അണിയണിയായി വരുന്ന കാഴ്ച, കാണികളുടെ കണ്ണും കരളും കവരുന്നു.

പട്ടുമെത്തകൾ വിരിക്കപ്പെട്ട അനേകം ഒട്ടകങ്ങളും, രാജകീയ ഡർബാറിനു വേണ്ട മററു സാമഗ്രികളും വഹിച്ചുകൊണ്ടു വന്നെത്തുന്നു. പുതുവത്സരദിവസം പ്രഭാതത്തിൽ, ചക്രവർത്തിയുടെ സൈന്യങ്ങൾ, സേനാധിപന്മാർ, മന്ത്രിമാർ, വൈദ്യന്മാർ, ജ്യോതിഷക്കാർ, സംസ്ഥാനഗവർണ്ണർമാർ എന്നിവരെല്ലാം, ഡർബാർ ഹാളിൽ സന്നിഹിതരാവുന്നു. ഹാളിൽ പ്രവേശനം കിട്ടാത്ത വലിയ സംഘം ആൾക്കാർ ആഘോഷച്ചടങ്ങുകൾ കാണത്തക്ക വിധം ഹാളിന്നു പുറത്തു തിങ്ങിക്കൂട്ടുന്നു. ഓരോരുത്തർക്കും, അവരവരുടെ പദവിയും സ്ഥാനമാനങ്ങളും അനുസരിച്ച് ഇരിപ്പിടം നല്കപ്പെടുന്നു. എല്ലാവരും ഇരുന്നുകഴിഞ്ഞാൽ പുരോഹിതപ്രമാണി, ഉച്ചത്തിൽ പ്രഖ്യാപിക്കും: "കുമ്പിട്ടു്, പ്രാർത്ഥിക്കുക." ഉടനെ എല്ലാവരും നെററി നിലത്തു മുട്ടിച്ചു പ്രാർത്ഥിക്കുന്നു. അപ്പോൾ, പുരോഹിതൻ, "ദൈവം നമ്മുടെ ചക്രവർത്തിയെ, ആയുസ്സും ആനന്ദവും നല്കി കാത്തുരക്ഷിക്കട്ടെ" എന്നു വീണ്ടും വിളിച്ചുപറയും. സഭാവാസികൾ അതു പിന്നെയും ഏററു പറയും. പുരോഹിതൻ: "ദൈവം, ചക്രവർത്തിയുടെ സാമ്രാജ്യം, വിപുലമാക്കുകയും, അദ്ദേഹത്തിൻെറ പ്രജകളെ, ശാന്തിയിലും ഐക്യത്തിലും വാഴിക്കയും ചെയ്യട്ടെ." എല്ലാവരും ഈ വാക്യവും നാലുപ്രാവശ്യം ആവർത്തിച്ചുപറയുന്നു. പ്രാർത്ഥന കഴിഞ്ഞാൽ അതിമനോഹരമായി അലങ്കരിച്ചിട്ടുള്ള ഒരു ബലിപീഠത്തിനു സമീപം പുരോഹിതൻ വന്നു നില്ക്കുന്നു. അവിടെ കടും ചുവപ്പുവർണ്ണമുള്ള ഒരു മേശമേൽ ഖാൻെറ നാമം കൊത്തിവെച്ചിട്ടുണ്ടു്. പുരോഹിതൻ ഒരു ധൂമക്കുററിയെടുത്തു്, സുഗന്ധദ്രവ്യങ്ങളിട്ടു പുകച്ചു്, ഖാൻെറ നന്മയ്ക്കായി, ബലിപീഠത്തേയും, മേശയേയും അർച്ചനചെയ്യുന്നു. ആ പൂജയ്ക്കുശേഷമാണു്, അതിഥികൾ കൊണ്ടുവന്ന സമ്മാനങ്ങൾ ഖാനു കാഴ്ച വെയ്ക്കുന്നതു്. പിന്നെ, വമ്പിച്ച ഒരു രാജകീയവിരുന്നിൻെറ ആരംഭമായി. മേൽ വിവരിച്ച മാന്യാതിഥികളും അവരുടെ കുടുംബാംഗങ്ങളും എല്ലാം ഈ വിരുന്നിൽ പങ്കുകൊണ്ടു്, സന്തോഷചിത്തരായി തിന്നുക

യും കുടിക്കുകയും ചെയ്യും. സദ്യകഴിഞ്ഞാൽ, ഒരു ഇണക്കപ്പെട്ട സിംഹം രാജസന്നിധിയിൽ കൊണ്ടുവരപ്പെടുന്നു. ഈ സിംഹം, ഒരു ശാന്തനായ നായയെപ്പോലെ, ചക്രവത്തിയുടെ കാല്ക്കൽ കിടന്നു് അദ്ദേഹത്തെ തലോടുകയും, നക്കുകയും ചെയ്തു്, സ്നേഹം കാണിക്കുന്നു.

ചക്രവത്തി കംബാലുവിൽ താമസിക്കുന്ന മൂന്നുമാസക്കാലത്തു്—അതായതു് ഡിസംബർ, ജനുവരി, ഫെബ്രു്വരി ഈ മാസങ്ങളിൽ—കാഥേസംസ്ഥാനത്തിനുള്ളിലും ചുററുമുള്ള ഖാൻെറ എല്ലാ നായാട്ടുകാരും, താന്താങ്ങളുടെ തൊഴിലുകളിൽ, വളരെ ജാഗരൂകരായിരിക്കും. മാൻ, കരടി, കാട്ടുപന്നി തുടങ്ങിയ വന്യമൃഗങ്ങളെ വേട്ടയാടി, അവർ ഗവണ്ണർമാക്കു കൊണ്ടുവന്നു കൊടുക്കുന്നു. ചക്രവത്തിയുടെ വസതിയിൽനിന്നു മുപ്പതു ദിവസത്തെ യാത്രയ്ക്കുള്ളിലുള്ള എല്ലാ ഗവണ്ണർമാരും, വേട്ടയാടിക്കിട്ടിയ ഈ മൃഗങ്ങളെ തൊലിപൊളിച്ചു്, കുടൽ നീക്കി, വൃത്തിയാക്കി വണ്ടികളിലോ, പായ്ക്കപ്പലുകളിലോ കയററി രാജധാനിയിലെത്തിക്കുന്നു. എന്നാൽ നാല്പതോ അധികമോ ദിവസത്തെ വഴിക്കപ്പുറമുള്ള ഗവണ്ണർമാർ, അവയുടെ തോൽമാത്രമേ, ചക്രവത്തിക്കു് എത്തിച്ചുകൊടുക്കൂ. ഈ തോലുകൾ പടച്ചട്ട നിമ്മിക്കാൻ ഉപയോഗിക്കുന്നു. നായാട്ടിൻെറ ആവശ്യത്തിലേയ്ക്കു ധാരാളം ചെന്നായ്ക്കളും പുള്ളിപ്പുലികളും, ബാബിലോണിൽ കണ്ടവയേക്കാൾ വലിയതരം സിംഹങ്ങളും ഖാൻെറ കൈവശമുണ്ടു്. ഈ സിംഹങ്ങളുടെ രോമങ്ങൾ, പല നിറത്തിലുള്ള രശ്മികൾ പൊഴിക്കുന്നു—വെളുപ്പു്, കറുപ്പു്, ചുമപ്പു്. കരടികൾ, പന്നികൾ, മാനുകൾ, കാട്ടുകഴുതകൾ, കാട്ടുകാളകൾ എന്നിവയേയെല്ലാം വേട്ടയാടുവാൻ ഈ സിംഹങ്ങൾ ഉപകരിക്കുന്നു. നായാട്ടുവേളയിൽ ഈ സിംഹങ്ങൾ പുറപ്പെടുവിക്കുന്ന ഗജ്ജനവും, പ്രദശിപ്പിക്കുന്ന സാമത്ഥ്യവും വിസ്മയകരമാകുന്നു. നായാട്ടിനു പോകുമ്പോൾ രണ്ടു സിംഹങ്ങളെ ഒരുമിച്ചു് ഒരു വണ്ടിയിലിട്ടാണു് സാധാരണ കൊണ്ടുപോകുന്നതു്. അവയുമായി നല്ല ഇണക്കമു

ള്ള ഒരു നായയും കൂടെയുണ്ടാകും. സിംഹങ്ങളുടെ ഉഗ്രതയും അടക്കമില്ലായ്മയുംകൊണ്ടാണു് അവയെ വണ്ടിയിലിട്ടു പൂട്ടിക്കൊണ്ടു പോകുന്നതു്. കാററിന്നെതിരായിട്ടുമാത്രമേ ഇവയെ കാട്ടിൽ കൊണ്ടുപോകാൻ പാടുള്ളൂ. അല്ലെങ്കിൽ ഇവയുടെ ശക്തിയേറിയ ദുർഗ്ഗന്ധംമൂലം, അവയുടെ വരവിനെ വന്യമൃഗങ്ങൾ നേരത്തേ മണത്തറിഞ്ഞു് ഓടി രക്ഷപ്പെടുന്നു. ഇണക്കമുള്ള ധാരാളം കഴുകന്മാരും, ഖാൻെറ കൈവശമുണ്ടു്. മുയലുകൾ, മാൻകുട്ടികൾ, കുറുനരികൾ ഇവയെ പിടിക്കുന്നതിനു്, കഴുകന്മാർ കൂടുതൽ ഉപകരിക്കുന്നു. ഇവയുടെ സഹായത്തോടെ ചെന്നായ്ക്കളെപ്പോലും അനായാസേന വേട്ടയാടാൻ പററും. എന്തെന്നാൽ അവയെക്കൂടി പറന്നു കൊത്തി ക്ഷീണിപ്പിക്കുവാൻ കഴുകന്മാക്കു കഴിവുണ്ടു്. ഖാൻെറ കൊട്ടാരത്തിൽ, 'ബോയൻ' എന്നും, 'മിങ്കൻ' എന്നും പേരുള്ള രണ്ടു സഹോദരന്മാരുണ്ടു്. താർത്തറിഭാഷയിൽ, ഇവരെ 'സിയൂക്കൊ' അഥവാ, നായാട്ടുവിദഗ്ദ്ധന്മാർ എന്നാണു് വിളിക്കുന്നതു്. ഇവർ രണ്ടുപേരും, പതിനായിരംവീതം വരുന്ന നായാടികളുടെ അധിപന്മാരാകുന്നു. ഒരുത്തൻെറ അനുയായികൾ ചെങ്കുപ്പായക്കാരും, മറെറയാളുടെ കീഴാളർ നീലക്കുപ്പായക്കാരുമാകുന്നു. നായാട്ടുവേളകളിൽ, ഇവർ അയ്യായിരത്തോളം വേട്ടനായ്ക്കളേയും കൂടെ കൊണ്ടുപോകും. രാജാവിൻെറ പിന്നിൽ, ഇരുവശത്തുമായി, നീണ്ട അണികളായി ഈ നായാടിസംഘം യാത്രപോകുന്നു. ഈ മൃഗയാവിനോദഘോഷയാത്രയുടെ ഒരററംമുതൽ മറേറ അററംവരെയുള്ള നീളം, ഏതാണ്ടു് ഒരു മുഴുവൻദിവസത്തെ യാത്രയ്ക്കു തുല്യമാണു്. അതിനാൽ ഒരു മൃഗത്തിനും അവരിൽനിന്നു രക്ഷപ്പെടാൻ സാധ്യമല്ല. വനമധ്യത്തിൽ മുയലുകൾ, കരടികൾ തുടങ്ങിയ മൃഗങ്ങളെ നായ്ക്കൾ ഓടിച്ചിട്ടു വളയുന്നതു കാണ്മാൻ ഖാനു വളരെ താല്പര്യമാണു്. ഒക്ടോബർ ആദ്യംമുതൽ മാച്ച്ു് ഒടുവുവരെയുള്ള കാലയളവിനുള്ളിൽ, അവക്കു പിടിയ്ക്കാൻ കഴിഞ്ഞതിൽ ഏററവും നല്ല; ആയിരത്തോളം മൃഗങ്ങളേയും പക്ഷികളേയും കൊല്ലംതോറും കൊട്ടാരത്തിൽ

എത്തിച്ചുകൊള്ളുവാൻ ഈ നായാടിസംഘം കരാർപ്രകാരം ബാദ്ധ്യസ്ഥരാണ്. പിടിക്കപ്പെടുന്ന ഏററവും നല്ല മത്സ്യങ്ങളേയും ഈ തോതിൽത്തന്നെ നല്കാനും അവൎക്കു ചുമതലയുണ്ട്.

A(71.

# അധ്യായം പന്ത്രണ്ട്

[മഹാനായ ഖാൻെറ രാജധാനിയെപ്പററി വീണ്ടും—പ്രജകളുടെ സ്വഭാവം—ആചാരമര്യാദകൾ.]

മാർച്ചുമാസം ആരംഭിക്കുന്നതോടെ മഹാനായ ഖാൻ കംബാലുനഗരത്തെ വിട്ട്, വടക്കുകിഴക്കോട്ടു രണ്ടു ദിവസത്തെ വഴിയുള്ള സമുദ്രതീരത്തേയ്ക്കു പുറപ്പെടുന്നു. പരുന്ത്, പ്രാപ്പിടിയൻ (പുള്ള്) തുടങ്ങിയ നായാട്ടുപക്ഷികളോടുകൂടിയ പതിനായിരം നായാട്ടുകാർ അദ്ദേഹത്തെ അനുഗമിക്കുന്നു. നൂറോ, ഇരുനൂറോ, പുള്ളുകളെ സംഘംസംഘമായി, കാട്ടിൽ തിരിച്ചുവിടുകയും, അവരാഞ്ചിക്കൊണ്ടുവരുന്ന പക്ഷികൾ, രാജസന്നിധിയിൽ സമൎപ്പിക്കപ്പെടുകയും ചെയ്യുന്നു. വാതരോഗശല്യമുള്ളതിനാൽ ഖാൻ അധികം കാൽനടയായി യാത്ര ചെയ്യാറില്ല. രണ്ട് ആനകളുടെ പുറത്തു കെട്ടിയുണ്ടാക്കുന്ന അലംകൃതമായ ഒരു മരഗോപുരത്തിലാണ് അദ്ദേഹം യാത്രചെയ്യുന്നത്. അതിനുള്ളിൽ സിംഹത്തോൽ വിരിച്ചിരിക്കുന്നു. തൻെറ വിനോദത്തിനായി തിരഞ്ഞെടുക്കുന്ന ഏററവും നല്ല പന്ത്രണ്ടു പുള്ളുകളും, പന്ത്രണ്ടു സേവകന്മാരും, ആനപ്പുറത്തുള്ള 'അമ്പാരി'യിൽ, അദ്ദേഹത്തോടൊന്നിച്ചുണ്ടാകും. അനേകം പ്രഭുക്കന്മാരും, മന്ത്രിമാരും, അംഗരക്ഷകന്മാരും അദ്ദേഹത്തെ അകമ്പടിസേവിക്കുന്നു. അവർ ആകാശക്കോഴികളോ, കൊക്കുകളോ, മററു പക്ഷികളോ പറക്കുന്നതു കണ്ടാൽ, രാജാവിൻെറ അടുത്തുള്ള പുള്ളുകാരെ വിവരമറിയിക്കുന്നു. അവർ, രാജാവിനേയും വിവരം ധരിപ്പിക്കും. അതോടുകൂടി,

അമ്പാരിയുടെ ജനാലകൾ തുറന്നു്, അതിലുള്ള പുള്ളുകളേയും പരുന്തുകളേയും വെളിയിലേയ്ക്കു വിടുന്നു. രാജാവാകട്ടെ തൻെറ സുവർണ്ണപല്യങ്കത്തിലിരുന്നുകൊണ്ടു പക്ഷികളുടെ ഈ നായാട്ടു കണ്ടു രസിക്കുന്നു. അതിനിടയ്ക്കു, കൂടെ വന്നിട്ടുള്ള പതിനായിരത്തോളം നായാടികൾ, ഈരണ്ടു പേർ ചേർന്നു്, നായാട്ടുസമയത്തു് അങ്ങുമിങ്ങും പറക്കുന്ന പുള്ളുകളുടേയും പരുന്തുകളുടേയും ഗതിവിഗതികൾ ശ്രദ്ധിക്കുകയും, ആപൽഘട്ടങ്ങളിൽ അവയ്ക്കു നായാട്ടുകാര്യത്തിൽ വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നു. ഇക്കൂട്ടരെ, താർത്തറിക്കാർ, 'തോസ്കോൾ' അഥവാ 'കാവൽക്കാർ' എന്നാണു് വിളിക്കുന്നതു്. പറത്തപ്പെട്ട പരുന്തുകളെ, ആവശ്യം കഴിഞ്ഞാൽ പ്രത്യേകതരത്തിലുള്ള ചില ചൂളം വിളികൾകൊണ്ടു് അവർ കൂട്ടിലേയ്ക്കു മടക്കിവിളിക്കുന്നു. അങ്ങനെ വേട്ടയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ പുള്ളുകളേയും പരുന്തുകളേയും സൂക്ഷിയ്ക്കുകയും, അവയ്ക്കു് ആപത്തുവരാതെ ശ്രദ്ധിക്കുകയും സഹായിക്കുകയും ചെയ്യുന്നതിൽ ഈ കാവൽക്കാർ വ്യാപൃതരായിരിക്കുന്നതിനാൽ, പുള്ളുടമകൾക്കു് അവയെ പിൻതുടരേണ്ടതായ ആവശ്യമില്ല. മാത്രമല്ല, പറക്കുന്ന ഓരോ നായാടിപ്പക്ഷിയുടേയും കാലിൽ അതിൻെറ യജമാനൻെറ അടയാളമുള്ള ഒരു വെള്ളിത്തകിടു കെട്ടിയിട്ടുണ്ടാകും. അതിനാൽ കൂട്ടം തെററി പറന്നുപോകുന്ന പക്ഷികളെപ്പോലും തിരഞ്ഞുപിടിച്ചു വീണ്ടെടുക്കാനും എളുപ്പമുണ്ടു്.

എന്നാൽ തിരിച്ചറിയാനാവാത്ത അടയാളത്തോടുകൂടിയ പക്ഷികളാണെങ്കിൽ അത്തരം പക്ഷികളെ കിട്ടുന്നവൻ അവയെ ഒരു പ്രത്യേക ഉദ്യോഗസ്ഥൻെറ അടുക്കൽ ഏല്പിക്കാൻ ബാധ്യസ്ഥനാണു്. ഇക്കാരണത്താൽ ആ ഉദ്യോഗസ്ഥൻ 'ബുലാങ്കസി' എന്ന പേരിൽ അറിയപ്പെടുന്നു. കാട്ടിൽ കളഞ്ഞുകിട്ടുന്ന എല്ലാ വസ്തുക്കളും അദ്ദേഹത്തെയാണു് ആൾക്കാർ ഏല്പിക്കേണ്ടതു്. അങ്ങിനെ ചെയ്യാത്തവനെ, ഒരു കള്ളനായി കണക്കാക്കി, ശിക്ഷിക്കും. എന്തെങ്കിലും സാധനം കൈനഷ്ടം വരുന്നവരെല്ലാം,

'ബുലാങ്കസി'യോടാണ് അന്വേഷണം നടത്തേണ്ടതും. ഈ ഉദ്യോഗപ്രാധാന്യംമൂലം, എത്ര വലിയ ആൾത്തിരക്കിലും, എപ്പോഴും ജനങ്ങൾക്ക് എളുപ്പത്തിൽ കണ്ടുപിടിക്കാൻ സാധിക്കുമാറ് അത്യുച്ചുന്നതമായ ഒരു സ്ഥാനത്താണ് 'ബുലാങ്കസി' ഉപവിഷ്ടനായിരിക്കുന്നതു്. അങ്ങിനെ, രാജാവും പരിവാരങ്ങളും, വേട്ടയാടി, 'കഴ്സാ-മോർദീൻ' എന്ന ഒരു വിസ്തൃതമൈതാനത്തിൽ എത്തിച്ചേരുന്നു. അവിടെ രാജാവിനും, സേവകന്മാക്കും, ഉദ്യോഗസ്ഥപ്രമുഖന്മാക്കും സുഖമായി പാക്കുവാൻ വേണ്ടത്ര കൂടാരങ്ങൾ (ഒട്ടാകെ പതിനായിരം) നേരത്തേതന്നെ തയ്യാർചെയ്തിരിക്കും. ഏററവും പ്രധാനവും, ഭീമവും, സുന്ദരവുമായതു്, ഖാൻെറ കൂടാരംതന്നെ. മന്ത്രിമാർ, സേനാധിപന്മാർ, പട്ടാളക്കാർ, പ്രഭുക്കന്മാർ മുതലായി പതിനായിരംപേക്ക് ഒരുമിച്ചിരിക്കാൻമാത്രം വലിപ്പമുള്ളതാണ് ഖാൻെറ കൂടാരം. അതിൻെറ പ്രവേശനദ്വാരം തെക്കോട്ടാകുന്നു. സുന്ദരങ്ങളായ ദാരുശില്പങ്ങളാൽ അലംകൃതമായ മൂന്നു സ്തംഭങ്ങൾ ഈ കൂടാരത്തെ താങ്ങിനിത്തുന്നു. സിംഹത്തിൻേറയും മററു വന്യമൃഗങ്ങളുടേയും രോമചമ്മംകൊണ്ടാണ് കൂടാരമേൽപ്പുര നിമ്മിക്കപ്പെട്ടിരിക്കുന്നതു്. ഈ രോമചമ്മമേൽപ്പുര, വെയിലിനേയും, മഴയേയും, മഞ്ഞിനേയും വിജയകരമായി തടഞ്ഞുനിത്തുന്നു. എന്നാൽ കൂടാരത്തിൻെറ ഉൾച്ചുമരുകൾ, നീർനായ്, നീരണ്ണാൻ തുടങ്ങിയ ജന്തുക്കളുടെ അമൂല്യരോമചമ്മങ്ങൾകൊണ്ടാകുന്നു, നിമ്മിക്കപ്പെട്ടിട്ടുള്ളതു്. ഈ തോലുകൾ ഏററവും വിലപിടിച്ചവയാകുന്നു. രണ്ടായിരം സ്വണ്ണവിൽക്കാശു വിലയുള്ള, അത്തരം രോമചമ്മം വാങ്ങിയാൽ, ഒരു ജോടി 'മാവ്വിടക്കോട്ടു'പോലും തുന്നുവാൻ മതിയാകയില്ല. 'സേബിൾ' എന്ന ഒരു വിശേഷതരം മലങ്കീരിത്തോലിനെ 'രോമചമ്മറാണി' എന്നാണ് താത്താറികൾ വിളിക്കുന്നതു്. ഈ കൂടാരങ്ങളെ കെട്ടിനിത്തിയിരിക്കുന്നതു കട്ടിയുള്ള പട്ടുനൂൽക്കമ്പച്ചരടുകൾകൊണ്ടാകുന്നു. ഖാൻെറ ഭാൎയ്യമാർ, മക്കൾ, വെപ്പാട്ടികൾ ഇവക്കെല്ലാം താമസിക്കാൻ പ്രത്യേകം പ്രത്യേകം കൂ-

ടാരങ്ങൾ നിമ്മിച്ചിട്ടുണ്ട്. മാത്രമല്ല, വേട്ടയ്ക്കുവേണ്ടി കൊണ്ടുവരപ്പെട്ടിട്ടുള്ള പുള്ളുകൾ, പരുന്തുകൾ എന്നിവയ്ക്കും വെവ്വേറെ കൂടാരങ്ങളുണ്ട്. അവിടെ വന്നുപെടുന്ന ഒരു അപരിചിതന്നു്, അതു് ഒരു മഹാനഗരമാണെന്നു തോന്നത്തക്കവിധം ആ പ്രദേശംമുഴുവൻ എണ്ണിയാലൊടുങ്ങാത്ത കൂടാരങ്ങളാൽ അലംകൃതമായിരിക്കും. മാർച്ചുമാസം മുഴുവൻ, രാജാവും പരിവാരങ്ങളും ആ മൃഗയാസങ്കേതത്തിൽ താമസിക്കുകയും, നിരവധി മൃഗങ്ങളേയും പക്ഷികളേയും വേട്ടയാടി ശേഖരിക്കുകയും ചെയ്യുന്നു. ഖാൻെറ സാമ്രാജ്യത്തിലെങ്ങും (രാജധാനിയിൽനിന്നു ചുരുങ്ങിയതു പതിനഞ്ചുദിവസത്തെ യാത്രാപരിധിക്കുള്ളിൽ)തന്നെ, ഒക്ടോബർമുതൽ മാർച്ചുവരെയുള്ള ആറുമാസക്കാലം ആരും വേട്ടയാടുകയോ, നായാട്ടുനായ്ക്കളേയോ പുള്ളുകളേയോ ഉപയോഗിക്കുകയോ ചെയ്യരുതെന്നാണ് നിയമം. മാത്രമല്ല, മുയൽ, മാൻ തുടങ്ങിയ മൃഗങ്ങളുടേയും കാട്ടുപക്ഷികളുടേയും വളർച്ചയെ തടയുന്നവിധത്തിൽ നായാട്ടുപകരണങ്ങളൊന്നും ഉപയോഗിക്കരുതെന്നും നിബന്ധനയുണ്ട്. അതുകൊണ്ടാണ് ഇത്രയധികം നായാട്ടുവിഭവങ്ങൾ അവിടെ അക്കാലത്തു കാണപ്പെടുന്നതു്.

എത്രെല്ലാംതരം ജനങ്ങളും വ്യാപാരികളും വാണിജ്യോല്പന്നങ്ങളുമാണ് കംബാലുവിൽ വന്നുനിറഞ്ഞുകൊണ്ടിരിക്കുന്നതെന്നു വണ്ണിക്കാൻ പ്രയാസം. മഹാനായ ഖാൻെറ സാമ്രാജ്യത്തിലെ നാണയങ്ങൾ സ്വണ്ണമോ, വെള്ളിയോ മററു ലോഹങ്ങളോ കൊണ്ടു് അടിച്ചുണ്ടാക്കപ്പെട്ടവയല്ല. 'മൾബെറി'വൃക്ഷത്തിൻെറ[1] നടുത്തോൽ കീറിയെടുത്തു മട്ടിച്ചു് ഉറപ്പും പതവും വരുത്തി, പല വലിപ്പത്തിലും ആകൃതിയിലും മുറിച്ചെടുത്തു്, രാജകീയമുദ്രകൾ പതിപ്പിച്ചു്, പലതരം നാണയങ്ങൾ അവിടെയുണ്ടാക്കുന്നു[2]. സാ

---

1 പട്ടുനൂൽപ്പുഴ വസിക്കുന്ന മരം.

2 ചൈനയാണ് ലോകത്തിൽ ഇദംപ്രഥമമായി കറൻസിനോട്ടുകൾ പ്രചാരത്തിൽ വരുത്തിയതു്. (A. D. 650)

മ്രാജ്യത്തിനൊട്ടാകെയാവശ്യമുള്ള ഈ മരത്തോൽനാണയങ്ങൾ മുഴുവനും രാജാജ്ഞപ്രകാരം, കംബാലുനഗരത്തിൽ സക്കാർനിയന്ത്രണത്തിൽത്തന്നെ നിമ്മിക്കപ്പെടുന്നു. മരണശിക്ഷ ഭയന്നു്, ആരും മററു നാണ്യങ്ങളോ, കൃത്രിമനാണ്യങ്ങളോ ഉപയോഗിക്കയില്ല. വിദേശികൾപോലും വിദേശനാണ്യങ്ങൾ ഉപയോഗിക്കുവാൻ അനുവദിക്കപ്പെടുന്നില്ല. അതിനാൽ വൈദേശികവ്യാപാരികൾ, സ്വർണ്ണം, വെള്ളി, മുത്തുകൾ, രത്നങ്ങൾ എന്നിവ കൊടുത്തു്, രാജകീയനാണ്യങ്ങൾ പകരം വാങ്ങി വേണം വ്യാപാരം ചെയ്യുവാൻ. അതുപോലെ, ഈ നാണ്യങ്ങൾ തങ്ങളുടെ രാജ്യങ്ങളിൽ വിലപ്പോകാത്തവയായതിനാൽ, നാട്ടിലേയ്ക്കു മടങ്ങുംമുമ്പു് ആ നാണ്യങ്ങൾ അവിടെത്തന്നെ ചിലവാക്കി, ആവശ്യമുള്ള വ്യാപാരസാധനങ്ങളും വാങ്ങിക്കൊണ്ടാണവർ മടങ്ങിപ്പോകുന്നതു്. ഖാൻ, തൻെറ ഉദ്യോഗസ്ഥന്മാക്കും പട്ടാളക്കാക്കും വേതനമായി നൽകുന്നതും ഈ നാണ്യങ്ങളാകുന്നു. അതുപോലെ കൊട്ടാരാവശ്യത്തിനുള്ള എല്ലാ സാധനങ്ങളും ഈ നാണ്യങ്ങൾ കൊടുത്താണു് വാങ്ങുന്നതു്. മററുരാജ്യങ്ങളിലെപ്പോലെ നാണയക്കമ്മട്ടത്തിനുവേണ്ടി വൻതുക ചിലവിടാതെതന്നെ, ഇത്രയധികം നിധിസമ്പാദ്യമുള്ള മറെറാരു രാജാവു്, ലോകത്തിലില്ല. മഹാനായ ഖാനു്, യുദ്ധകാര്യങ്ങളിൽ ഉപദേശം നല്കുവാൻ പന്ത്രണ്ടുപേരടങ്ങിയ ഒരു യുദ്ധകാര്യസമിതിയുണ്ടു്. യുദ്ധകാര്യങ്ങൾ തീരുമാനിക്കുകയും, സേനാധിപന്മാക്കും, ഭടന്മാക്കും തക്കസമയത്തു് ഉദ്യോഗക്കയററം നല്കുകയും, വേണ്ടസമയത്തു് അച്ചടക്കനടപടികളെടുക്കുകയും ചെയ്യുന്നതു്, ഈ യുദ്ധകാര്യമന്ത്രിസഭയാകുന്നു. അവരുടെ ഔദ്യോഗികസ്ഥാപനത്തിനു്, 'തായ്' അല്ലെങ്കിൽ 'ഹൈഃക്കാടതി'യെന്നു പേർ. ഖാനൊഴിച്ചു മററാരും, അധികാരകാര്യത്തിൽ ഇവക്കു മീതെയില്ല. വേറെ പന്ത്രണ്ടുപേരടങ്ങിയ മറെറാരു മന്ത്രിസഭ ഖാൻെറ കീഴിലുള്ള മുപ്പത്തിനാലു സംസ്ഥാനങ്ങളുടെ ഭരണം നിവ്വഹിക്കുന്നു. കംബാലുവിൽ അവക്കു് ഒരു കേന്ദ്രഭരണകാര്യാലയം ഉണ്ടു്. അവിടെ

ഓരോ സംസ്ഥാനത്തിൻേറയും, നിയമപരിപാലനത്തിനു പ്ര ത്യേകമായി ഓരോ ന്യായാധിപനും, ഓരോ ഉപദേശകസമിതി യുമുണ്ടു്. സംസ്ഥാനഗവൎണ്ണർമാരെ നിശ്ചയിക്കുന്നതും, ആ തീ രുമാനം ഖാൻെറ അംഗീകരണത്തിനു സമൎപ്പിക്കുന്നതും അവരാ കുന്നു. നികുതി പിരിക്കുകയും, ചിലവിടുകയും ചെയ്യുന്ന ട്രെഷ റികളുടെ ചുമതലയും ഇവൎക്കത്രെ. അവരുടെ ഓഫീസിനു് 'സി ങ്ങ്', അല്ലെങ്കിൽ 'രണ്ടാംകോടതി' എന്നാണു് പേർ. ഇവയു ടെ മേലും ഖാന്നല്ലാതെ മററാൎക്കും അധികാരമില്ല. എങ്കിലും ആദ്യം പറഞ്ഞ പട്ടാളക്കോടതിക്കാണു് ഇതിനേക്കാൾ കൂടുതൽ അധികാരവും മാന്യതയും കല്പിച്ചിരിക്കുന്നതു്. കംബാലുവിൽ നിന്നു് അയൽസംസ്ഥാനങ്ങളിലേയ്ക്കു പോകുന്ന, അനേകം രാ ജപാതകളുണ്ടു്. ഓരോ പാതയിലും ഇരുപത്തഞ്ചോ മുപ്പതോ മൈൽ കഴിഞ്ഞാൽ, താമസസൌകൎയ്യങ്ങളുള്ള ഓരോ വിശ്രമ മന്ദിരങ്ങൾ അഥവാ സത്രങ്ങൾ കാണാം. അവിടെ കമനീയ മായ അങ്കണപുഷ്പവാടികളും, സകലശയ്യോപകരണങ്ങളോടും കൂടിയ ധാരാളം മുറികളും, ഭക്ഷണസൌകൎയ്യങ്ങളുമുണ്ടു്. ഏററവും സമ്മാന്യരായവൎക്കു്, രാജാവിനുപോലും, താമസിക്കുവാൻ എല്ലാവിധത്തിലും സജ്ജീകൃതങ്ങളാണു്, ഈ സത്രങ്ങൾ. അ യൽഗ്രാമങ്ങളിൽനിന്നു വേണ്ടത്ര ഭക്ഷണസാമഗ്രികൾ ഈ സത്ര ങ്ങളുടെ ആവശ്യത്തിലേയ്ക്കു കൊണ്ടുവരപ്പെടുന്നു. ദൂതന്മാരുടേ യും, തന്ത്രപ്രതിനിധികളുടേയും ആവശ്യത്തിനുവേണ്ടി ഓരോ സ ത്രത്തിലും, നാനൂറു കുതിരകളെവീതം തയ്യാറാക്കി നിൎത്തിയിട്ടു ണ്ടു്. അവർ തങ്ങളുടെ ക്ഷീണിച്ച കുതിരകളെ സത്രത്തിൽ നി ൎത്തിയിട്ടു പകരം പുത്തൻകുതിരകളെ കൊണ്ടുപോകുന്നു. ജനശൂ ന്യവും, ഫലപുഷ്ടിയുള്ളതുമായ മലമ്പ്രദേശങ്ങളിൽ നിൎമ്മിക്കപ്പെ ട്ടിട്ടുള്ള സത്രങ്ങളുടെ, ഭക്ഷ്യകാൎയ്യസ്വയംപൎയ്യാപ്തതയ്ക്കുവേണ്ടി ഖാൻ പതിനായിരക്കണക്കിലുള്ള കൎഷകരെ അവിടെ കുട്ടത്തോ ടെ കുടിയിരുത്തി കൃഷികൾ നടത്തിച്ചു സത്രത്തിനാവശ്യമായ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുന്നു. ഇത്തരം സുഖപ്രദങ്ങളായ

സംവിധാനങ്ങൾ, സാമ്രാജ്യത്തിലെ ഏററവും വിദൂരങ്ങളായ 'ഓണംകേറാമൂല'കളിൽപ്പോലും കാണപ്പെടുന്നു. അങ്ങിനെ ഖാൻെറ സാമ്രാജ്യത്തിലെ പൊതുനിരത്തുകളുടെ പാൎശ്വങ്ങളിൽ ഒട്ടാകെ പതിനായിരം സൎക്കാർസത്രങ്ങളുണ്ട്. ദൂതന്മാരുടേയും മററും ഉപയോഗത്തിനായി, ഈ സത്രങ്ങളിൽ ഒട്ടാകെ സൂക്ഷിക്കപ്പെട്ടിരിക്കുന്ന കുതിരകളുടെ എണ്ണമോ, രണ്ടുലക്ഷവും!! വിശ്വസിക്കാൻപോലും വിഷമമായ ഒരു സംഗതി! ദൂതന്മാരുടേയും കുതിരകളുടേയും ഇടയ്ക്കിടയ്ക്കുള്ള മാററംമൂഖേന, സാമ്രാജ്യവാൎത്തകൾ രാജധാനിയിലേയ്ക്കു് ഇടതടവില്ലാതെ പ്രവഹിച്ചുകൊണ്ടിരിക്കുന്നതിൻെറ കാരണവും ഇതാകുന്നു. ഇത്രയധികം മനുഷ്യരേയും കുതിരകളേയും എങ്ങിനെ പോററുമെന്നു് ആരെങ്കിലും അത്ഭുതപ്പെടുന്നുണ്ടെങ്കിൽ അയാൾ ഒരു കാൎയ്യംകൂടി മനസ്സിലാക്കേണ്ടിയിരിക്കുന്നു. നൂറുമേനി വിളയുന്ന നെല്ലു്, തിന, ചാമ എന്നീ ധാന്യവിത്തുകൾ വിതയ്ക്കുന്ന അവിടത്തെ വിസ്തൃതങ്ങളായ വയലുകൾ, നാട്ടിനാവശ്യമുള്ളതിലധികം ഭക്ഷ്യസാധനങ്ങൾ ഉല്പാദിപ്പിക്കുവാൻ കഴിയുന്നവയാണു്. ധാന്യംകൊണ്ടു്, റൊട്ടിയല്ല, അവർ ഉണ്ടാക്കുന്നതു്. ധാന്യങ്ങൾ കുത്തി, കഴുകി, പാലോ, മാംസമോ ചേൎത്തു വേവിക്കുകയാണു് അന്നാട്ടുകാർ ചെയ്യുന്നതു്. ഗോതമ്പു് അത്ര നല്ല അളവിൽ അവിടെ വിളയുന്നില്ല. കൃഷിചെയ്യാതെ ഒരിഞ്ചു ഭൂമിയും തരിശായി കിടക്കുന്നതു് അവർ സഹിക്കുകയില്ല. കന്നുകാലികളാണെങ്കിൽ അനുദിനം പെരുകിക്കൊണ്ടേയിരിക്കുന്നു. അതിനാൽ ഓരോരുത്തരും എട്ടും പത്തും കുതിരകളെയാണു് കൂടെ കൊണ്ടുനടക്കുന്നതു്. ഈ കുതിരകളെ ഊഴം അനുസരിച്ചാണു് പ്രവൃത്തിയെടുപ്പിക്കുന്നതു്. അതായതു് ഒരു ഗൃഹനായകനു് ആകെ 400 കുതിരകളുണ്ടെങ്കിൽ ഇരുനൂറെണ്ണത്തെ തൻെറയും, പുത്രന്മാരുടേയും, വ്യാപാരയാത്രകൾക്കുവേണ്ടി തയ്യാറാക്കി, ലായത്തിൽ കെട്ടിയിരിക്കും. അപ്പോൾ മറെറ, ഇരുനൂറു കുതിരകൾ മേച്ചിൽസ്ഥലങ്ങളിൽ മേയുകയാണു്. ഒരു മാസം കഴിഞ്ഞാൽ, അതുവരെ മേഞ്ഞുനടന്ന

കുതിരകളെ ലായത്തിൽ കെട്ടി, പ്രവൃത്തി ചെയ്തിരുന്ന കുതിരകളെ മേയാൻ വിടുന്നു. മുഹമ്മദീയർ തുടങ്ങിയ പല അക്രൈസ്തവന്മാക്കും, ഒന്നിലധികം ഭാര്യമാരും അവരിൽ അനേകം സന്താനങ്ങളുമുണ്ടായിരിക്കും. ചില താർത്തറികൾക്കു മുപ്പതും നാല്പതും പുത്രന്മാരുണ്ട്. ഇവർ സായുധരായി, കുതിരപ്പുറത്തു്, പിതാവിനെ അനുഗമിച്ച്, വ്യാപാരകാര്യങ്ങളിൽ അദ്ദേഹത്തെ സഹായിക്കുന്നു. നദികളുടേയോ തടാകങ്ങളുടേയോ തീരത്തുള്ള നഗരങ്ങളിൽ ഗതാഗതത്തിനു കടത്തുവഞ്ചികൾ ഏപ്പെടുത്തിയിട്ടുണ്ട്. മരുഭൂമികളുടെ പാർശ്വത്തിലുള്ള പട്ടണങ്ങളിലാകട്ടെ, യാത്രക്കാക്കു കുതിരകളും ഭക്ഷണവും, ന്യായമായ വാടകയ്ക്കോ വിലയ്ക്കോ കൊടുക്കാനും ഏപ്പാടുണ്ട്. അടിയന്തിരസന്ദേശങ്ങൾ എത്തിക്കേണ്ടിവരുമ്പോൾ ദിവസത്തിൽ 200-250 മൈൽ വേഗതയിൽ, തപാൽക്കുതിരക്കാർ സന്ദേശങ്ങളുമായി പ്രയാണം ചെയ്യുന്നു. നിലാവില്ലാത്ത രാത്രികളിൽ അവരെ നയിക്കാൻ 'വിളക്കുകാട്ടി'കളുമുണ്ട്. തങ്ങളുടെ കുതിരകളെ മാറേറണ്ട താവളമടുക്കുമ്പോൾ, തപാൽക്കാർ കാഹളം വിളിച്ച്, പുത്തൻകുതിരകളെ തയ്യാറാക്കി നിത്തുവാൻ, അടുത്തുള്ള താവളക്കാക്കു മുന്നറിയിപ്പു നല്കുന്നു. താവളത്തിലെത്തിയാൽ ഞൊടിയിടയ്ക്കുള്ളിൽ ക്ഷീണിച്ച കുതിരയെ ഉപേക്ഷിച്ച്, പുതിയ കുതിരയുടെ പുറത്തു് അവർ ചാടിക്കയറുകയും, അവയുടെ തലയും ഉദരവും തോൽപ്പട്ടകൾകൊണ്ടു മുറുക്കി, വായുവേഗത്തിൽ അതിനെ പായിക്കുകയും ചെയ്യുന്നു. ഇങ്ങിനെ നിരന്തരവും, അതിശീഘ്രവുമായ കുതിരസ്സവാരിയുടെ ക്ലേശം സഹിക്കാൻ കെല്പുള്ള കുതിരക്കാർ അന്നാട്ടുകാരാൽ മാനിക്കപ്പെടുന്നു. ഇത്തരം അശ്വപരിശീലനമാണ് അവിടെ ഏററവും അധികം വിലമതിക്കപ്പെടുന്നതും. ഈരണ്ടു സത്രങ്ങളുടെ ഇടയ്ക്കു മൂന്നും നാലും മൈൽ അകലെയായി, കുറച്ചു കുടിലുകൾ മാത്രമുള്ള ഗ്രാമങ്ങൾ കാണാം. തപാൽ ഉരുപ്പടികൾ, കുതിരത്താവളങ്ങളിലേയ്ക്കു കാൽനടയായി ഓടിയെത്തിക്കുന്ന, തപാലോട്ടക്കാർ താമസിക്കുന്ന സങ്കേതങ്ങ

ളാണവ. ചെവി തുളയ്ക്കുന്ന ശബ്ദമുള്ള മണികൾ തൂക്കിയ അരപ്പട്ട ഓരോ തപാലോട്ടക്കാരനും ധരിക്കുന്നു. ഈ ഓട്ടക്കാർ തപാൽ കൊണ്ടുപോകുവാൻ സദാ സന്നദ്ധരും കിട്ടുന്ന കത്തുകൾ അതിവേഗത്തിൽ അടുത്ത തപാൽ ആപ്പീസ്സിൽ എത്തിക്കുന്നവരുമാകുന്നു. ഇവരുടെ വരവും കാത്തിരിക്കുന്ന അടുത്ത ഗ്രാമത്തിലെ തപാലോട്ടക്കാർ ഓടിയടുക്കുന്ന തപാല്ക്കാരൻെറ അരമണിയൊച്ച കേട്ട തൻെറ ഡ്യൂട്ടിക്കു തയ്യാറെടുക്കുന്നു. വന്നെത്തിയ തപാല്ക്കാരനിൽനിന്നു് എഴുത്തുകൾ വാങ്ങി അവ അടുത്ത ഗ്രാമത്തിലേയ്ക്കു് അയാൾ എത്തിച്ചുകൊടുക്കുന്നു. അങ്ങിനെ പല കൈകളിലൂടെ പകന്നു് ഈ കത്തുകൾ അതിവേഗത്തിൽ ലക്ഷ്യസ്ഥാനങ്ങളിലെത്തുന്നു. അതിനാൽ സാധാരണരീതിയിൽ പത്തു ദിവസത്തെ ദൂരമുള്ള സ്ഥലങ്ങളിൽനിന്നു വാത്തകൾ അറിയുവാനും, അയയ്ക്കപ്പെടുന്ന സമ്മാനങ്ങൾ സ്വീകരിക്കുവാനും, മഹാനായ ഖാനു വെറും രണ്ടു ദിവസം മതിയാകും. ഉദാഹരണമായി കംബാലുനഗരത്തിൽനിന്നു പ്രഭാതത്തിലയയ്ക്കപ്പെടുന്ന പഴങ്ങൾ പിറേറദ്ദിവസം രാത്രിയിൽ 'സനാഡു'വിൽ എത്താറുണ്ടു്. എന്നാൽ ഈ മുൻചൊന്ന തപാൽജോലിക്കാരെല്ലാം, എല്ലാത്തരം നികുതികളിൽനിന്നും ഒഴിവാക്കപ്പെട്ടവരാണെന്നുമാത്രമല്ല, അവരുടെ ജോലികൾക്കു സക്കാരിൽനിന്നു നല്ല പ്രതിഫലം നല്കപ്പെടുന്നുമുണ്ടു്. ഈ തപാൽ ആപ്പീസുകൾ മാസംതോറും പരിശോധിക്കുന്നതിനും, കത്തവ്യത്തിൽ വീഴ്ചവരുത്തുന്നവരെ വിചാരണചെയ്തു ശിക്ഷിക്കുന്നതിനും, നിയമിതരായ തപാൽ ഇൻസ്പെക്ടർമാരുമുണ്ടു്. കൊടുങ്കാററു്, പുഴക്കേടു്, മുതലായവകൊണ്ടു കൃഷിപ്പിഴ പററിയിട്ടുണ്ടോ എന്നന്വേഷിക്കുവാൻ സാമ്രാജ്യത്തിലെ എല്ലാ സംസ്ഥാനങ്ങളിലേയ്ക്കും ഖാൻ ആണ്ടുതോറും ഉദ്യോഗസ്ഥന്മാരെ അയയ്ക്കാറുണ്ടു്. ഏതെങ്കിലും സംസ്ഥാനമോ നഗരമോ അത്തരം കൃഷിനാശത്തിന്നിരയായതായി ഖാനു് അറിവുകിട്ടിയാൽ, തദ്ദേശവാസികൾക്കു് അദ്ദേഹം സഹായധനം നല്കുകയും ഭക്ഷണത്തിനും വിത്തിനും

ആവശ്യമുള്ള ധാന്യം സ്വന്തം പത്തായങ്ങളിൽനിന്നു് അവൎക്കു് അളന്നു കൊടുപ്പിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, വലിയ ധാന്യസമൃദ്ധിയുള്ള ഘട്ടങ്ങളിൽ, ഖാൻ മിച്ചധാന്യം വാങ്ങി ശേഖരിക്കുകയും, മൂന്നും നാലും കൊല്ലത്തോളം കേടുവരാതെ അറകളിൽ സൂക്ഷിക്കുകയും ചെയ്യുന്നു. അതിനാൽ രാജ്യത്തിലെവിടെയെങ്കിലും ഭക്ഷണക്ഷാമം പിടിപെട്ടാൽ, മററു സ്ഥലങ്ങളിലുള്ള തന്റെ പത്തായങ്ങളിൽനിന്നു് ഇവൎക്കു് ആദായവിലയ്ക്കു ഖാൻ ധാന്യങ്ങൾ നല്കും. ചന്തനിലവാരത്തിന്റെ നാലിലൊന്നു വിലയ്ക്കാണു് ഖാൻ അപ്പോൾ ധാന്യം വില്ക്കുക. തന്റെ ധാന്യയറകൾ എപ്പോഴും നിറഞ്ഞിരിക്കാൻ ഖാൻ ശ്രദ്ധിക്കാറുണ്ടു്. അതുപോലെ, പകൎച്ചവ്യാധികൾ പിടിപെട്ടു കന്നുകാലികൾ ചത്തൊടുങ്ങുന്ന കാലഘട്ടങ്ങളിൽ, ആ പ്രദേശങ്ങളിലേയ്ക്കു് അദ്ദേഹം വേറെ കന്നുകാലികളെ അയച്ചുകൊടുക്കുന്നു. രോഗബാധയേററ കന്നുകാലികളെ മൂന്നു കൊല്ലത്തേയ്ക്കു്, നികുതിയിൽനിന്നും ഒഴിവാക്കും. അവ ദൈവശിക്ഷയ്ക്കിരയായിക്കഴിഞ്ഞു എന്ന വിശ്വാസത്തിൽ.

പ്രധാനപാതകളുടെ ഇരുപാൎശ്വങ്ങളിലും, സമദൂരത്തിൽ അദ്ദേഹം വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ടു്. മരുഭൂയാത്രക്കാൎക്കു്, മാൎഗ്ഗദൎശനം നല്കുവാൻ, അവിടങ്ങളിൽ സ്തംഭങ്ങൾ സ്ഥാപിച്ചിരിക്കുന്നു. ഇവയെല്ലാം പരിശോധിക്കാനും, സംരക്ഷിക്കാനും പ്രത്യേകം ഉദ്യോഗസ്ഥന്മാർ നിയുക്തരായിട്ടുണ്ടു്. വൃക്ഷങ്ങൾ നട്ടുവളൎത്തുന്നതു് ആയുൎദ്ദൈൎഘ്യത്തിനു്, നല്ലതാണെന്ന ജ്യൌതിഷികാഭിപ്രായത്തെ ആദരിച്ചാണു് ഖാൻ ഇത്രയും ശുഷ്കാന്തിയോടെ വൃക്ഷസംരക്ഷണം ചെയ്യുന്നതു്. കാഥേസംസ്ഥാനക്കാർ അരിയും, സുഗന്ധദ്രവ്യങ്ങളും, ചേൎത്തു് അതിരുചികരമായ ഒരു പാനീയം ഉണ്ടാക്കുന്നു. രുചിയിലും, വാസനയിലും ഇതു വീഞ്ഞിനെപ്പോലും വെല്ലുവിളിക്കുന്നു. ആൎത്തിയോടെ, അമിതമായും, ദഹനശക്തിയെക്കവിഞ്ഞും ഇതു കുടിക്കുന്നവൎക്കു്, വീഞ്ഞിനേക്കാൾ വേഗത്തിൽ ഈ പാനീയം ബോധക്ഷയമുണ്ടാക്കുന്നു.

കാഥേസാമ്രാജ്യത്തിലെ മലകളിൽനിന്നു്, ഒരു പ്രത്യേകജാതി കറുത്ത കല്ലു്[1] കുഴിച്ചെടുക്കുന്നു. ആ കല്ലു്, ഉണക്കവിറകുപോലെ കത്തുകയും, തീപ്പിടിച്ചാൽ വളരെ നേരം കനലുള്ളതായിരിക്കുകയും ചെയ്യും. വൈകുന്നേരം കത്തിച്ചാൽ രാത്രി മുഴുവൻ ഇതു കെടാതെയിരിക്കുന്നു. പലരും ഈ കല്ലുകൾ, അവിടെ വിറകിനുപകരം ഉപയോഗിക്കുന്നുണ്ടു്. എന്തെന്നാൽ വിറകുമരം ധാരാളമുണ്ടെങ്കിലും, കല്ലുകളാണു് അവിടെ കൂടുതൽ ആദായത്തിലും പ്രചാരത്തിലുമിരിക്കുന്നതു്.

മഹാനായ ഖാൻെറ ഐശ്വര്യസമൃദ്ധികളെപ്പററി പറയുന്നതോടുകൂടി, കംബാലുവിലുള്ള അനാഥരോടും ദരിദ്രരോടും അദ്ദേഹത്തിനുള്ള സഹാനുഭൂതിയെപ്പററിയും സൂചിപ്പിക്കുന്നതു് അസ്ഥാനത്തല്ല. മാന്യതയിൽ കഴിഞ്ഞുവന്ന ഏതെങ്കിലും കുടുംബം നിർഭാഗ്യവശാൽ നശിക്കുകയോ, ഏതെങ്കിലും ഒരാൾ ജോലിചെയ്വാൻ കെല്പില്ലാതേയും, കാലക്ഷേപമാൎഗ്ഗമില്ലാതേയും ബുദ്ധിമുട്ടുകയോ ചെയ്യുന്നതായറിഞ്ഞാൽ അത്തരം കുടുംബങ്ങൾക്കും ആൾക്കാൎക്കും ഒരു കൊല്ലത്തേയ്ക്കു വേണ്ട എല്ലാ ചിലവുകളും ഖാൻ സംഭാവനയായി നല്കുന്നു. ദരിദ്രകുടുംബങ്ങളിലെ ഗൃഹനായകന്മാർ തങ്ങൾക്കനുവദിച്ചിട്ടുള്ള 'അടുത്തൂൺപത്രിക', സൎക്കാർ അധികൃതന്മാരെക്കാണിച്ചു്, ആവശ്യമുള്ള സാധനങ്ങൾ സൎക്കാർകലവറകളിൽനിന്നു വിലകൂടാതെ വാങ്ങുന്നു. ഈ അവശസംരക്ഷണവകുപ്പിനും ഒരു പ്രത്യേകആഫീസുണ്ടു്. ആഹാരം, മരുന്നു മുതലായവമാത്രമല്ല, ശീതകാലത്തേയ്ക്കും, വേനൽക്കാലത്തേയ്ക്കും വേണ്ട പ്രത്യേകജാതി കുപ്പായങ്ങളും ഇവൎക്കു നല്കപ്പെടുന്നു. നാട്ടിലാകെ ഉൽപാദിപ്പിക്കപ്പെടുന്ന കമ്പിളിരോമം, പട്ടു്, പഞ്ഞിനൂൽ, ചണനൂൽ എന്നിവയുടെ പത്തിലൊരുഭാഗം ഖാനു് അവകാശപ്പെട്ടതാണു്. ഈ നൂലുകൾ വസ്ത്രങ്ങളാ

---

1. കല്ക്കരിയാണു് ഇവിടെ ഉദ്ദേശ്യം. B. C. ഒന്നാംശതകംമുതൽ ചീനർ കല്ക്കരി ഉപയോഗിച്ചുതുടങ്ങിയതായി രേഖയുണ്ടു്.

ക്കി നെയ്യുവാൻ, പ്രത്യേകം നെയ്ത്തുശാലകൾ സക്കാർഭരണ ത്തിൽ ഏപ്പെട്ടത്തിയിരിക്കുന്നു. എല്ലാതരം തൊഴിൽക്കാരും ആഴ്ചയിലൊരുദിവസം ഖാനുവേണ്ടി പണിചെയ്യാൻ കടപ്പെട്ടവരാണ്. അതാണ്, അവർ കൊടുക്കുന്ന തൊഴിൽനികുതി. പട്ടാളക്കാക്കു 'യൂണിഫാറം' നല്കിയിട്ടുണ്ട്. താർത്തറികൾ അവരുടെ പഴയ ആചാരവിശ്വാസങ്ങൾപ്രകാരം ആക്കും ഭിക്ഷ നല്കാറില്ല. യാചകന്മാർ, ഈശ്വരശിക്ഷയനുഭവിക്കുന്നവരാണെന്നത്രേ അവരുടെ മതം. എന്നാൽ നേരേമറിച്ച് വിഗ്രഹാരാധകന്മാരാകട്ടെ, പ്രത്യേകിച്ചും 'ബക്ഷികൾ' [1] അവശക്കു ദാനധമ്മാദികൾ ചെയ്യുന്നതു് ഈശ്വരൻ ഇഷ്ടപ്പെടുന്ന ഒരു സൽപ്രവൃത്തിയായി പരിഗണിക്കുകയും, അപ്രകാരം ഔദാര്യം കാണിക്കുവാൻ എല്ലാവരോടും ആവശ്യപ്പെടുകയും ചെയ്യുന്നു. അതിനാൽ ഖാൻെറ രാജധാനിയിൽ, അത്ഥിക്കുന്ന ഒരുവനു് അപ്പം നിഷേധിക്കപ്പെടുകയില്ല. മാത്രമല്ല, അരി, തിന മുതലായ ഭക്ഷ്യധാന്യങ്ങളും മററു് ആഹാരസാധനങ്ങളുമായി, ഇരുപതിനായിരം 'ക്രൌൺ', അഥവാ അയ്യായിരം പവൻ, വിലവരുന്ന ഭോജ്യവസ്തുക്കൾ ദിവസംപ്രതി സാധുക്കൾക്കു് ആ നഗരത്തിൽ ദാനം ചെയ്യപ്പെടുന്നതിനാൽ, ഖാനെ കൺകണ്ട ദൈവമായി രാജ്യവാസികൾ ആരാധിക്കുന്നു. കംബാല്യവിൽ, വിഗ്രഹാരാധനക്കാരും, കൃസ്ത്യാനികളും, മുഹമ്മദീയരും, അയ്യായിരത്തോളം ജ്യൌതിഷികളും, ദിവ്യന്മാരുമുണ്ടു്. ഈ ജ്യൌതിഷികളും ദിവ്യന്മാരും ഖാൻെറ ചിലവിലാണു് സംരക്ഷിക്കപ്പെടുന്നതു്. ഇവരുടെ കയ്യിൽ നക്ഷത്രങ്ങളുടെ സ്ഥാനങ്ങൾ നിണ്ണയിക്കാനുള്ള ഒരു യന്ത്രമുണ്ടു്. ഇതിൽ നവഗ്രഹങ്ങളുടെ സ്ഥാനങ്ങളും, മണിക്കൂറുകൾ, ദിവസങ്ങൾ മുതലായവ സൂചിപ്പിക്കുന്ന കാലമാനങ്ങളും അടയാളപ്പെടുത്തിയിരിക്കുന്നു. ഇവിടെ നാനാമതസ്ഥരായ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ അവരവരുടെ ഗണിതസമ്പ്രദായം അനുസരിച്ച് ചാന്ദ്രമാസങ്ങളുടേയും വഷങ്ങളുടേയും ഗതി നിണ്ണ

1 ബുദ്ധഭിക്ഷുക്കൾ.

യിക്കുകയും കാലാവസ്ഥകളുടെ സ്വഭാവം നിരീക്ഷിക്കുകയും ചെയ്യുന്നു. അവർ 'തക്കയിനി' എന്ന പ്രത്യേകകള്ളികൾ വരച്ചു്, അതാതു കൊല്ലങ്ങളുടെ നന്മതിന്മകൾ മുൻകൂറായി ഗണിച്ചെഴുതുകയും, ആവശ്യമുള്ളവക്കു് അത്തരം പഞ്ചാംഗങ്ങൾ വില്ക്കുകയും ചെയ്യുന്നു.[1] ഏററവും കൂടുതൽ പരമാത്ഥഫലങ്ങൾ പ്രവചിക്കുന്നവർ ഏററവും മാനിക്കപ്പെടുന്നു. എന്തെങ്കിലും പ്രധാനപ്രവൃത്തിയോ, വിദേശയാത്രയോ ചെയ്യാനാഗ്രഹിക്കുന്നവർ, തങ്ങളുടെ പരിശ്രമഫലങ്ങൾ മുൻകൂട്ടിയറിയുവാൻ ജ്യോത്സ്യന്മാരെ സമീപിക്കുന്നു. അപ്പോൾ ജ്യോത്സ്യന്മാർ, കണ്ണുകൾ മേലോട്ടുയത്തി ധ്യാനിക്കുകയും, അപേക്ഷകൻെറ ജനനസമയത്തെ ഗ്രഹനിലയും ഇപ്പോഴത്തെ നക്ഷത്രനിലകളും താരതമ്യപ്പെടുത്തി ചില പ്രവചനങ്ങൾ നല്കുകയും ചെയ്യുന്നു. താർത്തറികൾ വഷങ്ങളെ വ്യാഴവട്ടങ്ങളായി വിഭജിച്ചിട്ടുണ്ടു്. ഒരു വ്യാഴവട്ടക്കാലത്തെ (12 വഷത്തെ), ഓരോ വഷത്തിനും പ്രത്യേകനാമവും ചിഹ്നവുമുണ്ടു്. ആദ്യത്തെ വഷത്തിനു സിംഹവും, രണ്ടാംകൊല്ലത്തിനു കാളയും മൂന്നാമത്തേതിനു സപ്പവും, നാലിന്നു നായയുമാകുന്നു പ്രതീകങ്ങൾ. അങ്ങിനെ പന്ത്രണ്ടു വഷങ്ങൾക്കും ഓരോ പ്രത്യേകചിഹ്നമുണ്ടു്. ഒരാളോടു് അയാളുടെ ജനനസമയം ചോദിച്ചാൽ, താൻ സിംഹവഷത്തിൽ, ഇന്നദിവസം ഇന്നമണിക്കൂറിൽ ഇന്ന നിമിഷത്തിൽ ജനിച്ചു എന്നോ മറേറാ അയാൾ പറയും. ഈ ജനനസമയം അവരുടെ പിതാക്കൾ കൃത്യമായി കുറിച്ചുവെയ്ക്കുന്നു. പന്ത്രണ്ടു വഷങ്ങളടങ്ങിയ കാലചക്രം മുഴുവൻ തിരിഞ്ഞുകഴിഞ്ഞാൽ വീണ്ടും സിംഹവഷം മുതലാരംഭിക്കുന്ന മറെറാരു കാലചക്രത്തിൻെറ തിരിച്ചിൽ തുടങ്ങുകയായി.

മതവിശ്വാസത്തെ സംബന്ധിച്ചിടത്തോളം അവരിൽ ബ

---

1. A.D. 1828-ൽ 3,128,485 പഞ്ചാംഗപ്രതികൾ ചൈനയിൽ വില്ക്കപ്പെട്ടതായി യുവാൻ രാജവംശരേഖയിൽ കാണുന്നു.

—ഹാട്ട്

ഇഭൂരിപക്ഷവും [1]വിഗ്രഹാരാധകന്മാരാണെന്നു നാം കണ്ടുകഴിഞ്ഞു. അവരുടെ വിഗ്രഹങ്ങൾക്ക്, ഓരോ വീട്ടിലേയും പ്രധാന മുറിയുടെ ചുമരോടു ചേൎന്ന് ഒരു ഉയൎന്ന പീഠമുണ്ട്. അതിന്മേൽ സ്വൎഗ്ഗസ്ഥനായ ദൈവത്തിൻെറ നാമം കുറിക്കപ്പെട്ടിരിക്കുന്നു. ദിവസവും, സുഗന്ധവസ്തുക്കൾ പുകച്ച്, അവർ വിഗ്രഹത്തെ ആരാധിക്കുന്നു. പ്രാൎത്ഥനാസമയത്തു കൈകൾ മേലോട്ടുയൎത്തുകയും, കവിളുകളിൽ മൂന്നുപ്രാവശ്യം കൈകൊണ്ടു് ഇടിക്കുകയും ചെയ്യുന്നു. നല്ല ബുദ്ധിയും, ആയുസ്സും ആരോഗ്യവും ഉണ്ടാകുവാനും ദുരാഗ്രഹങ്ങൾ ഇല്ലാതാകുവാനും അവർ ദൈവത്തോടു പ്രാൎത്ഥിക്കുന്നു. നിലത്തു്, 'നതീഗെ' എന്ന മറെറാരു മൂൎത്തിയേയും അവർ പ്രതിഷ്ഠിച്ചിട്ടുണ്ടു്. ഭൗതികൈശ്വൎയ്യങ്ങളുടെ അധിദേവനും കുടുംബവുമാണു് ആ 'തറവിഗ്രഹങ്ങൾ' എന്നത്രേ സങ്കല്പം. ആ ദേവനോടും അവർ മേല്പറഞ്ഞപ്രകാരം പ്രാൎത്ഥിക്കുന്നു. ആത്മാവു് അനശ്വരമാണെന്നു് അവൎക്കു വിശ്വാസമുണ്ടു്. ഒരുവൻ മരിക്കുമ്പോൾ, അവൻെറ ഇഹലോകകൎമ്മങ്ങളുടെ ഗുണദോഷമനുസരിച്ചു് അവൻെറ ആത്മാവു നല്ലതോ ചീത്തയോ ആയ മറെറാരു ദേഹത്തിൽ പ്രവേശിക്കുന്നുവത്രെ. നല്ലവനായി ജീവിച്ച ഒരു ദരിദ്രൻ, പിന്നത്തെ ജന്മത്തിൽ സമ്പന്നനും, അതിനടുത്ത ജന്മത്തിൽ നാടുവാഴിയും, പിന്നത്തേതിൽ രാജാവും, ഒടുവിൽ ഈശ്വരനോടു് ഐക്യം പ്രാപിച്ചവനുമായിത്തീരുമെന്നുമാണു് അവരുടെ വിശ്വാസം. നേരേമറിച്ചു് അൎഹതയില്ലാത്ത ആത്മാവു ദരിദ്രനിലും, പിന്നീടു നായതുടങ്ങിയ നികൃഷ്ടമൃഗങ്ങളിലും ചെന്നുചേൎന്നു പടിപടിയായി അധഃപതിക്കുമത്രേ. അവൎക്കു സുന്ദരമായൊരു ഭാഷയുണ്ടു്. തമ്മിൽ കണ്ടുമുട്ടുമ്പോൾ അവർ ആത്മാൎത്ഥതയോടും പ്രസന്നതയോടുംകൂടി അഭിവാദ്യം ചെയ്യുന്നു. അവർ സുഖമായ ഭക്ഷണം കഴിച്ചു്, ഭംഗിയുള്ള വാഹനങ്ങളിൽ സഞ്ചരിക്കുന്നു. അവൎക്കു തങ്ങളുടെ മാതാപിതാക്കന്മാ

1 ബുദ്ധമതക്കാർ.

രോട്ടു വലിയ ഭക്തിയാണു്. മാതാപിതാക്കന്മാരോട്ടു കത്തവ്യരഹിതമായും, കൃതഘ്നമായും, പെരുമാറുന്ന മക്കളെ വിചാരണചെയ്തു ശിക്ഷിക്കുവാൻ അവിടെ ഒരു പ്രത്യേകകോടതിയുണ്ടു്. മൂന്നുവഷത്തെ ശിക്ഷ കഴിഞ്ഞാൽ തടവുകാർ സാധാരണയായി മോചിപ്പിക്കപ്പെടുന്നു. പക്ഷേ മററുള്ളവക്കു് അവരെ തിരിച്ചറിയുവാൻവേണ്ടി, അവരുടെ കവിൾത്തടങ്ങളിൽ മായാത്ത മുദ്രകൾ കുത്തിയിട്ടാണു് വിടുക പതിവു്. മഹാനായ ഖാനെ 'മുഖം കാണിക്കാ'ൻ വരുന്നവർ, താഴെ പറയുന്ന ആചാരങ്ങൾ അനുഷ്ഠിക്കണം. കൊട്ടാരത്തിൻെറ അരമൈലിനുള്ളിൽ എത്തിയാൽ, യാതൊരു ശബ്ദവുമുണ്ടാക്കാതെ, ശാന്തരായി വത്തിക്കണം. ഓരോരുത്തനും തന്നിക്കു തുപ്പുവാനുള്ള കോളാമ്പി കയ്യിൽ കൊണ്ടുപോകണം. കൊട്ടാരപരിസരങ്ങളിൽ ആരും തുപ്പരുതെന്നതു കശ്നനിയമമാണു്. ഹാളിൽ പ്രവേശിച്ചാൽ, അതുവരെ ധരിച്ചിരുന്ന ചെരിപ്പു് ഊരി, വെളുത്തുമിനുത്ത രോമചമ്മംകൊണ്ടുള്ള പാദാവരണം ധരിക്കണം. ഹാളിലെ അതിവിശിഷ്ടങ്ങളായ പരവതാനികൾ ചീത്തയാകാതിരിക്കാനാണു് ഈ ഏപ്പാടു്. പഴയ ഷൂസ്, പരിചാരകന്മാക്കു സമ്മാനിക്കപ്പെടുന്നു.

# അധ്യായം പതിമൂന്നു്

[മഹാനായ ഖാൻെറ രാജധാനിക്കും തിബത്തിനുമിടയ്ക്കുള്ള സംസ്ഥാനങ്ങളുടെ വിസ്തൃതമായ വിവരണം.]

കംബാലുവിന്നു പത്തു മൈൽ അകലെയായി 'പുലിശങ്കർ'[1] എന്ന പേരിൽ ഒരു നദിയുണ്ടു്. ധാരാളം കച്ചവടച്ചരക്കുമായി അസംഖ്യം കപ്പലുകൾ സഞ്ചരിക്കുന്ന ഒരു സമുദ്രത്തിലാണു് ആ നദി ചെന്നുവീഴുന്നതു്. ആ നദീക്കു മനോഹരമാ

1 ഹ്വൻഹോനദി

യ ഒരു പാലമുണ്ടു്. വൃത്താകൃതിയിലുള്ള കല്ലുകളാൽ അർദ്ധചന്ദ്രാകൃതിയിൽ, ശില്പചാതുരിയോടെ, നിർമ്മിക്കപ്പെട്ട ഈ പാലത്തിനു് ആയിരത്തഞ്ഞൂറു് (1500) അടി നീളവും നാല്പതടി വീതിയുമുണ്ടു്. പത്തു പടക്കുതിരകൾക്കു് ഒരുമിച്ചു സുഖമായി യാത്ര ചെയ്യാൻ തക്ക വീതി. പാലത്തിൻെറ ഓരോ പാർശ്വവും മാർബിൾഅരമതിലുകളാലും വരിവരിയായുള്ള ഉയൎന്ന സ്തംഭങ്ങളാലും സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ഓരോ സ്തംഭത്തിൻേറയും ചുവട്ടിൽ ആമയുടേയും, മുകളിൽ സിംഹത്തിൻേറയും ഓരോ പ്രതിമകളുണ്ടു്. പാലത്തിൻെറ ഇരുവശത്തുമുള്ള എല്ലാ തൂണിന്മേലും, ഈ ജാതി ചെറുപ്രതിമകൾ കാണാം. തൂണുകളെ ചേൎത്തു ബന്ധിച്ചുകൊണ്ടു പണിചെയ്തിട്ടുള്ള നീണ്ട മാർബിൾഭിത്തികൾ, യാത്രക്കാരെ, വീഴാതെ കാത്തുരക്ഷിക്കുന്നു. ആ നദിയും പാലവും കടന്നു മുപ്പതുമൈൽ പടിഞ്ഞാട്ടു യാത്ര ചെയ്യുമ്പോൾ മുന്തിരിത്തോട്ടങ്ങളും, നെൽപ്പാടങ്ങളും രമ്യഹർമ്മ്യങ്ങളും തുടൎച്ചയായി ദൃഷ്ടിയിൽ പെടുന്നു. ആ യാത്ര നിങ്ങളെ 'ഗൌസാ'[1] പട്ടണത്തിലെത്തിക്കുന്നു. അവിടെ, വിഗ്രഹപ്രതിഷ്ഠകളുള്ള ധാരാളം സന്യാസിമഠങ്ങൾ (വിഹാരങ്ങൾ) ഉണ്ടു്. സ്വൎണ്ണനൂലും വെള്ളിനൂലും ചേൎത്തു നെയ്യുന്ന വിലയേറിയ പട്ടുവസ്ത്രങ്ങളും ലിനനുമാണു് അവിടത്തെ പ്രധാന ഉല്പന്നങ്ങൾ. സഞ്ചാരികൾക്കും വിദേശവ്യാപാരികൾക്കും താമസിക്കാൻ സൌകര്യമുള്ള സത്രങ്ങളും അവിടെ ധാരാളമുണ്ടു്. നഗരവാസികൾ കരകൌശലങ്ങളിലും വ്യാപാരത്തിലും തൽപരരാണു്. ഈ നഗരം കഴിഞ്ഞു് ഒരു മൈൽ അപ്പുറത്തുവെച്ചു്, വഴി രണ്ടായി പിരിയുന്നു. ഒന്നു പടിഞ്ഞാട്ടും മറേറതു തെക്കുകിഴക്കോട്ടും. പടിഞ്ഞാറൻപാത കാഥേസാമ്രാജ്യത്തിലൂടെ പോകുന്നു. മറേറവഴി 'മാങ്കി'സംസ്ഥാനത്തിലേക്കും, പിന്നീടവിടന്നു 'തെയിൻഫൂ'[2] വിലേയ്ക്കുമാണു് പോകുന്ന

---

1 ചോചൗ. (ഹോപ്പേസംസ്ഥാനം)

2 ഷാങ്സി സംസ്ഥാനത്തിൽ.

ളു്. കാഥേസംസ്ഥാനത്തിലൂടെ, പല സുന്ദരനഗരങ്ങളും കണ്ടു കൊണ്ടു്, പത്തു ദിവസത്തോളം യാത്രചെയ്യുക. മുന്തിരിത്തോട്ട ങ്ങളും കൃഷിയിറക്കിയ പാടങ്ങളും ഈ വഴിയ്ക്കും ധാരാളമുണ്ടു്. കാഥേയ്ക്കു വേണ്ടത്ര വീഞ്ഞു നല്കുന്നതു് ഈ തോട്ടങ്ങളാകുന്നു. പ ട്ടുനൂൽപ്പുഴുക്കൾ വളരുന്ന 'മൾബറി'വൃക്ഷങ്ങളും ഇവിടെ ധാരാ ളം കാണാം. ജനങ്ങൾ സംസ്കാരസമ്പന്നരും, നഗരങ്ങൾ ജന നിബിഡങ്ങളുമാകുന്നു.

'തെയിൻഫൂ' എന്നതു് ഒരു രാജ്യത്തിൻേറയും അതിൻെറ തലസ്ഥാനത്തിൻേറയും പൊതുപ്പേരാകുന്നു. ആ പട്ടണം വിസ്തൃത വും, സുന്ദരവുമത്രെ. നല്ല വ്യാപാരവുമുണ്ടു്. ഖാൻെറ സൈന്യ ത്തിന്നാവശ്യമുള്ള യുദ്ധസാമഗ്രികൾ മുഴുവൻ ഇവിടെയാണു് നി ർമ്മിക്കപ്പെടുന്നതു്. സംസ്ഥാനത്തിന്നൊട്ടാകെയാവശ്യമുള്ള വീ ഞ്ഞു മുഴുവൻ ഈ നഗരപരിസരങ്ങളിൽ നിർമ്മിക്കപ്പെടുന്നു. പ ടിഞ്ഞാട്ടു വീണ്ടും ഏഴു ദിവസത്തെ യാത്രയ്ക്കപ്പുറമായി, കോട്ടക ളാലും, നഗരങ്ങളാലും അലംകൃതമായ മറെറാരു സംസ്ഥാനമുണ്ടു്. ഒരു വ്യാപാരകേന്ദ്രമാണു് ആ സംസ്ഥാനം. പട്ടുവ്യവസായകേ ന്ദ്രമായ 'പിയാൻഫൂ'വാകുന്നു, പിന്നത്തെ പ്രധാനഗരം! 'പി യാൻഫൂ'വിന്നു തെക്കുപടിഞ്ഞാറായി 'തൈഗീൻ'കോട്ട കാണാം. പണ്ടുകാലത്തു്, 'ഡോർ' എന്ന ഒരു രാജാവിനാൽ പണികഴി പ്പിക്കപ്പെട്ടതാണു്, ഈ കോട്ട. കോട്ടയ്ക്കകത്തു് ഒരു വലിയ കൊട്ടാരവും, അതിനുള്ളിൽ വിശാലവും, കമനീയവുമായ ഒരു ഹാളുമുണ്ടു്. ആ രാജ്യം ഭരിച്ചിരുന്ന പ്രസിദ്ധരായ എല്ലാ രാ ജാക്കന്മാരുടേയും ചിത്രങ്ങൾ, ഹാളിൻെറ ചുമരുകളിൽ വരയ്ക്ക പ്പെട്ടിരിക്കുന്നു. അതു കണ്ണഞ്ചിക്കുന്ന ഒരു കാഴ്ചതന്നെ. ഈ 'ഡോർ'രാജാവു് ഒരു വിഷയലമ്പടനായിരുന്നു എന്നാണു് കേൾ വി. അനേകം സുന്ദരിമാർ അദ്ദേഹത്തെ സദാ പരിസേവിച്ചി രുന്നുവത്രെ. രാജാവു് ഉല്ലാസയാത്ര ചെയ്യുവാൻ ആഗ്രഹിച്ചാൽ, ഈ സുന്ദരിമാർ അദ്ദേഹത്തെ മനോഹരമായ ഒരു പല്ലക്കിലേ ററി, അവർതന്നെ ചുമന്നുകൊണ്ടു നടക്കും. പ്രകൃതിയാലും ശരീ

ല്പവിശേഷത്താലും ഈ കോട്ട വളരെ സുരക്ഷിതമാണു്. തൻെറ ചക്രവത്തിയായ 'അാക'നെപ്പോലും, ഈ കോട്ടയുടെ ഭരണാധികാരിയായ 'ഡോർ' ഭയപ്പെട്ടിരുന്നില്ല. മാത്രമല്ല, ഒരിക്കൽ അംകന്നെതിരായി അദ്ദേഹം പടവെട്ടുകയും ചെയ്തു. എന്നാൽ സ്നേഹവും വിശ്വസ്തതയും ഭാവിച്ചു ചെന്ന ഏഴു ചാരന്മാർ നായാട്ടുസമയത്തു്, അദ്ദേഹത്തെ ഒരു അരക്ഷിതസ്ഥാനത്തുവെച്ചു പിടിക്കുകയും തടവുപുള്ളിയാക്കി 'അംക'ൻെറ അടുക്കൽ കൊണ്ടുചെല്ലുകയും ചെയ്തു. അംകൻ ഡോറിനെ, ജീർണ്ണവസ്ത്രങ്ങൾ ധരിപ്പിച്ചു, തൻെറ കന്നുകാലികൾക്കു കാവൽ നില്ക്കാൻ ഏല്പെടുത്തി. രണ്ടു കൊല്ലം അങ്ങിനെ കഴിഞ്ഞു. അതിനുശേഷം അംകൻെറ ആജ്ഞയനുസരിച്ചു് ഡോർ അദ്ദേഹത്തിൻെറ സന്നിധിയിൽ, രാജകീയവേഷത്തിൽ വീണ്ടും ആനീതനായി. അദ്ദേഹം ഡോറിനെ ശാസിക്കുകയും, പിന്നീടു തെററുകൾക്കു മാപ്പുനല്കി അംഗരക്ഷകന്മാരോടുകൂടി സ്വന്തം രാജ്യത്തിലേയ്ക്കയയ്ക്കുകയും ചെയ്തു. 'തൈഗിൻ' കോട്ടയ്ക്കു് ഇരുപതു മൈൽ അപ്പുറത്തായി 'കാരമോറൻ'[1] എന്നൊരു നദിയുണ്ടു്. ഈ നദിയുടെ അസാധാരണവീതിയും, ആഴവും മൂലം അതിൻെറ ഉത്ഭവസ്ഥാനംമുതൽ സമുദ്രപതനംവരെയുള്ള ഒരു സ്ഥലത്തും അതിനു പാലമില്ല. ഈ നദിയുടെ പാശ്വങ്ങളിൽ അനേകം കോട്ടകളും നഗരങ്ങളും സ്ഥിതിചെയ്യുന്നു. നല്ല വ്യാപാരവുമുണ്ടു്. ഈ പ്രദേശം ഇഞ്ചി, പട്ടു്, പക്ഷികൾ, പ്രത്യേകിച്ചും ആകാശക്കോഴികൾ എന്നിവയാൽ സമ്പന്നമാകുന്നു. വെനീസിലെ ഒരു 'ഗ്രോട്ടു്'[2] നാണയത്തിനു്, ഇവിടെ മൂന്നു കോഴികളെ വാങ്ങാം. നല്ല ഇനം മുളയും ധാരാളം വളരുന്നു. ചില മുളകൾക്കു് ഒന്നരയടിയും രണ്ടടിയും ചുററളവുണ്ടു്. ഈ കല്ലൻമുളകൾ പലതരം ആവശ്യങ്ങൾക്കുപയോഗിക്കുന്നു. നദി കടന്നു പടിഞ്ഞാട്ടു രണ്ടു ദിവസത്തെ യാത്ര

1 ഹോയാങ്ഹോനദി.

2 രണ്ടണ വിലയുള്ള ഒരു ഇററാലിയൻ നാണയം.

കഴിഞ്ഞാൽ, 'കാരിയൻഫൂ' എന്ന പ്രസിദ്ധനഗരമായി. കസവുവസ്ത്രങ്ങളും പട്ടും ഇവിടെയും ധാരാളം നെയ്തുവരുന്നു. സുഗന്ധവസ്തുക്കൾ, ഇഞ്ചി, പഞ്ഞപ്പുല്ല്, എന്നിവക്കും പഞ്ഞമില്ല. സ്ഥലവാസികൾ വിഗ്രഹാരാധകന്മാർതന്നെ.

തെക്കുപടിഞ്ഞാട്ടേക്കു്, ഏഴു ദിവസത്തെ യാത്ര പിന്നെയും തുടരുക. പട്ടണങ്ങൾ, നാട്ടിൻപുറങ്ങൾ, വിളഞ്ഞ പാടങ്ങൾ, തോട്ടങ്ങൾ ഇവയുടെ അവസാനിക്കാത്ത ഒരു ഘോഷയാത്രയാണു് നിങ്ങൾക്കനുഭവപ്പെടുക. പട്ടുനൂൽപ്പുഴു വളരുന്ന മൾബെറിവൃക്ഷങ്ങൾ, പ്രത്യേകം പ്രസ്താവ്യമാണു്. ഭൂരിഭാഗം ജനങ്ങളും ബിംബാരാധകന്മാർതന്നെ. കൃസ്ത്യാനികളും, തുർക്കികളും, അറബികളും, കുറേശ്ശെയുണ്ടു്. വന്യമൃഗങ്ങളും, പക്ഷികളും വേണ്ടുവോളം. ഏഴു ദിവസത്തെ പടിഞ്ഞാറൻയാത്ര നിങ്ങളെ 'കൊാൻസൻഫൂ'വിലെത്തിക്കുന്നു. ആ സംസ്ഥാനത്തിലെ പ്രമുഖനഗരമാണതു്. പ്രസിദ്ധരായ പല രാജാക്കന്മാരുടേയും ആസ്ഥാനമായിരുന്നു ആ നഗരം. ഇപ്പോൾ, മഹാനായ ഖാൻെറ മകൻ 'മങ്കാല്യ'വാണു് ഭരണാധിപൻ. പട്ടു്, കസവുതരങ്ങൾ, യുദ്ധോപകരണങ്ങൾ, ഇവ ഇവിടെ വലിയ അളവിൽ നിർമ്മിക്കപ്പെടുന്നു. ജനങ്ങൾ, മിക്കപേരും, വിഗ്രഹപൂജക്കാർതന്നെ. നഗരത്തിൽനിന്നു്, അഞ്ചു മൈൽ അകലെയാകുന്നു മങ്കാല്യവിൻെറ കൊട്ടാരം. ഒരു വിസ്തൃതസമതലത്തിൽ, അരുവികളുടേയും, നായാട്ടുവനങ്ങളുടേയും മധ്യത്തിലാണു് കൊട്ടാരം സ്ഥിതിചെയ്യുന്നതു്. നായാട്ടുസങ്കേതത്തിനു്, അഞ്ചുമൈൽ ചുററളവുണ്ടു്. വന്യമൃഗങ്ങളും പക്ഷികളും ധാരാളം. നടുവിൽ ഗംഭീരസുന്ദരമായ ഈ രാജഹർമ്മ്യവും. അതിൽ ചെറുതും വലുതുമായ അനേകം ഹാളുകളുണ്ടു്. ഭിത്തികളെല്ലാം നീലച്ചായം പൂശിയവയാണു്. ചുമരുകൾ പ്രതിമാശില്പങ്ങളാൽ അലംകൃതങ്ങളായിരിക്കുന്നു. രാജാവു തൻെറ പരിവാരങ്ങളോടുകൂടി വന്യമൃഗങ്ങളേയും പക്ഷികളേയും വേട്ടയാടുകയും, പിതാവിൻെറ മാതൃകയനു-

സരിച്ച്, നീതിയോടും സഹാനുഭൂതിയോടുംകൂടി ഭരണം നടത്തുന്നതിനാൽ, പ്രജകളാൽ സ്നേഹിക്കപ്പെടുകയും ചെയ്യുന്നു.

പോവുക, മൂന്നുദിവസത്തെ ദൂരം പിന്നേയും പടിഞ്ഞാട്ട്. അസംഖ്യം കോട്ടകളും പട്ടണങ്ങളുമുള്ള നയനാനന്ദകരമായ ഒരു സമതലപ്രദേശമാണ് അപ്പോൾ ദൃഷ്ടിഗോചരീഭവിക്കുക. പട്ടുവ്യവസായത്തിൻെറ കേന്ദ്രമാണ്, ആ പ്രദേശം. ആ സമതലം കഴിഞ്ഞാൽ മലകളും താഴ്വരകളും പിന്നേയും ആവർത്തിക്കുന്നു. സംസ്ഥാനത്തിൻെറ പേർ 'ചിഞ്ചിയാങ്ങ്'' എന്നാകുന്നു. ജനവാസം അവിടേയും കുറവല്ല. അധികവും ബിംബാച്ചനക്കാരാണ്. തൊഴിൽ കൃഷിയും. സിംഹം, കരടി, മാൻ, മുയൽ, ചെന്നായ തുടങ്ങിയ എല്ലാത്തരം മൃഗങ്ങളും നിറഞ്ഞ ഈ മലകളിൽ നായാട്ട വിനോദകരംതന്നെ. സമതലപ്രദേശത്തിൻെറ വലുപ്പം രണ്ടു ദിവസത്തെ യാത്രാവിസ്തൃതിയും, ഒട്ടാകെ സംസ്ഥാനവലിപ്പം ഇരുപതുദിവസത്തെ വഴിയുമാകുന്നു. സമതലങ്ങൾ, മലകൾ, താഴ്വരകൾ, ഇവയുടെ സുന്ദരമായ സമ്മേളനമാണ്, അവിടെ. ഈ ഇരുപതു ദിവസത്തെ യാത്ര കഴിഞ്ഞു്, ആ സംസ്ഥാനം വിട്ടാൽ, 'അക്ബലാക്ക്മാങ്കി' അല്ലെങ്കിൽ 'വെളുത്ത നഗരം' എന്ന ജനപദമായി. 'മാങ്കി'[1] സംസ്ഥാനത്തിൻെറ അതിർത്തിയിലാണിതു്. അതിന്നപ്പുറമുള്ള സമതലത്തിനു രണ്ടുദിവസത്തെ യാത്രാവിസ്തൃതിയുണ്ട്. അതു കഴിഞ്ഞാൽ മലകളും താഴ്വരകളും പിന്നേയും തുടരുകയായി. പക്ഷേ അവയും ജനനിബിഡംതന്നെ. വന്യമൃഗങ്ങൾ സമൃദ്ധിയായി കാണപ്പെടുന്നുണ്ട്. പ്രത്യേകിച്ചും കസ്തൂരിമൃഗം. ഇഞ്ചിയും നെല്ലുമാണ് പ്രധാന ഉൽപന്നങ്ങൾ. ആ മലംപ്രദേശത്തിലൂടെ ഇരുപതുനാൾ സഞ്ചരിച്ചു നിങ്ങൾ സിൻസിൻഫൂ എന്ന സംസ്ഥാനത്തിലെത്തിച്ചേരുന്നു. അവിടത്തെ പ്രധാനനഗരത്തിൻെറ പേരും അതുതന്നെ. സമ്പന്നമായ ആ നഗരത്തിൻെറ ചുററളവ് ഇരുപതുമൈൽ ആ

1 ''മാഞ്ചി''എന്നും ഈ സംസ്ഥാനം അറിയപ്പെടുന്നു.

കുന്നു. പ്രതാപശാലികളായ പല രാജാക്കന്മാരും, അവിടെ ചെങ്കോൽ വഹിച്ചിരുന്നു. എന്നാൽ ഒടുവിൽ ഭരിച്ച രാജാവിൻെറ മക്കൾ രാജ്യാവകാശത്തെപ്പററി കലഹിച്ചു. നഗരത്തെ മതിൽകെട്ടി മൂന്നായി തിരിച്ച്, ഓരോരുത്തരും താന്താങ്ങളുടെ സ്ഥലത്തു് അധികാരികളായി വാണു. പക്ഷേ അപ്പോഴേയ്ക്കും മഹാനായ ഖാൻ അവരുടെ രാജ്യവും, തലസ്ഥാനവും ആക്രമിച്ചു കീഴടക്കി. നഗരത്തിലൂടെ അനേകം ചെറുനദികൾ, പല ഭാഗങ്ങളേയും ചുററി, ഒഴുകുന്നുണ്ടു്. അവയ്ക്കുമീതെ, പതിനാറടി വീതിയിൽ കല്ലുകൊണ്ടു നിർമ്മിച്ച നിരവധി പാലങ്ങളുണ്ടു്. അവയെല്ലാം അതിമനോഹരങ്ങൾതന്നെ. പാലങ്ങളുടെ ഇരുപാർശ്വങ്ങളിലും, മാർബിൾസ്തൂപികകൾ ഉണ്ടു്. രണ്ടററങ്ങളിലും, മരങ്ങൾകൊണ്ടുണ്ടാക്കിയ ധാരാളം ചെറുപീടികകൾ കാണാം. ഈ നദികൾ നഗരത്തിലൂടെ പല വഴിയ്ക്കൊഴുകിയശേഷം, പട്ടണത്തിൻെറ പുറത്തു കടന്നാൽ അവയെല്ലാം ഒന്നിച്ചുചേർന്നു് ഒരു മഹാനദിയായി ഒഴുകുന്നു. അപ്പോൾ ആ നദിക്കു 'കചിയാങ്'[1] എന്നാണു് പേർ. ആ നഗരാതിർത്തിമുതൽ സമുദ്രംവരേയ്ക്കും, സുമാർ നൂറുദിവസത്തെ യാത്രാദൈർഘ്യമാണു് ഈ മഹാനദിക്കുള്ളതു്. നദിയുടെ ഇരുകരകളും നഗരങ്ങളാലും കോട്ടകളാലും നിറയപ്പെട്ടിരിക്കുന്നു. കച്ചവടത്തിനുള്ള അസംഖ്യം കൂററൻപത്തേമ്മാരികൾ, ഈ നദിയിലൂടെ ഇടതടവില്ലാതെ യാത്രചെയ്യുന്നു. പിന്നേയും, വിശാലമായ ഒരു സമതലത്തിലൂടെ നാലുദിവസത്തെ വഴി പിന്നിടുമ്പോൾ, നഗരങ്ങളും, ഗ്രാമങ്ങളും കൃഷിയിടങ്ങളും നിറഞ്ഞ ഭൂവിഭാഗങ്ങൾതന്നെയാണു് നിങ്ങൾ കണ്ടുമുട്ടുക. ഈ സമതലം കഴിഞ്ഞാൽ വിസ്തൃതമായ 'തിബത്ത്'[2] സംസ്ഥാനമായി. മഹാനായ ഖാൻ ഒരു യുദ്ധത്തിൽ തിബത്തിനെ തവിടുപൊടിയാക്കി. തകർക്കപ്പെട്ട നഗരങ്ങളു

---

1 ചൈനയിലെ പ്രസിദ്ധമായ യാങ്ട്സികചിയാങ് നദി.

2 ടിബററ്.

ടേയും, ഇടിച്ചുനിരത്തപ്പെട്ട കോട്ടകളുടേയും ഒരു കൂമ്പാരമാണു്, ഇന്നത്തെ തിബെത്തു്. ഇരുപതു ദിവസത്തെ യാത്രയ്ക്കുള്ളിൽപെട്ട മുഴുവൻ സ്ഥലവും ഇങ്ങനെ തകൎന്നുകിടക്കുകയാണു്. അങ്ങിനെ ജനശൂന്യമായി ജീൎണ്ണിച്ചു്, കാട്ടുകേറിക്കിടക്കുന്ന ഈ സംസ്ഥാനം, സിംഹംതുടങ്ങിയ ഹിംസ്രജന്തുക്കളുടെ വിഹാരരംഗമാകുന്നു. ഇതിലേ കടന്നുപോകുന്ന യാത്രക്കാർ, ഭക്ഷണം കയ്യിൽ കരുതുന്നതു നന്നായിരിക്കും. ഇരുപതടി നീളവും, മൂന്നു കൈപ്പത്തി വണ്ണവുമുള്ള കൂററൻചൂരലുകൾ ഈ കാട്ടുകളിൽ സമൃദ്ധിയായി വളരുന്നു. രാത്രിയിൽ അവിടെ വിശ്രമിക്കുന്ന യാത്രക്കാർ, വന്യമൃഗങ്ങളിൽനിന്നു രക്ഷകിട്ടുവാൻ ധാരാളം പച്ചമുളകൾ വെട്ടിക്കൂട്ടി, തീ കൊടുക്കുന്നു. ഈ പച്ചമുളകൾ കത്തുമ്പോൾ പുറപ്പെടുന്ന പൊട്ടലുകളും പടഹധ്വനികളും, രണ്ടു നാഴികയ്ക്കപ്പുറംവരെ കേൾക്കാം. ഈ ഭയങ്കരശബ്ദം കേൾക്കുന്ന വന്യമൃഗങ്ങൾ പ്രാണഭയത്താൽ ഓടിയൊളിക്കുന്നു. ചിലപ്പോൾ യാത്രക്കാരുടെ സ്വന്തം കുതിരകൾതന്നെ, ഈ ശബ്ദങ്ങൾ കേട്ടു ഭയപ്പെട്ടു വെകിളിപിടിച്ചു് ഓടാറുണ്ടു്. അതിനാൽ സഞ്ചാരികൾ, കുതിരകളെ വൃക്ഷങ്ങളിൽ ചേൎത്തു ബന്ധിച്ചശേഷമേ, മുളകൾക്കു തീ കൊടുക്കുകയുള്ളൂ.

---

## അധ്യായം പതിനാലു്

[ഒടുവിൽ പറഞ്ഞ സംസ്ഥാനത്തിൻെറ വിശദമായ വിവരണം. മററു പല രാജ്യങ്ങളുടേയും. ഇവയിലൂടെ സഞ്ചരിച്ചപ്പോൾ കണ്ടറിഞ്ഞ ചില വിശേഷങ്ങൾ.]

ഇരുപതു ദിവസത്തെ യാത്ര കഴിഞ്ഞു തിബത്തുസംസ്ഥാനത്തിലൂടെതന്നെ വീണ്ടും സഞ്ചരിക്കുമ്പോൾ, അന്ധവിശ്വാസത്തിൻെറ ഫലമായ, നീചവും, ക്രൂരവുമായ ഒരാചാരം നിലവിലുള്ള പല നഗരങ്ങളും ഗ്രാമങ്ങളും ഞാൻ കാണുകയുണ്ടായി.

അന്നാട്ടിൽ, ഒരു പുരുഷനും, തികച്ചും പരിശുദ്ധയായ ഒരു കന്യകയെ ഭാൎയ്യയായി സ്വീകരിക്കുന്നില്ല. അതിനാൽ, ഈ പ്രദേശങ്ങളിൽ വല്ല വിദേശസഞ്ചാരികളും കൂടാരമടിച്ചു വിശ്രമിക്കുന്നതായി കാണപ്പെട്ടാൽ, വിവാഹപ്രായമുള്ള തങ്ങളുടെ പുത്രിമാരേയുംകൊണ്ടു് അവിടങ്ങളിലെ അമ്മമാർ, ഈ വിദേശികളുടെ ക്യാമ്പിലെത്തുന്നു. തങ്ങളുടെ പുത്രിമാരെ, താല്ക്കാലികമായി സ്വീകരിച്ചു് അവരുടെ 'കന്യകാത്വം' തീൎത്തുതരണമെന്നു് അമ്മമാർ സഞ്ചാരികളോടപേക്ഷിക്കുന്നു. സഞ്ചാരികളാകട്ടെ, അവരിലേററവും സുന്ദരികളായ ചില യുവതികളെ തിരഞ്ഞെടുക്കുകയും, മററുള്ളവർ നിരാശയോടെ തിരിച്ചുപോവുകയും ചെയ്യുന്നു. കുറേനാൾ ആ യുവതികളോടൊത്തു രമിച്ചശേഷം, സ്ഥലം വിടേണ്ടിവരുമ്പോൾ, സഞ്ചാരികൾ, ആ യുവതികളെ അവരുടെ അമ്മമാൎക്കു തിരിച്ചേല്പിച്ചുകൊടുക്കുന്നു. അല്ലാതെ, ആ താല്ക്കാലികഭാൎയ്യമാരെ, സ്ഥിരമായി സ്വീകരിച്ചു്, കൂടെ കൊണ്ടുപോയി സംരക്ഷിക്കേണ്ട ചുമതലയൊന്നും സഞ്ചാരികൾക്കില്ല. ആ യുവതികളാകട്ടെ, തങ്ങളെ അനുഭവിച്ചിരുന്ന ആ വിദേശപുരുഷന്മാരിൽനിന്നു്, 'താല്ക്കാലികദാമ്പത്യ'ത്തിന്റെ മുദ്രകളായ പല സമ്മാനങ്ങളും വാങ്ങി, ഭാവിവിവാഹത്തിനു വേണ്ട യോഗ്യത സമ്പാദിക്കുന്നു. ഇത്തരം വിദേശസമ്മാനങ്ങൾ ഏററവുമധികം നേടിയ യുവതികൾക്കാണു്, വിവാഹത്തിനു കൂടുതൽ അൎഹതയും സാധ്യതയും. അതിനാൽ ഏററവും യോഗ്യനായ ഒരു വരനെ അവൾക്കു കിട്ടുകയും ചെയ്യും. ദേശീയോത്സവവേളകളിൽ, ഈ യുവതികൾ, ആഡംബരമായി വസ്ത്രധാരണം ചെയ്തു്, പൂൎവ്വകാമുകന്മാർ നല്കിയിട്ടുള്ള അപൂൎവ്വരത്നങ്ങളും, ആഭരണങ്ങളും കഴുത്തിലണിഞ്ഞു്, ജനതാമധ്യത്തിൽ പ്രത്യക്ഷപ്പെടുന്നു. അങ്ങിനെ ഏററവുമധികം പേൎക്കു സ്വീകാൎയ്യയായിരുന്നുവെന്നു തെളിയിക്കുമ്പോൾ, അന്നാട്ടിലെ ആരാധ്യവനിതയായിത്തീരുന്നു. എന്നാൽ, ഒരിക്കൽ വിവാഹിതയായിക്കഴിഞ്ഞാൽ, പിന്നെ ആ സ്ത്രീക്കു പരപുരുഷസംഗമം വിലക്കപ്പെട്ടിരിക്കുന്നു. അ

ധികപക്ഷം ജനങ്ങളും വിഗ്രഹപൂജക്കാരും ക്രൂരന്മാരുമാകുന്നു. മോഷണത്തൊഴിൽ ഒരു പാപമായി അവർ ഗണിച്ചിട്ടില്ല. നായാട്ടുവിഭവങ്ങളും, സസ്യഫലങ്ങളുംകൊണ്ടു് അവർ ജീവിക്കുന്നു. കസ്തൂരിമൃഗങ്ങൾ ധാരാളമായി ഇവിടെ കാണപ്പെടുന്നുണ്ടു്. ആ മൃഗങ്ങൾക്കു് ഇവർ 'ഗസ്ലേരി' എന്നാണു് പേർ പറയുന്നതു്. അവക്കു സ്വന്തമായി ഒരു ഭാഷയുണ്ടു്. പ്രത്യേകനാണ്യവ്യവസ്ഥകളില്ല. ഖാന്റെ നാട്ടിലെ 'കടലാസ്സു'നാണ്യങ്ങൾ അവിടെ കാണാനേയില്ല. പവിഴങ്ങളാണു് അവരുടെ നാണയങ്ങൾ. മൃഗങ്ങളുടെ തോലും, പരുപരുത്ത ചണനാരുകൊണ്ടുള്ള കട്ടിത്തുണിയുമാണു് അവരുടെ വസ്ത്രങ്ങൾ. എട്ടു സംസ്ഥാനങ്ങളായി വിഭജിക്കപ്പെട്ടിട്ടുള്ള ഒരു മഹാരാജ്യമാണു് തിബെത്തു്. ഓരോന്നിലുമുണ്ടു്, അനേകം ഗ്രാമങ്ങളും, നഗരങ്ങളും, മലകളും, തടാകങ്ങളും, താഴ്വരകളും, സ്വർണ്ണനദികളും. സ്ത്രീകൾ കഴുത്തിൽ പവിഴമാലകൾ ധരിക്കുന്നു. ഒരു വിശിഷ്ടോപഹാരം എന്ന നിലക്കു്, ഇത്തരം പവിഴമാലകൾ പൂജാവിഗ്രഹങ്ങളിൽ ചാർത്തുകയും ചെയ്യുന്നു. ഈ നാട്ടിൽ കഴുതയോളം വലിപ്പമുള്ള വലിയ നായ്ക്കളുണ്ടു്. വന്യമൃഗങ്ങളെ, പ്രത്യേകിച്ചും കാട്ടുകാളകളെ, വേട്ടയാടുവാൻ ഈ നായ്ക്കൾ സഹായിക്കുന്നു.

തിബെത്തും, മുൻവിവരിച്ച സംസ്ഥാനങ്ങളെപ്പോലെ, മഹാനായ ഖാന്റെ അധികാരത്തിൻ കീഴിലാണു്. അതിന്റെ തൊട്ടുപടിഞ്ഞാറു കിടക്കുന്ന 'കെയ്ന്തൂ'സംസ്ഥാനവും, ഖാന്റെ ഗവർണ്ണർമാരാൽ ഭരിക്കപ്പെടുന്നു. പടിഞ്ഞാറു് എന്നു പറഞ്ഞതുകൊണ്ടു്, ഈ രാജ്യങ്ങളെല്ലാം തികച്ചും പടിഞ്ഞാറാണു് എന്നു നിങ്ങൾ ധരിക്കരുതു്. എന്തെന്നാൽ വടക്കുകിഴക്കുനിന്നു വരുന്നവക്കു് ഈ രാജ്യങ്ങൾ പടിഞ്ഞാറായി തോന്നുന്നതാണു്. ജനങ്ങൾ അധികവും വിഗ്രഹാരാധകന്മാർതന്നെ. 'കെയ്ന്തൂ'വാണു് പ്രധാനനഗരം. ഇതിന്നടുത്തു് ഒരു വലിയ ഉപ്പുതടാകമുണ്ടു്. ഇതിൽ വിവിധാകൃതിയിലുള്ള വെളുത്ത മുത്തുകൾ ധാരാളം കാണപ്പെടുന്നു. ഈ മുത്തുകൾ ആക്കും യഥേഷ്ടം വാരുവാൻ

അനുവാദമില്ല. എന്തെന്നാൽ, അങ്ങിനെ അനിയന്ത്രിതമായി വാരാൻതുടങ്ങിയാൽ, വല്ലാത്ത വിലയിടിവു വരത്തക്കവിധം സമൃദ്ധമായ തോതിൽ, ഈ തടാകത്തിൽ മുത്തുശേഖരങ്ങൾ ഉണ്ട്. അതിനാൽ മഹാനായ ഖാൻെറ അനുവാദപത്രമില്ലാതെ ആർക്കും ഈ തടാകത്തിലിറങ്ങി മുത്തു വാരാൻ വയ്യ. നിയമവിരുദ്ധമായി വാരുന്നവർ മരണശിക്ഷയ്ക്കു വിധേയരാകും.

അതുപോലെ, വൈഡൂര്യം സമൃദ്ധിയായി വിളയുന്ന ഒരു പർവ്വതവും ഇവിടെയുണ്ട്. ഈ രത്നം കുഴിച്ചെടുക്കുന്നതും, മുൻപറഞ്ഞപോലുള്ള ഒരു നിയമത്താൽ നിയന്ത്രിതമായിരിക്കുന്നു. മുത്തുകൾ വിളയുന്ന മേല്പറഞ്ഞ തടാകത്തിൽ മത്സ്യങ്ങളും സമൃദ്ധമായി വളരുന്നു. സിംഹം, കരടി, മാൻ, ഹിമപ്പുലി തുടങ്ങിയ വന്യമൃഗങ്ങളാലും, കാട്ടുപക്ഷികളാലും ഈ രാജ്യം നിബിഡമാകുന്നു. ഒരുതരം ചെറിയ വൃക്ഷങ്ങളിൽനിന്നു പറിച്ചെടുക്കുന്ന 'ലവംഗ'ങ്ങൾ (കരയാമ്പൂമൊട്ടുകൾ) ഇവിടത്തെ പ്രധാന ഉല്പന്നങ്ങളിലൊന്നാണ്. ഈ ലവംഗവൃക്ഷങ്ങളുടെ കൊമ്പുകളും ഇലകളും വാകയുടേതുപോലെതന്നെ. പക്ഷേ കുറേക്കൂടി നീണ്ടു ചൊവ്വുള്ള മരങ്ങളാണവ. പൂക്കൾ വെളുത്തതും എളുപ്പത്തിൽ അടരുന്നതുമാണ്. പക്ഷേ മൂത്തുകഴിഞ്ഞാൽ അവയ്ക്കു കറുപ്പുനിറവും, കാഠിന്യവും വരുന്നു. ഇഞ്ചി, ഇലവർങ്ങപ്പട്ട (കറുകപ്പട്ട) തുടങ്ങിയ സുഗന്ധവസ്തുക്കളും ഇവിടെ സുലഭമാകുന്നു. ഇതൊന്നും നമ്മുടെ നാട്ടിലേയ്ക്കു കൊണ്ടുവരപ്പെടുന്നില്ല. നമ്മുടെ നാട്ടിൽ സുലഭമായ വീഞ്ഞ്, ഈ നാട്ടിൽ ലഭ്യവുമല്ല. പക്ഷേ ധാന്യങ്ങളും, സുഗന്ധദ്രവ്യങ്ങളുമുപയോഗിച്ച്, ഒന്നാന്തരം ലഹരിപാനീയം ഇവർ ഉണ്ടാക്കുന്നുണ്ട്.

ജനങ്ങൾ വിഗ്രഹാരാധകന്മാരാണ്. ഭാര്യമാരേയും, സഹോദരിമാരേയും, പുത്രിമാരേയും വിദേശികളെക്കൊണ്ടു വ്യഭിചരിപ്പിക്കുന്നത് ഈശ്വരപ്രീതിക്കു സഹായകമാണെന്നാണ് ഈ നാട്ടുകാരുടേയും അന്ധവിശ്വാസം. സ്വർണ്ണക്കമ്പിക്കഷണങ്ങളാണ്, അവരുടെ നാണയങ്ങൾ. കമ്പികളുടെ ഘനമനുസ

രിച്ച നാണ്യവില തിട്ടപ്പെടുത്തുന്നു. പ്രത്യേകസൎക്കാർമുദ്രകളൊന്നുമില്ലാത്ത ഈ സ്വൎണ്ണക്കട്ടികളാണു് അവരുടെ വിലപിടിച്ച നാണ്യങ്ങൾ. വച്ചുമാററവ്യാപാരത്തിന്നുപയോഗിക്കുന്ന മറെറാരു വസ്തുവുമുണ്ടു്. അതു താഴെ പറയുംപ്രകാരം നിൎമ്മിക്കപ്പെടുന്നു. കുറെയധികം ഉപ്പു് ഒരു വലിയ ഉരുളിയിൽ ഒരു മണിക്കൂറോളം തിളപ്പിക്കുന്നു. അതിന്നുശേഷം പെട്ടെന്നു ഘനീഭവിപ്പിച്ച ചെറിയ കട്ടകളാക്കി അവയിൽ സൎക്കാർമുദ്ര പതിപ്പിക്കുന്നു. ഇങ്ങനെ നിൎമ്മിക്കപ്പെടുന്ന 'ഉപ്പുനാണ്യങ്ങൾ', കസ്തൂരി, സ്വൎണ്ണം തുടങ്ങിയ അമൂല്യവസ്തുക്കൾക്കു പകരമായി, കൈമാററം ചെയ്യപ്പെടുന്നു. മറുനാട്ടുകാർ, ഇങ്ങിനെ കസ്തൂരിയും സ്വൎണ്ണവും കൊടുത്തു്, തങ്ങളുടെ മാംസത്തിന്നു വേണ്ടത്ര ഉപ്പു് ഇവരോടു വാങ്ങുന്നു.

പതിനഞ്ചുദിവസത്തെ യാത്ര പിന്നെയും തുടരുക. വഴിക്കെല്ലാം ധാരാളം ജനപദങ്ങൾ കാണാം. സിയാൻഫുസംസ്ഥാനത്തിലെ ആചാരമൎയ്യാദകൾതന്നെയാണു് ഇവിടേയും കാണപ്പെടുന്നതു്. ഒടുവിൽ 'ബ്രയസ്സ്'[1] എന്ന ഒരു പുഴയുടെ തീരത്തു നാം എത്തുന്നു. ഈ നദിയിൽ സ്വൎണ്ണം ധാരാളമുണ്ടു്. സ്വൎണ്ണത്തിന്നു്, 'പയോല' എന്നാണു് ഇവിടെ പേർ പറയുന്നതു്. പുഴയിൽ മുങ്ങി, സ്വൎണ്ണമണ്ണു ശേഖരിച്ചു്, വലിയ പാത്രങ്ങളിലിട്ടു കഴുകി ചെളികളഞ്ഞശേഷം അരിച്ചരിച്ചു മണൽത്തരികളെല്ലാം കളഞ്ഞു്, ശുദ്ധമായ സ്വൎണ്ണപ്പൊടി ശേഖരിക്കുന്നു. പുഴയുടെ ഇരുതീരങ്ങളും, ഇലവൎങ്ഗപ്പട്ടച്ചെടികളാൽ നിറയപ്പെട്ടിരിക്കുന്നു. ബ്രയസ്സു കടന്നു്, പിന്നെയും പടിഞ്ഞാട്ടു യാത്ര ചെയ്താൽ, 'കാരിയാങ്ങ്'[2] സംസ്ഥാനമായി. ഇതിന്നു് ഏഴു് ഉപസംസ്ഥാനങ്ങളുണ്ടു്. എല്ലാം ഖാൻെറ അധികാരപരിധി

---

1 കിൻഷാകിയാംങ്ങ് എന്ന നദി. (യാംങ്ങ്ടിസ്സിൻെറ മൂലനദികളിലൊന്നു്.)

2 യുനാൻ.

യിൽത്തന്നെ. അദ്ദേഹത്തിൻെറ മകൻ, 'സെൻറമൂർ' ആണ് ഇവിടത്തെ ഗവർണ്ണർ. അദ്ദേഹം ബുദ്ധിമാനും, നീതിമാനും, സമ്പന്നനുമായ ഒരു യുവാവാകുന്നു. ജനങ്ങളെല്ലാം വിഗ്രഹപൂജക്കാരാണ്. അഞ്ചുദിവസത്തെ സഞ്ചാരപരിധിയുള്ള ഈ നാട്ടതികച്ചും ജനനിബിഡമാകുന്നു. ജനങ്ങൾ മാംസവും, പഴങ്ങളും, ഭക്ഷിച്ചു ജീവിക്കുന്നു. നല്ലതരം കുതിരകൾക്ക് ഈ നാട്ടു പേർകേട്ടതാണ്. നാട്ടുകാർക്ക് ഒരു പ്രത്യേകഭാഷയുണ്ട്. പഠിക്കാൻ പ്രയാസം. യാത്രയുടെ അഞ്ചാംദിവസം, രാജ്യത്തിൻെറ തലസ്ഥാനമായ 'യാച്ചി'യിൽ (കുൻമിങ്ങ്) നിങ്ങൾ വന്നുചേരുന്നു. മഹത്തും പ്രശസ്തവുമാണ് ആ നഗരം. അനേകം വ്യാപാരികളും ശില്പവിദഗ്ദ്ധന്മാരുമുണ്ടവിടെ. വിഗ്രഹപൂജക്കാർ, ക്രിസ്ത്യാനികൾ, അറബികൾ എന്നിങ്ങനെ പല മതക്കാരും നഗരത്തിലുണ്ട്. അധികംപേരും ബിംബാരാധകന്മാരാണ്. അരിക്കും, മററു ഭക്ഷ്യധാന്യങ്ങൾക്കും അവിടെ ക്ഷാമമില്ല. അരിയാണ് പ്രധാനാഹാരം. അരിയും, സുഗന്ധവസ്തുക്കളും ചേർത്തുണ്ടാക്കുന്ന പാനീയമാണ് ഇവരുടെ വീഞ്ഞ്. വ്യാപാരകാര്യങ്ങൾക്ക്, നാണയമായി, വെളുത്ത ചീനപ്പാത്രങ്ങളാണ് അവർ ഉപയോഗിക്കുന്നത്. കടലിൽനിന്നെടുക്കുന്ന പലതരം ചിപ്പികളാകുന്നു അവരുടെ ആഭരണങ്ങൾ. ഉപ്പുവെള്ളക്കിണറുകളിൽനിന്ന്, ഇവർ ഉപ്പും ശേഖരിക്കുന്നുണ്ട്. അവിടത്തെ ഭരണാധികാരിക്ക്, ഉപ്പുനികുതിവഴിക്ക വമ്പിച്ച ആദായം കിട്ടിവരുന്നുണ്ട്. തങ്ങളുടെ ഭാര്യമാർ അന്യപുരുഷന്മാരെ പ്രാപിക്കുന്നതു് ഇവിടുത്തെ പുരുഷന്മാർ ശ്രദ്ധിക്കുന്നില്ല. നേരെമറിച്ച്, അവർ അതനുവദിച്ചിരിക്കുന്നു. നൂറുമൈൽ ചുററളവുള്ളതും, പലജാതി മത്സ്യങ്ങൾ ധാരാളം വളരുന്നതുമായ ഒരു മഹാതടാകം ഇവിടെയുണ്ട്. ഇന്നാട്ടുകാർ, കോഴി, മൂരി, ആട്, പോത്ത് എന്നിവയുടെ മാംസം പച്ചയോടെ ഭക്ഷിക്കുന്നു. എങ്കിലും താഴെ പറയുന്ന രീതിയിൽ ഒരുതരം പാകപ്പെടുത്തലുണ്ട്. ആദ്യമായി, മാംസം കഴുകി, ചെറിയ ചെറിയ കഷണങ്ങളായി നു

റുക്കുന്നു. പിന്നെ അവയിൽ മസാലപ്പൊടികൾ കലത്തി നല്ല വണ്ണം ഇളക്കിമറിക്കുന്നു. എന്നിട്ടു ഭക്ഷിക്കുന്നു—വേവിച്ചതു നാം ഭക്ഷിക്കുംപോലെ.

യാച്ചിനഗരം വിട്ടു്, പത്തുദിവസത്തെ യാത്ര പടിഞ്ഞാട്ടു പോയാൽ, നിങ്ങൾ 'കരാച്ചാൻ' സംസ്ഥാനത്തിൽ വന്നുചേരുന്നു. അവിടത്തെ തലസ്ഥാനനഗരിയുടെ പേരും ഇതുതന്നെ. ക്കുബ്ളൈഖാൻെറ പുത്രൻ 'കൊഗാത്തീൻ' ആണു്, അവിടത്തെ ഭരണാധിപതി. അവിടത്തെ പുഴകളിലും, മലകളിലും, പൊടിയായും, കട്ടയായും ധാരാളം സ്വർണ്ണമുണ്ടു്. ആറു റാത്തൽ വെള്ളിക്കു് ഒരു റാത്തൽ സ്വർണ്ണമെന്ന നിരക്കിൽ ഇവ വില്ക്കപ്പെടുന്നു. ഇന്ത്യയിൽനിന്നു്, ഇവിടെ കൊണ്ടുവരപ്പെടുന്ന സാമാനങ്ങൾക്കു പകരം, ഇന്നാട്ടുകാർ ചീനപ്പിഞ്ഞാണികൾ നൽകുന്നു. രാജ്യവാസികൾ വിഗ്രഹപൂജക്കാരാണു്. ഇവിടെ അസാധാരണവലിപ്പമുള്ള ചില പ്രത്യേകജാതി മലമ്പാമ്പുകളുണ്ടു്. ചിലതിനു്, 25 അടി നീളവും തൊണ്ണൂറു് ഇഞ്ചു് വണ്ണച്ചുററളവുമുണ്ടു്. ഇവക്കു്, മുൻഭാഗത്തു്, തലക്കടുത്തായി, സിംഹത്തിൻെറ ജാതി മൂന്നു നഖങ്ങളോടുകൂടിയ കുറുങ്കാലുകളും[1], റൊട്ടിയോളം വലിപ്പമുള്ള ജ്വലിക്കുന്ന കണ്ണുകളുമുണ്ടു്. ഒരു മനുഷ്യനെ മുഴുവൻ ഒന്നിച്ചു വിഴുങ്ങാൻ തക്ക വലിപ്പമുള്ളതാണു്, അവയുടെ വായയും, താടിയും. നീണ്ടു മൂർച്ചയുള്ള പല്ലുകളും ഇവക്കുണ്ടു്. ഭയംകൊണ്ടു ഞെട്ടാതെ, ഈ സർപ്പരാക്ഷസന്മാരെ കാണാൻ കഴിയുന്ന മനുഷ്യനോ മററു ജീവികളോ ഇല്ല. ഇവയേക്കാൾ ചെറിയ സർപ്പങ്ങളുമുണ്ടു്. പതിനാറോ, പന്ത്രണ്ടോ, പത്തോ അടി നീളമുള്ളവ. പകൽസമയത്തു ചൂടിൻെറ ശക്തിയാൽ, ഈ സർപ്പങ്ങൾ, അവയുടെ ഗുഹകളിൽ വളഞ്ഞുകൂടിക്കിടക്കുന്നു. രാത്രിയായാൽ ഇരതേടി പുറത്തേക്കിറങ്ങും. കിട്ടുന്ന എന്തിനേയും വിഴുങ്ങും.

---

1 "മുതലകളെ മലമ്പാമ്പുകളായി തെററിദ്ധരിച്ചിരിക്കുന്നു."
—ഹാട്ട്.

സിംഹങ്ങൾവരെ എന്നും ഇവക്കിരയാകും. ഇര വിഴുങ്ങിയശേഷം, ഇവ വെള്ളമന്വേഷിച്ച് ഇഴഞ്ഞുപോകുന്നു. ഒരു വൻമരം അപ്പാടേ വലിച്ചിഴച്ചാലെന്നപോലെയുള്ള അടയാളങ്ങളാണ്, ഈ ഭാരമേറിയ സർപ്പങ്ങൾ, യാത്രാമാർഗ്ഗത്തിൽ പതിപ്പിക്കുന്നത്. അതിനാൽ, ഇവ പതിവായി സഞ്ചരിക്കാറുള്ള മാർഗ്ഗങ്ങളിൽ ധാരാളം മണൽ വിരിച്ച്, അതിന്നടിയിൽ കൂർത്തുമൂർത്ത ഇരുമ്പാണികൾ പാകി, ഈ സർപ്പങ്ങളെ അവയിൽ കുടുക്കി മുറിവേല്പിച്ചാണ്, ആളുകൾ അവയെ കൊല്ലുന്നത്. ഇങ്ങിനെ ആപത്തിൽ കുടുങ്ങിയ സർപ്പത്തിന്റെ വിവരം, കാക്കകൾ കരച്ചിലിലൂടെ പ്രഖ്യാപിക്കുമ്പോൾ നായാടികൾ പാഞ്ഞെത്തി, പാമ്പിന്റെ പിത്തസഞ്ചി കീറിയെടുത്തശേഷം തോലുരിക്കുന്നു. ഈ പിത്തനീരു പല രോഗങ്ങൾക്കും കൈകണ്ട ഔഷധമാണ്. ഉദാഹരണമായി, പേപ്പട്ടിവിഷത്തിന്, ഈ മരുന്നിന്റെ മൂന്നോ നാലോ തുള്ളികൾ, മുന്തിരിച്ചാറിൽ കലർത്തി കുടിക്കുന്നത്, ഉത്തമമായ പ്രതിവിധിയാണെന്ന് അന്നാട്ടുകാർ പറയുന്നു. അതുപോലെ പ്രസവവേദനയനുഭവിക്കുന്ന സ്ത്രീകൾക്കും, മാംസാർബ്ബുദരോഗികൾക്കും ഈ ഔഷധം ഉത്തമമാകുന്നു. ഈ സർപ്പത്തിന്റെ മാംസംപോലും വലിയ വിലക്കാണ്, വില്ക്കപ്പെടുന്നത്.

ഈ നാട്ടിൽ, തടിച്ചുകൊഴുത്ത, കായബലമുള്ള കുതിരകളുണ്ട്. വ്യാപാരികൾ ഈ മികച്ചതരം കുതിരകളെ ഇന്ത്യയിലേക്കു കൊണ്ടുപോകുന്നു. സാധാരണയായി, അവയുടെ വാലിൽ നിന്നു്, ഒരു പ്രത്യേക എല്ല് എടുത്തുകളയുന്ന പതിവുണ്ട്. വാൽ അങ്ങോട്ടുമിങ്ങോട്ടും വളയാതെ, നേരെ കീഴ്പോട്ടുതന്നെ തൂങ്ങിക്കിടക്കാൻവേണ്ടിയാണ് അങ്ങിനെ ചെയ്യുന്നത്. അതാണത്രേ കൂടുതൽ ഭംഗി. ഫ്രഞ്ചുകാരെപ്പോലെ ഇവരും കുതിരപ്പുറത്തിരിക്കാൻ, നീളമുള്ള 'ജീനി' ഉപയോഗിക്കുന്നു. താർത്തറികൾ തുടങ്ങിയ മററു വർഗ്ഗക്കാർ നീളംകുറഞ്ഞ ജീനിയാണ് ഉപയോഗിക്കാറുള്ളതു്. അമ്പ് എയ്യേണ്ടിവരുമ്പോൾ, അവർ ഇരിപ്പിടത്തിൽനിന്നു് എഴുന്നേററുനില്ക്കുന്നു. അവർ യുദ്ധത്തിന്,

പോത്തിൻതോൽകൊണ്ടുള്ള പരിചകളും, പോർച്ചട്ടകളും ഉണ്ടാക്കുന്നു. വേൽ, കുന്തം, വില്ല് മുതലായ ആയുധങ്ങളും അവർ ഉപയോഗിക്കുന്നു. അമ്പുകളുടെ അഗ്രങ്ങളിൽ അവർ വിഷം തേച്ചാറുണ്ട്. ചില ദുഷ്ടന്മാരും, സമരവീരന്മാരും വിഷം എപ്പോഴും കയ്യിൽ കൊണ്ടുനടക്കുകയും, എതിരാളികളാൽ കീഴടക്കപ്പെട്ടാൽ, പെട്ടെന്ന് ഈ വിഷം വിഴുങ്ങി മരിച്ച്, ശത്രുപീഡയിൽ നിന്നും സ്വയം രക്ഷപ്പെടുകയും ചെയ്യുന്നു. എന്നാൽ, സൈനികനേതാക്കന്മാർ, ഇത്തരക്കാരുടെ ആത്മഹത്യാശ്രമങ്ങൾ പരാജയപ്പെടുത്തുവാൻവേണ്ടി, അവരെ നായയുടെ കാഷ്ഠം തീററിച്ച്, വിഴുങ്ങിയ വിഷം ഉടൻ ഛർദ്ദിപ്പിക്കുന്നു: മഹാനായ ഖാൻ, അന്നാട്ടുകാരെ കീഴടക്കുന്നതിനുമുമ്പ്, അവർക്കിടയിൽ ഒരു ആചാരമുണ്ടായിരുന്നു. സൌന്ദര്യവും, ബുദ്ധിവൈഭവവുമുള്ള ഏതെങ്കിലും ഒരു അപരിചിതൻ അവരുടെ ഗൃഹത്തിൽ വന്നുപെട്ടാൽ, അയാളെ വേണ്ടുംവിധം സല്ക്കരിച്ചശേഷം, രാത്രിയിൽ അവർ അയാളെ വധിക്കുന്നു. മരണശേഷം അയാളുടെ ഗുണവിശേഷങ്ങൾ, ആ വീട്ടുകാർക്കു കിട്ടുമെന്ന വിശ്വാസമാണ്, അവരെക്കൊണ്ട് ഈ ക്രൂരമായ ഒരു പ്രവൃത്തി ചെയ്യിക്കുന്നത്.

'കരാച്ചാൻ'സംസ്ഥാനത്തിൽനിന്ന്, 5 ദിവസത്തെ പടിഞ്ഞാറൻയാത്ര കഴിഞ്ഞാൽ 'കർദൻദൻ' എന്ന ഒരു സംസ്ഥാനം കാണാം. അവിടത്തെ പ്രമുഖപട്ടണമാണ്, 'വോഷിയം'. ചീനബ്ഭരണികളും, സ്വർണ്ണക്കട്ടികളും വിനിമയവസ്തുക്കളായി അവിടെ ഉപയോഗിക്കപ്പെടുന്നു. അവിടേയും, ചുററുപാടുമുള്ള സംസ്ഥാനങ്ങളിലും വെള്ളിഖനികളില്ല. ഒരു ഭാഗം സ്വർണ്ണത്തിനു്, അഞ്ചുഭാഗം വെള്ളിയെന്ന നിരക്കിലാണ്, ഇവ കൈമാററം ചെയ്യപ്പെടുന്നതു്. ഈ നിരക്ക് അവർക്കു വളരെ ആദായകരവുമാകുന്നു. അവിടത്തെ സ്ത്രീകളും പുരുഷന്മാരും, അവരുടെ പല്ലുകൾ, എല്ലാം സ്വർണ്ണംകൊണ്ടു പൊതിയുന്നു. സ്വതവേതന്നെ സ്വർണ്ണനിർമ്മിതമാണെന്നു തോന്നത്തക്കവിധം, തങ്ങളുടെ പല്ലുകൾ, അത്ര വിദഗ്ധമായിട്ടാണ് അവർ സ്വർണ്ണംകൊണ്ടു പൊതി

യുന്നതു്. പുരുഷന്മാർ കൈകളിലും കാലുകളിലും സൂചികൾകൊണ്ടു കുത്തിക്കുത്തി സുഷിരങ്ങളുണ്ടാക്കി അവയിൽ ഒരുതരം മായാത്ത കറുപ്പുചായമിട്ടു്, പല ചിത്രങ്ങളും വരയ്ക്കുന്നു. ഇത്തരം അടയാളങ്ങൾ വീരത്വത്തിന്റെ ലക്ഷണമായിട്ടാണു്, അവർ ഗണിക്കുന്നതു്. കുതിരസ്സവാരി, നായാട്ടു്, സഞ്ചരിച്ചുകൊണ്ടുള്ള കച്ചവടം, യുദ്ധം എന്നീ കാര്യങ്ങളിൽ പുരുഷന്മാർ മുഴുവൻ ശ്രദ്ധയും ചിലവഴിക്കുന്നു. ഗൃഹഭരണം മുഴുവൻ സ്ത്രീകളുടെ കയ്യിലാണു്. ഗാർഹികകാര്യങ്ങളിൽ സ്ത്രീകളെ സഹായിക്കാൻ അടിമകളുണ്ടു്—വിലയ്ക്കു വാങ്ങിയതോ, യുദ്ധത്തിൽ പിടിച്ചെടുത്തതോ ആയ അടിമകൾ. അവിടെ ഒരു വിശേഷതരത്തിലുള്ള ആചാരം കാണപ്പെടുന്നു. സ്ത്രീകൾ പ്രസവിച്ചുകഴിഞ്ഞാൽ, ശയ്യയിൽനിന്നെഴുന്നേററു കുളിച്ചു്, അന്നുമുതൽതന്നെ അടുക്കളപ്പണിയിൽ ഏർപ്പെടുന്നു. ഭർത്താവാണു് പിന്നെ പ്രസവക്കട്ടിലിൽ കുട്ടിയേയും കാത്തുകൊണ്ടു നാല്പതു ദിവസത്തോളം തുടർച്ചയായി കിടക്കുന്നതു്. അപ്പോൾ അയാളുടെ സ്നേഹിതന്മാർ നിത്യേന യെന്നോണം അയാളെ കാണാൻ ചെല്ലുകയും, പുതിയ സന്താനലബ്ധിയിൽ അയാളെ അനുമോദിക്കുകയും ചെയ്യുന്നു. പ്രസവിച്ച സ്ത്രീയാകട്ടെ വീട്ടുകാര്യങ്ങളിൽ ശ്രദ്ധിക്കുകയും ഭർത്താവിനു് ആഹാരാദികൾ ശയനമുറിയിലേയ്ക്കെത്തിക്കുകയും, കുട്ടിക്കു മുലകൊടുക്കുകയും ചെയ്യുന്നു. അവർ അരിയും, സുഗന്ധവസ്തുക്കളും ചേർത്താണു് ലഹരിപാനീയമുണ്ടാക്കുന്നതു്. അരിയും, പച്ചമാംസവുമാണു് അവരുടെ ഭക്ഷണം. പച്ചമാംസഭക്ഷണം മുൻപൊരിടത്തു സൂചിപ്പിച്ചപോലെതന്നെയാണു് തയ്യാർ ചെയ്യുന്നതു്. ഓരോ കുടുംബത്തിലേയും അംഗങ്ങൾ അവിടത്തെ ഏററവും പ്രായംചെന്ന പുരുഷനെ വന്ദിക്കുകയെന്നതിൽക്കവിഞ്ഞു്, ഈ സംസ്ഥാനത്തിൽ മററൊരു വിഗ്രഹാരാധനയുമില്ല. ഗൃഹനാഥനെ തങ്ങളുടെ ജീവദാതാവും അന്നദാതാവുമായി, കുടുംബാംഗങ്ങളെല്ലാം കരുതുന്നു മലമ്പ്രദേശങ്ങളിലാണു് അവർ അധികവും താമസിക്കുന്നതു്. എന്നാൽ വിദേശികൾ ഈ മലമ്പ്രദേശ

ത്തേയ്ക്കു പോകുന്നില്ല. വേനൽക്കാലത്തു് അവിടെ വീശുന്ന ഉഷ്ണവായു വിദേശികളെ കൊന്നുകളയും. നാട്ടുകാൎക്കു് എഴുതുന്ന ഭാഷയില്ല. പക്ഷേ മരത്തിൽ കൊത്തുപണി ചെയ്തുണ്ടാക്കുന്ന 'ചിത്രപ്പലകകൾ' പാതി മുറിച്ചു പരസ്പരം കൈമാറി, കരാറുകളും ബാദ്ധ്യതകളും നടപ്പിലാക്കുകയും, അവ നിറവേററപ്പെട്ടുകഴിഞ്ഞാൽ ആ പലകത്തുണ്ടുകൾ നശിപ്പിക്കുകയും ചെയ്യുന്നു. ഈ സംസ്ഥാനത്തിൽ വൈദ്യന്മാരില്ല. 'സിയാൻദ്', 'വോഷിയം', 'കരേൻ' എന്നിവിടങ്ങളിലും സ്ഥിതി ഇതുതന്നെ. ആകെക്കെങ്കിലും രോഗം പിടിപെട്ടാൽ മന്ത്രവാദികളേയോ പുരോഹിതന്മാരേയോ കൊണ്ടുവരുന്നു. രോഗി തൻെറ രോഗവിവരങ്ങൾ അവൎക്കു വിശദമാക്കിക്കൊടുക്കും. അപ്പോൾ മന്ത്രവാദികൾ നൃത്തം വെയ്ക്കുകയും, ചില വാദ്യങ്ങൾ മുഴക്കുകയും ദൈവകീൎത്തനങ്ങൾ ആലപിക്കുകയും ചെയ്യുന്നു. ഒടുവിൽ അവരിലാരെങ്കിലും ഒരാളിൽ ഭൂതം ആവേശിച്ചു്, മററു മന്ത്രവാദികൾക്കിടയിൽ തുള്ളുകയും ചാടുകയും ചെയ്യുന്നു. അപ്പോൾ അവർ ഈ കോമരത്തോടു രോഗകാരണങ്ങളും പ്രതിവിധിയും ചോദിച്ചു മനസ്സിലാക്കുന്നു. രോഗി ഇന്ന കുററം ചെയ്തുവെന്നോ, അഥവാ ഇന്ന ദൈവത്തെ അപ്രീതിപ്പെടുത്തിയെന്നോ മറേറാ ആ പിശാചു് അപ്പോൾ പ്രഖ്യാപിക്കും. അപ്പോൾ മന്ത്രവാദികൾ ആ പ്രത്യേകദേവനെ സ്തുതിക്കുകയും, രോഗം സുഖപ്പെട്ടാൽ ഇന്നയിന്ന ബലികൾ നടത്തിക്കൊള്ളാമെന്നു സത്യം ചെയ്കയും ചെയ്യുന്നു. എന്നാൽ മാറാവ്യാധിയാണു് രോഗിക്കു പിടിപെട്ടിട്ടുള്ളതെന്നു കണ്ടാൽ, അതു് ഇന്ന ദൈവത്തെ അക്ഷന്തവ്യമായി കോപിപ്പിച്ചതുകൊണ്ടാണെന്നും, അതിനാൽ അപരിഹാൎയ്യമാണെന്നും, കോമരം വിധികല്പിക്കും. മാറുന്ന രോഗമാണെന്നു കണ്ടാൽ, രോഗി, ഇത്രയെണ്ണം, കറുത്ത മുട്ടനാടുകളെ ബലികൊടുക്കണമെന്നും, ബലികൎമ്മത്തിനു്, ഇത്ര പുരോഹിതന്മാരേയും അവരുടെ ഭാൎയ്യമാരേയും ചുമതലപ്പെടുത്തണമെന്നും, പ്രഖ്യാപിക്കപ്പെടും. രോഗിയുടെ ബന്ധുക്കളാകട്ടെ, ഭൂതത്തിൻെറ വെളിപാടനുസരിച്ചു പ്രവ

ത്തിക്കുകയും ചെയ്യും. പുരോഹിതന്മാർ മുട്ടനാടുകളെ കൊന്നു് അവയുടെ രക്തം തളിച്ചു രോഗിയുടെ വീടു ശുദ്ധമാക്കുന്നു. വലിയ മെഴുകുതിരികൾ കത്തിച്ചുവെയ്ക്കുകയും, മട്ടിപ്പാൽ തുടങ്ങിയ സുഗന്ധദ്രവ്യങ്ങൾ പുകച്ചു് അന്തരിക്ഷം സുരഭിലമാക്കുകയും ചെയ്യുന്നു. മാംസക്കറിയും, രോഗിക്കുവേണ്ടി ഉണ്ടാക്കിയ മത്തന്നിൽ കുറച്ചു ഭാഗവും മുററത്തു തളിക്കും. എല്ലാം ക്രമപ്രകാരം ചെയ്തുകഴിഞ്ഞാൽ അവർ ദേവപ്രീതിക്കുവേണ്ടി, പാട്ടും നൃത്തവും തുടങ്ങുകയായി. അതിനുശേഷം, ദൈവം തൃപ്തിപ്പെട്ടുവോയെന്നു് അവർ കോമരത്തോടു ചോദിക്കുന്നു. ഇല്ലെന്നാണു് മറുപടിയെങ്കിൽ, പിന്നേയും പല കർമ്മങ്ങൾകൂടി ചെയ്യുന്നു. തൃപ്തിപ്പെട്ടുവെന്ന മറുപടി കിട്ടിയാൽ, എല്ലാവരും മേശയ്ക്കു ചുററുമിരുന്നു്, ദൈവത്തിനു നിവേദിച്ച മാംസഭക്ഷണങ്ങൾ, പരസ്പരം പങ്കിട്ടു സന്തോഷത്തോടെ അനുഭവിക്കുന്നു. ലഹരിപാനീയങ്ങൾ കുടിക്കുന്നു. അങ്ങിനെ സദ്യ കഴിഞ്ഞാൽ മന്ത്രവാദികൾക്കു ദക്ഷിണകൊടുക്കലായി. അതിനുശേഷം എല്ലാവരും സ്വന്തം വസതികളിലേയ്ക്കു പോകുന്നു. ഭാഗ്യവശാൽ രോഗി എങ്ങാനും സുഖപ്പെട്ടാൽ, അതു ബലികർമ്മത്തിന്റെ ഫലമാണെന്നു്, അവർ അവകാശപ്പെടും. കഷ്ടകാലത്തിനു് അയാൾ 'സിദ്ധി'കൂടിയാൽ, ദേവനു നിവേദിക്കുംമുമ്പു യജമാനൻ, നിവേദ്യം ഭക്ഷിച്ചുകാണുമെന്നും മററും ചില അററകുററങ്ങൾ, ഊഹിച്ചുപറഞ്ഞു്, അവർ അതും സാധൂകരിക്കും.

മഹാനായ ഖാൻ എ. ഡി. 1272-ൽ 'വോഷിയം', 'കരേൻ' എന്നീ രാജ്യങ്ങൾ കീഴടക്കാൻ, നെസ്റ്റോർഡീൻ എന്ന സേനാധിപന്റെ നേതൃത്വത്തിൽ, പന്തീരായിരം ഭടന്മാരടങ്ങിയ ഒരു സേനയെ അയയ്ക്കുകയുണ്ടായി. 'മെയിനി'[1]ലേയും 'ബംഗാള'ത്തിലേയും രാജാക്കന്മാർ ഈ വിവരമറിഞ്ഞമാത്രയിൽതന്നെ തങ്ങളുടെ സൈന്യങ്ങളെ ഒരുക്കിനിർത്തി. കുതിര

1 ഉത്തരബർമ്മ

ല്പടയും, കാലാളും ചേന്നു് അറുപതിനായിരം വരുന്ന ഒരു പ്രബലസേന. ആയിരം ആനകളും, ഓരോന്നിൻേറയും പുറത്തു പന്ത്രണ്ടു ഭടന്മാക്കിരിക്കാൻ സൌകര്യമുള്ള കൂടാരങ്ങളും അവക്കുണ്ടായിരുന്നു. ഈ സന്നാഹങ്ങളോടെ മെയിൻരാജാവു് 'വോഷിയം'നഗരത്തിലേക്കു മാർച്ചുചെയ്തു. ഖാൻെറ താർത്തറിസൈന്യം അവിടെയാണു് താവളമടിച്ചിരുന്നതു്. ശത്രുവിനോടു പൊരുതുവാൻ നെസ്ലോർഡീൻ മുന്നോട്ടു കുതിച്ചു്, ശത്രുപ്പാളയത്തിന്നടുത്തു കുററിക്കാടുകളിൽ തമ്പടിച്ചുകൂടി. ശത്രുക്കളുടെ ആനകൾക്കു്, അവക്കു മേലെയുള്ള ഗോപുരങ്ങളോടുകൂടി, ആ കാട്ടിൽ പ്രവേശിക്കാൻ പററുകയില്ലെന്നറിഞ്ഞാണു് അദ്ദേഹം അവിടെ താവളമടിച്ചതു്. പക്ഷേ ശത്രുസൈന്യത്തിൻെറ മുൻപന്തിയിൽ കൂററൻ കൊമ്പനാനകളെ കണ്ടപ്പോൾ, താർത്തറിക്കുതിരകൾ ഭയചകിതങ്ങളായി. ആനകളെ ആക്രമിക്കാൻ ആ കുതിരകൾ ഒരുവിധത്തിലും അനുകൂലിച്ചില്ല. അതിനാൽ താർത്തറിഭടന്മാക്കു കുതിരപ്പുറത്തുനിന്നിറങ്ങി അവയെ വൃക്ഷങ്ങളിൽ കെട്ടിയശേഷം, നിലത്തു നിന്നുകൊണ്ടു് ആനപ്പടയോടു പൊരുതേണ്ടിവന്നു. ആനകളുടെ മസ്തകം നോക്കി അവർ കൂരമ്പുകൾ കൂട്ടംകൂട്ടമായി എയ്തുവിട്ടു. ശരവഷംകൊണ്ടുണ്ടായ മുറിവുകൾ സഹിക്കാനാവാതെ, ആനകൾ പിൻതിരിഞ്ഞോടി. തങ്ങളുടെ പുറത്തു കെട്ടിയിരുന്ന കൂടാരങ്ങൾ തകത്തു്, അവയിലുണ്ടായിരുന്ന ഭടന്മാരെ തട്ടിത്താഴെയിട്ടു്, ആനകൾ നാലുപാടും പാഞ്ഞു. ഇത്രയും കണ്ട താർത്തറികൾ, ഉടൻ കുതിരപ്പുറത്തു കയറി എതിർസേനയോടേററുമുട്ടി. അനവധി ആൾക്കാർ ഇരുവശത്തും നശിച്ചു. ഒടുവിൽ ആത്മരക്ഷക്കുവേണ്ടി 'മെയിൻ'രാജാവു പലായനംചെയ്തു. താർത്തറികൾ, അനേകംപേരെ തടവുകാരായി പിടിക്കുകയും, അവരുടെ സഹായത്തോടെ ഇരുന്നൂറോളം ആനകളെ തിരഞ്ഞുപിടിക്കുകയും ചെയ്തു. അതിൽപ്പിന്നെയാണു്, ഖാൻെറ സൈന്യത്തിൽ ആനയും ഒരു പ്രധാനഘടകമായിത്തീന്നതു്. അന്നുവരെ, ആനകളെ യുദ്ധത്തിനുപയോഗിക്കാമെന്ന ആശയംത

ന്നെ ഖാൻ അറിഞ്ഞിരുന്നില്ല. അങ്ങിനെ മെയിൻരാജാവിന്റെ രാജ്യങ്ങളും, ബംഗാളവും കീഴടക്കി ഖാൻ തന്റെ സാമ്രാജ്യത്തോടു ചേർത്തു.

കരേൻസംസ്ഥാനം കടന്നാൽ, രണ്ടു ദിവസത്തെ വഴി വിസ്താരമുള്ള ഒരു മരുഭൂമിയുണ്ടു്. അതു ജനവാസശൂന്യമാണു്. എങ്കിലും, ആഴ്ചയിൽ മൂന്നു ദിവസം പല നാട്ടിൽനിന്നും ജനങ്ങൾ വന്നു തടിച്ചുകൂടുന്ന ഒരു ചന്തയുണ്ടു്, അവിടെ. മലകളിൽനിന്നു സ്വർണ്ണം കൊണ്ടുവന്നു്, വെള്ളി പകരം വാങ്ങാൻ, അനേകം മലയർ, ഈ മൈതാനത്തു വന്നുകൂടുന്നു. വിദേശവ്യാപാരികൾ, ഇവർക്കു വെള്ളി കൊടുത്തു്, സ്വർണ്ണം പകരം വാങ്ങി തിരിച്ചുപോകുന്നു. മററു വ്യാപാരോല്പന്നങ്ങൾ വിററും, ഇവർ മലയരിൽനിന്നു ലാഭമടിച്ചെടുക്കുന്നുണ്ടു്. സ്വർണ്ണം വിളയുന്ന മലമ്പ്രദേശങ്ങളിലേയ്ക്കുള്ള വഴികളുടെ ദുർഘടതനിമിത്തം വിദേശികൾ ആരും അവിടേയ്ക്കു പോകുന്നില്ല. ഈ മൈതാനം താണ്ടി വീണ്ടും തെക്കോട്ടു നടന്നാൽ, ഇന്ത്യയുടെ അതിർത്തിയായി. അവിടംവരെയുള്ള ദൂരം പതിനഞ്ചു ദിവസത്തെ വഴിയാകുന്നു. മുഴുവനും ജനശൂന്യമായ ഭയങ്കരവനങ്ങൾ. ആനകൾ, 'യൂണിക്കോൺ'[1] എന്ന പേരിലറിയപ്പെടുന്ന "ഒററക്കൊമ്പ"ന്മാരായ ഒരു അപൂർവ്വജാതി 'കുതിര'കൾ തുടങ്ങിയ വന്യമൃഗങ്ങളുടെ സങ്കേതമാണു് ഈ പ്രദേശം. ഈ യാത്ര കഴിഞ്ഞാൽ, മെയിൻസംസ്ഥാനത്തിന്റേയും, ഇന്ത്യയുടേയും അതിർത്തിയിലായിക്കിടക്കുന്ന മെയിൻപട്ടണത്തിൽ നാമെത്തുന്നു. അവിടത്തെ അധികാരിയും ഖാന്റെ കീഴാളനാണു്. നഗരവാസികൾക്കു സ്വന്തമായ ഭാഷയും, വിഗ്രഹപൂജയുമുണ്ടു്. ഇവിടെ കുറെ നാൾ മുമ്പു് ഒരു രാജാവുണ്ടായിരുന്നുവത്രെ. അദ്ദേഹം, മരണശേഷം തന്റെ ദേഹം അടക്കം ചെയ്യേണ്ട സ്ഥാനത്തു്, 'പിരമിഡ്ഡ്' (ചതുഷ്കോൺ) ആകൃതിയിലുള്ള രണ്ടു ഗോപുരങ്ങൾ പണിചെയ്യിച്ചു. ഒന്നു തലയുടെ സ്ഥാ

1 ഇതു് ഒരു സാങ്കല്പികജന്തുവാണു്.

നത്തും, മറേറതു കാൽക്കല്ലും. രണ്ടും വെണ്ണക്കല്ലിൽ അറുപതടി ഉയരത്തിലാണു് പണിചെയ്യപ്പെട്ടതു്. ഓരോന്നിൻെറയും മുകളിൽ ഓരോ താഴികക്കുടവും. ഒന്നു കട്ടിയുള്ള സ്വൎണ്ണത്തകിടുകൊണ്ടും, മറേറതു് അത്രയും കട്ടിയിലുള്ള വെള്ളികൊണ്ടും പൊതിയപ്പെട്ടു. സ്വൎണ്ണംകൊണ്ടും വെള്ളികൊണ്ടും നിൎമ്മിച്ച അനേകം ചെറുമണികൾ, അതാതു താഴികക്കുടങ്ങൾക്കു ചുററുമായി തൂക്കപ്പെട്ടു. ഇളം തെന്നലേററു്, ആ മണിക്കൂട്ടങ്ങൾ ചലിച്ചു കൎണ്ണപീയൂഷമായ സംഗീതം, അന്തരിക്ഷത്തിൽ പൊഴിച്ചുകൊണ്ടിരുന്നു. ശവകുടീരങ്ങൾ രണ്ടും, സ്വൎണ്ണംകൊണ്ടും വെള്ളികൊണ്ടും യഥായോഗ്യം പൊതിയപ്പെട്ടിരുന്നു. തൻെറ ആത്മാവിൻെറ ബഹുമാനത്തിനുവേണ്ടിയും തൻെറ സ്മരണ ജനങ്ങളിൽനിന്നു് ഒരിക്കലും മായാതിരിക്കുവാനുമാണു് അദ്ദേഹം ഇതു നിൎമ്മിച്ചതു്. മഹാനായ ഖാൻ ഈ നഗരം കീഴടക്കുവാനയച്ച സൈന്യം, നഗരം കീഴടക്കിയെങ്കിലും, അവിടത്തെ രാജാവിൻെറ ആ മനോഹരസ്മാരകം, ഖാൻെറ അനുവാദംകൂടാതെ നശിപ്പിക്കാൻ തയ്യാറായില്ല. ഖാനാകട്ടെ, അവിടത്തെ ഒരു പൂൎവ്വരാജാവു തൻെറ ആത്മശാന്തിക്കു വേണ്ടി പണിയിച്ചതാണു് അതെന്നറിഞ്ഞപ്പോൾ, ആ ഗോപുരത്തെ നശിപ്പിക്കാതെ, സംരക്ഷിക്കാൻ ഏൎപ്പാടുചെയ്യുകയാണുണ്ടായതു്. എന്തെന്നാൽ, മരിച്ചവരുടെ സ്വത്തുക്കൾ നശിപ്പിക്കുന്ന കൂട്ടത്തിലല്ലായിരുന്നു, താർത്താറികൾ. കാട്ടാനകൾ, കാട്ടുകാളകൾ, മാനുകൾ, മുയലുകൾ എന്നിങ്ങനെ പലതരം മൃഗങ്ങളും ഈ സംസ്ഥാനവനങ്ങളിലുണ്ടു്.

ബങ്കാളസംസ്ഥാനത്തിൻെറ തെക്കുപടിഞ്ഞാറൻ ഭാഗം ഇന്ത്യയോടു തൊട്ടുകിടക്കുന്നു. ഞാൻ ഇവിടെ താമസിച്ചിരുന്ന കാലത്തു്, ഈ പ്രദേശവും ഖാൻെറ കീഴിലായിരുന്നു. ഈ പ്രദേശത്തിനു സ്വന്തമായ ഒരു രാജ്യവും ഭാഷയുമുണ്ടു്. നാട്ടുകാർ വിഗ്രഹപൂജക്കാരാണു്. വിദ്യാലയങ്ങൾ സ്ഥാപിച്ചു്, വിഗ്രഹപൂജയും, മന്ത്രതന്ത്രങ്ങളും അഭ്യസിപ്പിക്കുന്ന ആചാര്യന്മാർ അവി

ടെയുണ്ട്. അന്നാട്ടിലെ മഹാന്മാരായ എല്ലാവരും ഈ തൊഴിൽ സ്വീകരിച്ചിരിക്കുന്നു. മാംസം, പാൽ, അരി എന്നിവയാണ് അവരുടെ ആഹാരം. പരുത്തിത്തുണി അവിടെ ധാരാളമുണ്ട്. തുണിയാണ്, പ്രധാന ഉല്പന്നം. പഞ്ചപ്പുല്ല്, ഇഞ്ചി, കരിമ്പ്, എന്നിവയും പല സുഗന്ധവസ്തുക്കളും അവിടെ സുലഭമാണ്. വലിപ്പത്തിൽ ആനകളോടു സാദൃശ്യം വഹിക്കുന്ന വലിയ കാളകൾ അവിടെ കാണപ്പെടുന്നു. ഈ സംസ്ഥാനത്തിൽ പുരുഷന്മാരെ വൃഷണച്ഛേദം ചെയ്തു, നപുംസകങ്ങളാക്കുകയും, അത്തരം ഷണ്ഡന്മാരെ, വിദേശവ്യാപാരികൾക്കു വില്ക്കുകയും ചെയ്യുന്ന ഒരേർപ്പാടുണ്ട്. ബഹുഭാര്യരായ ചില പൌരസ്ത്യരാജാക്കന്മാർ, തങ്ങളുടെ അന്തഃപുരങ്ങളിൽ ഈ ഷണ്ഡന്മാരെയാണ് കാവൽനിർത്തുന്നതത്രെ. ഈ സംസ്ഥാനം മുപ്പതു ദിവസത്തെ യാത്രയോളം വ്യാപിച്ചുകിടക്കുന്നു. കിഴക്കുഭാഗത്ത് ഈ സംസ്ഥാനത്തിന്റെ അതിർത്തി 'കാഞ്ചിംഗു'[1]വാകുന്നു. ആ പ്രദേശത്തിനുമുണ്ട് ഒരു പ്രത്യേകരാജാവും, ഭാഷയും. സ്ഥലവാസികൾ വിഗ്രഹാരാധകന്മാരാണ്. മഹാനായ ഖാന്റെ കീഴാളരുമാകുന്നു. അവരുടെ രാജാവിനു മുന്നൂറു ഭാര്യമാരുണ്ട്. ധാരാളം സ്വർണ്ണവും, സുഗന്ധദ്രവ്യങ്ങളും ഇവിടെ കിട്ടുന്നു. എന്നാൽ സമുദ്രതീരത്തുനിന്നും വളരെ വിദൂരമായതിനാൽ, ഈ നാട്ടിൽനിന്നു് ഉല്പന്നങ്ങളൊന്നും മറുനാടുകളിലേയ്ക്കു കയററി അയയ്ക്കപ്പെടുന്നില്ല. ആനകൾ തുടങ്ങിയ വന്യമൃഗങ്ങൾ വേണ്ടത്രയുണ്ട്. പാൽ, മാംസം, അരി ഇവയാണ് അവരുടെ പാനീയഭക്ഷണങ്ങൾ. അരിയും സുഗന്ധദ്രവ്യങ്ങളും കലർത്തി വീഞ്ഞിനു പകരം ഉപയോഗിക്കുന്ന ആ വിശിഷ്ടപാനീയവും ഇവിടെ സുലഭമാകുന്നു. സ്ത്രീകളും, പുരുഷന്മാരും ഒരുപോലെ, തങ്ങളുടെ മുഖത്തും കഴുത്ത്, കൈയ്, കാല്, വയറ് തുടങ്ങിയ ഭാഗങ്ങളിലും, സിംഹം, സർപ്പം, പക്ഷികൾ മുതലായവയുടെ രൂപങ്ങൾ കുത്തിവെയ്ക്കുന്നു.

---

1 ലാവോസ്സ്

എളുപ്പത്തിൽ മാച്ചുകളയാനാവാത്തവിധം ഉറപ്പോടെയാണ് ഈ ചിത്രങ്ങൾ കുത്തിവെയ്ക്കപ്പെടുന്നത്. ദേഹത്തിൽ എത്രത്തോളം കൊത്തുപണികൾ ഉണ്ടോ, അത്രയ്ക്കു താൻ സുന്ദരനും, വീര്യവാനും ആയി പരിഗണിക്കപ്പെടുമെന്നാണ് അവിടത്തുകാർ വിശ്വസിക്കുന്നത്. 'മാംസചിത്രവേല'യാകുന്ന ഈ മൂഢകലയിൽ, വിദഗ്ദ്ധരായ 'പ്രൊഫസ്സർ'മാരുണ്ടവിടെ. വിദ്യാർത്ഥികളുടെ ദേഹത്തിൽ 'സൂചിപ്പണി'ചെയ്യലല്ലാതെ മററൊരു തൊഴിലും അവക്കില്ല.

ഇതിന്നു കിഴക്കാണ് ഖാൻെറതന്നെ അധികാരത്തിൽപ്പെട്ട 'ആമ്യ'[1]സംസ്ഥാനം. ജനങ്ങൾ വിഗ്രഹപൂജക്കാർതന്നെ. സ്വന്തം ഭാഷയുണ്ട്. കന്നുകാലികൾ ഇവിടെ സമൃദ്ധിയായി വളരുന്നു. ഭക്ഷണസാധനങ്ങളും യഥേഷ്ടം. മികച്ചതരം കുതിരകളോ, ധാരാളം. അവയെല്ലാം ഇന്ത്യയിലേയ്ക്കയയ്ക്കപ്പെടുകയാണ്. കാളകളും പോത്തുകളും ഇവിടത്തെ പുൽത്തകിടികളിൽ, വളരെ വേഗം കൊഴുത്തു തടിക്കുന്നു. സ്ത്രീകളും, പുരുഷന്മാരും കൈകാലുകളിൽ, സ്വർണ്ണവളകളും, വെള്ളിവളകളും ധരിക്കുന്നു. സ്ത്രീകളുടെ ആഭരണങ്ങളാണ് കൂടുതൽ വിലപ്പെട്ടവ. 'ആമ്യ'വിൽനിന്നു 'കാഞ്ചിംഗു'വിലേയ്ക്കു 25 ദിവസത്തെ യാത്രയുണ്ട്. ആമ്യവിൽനിന്നു കിഴക്കോട്ട്, പിന്നെയും ഏഴു ദിവസത്തെ യാത്ര കഴിഞ്ഞാലേ, 'തോളോമൻ'സംസ്ഥാനമാകൂ. അതും ഖാൻെറ ആധിപത്യത്തിൽത്തന്നെ. അവക്കു വിഗ്രഹപൂജയും, പ്രത്യേകഭാഷയും ഉണ്ട്. ഇവിടത്തെ സ്ത്രീപുരുഷന്മാർ ഉയരമുള്ളവരും, ബലിഷ്ഠകായരും, വടിവൊത്തു തവിട്ടുനിറത്തോടുകൂടിയവരുമാകുന്നു. വളരെ ജനബാഹുല്യമുള്ള ഒരു നാടാണ് അതു്. നഗരങ്ങളും കോട്ടകളും അസംഖ്യം. പുരുഷന്മാർ ആയുധനിർമ്മാണത്തിൽ പ്രവീണരും, സമരകലയിൽ ചതുരരുമാണ്. അവർ, മരിച്ചവരുടെ ദേഹം കത്തിച്ചുകളയുകയും, അവശിഷ്ടമായ അ

---

1 തെക്കുകിഴക്കൻ യുന്നാൻ. അഥവാ ഇൻഡോചൈന.

സ്ഥികൾ പെട്ടികളിലാക്കി, മലയുടെ ഗുഹകളിൽ കുഴിച്ചിടുകയും ചെയ്യുന്നു. മനുഷ്യരോ മൃഗങ്ങളോ പരേതൻെറ അവശിഷ്ടങ്ങൾ ചവിട്ടിക്കൂടായെന്നാണ് അവരുടെ നിർബ്ബന്ധം. അവിടേയും സ്വർണ്ണം ധാരാളമുണ്ട്. പണത്തിനു പകരം, പിഞ്ഞാണിപ്പാത്രങ്ങളാണ് വിനിമയവസ്തുക്കൾ. 'കാഞ്ചിംഗു'വിലും, 'ആമു'വിലും, സ്ഥിതി ഇതുതന്നെ. തോളോമനിൽനിന്നു്, ഒരു വലിയ രാജപാത നദീതീരത്തിലൂടെ കിഴക്കോട്ടു പോകുന്നു. ആ നദീതിരങ്ങളിൽ വലിയ നഗരങ്ങളും കോട്ടകളും ധാരാളം കാണാം. 12 ദിവസത്തെ യാത്രയ്ക്കുശേഷം നിങ്ങൾ 'സിൻടികപി' എന്ന പട്ടണത്തിലെത്തുന്നു. ആ രാജ്യവും ഖാൻെറ കീഴിൽത്തന്നെ. ജനങ്ങൾ വിഗ്രഹഭക്തന്മാരും. മരങ്ങളുടെ തോലുകൾ കൊണ്ടു് ഒന്നാന്തരം വസ്ത്രങ്ങൾ ഇവിടെ നിമ്മിക്കപ്പെടുന്നുണ്ടു്. അവരുടെ വേനൽക്കാലവസ്ത്രം ഇതാകുന്നു. സിംഹങ്ങൾ ധാരാളമുള്ളതിനാൽ, രാത്രിയിൽ അടച്ചുറപ്പില്ലാത്ത മുറികളിൽ ഉറങ്ങാൻ ആരും ധൈര്യപ്പെടാറില്ല. അതുപോലെ ആ നദിയിലൂടെ മേല്പോട്ടും താഴോട്ടും പോകുന്ന തോണികളെ നാവികന്മാർ തീരം ചേർത്തു കെട്ടുന്നില്ല; സിംഹഭയമാണ് അതിന്നു കാരണം. എന്നാൽ സിംഹത്തെപ്പോലും ആക്രമിക്കാൻ ഭയമില്ലാത്ത, ശക്തിയും ശൌര്യവുമുള്ള നായ്ക്കൾ അവിടെയുണ്ടു്. രണ്ടു നായ്ക്കളും, ഒരു നായാടിയും ഒത്തു പ്രവർത്തിച്ചാൽ ഒരു സിംഹത്തെ കൊല്ലുകയെന്നതു് അവിടെ അസാധാരണമല്ല. നായാട്ടുനായ്ക്കളുടെ ആക്രമണങ്ങളിൽനിന്നു രക്ഷപ്പെടുവാൻ, സിംഹങ്ങൾ ആദ്യം വല്ല വൃക്ഷങ്ങളേയും അഭയം പ്രാപിക്കാൻ ശ്രമിക്കുന്നു. പക്ഷേ, അവയ്ക്കു നായ്ക്കളോടുള്ള ഭയത്തെ പുറത്തു പ്രകടിപ്പിക്കാനോ, എതിരാളിയെ ഭയന്നു് ഓടുകയാണെന്നു തോന്നിക്കുവാനോ ഈ സിംഹങ്ങളുടെ സ്വാഭാവികമായ ഗൌരവവും ഗാംഭീര്യവും ഇവയെ അനുവദിക്കുന്നില്ല. അങ്ങിനെ, രാജകീയമായ അന്തസ്സോടെ, ശത്രുവിൽനിന്നകലുവാൻ ശ്രമിക്കുമ്പോഴേയ്ക്കും, നായാട്ടുകാരൻെറ കൂരമ്പുകൾ അവയുടെ മേൽ പതിച്ചുകഴിയും. അപ്പോൾ

നായ്ക്കൾ സിംഹങ്ങളുടെ പിൻഭാഗത്തു പിടികൂടുകയും സിംഹം തലതിരിക്കുമ്പോഴേയ്ക്കും അവ ഓടി രക്ഷപ്പെടുകയും ചെയ്യും. മൃഗരാജനാകട്ടെ, തൻെറ രക്ഷാവൃക്ഷത്തെ ലക്ഷ്യീകരിച്ചുകൊണ്ടു്, പ്രശാന്തഗംഭീരനായി പിന്നെയും മുന്നോട്ടു നീങ്ങുന്നു. നായ്ക്കളുടെ കടിയും, കൂരമ്പുകളുടെ തുളച്ചുകയററവും സിംഹത്തിനു പിന്നെയും സഹിക്കേണ്ടിവരുന്നു. അതോടെ അവശനായി, രക്തം വാർന്നു മൃഗരാജൻ വഴിയിൽ വീണു മരിക്കുന്നു. ഈ നാട്ടിൽ ധാരാളമായി നെയ്യപ്പെടുന്ന പട്ടുതുണികൾ ജലമാർഗ്ഗേണ, അന്യനാടുകളിലേയ്ക്കു് അയയ്ക്കപ്പെടുന്നു. അങ്ങിനെ വ്യാപാരമാണു്, അവരുടെ പ്രധാനജീവിതമാർഗ്ഗം. അവരുടെ പണം കടലാസ്സുനോട്ടുകളാകുന്നു. യുദ്ധതന്ത്രകുശലന്മാരാണു്, അവർ.

പത്തു ദിവസത്തെ സഞ്ചാരം കഴിഞ്ഞാൽ സിഡിൽഫൂനഗരവും, അവിടെനിന്നു വീണ്ടും ഇരുപതുനാൾ യാത്രചെയ്താൽ സിങ്കുയിപട്ടണവുമായി. കാഥെസാമ്രാജ്യത്തിൽപ്പെട്ട 'പലാൻഫൂ' നഗരത്തിലേയ്ക്കു്, പിന്നെയും നാലു ദിവസത്തെ വഴി തെക്കോട്ടു പോകണം. ജനങ്ങൾ വിഗ്രഹഭക്തന്മാരും, മൃതദേഹം ചിതയിൽ ദഹിപ്പിക്കുന്നവരുമാകുന്നു. കുറച്ചു കൃസ്ത്യാനികളും, ഒരു പള്ളിയുമുണ്ടവിടെ. എല്ലാവരും ഖാൻെറ പ്രജകളാകുന്നു. കറൻസിനോട്ടുകൾ പ്രചാരത്തിലുണ്ടു്. കസവുതരങ്ങൾ, പട്ടു്, ലിനൻ എന്നിവയാണു് പ്രധാനഉൽപ്പന്നങ്ങൾ. അനേകം ജനപദങ്ങൾ ചുററുമുള്ള ഈ വൻനഗരത്തിൻെറ, പാശ്ചത്തിലൂടെ ഒരു മഹാനദി ഒഴുകിപ്പോകുന്നുണ്ടു്. കംബാലുവിലേയ്ക്കു്, വ്യാപാരോല്പന്നങ്ങൾ കൊണ്ടുപോകുന്നതു് ഈ ജലമാർഗ്ഗത്തിലൂടേയും, മററു ചില തോടുകൾവഴിക്കുമാകുന്നു. നമുക്കു് ഈ സ്ഥലം തൽക്കാലം വിട്ടു്, മൂന്നു ദിവസത്തെ യാത്രയ്ക്കപ്പുറത്തു്, കാഥേയുടെ തെക്കുഭാഗത്തുള്ള 'സിയാങ്കു' എന്ന പട്ടണത്തെപ്പററി ചിന്തിക്കാം. അതും ഖാൻെറ ഭരണത്തിൻകീഴിലാകുന്നു. നാട്ടുകാർ ബിംബാച്ചനക്കാരാണു്. അവർ, മരിച്ചവരെ തീയ്യിൽ ദഹിപ്പിക്കുന്നവരുമാകുന്നു. പട്ടുനൂൽപ്പുഴു വളരുന്ന മൾബെറിവൃക്ഷത്തി

ൻെറ തോൽകൊണ്ടു ഖാൻ ഏപ്പെടുത്തിയിട്ടുള്ള നാണയങ്ങളാണു്, ഇവിടെയും വിനിമയത്തിലിരിക്കുന്നതു്. ഉപ്പുനിർമ്മാണമാണു്, ഈ നഗരത്തിലേയും, അടുത്തുള്ള ഗ്രാമങ്ങളിലേയും ജനങ്ങളുടെ മുഖ്യതൊഴിൽ. അവിടത്തെ മണ്ണിൽ ഉപ്പു് അത്രമാത്രമുണ്ടു്. മണ്ണിൽനിന്നു് ഉപ്പു് എടുക്കുന്നതു് ഇപ്രകാരമാകുന്നു. ആദ്യം ഉപ്പുമണ്ണു കിളച്ചെടുത്തു്, ഒരിടത്തു കുന്നുപോലെ കൂട്ടിയിടുന്നു! പിന്നെ അതിൻമീതെ വെള്ളം ധാരാളമായി പാററും. മണ്ണിലെ ലവണാംശം മുഴുവൻ ഈ വെള്ളത്തിൽ അലിഞ്ഞുചേന്നുകഴിഞ്ഞാൽ, ആ ഉപ്പുവെള്ളം ശേഖരിച്ചു്, വലിയ ചെമ്പുകളിൽ ഒഴിച്ചു്, തിളപ്പിച്ചു കുറുക്കി ശുദ്ധമായ വെള്ളയുപ്പു് ഉണ്ടാക്കുന്നു. അന്യനാടുകളിലേക്കു ധാരാളമായി കയററിഅയയ്ക്കപ്പെടുന്ന ഈ ഉപ്പു്, നാട്ടുകാക്കും, ഖാനും വമ്പിച്ച ആദായം ഉണ്ടാക്കിക്കൊടുക്കുന്നുണ്ടു്. വലിപ്പം, സുഗന്ധം, സ്വാദു് എന്നിവയിൽ മികച്ചതരം 'പീച്ചു്'പഴങ്ങൾ ഇവിടെ കാണപ്പെടുന്നുണ്ടു്. ചില പഴങ്ങൾക്കു രണ്ടു റാത്തലോളം ഘനം വരും. 'കാഥേ'യിലുള്ള സിയാങ്ങുനഗരത്തിൽനിന്നു്, അഞ്ചു ദിവസംകൂടി തെക്കോട്ടു യാത്രചെയ്താൽ, മറെറാരു നഗരം ദൃഷ്ടിയിൽ പെടുന്നു—'സിയാങ്ങ്ലി.' വഴിക്കു കാണപ്പെടുന്ന കോട്ടകളും നഗരങ്ങളുമെല്ലാം ഖാൻേറതുതന്നെ. ഈ നഗരത്തിലൂടെ ഒരു വലിയ നദി ഒഴുകുന്നുണ്ടു്. ചരക്കുകൾ വഹിക്കുന്ന കാററുപായ്ക്കപ്പലുകൾ, ഈ നദിയിലൂടെ സദാ സഞ്ചരിക്കുന്നു. തെക്കോട്ടു്, ആറു ദിവസത്തെ യാത്ര പിന്നെയും തുടന്നാൽ, നിങ്ങൾ എത്തിച്ചേരുന്നതു്, മഹത്തും കുലീനവുമായ 'തുദിൻഫു'സംസ്ഥാനത്തിൻെറ തലസ്ഥാനനഗരിയായ 'തുദിൻഫു'വിലാണു്. ആ നഗരത്തിനും സ്വന്തമായ ഒരു രാജാവുണ്ടായിരുന്നു. എ. ഡി. 1272-ൽ മഹാനായ ഖാൻ അതും കീഴടക്കി. സന്ദശനയോഗ്യങ്ങളായ പതിനൊന്നു നഗരങ്ങൾ ഈ സംസ്ഥാനത്തിലുണ്ടു്. പൂന്തോട്ടങ്ങളും, പഴവൃക്ഷങ്ങളും നിറഞ്ഞ ഈ പ്രദേശം, പട്ടിനും പേർ പെററതാകുന്നു. ഖാൻ കീഴടക്കുന്നതിനുമുമ്പു്, ഈ നഗരം ഭരി

ക്കുവാൻ ‘ലുക്കാൻസർ’ എന്ന ഒരു നാടുവാഴിയെയാണു് അവരുടെ ഖാൻ നിയോഗിച്ചിരുന്നതു്. പക്ഷേ എണ്ണായിരം കുതിരഭടന്മാരുടെ സഹായത്തോടെ അയാൾ തന്റെ രാജാവിന്നെതിരായി, ആക്രമണം നടത്തിയപ്പോൾ, മററു ഭരണാധിപന്മാരുടെ നേതൃത്വത്തിൽ ഒരു ലക്ഷം വരുന്ന ഒരു കുതിരപ്പടയെ, അയാൾക്കെതിരായി ഖാൻ നിയോഗിച്ചു. ‘ലുക്കാൻസൻ’ വധിക്കപ്പെടുകയും, അങ്ങിനെ രാജ്യം അച്ചടക്കത്തിനു വിധേയമാക്കപ്പെടുകയും ചെയ്തു. ഇവിടെനിന്നു തെക്കോട്ടു് ഏഴുദിവസത്തെ യാത്ര ചെയ്താൽ, സുപ്രസിദ്ധമായ ‘സിൻഗ്വിമാത്തു’[1] എന്ന നഗരമായി. അതിന്റെ തെക്കേ അതിർത്തിയിലൂടെ ഒരു നദി ഒഴുകുന്നുണ്ടു്. നഗരാതിർത്തിയിൽവെച്ചു്, ആ നദി രണ്ടായി തിരിഞ്ഞു്, ഒരു ശാഖ കിഴക്കോട്ടു ‘കാഥേ’സംസ്ഥാനത്തിലേക്കും മറേറതു തെക്കുപടിഞ്ഞാട്ടു്, ‘മാങ്കി’സംസ്ഥാനത്തിലേക്കും ഒഴുകുന്നു. വലിപ്പത്തിലും, സമ്പത്തിലും വിസ്മയകരമായ അന്തസ്സോടും ഐശ്വര്യത്തോടുംകൂടിയ അസംഖ്യം കപ്പലുകൾ, ഈ നദികളിലൂടെ സദാ സഞ്ചരിച്ചു്, രണ്ടു മഹാസംസ്ഥാനങ്ങളിലേക്കു് ആവശ്യമുള്ള എല്ലാ ഉപഭോഗ്യവസ്തുക്കളും എത്തിച്ചുകൊണ്ടിരിക്കുന്നു. ‘സിൻഗ്വിമാത്തു’വിൽനിന്നു്, തെക്കോട്ടുള്ള പത്തുദിവസത്തെ യാത്രക്കിടയിൽ, വ്യാപാരപ്രധാനങ്ങളായ പല ജനപദങ്ങളും കാണപ്പെടുന്നു. ജനങ്ങളെല്ലാം ഖാന്റെ പ്രജകളാണു്. വീണ്ടും പതിനാറു ദിവസത്തെ വഴികൂടി തരണംചെയ്താൽ, ‘കാരമോറൺ’ എന്ന ഒരു മഹാനദിയുടെ തീരത്തെത്തുന്നു. വടക്കുള്ള ‘അംകൻ’ അല്ലെങ്കിൽ, പ്രെസ്റ്റർ ജോണിന്റെ നാട്ടിലാണു് ഈ നദിയുടെ ഉത്ഭവമെന്നു പറയപ്പെടുന്നു. നദിക്കു വളരെ വീതിയും, ആഴവുമുണ്ടു്. വലിയ കേവുഭാരമുള്ള കൂററൻപായ്ക്കപ്പലുകൾ ഇതിലൂടെ സ്വൈരസഞ്ചാരം ചെയ്യുന്നു. മത്സ്യമോ വേണ്ടതിലധികം. സമുദ്രതീരത്തേക്കു് അവിടെനിന്നു് ഒരു ദിവസത്തെ വഴി

1. ഷാൻടുങ്ങ്സംസ്ഥാനത്തിൽ.

യേ ഉള്ളു. ശരാശരി പതിനയ്യായിരം പായ്ക്കപ്പലുകൾ, നദീതീരത്തു സദാ സജ്ജമാക്കി നിൎത്തിയിരിക്കുന്നു. നാവികരും, ഭക്ഷ്യസാധനങ്ങളും കൂടാതെ പതിനഞ്ചു കുതിരകളും, ഇരുപതു ഭടന്മാരും, ഓരോ കപ്പലിലും തയ്യാറുണ്ടു്. ഏതെങ്കിലും ദ്വീപുകാരോ, വിദേശീയരോ ലഹളയ്ക്കൊരുമ്പെട്ടാൽ, അവിടേയ്ക്കു പെട്ടെന്നയയ്ക്കാൻവേണ്ടി, തയ്യാറാക്കി സ്ഥിരമായി നിൎത്തിയിട്ടുള്ള, ഖാൻെറ പടക്കപ്പലുകളാണിവ. ഈ കപ്പലുകൾ കെട്ടിനിൎത്തിയിട്ടുള്ള നദീതീരത്തിനടുത്താണു്, 'കോയ്ഗാങ്ങ്സു' എന്ന വൻതുറമുഖപട്ടണവും, അതിൻെറ നേരേ മറുകരയ്ക്കുള്ള 'കപാങ്ങ്സു' എന്ന ചെറുപട്ടണവും. ഈ നദിയുടെ തെക്കേ കരയാണു്, ലോകപ്രസിദ്ധമായ 'മാങ്കി'[1] സംസ്ഥാനത്തിൻെറ വടക്കൻഅതിൎത്തി. കാഥേസാമ്രാജ്യത്തിലെ ഓരോ പ്രദേശങ്ങളേയും അവയുടെ ക്രമമനുസരിച്ച് ഇവിടെ പ്രതിപാദിക്കപ്പെട്ടുവെന്നു നിങ്ങൾ കരുതരുതു്. ഇരുപതാമത്തെ സംസ്ഥാനത്തെപ്പററി ഇവിടെ പറഞ്ഞിട്ടേയില്ല. കാഥേസംസ്ഥാനത്തിൽ ഞാൻ താമസിച്ചിരുന്നപ്പോൾ, സന്ദൎശിച്ച നഗരങ്ങളും, ഗ്രാമങ്ങളും മാത്രമേ ഇവിടെ വിവരിക്കപ്പെട്ടിട്ടുള്ളു. കിംവദന്തികളേയും, അതിവിസ്താരങ്ങളേയും ഒഴിവാക്കാൻവേണ്ടി, യാത്രാമാൎഗ്ഗത്തിന്നിരുഭാഗത്തുമുള്ള ഉൾപ്രദേശങ്ങളെ, വിവരണവിഷയങ്ങളാക്കിയിട്ടില്ല.[2]

---

1. തെക്കൻചൈന.

2. "വിഗ്രഹാരാധനക്കാരായ കാഥേയവനിതകൾ, കുലീനകളും ഭാവശുദ്ധകളുമാണു്. മുതിൎന്നവരുടെ മുമ്പിൽ തികഞ്ഞ അച്ചടക്കവും ആചാരമൎയ്യാദകളും പാലിയ്ക്കുന്നു. വിവാഹത്തിനുമുമ്പു വധൂബന്ധുക്കൾ, വധുവിൻെറ കന്യകാത്വം തെളിയിയ്ക്കേണ്ടതുണ്ടു്. അതിനു ചില വിദഗ്ദ്ധകളായ ധാത്രിമാരും, ഉപകരണങ്ങളുമുണ്ടു്. അതിനാൽ ശരീരത്തെ കൂടുതൽ അദ്ധ്വാനിപ്പിക്കുകയോ, നിതംബത്തെ ഉലയ്ക്കുകയോ ചെയ്യാൽ അത്തരം ശങ്കകൾക്കു് ഇടവരുമെന്നു കരുതി അവർ ശാന്തപ്രകൃതികളും മന്ദഗാമിനികളുമായി കഴിയുന്നു."—ലെതാം.

# അധ്യായം പതിനഞ്ച്

[മാങ്കി1 സംസ്ഥാനം—താർത്തറികൾക്ക് അതു കീഴടങ്ങിയ കഥ. പിടിച്ചടക്കപ്പെട്ട മററു സംസ്ഥാനങ്ങളുടേയും, നഗരങ്ങളുടേയും വിവരണം.]

കിഴക്കൻഭൂഖണ്ഡത്തിൽ, സ്ഥാപിതങ്ങളായ എല്ലാ രാജ്യങ്ങളിലുംവെച്ച്, ഏററവും സമ്പന്നവും പ്രശസ്തവും കുലീനവുമായ രാജ്യമത്രേ 'മാങ്കി.' എ. ഡി. 1269-ൽ ആ രാജ്യം വാണിരുന്നതു 'ഫാൻഫർ' എന്ന ഒരു മഹാരാജാവായിരുന്നു. ഒരു നൂറു സംവത്സരങ്ങൾക്കുള്ളിൽ ആ രാജ്യം വാണിരുന്ന മററ് ഏതു രാജാവിനേക്കാളും ശക്തനും, സമ്പന്നനുമായിരുന്നു 'ഫാൻഫർ'. എങ്കിലും ശാന്തനും, സമാധാനപ്രേമിയും, അനുകമ്പാശീലനും, പ്രജാലക്ഷങ്ങളുടെ പ്രത്യക്ഷദൈവവുമായിരുന്നു അദ്ദേഹം. ശാന്തിയും സുഭിക്ഷതയും സമാധാനവും കളിയാടിയിരുന്ന അനുകൂലപരിതസ്ഥിതിയുടെ പ്രേരണയാൽ രാജാവും ജനങ്ങളും യുദ്ധവിദ്യയുടെ ഉപയോഗം തീരെ മറന്നവരെപ്പോലെയായി. രാജധാനി, ജലപൂർണ്ണവും അഗാധവുമായ ഒരു കിടങ്ങിനാൽ വലയംചെയ്യപ്പെട്ടിരുന്നു. രാജാവു പടക്കുതിരകളെ സംരക്ഷിക്കുവാനോ, സൈന്യങ്ങളെ സംഘടിപ്പിക്കുവാനോ പണം ചിലവാക്കിയിരു

---

1 പഴയ ചൈനയുടെ ഒൻപതു തെക്കൻസംസ്ഥാനങ്ങൾക്ക്, അഥവാ 'യാങ്ങ്ടിസി-കിയാങ്ങ്'നദിക്കു തെക്കുള്ള ചൈനീസ് സംസ്ഥാനങ്ങൾക്ക്, താർത്തറികൾ പണ്ടു നല്കിയിരുന്ന പരിഹാസപ്പേരാണ് 'മാങ്കി' എന്നതു്. 'മാങ്ക' എന്ന പദത്തിനു്, താർത്തറി ഭാഷയിൽ 'കാടൻ' എന്നാണർത്ഥം. കാടന്മാരുടെ നാട്ട് മാങ്കി. വിദേശികളും അക്രമകാരികളും, ഒടുവിൽ തങ്ങളുടെ അധികാരികളുമായിത്തീർന്ന താർത്തറികളെ വെറുപ്പോടും അമർഷത്തോടുംകൂടിയാണ് ചീനർ വീക്ഷിച്ചിരുന്നതു്. അതിനാൽ, താർത്തറികൾ അവരെ 'മാങ്ക'കൾ എന്നും നാടിനെ 'മാങ്കി' എന്നും പേർ വിളിച്ചു.

ന്നില്ല. എന്തെന്നാൽ അദ്ദേഹം ആരേയും ഭയപ്പെട്ടിരുന്നില്ല. ആരും അന്നേവരെ അദ്ദേഹത്തോടെതിക്കാൻ ധൈര്യപ്പെട്ടതുമില്ല. ക്രമേണ അമിതമായ ഇന്ദ്രിയസുഖങ്ങളുടെ, അടിമയായിത്തീന്ന അദ്ദേഹം, മുഴുവൻ സമയവും സുഖഭോഗങ്ങൾക്കുവേണ്ടി ചിലവഴിച്ചു. ഏതാണ്ടു് ആയിരത്തോളം വെപ്പാട്ടിമാരെ അദ്ദേഹം തൻെറ അന്തഃപുരത്തിൽ പാപ്പിച്ചിരുന്നു. അവരുമായി രമിച്ചു് അദ്ദേഹം കാലം കഴിച്ചു. എങ്കിലും നാട്ടിൽ നീതിയും സമാധാനവും പുലന്നിരുന്നു. നിഷ്പക്ഷവും കക്കശവുമായ നീതിദണ്ഡനങ്ങൾ ഭയന്നു്, ആരും അയൽക്കാരനെ ഉപദ്രവിച്ചിരുന്നില്ല. വ്യാപാരികളും, കൈത്തൊഴിൽക്കാരും അവരുടെ സാമഗ്രികൾ പീടികകളിൽ തുറന്നുവെച്ചു്, രാത്രികാലങ്ങളിൽപ്പോലും കടകൾ പൂട്ടാതെ, സ്വന്തം വസതികളിൽ പോയി വിശ്രമിച്ചിരുന്നു. എന്നിട്ടും ആ നാട്ടിൽ മോഷണം നടക്കാറില്ല. സഞ്ചാരികളും വിദേശികളും രാപ്പകൽ ഭേദമില്ലാതേയും ആരേയും ഭയപ്പെടാതേയും, സമാധാനചിത്തരായി, ആ സാമ്രാജ്യത്തിലെങ്ങും സഞ്ചരിച്ചിരുന്നു. ഫാൻഫർ രാജാവു്, ദരിദ്രരോടും, സാധുക്കളോടും പ്രത്യേകം സഹാനുഭൂതി പ്രദശിപ്പിക്കുകയും, അവക്കു വേണ്ടത്ര ആനുകൂല്യങ്ങൾ നല്കുകയും ചെയ്തിരുന്നു. ദാരിദ്ര്യശക്തികൊണ്ടു പോററാനാവാതെ, അമ്മമാരാൽ ഉപേക്ഷിക്കപ്പെട്ട, ഇരുപതിനായിരത്തോളം ശിശുക്കളുടെ മുഴുവൻ സംരക്ഷണച്ചുമതലയും രാജാവു നേരിട്ടു് ഏറെറടുത്തിരുന്നു. അദ്ദേഹം അവരെ വളത്തുകയും, ഉചിതമായ തൊഴിലുകളിൽ ഏപ്പെടുത്തി, പ്രായപൂത്തിവന്നാൽ, തൻെറ രക്ഷയിൽ അതുപോലെ വളന്നുവന്ന യുവതികളെ, അവക്കു കല്യാണം കഴിച്ചുകൊടുക്കുകയും ചെയ്തിരുന്നു.

ക്ലുബ്ലൈഖാനാകട്ടെ, ഈ ഫാൻഫറിൽനിന്നു തികച്ചും ഭിന്നമായ സ്വഭാവത്തോടുകൂടിയവനായിരുന്നു. യുദ്ധങ്ങളും ആക്രമണങ്ങളും വഴിക്കു്, തൻെറ യശസ്സു വദ്ധിപ്പിക്കുവാൻ അദ്ദേഹം വെമ്പിയിരുന്നു. അതിനാൽ ഒരു വലിയ കാലാൾപ്പടയേയും,

അശ്വസേനയേയും സജ്ജീകരിച്ച്, 'മാങ്കി' സംസ്ഥാനം ആക്രമി ക്കാൻ തയ്യാറെടുത്തു. 'ചിൻസാൻബിയാൻ' അഥവാ 'നൂറുക ണ്ണൻ' എന്ന പേരിൽ അറിയുന്ന ഒരു നേതാവിനെ, സേനാ ധിപനായി നിയമിക്കുകയും ചെയ്തു. ഈ 'ചിൻസാൻ', ത ൻെറ കരകടൽസൈന്യങ്ങളെ, മാങ്കിയിലേയ്ക്കു നയിച്ചു. ആദ്യം ചെന്നെത്തിയതു 'കോയ്ഗാൻസു'[1] എന്ന നഗരത്തിലാണ്. തൻെറ ചക്രവർത്തിക്കു കീഴടങ്ങാൻ നഗരവാസികളോടു ചിൻ സാൻ ആവശ്യപ്പെട്ടതു നിഷ്ഫലമായി. എന്നാൽ ഈ നഗരത്തെ ഉടനെത്തന്നെ ആക്രമിക്കാൻ നില്ക്കാതെ, ചിൻസാനും സൈ ന്യവും മററൊരു നഗരത്തിലെത്തി. ആ നഗരവാസികളും നി ഷേധരൂപത്തിൽ മറുപടി നല്കി. അവിടംവിട്ടശേഷം, മൂന്നാമ ത്തേതും, പിന്നെ നാലാമത്തേതുമായ നഗരങ്ങളിലും ചിൻസാൻ ഇതേ ആഹ്വാനമാവർത്തിച്ചു. അതെല്ലാം ഒരുപോലെ നിഷ്ഫല മായി. ചിൻസാൻ കോപാകുലനായി. അഞ്ചാമത്തെ നഗരം അദ്ദേഹം ബലം പ്രയോഗിച്ചു കീഴടക്കി. സ്ത്രീപുരുഷഭേദമോ, പ്രായവ്യത്യാസമോ കണക്കാക്കാതെ, കണ്ണിൽപ്പെട്ട എല്ലാവരേ യും കൊന്നൊടുക്കി. ഈ ഭീകരസംഭവം, മററു നഗരക്കാരെയെ ല്ലാം ഭയചകിതരാക്കുകയും, എല്ലാ നഗരവാസികളും ഒന്നടങ്കം കീഴടങ്ങുകയും ചെയ്തു. മഹാനായ ഖാൻ രണ്ടാമതും ഒരു സൈ ന്യത്തെ അയച്ചു. മാത്രമല്ല, രണ്ടു സൈന്യങ്ങളുടേയും സംയു ക്തനേതൃത്വം വഹിച്ചുകൊണ്ടു്, 'മാങ്കി'യുടെ തലസ്ഥാനമായ 'കച്ചിൻസായ്'[2] കീഴടക്കുവാൻ പുറപ്പെടുകയുംചെയ്തു. മാങ്കിരാജാ വിൻെറ ആസ്ഥാനമായിരുന്നു 'കച്ചിൻസായ്.' ജീവിതത്തിൽ ഒ രിക്കലും, യുദ്ധമെന്തെന്നു കണ്ടറിഞ്ഞിട്ടില്ലാത്ത മാങ്കിരാജാവു ഭയ വിഹ്വലനായി. തൻെറ വിലപിടിച്ച സ്വത്തുക്കളെല്ലാം കപ്പ ലുകളിൽ കയററി, സമുദ്രമധ്യത്തിലുള്ള ഒരു ദുർഗ്ഗമദ്വീപിലേയ്ക്കു

---

1 കായാങ്ങ്സുസംസ്ഥാനത്തിൽ.

2. ചെക്കിയാങ്ങ്സംസ്ഥാനത്തിലെ 'ഹാൻചൌ'നഗരം.

കുടുംബസമേതം പലായനം ചെയ്തു. താമസിയാതെ ആ ഏകാന്തദ്വീപിൽവെച്ച് അദ്ദേഹം കാലഗതി പ്രാപിച്ചു. ക്വിൻസായ്നഗരത്തിന്റെ സർവ്വാവകാശങ്ങളും തന്റെ ഭാര്യയിൽ അർപ്പിക്കുകയും, ആവുംവിധത്തിൽ, നഗരം സംരക്ഷിക്കാൻ നോക്കണമെന്ന് അവരോട് ആവശ്യപ്പെടുകയും ചെയ്തുകൊണ്ടാണ് ഫാൻഫർ മരിച്ചത്. ഒരു സ്ത്രീയായതിനാൽ, പിടിക്കപ്പെട്ടാലും വധിക്കപ്പെടുകയില്ലെന്നായിരുന്നു, അദ്ദേഹത്തിന്റെ വിശ്വാസം. മാത്രമല്ല, നൂറുകണ്ണുള്ള ഒരു അപൂർവ്വമനുഷ്യനാലല്ലാതെ, തന്റെ രാജ്യം കീഴടക്കപ്പെടാൻ സാധ്യമല്ലെന്ന, ജ്യോതിഷപണ്ഡിതന്മാരുടെ പ്രവചനവും അദ്ദേഹത്തിനു് ആശ്വാസം നല്കിയിരുന്നു. അതിനാൽ, തന്റെ നഗരം എളുപ്പത്തിൽ നഷ്ടപ്പെടുകയില്ലെന്നു രാജ്ഞിയും കരുതിയിരുന്നു. ഒരാൾക്കു നൂറു കണ്ണുകളുണ്ടാവുക അസംഭാവ്യമാണല്ലോ. എന്നാൽ ഒരു ദുഷ്പ്രഭാതത്തിൽ അവർക്കു കേൾക്കേണ്ടിവന്നതു്, ശത്രുസേനയുടെ നേതാവു 'ചിൻസാൻബിയാൻ' എന്ന ഒരു നൂററുകണ്ണനാണെന്നതായിരുന്നു. രാജ്ഞി ഭയവിഹ്വലയായി. അതിനാൽ താർത്തറിസേനാധിപനെ വിളിച്ചു്, അദ്ദേഹമായിരിക്കണം, ജ്യോത്സ്യന്മാരാൽ പ്രവചിക്കപ്പെട്ട മനുഷ്യൻ എന്നു വിശ്വസിച്ചു്, തന്റെ നഗരത്തെ അവർ, അദ്ദേഹത്തിനു്, ഏല്പിച്ചുകൊടുത്തു. ഈ വിവരം അറിഞ്ഞമാത്രയിൽ, മുഴുവൻ മാങ്കിസംസ്ഥാനവും മഹാനായ ഖാനു കീഴടങ്ങി. രാജ്ഞി, കുബ്ളൈഖാന്റെ സന്നിധിയിലേയ്ക്കു് ആനീതയായി. ഖാൻ ആ സ്ത്രീരത്നത്തെ ഏററവും ബഹുമാനത്തോടെ സ്വീകരിക്കുകയും, ഒരു രാജ്ഞിയുടെ പദവിക്കനുസരിച്ചു് അവരെ സംരക്ഷിക്കുകയും ചെയ്തു.

ഇനി നമുക്കു 'മാങ്കി'രാജ്യത്തെ പ്രസിദ്ധപ്പെട്ട ചില നഗരങ്ങളെപ്പററി പറയാം. 'കോയ്ഗാൻസു' സുന്ദരവും, സമ്പന്നവുമായ ഒരു നഗരമാണ്. അവിടത്തെ 'കരാമ'നദിയിൽ കപ്പൽഗതാഗതം ധാരാളമുണ്ടു്. ഈ കപ്പലുകൾ, വ്യാപാരസാമഗ്രികളും വഹിച്ചു്, ഇടതടവില്ലാതെ അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞു

കൊണ്ടിരിക്കുന്നു. ഉപ്പാണ് അവിടത്തെ പ്രധാനഉല്പന്നം. കോയ്ഗാൻസുവിൽനിന്നു തെക്കുകിഴക്കോട്ട്, കല്ലുകൊണ്ടു പടുത്തുയർത്തിയ ഒരു പാലത്തിലൂടെ, ഒരു ദിവസത്തെ വഴി പോകണം. പാലത്തിൻെറ രണ്ടുവശവും, മതിലുകളും, താഴെ വെളിയിൽ രണ്ടു ഭാഗത്തും, കപ്പൽഗതാഗതത്തിനു പററിയവിധം അഗാധമായ ജലപ്പരപ്പുകളുമാണ്. ഈ കൽപ്പാലമില്ലെങ്കിൽ, കപ്പൽവഴിയല്ലാതെ മാങ്കിരാജ്യത്തേയ്ക്കു വടക്കുനിന്നു വേറെ പ്രവേശനമാർഗ്ഗങ്ങളില്ല. ആ ഒരു ദിവസത്തെ യാത്ര കഴിഞ്ഞാൽ, കമനീയമായ 'പൌഘിൻ'[1] പട്ടണം കാണാം. ജനങ്ങൾ കസവുവസ്ത്രങ്ങളും പട്ടും നെയ്യുന്നു. കച്ചവടമാണ് മറെറാരു പ്രധാനതൊഴിൽ. ജനങ്ങളെല്ലാം വിഗ്രഹാരാധകന്മാരാകുന്നു. മഹാനായ ഖാൻെറ കറൻസിനോട്ടുകൾ ഇവിടെയെങ്ങും അംഗീകൃതമാണ്. എല്ലാ ജീവിതാവശ്യവസ്തുക്കളിലും ഈ നഗരം സുഭിക്ഷമാകുന്നു. 'കയ്യു' നഗരത്തിലേയ്ക്കു പൌഘിനിൽനിന്നു, തെക്കുകിഴക്കോട്ട് ഒരു ദിവസത്തെ വഴിയുണ്ട്. ഈ പട്ടണവും കേൾവിപ്പെട്ടതാണ്. അതിൻെറ പ്രാന്തപ്രദേശങ്ങളിൽ മത്സ്യം, കന്നുകാലികൾ, പക്ഷികൾ പ്രത്യേകിച്ചും മയിലുകളോളം വലിപ്പമുള്ള ആകാശക്കോഴികൾ എന്നിവ സുലഭങ്ങളത്രേ. ഒരു വെനീസ് രണ്ടണത്തുട്ടിനു, ഈ ജാതി മൂന്നു കോഴികളെ ഇവിടെ വാങ്ങാൻ കിട്ടും. തെക്കുകിഴക്കോട്ടു വീണ്ടും ഒരു ദിവസത്തെ യാത്ര പോകുമ്പോൾ, വളക്കൂറുള്ളതും, ഫലസമൃദ്ധവും, ജനനിബിഡവുമായ, 'ടിൻഗ്വയി' പ്രദേശവും, അതേപേരിലുള്ള ഒരു നഗരവും കാണാം. നഗരം ചെറുതാണെങ്കിലും, ഭക്ഷ്യസാധനങ്ങൾക്ക് ഇവിടെ ക്ഷാമമില്ല. വ്യാപാരമാകുന്നു മുഖ്യതൊഴിൽ. കപ്പൽവഴിക്കുള്ള വിദേശവ്യാപാരമാണ് പ്രധാനം. സമുദ്രതീരത്തുനിന്നു മൂന്നു ദിവസത്തെ വഴിയകലെയാകുന്നു ഈ നഗരം. ഇതിനും സമുദ്രത്തിനുമിടയ്ക്കുള്ള പ്രദേശങ്ങളിൽ, ധാരാളം ഉപ്പളങ്ങളുണ്ട്. ഇവിടെ വലിയ തോതിൽ ഉപ്പ് ഉല്പാദിപ്പിക്കപ്പെടുന്നു.

---

1. കിയാൻസുസംസ്ഥാനം.

അടുത്ത നഗരം 'സിങ്കുയി' എന്ന ഒരു വലിയ ഉപ്പുപട്ടണമാണ്. മഹാനായ ഖാനു് ഏററവുമധികം നികുതി വരുമാനമുള്ള പട്ടണമാകുന്നു ഇതു്. സ്ഥലവാസികൾ വിഗ്രഹപൂജക്കാരും, അവരുടെ പണം കടലാസ്സുകറൻസിയുമാകുന്നു. സിങ്കുയിയിൽനിന്നു്, നിങ്ങൾ പിന്നേയും തെക്കുകിഴക്കോട്ടു കുതിരയാത്ര ചെയ്യുക. അപ്പോൾ 'ജങ്കുയി' എന്ന മററൊരു മഹാപട്ടണം കാണാം. അതിൻെറ ആധിപത്യത്തിൽ വേറെ 27 ചെറുപട്ടണങ്ങളുണ്ടു്. മഹാനായ ഖാൻെറ പന്ത്രണ്ടു സാംസ്ഥാനികഗവണ്ണർമാരിൽ, ഒരാൾ ഈ നഗരത്തിലാണു് താമസിക്കുന്നതു്. ജനങ്ങൾ വിഗ്രഹാരാധകന്മാരും, വ്യാപാരികളുമാകുന്നു. യുദ്ധോപകരണങ്ങളുടെ നിമ്മാണമാണു്, പ്രധാനതൊഴിൽ. മഹാനായ ഖാൻെറ ആജ്ഞപ്രകാരം, ഈ നഗരത്തിൻെറ മുഴുവൻ ഭരണച്ചുമതലയും വഹിച്ചു്, മൂന്നുവഷത്തോളം ഞാൻ ഈ പട്ടണത്തിൽ ഗവണ്ണരായിരുന്നിട്ടുണ്ടു്. 'മാങ്കി'യിലെ, ഏററവും പ്രസിദ്ധങ്ങളായ നഗരങ്ങളിലൊന്നാണു്, 'നൌഗിൻ'[1]. ആ നഗരം ഇതിന്നു പടിഞ്ഞാറായി കിടക്കുന്നു. ഒരു വൻകിടവ്യാപാരകേന്ദ്രമായ ഇവിടേയും, ബിംബാരാധകന്മാരാണു് താമസിക്കുന്നതു്. കടലാസ്സുകറൻസിക്കു വലിയ പ്രചാരമുണ്ടു്. പക്ഷിമൃഗാദികൾക്കും പഞ്ഞമില്ല. തങ്കനൂലുകളും, വെള്ളിനൂലുകളും കലത്തി ഇവർ വിലപിടിച്ച പട്ടുകൾ നെയ്യുന്നു. വ്യാപാരനികുതിവഴിക്കു ഖാനു വമ്പിച്ച ആദായം ഇവിടെനിന്നു കിട്ടുന്നു. ഭക്ഷ്യധാന്യങ്ങളും സുലഭമാകുന്നു.

'സെയിൻഫൂ'[2], മാങ്കിരാജ്യത്തിലെ മററൊരു മനോഹരനഗരമാകുന്നു. സമ്പൽസമൃദ്ധങ്ങളായ വേറെ പന്ത്രണ്ടു പട്ടണങ്ങൾ ഈ നഗരത്തിൻെറ ഭരണത്തിൻകീഴിലുണ്ടു്. പട്ടും, പൊൻകസവുവസ്ത്രങ്ങളും നെയ്യുന്നതാണു് പ്രധാനകൈത്തൊഴിലുകൾ.

---

1. നാങ്കിങ്ങ്.
2. 'ഹ്യൂപ്പേ'—സംസ്ഥാനത്തിൽ.

നായാട്ടിനുള്ള ജന്തുക്കളും, പരിഷ്കൃതനഗരത്തിനു വേണ്ടതായ എല്ലാ സുഖസൌകര്യങ്ങളും 'ഇവിടെയുണ്ടു്. മാങ്കിസംസ്ഥാനം ഒന്നടങ്കം ഖാനു കീഴടങ്ങിയശേഷവും, ഈ നഗരം 'നടതുറക്കാൻ' കൂട്ടാക്കിയില്ല. താത്താറിസേന മൂന്നുവർഷം തുടർച്ചയായി ഈ നഗരത്തെ വളഞ്ഞു്, ആക്രമണം നടത്തി. എന്നിട്ടും 'സെയിൻഫൂ' അജയ്യമായിത്തന്നെ നിലകൊണ്ടു. വടക്കുനിന്നു കരവഴിക്കു് ഒരു പാലത്തിലൂടെയല്ലാതെ പ്രവേശനമില്ലാത്തതും, മറെറല്ലാ ഭാഗങ്ങളും കായലുകളാൽ ചുററപ്പെട്ടതും കപ്പൽവഴി നഗരത്തിനാവശ്യമുള്ളസാധനങ്ങൾ യഥേഷ്ടം വന്നുകൊണ്ടിരുന്നതുമായ ആ നഗരത്തെ അടിപണിയിക്കുവാൻ കൂബ്ലൈഖാൻ വളരെ ക്ലേശിച്ചു. ഖാൻെറ രാജധാനിയിൽ അന്നു താമസിച്ചിരുന്ന, എൻെറ പിതാവായ മാസ്റ്റർ നിക്കൊളോവും മാതുലൻ മഫേയോവും, മാങ്കിയുദ്ധത്തിൽ മഹാനായ ഖാനു നേരിട്ടുകൊണ്ടിരുന്ന വിഷമങ്ങൾ അറിഞ്ഞു്, ഖാൻെറ മുമ്പിൽ അവർ ഒരു പുതിയ നിർദ്ദേശം സമർപ്പിച്ചു. മൂന്നു 'ഹണ്ടർഡ്‌വെയ്ററ്' (336 റാത്തൽ) ഘനമുള്ള വെടിയുണ്ടകളയച്ചു്, കോട്ട തകർക്കാനും, ശത്രുക്കളെ കൊന്നൊടുക്കാനും, കെട്ടിടങ്ങൾ ഇടിച്ചുനിരത്താനും പററിയ ഒരു പ്രത്യേകയന്ത്രോപകരണം നിർമ്മിക്കുന്നതിനു്, തങ്ങളുടെ എളിയ സേവനങ്ങൾ ഖാനു സമർപ്പിക്കുവാൻ തയ്യാറാണെന്നു് അവർ അദ്ദേഹത്തെ അറിയിച്ചു. നെസ്റ്റോറിയൻ ക്രിസ്ത്യാനികളായ കുറെ ആശാരിമാരേയും, പണിക്കാരേയും ഏർപ്പെടുത്തി, കുറച്ചു ദിവസങ്ങൾക്കുള്ളിൽ ഇത്തരം മൂന്നു യന്ത്രങ്ങൾ അവർ നിർമ്മിച്ചു. അവയുടെ ഗുണവും, ശക്തിയും അവർ ചക്രവർത്തിയുടെ മുമ്പിൽ വെച്ചു തെളിയിച്ചുകൊടുത്തു. ഈ യന്ത്രങ്ങൾ കപ്പൽവഴി സൈന്യസങ്കേതത്തിലേയ്ക്കയയ്ക്കപ്പെട്ടു. 'സെയിൻഫൂ'നഗരത്തിന്നഭിമുഖമായി സ്ഥാപിക്കപ്പെട്ട ഈ യന്ത്രത്തോക്കുകൾ, ഭീമങ്ങളായ കരിങ്കല്ലുണ്ടകളെ നഗരത്തിലേയ്ക്കു വർഷിക്കാൻ തുടങ്ങി. പട്ടണത്തിലെ ഒരു പ്രധാനകെട്ടിടത്തിൽ ചെന്നടിച്ച ആദ്യത്തെ വെടിയുണ്ട, ഗംഭീരമായ ഗർജ്ജനത്തോടെ, അതിനെ ഇടിച്ചു നിരത്തിയ

ള്പ്പോൾ, അനേകനാളായി, ആക്രമണംകൊണ്ടു വിഷമിച്ചിരുന്ന ആ നഗരവാസികൾ, ഭയവിഹ്വലരായി, ഞൊടിയിടയിൽ കീഴടങ്ങുകയും മാങ്കിയിലെ മററു പ്രദേശങ്ങൾ സ്വീകരിച്ച വ്യവസ്ഥകളിൽത്തന്നെ അവരും മഹാനായ ഖാൻെറ പ്രജകളായി വത്തിക്കാൻ സമ്മതിക്കുകയും ചെയ്തു. എൻെറ പിതാവിനും, മാതുലനും, ഖാൻെറ ഈ വിജയം അനശ്വരയശസ്സുണ്ടാക്കി. 'സെയിൻഫു'നഗരത്തിനു്, തെക്കുകിഴക്കായി സ്ഥിതിചെയ്യുന്ന 'സിങ്കുയി'[1] പട്ടണത്തിലേയ്ക്കു പതിനഞ്ചു മൈൽ ദൂരമേയുള്ളു. ഈ നഗരം ചെറുതാണെങ്കിലും, ലോകത്തിൽവെച്ചു് ഏററവും വലിയ നദിയായ 'ക്വിയാങ്ങി'ൻെറ തീരത്തു സ്ഥാപിതമായിരിക്കുന്നതിനാൽ, ഈ നഗരം സംഖ്യാതീതമായ കപ്പലുകൾകൊണ്ടു്, അലംകൃതമായിരിക്കുന്നു. ചില സ്ഥലങ്ങളിൽ ഈ നദിക്കു് ആറും, മററു ചിലേടത്തു്, എട്ടും, ചിലദിക്കിൽ പത്തും മൈൽ വീതിയുണ്ടു്. ഉത്ഭവസ്ഥാനംമുതൽ സമുദ്രസംഗമസ്ഥാനം വരെയുള്ള അതിൻെറ നീളം, നൂറു ദിവസത്തെ യാത്രാദൂരത്തേക്കാൾ കൂടുതലാണു്. നിരവധി പോഷകനദികൾ ഇതിൽ വന്നു ചേരുന്നുണ്ടു്. ഇവയെല്ലാം അതിനെ ഉത്തരോത്തരം, മഹത്തും ബൃഹത്തുമാക്കുന്നു. അവിശ്വസനീയമാംവിധം വമ്പിച്ച അളവിൽ, ചരക്കുകളും വഹിച്ചു്, കപ്പൽസമൂഹങ്ങൾ, ഈ നദിയിലൂടെ അവയുടെ ഒടുങ്ങാത്ത ഘോഷയാത്ര തുടന്നുകൊണ്ടിരിക്കുന്നു. പതിനാറു വ്യത്യസ്തസംസ്ഥാനങ്ങളിലൂടെയാണു് ഈ നദിയൊഴുകുന്നതു്. നദിയിലൂടെ കൊണ്ടുപോകപ്പെടുന്ന പ്രധാന ഉൽപ്പന്നം ഉപ്പാകുന്നു. ഈ നദിയാൽ ബന്ധപ്പെട്ടുകിടക്കുന്ന എല്ലാ നഗരങ്ങളിലും ഉപ്പു് എത്തിച്ചേരുന്നതു് ഇതിലൂടെ സഞ്ചരിക്കുന്ന കപ്പലുകൾവഴിക്കാകുന്നു. ഒരിക്കൽ സിങ്കുയിപട്ടണത്തിൽ അയ്യായിരം കപ്പലുകൾ കെട്ടിക്കിടക്കുന്നതു ഞാൻ കാണുകയുണ്ടായി. മററുചില തീരനഗരങ്ങളിൽ ഇതിലും കൂടുതൽ കപ്പലുകൾ

1. ഇച്ചിങ്ങ്.

ഉണ്ടത്രേ. ഈ കപ്പലുകളെല്ലാം പന്നക(മൂടി)ത്തോടുകൂടിയതും ഒരു പാമരവും, ഒരു കാററുപായും മാത്രമുള്ളവയുമാകുന്നു. സാധാരണയായി, നാലായിരം വെനീസ് "കൻറാരി"മുതൽ പന്തിരായിരം 'കൻറാരി'വരെ [1]കേവുഭാരമുള്ള പായ്ക്കപ്പലുകളാണിവ. പാമരത്തിനും കപ്പൽപ്പായയ്ക്കുമല്ലാതെ മറെറാന്നിനും, ചണനൂൽ കൊണ്ടുള്ള വടങ്ങൾ ഉപയോഗിക്കുന്നില്ല. എന്നാൽ മുപ്പതടി നീളമുള്ള മൂത്ത ചൂരലുകൾ വള്ളിയായി കീറി പിരിച്ച് അവിടത്തുകാർ വളരെ നീളവും ബലവുമുള്ള ചൂരൽക്കയറുകൾ ഉണ്ടാക്കുന്നു. ചില ചൂരൽക്കയറുകൾക്കു 1500 അടിവരെ നീളമുണ്ട്. കയറുകൊണ്ടുള്ള എല്ലാ ആവശ്യങ്ങൾക്കും, കപ്പൽ അടുപ്പിക്കാനുള്ള ചങ്ങലകൾക്കും, ഈ ചൂരൽക്കയറുകൾ ഉപയോഗപ്പെടുന്നു. കപ്പലുകളെ കരയ്ക്കു വലിക്കാനും, അടുപ്പിക്കാനുംവേണ്ടി, അന്നാട്ടുകാർ പത്തോ പന്ത്രണ്ടോ കുതിരകളെ ഉപയോഗിക്കുന്നുണ്ട്.

ഈ നദിയുടെ, ഇരുകരകളിലും വലിയ പാറക്കെട്ടുകളുണ്ട്. സ്ഥലവാസികൾ, അവരുടെ ദൈവങ്ങളെ പ്രതിഷ്ഠിച്ചിട്ടുള്ള പല മന്ദിരങ്ങളും, ഈ പാറക്കൂട്ടങ്ങളിൽ കാണാം. അവയുടെ താഴ്വാരങ്ങൾ ജനനിബിഡങ്ങളാകുന്നു. ഈ നഗരത്തിനു തെക്കുകിഴക്കായി 'കെയ്ങ്കി' എന്ന ഒരു പട്ടണവും ഉണ്ട്. 'കംബാലു'വിലേയ്ക്ക് അരിയും മററു ഭക്ഷ്യവസ്തുക്കളും ഇവിടെനിന്നാണ് കയററിഅയയ്ക്കപ്പെടുന്നത്. പല തടാകങ്ങളേയും, നദികളേയും പരസ്പരം ബന്ധിക്കുന്നതിനായി ഖാൻ കുഴിപ്പിച്ച പല തോടുകളും, കടന്നാണ്, ഈ സാധനങ്ങൾ, കടൽ തൊടാതെ, മാങ്കിമുതൽ കംബാലുവരെ സഞ്ചരിക്കുന്നത്. ഈ തീരജലഗതാഗതമാർഗ്ഗങ്ങൾ, കാണികൾക്ക്, നയനാനന്ദകരമായ ഒരു കാഴ്ച പ്രദാനം ചെയ്യുന്നു. നഗരങ്ങൾക്ക് ഇവ വമ്പിച്ച ആദായം നേടിക്കൊടുക്കുന്നു. നദികൾക്കു മീതെ കരകളെ സംയോജിപ്പിക്കുന്ന നിരവധി പാലങ്ങളും ഖാൻ പണികഴിപ്പിച്ചിട്ടുണ്ട്. കപിയാങ്ങ്മ

---

1. ഏകദേശം 200ടൺ മുതൽ 600 ടൺവരെ.

ഹാനദിയുടെ മധ്യത്തിൽ പാറകൾ നിറഞ്ഞ ഒരു ദ്വീപുണ്ടു്. ഒരു ഭീമമായ ക്ഷേത്രവും, ഇരുനൂറോളം വിഗ്രഹാരാധകസന്യാസിമാർ താമസിക്കുന്ന ഒരു ആശ്രമ (വിഹാരം)വും ആ ദ്വീപിൽ കാണാം. മാങ്കിയിലെ വ്യാപാരസമ്പന്നമായ മറെറാരു നഗരമാണു് 'സിങ്കിയാങ്ങ്ഫൂ.' നായാട്ടുവാൻ, വേണ്ടത്ര വന്യമൃഗങ്ങളും, പക്ഷികളും, ഭക്ഷ്യസാധനങ്ങളും അവിടെ സുലഭമാണു്. നെസ്റ്റോറിയൻക്രിസ്ത്യാനികളുടെ വക 1274-ൽ പണിത രണ്ടു പള്ളികൾ അവിടെയുണ്ടു്. അവിടത്തെ ഗവണ്ണരായി, ഖാൻ നിയമിച്ച 'മഴ്സാക്കിസ്' എന്ന ക്രിസ്ത്യാനിയാണു്, അവ പണിയിച്ചതു്. സിങ്കിയാങ്ങ്ഫൂവിൽ മൂന്നു ദിവസത്തെ യാത്രയ്ക്കുള്ളിൽ, ബിംബാച്ചനക്കാരുടേതായ അനേകം കോട്ടകളും നഗരങ്ങളും കാണാം. അത്രയും തരണം ചെയ്യേത്തുന്നതു് 'സിങ്കുയി'[1] എന്ന ഒരു ലാവണ്യനഗരിയിലാകുന്നു. എല്ലാംകൊണ്ടും, സമൃദ്ധവും, സുഖപ്രദവുമായ ഒരു പട്ടണം.

താത്താറിസേനയുടെ ജനറൽ ആയിരുന്ന ബിയാൻചിൻസാൻ, മാങ്കിസംസ്ഥാനം ആക്രമിച്ചപ്പോൾ, അദ്ദേഹം 'അലാൻ' എന്ന സമുദായപ്പേരിൽ അറിയപ്പെട്ടിരുന്ന കുറെ ക്രിസ്ത്യാനികളെ, ഇരട്ടമതിലുള്ള ആ നഗരം കീഴടക്കുവാനയച്ചു. നഗരവാസികൾ അപ്പോൾ, ഉള്ളിലുള്ള രണ്ടാംകോട്ടയ്ക്കുള്ളിലേയ്ക്കു വലിഞ്ഞു. അലാൻക്രിസ്ത്യാനികൾ പുറംകോട്ടയ്ക്കുള്ളിലും പ്രവേശിച്ചു. നല്ലതരം വീഞ്ഞു് അവിടെ ധാരാളം ഇരിക്കുന്നതു കണ്ടപ്പോൾ, യാത്രാക്ലേശംകൊണ്ടു ക്ഷീണിച്ചിരുന്ന അവർ ആ വീഞ്ഞു 'മൂക്കററം' കുടിക്കുകയും, ബോധരഹിതരായി നിദ്ര പ്രാപിക്കുകയും ചെയ്തു. ഈ തഞ്ചംനോക്കി, നഗരവാസികൾ, അവരെ ആക്രമിച്ചു്, അവരെയെല്ലാം അരിഞ്ഞുകൊന്നു. ഈ ദുരന്തവാത്തയറിഞ്ഞ ബിയാൻ ചിൻസാൻ, ഒരു വലിയ സൈന്യത്തെ രണ്ടാമതും അയച്ചു. ചുരുങ്ങിയ നാൾക്കുള്ളിൽ ഈ സൈന്യം,

---

1 ചാങ്ങ്ചൗ.

നഗരത്തെമുഴുവൻ കീഴടക്കുകയും സ്ത്രീപുരുഷഭേദം നോക്കാതെ എല്ലാവരേയും, വാളിന്നിരയാക്കി പ്രതികാരംചെയ്യുകയും ചെയ്തു. മഹത്തും കുലീനവുമായ സിങ്കുയിനഗരത്തിൻെറ ചുററളവു് ഇരുപതുമൈൽ ആകുന്നു. ജനസംഖ്യ വലിയതും. കുബേരന്മാരായ വണിഗ്വരന്മാരും, പരിശ്രമശീലരായ കൈത്തൊഴിൽക്കാരും, പണ്ഡിതന്മാരായ ഭിഷഗ്വരന്മാരും, മന്ത്രവാദികളും, തത്വജ്ഞാനികളും, ആ നഗരത്തിലുണ്ടു്. അവിടത്തെ മലകളിൽ 'റബാർബ്'[1], ഇഞ്ചി എന്നിവ ധാരാളം വളരുന്നു. ഈ നഗരത്തിൻെറ കീഴിൽ വേറേയും പതിനാറു പട്ടണങ്ങളുണ്ടു്. ഓരോന്നും, ഓരോതരം വ്യവസായങ്ങൾക്കും, കരകൌശലശില്പങ്ങൾക്കും കേൾവികേട്ടതാണു്. പട്ടുനെയ്ത്താണു് പ്രധാനതൊഴിൽ. സിങ്കുയി എന്ന വാക്കിനു്, 'ഭൂമിയിലെ നഗരം' എന്നാണർത്ഥം. 'കിൻസായ്' അഥവാ 'സ്വർഗ്ഗത്തിലെ നഗരം' എന്നു വിളിക്കപ്പെടുന്ന മറെറാരു മഹാനഗരവും ഇവക്കുണ്ടു്. സിങ്കുയിയിൽനിന്നു്, ഒരു ദിവസത്തെ വഴിക്കപ്പുറത്താണു്, 'വഗീയു'. ഈ സാമ്രാജ്യത്തിലെ പ്രധാനപൊതുവ്യവസായമായ പട്ടുനിർമ്മാണത്തിൽ, ഈ പട്ടണക്കാരും ആരുടേയും പിന്നിലല്ല.

## അധ്യായം പതിനാറു്

['കിൻസായ്'[1] എന്ന സ്വർഗ്ഗീയനഗരം. താർത്തറിചക്രവർത്തിക്കു്, അവിടെനിന്നു ലഭിക്കുന്ന അളവററ സമ്പാദ്യം.]

ഇവിടെനിന്നു്, ജനബഹുലങ്ങളായ നഗരങ്ങളും, കോട്ടകളും, ഗ്രാമങ്ങളും കണ്ടുകൊണ്ടു്, മൂന്നു ദിവസം യാത്രചെയ്താൽ,

---

1 കിഴങ്ങു മരുന്നിനും, തടിച്ച ഇലകൾ കറികൾക്കും ഉപയോഗിക്കുന്ന ഒരുതരം ഭക്ഷ്യൌഷധച്ചെടി.

1. ചെക്കിയാങ്ങിലെ പ്രസിദ്ധമായ ഹാങ്ങ്ചൌനഗരം.

'സ്വർഗ്ഗീയനഗരം' എന്ന അപരനാമത്താൽ നാടെങ്ങും അറിയപ്പെടുന്ന, സാക്ഷാൽ 'കപിൻസായ്'മഹാനഗരത്തിൽ, നിങ്ങൾ വന്നുചേരുന്നു. ആ നഗരത്തിൻെറ മഹിമ ആലോചിക്കുമ്പോൾ ആ പേരു തികച്ചും അന്വത്ഥമാണെന്നു ബോധ്യപ്പെടും. എന്തെന്നാൽ, ഈ ഭൂലോകത്തിൽ അതിന്നു തുല്യമായി ഒരു നഗരവുമില്ല! താൻ സാക്ഷാൽ സ്വർഗ്ഗത്തിൽതന്നെയാണു് താമസിക്കുന്നതെന്നു്, ഏതൊരു മനുഷ്യനും തോന്നത്തക്കവിധം, എല്ലാത്തരം സുഖഭോഗവസ്തുക്കളുടേയും, ആസ്ഥാനമായ ഒരു നഗരം, ലോകത്തിൽ ഇതല്ലാതെ വേറെയില്ല. ഞാൻ ഈ നഗരത്തിൽ പലപ്പോഴും പോവുകയും, അവിടത്തെ സകല സവിശേഷതകളും സശ്രദ്ധം പഠിച്ചു്, എൻെറ ഓർമ്മക്കുറിപ്പുകളിൽ അപ്പൊഴപ്പോൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ടു്. ആ വിവരങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:

ഈ ക്യൂറൻനഗരത്തിൻെറ ചുററളവു് സുമാർ നൂറു മൈൽ ആകുന്നു. പ്രധാനരാജപാതകളും, സഞ്ചാരപഥങ്ങളും കുണ്ടോ, കുഴിയോ, ചായ്വോ, ചരിവോ ഇല്ലാതെ, സമനിരപ്പോടുകൂടിയതും, വീതിയേറിയതും പരസ്പരം സമാന്തരങ്ങളുമാകുന്നു. വൃത്തിയുള്ളതും വിസ്തൃതങ്ങളുമായ അനേകം അങ്ങാടികൾ, നഗരത്തിൻെറ നാനാഭാഗങ്ങളിൽ സ്ഥിതിചെയ്യുന്നു. നഗരത്തിൻെറ ഒരു ഭാഗത്തു്, അച്ഛസ്ഫടികസങ്കാശമായ ഒരു വലിയ ശുദ്ധജലതടാകവും, മറുഭാഗത്തു്, ഒരു മഹാനദിയുമുണ്ടു്. ഈ നദി നഗരത്തിൻെറ വിവിധഭാഗങ്ങളിലൂടെ വളഞ്ഞു തിരിഞ്ഞു്, പട്ടണത്തിലെ മാലിന്യങ്ങൾ മുഴുവൻ വഹിച്ചുകൊണ്ടു്, സമുദ്രോന്മുഖമായി പ്രയാണംചെയ്യുന്നു. നദി, തടാകം, തോടുകൾ എന്നിവവഴിയുള്ള ജലസമ്പക്കം, നഗരത്തിനു ശുദ്ധിയും, ശീതളത്വവും, കുളിർകാററും നല്കുന്നതിനുപുറമേ ജലമാർഗ്ഗമായുള്ള ഗതാഗതത്തിനും, വാണിജ്യത്തിനും സൌകര്യവും തരുന്നു. ആ നഗരത്തിൽ വണ്ടികളും. തോണികളും വ്യാപാരോല്പന്നങ്ങളുമായി സദാ സഞ്ചരിച്ചുകൊണ്ടിരിക്കുകയാണു്. വലുതും ചെറുതുമായ പന്തീരായി

രം പാലങ്ങൾ ആ നഗരത്തിലുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. പാമരമുരിവെച്ച ഏതു കൂററൻപായ്ക്കപ്പലിനും അവറ്റുടിയിലൂടെ സൈചരസഞ്ചാരം ചെയ്യാം. അത്രയ്ക്കുയൎന്ന പാലങ്ങളാണ് പ്രധാനതോടുകൾക്കുള്ളത്. അതേസമയം ആ പാലങ്ങൾക്കുമീതെ രഥങ്ങളും പടക്കുതിരകളും പാഞ്ഞുപോകുന്നു.[1] നഗരത്തിൻെറ മറെറാരു ഭാഗത്തു നാല്പതു മൈൽ നീളമുള്ള ഒരു തോടുണ്ട്. നദീജലത്താൽ പോഷിതമായിക്കൊണ്ടിരിക്കുന്ന ഈ തോട്, അവിടത്തെ പഴയ രാജാക്കന്മാർ കുത്തിച്ചതാണ്. നദി കരകവിഞ്ഞൊഴുകുമ്പോൾ, ആ വെള്ളം തിരിച്ചുവിടാൻവേണ്ടി നിൎമ്മിക്കപ്പെട്ടതാണ് ഈ തോട്. തോടു കുഴിച്ചുകിട്ടിയ മണ്ണു മുഴുവൻ അതിൻെറ നഗരഭാഗത്തുള്ള തീരത്തുതന്നെ കൂട്ടി, ഒരു മൺകോട്ടയും അവിടെ നിൎമ്മിതമായി. ആ കോട്ടയും നഗരത്തിൻെറ രക്ഷയ്ക്കു സഹായകമാണ്. വലിയ തെരുവുകളുടെ ഇരുവശങ്ങളിലുമുള്ള പീടികകൾ കൂടാതെ, പത്തു വലിയ ചന്തസ്ഥലങ്ങൾ, ഈ നഗരത്തിലുണ്ട്. ഓരോ ചന്തയും, അരമൈൽവീതം ഓരോ ഭാഗത്തും നീളമുള്ള ചതുരമൈതാനങ്ങളാണ്. നഗരത്തിലേയ്ക്കുള്ള പ്രധാനഗോപുരദ്വാരത്തിൽനിന്ന്, 80 അടി വീതിയുള്ള ഒരു വിശാലഗംഭീരമായ രാജപാത, നഗരത്തിൻെറ ഒരററംമുതൽ, നേരെ എതിരായുള്ള മറേറ അററംവരെ നീണ്ടുകിടക്കുന്നു. ആ പ്രധാനരാജപാതയെ വിലങ്ങനെ മുറിക്കുന്ന പല പാലങ്ങളും കാണാം. നന്നാലു മൈൽ ഇടവിട്ട്, രണ്ടു മൈൽ വീതം ചുററളവുള്ള മേല്പറഞ്ഞ ചന്തസ്ഥലങ്ങൾ കിടക്കുന്നു. മുകളിൽ പറഞ്ഞ രാജപാതയ്ക്കു സമാന്തരമായി, ചന്തസ്ഥലങ്ങളുടെ പിന്നിലൂടെ ഒഴുകുന്ന വേറൊരു തോടുമുണ്ട്. കല്ലുകൊണ്ട്, ഉറപ്പായി നിൎമ്മിക്കപ്പെട്ട അനേകം പാണ്ടികശാലകൾ, ഈ തോടിൻെറ ഇരുവശത്തും കാണാം. അങ്ങാടികൾക്കു സമീപമായും,

---

1. ആ നഗരത്തിൽ ഒട്ടാകെ 12000 പാലങ്ങൾ ഉണ്ടെന്നു ലെതാമിൻെറ വിവൎത്തനത്തിൽ കാണുന്നു.

സൌകര്യപ്രദമായും നിർമ്മിക്കപ്പെട്ടിട്ടുള്ള ഈ പാണ്ടികശാലക ളിലാണു്, ഇൻഡ്യതുടങ്ങിയ മറുരാജ്യങ്ങളിൽനിന്നു വന്നെത്തു ന്ന വ്യാപാരികൾ തങ്ങളുടെ ഉല്പന്നങ്ങൾ ശേഖരിച്ചുവെയ്ക്കുന്ന തു്. ഓരോ ചന്തയും ആഴ്ചയിൽ മൂന്നു പ്രാവശ്യം കൂടുന്നു. ചന്ത ദിവസങ്ങളിൽ, നാല്പതിനായിരത്തിനും, അൻപതിനായിരത്തി നും ഇടയ്ക്കു ജനങ്ങൾ ഓരോ ചന്തയിലും തടിച്ചുകൂടുന്നു. മനുഷ്യ ൻെറ സുഖഭോഗങ്ങൾക്കു് ആവശ്യമുള്ള എല്ലാ സാധനങ്ങളും, ആ അങ്ങാടികളിൽ കിട്ടും. ഭക്ഷണസാധനങ്ങളും, കന്നുകാലി കളും, കോഴികളും എല്ലാം അവിടെ മൊത്തമായും, ചില്ലറയായും വില്ക്കപ്പെടുന്നു. നഗരാതിർത്തിയിലുള്ള തടാകവും, തീരപ്രദേശ ങ്ങളും നായാട്ടുജന്തുക്കളുടെ വളർച്ചയ്ക്കു് അനുകൂലമായതിനാൽ, ഭക്ഷ്യവസ്തുക്കൾക്കൊന്നിനും ക്ഷാമമില്ല. ഒരു 'വെനീസ്'ഗ്രോ ൺ'ത്തുട്ടിനു്, നിങ്ങൾക്കു രണ്ടു വാത്തുകളേയോ, നാലു താറാ വുകളേയോ വാങ്ങാം. ഒരു തെരുവുമുഴുവൻ കശാപ്പുശാലക ളാൽ നിറയപ്പെട്ടിരിക്കുന്നു. ധനവാന്മാർ ഭക്ഷിക്കുന്ന പശു, കാള, ചെമ്മരിയാടു തുടങ്ങിയ ജന്തുക്കളുടെ മാംസം വില്ക്ക പ്പെടുന്ന വലിയ കശാപ്പുശാലകളും, അവയുടെ എല്ലാം 'ഉച്ഛി ഷ്ടങ്ങളും വിലക്കുറവുള്ള മററു മാംസങ്ങളും വില്ക്കുന്ന പാവങ്ങ ളുടെ ഇറച്ചിക്കടകളും അവിടെ പ്രത്യേകമുണ്ടു്. എല്ലാത്തരം സസ്യങ്ങളും വില്ക്കപ്പെടുന്ന പച്ചക്കറിച്ചന്തകളും, പലതരം പ ഴങ്ങൾ വില്ക്കുന്ന പീടികകളും അവിടെ ധാരാളമുണ്ടു്. ഉൾ ഭാഗം വെളുത്തും പുറം മഞ്ഞച്ചുമിരിക്കുന്ന, വളരെ വാസനയും, പത്തു റാത്തൽ ഘനവുമുള്ള, പേരക്കായജാതിയിൽപ്പെട്ട, ഒരു വിശേഷജാതി പഴം അവിടെ സുലഭമായി കിട്ടുന്നു. അതുപോ ലെ, മഞ്ഞച്ചും വെളുത്തുമിരിക്കുന്ന സ്വാദിഷ്ഠങ്ങളായ 'പീച്ച്' പഴങ്ങളും അവിടെ ധാരാളം വിളയുന്നു. മുന്തിരിങ്ങ അവി ടെ ഉണ്ടാകുന്നില്ല. എന്നാൽ മറുനാടുകളിൽനിന്നു വരുന്ന ഉ ണങ്ങിയ മുന്തിരിങ്ങാപ്പഴം ഇവിടെ കിട്ടുന്നുണ്ടു്. നല്ല സ്വാദു ള്ള മദ്യവും കിട്ടും. പക്ഷേ അരിയും സുഗന്ധവസ്തുക്കളും കലർത്തി

യുണ്ടാക്കുന്ന ഒരു മധുരമദ്യമാണതു്. നമ്മെപ്പോലെ, അവിടത്തുകാർ മുന്തിരിങ്ങവീഞ്ഞു കുടിക്കുന്നില്ല. തടാകത്തിൽനിന്നു പിടിക്കപ്പെടുന്ന മത്സ്യങ്ങൾക്കുടാതെ, 25 മൈൽ ദൂരമുള്ള സമുദ്രത്തിൽനിന്നു്, ദിവസവും വലിയ അളവിൽ ഇവിടെ മത്സ്യം കൊണ്ടുവരപ്പെടുന്നുണ്ടു്. ചന്തകളിൽ നിത്യേന വന്നുകൂടുന്ന മത്സ്യക്കുന്നുകൾ കണ്ടാൽ, അതൊക്കെ, അടുത്ത കാലത്തെങ്ങും വിററഴിയുകയില്ലെന്നു തോന്നിപ്പോകും. എങ്കിലും, ഏതാനും മണിക്കൂറുകൾക്കുള്ളിൽ അവയെല്ലാം തികച്ചും തിരോഭവിക്കുന്നു. ഈ അങ്ങാടിസ്ഥലങ്ങൾ മുഴുവൻ, ഉത്തുംഗസൌധങ്ങളാൽ നിറയപ്പെട്ടിരിക്കുന്നു. താഴെയുള്ള മുറികൾ, വ്യാപാരികളുടേയും, കൈത്തൊഴിൽക്കാരുടേയും പീടികകളാണു്. വസ്ത്രങ്ങൾ, സുഗന്ധദ്രവ്യങ്ങൾ, രത്നങ്ങൾ, മുത്തുകൾ, അരി, മസാലസ്സാധനങ്ങൾ, വീഞ്ഞു്—ഇവയോരോന്നിനും പ്രത്യേകം പ്രത്യേകം പീടികകളുണ്ടു്. നഗരത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള റോഡുകൾ അങ്ങാടിയിൽ വന്നു് ഒന്നിച്ചുചേരുന്നു. ചില അങ്ങാടികളിൽ, വ്യാപാരികൾക്കും, സഞ്ചാരികൾക്കും, കുളിക്കുവാനുള്ള കുളിമുറികളുണ്ടു്[1]. ശുദ്ധജലവും, സഹായത്തിനു സ്ത്രീകളും പുരുഷന്മാരുമായ വേലക്കാരും കുളിപ്പുരകളിൽ തയ്യാറുണ്ടു്. പച്ചവെള്ളത്തിൽ കുളിച്ചു പരിചയമില്ലാത്ത വിദേശികൾക്കു്, ചൂടുവെള്ളവും അവിടെ ലഭ്യമാണു്. അന്നാട്ടുകാർ ദിവസവും കുളിക്കുന്നു. കുളിക്കാതെ അവർ ആഹാരം കഴിക്കാറില്ല. മററു ചില തെരുവുകൾ, വാടകവേശ്യകളുടെ കേളീരംഗങ്ങളാണു്. എനിക്കു് ഇവിടെ പ്രസ്താവിക്കുവാൻ ധൈര്യമില്ലാത്തവിധം അത്ര വലിയ സംഘം വേശ്യമാർ ഈ നഗരത്തിൽ സ്വച്ഛന്ദവിഹാരംചെയ്യുന്നു. അങ്ങാടികളിൽ അവക്കു് അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിൽ മാത്രമല്ല, നഗരത്തിലെവിടേയും ഇവർ കാണപ്പെടുന്നു. ആക

---

1 ഈ നഗരത്തിൽ ഒട്ടാകെ 30000 സക്കർ'കുളിപ്പുര'കളുള്ളതായി, 'ലെതാ'മിന്റെ വിവർത്തനത്തിൽനിന്നു കാണാം.

ഷ്കമായി വസ്ത്രധാരണംചെയ്തും, വിലപിടിച്ച സുഗന്ധലേപനങ്ങൾ പൂശിയും, അനേകം ദാസിമാരോട്ടുകൂടിയും, മനോഹരമായി അലങ്കരിച്ച മന്ദിരങ്ങളിൽ, ഈ വേശ്യാറാണികൾ വിഹരിക്കുന്നു. പുരുഷഹൃദയത്തെ അടിപണിയിക്കുവാൻ പര്യാപ്തമായ പലതരം ആനന്ദലീലകളിൽ ഇവർ പ്രഗത്ഭകളാണു്. വൈദ്യന്മാർ, ജ്യോത്സ്യന്മാർ, കുട്ടികളെ വിദ്യയഭ്യസിപ്പിക്കുന്ന അധ്യാപകന്മാർ തുടങ്ങിയവർക്കു താമസിക്കുവാൻ പ്രത്യേകതെരുവുകളുണ്ടു്. ഓരോ അങ്ങാടിയുടേയും കോണുകളിൽ സർക്കാർ ആഫീസുകളുണ്ടു്. വ്യാപാരികളും ഉപഭോക്താക്കളും തമ്മിൽ കലഹങ്ങളുണ്ടായാൽ, അവ തീർമാനിക്കുവാൻ നിയുക്തരായ ന്യായാധിപകന്മാരും, ഉദ്യോഗസ്ഥന്മാരും ജോലിചെയ്യുന്ന കച്ചേരികൾക്കും താമസിക്കുന്ന ബംഗ്ലാവുകൾക്കും പ്രത്യേകതെരുവുകൾ ഉണ്ടു്. പാലങ്ങളിൽ കാവൽനില്ക്കുന്നവരെ പരിശോധിക്കുവാനും ഇവരാണധികാരികൾ.

പ്രധാനരാജപാതയുടെ ഇരുവശങ്ങളിലും പൂന്തോട്ടങ്ങളോട്ടുകൂടിയ മോഹനഹർമ്മ്യങ്ങൾ, സമദൂരത്തിലും, നിരനിരയായും കാണപ്പെടുന്നു. അവയ്ക്കു പിന്നിൽ കൈത്തൊഴിൽവ്യവസായികളുടെ വസതികളാണു്. തെരുവുകളിലൂടെ, അങ്ങോട്ടുമിങ്ങോട്ടുമൊഴുകിക്കൊണ്ടിരിക്കുന്ന, മനുഷ്യപ്പുഴകൾ കാണുന്നവർ, വിസ്മയിച്ചുപോകും. ഇവർക്കെല്ലാം എവിടെനിന്നാണു് ഭക്ഷണം കിട്ടുകയെന്നു് അത്ഭുതപ്പെടും. കപിൻസായിലുണ്ടായിരുന്ന ഒരു ചുങ്കംഉദ്യോഗസ്ഥനിൽനിന്നു് എനിക്കു ലഭിച്ച സ്ഥിതിവിവരക്കണക്കുകൾപ്രകാരം, ആ നഗരത്തിൽ ദിവസംപ്രതി, നഗരവാസികളുടെ ഭക്ഷണാവശ്യത്തിലേയ്ക്കുമാത്രം വില്ക്കപ്പെടുന്ന കുരുമുളകിന്റെ തൂക്കം 43 'സോമ'യാകുന്നു. ഒരു സോമ 223 റാത്തലിനു തുല്യമാണെന്നും ഓർക്കണം. അതായതു് ആ പട്ടണം നിത്യേന 9589 റാത്തൽ കുരുമുളകു ഭക്ഷണത്തിനു ചിലവാക്കുന്നു എന്നർത്ഥം. ധാന്യങ്ങൾ, പച്ചക്കറികൾ, മത്സ്യം, മാംസം, സു

ഗന്ധവസ്തുക്കൾ, മസാലസ്സാധനങ്ങൾ എന്നിവ അവിടെ ദിനം പ്രതി, എത്രമാത്രം ഉപയോഗിക്കപ്പെട്ടുന്നുണ്ടെന്നുള്ളതു്, ഈ കുരുമുളകുവില്പനയിൽനിന്നുതന്നെ ഏതാണ്ടു് അനുമാനിയ്ക്കാം.

കപിൻസായ്നഗരവാസികൾ ബിംബാരാധകന്മാരാകുന്നു. കടലാസ്സു്കറൻസിയല്ലാതെ, ലോഹനാണയങ്ങൾ അവിടെയില്ല. നാട്ടുകാർ സുന്ദരഗാത്രന്മാരും, മിക്കവാറും, പട്ടുവസ്ത്രങ്ങൾമാത്രം ധരിക്കുന്നവരുമാണു്. പട്ടു് അത്ര സുലഭമായി അവിടെ നിർമ്മിക്കപ്പെട്ടുന്നു. നഗരത്തിൽ പ്രമുഖങ്ങളായ 12 വ്യാപാരക്കമ്പെനികൾ, അഥവാ കോർപ്പറേഷനുകൾ, ഉണ്ടു്. ഓരോ കമ്പനിയുടേയും കീഴിൽ ആയിരം ഷാപ്പുകൾ വീതമാണുള്ളതു്. ഓരോ വ്യാപാരശാലയിലും, പത്തോ, പതിനഞ്ചോ, ഇരുപതോ, ചിലപ്പോൾ നാല്പതോ തൊഴിലാളികൾ, ഒരു മേലധികാരിയുടെ മേൽനോട്ടത്തിൽ വേലചെയ്യുന്നു. ധനികരായ വ്യാപാരികൾ, കായികജോലികൾ ചെയ്യാറില്ല. പക്ഷേ അവരുടെ ഭാര്യമാർ ആഡംബരവസ്ത്രങ്ങളും അമൂല്യഭൂഷകളും ധരിച്ചു വ്യാപാരശാലകളിൽവന്നു്, തൊഴിലാളികളുടെ മേൽനോട്ടം വഹിച്ചു നില്ക്കുന്നു. പുത്രന്മാർ, പിതാക്കന്മാരുടെ തൊഴിൽതന്നെ തുടരണമെന്നു്, പണ്ടത്തെ രാജാക്കന്മാർ പ്രജകളോടനുശാസിച്ചിരുന്നുവെങ്കിലും, ധനികന്മാർ കുലത്തൊഴിൽ ചെയ്യാതെതന്നെ, തങ്ങളുടെ കീഴിൽ ജോലിചെയ്യുന്നവരെ നിയന്ത്രിച്ചും, വ്യാപാരം നടത്തിയും കഴിഞ്ഞുപോന്നു. ധനികരുടെ ഗൃഹങ്ങൾ മനോഹരങ്ങളാണു്. വിലയേറിയ ചായച്ചിത്രങ്ങളാലും, പ്രതിമകളാലും അവ അലംകൃതങ്ങളായിരിക്കും. നാട്ടുകാർ ശാന്തശീലരും, യുദ്ധതന്ത്രങ്ങൾ അറിയാത്തവരുമാകുന്നു. അതിനാൽ, അവർ ആത്മരക്ഷയ്ക്കുപോലും യുദ്ധോപകരണങ്ങൾ വീട്ടുകളിൽ സൂക്ഷിക്കാറില്ല. അവക്കിടയിൽ കലഹങ്ങളോ, സംഘട്ടനങ്ങളോ ഇല്ലതാനും. അവർ തികഞ്ഞ മനസ്സാക്ഷിയോടെയാണു് കച്ചവടം നടത്തുക. ഒരു തെരുവു മുഴുവൻ ഒരു വീടാണെന്നു തോന്നത്തക്കവിധം, ഒത്തൊരുമയോടും ഐകമത്യത്തോടുംകൂടിയാണു്, അവർ ജീവിച്ചു

ചേരുന്നതു്. സ്ത്രീകൾതമ്മിലും അശേഷം കലഹമില്ല. പുരുഷന്മാർ സ്ത്രീകളോടു ബഹുമാനവും, ആദരവും പ്രദർശിപ്പിക്കുന്നു. ഒരു വിവാഹിതയോടു് അധർമ്മമായി എന്തെങ്കിലും ആവശ്യപ്പെടുന്നതു്, വലിയ അപമാനമായി അവിടത്തുകാർ കണക്കാക്കുന്നു. അന്നാട്ടുകാർ, വിദേശികളോടു്, വീട്ടിലും പുറത്തും സഹാനുഭൂതിയോടെ പെരുമാറുകയും, വ്യാപാരകാര്യങ്ങളിൽ അവർക്കു വേണ്ട ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നു. എന്നാൽ മഹാനായ ഖാൻെറ, ഉദ്യോഗസ്ഥന്മാരേയും, ഭടന്മാരേയും അവർക്കു വലിയ സ്നേഹമോ ബഹുമാനമോ ഇല്ല. എന്തുകൊണ്ടെന്നാൽ, സമാധാനപ്രേമികളായിരുന്ന തങ്ങളുടെ രാജാക്കന്മാരേയും, നാടുവാഴികളേയും, നിഷ്കരുണം ഉന്മൂലനംചെയ്തതു് ഇക്കൂട്ടരാണെന്ന സംഗതി അവർ മറന്നിട്ടില്ല.

നഗരപാർശ്വത്തിലുള്ള തടാകത്തിൻെറ ചുററുമാണു് കുബേരന്മാരുടെ സുഖവാസകേന്ദ്രങ്ങൾ. അവിടെ ദേവാലയങ്ങളും, സന്യാസിമഠങ്ങളുമുണ്ടു്. തടാകത്തിൻെറ നടുവിൽ രണ്ടു മരതകദ്വീപുകളുണ്ടു്. ഓരോ ദ്വീപിലും അനേകമനേകം മുറികളോടുകൂടിയ ഓരോ കൊട്ടാരവും കാണാം. വിവാഹം തുടങ്ങിയ വിശേഷാഘോഷങ്ങളിൽ, ആക്കും ഉപയോഗിക്കുവാൻ സാധിക്കുമാറു്, വേണ്ടത്ര പാത്രങ്ങളും, മററു ജംഗമസാധനങ്ങളും, പട്ടു്, ലിനൻ തുടങ്ങിയ അമൂല്യവസ്ത്രങ്ങളും, ആഭരണങ്ങളും, പൊതു ഉടമയിൽ സൂക്ഷിച്ചിരിക്കുന്ന, സർക്കാർകലവറകളാണു്, ഈ കൊട്ടാരങ്ങൾ. തടാകത്തിൽ വിനോദസവാരിക്കുള്ള കളിത്തോണികളും ബോട്ടുകളുമുണ്ടു്. അലങ്കരിച്ച ഇരിപ്പിടങ്ങളും, തീൻമേശകളും, വിരുന്നിനുള്ള വിഭവങ്ങളും, മറെറല്ലാ സൌകര്യങ്ങളും ഉൾക്കൊള്ളുന്ന, പരന്ന പന്നകത്തോടു (മൂടി) കൂടിയ തോണികളാണു് ഇവ.[1] ഇവയുടെ അഗ്രഭാഗങ്ങളിൽ നാവികന്മാർ തുഴകളു

1. ചൈനയിൽ ഒരു പഴഞ്ചൊല്ലുണ്ടു്. "മുകളിൽ സ്വർഗ്ഗം, ചുവട്ടിൽ ഹാങ്ചൗ" (ക്വിൻസായ്)—ഹാട്ട്.

മായി നില്ക്കുന്നു. തടാകം പൊതുവിൽ ആഴം കുറഞ്ഞതാണു്. ഈ കളിത്തോണികളുടെ ഉൾഭാഗം പല നിറത്തിലുള്ള ചായം പൂശിയവയാണു്. സൌകര്യംപോലെ അടയ്ക്കുകയും തുറക്കുകയും ചെയ്യാവുന്ന ജനാലകൾ, തോണികളുടെ ഇരുപാൾശ്വങ്ങളിലും ഘടിപ്പിച്ചിട്ടുണ്ടു്. ഇത്തരം സുന്ദരങ്ങളായ നിരവധി തോണികളാൽ അലംകൃതമായ ഈ തടാകംപോലെ, ആനന്ദസന്ദായകമായ മറെറാരു വസ്തുവും ലോകത്തിലില്ല. ഈ തടാകത്തിൽ, നഗരംമുഴുവൻ പ്രതിബിംബിച്ചു കാണുന്നു. നിരവധി ക്ഷേത്രങ്ങൾ, സന്യാസിമഠങ്ങൾ (ബുദ്ധവിഹാരങ്ങൾ), കുബേരപത്തനങ്ങൾ, പഴത്തോട്ടങ്ങൾ, പുഷ്പവാടികൾ, യാത്രക്കാർ നിറഞ്ഞ തോണികൾ—ഈ കാഴ്ച വിശേഷകവശ്യമെന്നേ പറയേണ്ടു. പകലിൻെറ പകുതിയോളം പണിയെടുക്കുകയും, ഉത്തരാർദ്ധം കുടുംബാംഗങ്ങളോടും, സുഹൃത്തുക്കളോടുംകൂടി കളിത്തോണികളിലേറി, തടാകത്തിൽ ഉല്ലാസയാത്ര ചെയ്കയോ, കുതിരവണ്ടികളിൽ കയറി, പട്ടണം ചുററുകയോ പാർക്കിലേയ്ക്കു സവാരിപോവുകയോ ചെയ്യുകയുമാണു്, കൻസായ്നഗരവാസികളുടെ, നിത്യപരിപാടി. നഗരത്തിലെ സകലറോഡുകളും, വലിയ കല്ലുകൾ അങ്ങിനെതന്നെ പതിച്ചു് ഉറപ്പിച്ചതാണു്. മാങ്കിസംസ്ഥാനത്തിലെ പ്രധാനദേശീയപാതകൾ, അപ്രകാരം മുഴുകല്ലുകൾ വിരിച്ചു് ഉറപ്പിച്ചവയാണു്. കൻസായ്നഗരത്തിലെ പ്രധാനതെരുവുകളുടെ രണ്ടു വശത്തും ഇരുപതടിവീതം വീതിയിൽ ഇങ്ങിനെ കല്ലുകൾ പാകിയിട്ടുണ്ടു്. നടുഭാഗം ഉരുളൻകല്ലുകൾ നിറഞ്ഞ ജലനിർഗ്ഗമനമാർഗ്ഗമാണു്. ഈ വെള്ളച്ചാലുകൾ, പാതകളെ എപ്പോഴും ശുചിയാക്കി വെയ്ക്കുന്നു.

ഈ തെരുവുകളിൽ, നീണ്ടു്, മേൽപ്പുരയോടുകൂടിയ അസംഖ്യം രഥങ്ങൾ സദാ ഓടിക്കൊണ്ടിരിക്കുന്നു. പട്ടുമെത്തയും, തലയണയുമുള്ള ഈ ഭംഗിയേറിയ അശ്വരഥങ്ങളിൽ ആറുപേർക്കു സുഖമായി യാത്രചെയ്യാം. അങ്ങാടികളിൽ പോകുന്നതിനോ, പൂന്തോട്ടങ്ങളിൽ ഉല്ലാസയാത്രചെയ്യുന്നതിനോ, നഗരം ചുററി

കാണുന്നതിനോ ഇവ ഉപകരിക്കുന്നു. പകൽ മുഴുവനും ഇങ്ങിനെ യാത്രചെയ്തു്, അതേ രഥത്തിൽതന്നെ രാത്രി, വസതികളിൽ തിരിച്ചെത്തുന്നവരുമുണ്ടു്. ഒരു ശിശു ജനിക്കുമ്പോൾ പിതാവു ജനനസമയം കൃത്യമായി കുറിച്ചെടുക്കുകയും, ആ ശിശുവിൻെറ ഭാവിഭാഗധേയങ്ങൾ അറിയുവാൻ, ജ്യോത്സ്യന്മാരെ സമീപിക്കുകയും ചെയ്യുന്നു. ഓരോ അങ്ങാടിയിലും അനേകം ജ്യോത്സ്യന്മാർ താമസിക്കുന്നുണ്ടു്. ഇവിടത്തുകാർ ജ്യോത്സ്യന്മാരോടാലോചിക്കാതെ ഒരു വിവാഹകർമ്മവും നടത്തുക പതിവില്ല. പ്രാമാണികനായ ഒരുവൻ മരിക്കുമ്പോൾ, അയാളുടെ ബന്ധുക്കൾ (സ്ത്രീകളും പുരുഷന്മാരും) ക്യാൻവാസ്സ് തുണികൾ ധരിച്ചു്, മൃതദേഹത്തെ ശ്മശാനഘട്ടംവരെ അനുഗമിക്കുന്നു. സംഗീതഘോഷങ്ങളും, ദൈവസങ്കീർത്തനങ്ങളും അപ്പോൾ ചെയ്യപ്പെടുന്നു. ശവപ്പറമ്പിലെത്തിയാൽ, അടിമകൾ, കുതിരകൾ, ഒട്ടകങ്ങൾ, ആഭരണങ്ങൾ, പട്ടുവസ്ത്രങ്ങൾ, നാണയങ്ങൾ ഇവയുടെയെല്ലാം സവർണ്ണചിത്രങ്ങൾ വരച്ച തുണിക്കഷ്ണങ്ങൾ, ചിതാഗ്നിയിലിട്ടു കത്തിക്കുന്നു. പരേതനു്, പരലോകത്തിൽ ഈ വസ്തുക്കളെല്ലാം ഉപകരിക്കുമെന്ന അവരുടെ ധാരണയാണു് ഇതു ചെയ്യിക്കുന്നതു്. മൃതദേഹം ദഹിപ്പിക്കുന്ന സമയത്തു സംഗീതവിദ്വാന്മാർ പാട്ടുകച്ചേരി നടത്തുന്നു. സ്വർഗ്ഗസ്ഥരായ ദേവന്മാർ, പരേതനെ സ്വീകരിക്കുന്നതിൻെറ സന്തോഷസൂചനയാണു്, ഇതു്. സ്വർഗ്ഗത്തിൽ പരേതാത്മാവു്, അങ്ങിനെ ഒരു പുത്തൻജീവിതമാരംഭിക്കുമെന്നു് അവക്കു വിശ്വാസമുണ്ടു്. പട്ടണത്തിലെ ഓരോ തെരുവിലും കല്ലുകൊണ്ടു നിർമ്മിച്ച ഉയൎന്ന ഗോപുരങ്ങളുണ്ടു്. വീടുകളും, ദേവാലയങ്ങളും അഗ്നിക്കിരയാകുന്ന ആപൽഘട്ടങ്ങളിൽ (അവരുടെ മരവീടുകൾ ഇത്തരം അപകടങ്ങൾക്കു വിധേയങ്ങളാണു്.) അവർ ദൈവങ്ങളെ ഈ ഗോപുരങ്ങളിൽ കൊണ്ടുപോയി രക്ഷിക്കുന്നു.

മഹാനായ ഖാൻെറ ആജ്ഞപ്രകാരം, നഗരത്തിലെ പ്രധാനപ്പെട്ട ഓരോ പാലവും കാത്തുരക്ഷിക്കാൻ, പത്തുപേർവീത

മുള്ള കാവൽസംഘങ്ങൾ പ്രവൎത്തിച്ചുവരുന്നു. അവർ പാലത്തിന്റെ പ്രവേശനമാൎഗ്ഗത്തിൽ സ്ഥലത്തു പണിതുയൎത്തിയിട്ടുള്ള കാവൽമാടങ്ങളിൽ നില്പുറപ്പിച്ചിരിക്കുന്നു. അഞ്ചുപേർ പകലും, അഞ്ചുപേർ രാത്രിയും എന്ന കണക്കിൽ, ഊഴപ്രകാരമാണു്, ഇവർ കാവൽജോലി നിൎവ്വഹിക്കുന്നതു്. ഓരോ കാവൽമാടത്തിലും സമയം അളക്കാനുള്ള 'നാഴികവട്ട'യുണ്ടു്. ഓരോ മണിക്കൂർ കഴിയുമ്പോഴും ഈ കാവൽക്കാർ കഴിഞ്ഞ മണിക്കൂറുകളുടെ എണ്ണം സൂചിപ്പിക്കുന്ന തരത്തിൽ മണിയടിക്കുന്നു. പ്രഭാതംമുതൽ പ്രദോഷംവരെയുള്ള ഓരോ മണിക്കൂർ കഴിയുമ്പോഴും ഒന്നു്, രണ്ടു്, മൂന്നു് എന്നിങ്ങനെ, ഘണ്ടാനാദം മുഴങ്ങുന്നു. രാത്രിയായാൽ വീണ്ടും ഒന്നു്, രണ്ടു് എന്നാവൎത്തിക്കുന്നു. ഈ കാവൽക്കാർ, റോഡിൽ റോന്തു ചുററുകയും, അസമയങ്ങളിൽ, വിളക്കോടുകൂടിയോ, അല്ലാതേയോ യാത്രചെയ്യുന്നവരെ പിടിച്ചു്, കോടതിമുമ്പാകെ കൊണ്ടുവരികയും ചെയ്യുന്നു. അതുപോലെ, നിസ്സഹായരായ വല്ല രോഗികളേയും കണ്ടുമുട്ടിയാൽ, അവരെ, അടുത്തുള്ള വൈദ്യശാലകളിൽ കൊണ്ടുചെന്നേല്പിക്കുന്നു. പണ്ടത്തെ, രാജാക്കന്മാരാൽ സ്ഥാപിതങ്ങളായ, ഇത്തരം അനേകം ആതുരശാലകൾ അവിടെയുണ്ടു്. രോഗം മാറി സുഖംപ്രാപിച്ചാൽ, അവർ പണിചെയ്യുവാൻ നിൎബ്ബദ്ധരാകുന്നു. പട്ടണത്തിലെവിടെയെങ്കിലും അഗ്നിബാധയുണ്ടായാൽ, നാനാഭാഗത്തു നിന്നും നാട്ടുകാർ ഓടിയെത്തി, തീ കെടുത്തുകയും, എല്ലാ സാമാനങ്ങളും, മുൻചൊന്ന ദ്വീപിലേയ്ക്കോ, ഗോപുരമാളികകളിലേയ്ക്കോ, മാററുകയും ചെയ്യുന്നു. രാത്രികളിൽ ഇത്തരം അടിയന്തിര കാൎയ്യങ്ങൾക്കു മാത്രമല്ലാതെ ആൎക്കും പുറത്തിറങ്ങാൻ പാടില്ലെന്നാണു് നിയമം. ലോകത്തിൽവെച്ചു്, ഏററവും ഉൽകൃഷ്ടവും സമ്പന്നവുമായ ഈ മഹാനഗരത്തിൽ[1], മഹാനായ ഖാൻ ത

---

1 "കചിൻസായ്നഗരത്തെ പാടിപ്പുകഴ്ത്താത്ത ഒരു മഹാകവിയും ചൈനയിലുണ്ടായിട്ടില്ല"—ഹാട്ടു്.

ന്റെ ഏററവും വിശ്വസ്തരായ ഒരു സംഘം രക്ഷാഭടന്മാരെ നി ത്തിയിട്ടുണ്ട്. നഗരത്തിലെവിടേയും, ഓരോ മൈൽ ഇടവിട്ടുള്ള സ്ഥലങ്ങളിൽ, മരത്തടികൾ നിരനിരയായി കുഴിച്ചിട്ട്, നിമ്മിച്ച പട്ടാളക്യാമ്പുകളുണ്ട്. നഗരരക്ഷാസേനയുടെ സങ്കേതങ്ങളാണവ. മഹാനായ ഖാൻ മാങ്കിസംസ്ഥാനത്തെ പൂൎണ്ണമായും കീഴടക്കിയ പ്പോൾ, അതുവരെ ഒരൊററഘടകമായി വൎത്തിച്ചിരുന്ന ആ രാജ്യ ത്തെ, ഭരണസൌകൎയ്യാൎത്ഥം ഒൻപതു സംസ്ഥാനങ്ങളായി വേർ തിരിച്ചു. ഒരോന്നിലും ഓരോ ഗവൎണ്ണർമാരെ നിയമിച്ചു. ഈ ഗവ ൎണ്ണർമാർ, നീതിസമാധാനങ്ങൾ പാലിക്കുകയും, നികുതി പിരി ക്കുകയും വരവുചിലവുകളുടെ കണക്കുകൾ ഖാനു സമൎപ്പിക്കുകയും ചെയ്യുന്നു. മൂന്നു കൊല്ലത്തിലൊരിക്കൽ, ഈ ഗവൎണ്ണർമാർ സ്ഥലം മാററം ചെയ്യപ്പെടുന്നു. ഒരു ഗവൎണ്ണർ 'കപിൻസായി'ൽ താമസി ക്കുന്നുണ്ട്. അദ്ദേഹം കപിൻസായ് അടക്കം 140 നഗരങ്ങളുടെ അ ധിപതിയാണ്. ധനികരും അധ്വാനശീലരുമായ ജനങ്ങൾ അധിവസിക്കുന്ന പന്തീരായിരം (12,000) പട്ടണങ്ങൾ, മാങ്കി രാജ്യത്തിലുണ്ടെന്നറിയുമ്പോൾ, മേൽപറഞ്ഞ സംഗതി ഒട്ടും ആ ശ്ചൎയ്യമായി തോന്നുകയില്ല. ഇതിലെ ഓരോ നഗരത്തിലും, അ വയുടെ പ്രാധാന്യമനുസരിച്ച്, വലുതും ചെറുതുമായ കാവൽപ്പ ടയെ നിൎത്തിയിട്ടുണ്ട്. ആയിരംമുതൽ, ഇരുപതിനായിരംവരെ ഈ സംഖ്യ വ്യത്യാസപ്പെടും. കുറെ ഭടന്മാർ, 'കാഥേയ'രാണ്. അശ്വഭടന്മാരായ താർത്താറികൾ, കുതിരകൾക്കു മേയുവാൻ സൌ കൎയ്യപ്പെടുന്ന പ്രദേശങ്ങളിലാണ് നിയമിതരായിട്ടുള്ളത്. മുമ്മൂ ന്നു കൊല്ലം കൂടുമ്പോൾ കാഥേയിലും മാങ്കിയിലുമുള്ള ജനങ്ങളിൽ നിന്നു്, പട്ടാളജീവിതത്തിനു പററിയവരെ തിരഞ്ഞെടുത്തു പ രിശീലനം നല്കി, സ്വദേശങ്ങളിൽനിന്നു് ഇരുപതും ഇരുപത്ത ഞ്ചും ദിവസത്തെ ദൂരത്തിന്നപ്പുറമുള്ള നാടുകളിൽ സേവനത്തിന്ന യയ്ക്കുന്നു. മൂന്നു വൎഷത്തെ 'വിദേശ'സേവനം കഴിഞ്ഞാൽ ഇവ രെ സ്വദേശത്തേയ്ക്കു തിരിച്ചയയ്ക്കുകയും, പുതിയ സംഘം സേന യെ തൽസ്ഥാനത്തു നിയമിക്കുകയും ചെയ്യുന്നു. ഖാന്റെ വരുമാ

നത്തിൽ സിംഹഭാഗവും പട്ടാളച്ചിലവിനാണ് ഉപയോഗിക്കുന്നതു്. ഏതെങ്കിലും നഗരം ലഹളയ്ക്കൊരുങ്ങിയാൽ, പെട്ടെന്നു്, സമീപനഗരങ്ങളിലെ സേനകളെ സംഘടിപ്പിച്ചു്, ലഹള അമർത്തുകയോ, ചിലപ്പോൾ നഗരത്തെ അപ്പാടേ നശിപ്പിക്കുകയോ ചെയ്യുന്നു. മുപ്പതിനായിരം (30,000) വരുന്ന ഒരു സേനാവ്യൂഹം, കംപിൻസായ് നഗരത്തിൽ ക്രമസമാധാനങ്ങൾ പാലിക്കുന്നു.

കംപിൻസായ്നഗരത്തിൽ വാണിരുന്ന 'ഫാൻഫർ'രാജാവിൻെറ, കൊട്ടാരത്തെപ്പററിയാണ് ഇനി പറയാൻ പോകുന്നതു്[1]. അദ്ദേഹത്തിൻെറ പൂർവ്വികന്മാർ, പത്തു മൈൽ ചുററളവുവരുന്ന ഒരു പ്രദേശം മുഴുവൻ, ഉയന്ന മതിലുകൾ കെട്ടി അവിടെ ഒരു കൊട്ടാരനഗരം സംവിധാനംചെയ്തു. ആ നഗരം ചെറുമതിലുകൾകൊണ്ടു്, മൂന്നു ഭാഗങ്ങളായി വേർതിരിക്കപ്പെട്ടിട്ടുണ്ടു്. മധ്യഭാഗത്തേയ്ക്കു പ്രവേശിക്കുവാൻ കമനീയമായ ഒരു ഗോപുരമുണ്ടു്. കനകപ്പൊടിയും, നീലച്ചായവും പൂശിയ കലാസുന്ദരങ്ങളായ സ്തംഭങ്ങളാൽ താങ്ങിനിർത്തപ്പെടുന്ന ഒരു വിശാലമായ ഗ്യാലറിയാണ് ഗോപുരം കടന്നാൽ, ആദ്യം കാണുന്നതു്. അടിഭാഗത്തു് ഈ ഗ്യാലറിക്കു വീതിയും, വ്യാസവും കുറവാണ്. എന്നാൽ മുകളിലേയ്ക്കു പോകുംതോറും അതു കൂടുതൽ വലിപ്പവും, ചുററളവുമുള്ളതായിത്തീരുന്നു. മേൽമച്ചു മുഴുവൻ സ്വർണ്ണംകൊണ്ടു പൂശിയിരിക്കുന്നു. ഭിത്തികളിൽ, പൂർവ്വരാജാക്കന്മാരുടെ വീരേതിഹാസങ്ങൾ, വർണ്ണശബളമായി ചിത്രണംചെയ്തിരിക്കുന്നു. ചില പ്രധാനവാർഷികോത്സവങ്ങളിൽ, ഫാൻഫർരാജാവു്, രാജകീയഡർബാർ നടത്തുകയും, കംപിൻസേയിലെ തൻെറ സേവകന്മാക്കും, സാമന്തപ്രഭുക്കന്മാക്കും, ഉദ്യോഗസ്ഥപ്രമുഖന്മാക്കും, വ

1 എനിയ്ക്കു് ഉപയോഗിക്കാനാവുന്ന ഏതു പദങ്ങളെക്കൊണ്ടും ഈ രാജധാനിയുടെ, ഗാംഭീര്യവും സൌന്ദര്യവും ആവിഷ്കരിക്കാനാവുന്നതല്ല—മാർക്കോ.

ണിഗപരന്മാക്കും, വിരുന്നു നല്ലുകയും ചെയ്യാറുള്ളതു്, ഈ ഗ്യാലറിയിൽവെച്ചാകുന്നു. പതിനായിരത്തോളം പ്രശസ്താതിഥികൾ അവരവൎക്കു നിൎദ്ദേശിക്കപ്പെട്ട സ്ഥാനങ്ങളിൽ ഉപവിഷ്ടരാകുന്നു. വിരുന്നും, സംഗീതനൃത്തഘോഷങ്ങളും അവൎണ്ണനീയമായ ആഭാടത്തോടെ, പത്തോ പന്ത്രണ്ടോ ദിവസം നീണ്ടുനില്ക്കാറുണ്ടു്. ഓരോ മാന്യാതിഥിയും തന്റെ അന്തസ്സിനു യോജിച്ചവിധം വേഷഭൂഷിതനായിട്ടാണു് വരിക. ഈ മാർബിൾസൌധത്തിന്റെ പിൻഭാഗത്തു മറെറാരു മതിൽക്കെട്ടും, ശില്പമോഹനങ്ങളായ തൂണുകളാൽ വലയംചെയ്യപ്പെട്ട വൃത്താകൃതിയിലുള്ള ഒരു വെണ്ണക്കൽമാളികയും കാണാം. ശില്പകലാസൌകുമാര്യം വഴിഞ്ഞൊഴുകുന്ന ഈ മാർബിൾമന്ദിരത്തിൽ, രാജാവിന്നും, രാജ്ഞിക്കും വിശ്രമിക്കാനുള്ള പ്രത്യേകമുറികളുണ്ടു്. ഈ വൃത്തസൌധത്തിൽനിന്നു്, തടാകതീരംവരെ, പന്ത്രണ്ടടി വീതിയിൽ മേല്പുരയോടുകൂടിയ ഒരു നടപ്പുര നിൎമ്മിക്കപ്പെട്ടിരിക്കുന്നു. ഗ്യാലറിയുടെ ഇരുപാൎശ്വങ്ങളിലും പത്തു വെണ്മാടങ്ങൾ വീതം, സമദൂരത്തിലും, തുല്യാകൃതിയിലും പണിചെയ്യപ്പെട്ടിട്ടുണ്ടു്. ഇരുനിരകളിലേയും ഹൎമ്മ്യങ്ങൾ പരസ്പരാഭിമുഖമായി സ്ഥിതിചെയ്യുന്നു. ഓരോ കൊട്ടാരത്തിലും അൻപതു മുറികൾ വീതമുണ്ടു്. ഓരോ കൊട്ടാരത്തിനും, പ്രത്യേകം പൂന്തോട്ടവും, അരമതിലുകളുമുണ്ടു്. ഈ വെണ്മാടങ്ങളിൽ ഖാന്റെ 'ആയിരം' വെപ്പാട്ടിമാർ താമസിക്കുന്നു. ഖാൻ ഹർ, ചിലപ്പോൾ തന്റെ പട്ടമഹിഷിയോടുകൂടിയോ, മററു ചിലപ്പോൾ വെപ്പാട്ടിമാരോടൊന്നിച്ചോ, പള്ളിയോടങ്ങളിൽ കയറി, തടാകത്തിൽ വിനോദയാത്ര ചെയ്യാറുണ്ടു്. ചിലപ്പോൾ അവരൊന്നിച്ചു ദൈവദൎശനത്തിനായി ദ്വീപുകളിലേയ്ക്കും പോകും. 'കൊട്ടാരനഗരി'യുടെ മററു രണ്ടു ഭാഗങ്ങളും, ഉപവനങ്ങൾ, പൂങ്കാവുകൾ, യന്ത്രജലധാരകൾ, പഴത്തോട്ടങ്ങൾ തുടങ്ങിയവയാൽ നിറയപ്പെട്ടിരിക്കുന്നു. പലതരം വന്യമൃഗങ്ങൾ വളരുന്ന, ഒരു നായാട്ടുസങ്കേതവും ഇതിന്നുള്ളിലുണ്ടു്. ഇവിടെ ആൎക്കും പ്രവേശനമില്ല. രാജാവു കാമിനിമാരോടൊന്നിച്ചു്, രഥത്തിലോ,

12 *

കുതിരപ്പുറത്തോ ഉല്ലാസയാത്ര ചെയ്യുന്നു. വേട്ടനായ്ക്കളുടെ സഹായത്തോടെ, രാജാവുമൊരുമിച്ച് മൃഗയാവിനോദത്തിലേർപ്പെടുന്ന ഈ തരുണീമണികൾ ക്ഷീണിതരാകുമ്പോൾ, തടാകതീരത്തു സ്ഥിതിചെയ്യുന്ന, വള്ളിക്കുടിലുകളിൽ ചെന്നിരുന്നു വിശ്രമം കൊള്ളും. അവിടെ, തങ്ങളുടെ വസ്ത്രങ്ങളെല്ലാമഴിച്ചുവെച്ച്, പൂർണ്ണനഗ്നരായി, തടാകത്തിലെ മാർബിൾസ്നാനഘട്ടങ്ങളിലിറങ്ങി നീന്തുകയും, രാജാവിനോടൊന്നിച്ച് ജലക്രീഡ ചെയ്യുകയും ചെയ്യുന്നു. സ്നാനത്തിനുശേഷം, വീണ്ടും വേഷഭൂഷാദികളണിഞ്ഞ്, അവർ, രാജാവിനോടൊന്നിച്ച്, വള്ളിക്കുടിലുകളിലിരുന്ന്, ലഘുഭക്ഷണം കഴിക്കുന്നു. ഞാൻ, കചിൻസായ്നഗരത്തിൽ താമസിച്ചിരുന്ന കാലത്ത്, ഫാൻഫർരാജാവിന്റെ ഒരു ദീർഘകാലമിത്രവും, കൊട്ടാരത്തിലെ സർവ്വസംഗതികളും നേരിട്ടറിഞ്ഞിരുന്നവനുമായ ഒരു വർത്തകപ്രമാണി എന്നോടു വിസ്തരിച്ചു പറഞ്ഞതാണിതെല്ലാം. ഇപ്പോൾ, ഈ കൊട്ടാരത്തിൽ, കചിൻസായ്നഗരത്തിലെ ഗവർണ്ണരാണ് താമസിക്കുന്നത്. ഫാൻഫർ ഡർബാർ സമ്മേളനങ്ങൾ നടത്തിയിരുന്ന ഗ്യാലറികൾ, ഇന്നും കേടുകൂടാതെ നിലനില്ക്കുന്നുണ്ട്. പക്ഷേ കാമിനീസൌധങ്ങളെല്ലാം ജീർണ്ണിച്ച്, അനാഥാവസ്ഥയിൽ കിടക്കുകയാണ്. ഉപവനത്തേയും, പൂന്തോട്ടങ്ങളേയും വലയംചെയ്തിട്ടുള്ള മതിലുകളും തകർന്നു നിലംപൊത്തിയിട്ടുണ്ട്. ഇപ്പോൾ നായാട്ടുസങ്കേതം ശൂന്യമായി കിടക്കുകയാണ്. വൃക്ഷങ്ങളും നാസ്തി. രാജധാനിയുടെ എല്ലാ സൌന്ദര്യാഭോടങ്ങളും നശിച്ചിരിക്കുന്നു.

കചിൻസായ്നഗരത്തിൽനിന്നു 25 മൈൽ വടക്കുകിഴക്കോട്ടു പോയാൽ, സമുദ്രമായി. അവിടെ 'ഗിയാമ്പു' എന്ന ഒരു നല്ല തുറമുഖപട്ടണമുണ്ട്. ഇന്ത്യൻകപ്പലുകൾ ചരക്കുമായി വന്നെത്തുന്നത് അവിടെയാകുന്നു. ഞാൻ കചിൻസായിയിലായിരുന്നപ്പോൾ അവിടത്തെ ജനസംഖ്യയുടേയും, നികുതിവരുമാനത്തിന്റേയും കണക്കുകൾ മഹാനായ ഖാനു സമർപ്പിച്ചിരുന്നു. പതിനാറുലക്ഷം (16,00000) കുടുംബങ്ങൾ കചിൻസായിൽ താമസി

ക്കുന്നുണ്ടെന്നു രജിസ്റ്റർപ്രകാരം കാണുന്നു. നെസ്റ്റോറിയൻക്രസ്ത്യാനികളുടെ വക ഒരു പള്ളിയും ഞാൻ അവിടെ കണ്ടു. ഓരോ ഗൃഹനായകനും, തന്റെ വീടിന്റെ ഉമ്മറവാതിലിന്മേൽ, സ്ത്രീകളും പുരുഷന്മാരും കുട്ടികളുമടക്കമുള്ള തന്റെ കുടുംബാംഗങ്ങളുടെ മുഴുവൻ പേർവിവരവും എഴുതിവെച്ചിരിക്കണമെന്നാണ് നിയമം. അതുപോലെതന്നെ, കുതിരകളുടേയും, കന്നുകാലികളുടേയും എണ്ണവും, കൊല്ലംതോറുമുള്ള ജനനമരണക്കണക്കുകളും, അവിടെ രേഖപ്പെടുത്തിയിരിക്കണം. മാങ്കിയിലും, കാഥേയിലുമുള്ള എല്ലാ നഗരങ്ങളിലും, ഈ നിയമം നടപ്പിലുണ്ട്. അതുപോലെ സത്രങ്ങൾ നടത്തുന്നവർ, അതിഥികളുടെ പേരും, മേൽവിലാസവും, അവർ വന്നതും പോയതുമായ ദിവസങ്ങളും കുറിച്ചിട്ടുള്ള രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുണ്ട്. ഈ കണക്കുപുസ്തകങ്ങൾ, ഇടയ്ക്കിടയ്ക്ക്, നഗരഭരണകർത്താക്കളുടെ പരിശോധനയ്ക്കു വിധേയമാണ്. മാങ്കിസംസ്ഥാനത്തിൽ ശിശുക്കളെ സംരക്ഷിക്കാനാവാത്ത മാതാപിതാക്കന്മാർ, തങ്ങളുടെ കുട്ടികളെ പണക്കാർക്കു വില്ക്കുന്ന പതിവുണ്ട്. കപിൻസായ്നഗരത്തിൽനിന്നും, മഹാനായ ഖാനു കിട്ടുന്ന വാർഷികനികുതി, ബൃഹത്തായ മാങ്കിരാജ്യത്തുനിന്നു് ഒട്ടാകെ കിട്ടുന്ന നികുതിയുടെ ഒമ്പതിലൊന്നാകുന്നു. ഉപ്പുവ്യാപാരത്തിൽനിന്നാണ് ഏററവും വലിയ ആദായം കിട്ടുന്നതു്. കൊല്ലംതോറും എട്ടു 'തോമൻ' സ്വർണ്ണം വില വരുന്ന നികുതി ഉപ്പിൽനിന്നുതന്നെ കിട്ടുന്നുണ്ട്. ഒരു 'തോമൻ', 8,000 'ഡസീസ്' സ്വർണ്ണത്തിനു തുല്യമാണ്. ആറു ഷില്ലിംഗ് വിലയുള്ള ഒരു ഇററാലിയൻ സ്വർണ്ണനാണ്യമാണ് 'ഡസി'. അങ്ങിനെ കപിൻസായിൽനിന്നു കിട്ടുന്ന വാർഷികഉപ്പുനികുതി 64 ലക്ഷം 'ഡക്കററ്' അല്ലെങ്കിൽ. ഒരു ലക്ഷത്തിമുപ്പത്തീരായിരം(132000) പവനാകുന്നു. സമുദ്രസാമീപ്യമുള്ള ഈ സംസ്ഥാനത്തിലെ അനേകം തടാകങ്ങൾ വേനൽക്കാലത്തു വററിപ്പോകുന്നതിനാലാണ് ഇത്രയധികം ഉപ്പ് ഇവിടെ ഉണ്ടാകുന്നതു്. ചുററുപാടുമുള്ള അഞ്ചു സംസ്ഥാനങ്ങളുടെ ഉപ്പിന്റെ ആവശ്യം മുഴുവൻ നിറ

വേററുന്നതു് ഇവിടത്തെ ഉപ്പളങ്ങളാണു്. പഞ്ചസാരയും വൻതോതിൽ ഇവിടെയുണ്ടാക്കപ്പെടുന്നു. സുഗന്ധവസ്തുക്കൾപോലെ പഞ്ചസാരയും വിലയുള്ള ഒരു ഉപഭോഗ്യവസ്തുവാകുന്നു. മുൻപറഞ്ഞ പ്രധാനപ്പെട്ട പന്ത്രണ്ടു വ്യാപാരസംഘടനകളാണു്, ഇൗ ഉല്പന്നങ്ങൾ വാങ്ങി ശേഖരിച്ചു്, മൊത്തക്കച്ചവടം ചെയ്യുന്നതു്. ഇന്ത്യ തുടങ്ങിയ വിദൂരനാടുകളിൽനിന്നു്, ഉല്പന്നങ്ങൾ കൊണ്ടുവരുന്ന കച്ചവടക്കാർ വിലയുടെ പത്തിലൊന്നു് ഇവിടെ നികുതിയടയ്ക്കേണ്ടതുണ്ടു്. അതുപോലെ, ഇവിടെ വളരുന്ന ജന്തുക്കൾക്കും, സസ്യങ്ങൾ, ധാന്യങ്ങൾ, പട്ടുകൾ തുടങ്ങിയ ഉല്പന്നങ്ങൾക്കും, വ്യാപാരനികുതി ചുമത്തപ്പെട്ടിട്ടുണ്ടു്. കപിൻസായിൽ ഉപ്പുകൂടാതെ, മററു വസ്തുക്കളിൽനിന്നു ഖാനു കിട്ടുന്ന വാർഷികാദായം, 168 ലക്ഷം 'ഡക്കററ്' അല്ലെങ്കിൽ 3½ ലക്ഷം പവനാകുന്നു.

കപിൻസായിയിൽനിന്നു തെക്കുകിഴക്കോട്ടു്, ഗ്രാമങ്ങളും, തോട്ടങ്ങളും, വയലുകളും കണ്ടുകൊണ്ടു്, ഒരു ദിവസത്തെ വഴി പിന്നിട്ടാൽ, കപിൻസായിയുടെ അധികാരവലയത്തിൽപ്പെട്ട, 'തകിൻസു' എന്ന പട്ടണം കാണാം. അവിടെനിന്നു്, തെക്കുകിഴക്കോട്ടു വീണ്ടും മൂന്നുദിവസത്തെ യാത്ര ചെയ്യുക. വഴി മുഴുവൻ ജനബഹുലവും, ഫലസങ്കുലവുമായ പ്രദേശങ്ങളാണു്. ആ നാടു മുഴുവൻ ഒരു നീണ്ട നഗരമാണെന്നേ തോന്നൂ. ഇൗ പ്രദേശങ്ങളും കപിൻസായിയുടെ ഭരണത്തിൻകീഴിലാണു്. മുപ്പതടി നീളവും, നാലു കയ്യുത്തി വണ്ണവുമുള്ള ചൂരൽ, അവിടെ സമൃദ്ധിയായി വളരുന്നുണ്ടു്. രണ്ടുദിവസത്തെ വഴി പിന്നെയും പിന്നിട്ടാൽ, 'കങ്കു'യിനഗരമായി. അവിടന്നു തെക്കുകിഴക്കോട്ടുള്ള ഭാഗം മുഴുവൻ ജനനിബിഡമാണു്. ഇവിടെ ചെമ്മരിയാടുകൾ ഇല്ല. എന്നാൽ നീർനായ, ആടു്, പന്നി, പോത്തു് എന്നീ ജന്തുക്കൾ ധാരാളമുണ്ടു്. നാലുദിവസത്തെ വഴികൂടി തരണംചെയ്താൽ, 'സെങ്കിയാങ്''നഗരത്തിലെത്താം. ഒരു നദി രണ്ടു ശാഖകളായി പിരിയുന്നിടത്തുള്ള, ഒരു കുന്നിന്മേലാണു് ഇൗ നഗരം സ്ഥിതിചെയ്യുന്ന-

തു്. നദിയുടെ ഒരു ശാഖ, നഗരാതിൎത്തിയിലൂടെ തെക്കുകിഴക്കോട്ടും, മറേറതു നഗരത്തിൻെറ മറേറ അതിരിനെ സ്പൎശിച്ചുകൊണ്ടു വടക്കുകിഴക്കോട്ടും ഒഴുകുന്നു. ഈ നഗരവും കപിൻസായിയുടെ പരമാധികാരത്തിൽതന്നെ. ജനങ്ങൾ വ്യാപാരികളും ബിംബാൎച്ചനക്കാരുമാണു്. നാട്ടു് എല്ലാത്തരം കന്നുകാലികളാലും സമ്പന്നമാകുന്നു. ജനനിബിഡവും, പ്രകൃതിലാവണ്യം തുളുമ്പുന്നതുമായ ഒരു പ്രദേശത്തിലൂടെ മൂന്നുദിവസത്തെ സവാരികഴിഞ്ഞാൽ, 'ചിയു' എന്ന പ്രസിദ്ധനഗരിയിൽ നിങ്ങൾ എത്തിച്ചേരുന്നു. കപിൻസേസംസ്ഥാനത്തിലെ, തെക്കുകിഴക്കൻപ്രദേശത്തുള്ള അവസാനത്തെ നഗരമാകുന്നു ഇതു്. അതു തരണംചെയ്യുന്നതോടുകൂടി മാങ്കിരാജ്യത്തിലെ മറെറാരു സംസ്ഥാനത്തിലേയ്ക്കു നിങ്ങൾ പ്രവേശിക്കുകയായി—'കോഞ്ചോ'സംസ്ഥാനം. അവിടത്തെ പ്രധാനപട്ടണമാണു് 'ഫുഗീയു[1]'. ജന്തുക്കൾ നിറഞ്ഞ വനങ്ങളും, ജനബാഹുല്യമുള്ള ഗ്രാമങ്ങളും, കുന്നുകളും, താഴ്വരകളും താണ്ടി, തെക്കുകിഴക്കോട്ടു് ആറുദിവസത്തോളം നിങ്ങൾക്കു യാത്രചെയ്യേണ്ടിയിരിക്കുന്നു. വ്യാപാരികളും, ബിംബാൎച്ചനക്കാരുമായ, അവിടുത്തുകാരെല്ലാം ഖാൻെറ പ്രജകളാകുന്നു. ആ കാടുകളിൽ വലിയ സിംഹങ്ങളുണ്ടു്. ഇഞ്ചിയും മററു സുഗന്ധവസ്തുക്കളും വളരെ വ്യാപകമായ തോതിൽ, ഈ നാട്ടിൽ കൃഷിചെയ്യപ്പെടുന്നു. ഒരു 'വെനീസ്' രണ്ടണെ'ത്തുട്ടിനു്, എൺപതു(80)റാത്തൽ ഇഞ്ചി ഇവിടെ വാങ്ങാൻ കിട്ടും! ഒരു പ്രത്യേകതരം ചെടിയും ഈ പ്രദേശത്തു വളരുന്നുണ്ടു്. അതിൻെറ കായയ്ക്കു കുങ്കുമപ്പൂവിൻെറ ഗുണങ്ങളും, നിറവും, സുഗന്ധവുമുണ്ടു്. പക്ഷെ കുങ്കുമച്ചെടി അല്ലതാനും. അവിടത്തുകാർ, ഇറച്ചിക്കറികൾ പാകംചെയ്യുന്നതിനു്, ഇതിൻെറ കായകൾ ഉപയോഗിക്കുന്നു. സുഖക്കേടുകൂടാതെ മരിക്കുന്ന മനുഷ്യരുടെ മാംസവും അന്നാട്ടുകാർ ഭക്ഷിക്കാറുണ്ടു്. മററു മാംസങ്ങളേക്കാൾ മനുഷ്യമാംസം കൂടുതൽ രുചികരമാണെന്നു് അവർ പറയുന്നു. പോൎക്കളത്തിലേയ്ക്കു പോകുമ്പോൾ അവർ

---

2 ഫുചൌ.

മുഖക്ഷൌരം ചെയ്കയും മുഖത്തു നീലച്ചായം തേയ്ക്കുകയും ചെയ്യുന്നു. 'ക്യാപ്റ്റൻ' ഒഴികെ മററുള്ള ഭടന്മാരെല്ലാം പദയാത്രികരാണ്. ക്യാപ്റ്റൻമാത്രമേ കുതിരപ്പുറത്തു സഞ്ചരിക്കാറുള്ളു. അവർ യുദ്ധത്തിനു വാളും കുന്തവും ഉപയോഗിക്കുന്നു. അവർ അതിക്രൂരന്മാരും, വധിക്കപ്പെട്ട ശത്രുക്കളുടെ ചോര കുടിക്കുന്നവരുമാണ്. നരമാംസവും ഭുജിക്കും.

ആറുദിവസത്തെ വഴിക്കപ്പുറത്ത് 'കെ-ലിൻഫു[1]' എന്ന പട്ടണമുണ്ട്. അവിടെ 200-ൽ അധികം അടി നീളവും, പതിനാറടി വീതിയുമുള്ള മൂന്നു പാലങ്ങൾ ഉണ്ട്. സ്ത്രീകൾ സുന്ദരികളും, കൃശഗാത്രികളുമാണ്. പട്ടും പഞ്ഞിയും ധാരാളം. വ്യാപാരവും കൈവേലകളുമാണ് മുഖ്യതൊഴിലുകൾ. ഇഞ്ചി സമൃദ്ധിയായി വളരുന്നു. തൂവലുകളില്ലാത്തതും പൂച്ചയെപ്പോലെ രോമങ്ങളുള്ളതുമായ ഒരു പ്രത്യേകജാതി കോഴികൾ അവിടെയുണ്ടെന്നു പറയപ്പെടുന്നു. അവയുടെ മുട്ടകൾ ഭക്ഷിക്കാൻ കൊള്ളാമത്രേ. ഈ കോഴികളെപ്പററി എനിക്കു കേട്ടറിവല്ലാതെ, കണ്ടറിവില്ല. ഇതിലേക്കൂടിയുള്ള യാത്ര ദുർഘടപൂർണ്ണവും, ആപൽക്കരവുമാകുന്നു. മൂന്നുദിവസത്തെ സവാരികഴിഞ്ഞാൽ നിങ്ങൾ ജനനിബിഡമായ ഒരു നാട്ടിലെത്തുന്നു. അവരും ബിംബാരാധകന്മാരാണ്. ഇവിടേയും പട്ടുവ്യവസായത്തിനാണ് പ്രാമുഖ്യം. പ്രധാനനഗരമായ 'ഉൺഗ്യൂം' പഞ്ചസാരനിർമ്മാണത്തിനു പുകൾപെററതാണ്. പഞ്ചസാരയിൽ അധികഭാഗവും കംബാലുവിലേയ്ക്കാണ് കയററി അയയ്ക്കപ്പെടുന്നത്. ഖാൻെറ പ്രജകളാവുന്നതിനുമുമ്പ് ഇവിടത്തുകാർക്ക്, പഞ്ചസാരവ്യവസായം അഭിവൃദ്ധിപ്പെടുത്താനും, ആദായകരമായി നടത്താനും അറിവുണ്ടായിരുന്നില്ല. ഖാൻെറ കൊട്ടാരത്തിൽ സേവകന്മാരായിരുന്ന, ബാബിലോണിയാക്കാരാണ്, ചില പ്രത്യേകതരം മരങ്ങളുടെ വെണ്ണീർ ഉപയോഗിച്ച്, പഞ്ചസാര ശുദ്ധിചെയ്യാൻ അവരെ പഠിപ്പിച്ചത്. അന്നുവരെ

---

1 ഫൂകിൻസംസ്ഥാനം.

കരിമ്പിൻനീര വെറുതെ തിളപ്പിച്ച് കുറുക്കി കറുത്ത ശക്കരയു ണ്ടാക്കുകയായിരുന്നു അവരുടെ പതിവു്. 15 നാഴികയ്ക്കപ്പുറത്താണു്, 'കങ്കിയു'നഗരം. അതും കോഞ്ചാസംസ്ഥാനത്തിലാണു്. ദേശരക്ഷയ്ക്കായി, ഖാൻ ഇവിടെ ഒരു കാവൽസേനയെ പാപ്പിച്ചിട്ടുണ്ടു്. ഏകദേശം ഒരുമൈൽ വീതിയുള്ള ഒരു വലിയ നദി ഈ പട്ടണത്തിലൂടെ ഒഴുകുന്നു. പഞ്ചസാര തുടങ്ങിയ ചരക്കുകൾ കയററി, അനേകം കപ്പലുകൾ, ഈ നടിയിലൂടെ പ്രയാണംചെയ്യുന്നു. ഇതിൻെറ ഇരുഭാഗത്തും സുഗന്ധംവീശുന്ന കപ്പൂരച്ചെടികൾ വളന്നു കാററിലാടി നില്ക്കുന്നു. തെക്കുകിഴക്കോട്ടു വീണ്ടും അഞ്ചുനാളത്തെ യാത്രകഴിഞ്ഞു്, 'സെയ്ററൺ' എന്ന തുറമുഖപട്ടണത്തിന്നടുത്തുവെച്ചാണു്, ഈ നദി സമുദ്രത്തിൽ പതിക്കുന്നതു്. ഈ രാജ്യത്തേയ്ക്കുള്ള ഇന്ത്യൻവ്യാപാരക്കപ്പലുകൾ, വന്നടുക്കുന്നതും ഈ തുറമുഖത്തിലാകുന്നു. 'സെയ്ററൺ' [1] എല്ലാംകൊണ്ടും പ്രസിദ്ധമായ ഒരു തുറമുഖംതന്നെ. ഇന്ത്യയിൽനിന്നു്, ഇവിടേയ്ക്കു വലിയ അളവിൽ കുരുമുളകു കൊണ്ടുവരപ്പെടുന്നു. 'അലക്സാൺട്രിയാ'വഴിക്കു്, പാശ്ചാത്യനാടുകളിലെത്തുന്ന കുരുമുളകു് ഇവിടെ വരുന്നതിനോടു തട്ടിച്ചുനോക്കുമ്പോൾ തുലോം തുച്ഛമാകുന്നു. 'സെയ്ററൺ'തുറമുഖത്തെത്തുന്ന കുരുമുളകിൻെറ ഒരു ശതമാനാമാത്രമേ പടിഞ്ഞാറൻനാടുകളിൽ എത്തുന്നുള്ളു. ഇവിടെ വന്നും പോയുമിരിക്കുന്ന വ്യാപാരികളുടെ എണ്ണം അളവററതാണു്. ലോകോത്തരങ്ങളായ തുറമുഖങ്ങളിലൊന്നാണു്, 'സെയ്ററൺ'. ആനക്കൊമ്പു്, കുരുമുളകു്, ചന്ദനം ഇവ ഒഴിച്ചുള്ള ഉൽപ്പന്നങ്ങളുടെ വില്പനവിലയിൽ പത്തിലൊന്നു ചുങ്കംവാങ്ങുന്ന ഖാനു്, ഈ തുറമുഖം ഏററവും വലിയ സമ്പാദ്യമാകുന്നു.[2] കപ്പലുകളുടെ വാടകയായി ഒരു വലിയ തുക നാട്ടുകാർ വിദേശീയക്കു കൊ

1 അമോയ്തുറമുഖം.

2 വില്പനവിലയിൽ കുരുമുളകിനു് 44, ചന്ദനം, ആനക്കൊമ്പു് എന്നിവയ്ക്കു 40 ശതമാനം നികുതി പിരിച്ചിരുന്നു.

ടുക്കുന്നുണ്ടെങ്കിലും, ഈ സമുദ്രവ്യാപാരം അവൎക്കു് എല്ലാംകൊണ്ടും ആദായകരമാണു്. സുഖജീവിതത്തിൽ മുഴുകിയിരിക്കുന്ന ഇവിടത്തെ നാട്ടുകാർ വിഗ്രഹാരാധനക്കാരാകുന്നു. തുന്നൽവേലകളിലും, ചിത്രകംബളങ്ങൾ നെയ്യുന്നതിലും, നിപുണരായ അനേകം കൈത്തൊഴിൽക്കാർ അവിടെയുണ്ടു്. അവിടെക്കൂടി ഒഴുകുന്ന നദി വീതിയും, വേഗതയുമുള്ളതാകുന്നു. നദിയുടെ ഒരു ശാഖ കപീൻസായ്‌വഴിക്കാണു് ഒഴുകുന്നതു്. നദി രണ്ടായി പിരിയുന്നിടത്തുള്ള 'ടിൻഗപീയീ'നഗരം, ചീനപ്പിഞ്ഞാണനിൎമ്മാണത്തിനു കേളികേട്ടതാണു്. അവിടെയുള്ള ഒരു പ്രത്യേകജാതി മണ്ണു കിളച്ചെടുത്തു്, അന്നാട്ടുകാർ തുറസ്സായ സ്ഥലത്തു്, കുന്നുപോലെ കൂട്ടുന്നു. മുപ്പതും നാല്പതുംകൊല്ലത്തോളം പലതരം കാലാവസ്ഥകളേററു്, ഇളക്കിമറിക്കപ്പെടാതെ കിടക്കുന്ന ഈ മണ്ണു്,[1] ദീൎഘകാലംകൊണ്ടു സ്വയം മാർദ്ദവപ്പെടുമ്പോൾ, അവർ ആ മണ്ണു വീണ്ടും അരച്ചു മൃദുതരമാക്കി, പലതരം പിഞ്ഞാണങ്ങളും, ഭരണികളും, കപ്പുകളും ഉണ്ടാക്കി ചൂളയിൽവെയ്ക്കുന്നു. അതിനുശേഷം അവയ്ക്കു ചായംകൊടുത്തു്, പലവൎണ്ണത്തിലും, ആകൃതിയിലുമുള്ള ചിത്രങ്ങൾകൊണ്ടു് അവയെ അലങ്കരിക്കുന്നു. ഒരു വെനീസ്‌്രണ്ടണത്തുട്ടിനു്, ഇത്തരം കലാസുഭഗങ്ങളായ എട്ടു ചീനപ്പിഞ്ഞാണങ്ങൾ അവിടെ നിങ്ങൾക്കു വാങ്ങാൻ കഴിയും. 'കപീൻസായ്', 'കോഞ്ചാ' എന്നീ രണ്ടു സംസ്ഥാനങ്ങളിലും, ഞാൻ പലപ്പോഴും താമസിച്ചിട്ടുണ്ടു്. മാങ്കിരാജ്യത്തിലെ, മററുള്ള ഒൻപതു സംസ്ഥാനങ്ങളിൽ, പ്രാദേശികഭേദങ്ങളോടുകൂടിയ പല വായ്മൊഴികളുമുണ്ടു്. പക്ഷേ അവയ്ക്കെല്ലാം വരമൊഴി ഒന്നുതന്നെ.

---

1 ചീനക്കളിമണ്ണു്.

# അദ്ധ്യായം പതിനേഴ്

[ഇന്ത്യൻ കപ്പലുകൾ; സിപ്പാൻഗോദ്വീപ്[1]; അതിനെ കീഴടക്കാൻ താർത്തരികൾ ചെയ്ത പമിശ്രമങ്ങളും പരാജയവും.]

സിപ്പാൻഗോവിനെപ്പററി പറയുംമുമ്പ്, മാങ്കിരാജ്യതീരത്തും 'കാഥേ'തീരത്തും സാധാരണ വന്നടുക്കാറുള്ള ഇന്ത്യൻകപ്പലുകളെപ്പററി ചിലതു പ്രസ്താവിച്ചുകൊള്ളട്ടെ. ദേവദാരുമരത്തിൽ ഒററത്തട്ടായി പണിചെയ്തിട്ടുള്ള ഈ കപ്പലുകളിൽ, ഓരോ വ്യാപാരിക്കും ഓരോ മുറിയെന്ന കണക്കിൽ ഇരുപതോളം മുറികളുണ്ടു്. നല്ല ഒരു ചുക്കാനും, കാററുപായയോടുകൂടിയ നാലു പാമരങ്ങളും, സൌകര്യംപോലെ ഉറപ്പിക്കാവുന്നതും ഇളക്കിമാററാവുന്നതുമായ വേറെ രണ്ടു പാമരങ്ങളും ഈ കപ്പലുകൾക്കുണ്ടു്. ചില വലിയ കപ്പലുകൾക്കു്, ഉള്ളിൽ വേറെ പതിമൂന്നു് ഉള്ളറകൾകൂടി ഉണ്ടായിരിക്കും. ഓരോ കള്ളിയും, വെള്ളം തെല്ലും കടക്കാനാകാത്ത വിധത്തിൽ, നിരപ്പലകകൾകൊണ്ടു ഭദ്രമായി വേർതിരിക്കപ്പെട്ടിരിക്കുന്നു. അതിനാൽ തിമിംഗലം അടിച്ചോ, പാറമേൽ തട്ടിയോ, കപ്പലിന്റെ ഏതെങ്കിലും ഭാഗം പൊളിഞ്ഞു വെള്ളം കയറിയാൽ, ആ വെള്ളം മററു മുറികളിലേക്കു പ്രവേശിക്കുകയില്ല. അങ്ങിനെ സുരക്ഷിതങ്ങളായ മുറികളിലിരുന്നു്, കപ്പലിന്റെ തകർന്ന ഭാഗം കേടുപാടു തീർക്കാൻ അവരുടെ കപ്പലുകളിൽ സൌകര്യമുണ്ടു്. കപ്പലിന്റെ പലകകൾ, ഒന്നിന്റെ പകുതിയിൽ വേറൊന്നു് എന്നവണ്ണം ചേർത്തുറപ്പിച്ചു്, ചകിരിനാരു പിരിച്ചുണ്ടാക്കിയ ബലവും ഈടുമുള്ള കയറുകളാൽ, അവയെ ഭംഗിയായി തുളച്ചുകോർത്തു ബന്ധിക്കുകയും, ഇരുമ്പാണികൾ തറച്ചു് അവയെ ഉറപ്പിക്കുകയും ചെയ്തിരിക്കു

---

1. 'ജപ്പാൻ'രാജ്യമാകുന്നു, 'സിപ്പാൻഗോ' എന്ന പേരുകൊണ്ടു മാർക്കൊ അർത്ഥമാക്കുന്നതു്.

ന്നു. പക്ഷേ ടാറോ കീലോ ഉപയോഗിച്ചല്ല, പലകപ്പൊഴികളും, തുന്നൽപ്പഴുതുകളും അടച്ചിരിക്കുന്നതു്. എന്തെന്നാൽ അവക്കു് അതല്ല പരിചയം. അവർ ഒരു പ്രത്യേകജാതി മരയെണ്ണയും, ചുണ്ണാമ്പും, ഇടിച്ച പതംവരുത്തിയ ചണനാരും ചേർത്തു് ഒരുതരം കട്ടിയുള്ള ലേപനവസ്തുവുണ്ടാക്കുന്നു. കീലിനേക്കാൾ ഭംഗിയായി പഴുതടയ്ക്കുവാൻ ഈ സാധനം ഉപകരിക്കുന്നുണ്ടു്. വലിയ കപ്പലുകളിൽ മുന്നൂറും, ചെറുതിൽ ഇരുന്നൂറും, ചിലതിൽ അൻപതും യാത്രക്കാരാണുണ്ടാവുക. വലിപ്പവും കേവുഭാരവുമനുസരിച്ചു് അയ്യായിരവും, ആറായിരവും ചാക്കു കുരുമുളകു കയററുന്ന കപ്പലുകൾ അവക്കുണ്ടു്. മുമ്പു് ഇതിലും വലിയ കപ്പലുകൾ അവർ കൊണ്ടുവന്നിരുന്നുവത്രേ. എന്നാൽ മാങ്കിതീരക്കടലിൽ ആഴം കുറയുകയും ദ്വീപുകൾ പൊന്തുകയും ചെയ്തതിനാൽ വലിയ കപ്പലുകളുടെ സഞ്ചാരസൌകര്യം കുറഞ്ഞുപോയി. അന്നുമുതലാണു് ഇവർ താരതമ്യേന ചെറിയ കപ്പലുകൾ കൊണ്ടുവരാൻ തുടങ്ങിയതു്. ഈ കപ്പലുകളിൽ അവർ തണ്ടുവെച്ച പങ്കായങ്ങളും ഉപയോഗിക്കുന്നുണ്ടു്. ഒരു തണ്ടിനു്, നാലു വലിക്കാർ എന്നാണു് കണക്കു്. ചില കൂററൻ കപ്പലുകൾക്കുള്ളിൽ, ആയിരമോ രണ്ടായിരമോ ചാക്കു കുരുമുളകു കയററാവുന്ന മൂന്നോ നാലോ പത്തേമ്മാരികൾ ഉണ്ടായിരിക്കും. ഈ പത്തേമ്മാരികൾ, ചിലപ്പോൾ, വലിയ കപ്പലുകളെ കയറുകെട്ടി വലിച്ചുകൊണ്ടു പോകാനും സഹായിക്കും. മത്സ്യംപിടിക്കുന്നതിനും മററും ഉപയോഗപ്പെടുന്ന പത്തു തോണികൾ വലിയ കപ്പലുകളുടെ പള്ളകളിൽ കെട്ടിയിട്ടിരിക്കും. ആവശ്യമുള്ളപ്പോൾ നാവികർ അവയഴിച്ചു വെള്ളത്തിലിറക്കുന്നു. ഒരു കൊല്ലത്തെ ഉപയോഗംകഴിഞ്ഞാൽ, പുതിയ പലകകൾകൊണ്ടു്, പഴയ കപ്പലിനെ പൊതിയുന്ന സമ്പ്രദായം അവക്കുണ്ടു്. കൊല്ലംതോറും ഒന്നിനുമീതെ ഒന്നായി ചിലപ്പോൾ ഇത്തരം അഞ്ചും ആറും അട്ടികൾവരെ അവർ കപ്പലുകളെ പൊതിയാറുണ്ടു്. അതിനുശേഷം കപ്പലുകൾ ആകെ പൊളിച്ചു പുതുക്കിപ്പണിയുന്നു.

കപ്പലുകളെപ്പററി ഇത്രയും പറഞ്ഞുകൊണ്ടു്, ഇന്ത്യയെപ്പററിയുള്ള വിവരണങ്ങൾക്കുമുമ്പായി ചില ദ്വീപുകളെപ്പററി പരാമശിക്കേണ്ടിയിരിക്കുന്നു.

സിപ്പാൻഗോ, അഥവാ ജപ്പാൻ, കിഴക്കൻസമുദ്രത്തിലുള്ള ഒരു ദ്വീപാകുന്നു. മാങ്കിരാജ്യത്തിൻെറ തീരത്തുനിന്നു്, 1500 മൈൽ ദൂരമുണ്ടു്, ഈ മഹാദ്വീപിലേക്കു്. അവിടത്തുകാർ വെള്ളനിറത്തോടുകൂടിയവരും, ശാന്തശീലരും വിഗ്രഹാരാധകന്മാരുമാണു്. അവക്കു സ്വന്തമായി ഒരു രാജാവുണ്ടു്. അവിടെ സ്വണ്ണം വിലയില്ലാത്ത ഒരു വസ്തുവായി, കുന്നുകൂടിക്കിടക്കുകയാണു്. സ്വണ്ണം കയററുമതി ചെയ്യാൻ അവിടത്തെ രാജാവു് അനുവദിക്കാത്തതുകൊണ്ടു്, വിദേശവ്യാപാരികൾ അവിടെ ചെല്ലുന്നില്ല. നമ്മുടെ നാട്ടിൽ പള്ളികളുടെ ഭിത്തികൾ, ഈയംകൊണ്ടു പൊതിയുംപോലെ ജപ്പാനിൽ, രാജാവിൻെറ കൊട്ടാരംമുഴുവൻ സ്വണ്ണത്തകിടുകൊണ്ടു പൊതിയപ്പെട്ടിട്ടുണ്ടെന്നാണു്, ആ നാട്ടിൽ പോയിവന്ന ചിലർ പറയുന്നതു്. ജനാലകൾ തങ്കംപൂശിയവയും, നിലങ്ങൾ സ്വണ്ണത്തകിടു പതിച്ചവയുമാണത്രേ. മുത്തുകളും അവിടെ സുലഭമാണു്. ഇവിടത്തെ സമ്പൽസമൃദ്ധിയുടെ പ്രസിദ്ധി കേട്ടറിഞ്ഞ കുബ്ളൈഖാൻ, ആ രാജ്യം പിടിച്ചടക്കാൻവേണ്ടി, 'അബാക്ക' എന്നും 'പെൻസാൻതിൻ' എന്നും പേരുള്ള രണ്ടു സേനാധിപന്മാരെ, ഒരു വമ്പിച്ച നാവികസേനയുടെ പിൻബലത്തോടെ അങ്ങോട്ടയയ്ക്കുകയുണ്ടായി. 'സെയ്റാൺ', 'കിൻസായ്' എന്നീ പട്ടണങ്ങളിൽനിന്നു പുറപ്പെട്ടു്, അവർ ജപ്പാനിലെത്തി. പക്ഷേ സേനാധിപന്മാർ തമ്മിലുണ്ടായ കലഹംനിമിത്തം, അവക്കു് ഒരു നഗരംമാത്രമേ കീഴടക്കാൻ കഴിഞ്ഞുള്ളു. എട്ടുപേരെയൊഴിച്ചു്, കിട്ടിയവരെയെല്ലാം അവർ ശിരച്ഛേദംചെയ്തു. ആ എട്ടുപേർ മാന്ത്രികശക്തിയുള്ള ഒരു രത്നം തങ്ങളുടെ വലംകയ്യു കീറി അതിൻെറ മാംസപേശികൾക്കുള്ളിൽ സൂക്ഷിച്ചിരുന്നതിനാൽ, ഇരുമ്പായുധങ്ങൾ ഉപയോഗിച്ചു് അവരെ ആക്കും വധിക്കാൻ കഴിയുമായിരുന്നില്ല. അതിനാൽ മരം

കൊണ്ടുള്ള ഗദകൾ ഉപയോഗിച്ചാണു്, അവരെ ശത്രുക്കൾ ഒടുവിൽ വധിച്ചതു്. മടക്കയാത്രയിൽ ഇവരുടെ കപ്പലുകൾ ഒരു വടക്കൻകാററിൽപ്പെട്ടു്, നട്ടംതിരിയുകയും, കുറെ കപ്പലുകളും, സൈന്യവും നശിക്കുകയും ചെയ്തു. ഈ സേനാധിപന്മാർ രണ്ടുപേരും, ശേഷിച്ച ഭടന്മാരും എങ്ങിനെയോ രക്ഷപ്പെട്ടു വളരെ ക്ലേശിച്ചു നാട്ടിൽ മടങ്ങിയെത്തി. തകൎന്ന കപ്പലുകളുടെ പലകമേൽ പിടിച്ചുനീന്തി, വളരെ താത്താറിഭടന്മാർ, ജപ്പാനിൽനിന്നും നാലുമൈൽ അകലെയുള്ള ഒരു ഏകാന്തദ്വീപിൽ ചെന്നടിഞ്ഞു. ആഹാരമോ, ആത്മരക്ഷക്കു വേണ്ട ഉപകരണങ്ങളോ ഒന്നുമില്ലാതെ, ഇങ്ങനെ ഏതാണ്ടു മുപ്പതിനായിരം ഭടന്മാർ, ആ ദ്വീപിൽ നരകിച്ചു. കൊടുങ്കാററു് അടങ്ങിയപ്പോൾ, ജപ്പാൻകാർ കപ്പലുകളുമായി, ഈ ദ്വീപിൽ വന്നെത്തി. താത്താറികളോടു പ്രതികാരം ചെയ്യാനാണു് അവർ വന്നതു്. പക്ഷേ ജപ്പാൻഭടന്മാർ എതിരാളികളെ അന്വേഷിച്ചു്, ആ ദ്വീപിൽ അങ്ങുമിങ്ങും നടക്കുന്നതിന്നിടക്കു് അവരുടെ വരവു കടലിൽ ദൂരെ വെച്ചുതന്നെ കണ്ടറിഞ്ഞ, താത്താറിഭടന്മാർ, രക്ഷപ്പെടുവാൻ പല തന്ത്രങ്ങളും ആലോചിച്ചുതുടങ്ങി. ജപ്പാൻകാർ, തീരത്തു കെട്ടിയിട്ടിരുന്ന കപ്പലുകളിൽ, താത്താറികൾ സൂത്രത്തിൽ കയറിക്കൂടി, 'സിപ്പാൻഗോ'വിലെ പ്രധാനതുറമുഖത്തെത്തിച്ചേൎന്നു. ആ പട്ടണത്തിൽ, അധികവും സ്ത്രീകളെയാണു് അവർ കണ്ടതു്. പുരുഷന്മാർ, നാവികയുദ്ധത്തിനു്, ഇറങ്ങിയിരിക്കുകയാണല്ലോ. പക്ഷേ ആഗതന്മാരുടെ ശരിയായ വിവരങ്ങളറിഞ്ഞയുടൻ, ജപ്പാൻരാജാവിൻെറ സൈന്യം, അവരെ വളഞ്ഞാക്രമിച്ചു. ആറു മാസത്തോളം നിഷ്ഫലമായി പൊരുതിയശേഷം, ഗത്യന്തരമില്ലാതെ താത്താറികൾ, ജപ്പാൻരാജാവിനു കീഴടങ്ങി. ഈ സംഭവം എ. ഡി. 1264-ൽ ആകുന്നു.

മഹാനായ ഖാൻ, തൻെറ സേനാധിപന്മാരുടെ നിരുത്തരവാദപരമായ പെരുമാററത്തിനു്, അവൎക്കു തക്കതായ ശിക്ഷ നല്കി. ഒരുവനെ ശിരച്ഛേദം ചെയ്തു. മറെറയാൾക്കു് അനുഭവിക്കേ

ണ്ടിവന്ന യാതന ഇതിലും കഠിനമായിരുന്നു. കാട്ടുപോത്തിന്റെ തോൽ, പച്ചയോടെ ഉരിഞ്ഞെടുത്തു്, കുററവാളികളുടെ മേൽ പൊതിഞ്ഞു വലിച്ചു തുന്നുകയും, തോൽ ഉണങ്ങി ചുക്കിച്ചുളിയുന്തോറും, കുററവാളി അസഹ്യമായ വേദനയനുഭവിച്ചു്, ഇഞ്ചിഞ്ചായി ഞെരിഞ്ഞു മരിക്കുകയും ചെയ്യുന്ന, ഒരു ക്രൂരവും പൈശാചികവുമായ ശിക്ഷാക്രമം നിലവിലുള്ള 'സെർഗാ'ദ്വീപിലേയ്ക്കാണു് രണ്ടാമൻ നാടുകടത്തപ്പെട്ടതു്. പശു, പന്നി, നായ എന്നിവയുടെ ശീർഷങ്ങളോ, ഒന്നിലധികം മുഖങ്ങളും, അനേകം കൈകളുമുള്ള ഭീകരരൂപങ്ങളോ ആകുന്നു, ഈ ദ്വീപുകാരുടെ വിഗ്രഹങ്ങൾ. പൂർവ്വികന്മാർ പറഞ്ഞതിനെ വിശ്വസിച്ചു്, ഇത്തരം വിഗ്രഹങ്ങൾക്കു വലിയ ദിവ്യശക്തി സങ്കല്പിച്ചു്, അവർ പരമഭക്തിയോടെ അവയെ ആരാധിക്കുന്നു. മൃതിയടഞ്ഞ ശത്രുക്കളുടെ മാംസം, രുചികരമായ ഭക്ഷണമായി അവർ പരിഗണിക്കുന്നുണ്ടെന്നാണു് പറഞ്ഞുകേൾക്കുന്നതു്. മാങ്കിരാജ്യത്തിന്നഭിമുഖമായി, ഈ ദ്വീപിനെ ചുററിക്കിടക്കുന്ന കടലിന്റെ പേർ, സീൻ അല്ലെങ്കിൽ 'ചീൻ'[1] കടൽ എന്നാകുന്നു. ദ്വീപുവാസികളുടെ ഭാഷയിൽ, 'മാങ്കി'ക്കു 'ചീന'യെന്നാണു് പറയപ്പെടുന്നതു്. ഇവിടെ സഞ്ചരിച്ചു പരിചയമുള്ള വിദഗ്ദ്ധനാവികർ പറയുന്നതു്, ഈ കടൽ വളരെ വിസ്തൃതമാണെന്നാകുന്നു. ഈ കടലിലൊട്ടാകെ 7440 ദ്വീപുകളുണ്ടെന്നു കേൾക്കുന്നു. മിക്ക ദ്വീപുകളും മനുഷ്യവാസമുള്ളതാണു്. സുഗന്ധം പൊഴിക്കാത്ത ഒരു വൃക്ഷവും, ഈ ദ്വീപുകളിൽ വളരുന്നില്ല. പലതരം സുഗന്ധവസ്തുക്കൾ, പ്രത്യേകിച്ചും 'അകില്', കറുത്തതും വെളുത്തതുമായ കുരുമുളകു് എന്നിവയും സമൃദ്ധിയായി ഇവിടെ വളരുന്നുണ്ടു്. സെയ്ററണിലെ കപ്പലുകൾ ഒരു കൊല്ലത്തോളം തുടർച്ചയായി കടലിൽ സഞ്ചരിച്ചുകൊണ്ടിരിക്കും. ശീതകാലത്തിൽ പുറപ്പെട്ടു്, വേനൽമധ്യത്തിൽ അവ തിരിച്ചെത്തുകയാണു്, പതിവു്. കാലാ

1. ചീനക്കടൽ

വസ്ഥാഭേദങ്ങളെ സൂചിപ്പിക്കുന്ന രണ്ടുതരം വാണിജ്യവാതകങ്ങൾ (കച്ചവടക്കാററുകൾ) ഇവിടെ വീശുന്നു. ഈ ദ്വീപുകൾ ഇന്ത്യയിൽനിന്നും വളരെ വിദൂരസ്ഥങ്ങളാണു്. ഇവയെപ്പററി ഞാൻ അധികം വിസ്തരിക്കാൻ ആളല്ല. എന്തെന്നാൽ, ഞാൻ ഈ ദ്വീപുകൾ സന്ദശിച്ചിട്ടില്ല. ആ നാട്ടുകാർ ഖാൻെറ പ്രജകളുമല്ല. അതിനാൽ ഞാൻ 'സെയ്റററ'ണിലേയ്ക്കുതന്നെ തിരിച്ചുപോകുന്നു. മാങ്കിരാജ്യത്തിൻെറ തെക്കുകിഴക്കൻതീരത്തിനോടു ചേന്നു്, അവിടെനിന്നും വടക്കോട്ടു രണ്ടുമാസത്തെ യാത്രയോളം നീണ്ടുകിടക്കുന്ന 'ചൈനാൻ'ഉൾക്കടൽ തരണം ചെയ്തശേഷം, നേരെ തെക്കുപടിഞ്ഞാറോട്ടു 1500-മൈൽ കപ്പൽയാത്ര ചെയ്യുക. ഈ കടൽയാത്രയിൽ ഏറെക്കുറെ ജനവാസമുള്ള എണ്ണമററ ദ്വീപുകൾ ദൃഷ്ടിയിൽപ്പെടുന്നു. ഇവിടെയെല്ലാം സ്വർണ്ണം അളവററ തോതിൽ വിളയുന്നു. ദ്വീപുകാർ, പരസ്പരം വാണിജ്യബന്ധങ്ങൾ നിലനിത്തിപ്പോരുന്നു.

---

# അദ്ധ്യായം പതിനെട്ടു്

[പൂവ്വേന്ത്യാദ്വീപുകളിലെ വിഭിന്നരാജ്യങ്ങൾ, സംസ്ഥാനങ്ങൾ, നഗരങ്ങൾ എന്നിവയെപ്പററി സമഗ്രമായ ഒരു വിവരണം.]

മേൽപ്പറഞ്ഞ കടൽയാത്ര അഭൂതപൂവ്വമായ ഒരനുഭവമായിരിക്കും. ഈ ഉൾക്കടലിലൂടെ 1500 മൈൽ യാത്രചെയ്താൽ 'സിയാംബാ'[1] രാജ്യത്തെത്തുന്നു. വിഗ്രഹാരാധകന്മാരായ അവിടത്തുകാക്കു സ്വന്തം ഭാഷയുണ്ടു്. ഒരു രാജാവുമുണ്ടു്. ഇവർ മഹാനായ ഖാനു്, കൊല്ലംതോറും ഇരുപതു കൊമ്പനാനകളേയും, വലിയ അളവിൽ, വാസനയുള്ള 'അകിൽ'പ്പൊടിയേയും കപ്പമായി നല്കുന്നു. ഈ ദ്വീപിലെ സമ്പത്തുകളെപ്പററി കേട്ടറിഞ്ഞ ഖാൻ,

---

1. ചമ്പാ—ദക്ഷിണ അന്നാം.

ഈ രാജ്യം കീഴടക്കാനായി, 1278-ൽ, 'സഗാട്ടു' എന്ന സേനാധിപൻെറ നേതൃത്വത്തിൽ ഒരു സേനയെ അയച്ചു. ദ്വീപിലെ, വൃദ്ധനും ദുർബ്ബലനുമായ 'അക്കാംബേററ്'രാജാവ്, എതിരിടാൻ നില്ക്കാതെ, മുൻപറഞ്ഞ കപ്പങ്ങൾ നല്കി, ഖാൻെറ സാമന്തനായിരിക്കാൻ സമ്മതിച്ചു.[1] വളരെ വിലപിടിച്ച ഒരു വിശേഷതരം 'കരിമരം' അവിടെ സമൃദ്ധിയായി വളരുന്നു. ആ ദ്വീപിൽനിന്നു തെക്കുകിഴക്കമായി, വീണ്ടും 1500 മൈൽ കപ്പൽയാത്ര ചെയ്താൽ 'ജാവാ'ദ്വീപിലെത്താം. മൂവ്വായിരം മൈലോളം ചുററളവുള്ള ഈ 'ജാവ' സമുദ്രയാത്രക്കാരുടെ ഇന്നത്തെ വിശ്വാസപ്രകാരം ലോകത്തിൽവെച്ച് ഏററവും വലിയ ദ്വീപാകുന്നു. മററാക്കും കപ്പം കൊടുക്കാത്ത ഒരു പരമാധികാരമുള്ള രാജാവാണ്, അവിടെയുള്ളത്. യാത്രയുടെ ദൈർഘ്യവും, ആപത്തും ആലോചിച്ച്, ഖാൻപോലും ആ ദ്വീപു കീഴടക്കാൻ ശ്രമിച്ചിട്ടില്ല. സെയ്ററണിലേയും, മാങ്കിയിലേയും കച്ചവടക്കാർ ഈ ദ്വീപിൽനിന്നു സ്വർണ്ണവും, സുഗന്ധദ്രവ്യങ്ങളും ധാരാളമായി കൊണ്ടുവരുന്നു. ചമ്പയിൽനിന്നു 600 മൈൽ തെക്കും, തെക്കുപടിഞ്ഞാറുമായി രണ്ടു ദ്വീപുകൾ കിടക്കുന്നു—'സോണ്ടൂർ' എന്ന വൻദ്വീപും, 'കോണ്ടൂർ' എന്ന ചെറിയ ദ്വീപും. രണ്ടും ജനവാസം കുറഞ്ഞ പ്രദേശങ്ങളാണ്. ഈ ദ്വീപുകളിൽനിന്നു 500 മൈൽ തെക്കുകിഴക്കായി സമ്പന്നവും പ്രശസ്തവുമായ 'ലോക്കെ'[2]സംസ്ഥാനം കിടക്കുന്നു. അവിടത്തെ ജനങ്ങൾക്കു സ്വന്തം ഭാഷയും, രാജാവും, വിഗ്രഹാരാധനയുമുണ്ട്. സ്വർണ്ണം, ആനയടക്കമുള്ള വന്യമൃഗങ്ങൾ, 'ചപ്പങ്ങമരം' (Brazil wood), ചെറുനാരങ്ങയോളം വലിപ്പവും, നല്ല സ്വാദുമുള്ള 'ബെഷ്വിയാസ്' (Bercias) പഴങ്ങൾ ഇവയെല്ലാമാകുന്നു ഇവിടത്തെ സമ്പത്തു

1. "1285-ൽ ഞാൻ ഇവിടം സന്ദർശിച്ചു. അന്നത്തെ രാജാവിനു 326 മക്കളുണ്ടായിരുന്നു"—മാർക്കോ.

2. മലയാ.

കൾ. അധികവും അപരിഷ്കൃതമായ മലമ്പ്രദേശമാണ്. തൻെറ രാജ്യം അന്യർ ആക്രമിക്കാതേയും അറിയാതേയുമിരിക്കാൻവേണ്ടി ആ രാജാവു്, വിദേശികളെയാരേയും, തൻെറ രാജ്യത്തു കടക്കാൻ അനുവദിക്കുന്നില്ല. ചില ദിക്കിൽ നാണ്യങ്ങൾക്കു പകരം ഉപയോഗിക്കപ്പെടുന്ന കവിടികൾ വലിയതോതിൽ ഇവിടെനിന്നും കയററിഅയയ്ക്കപ്പെടുന്നു. 'ലോക്കേ'യിൽനിന്നു 500 മൈൽ തെക്കായി 'പെന്തൻ'[1] എന്ന ഒരു കിരാതനാടുണ്ടു്. മധുരഫലങ്ങൾ വിളയുന്ന പലജാതി വൃക്ഷങ്ങൾ ഇവിടത്തെ കാടുകളിലുണ്ടു്. 24 അടിയിൽ കൂടുതൽ ആഴമില്ലാത്ത ഇവിടത്തെ കടലിലൂടെ വീണ്ടും 60 മൈൽ തെക്കുകിഴക്കോട്ടു യാത്രചെയ്താൽ നാം 'മലെയൂർ' എന്ന ദ്വീപസമൂഹത്തിലെത്തുന്നു. ഇവിടേയുള്ളവർക്കും സ്വന്തം ഭാഷയും രാജാവുമുണ്ടു്. പെന്തനിൽനിന്നു വരുന്ന സുഗന്ധവസ്തുക്കളുടെ വ്യാപാരകേന്ദ്രമാണ് 'മലെയൂർ'.[2] ഇതിനു നൂറുമൈൽ തെക്കുകിഴക്കായി, രണ്ടായിരംമൈൽ ചുററളവുള്ള ചെറിയ ജാവ കിടക്കുന്നു.[3] എട്ടു വിഭിന്നരാജ്യങ്ങളും, പല ഭാഷകളും ഇവിടെയുണ്ടു്. നാട്ടുകാർ ബിംബാരാധകന്മാരാകുന്നു. സുഗന്ധദ്രവ്യങ്ങൾ, കരിമരം, ചപ്പങ്ങം തുടങ്ങിയ അമൂല്യവസ്തുക്കൾ ഇവിടെ സുലഭമാണ്. വളരെ തെക്കുമാറിക്കിടക്കുന്ന ഈ പ്രദേശങ്ങളിൽ, ധ്രുവനക്ഷത്രം ദൃശ്യമല്ല. ഇവിടത്തെ ആറു രാജ്യങ്ങൾ ഞാൻ സന്ദർശിച്ചിട്ടുണ്ടു്. രണ്ടെണ്ണം കണ്ടിട്ടില്ല. കണ്ടതായ ആറു രാജ്യങ്ങളെപ്പററി ചിലതു പറയാം.

അവയിലൊന്നാണ് ഫെലക്ക്രാജ്യം. ഇവിടെ വിഗ്രഹാരാധകന്മാരും, മുഹമ്മദീയരും തമ്മിലുള്ള ഗാഢവും നിരന്തരവുമായ വ്യാപാരബന്ധംമൂലം പല വിഗ്രഹാരാധകന്മാരും ഇസ്ലാമിലേയ്ക്കു പരിവത്തനംചെയ്യപ്പെട്ടിട്ടുണ്ടു്. മലവാരങ്ങളിലെ മനു

1. സിങ്കപ്പൂരിനടുത്തുള്ള ദ്വീപ്
2. തെക്കുകിഴക്കൻസുമാത്രാദ്വീപുകൾ
3. സുമാത്രാ

ഷ്യർ മൃഗീയസ്വഭാവത്തോടുകൂടിയവരും മനുഷ്യമാംസവും, മലിനങ്ങളായ പദാൎത്ഥങ്ങളും ഭക്ഷിക്കുന്നവരുമാകുന്നു. പുലരിയിൽ ആദ്യമായി കാണപ്പെടുന്ന എന്തിനേയും അന്നേദ്ദിവസം മുഴുവൻ അവർ ആരാധിക്കുന്നു. അടുത്ത രാജ്യം 'ബെസ്സാ'യാകുന്നു. സ്വന്തം ഭാഷയുണ്ടു്. സാമൂഹ്യസദാചാരങ്ങൾ ഒന്നുമില്ലാതെ കേവലം മൃഗങ്ങളെപ്പോലെ അവിടത്തെ സ്ത്രീകളും പുരുഷന്മാരും ജീവിക്കുന്നു. ആ ദ്വീപിൻെറ മുഴുവൻ ഭാഗങ്ങൾക്കും അവകാശവാദം പുറപ്പെടുവിക്കാറുള്ള, മഹാനായ ഖാനു് അവർ, പ്രാപ്പിടിയൻപക്ഷികളെ അയച്ചു കൊടുക്കാറുണ്ടു്. കാട്ടാനകളും, കണ്ടാമൃഗങ്ങളും ഇവിടത്തെ കാടുകളിൽ ധാരാളമുണ്ടു്. കാട്ടുപോത്തിൻെറപോലെ രോമവും, ആനയുടെ പാദങ്ങളും, നടുവിൽ ഒററക്കൊമ്പുമുള്ള മറെറാരു വിശേഷജന്തുവും കാണപ്പെടുന്നു. പക്ഷേ കൊമ്പുകൊണ്ടല്ല, നാവുകൊണ്ടും, കാൽമുട്ടുകൊണ്ടുമാണു് ഇവ ഉപദ്രവം ചെയ്യുന്നതു്. എന്തെന്നാൽ അവയുടെ നാവിന്മേൽ നീണ്ടു മൂച്ചയുള്ള മുള്ളുകൾ ഉണ്ടു്. അതിൻെറ ദൃഷ്ടിയിൽ പെടുന്ന മനുഷ്യരുടേയോ ജന്തുക്കളുടേയോ മേൽ അതു ചാടിവീണു്, ചവിട്ടിത്താഴെയിട്ടു്, മുട്ടുകാൽകൊണ്ടു മൎദ്ദിക്കുകയും, മുള്ളുകളുള്ള നാവുകൊണ്ടു വലിച്ചുകീറിക്കൊല്ലുകയും ചെയ്യുന്നു. കാട്ടുപന്നികളെപ്പോലെ, അവ തല എപ്പോഴും കീഴ്പ്പോട്ടാക്കി നിലത്തോടു ചേൎത്തു പിടിക്കുന്നു. ചളിയിൽ പുതഞ്ഞുകിടക്കാൻ അവ ഇഷ്ടപ്പെടുന്നു. എല്ലാവിധത്തിലും ബീഭത്സവും, ഭീകരവുമായ ജന്തുക്കൾ[1]. അത്തരം മൃഗങ്ങൾ നമ്മുടെ നാട്ടിലില്ല. പല ജാതി കുരങ്ങുകളും, മലങ്കാക്കകളെപ്പോലെ വലുതും, കറുത്തതും, ഭക്ഷ്യയോഗ്യവുമായ 'പുള്ളു'കളും അവിടെ ധാരാളമുണ്ടു്. തനി മനുഷ്യൻേറതുപോലെ മുഖമുള്ള ഒരു ജാതി കുരങ്ങിനേയും അവിടെ കാണാൻ സാധിക്കും. ഇവയെ കൊന്നു്, സുഗന്ധദ്രവ്യങ്ങളിട്ടു പെട്ടികളിൽ അടച്ചു്, മലിനപ്പെടാതെ ഭദ്രമായി സൂ

1 കണ്ടാമൃഗങ്ങൾ.

ക്ഷിച്ച വില്ക്കപ്പെടുന്നു. വ്യാപാരികൾ ഇവയെ വാങ്ങി, ലോകത്തിലെവിടേയും കൊണ്ടുനടന്നു പ്രദശിപ്പിക്കുകയും, ഇവ മക്കടരൂപത്തിലുള്ള യഥാൎത്ഥമനുഷ്യരാണെന്നു പറഞ്ഞു കാണികളെ കബളിപ്പിക്കുകയും ചെയ്യുന്നു.

'സമേർ' ആകുന്നു മൂന്നാമത്തെ രാജ്യം. പ്രതികൂലമായ കടൽക്കാറ്റുമൂലം, യാത്രചെയ്യാനാവാതെ, അഞ്ചുമാസത്തോളം ഇവിടെ തങ്ങുവാൻ ഞാനും സഹയാത്രികരും നിർബ്ബദ്ധരായി. ഇവിടെ സപ്തൎഷിഗണത്തിൽപ്പെട്ട നക്ഷത്രങ്ങളൊന്നും ദൃശ്യമല്ല. ഒരു വലിയ സംഘം ആൾക്കാരോടുകൂടി ഞാൻ കപ്പലിൽനിന്നു തീരത്തിറങ്ങുകയും, അവിടത്തെ നരഭോജികളെ ഭയന്നു്, വേണ്ടത്ര മുൻകരുതലുകളോടുകൂടി, കാലാവസ്ഥ അനുകൂലമാകുംവരെ അവിടെ താമസിക്കുകയും ചെയ്തു. ആഹാരസമ്പാദനത്തിനുവേണ്ടി, അവിടത്തുകാരുമായി കുറെ കച്ചവടവും നടത്തി. ഒന്നാന്തരം മത്സ്യവും, ക്ഷയം മഹോദരം, പ്ലീഹാ തുടങ്ങിയ മഹാരോഗങ്ങൾക്കു്, കൈകണ്ട ഔഷധമായ ഒരു ജാതി മദ്യം, കുമ്പിൽനിന്നു ചെത്തിയെടുക്കാവുന്ന ഒരു വിശേഷജാതി പനകളും അവിടെ സമൃദ്ധിയായുണ്ടു്[1]. വീഞ്ഞിനെപ്പോലും അധഃകരിക്കുന്ന മധുരശീതളമായ ഒന്നാന്തരം പാനീയം അകത്തുള്ളതും, മനുഷ്യശിരസ്സോളം വലിപ്പമുള്ളതും, ഇന്ത്യൻകായകൾ[2] എന്ന പേരിൽ അറിയപ്പെടുന്നതുമായ, ഒരുതരം കായകളും ഈ പനകളിൽനിന്നു കിട്ടുന്നു. എല്ലാത്തരം മാംസങ്ങളും അവർ ഭക്ഷിക്കുന്നു. മഹാനായ ഖാൻ മേൽക്കോയ്മ അവകാശപ്പെടുന്ന, 'ഡ്രാഗോയിൻ'[3] എന്ന രാജ്യമാണു് അടുത്തതു്. ഇവക്കുമുണ്ടു് സ്വന്തം ഭാഷയും, രാജാവും. ഇവിടെ ഗഹ്ണീയമായ ഒരു ദുരാചാരം നടപ്പുള്ളതായി ഞാൻ കേട്ടു. ഒരാൾ രോഗബാധിതനായാൽ, അ

1 തെങ്ങുകൾ.

2 നാളികേരം.

3 വടക്കൻസുമാത്രാ.

യാൽ രക്ഷപ്പെട്ടുമോ എന്നറിയാൻ ബന്ധുക്കൾ മന്ത്രവാദികളെ വരുത്തുന്നു. 'ഇല്ല' എന്നാണു് മറുപടിയെങ്കിൽ, രോഗി സുഖപ്പെടാനോ മരിക്കാനോ കാത്തുനില്ക്കാതെ, അയാളെ തൂക്കിക്കൊല്ലാൻ ആരാച്ചാരന്മാരെ ഏല്പിക്കുന്നു. മൃതദേഹം തുണ്ടുതുണ്ടായി മുറിച്ചു്, അതിൻെറ മജ്ജപോലും ബന്ധുക്കൾ ഭക്ഷിക്കുന്നു. എന്തെന്നാൽ മൃതദേഹത്തിൻെറ സത്തായ അംശം എന്തെങ്കിലും അവശേഷിച്ചാൽ, അതിൽ പുഴുക്കൾ വന്നു കൂടുകയും, വേണ്ടത്ര ആഹാരം കിട്ടാതെ അവ ചാവുകയും ചെയ്യുന്നതു്, പരേതൻെറ ആത്മശാന്തിക്കു ഹാനികരമാണെന്നത്രേ അവരുടെ വിശ്വാസം. ശേഷിക്കുന്ന അസ്ഥിക്കഷണങ്ങൾ, വല്ല കുന്നിൻചരിവുകളിലുമുള്ള ഗുഹകളിൽ താഴ്ത്തിക്കഴിച്ചിടുന്നു. ഒരു ജന്തുവും അവ തൊട്ടുകൂടെന്നാണു് നിശ്ചയം. വല്ല വിദേശീയരേയും പിടികിട്ടിയാൽ അവരോടും ഇതേ സമ്പ്രദായത്തിൽതന്നെ അവർ പെരുമാറുന്നു.

ജാവയിലെ അഞ്ചാംസംസ്ഥാനമാണു്, 'ലമ്പ്രായ്.' 'ചപ്പങ്ങ്'മരം അവിടെ ധാരാളമായി വളരുന്നു. അതിൻെറ കുറെ വിത്തുകൾ ഞാൻ, വെനീസ്സിൽ കൊണ്ടുവന്നു വിതച്ചുനോക്കി. പക്ഷേ ഇവിടത്തെ ശക്തിയായ തണുപ്പുമൂലം, അവ മുളച്ചില്ല. 'ലമ്പ്രായി'യിലും കണ്ടാമൃഗങ്ങൾ ധാരാളമുണ്ടു്. മററിനം മൃഗങ്ങളും പക്ഷികളും കുറവല്ല[1]. ആറാംസംസ്ഥാനമായ 'ഫൻസാറി'ൽ ലോകത്തിൽ ഏററവും നല്ലതരം പച്ചക്കർപ്പൂരം ലഭിക്കുന്നു. തൂക്കത്തിനു തൂക്കം സ്വർണ്ണമാണു് ഇതിൻെറ വില. രണ്ടാളുകൾ കൈപിടിച്ചാലെത്താത്ത വണ്ണത്തോടുകൂടിയ ഒരുതരം വന്മരങ്ങളിൽനിന്നു്, ഇവർ ഒരു പ്രത്യേകഭക്ഷണസാധനം ഉണ്ടാക്കുന്നു. കട്ടികുറഞ്ഞ പുറംതൊലിയും, മൂന്നു വിരൽ ഘനത്തിലു

---

1 "ഞാൻ വാക്കു തരുന്നു; ശരിക്കും ഒരു ചാൺ നീളം വാലുള്ള മനുഷ്യർ ഈ പ്രദേശത്തുണ്ടു്"—മാർക്കോ—(ലതാം). "ഒരു പക്ഷേ 'ഒറാൻ കട്ടാൻ' എന്നറിയപ്പെടുന്ന മനുഷ്യക്കുരങ്ങുകളാകാം മാർക്കോ ഉദ്ദേശിച്ചതു് "—ഹാട്ട്.

ള്ള പുറംമരവും പിളൎന്നു്, ഉള്ളിലുള്ള കാതലിൻേറയും, പുറംമരത്തിൻേറയും ഇടയ്ക്കുള്ള പൊണ്ണമരത്തിൽനിന്നു്, മജ്ജയെടുത്തു വെള്ളത്തിലിട്ടു്, നല്ലപോലെ കലക്കുന്നു. ഘനംകുറഞ്ഞ തരികളും, കീടങ്ങളും മുകളിലേയ്ക്കു പൊന്തുകയും, സാരാംശം അടിയിൽ ഊറുകയും ചെയ്യുന്നു. പിന്നെ വെള്ളം മുഴുവൻ വററിച്ചുകളഞ്ഞു്, ആ വൃക്ഷസത്തു്, അവർ കാച്ചിക്കുറുക്കി മെഴുപ്പാകമാക്കിയെടുക്കുന്നു. ഏതാണ്ടു ബാർലിയപ്പത്തിൻെറ സ്വാദുള്ള ഈ സാധനം കുറച്ചു ഞാൻ നാട്ടിൽ കൊണ്ടുവരികയുണ്ടായി. ഈ മരം, വെള്ളത്തിലിട്ടാൽ ഇരുമ്പിനെപ്പോലെ ഉടൻ താണുപോകുന്നു. ഈ മരംകൊണ്ടു്, കുറുന്തടികൾ, കുന്തങ്ങൾ മുതലായവയുണ്ടാക്കുന്നു. വലിയ സാധനങ്ങൾ ഇതുകൊണ്ടു പണിചെയ്താൽ അവ പൊന്തിക്കാൻ വയ്യാത്തവിധം ഭാരിച്ചതാകും[1]. ഈ മരക്കുന്തങ്ങളുടെ തലകൾ കൂൎപ്പിച്ചു്, പഴുപ്പിച്ചു കുത്തിയാൽ ഇരിമ്പുകുന്തങ്ങളേക്കാൾ എളുപ്പത്തിൽ അവ ശത്രുവിൻെറ മാർച്ചട്ട പിളൎക്കും. ലമ്പ്രായിയിൽനിന്നു് ഏകദേശം 150 മൈൽ വടക്കോട്ടു കപ്പലോടിച്ചാൽ, 'നൊക്യൂറാൻ'എന്നും, 'അങ്കമാൻ'എന്നും രണ്ടു ദ്വീപുകൾ കാണാം[2]. 'നൊക്യൂറാൻ'ദ്വീപിൽ മനുഷ്യർ മൃഗങ്ങളെപ്പോലെ ജീവിക്കുന്നു. സ്ത്രീകളും പുരുഷന്മാരും പൂൎണ്ണനഗ്നരായി നടക്കുന്നു. വിഗ്രഹപൂജയുണ്ടു്. ഫലസമൃദ്ധങ്ങളായ മരങ്ങളും, കരയാമ്പൂവു്, ചന്ദനം, ചപ്പങ്ങം തുടങ്ങിയ സുഗന്ധദ്രവ്യങ്ങളും 'ഇന്ത്യൻകായ'[3]കളും അവിടെ സുലഭമാണു്. ഈ ദ്വീപവാസികളെപ്പോലെതന്നെ അപരിഷ്കൃതരാണു് 'അങ്കമാൻ'കാരും. അവൎക്കു നായയുടെ ജാതി തലയും, പല്ലുകളുമുണ്ടെന്നാണു് കേട്ടതു്.

---

1 സാഗുഅരി (ചവ്വരി) എന്ന ഭക്ഷ്യസാധനം ഈ പനകളിൽനിന്നാണുണ്ടാക്കുന്നതു്.

2 'നിക്കോബർ', 'ആന്തമാൻ' ദ്വീപുകൾ.

3 നാളികേരം.

# അദ്ധ്യായം പത്തൊമ്പതു്

[സൈലാൺദ്വീപ്—മഹത്തായ മലബാർരാജ്യങ്ങൾ—മററു തീരപ്രദേശങ്ങൾ]

ഇവിടെനിന്നു തെക്കുപടിഞ്ഞാറായി ഒരു ആയിരം മൈലോളം കപ്പൽയാത്ര ചെയ്യുക. അപ്പോൾ നാം സൈലാൺ[1] എന്ന മഹാദ്വീപിലെത്തുന്നു. രണ്ടായിരത്തിനാനൂറു മൈലാകുന്നു, ഇതിൻെറ ചുററളവു്. അവിടത്തെ നാവികരുടെ കൈവശമുള്ള പടങ്ങളിൽനിന്നു മനസ്സിലാകുന്നതു്, ഈ രാജ്യത്തിനു പണ്ടു് 3600 മൈൽ ചുററളവുണ്ടായിരുന്നുവെന്നാണു്. എന്നാൽ വടക്കൻകടൽക്കാററു് ഈ ദ്വീപിൻെറ കുറെ ഭാഗങ്ങളെ സമുദ്രത്തിന്നടിയിലാക്കിയെന്നു പറയപ്പെടുന്നു. ലോകത്തിൽവെച്ചു് എററവും മനോഹരമായ ദ്വീപാകുന്നു, സൈലാൺ. രാജാവിൻെറ പേർ സുന്ദർനാം[2] എന്നാകുന്നു. നാട്ടുകാർ വിഗ്രഹാരാധകന്മാരാണു്. സ്ത്രീകളും പുരുഷന്മാരും മുക്കാലും നഗ്നരായിത്തന്നെ നടക്കുന്നു. ചോളം അവിടെയില്ല. അരിയാണു് അവരുടെ ഭക്ഷണം. എള്ളെണ്ണ, പാൽ, മാംസം, വൃക്ഷങ്ങളിൽനിന്നെടുക്കുന്ന മദ്യം, ചപ്പങ്ങം, ഇന്ദ്രനീലം, പുഷ്യരാഗം, വൈഡൂര്യം തുടങ്ങിയ വിശിഷ്ടരത്നങ്ങൾ—ഇവയെല്ലാം അവിടെ നിർല്ലോഭമായി ലഭിക്കുന്നു. ഒരു കൈപ്പടത്തിൻെറ നീളവും, വീതിയും, കൈത്തണ്ടയുടെ വണ്ണവുമുള്ളതും, തീക്കനൽപോലെ സദാ ജ്വലിച്ചുകൊണ്ടിരിക്കുന്നതുമായ, ലോകോത്തരമായ ഒരു മാണിക്യം അവിടത്തെ രാജാവിൻെറ കൈവശമുണ്ടെന്നാണു് പറയപ്പെടുന്നതു്. എത്ര പണം കൊടുക്കാമെന്നു പറഞ്ഞാലും, അദ്ദേഹം ഈ രത്നം കൈവിടുകയില്ല. ഒരു മഹാനഗരം മുഴുവൻ, ഈ രത്നത്തിനു

---

1 സിലോൺ ദ്വീപു്.

2 ചന്ദ്രഭാനു.

വിലയായി നല്കാമെന്നു പറഞ്ഞു്, ഒരിക്കൽ ക്ലബ്ളൈഖാൻ തൻെറ പ്രതിപുരുഷന്മാരെ 'സൈലാൺ'രാജാവിൻെറ അടുക്കലേക്കയച്ചു. പ്രപിതാമഹന്മാരുടെ അനഘസമ്പാദ്യങ്ങളിലൊന്നായ ഈ മാണിക്യം, ലോകത്തിലുള്ള മുഴുവൻ സമ്പത്തും തനിക്കു നല്കപ്പെട്ടാലും, താൻ വെടിയുകയില്ലെന്നാണ്, രാജാവു് മറുപടി പറഞ്ഞതു്. പട്ടാളത്തൊഴിലിനു് ഇവിടത്തെ പുരുഷന്മാർ പററിയവരല്ല. അതിനാൽ ആപൽഘട്ടങ്ങളിൽ അവർ മററു നാട്ടുകാരുടെ സേവനങ്ങളെ വാടകക്കെടുക്കുന്നു.

സൈലാണിൽ ചരിത്രപ്രധാനമായ ഒരു മലയുണ്ടു്. ഇരുമ്പുചങ്ങലയുടെ സഹായമില്ലാതെ ആ മലമുകളിലേക്കു കയറുവാൻ സാധ്യമല്ലെന്നു പറയപ്പെടുന്നു. ആ മലയുടെ മുകളിലാണ്, ആദാമിൻെറ ശവക്കല്ലറയെന്നു്, മുഹമ്മദീയർ പറയുന്നു. എന്നാൽ അവിടത്തെ വിഗ്രഹാരാധകന്മാരുടെ വിശ്വാസത്തിൽ, ആ നാട്ടിൽ വിഗ്രഹാരാധന നടപ്പാക്കിയവനും, ആ ദ്വീപിലെ ഒരു പൂർവ്വരാജാവിൻെറ ആദ്ധ്യാത്മികഗുരുവുമായ, സാക്യമുനിബക്കൻ[1] എന്ന മതസ്ഥാപകൻെറ ശവകുടീരമാകുന്നു അതു്. രാജപുത്രനായ അദ്ദേഹം ഈ മലമുകളിൽ ഏകാന്തജീവിതം നയിച്ചു ദീർഘകാലം തപസ്സുചെയ്തുവത്രെ[2]. പ്രാപഞ്ചികമായ സുഖഭോഗങ്ങൾക്കു് അദ്ദേഹത്തെ തെല്ലും കീഴടക്കാൻ കഴിഞ്ഞില്ല. തപസ്സിനുശേഷം ലോകരക്ഷക്കായി അദ്ദേഹം ഒരു പുതിയ മതം സ്ഥാപിച്ചു. മകൻെറ സമാധിക്കുശേഷം, പിതാവു പുത്രൻെറ സ്മരണയെ നിലനിൎത്തുവാൻ, ഒരു പ്രതിമ നിൎമ്മിച്ചു. തനി സ്വൎണ്ണംകൊണ്ടു നിൎമ്മിച്ചതും, അമൂല്യവസ്ത്രങ്ങളാൽ അലംകൃതവുമായ ഈ വിഗ്രഹത്തെ, ആരാധിക്കണമെന്നു്, രാജാവു്, തൻെറ പ്രജകളോടാജ്ഞാപിച്ചു. അങ്ങിനെയാണ് ആ രാജ്യത്തു ബിം

1 ശാക്യമുനി—ബുദ്ധൻ.

2 ബുദ്ധമതം സിലോണിൽ പരന്നതിനെപ്പററി, മാക്കോപ്പോളോ തെററിദ്ധരിച്ചിരിക്കുന്നു.

ബാരാധന നടപ്പിലായതെന്നു പറയപ്പെടുന്നു. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നു് അസംഖ്യം തീർത്ഥാടകർ ഇവിടെ വന്നു ചേരുന്നു. അദ്ദേഹം ക്രിസ്ത്യാനിയായിരുന്നെങ്കിൽ ലോകം അദ്ദേഹത്തെ ക്രിസ്തുവിനു തുല്യനായി കരുതിയേനെ. സമാധിയടുത്ത ഋഷിയുടെ മുൻനിരപ്പല്ലുകളും, അദ്ദേഹം ഉപയോഗിച്ചിരുന്ന ഭിക്ഷാപാത്രവും, വിശുദ്ധാവശിഷ്ടങ്ങൾ എന്ന നിലയ്ക്കു് അവിടെ സൂക്ഷിക്കപ്പെടുകയും, ഭക്ത്യാദരങ്ങളോടെ പ്രദർശിപ്പിക്കപ്പെടുകയും ചെയ്യുന്നുണ്ടു്[1]. മുഹമ്മദീയരുടെ പക്ഷപ്രകാരം, അവ 'ആദാ'മിന്റെ അവശിഷ്ടങ്ങളാണു്. മഹാനായ ഖാൻ എ. ഡി. 1281-ൽ, തന്റെ പ്രതിപുരുഷന്മാരെ ഇവിടേയ്ക്കയയ്ക്കുന്നതിനു്, ഈ കിംവദന്തിയാണു്, കാരണം. ആ ദിവ്യാവശിഷ്ടങ്ങളിൽനിന്നു്, രണ്ടു പല്ലും, ഒരു പാത്രവും, ചില മുടികളും സൈലാൺ രാജാവു്, ഒരു സമ്മാനമെന്ന നിലയ്ക്കു്, ഖാനു നല്കുകയുണ്ടായി. രാജവിളംബരപ്രകാരം, ഈ ദിവ്യാവശിഷ്ടങ്ങളെ കംബാലുനഗരവാസികൾ മുഴുവൻ ചെന്നു്, നഗരാതിർത്തിയിൽവെച്ചു്, ഭക്തിബഹുമാനങ്ങളോടെ സ്വീകരിക്കുകയും, കൊട്ടാരത്തിലേയ്ക്കു് ആഭാടപൂർവ്വം എഴുന്നള്ളിക്കുകയും ചെയ്തു.

സൈലാണിൽനിന്നു്, അറുപതു (60) മൈൽ, പടിഞ്ഞാറായി, മഹത്തായ മലബാർസംസ്ഥാനം[2] കിടക്കുന്നു. അതു് ഒരു

---

1 "മാർക്കോപോളൊ ജനിക്കുന്നതിനു് ഒരു നൂറ്റാണ്ടു മുമ്പുതന്നെ, കത്തോലിക്കാപള്ളി, ശ്രീബുദ്ധനെ ഒരു പുണ്യവാളനാക്കി, 'ഇന്ത്യയിലെ ജോസഫത്തു് പുണ്യവാളൻ' എന്ന നാമത്തിൽ അംഗീകരിച്ചുകഴിഞ്ഞ കാര്യം മാർക്കോ അറിഞ്ഞിരുന്നില്ലെന്നു് ഈ പ്രസ്താവനയിൽനിന്നും മനസ്സിലാക്കാം"—ഹാർട്ട്

2 ദക്ഷിണേന്ത്യയുടെ തെക്കുകിഴക്കൻതീരത്തുള്ള തൂത്തുക്കുടി മുതൽ, പടിഞ്ഞാറൻതീരത്തു്, ഗോവവരെയുള്ള തീരരാജ്യങ്ങളെ മുഴുവൻ 'മലബാർ' എന്ന പേരിലാണു് വിദേശസഞ്ചാരികൾ അറിഞ്ഞിരുന്നതു്.

ദപീപല്ല. 'ഇന്ത്യാ' എന്നു വിളിക്കപ്പെടുന്ന ഒരു മഹാരാജ്യത്തിൻെറ ഭാഗമാണ്. ഈ 'മലബാർ' ലോകത്തിൽവെച്ച് ഏററവും സമ്പന്നമായ ഭൂവിഭാഗമാകുന്നു എന്നു ഞാൻ ഉറപ്പുതരുന്നു. ഈ പ്രദേശത്തു നാലു പ്രധാനരാജാക്കന്മാരുണ്ടു്. അവരിൽ പ്രമാണി, 'സുന്ദർപാണ്ടി' എന്ന രാജാവാകുന്നു. മലബാറിനും സൈലാണിനും ഇടയ്ക്കുള്ള ഉൾക്കടലിൽ മുത്തുച്ചിപ്പികൾ വാരുന്നതിൻെറ നിയന്ത്രണാധികാരം ഇദ്ദേഹത്തിനാകുന്നു. ആ ഉൾക്കടലിനു് അറുപതോ എഴുപതോ അടിയിൽ കൂടുതൽ ആഴമില്ല. ഉൾക്കടലിൻെറ അടിത്തട്ടിലേയ്ക്കു മുങ്ങൽവിദഗ്ധന്മാർ ഊളിയിട്ടുചെന്നു്, അരയിൽ കെട്ടിയിട്ടുള്ള ചാക്കുകളിലോ വലകളിലോ മുത്തുച്ചിപ്പികൾ പെറുക്കി ശേഖരിച്ചു്, പൊങ്ങിവരുന്നു. മുക്കുവന്മാക്കു ജീവാപായം വരുത്താൻ കഴിവുള്ള ചില വലിയ മത്സ്യങ്ങൾ ആ കടലിൽ ഉണ്ടു്. അവയെ മയക്കി നിർവ്വീര്യങ്ങളാക്കുവാൻ, അവർ ബ്രാഹ്മണസഹായം തേടുന്നു. വാരുന്ന മുത്തുച്ചിപ്പികളുടെ പത്തിലൊന്നു രാജാവിന്നു നികുതിയായും, ഇരുപതിലൊന്നു ബ്രാഹ്മണക്കു പ്രതിഫലമായും നല്കേണ്ടിയിരിക്കുന്നു. ഏപ്രിൽമാസാരംഭംമുതൽ, മേയ് മധ്യംവരെ, ഈ ഉൾക്കടലിൽ മുത്തുച്ചിപ്പികൾ ധാരാളം വന്നുചേരുന്നു. മററു മാസങ്ങളിൽ ഇവയെ, തീരക്കടലിൽ കാണുകയില്ല. സെപ്തംബർമാസംമുതൽ ഒക്ടോബർ മധ്യംവരെ, ഈ ചിപ്പികൾ മുന്നൂറും നാനൂറും മൈൽഅകലെയാണു് അടിഞ്ഞുകൂടുക. അവിടത്തെ രാജാവു്, മററുള്ളവരെപ്പോലെതന്നെ അർദ്ധനഗ്നനായിട്ടാണു് നടക്കുന്നതു്. എങ്കിലും, അദ്ദേഹം അമൂല്യരത്നങ്ങൾ കോർത്തുണ്ടാക്കിയ ഒരു മാല കഴുത്തിലും, 104 ജോടി മുത്തുകൾ പട്ടുനൂലിൽ കോർത്ത ഒരു ജപമാല കയ്യിലും ധരിക്കുന്നു. ഭരദേവതയുടെ പേര് എണ്ണിയെണ്ണി ജപിക്കുവാനാണു് ഈ മാല. പ്രഭാതംമുതൽ രാത്രിവരെ, മിക്കസമയവും, ജപമാലയുടെ മുത്തുകൾ ഓരോന്നായി എണ്ണി, 'പരമശിവ', 'പരമശിവ', എന്നു് അദ്ദേഹം ജപിക്കുന്നു. കയ്യിൽ മൂന്നു സ്ഥാനങ്ങളിൽ അദ്ദേഹം വളകളണിഞ്ഞിട്ടുണ്ടു്. അതുപോലെ, കാലിലും

അദ്ദേഹം വളകൾ ധരിച്ചിരിക്കുന്നു. കൈവിരലുകളിലും, കാൽ വിരലുകളിലും, മോതിരങ്ങളുണ്ട്. ഈ രാജാവിനു് ആയിരം വെപ്പാട്ടിമാരുണ്ട്. തന്നിൽ അഭിലാഷം ജനിപ്പിക്കുന്ന, എല്ലാ സ്ത്രീകളേയും അദ്ദേഹം കരസ്ഥമാക്കുന്നു. ഒരിക്കൽ തന്റെ സഹോദരഭാര്യയെപ്പോലും അദ്ദേഹം കൈവശപ്പെടുത്തുകയുണ്ടായി. അതു്, സഹോദരന്മാർതമ്മിലുള്ള ഒരു യുദ്ധത്തിനു കാരണമായി. എന്നാൽ, അവർതമ്മിൽ യുദ്ധം ചെയ്യുകയാണെങ്കിൽ, അവരെ പാലൂട്ടി വളർത്തിയ തന്റെ കുചങ്ങളെ താൻ അരിഞ്ഞുകളയുമെന്നു്, അവരുടെ മാതാവു് ഭീഷണിപ്പെടുത്തിയപ്പോൾമാത്രമേ, ഈ സഹോദരന്മാർ അനുരഞ്ജനത്തിനു വഴിപ്പെട്ടുള്ളു. രാജാവിനെ സദാ അകമ്പടി സേവിക്കുന്ന ഒരു വലിയ സംഘം അശ്വഭടന്മാരുണ്ട്. ഇവർ, രാജാവു മരിക്കുമ്പോൾ, അദ്ദേഹത്തിനു്, പരലോകത്തിലും സേവനമനുഷ്ഠിക്കുവാൻവേണ്ടി, അദ്ദേഹത്തിന്റെ ചിതയിൽ സ്വയം ചാടി മരിക്കുന്നു. ഈ രാജാവും, അദ്ദേഹത്തിന്റെ സഹോദരന്മാരായ മററു മലബാർരാജാക്കന്മാരും 'ഓർമ്മൂസ്' മുതലായ വിദൂരദേശങ്ങളിൽനിന്നാണ് അവക്കുള്ള കുതിരകളെ വാങ്ങുന്നതു്. എന്തെന്നാൽ മലബാർപ്രദേശങ്ങളിൽ കുതിരകൾ വളരുന്നില്ല. മരണശിക്ഷക്കു വിധിക്കപ്പെട്ടവർ, കുലദേവതക്കുമുമ്പിൽ സ്വയം മരിക്കണമെന്നാണ് നിയമം. പന്ത്രണ്ടു കത്തികൾകൊണ്ടു്, ശരീരത്തിന്റെ വിവിധഭാഗങ്ങളിൽ മുറിവുകളുണ്ടാക്കി, ഓരോ തവണ കുത്തുമ്പോഴും, "ഈശ്വരന്റെ പ്രീതിക്കായി ഞാൻ എന്നെത്തന്നെ കൊല്ലുന്നു" എന്നു്, അയാൾ പറയണം. അവസാനത്തെ കുത്തു ഹൃദയത്തിൽതന്നെ കൊള്ളുകയും, അതോടെ അയാൾ മരിക്കുകയും ചെയ്യും. ബന്ധുക്കൾ അയാളുടെ മൃതദേഹം ചിതയിൽ വെച്ചു ദഹിപ്പിക്കും. ഭാര്യമാർ, ഭർത്താക്കന്മാരുടെ ചിതയിൽ ചാടി പ്രാണത്യാഗം ചെയ്യുന്ന ഒരു സമ്പ്രദായം ഇവിടെയുണ്ട്. ഭർത്താവിനോടൊപ്പം മരിക്കാൻ വിസമ്മതിക്കുന്ന സ്ത്രീ, ദുഷ്കീർത്തിക്കു പാത്രീഭവിക്കും. അവരെല്ലാം വിഗ്രഹാരാധകന്മാരാണ്. പ

ശുവിനെ അവർ പ്രത്യേകം ആരാധിക്കുന്നു. ഏററവും ശുദ്ധമായ മൂരിമാംസംപോലും അവർ തിന്നുകയില്ല, ലോകം മുഴുവൻ തങ്ങൾക്കു കിട്ടുമെന്നു വന്നാൽക്കൂടി. എന്നാൽ, ചത്ത പശുക്കളേയും, കാളകളേയും തിന്നുന്ന, 'ഗായി' എന്ന ഒരു വർഗ്ഗം ഇവിടെയുണ്ടു്. പക്ഷേ അവരും കൊന്നു തിന്നുകയില്ല. എല്ലാവരും, പശുവിൻെറ ചാണകംകൊണ്ടു വീടുകളുടെ അകവും, മുററങ്ങളും മെഴുകുന്നു. പണ്ടു തോമസ്സ്പുണ്യവാളനെ കൊന്ന കൂട്ടരുടെ പിൻമുറക്കാരാണു് ഈ ഗായികൾ. അദ്ദേഹം മരിച്ചതും, അടക്കംചെയ്യപ്പെട്ടതുമായ സ്ഥലം ഇവിടെനിന്നു് അധികം ദൂരത്തല്ല. അവിടെ ആർക്കും പ്രവേശനമില്ല. ഈ രാജ്യത്തുള്ളവർ പരവതാനി വിരിച്ച നിലത്താണു് ഇരിക്കുന്നതു്. അവർക്കു ചോളമല്ല, അരിയാണു് പ്രധാന ആഹാരം. അവർ യുദ്ധതല്പരരല്ല. ഒരു മൃഗത്തേയും അവർ കൊല്ലുന്നില്ല. എന്തെങ്കിലും മാംസം തിന്നേണ്ടിവരുമ്പോൾ, ആ കശാപ്പുപണി, അവർ മുഹമ്മദീയരേയോ, മററു മതക്കാരേയോ ഏല്പിക്കുന്നു. അവർ ഭക്ഷണം ഇടംകൈകൊണ്ടു തൊടുകയില്ല. ആ കയ്യ്, ശൌചത്തിനും മലിനവൃത്തികൾക്കും മാത്രമേ ഉപയോഗിക്കൂ. ഓരോരുത്തരും തൻെറ സ്വന്തം കിണ്ണത്തിൽ ഭക്ഷണം കഴിക്കുന്നു. അന്യൻെറ കിണ്ണം അവർ തൊടുകയില്ല. സ്വന്തം പാനപാത്രംപോലും അവർ ചുണ്ടിനോടു ചേർത്തു പിടിക്കുകയില്ല. കപ്പു മുകളിൽ പിടിച്ചു്, അവർ പാനീയങ്ങൾ വായിലേയ്ക്കൊഴിക്കുകയാണു്, പതിവു്. സ്വന്തം പാനഭാജനമില്ലാത്ത വിദേശികൾക്കു്, അവരുടെ കയ്യിലേയ്ക്കു്, വെള്ളം ഒഴിച്ചു കൊടുക്കുന്നു. അങ്ങിനെ അവർ കൈക്കുമ്പിളിൽ കുടിക്കാൻ നിർബ്ബന്ധിക്കപ്പെടുന്നു. കുററങ്ങൾക്കുള്ള ശിക്ഷാനടപടികൾ കഠിനങ്ങളാണു്. ഒരു ഉത്തമർണ്ണൻ ചിലപ്പോൾ തൻെറ കടക്കാരനെ, നിലത്തു വരച്ച ഒരു വട്ടത്തിനുള്ളിൽ നിർത്തുന്നു. കടം തീർക്കുകയോ തക്ക ജാമ്യം നല്കുകയോ ചെയ്യാതെ കടക്കാരനു്, നില്ക്കുന്ന വൃത്തം വിട്ടുപോകാനവകാശമില്ല. അങ്ങിനെ പോയാൽ മരണശിക്ഷയാണു്, ഫലം. കുതിരപ്പുറത്തു സവാരി ചെയ്തിരുന്ന അവി

ടത്തെ രാജാവിനെത്തന്നെ ഒരു കച്ചവടക്കാരൻ, കടത്തിന്റെ പേരിൽ ഇങ്ങനെ 'വട്ടത്തിലാക്കി'യതു്, ഞാൻ കണ്ടു. കടം വീട്ടാതെ, വൃത്തം വിട്ടുപോകാൻ രാജാവും തയ്യാറായില്ല. നാട്ടുകാർ കൂട്ടംകൂടി രാജാവിന്റെ നീതിബോധത്തെ പുകഴ്ത്തി. മുന്തിരിങ്ങയിൽനിന്നെടുക്കുന്ന വീഞ്ഞു കുടിക്കാൻ അവക്കു വലിയ മനസ്സങ്കോചമുണ്ടു്. മദ്യം കഴിക്കുന്നവർ സമ്മാന്യരോ, സത്യസന്ധരോ, സാക്ഷിപറയാൻ കൊള്ളാവുന്നവരോ ആയി ഗണിക്കപ്പെടുന്നില്ല. കടൽകടന്നു പോകുന്നവരും ഇങ്ങനെ അശുദ്ധന്മാരായി പരിഗണിക്കപ്പെടുന്നുണ്ടു്. അവർ അവിവേകികളാണത്രേ. പക്ഷേ വിഷയലമ്പടത്വം ഒരു പാപമായി അന്നാട്ടുകാർ കണക്കാക്കിയിട്ടില്ല. ഈ നാട്ടിൽ ചൂടു വളരെ കൂടുതലാണു്. ആണ്ടിൽ മൂന്നു മാസമൊഴിച്ചു മഴയുമില്ല. വായുവിനെ ശീതളമാക്കുന്ന ഈ മഴയില്ലെങ്കിൽ അവിടെ ജീവിതം അസഹ്യമാണു്. അവിടെ ധാരാളം സാമുദ്രികശാസ്ത്രജ്ഞന്മാരും ജ്യോത്സ്യന്മാരുമുണ്ടു്. മനുഷ്യരെ മാത്രമല്ല; മൃഗങ്ങളേയും, പക്ഷികളേയും നോക്കി ഇവർ ലക്ഷണം പറയുന്നു. ആഴ്ചയിലെ, ഓരോ ദിവസത്തിലും, ശുഭകർമ്മങ്ങൾക്കു കൊള്ളാത്ത ചില നാഴികകളുള്ളതായി അവർ വിചാരിക്കുന്നു. തിങ്കളാഴ്ച രണ്ടുമണിക്കും മൂന്നുമണിക്കും, ചൊവ്വാഴ്ച, മൂന്നാമത്തെ മണിക്കൂർ, ബുധനാഴ്ച ഒൻപതാംമണിക്കൂർ എന്നിങ്ങനെ, ഓരോ ദിവസത്തെയും അശുഭമുഹൂർത്തങ്ങൾ അവരുടെ പഞ്ചാംഗത്തിൽ പ്രത്യേകം നിർദ്ദേശിച്ചിരിക്കുന്നു.[1] അവർ, ജന്മദിനങ്ങൾ ആർഭാടപൂർവ്വം ആഘോഷിക്കുന്നു. പതിമൂന്നാംവയസ്സുമുതൽ, ആൺകുട്ടികളെ സ്വന്തം ചിലവിനുള്ളതു സമ്പാദിക്കാൻ, ഓരോ തൊഴിലുകളിൽ ഏർപ്പെടുത്തുന്നു. മുത്തുവാരൽക്കാലത്തു്, ഈ കുമാരന്മാർ, മുക്കുവരോടു മുത്തു വാങ്ങി, മൊത്തവ്യാപാരികൾക്കു വില്ക്കുന്നു. കിട്ടുന്ന ആദായം അമ്മമാരെ ഏല്പിക്കുന്നു. എന്തെന്നാൽ, തൊഴിലിൽ ഏർപ്പെട്ടാൽ, പിന്നെ അവർ അച്ഛന്റെ ചിലവിൽ

---

1 രാഹുകാലം, ഗുളികകാലം, എന്നിവയുടെ സൂചന.

ജീവിക്കുന്നില്ല. അവക്കു ദേവന്മാരേയും, ദേവിമാരേയും പ്രതിനിധാനംചെയ്യുന്ന വിഗ്രഹങ്ങളും, ക്ഷേത്രങ്ങളുമുണ്ടു്. തങ്ങളുടെ പ്രായപൂത്തിവന്ന പെൺമക്കളെ, ഈ ദൈവങ്ങൾക്കായി അവർ സമപ്പിക്കുന്നു. പുരോഹിതന്മാരുടെ ആവശ്യപ്രകാരം ഈ സുന്ദരികൾ ക്ഷേത്രങ്ങളിൽ ആടുകയും പാടുകയും ചെയ്യാറുണ്ടു്.[1] പാട്ടും നൃത്തവും കഴിഞ്ഞാൽ, ദൈവത്തിനു സമപ്പിച്ച നിവേദ്യങ്ങൾ, ഇവർ എല്ലാവരുംകൂടി ഉത്സാഹത്തോടെ ഭക്ഷിക്കുന്നു. എല്ലാം കഴിഞ്ഞാൽ, അവർ താന്താങ്ങളുടെ വസതികളിലേക്കു മടങ്ങുന്നു. ധനവാന്മാക്കു ചൂരൽകൊണ്ടു നിമ്മിച്ചതും, മച്ചിൽനിന്നു തൂക്കിയിട്ടുള്ളതുമായ ആട്ടുകട്ടിലുകൾ ഉണ്ടു്. എട്ടുകാലി, ഈച്ച, കൊതു, മൂട്ട ഇവയിൽനിന്നെല്ലാം രക്ഷപ്പെടാനും, ശുദ്ധവായു ലഭിക്കാനും ആടിയുറങ്ങാനും ഇതു സഹായിക്കുന്നു. തോമസ്സു്പുണ്യവാളൻെറ ശവക്കല്ലറയുള്ള ദേശം[2] മലബാറിൽനിന്നു വളരെ ദൂരെയല്ല. അതു് ഒരു ചെറിയ പട്ടണമാകുന്നു. വ്യാപാരികൾ അവിടെയധികം പോകാറില്ല. പക്ഷേ ഭക്തന്മാരായ കൃസ്ത്യാനികളും, മുഹമ്മദീയരും അവിടം സന്ദശിക്കാറുണ്ടു്. അദ്ദേഹം വധിക്കപ്പെട്ട സ്ഥലത്തെ മണ്ണു്, കൃസ്ത്യാനികൾ, ഭക്ത്യാദരങ്ങളോടെ കൊണ്ടുപോകുന്നു. ആ ചുവന്ന മണ്ണു്, വെള്ളത്തിൽ കലക്കി, രോഗികൾക്കു കുടിക്കാൻ കൊടുക്കുന്നു. എ. ഡി. 1288-ൽ, അവിടം ഭരിച്ചിരുന്ന രാജാവു്, അക്കൊല്ലത്തെ വദ്ധിച്ച വിളവിൻെറ ഫലമായി, തനിക്കു കിട്ടിയ നെല്ലു മുഴുവൻ, സൂക്ഷിക്കാൻ സ്ഥലം തികയാതെ വന്നപ്പോൾ സെൻറ്തോമസ്സ് പള്ളിയിലെ, പ്രാത്ഥനാഹാളിൽ സൂക്ഷിക്കാൻ ധൈയ്യപ്പെട്ടു. എന്നാൽ രാത്രിയിൽ, തോമസ്സ്പുണ്യവാളൻെറ ദശനം അദ്ദേഹത്തിനുണ്ടായതോടെ, രാജാവു ഭയപ്പെട്ടു്, പിറേറ പ്രഭാതത്തിൽതന്നെ പള്ളിമുറികൾ ഒഴിവാക്കിക്കൊടുത്തു. അവിടത്തെ ജനങ്ങൾ അധികവും കറുത്തവരാണു്.

---

1 ദേവദാസീസമ്പ്രദായം.

2 മദിരാശിയിലെ സെൻറ്തോമസ്സ് മൗണ്ടു്.

ജനനാൽ അങ്ങിനെയല്ലത്രെ. സൌന്ദര്യം കിട്ടുവാൻവേണ്ടി, മല്ലപ്പൂന്തൈലം പൂശി, അവർ അങ്ങിനെയായിത്തീരുകയാണ്. പശുവിനെ ആരാധിക്കുന്ന ഇന്നാട്ടുകാർ, യുദ്ധത്തിനു പോകുമ്പോൾ, ചമരിക്കാളയുടെ [1] രോമങ്ങൾ കഴുത്തിൽ കൊണ്ടുപോകുന്നു, ആപത്തുകൾക്കെതിരായുള്ള ഒരു സംരക്ഷണമെന്ന നിലക്കു്.

# അദ്ധ്യായം ഇരുപത്

[മോട്ടുപ്പള്ളി രാജ്യം—അവിടത്തെ രത്നഖനികൾ. അടുത്തുള്ള രാജ്യങ്ങൾ.]

കിഴക്കൻമലബാറിൽനിന്നു് 500 മൈൽ വടക്കു്, മോട്ടുപ്പള്ളി[2] അല്ലെങ്കിൽ 'മൂർഫിലി' എന്ന ഒരു രാജ്യമുണ്ടു്. ഇപ്പോൾ ഈ രാജ്യം ഭരിക്കുന്നതു്, ഭരണതന്ത്രനിപുണയായ ഒരു വനിതാമണിയാണ്[3]. അവിടെ വിശേഷപ്പെട്ട പട്ടുകളും, പുതപ്പുകളും നെയ്തുവരുന്നു. അവ വളരെ വിലപിടിച്ചവയാണ്. എട്ടുകാലിവലപോലെ നേർമ്മയുള്ള ഈ പട്ടുവസ്ത്രങ്ങൾക്കു്, പടിഞ്ഞാറൻരാജ്യങ്ങളിൽ വലിയ മാർക്കറ്റുണ്ടു്. ഈ വസ്ത്രങ്ങൾ ധരിക്കാൻ കൊതിക്കാത്ത ഒരു രാജാവോ, രാജ്ഞിയോ ഈ ലോകത്തിലില്ല. ലോകത്തിൽവെച്ചു് ഏററവും കൂടുതൽ ചെമ്മരിയാടുകളും ഇവിടെയാണുള്ളതു്. ഇവിടത്തെ 'ഗോൾക്കൊണ്ടാ'മലകളിൽ രത്നങ്ങൾ ധാരാളമുണ്ടു്. കാലവർഷം കഴിഞ്ഞാൽ, നാട്ടുകാർ, ഈ മലകളിലേയ്ക്കു രത്നങ്ങൾ തേടിപ്പുറപ്പെടുന്നു. ബ്രാഹ്മണരുടെ ആധിപത്യമുള്ള നാടാണു്, ഇതു്. ലോകത്തിൽവെച്ചു്

1 വെൺചാമരം.

2 ആന്ധ്രയിൽ ഗുണ്ടൂർ ഡിസ്ട്രിക്ടു്.

3 കാകതീയരാജാവായ ഗണപതിയുടെ മകൾ രുദ്രാംബ.

ഏററവും സത്യസന്ധന്മാരായ വ്യാപാരികൾ ഈ ബ്രാഹ്മണരാകുന്നു. എന്തിന്നുവേണ്ടിയും, അവർ അസത്യം പറയുകയില്ല. തങ്ങളുടെ സൂക്ഷിപ്പിന്നേല്പിക്കുന്ന എന്തും അവർ വിശ്വസ്തതയോടെ മടക്കിത്തരുന്നു. വ്യാപാരദല്ലാളുകൾ എന്ന നിലയിലും, അവർ തികച്ചും വിശ്വാസയോഗ്യരാണ്. ഇടംതോളിന്നു മീതേക്കൂടി മാറിന്നു വിലങ്ങനെയും, വലംകക്ഷത്തിന്നു താഴെയുമായി കെട്ടിയിട്ടുള്ള ഒരു നൂലാണ് ബ്രാഹ്മണരെ മററുള്ളവരിൽനിന്നു വേർതിരിച്ചറിയിക്കുന്നതു്. അവർ വലിയ പണ്ഡിതന്മാരും, ഏകഭാര്യാവ്രതക്കാരും, കർക്കശമായ വ്രതാനുഷ്ഠാനങ്ങളുള്ളവരും, ദീർഘായുഷ്മാന്മാരുമാണ്. വ്യാപാരം ചെയ്യേണ്ടിവരുമ്പോൾ അവർ തങ്ങളുടെതന്നെ നിഴലിനെ അളന്നു്, ജ്യോതിശ്ശാസ്ത്രനിയമങ്ങൾക്കനുസരണമായി, വ്യാപാരഫലങ്ങൾ മുൻകൂട്ടി അനുമാനിക്കുന്നു. പല്ലിന്നു് ഉറപ്പും നന്മയും ആഹാരത്തിന്നു ദഹനവും നല്കുന്ന, ഒരു പ്രത്യേകതരം ഇല[1] അവർ എപ്പോഴും വായിലിട്ടു ചവച്ചുകൊണ്ടിരിക്കുന്നു. ഇവരിൽ 'തങ്കുയി'[2] എന്ന പേരിൽ കൂടുതൽ മതഭക്തിയുള്ള ഒരു വർഗ്ഗക്കാരുണ്ടു്. അവർ മിക്കവാറും നഗ്നരായി നടക്കുന്നു. രൂക്ഷവും, കഠിനവുമായ ജീവിതം നയിക്കുന്നു. പശുക്കളെ ആരാധിക്കുന്നു. പിച്ചളകൊണ്ടു നിർമ്മിച്ച, പശുവിന്റെ ചെറിയ പ്രതിമകൾ ദേഹത്തിൽ അണിയുന്നു പശുക്കളുടെ എല്ലുകൾ ചുട്ടുപൊടിച്ചു്, വെള്ളത്തിൽ കുഴച്ചു ദേഹത്തിന്റെ വിവിധഭാഗങ്ങളിൽ പൂശുന്നു[3]. ഒരു ജീവജന്തുവിനേയും അവർ കൊല്ലുകയില്ല, ഭക്ഷിക്കയുമില്ല. പച്ചസ്സസ്യങ്ങളോ, ഇലകളോ, കിഴങ്ങുകളോപോലും അവർ തിന്നുകയില്ല. തിന്നുന്നതിന്നുമുമ്പ്, അവർ അതു വേവിക്കുകയോ ഉണക്കുകയോ ചെയ്യുന്നു. എന്തെ

---

1 വെററില മുറുക്കുന്നതാണ് സൂചന.

2 ലിംഗായത്തുകാർ?

3 ചാണകഉരുളകൾ ഉണക്കി, കത്തിച്ചുണ്ടാക്കുന്ന ഭസ്മത്തെ, എല്ലിൻഭസ്മമായി, 'മാക്കോ' തെററിദ്ധരിച്ചിരിക്കുന്നു.

ന്നാൽ പച്ചയായിരിക്കുന്ന എന്തിനും, ജീവനുണ്ടെന്നാണ് അവ രുടെ വിശ്വാസം.

മുൻപറഞ്ഞ നാലു സഹോദരരാജാക്കന്മാരിൽ ഒരാളായ 'ആസ്സർ' ഭരിക്കുന്ന ഒരു മനോഹരനഗരമാണ് 'കായൽ'[1]. അദ്ദേഹം സമ്പന്നനും, വ്യാപാരികളോടു ദയാലുവുമാകുന്നു. അദ്ദേഹത്തിനു മുന്നൂറു വെപ്പാട്ടിമാരുണ്ട്. 'താംബൂൽ' എപ്പോഴും വായിലിട്ടു ചവയ്ക്കുന്ന ശീലം അവിടത്തുകാർക്കും കാണപ്പെടുന്നു. എരിവുള്ള ഒരുതരം പച്ചയിലയും, ചുണ്ണാമ്പും, സുഗന്ധവസ്തുക്കളും ചേർത്ത ഒരു 'കൂട്ടാ'ണ് താംബൂൽ[2].

മലബാറിന്റെ പടിഞ്ഞാറൻതീരത്തുള്ള ഒരു പ്രധാനതുറമുഖപട്ടണമാണ് 'കൊല്ലം.' 'കായലി'ൽനിന്നു 250 മൈൽ ദൂരമുണ്ട്, ഇവിടേയ്ക്കു്. അവിടത്തെ രാജാവ് ആരുടേയും സാമന്തനല്ല. നാട്ടുകാർ വിഗ്രഹാരാധകന്മാർതന്നെ. അവർക്കു സ്വന്തമായ ഒരു ഭാഷയുണ്ട്. കുറച്ചു കൃസ്ത്യാനികളും സ്വന്തം ഭാഷയുള്ള യഹൂദ (ജൂത)ന്മാരും അവിടെയുണ്ട്. കുരുമുളക്, ഇഞ്ചി, പൂനീലം, നാളികേരം, ആനകൾ, ആനക്കൊമ്പ്, സുഗന്ധവസ്തുക്കൾ, മഞ്ഞുപോലെ വെളുത്തതും, നീലയും, ചുവപ്പും, പച്ചയുമെന്നിങ്ങനെ ശബളവർണ്ണങ്ങളായ തത്തകൾ, ചെറിയ ആൺമയിലുകൾ, വലിയ മയിൽപ്പേടകൾ—ഇവയെല്ലാം നിറഞ്ഞ ഐശ്വര്യസുന്ദരമായ ഒരു നാടാണ് ഇതു്. ജനങ്ങൾ പൊതുവേ വിഷയലമ്പടന്മാരാണ്. സഹോദരിമാർ തുടങ്ങി, അടുത്തു രക്തബന്ധമു

---

1 'മധുര' തലസ്ഥാനമായുണ്ടായിരുന്ന, പഴയ പാണ്ടിരാജ്യത്തിന്റെ തുറമുഖപട്ടണമാണ് 'കായൽ'. ഇന്നത്തെ 'തൂത്തുക്കുടി' തന്നെ.

2 "വിരോധമുള്ളവരുടെ മുഖത്തു താംബൂൽ ചവച്ചു തുപ്പുന്ന സമ്പ്രദായം ഇവിടെയുണ്ട്"—മാർക്കോ—(ലതാം).

ള്ള സ്ത്രീകളെ അവർ വിവാഹംചെയ്യുന്നു[1]. ജ്യോതിഷപണ്ഡിതന്മാരും വൈദ്യന്മാരും അവിടെ ധാരാളമുണ്ട്. 'കമരി'[2] എന്ന സ്ഥലത്തെ കുരങ്ങുകൾ, ആകൃതിയിലും, വലിപ്പത്തിലും മനുഷ്യസാദൃശ്യം വഹിക്കുന്നു. പാശ്ചാത്യനാടുകൾ, അറേബ്യ, പേഴ്സ്യാ തുടങ്ങിയ മധ്യപൂർവ്വരാജ്യങ്ങൾ, 'മാങ്കി' മുതലായ കിഴക്കൻനാടുകൾ എന്നിവിടങ്ങളിൽനിന്നു്, അനേകം വ്യാപാരകപ്പലുകൾ ഇവിടെ വന്നുകൊണ്ടിരിക്കുന്നു. ഇവിടത്തെ വൃക്ഷങ്ങളിൽനിന്നെടുക്കുന്ന മദ്യം വളരെ രുചികരവും, ലഹരിയുള്ളതുമാകുന്നു. കുടിക്കുന്നവനെ അതു വേഗത്തിൽ ബോധംകെടുത്തുന്നു. ഇവിടെ ധ്രുവനക്ഷത്രം കാണപ്പെടുന്നുണ്ടു്. മനുഷ്യജീവിതത്തിനു് ആവശ്യമായ എല്ലാ വസ്തുക്കളും, ഇവിടെ സുലഭമാണു്, ലാഭകരവുമാണു്. ഉച്ചസമയത്തു കോഴിമുട്ടകൾ പുഴുങ്ങിയെടുക്കാൻ തക്കതായ ചൂടു് ഇവിടത്തെ ഏതു ജലാശയത്തിന്നുമുണ്ടു്. പടിഞ്ഞാറൻമലബാറിൽ പൊതുവെ എല്ലായിടത്തും, അതിവിശിഷ്ടമായ ഒരു ജാതി പഴം സുലഭമായി കാണപ്പെടുന്നു. 'സ്വർഗ്ഗത്തിലെ ആപ്പിൾപ്പഴം' എന്നു വിളിക്കത്തക്കവിധം അത്ര സ്വാദുണ്ടു് ഈ പഴങ്ങൾക്കു്. ഈ പഴങ്ങളുണ്ടാകുന്ന ചെടിയുടെ വലിയ ഇലകളിലാണു്, ഈ നാട്ടുകാർ ഭക്ഷണം കഴിക്കുന്നതു്[3]. അവർ മണൽപ്പുറത്തു വിശ്രമിക്കുകയും, എഴുന്നേല്ക്കുമ്പോൾ കിടന്ന സ്ഥലത്തെ മണൽ അങ്ങോട്ടുമിങ്ങോട്ടും തട്ടിനീക്കുകയും ചെയ്യുന്നു. കിടന്ന സ്ഥലത്തു ചിതൽപുഴുക്കൾ വളന്നു്, ഭക്ഷണം കിട്ടാതെ ചത്തുപോകാതിരിക്കാനാണു് ഇതു ചെയ്യുന്നതു്. ഈ നാട്ടിൽ ചിലർ 150-ം, 200-ം വർഷങ്ങൾ ജീവിച്ചിരിക്കുന്നു. മൃതദേഹം തിയ്യിൽ ദഹിപ്പിക്കപ്പെടുന്നു.

---

1 മരുമക്കത്തായവിവാഹസമ്പ്രദായത്തെപ്പററിയുള്ള തെററിദ്ധാരണ.

2 കന്യാകുമാരി.

3 കേരളത്തിലെ, കേളികേട്ട നേന്ത്രപ്പഴവും, കേരളീയർ ഉണ്ണുവാനുപയോഗിക്കുന്ന വാഴയിലയും.

'ദേലിമല' അല്ലെങ്കിൽ 'ഏലിമല'[1] എന്ന പ്രദേശത്തിന് ഒരു പ്രത്യേകരാജാവുണ്ട്. ജനങ്ങൾ വിഗ്രഹാരാധകന്മാരും, ഇന്ത്യൻ കായ (നാളികേരം), സുഗന്ധവസ്തുക്കൾ എന്നിവയിൽ സമ്പന്നരുമാകുന്നു. മാങ്കിയിലെ കപ്പലുകൾ ഇവിടെ കച്ചവടത്തിനായി വരാറുണ്ട്. കുരുമുളക്, ഇഞ്ചി, നാളികേരം ഇവയാണ്, പ്രധാന ഉല്പന്നങ്ങൾ. മാങ്കിയിൽനിന്നു വരുന്ന കപ്പലുകൾ, അവിടെനിന്നു്, ചെമ്പ്, വെള്ളി, സ്വർണ്ണം എന്നിവയും, കസവുവസ്ത്രങ്ങൾ, പട്ട് മുതലായവയും കൊണ്ടുവരുന്നു. മലബാർ തീരത്തും, ഗുജറാത്തിലും മുഹമ്മദീയരായ വളരെ കടൽക്കൊള്ളക്കാരുണ്ട്. അവർ സംഘംചേർന്ന്, ചിലപ്പോൾ നൂറിലധികം പായ്ക്കപ്പലുകളോടുകൂടി കടലിലിറങ്ങി, മററു വ്യാപാരക്കപ്പലുകളെ വളഞ്ഞു കൊള്ളചെയ്യുന്നു. സ്ത്രീകളോടും കുട്ടികളോടുംകൂടി ഈ കൊള്ളക്കാർ വേനൽക്കാലം മുഴുവൻ കടലിൽ ജീവിക്കുന്നു.

ഗുജറാത്തിൽ പഞ്ഞി (പരുത്തി)മരങ്ങൾ ധാരാളമായി വളരുന്നു. പഞ്ഞിമരങ്ങൾക്കു 30 അടിവരെ ഉയരമുണ്ട്. ഇരുപതു കൊല്ലത്തോളം അവ നിലനില്ക്കുന്നു. പക്ഷേ പന്ത്രണ്ടു കൊല്ലം കഴിഞ്ഞാൽ, പിന്നെ, അവയിൽനിന്നു കിട്ടുന്ന പഞ്ഞിക്കു, ഗുണം കുറവായതിനാൽ, നൂലുണ്ടാക്കാൻ പററുകയില്ല. എങ്കിലും കനംകുറഞ്ഞ കിടക്ക(മെത്ത)യുണ്ടാക്കാൻ കൊള്ളാം. 'കനൃജി'ൽ കുന്തിരിക്കം സുലഭമാണ്. കുതിരക്കച്ചവടത്തിനും ആ സ്ഥലം കേളികേട്ടതാണ്. 'ക്യാംബേ'യിൽ പരുത്തി, പുതപ്പ്, പൂനീലം എന്നിവ ധാരാളമുണ്ട്. ഒരു പ്രത്യേകഭാഷയുള്ള രാജ്യമാണ്, സോമനാഥ്. അവിടത്തുകാർ വിഗ്രഹാരാധകന്മാരും, വ്യാപാരികളും നല്ലവരുമാകുന്നു. 'കെസ്മക്കോറൻ'[2] (Kesmacoran)

---

1. കണ്ണൂരിന്നു് ഏകദേശം 16 മൈൽ വടക്കു് കടൽത്തീരത്തു് സ്ഥിതിചെയ്യുന്ന 'ഏഴിമല'. പഴയ കോലത്തിരിരാജാവിൻെറ അധികാരസീമയിൽപ്പെട്ടിരുന്നതാണ് ഈ തുറമുഖം. മാർക്കോപോളോവിനുമുമ്പും പിമ്പും ചില പാശ്ചാത്യകടൽസഞ്ചാരികൾ, 'ഏഴിമലയെ' പരാമർശിച്ചിട്ടുണ്ട്.

2. ബലൂചിസ്ഥാൻ.

ബ്യഹൽഭാരതത്തിൻെറ വടക്കുപടിഞ്ഞാറുള്ള അവസാനത്തെ സംസ്ഥാനമാണു്. അഞ്ഞൂറു മൈൽ നീളമുണ്ടു്. അതിൻെറ അടുത്തായി രണ്ടു ദ്വീപുകളുണ്ടെന്നു പറയപ്പെടുന്നു. ഒന്നിൽ സ്ത്രീകളും മറേറതിൽ പുരുഷന്മാരുംമാത്രം താമസിക്കുന്നുവത്രെ.[1] മാർച്ച്, ഏപ്രിൽ, മേയ് എന്നീ മാസങ്ങളിൽ പുരുഷന്മാർ സ്ത്രീദ്വീപിലെത്തി, അവരോടൊന്നിച്ചു താമസിക്കുന്നു. സ്ത്രീകൾ, തങ്ങളുടെ പുത്രന്മാരെ, പന്ത്രണ്ടു വയസ്സുവരെ കൂടെ താമസിപ്പിച്ചു വളർത്തുകയും, അതിനുശേഷം പിതാക്കന്മാരുടെ കൂടെ പുരുഷദ്വീപിലേയ്ക്കയയ്ക്കുകയും ചെയ്യുന്നുവെന്നാണു് കേട്ടതു്. ആ രാജ്യത്തെ കാലാവസ്ഥയാണു് ഈ വേർതിരിഞ്ഞ ജീവിതത്തിന്നു കാരണമെന്നു പറയുന്നുണ്ടു്. അവരധികവും, കൃസ്തുമതക്കാരാണു്. സ്വന്തം ബിഷപ്പുണ്ടു്. 'സൊക്കോട്ടാ'[2] ബിഷപ്പിൻെറ ഒരു കീഴാളൻ. അവർ സമർത്ഥരായ മുക്കുവന്മാരാകുന്നു. സുഗന്ധലേപനങ്ങളുണ്ടാക്കാൻ പററിയ 'മീൻ അമ്പർ', ഇവിടെ ശേഖരിക്കപ്പെടുന്നു. 'സൊക്കോട്ടറ', ആർച്ച്ബിഷപ്പ്, റോമിലെ പോപ്പിന്നു് അധീനനല്ല. 'ബാൽഡാക്കി'ൽ[3] താമസിക്കുന്ന ഒരു 'സട്ടലി'യാണു് അദ്ദേഹത്തിൻെറ മേലധികാരി. 'സൊക്കോട്ടറക്കാർ' സമർത്ഥരായ മന്ത്രവാദികളാണു്. അതിനാൽ, അവരുടെ മതാധിപതികളാൽ അവർ മതഭ്രഷ്ടരാക്കപ്പെട്ടിട്ടുണ്ടു്. തങ്ങൾക്കു കല്പം തരാത്ത കപ്പലുകളെ, കൊടുങ്കാററുണ്ടാക്കി തകക്കുവാനും കല്പം ലഭിക്കുംവരെ തടഞ്ഞുനിർത്താനും അവക്കു കഴിയും.

---

1. "'ആമസോൺ'സ്ത്രീകളുടെ കഥയുടെ മറൊരു രൂപം."
—ഹാട്ട്.

2. അബിസീനിയയ്ക്കു വടക്കു ബ്രിട്ടീഷ് സൊമാലിലാൻറിനു്, അല്പം വടക്കുകിഴക്കായി സ്ഥിതിചെയ്യുന്ന ഒരു ചെറുദ്വീപാണു് സൊക്കോട്ടറ.

3. ബാഗ്ദാദ്.

# അധ്യായം ഇരുപത്തൊന്നു്

[മെദഗാസ്കർദ്വീപു്, എത്തിയോപ്പിയാരാജ്യം, ആഫ്രിക്കയുടെ മററു ചില ഭാഗങ്ങൾ.]

സൊക്കോട്ടറായിൽനിന്നു്, തെക്കോട്ടു് 1000 മൈൽ സമുദ്രയാത്ര ചെയ്താൽ ലോകത്തിൽവെച്ചു് ഏററവും വലിയതും, സമ്പന്നവുമായ ദ്വീപുകളിൽ ഒന്നു്, ദൃഷ്ടിയിൽപ്പെടുന്നു—'മെദഗാസ്കർ.' ഈ ദ്വീപിനു്, മൂവ്വായിരം മൈൽ ചുററളവുണ്ടു്. വിഗ്രഹാരാധനക്കാർ അധിവസിക്കുന്ന ഈ രാജ്യം ഭരിക്കുന്നതു്, നാലു വൃദ്ധന്മാരടങ്ങിയ ഒരു ഭരണസഭയാണു്. ജനങ്ങളുടെ പ്രധാനതൊഴിൽ കച്ചവടമാകുന്നു. ആനക്കൊമ്പാണു് വലിയ തോതിൽ അവിടെ വിററഴിയുന്ന വസ്തു. ഇവിടങ്ങളിലെ സമുദ്രജലപ്രവാഹങ്ങൾക്കു വളരെ ശക്തിയുണ്ടു്. അവിടത്തുകാർ 'റോക്കു്' എന്ന ഒരു അസാധാരണപക്ഷിയെപ്പററി, വിസ്മയകരങ്ങളായ കഥകൾ പറയുന്നു. കഴുകൻെറ ആകൃതിയും, എന്നാൽ അതിനേക്കാൾ അനേകം ഇരട്ടി പലിപ്പമുള്ള ഈ പക്ഷിരാക്ഷസൻ, ആനകളെപ്പോലും, അതിൻെറ കാൽനഖങ്ങളിൽ അള്ളിപ്പിടിച്ചു്, റാഞ്ചിക്കൊണ്ടു പറന്നുകളയുമത്രേ[1]. സാൻസിബാർരാജ്യവും വളരെ വലുതാണെന്നു പറയപ്പെടുന്നു. ആനകളും വളരെ നീണ്ട കഴുത്തുള്ള ജിറാഫ്കളും, നമ്മുടേതിൽനിന്നു വ്യത്യാസപ്പെട്ട ചെമ്മരിയാടുകളും അവിടെ ധാരാളമുണ്ടു്. അവിടത്തെ സ്ത്രീകളും പുരുഷന്മാരും വികൃതമായ രൂപത്തോടുകൂടിയവരാകുന്നു. ഇന്ത്യൻ സമുദ്രമെന്നറിയപ്പെടുന്ന ഈ ജലപരിധിക്കുള്ളിൽ, ഒട്ടാകെ, പന്തീരായിരത്തിഎഴുനൂറു് (12,700) ദ്വീപുകളുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ആ പ്രദേശങ്ങളിലെ, പല നാവികരും, സ

---

1. "ചിറകിൻെറ വ്യാസം 90 അടിയും, ഓരോ തൂവലിൻെറയും നീളം 36 അടിയുമാണെന്നു്, ആ പക്ഷിയെ കണ്ടവർ പറയുന്നു"—മാക്കോ—(ലതാം)

ഞ്ചാരികളുമാണ്, ഈ വിവരം എന്നോടു പറഞ്ഞതു്. അവരുടെ സമുദ്രയാത്രാരേഖകൾ, ഞാൻ കാണുകയും ചെയ്തു. 'വലിയ ഇന്ത്യ' എന്ന പേരിൽ അറിയപ്പെടുന്നതും, മലബാർമുതൽ 'കെസ്മക്കോറാൻ'വരെ വ്യാപിച്ചുകിടക്കുന്നതുമായ ഭൂവിഭാഗത്തിനുള്ളിൽ, പതിമൂന്നു മഹാരാജ്യങ്ങളുണ്ടു്. 'സിയാംബെ'[1]മുതൽ 'മുർഫിലി'[2] വരെപ്പരന്നു കിടക്കുന്ന 'ചെറിയ ഇന്ത്യ'യിൽ അനേകം ദ്വീപുകൾക്കൂടാതെ, എട്ടു വിഭിന്നരാജ്യങ്ങളാണുള്ളതു്.

മൂന്നാമത്തെ ഇന്ത്യ, അഥവാ മധ്യേന്ത്യ, 'അബേഷ്യ' എന്ന പേരിൽ അറിയപ്പെടുന്നു. അവിടത്തെ പ്രധാനരാജാവു് ഒരു കൃസ്ത്യാനിയാണ്. അദ്ദേഹത്തിൻെറ കീഴിലുള്ള ആറു സാമന്തരാജാക്കന്മാർ, അവിടെ പല ഭാഗങ്ങളിൽ ഭരണം നടത്തുന്നു. മൂന്നു കൃസ്ത്യാനികളും, മൂന്നു മുഹമ്മദീയരും ജൂതന്മാരും അവിടെ പാർക്കുന്നുണ്ടു്. തോമസ്സ്പുണ്യവാളൻ, 'നൂബിയാ'യിൽ മതപ്രചരണം നടത്തിയശേഷം, 'അബേഷ്യ'യിലേയ്ക്കാണ് വന്നതു്. അവിടെനിന്നു് അദ്ദേഹം മലബാറിലേയ്ക്കും പോയി. 'ഏഡനി'ലെ സുൽത്താനും, നൂബിയായിലെ ജനങ്ങൾക്കുമെതിരായി, സമരം ചെയ്തുകൊണ്ടിരിക്കുന്ന ഒരു ധീരജനത അബേഷ്യയിലുണ്ടു്. എ. ഡി. 1288-ൽ അബിസ്സീനിയാക്കാരുടെ മഹാനായ ചക്രവർത്തി യരുശലേം സന്ദർശിക്കുവാനാഗ്രഹിക്കുകയും, എന്നാൽ വഴിക്കുള്ള മുഹമ്മദീയരാജ്യങ്ങളെ ഭയന്നു്, നിരുത്സാഹപ്പെട്ടു്, തനിക്കുവേണ്ടി വഴിപാടുകൾ നടത്തുവാനായി, അദ്ദേഹം ഒരു ബിഷപ്പിനെ യരുശലേമിലേയ്ക്കയയ്ക്കുകയും ചെയ്തുവെന്നു്, ഞാൻ കേൾക്കുകയുണ്ടായി. യരുശലേമിൽനിന്നു മടങ്ങിവരുമ്പോൾ, ആ ബിഷപ്പിനെ ഏഡനിലെ സുൽത്താൻെറ കിങ്കരന്മാർ പിടികൂടുകയും, ബലാൽക്കാരമായി 'സുന്നത്തു്' (ചേലാകർമ്മം) കഴിപ്പിക്കുകയും ചെയ്തു. ഈ വിവരമറിഞ്ഞ അബിസ്സീനിയൻചക്രവർത്തി, ക്രോധാവിഷ്ടനായി, ഒരു വലിയ സൈന്യം

1. ക്യാംബേ. 2. ഗോൾക്കൊണ്ട.

സംഘടിപ്പിച്ച്, ഏഡനിലെ സുൽത്താനേയും, മററു രണ്ടു മുസ്ലീം രാജാക്കന്മാരേയും തോല്പിച്ച്, ഏഡൻനഗരം കൊള്ളചെയ്തു തകർത്തു. അഭേഷ്യ സ്വൎണ്ണംകൊണ്ടു സമ്പന്നമായ ഒരു രാജ്യമാകുന്നു.

അവിടന്നു 40 മൈൽ തെക്കുകിഴക്കായി സ്ഥിതിചെയ്യുന്ന 'എസ്സ്റ്റിയർ', 'ഏഡൻ'സുൽത്താൻെറ കൈവശമാണ്. അവിടെ വളരെ നല്ലതരം, വെള്ളക്കുന്തിരിക്കം ധാരാളമായി കിട്ടുന്നു. ഒരു പ്രത്യേകജാതി മരത്തിൻെറ തൊലിയിൽ മുറിവുണ്ടാക്കി, അതിൽനിന്നു് ഉഴറിവരുന്ന പശ ശേഖരിച്ചാണ്, കുന്തിരിക്കമുണ്ടാക്കുന്നതു്. നല്ല വിലയുള്ള ഒരു ഉല്പന്നമാണിതു്. ചോളം കിട്ടാത്ത ആ നാട്ടിൽ, ചിലർ മത്സ്യംകൊണ്ടു ബിസ്കററ് ഉണ്ടാക്കുന്നു. മത്സ്യത്തിനു്, അവിടെ അശേഷം പഞ്ഞമില്ല. കന്നുകാലികളെ ക്കൂടി, അവർ മീൻ തീററിയാണ്, വളർത്തുന്നതു്. മാർച്ച്, ഏപ്രിൽ, മേയ് എന്നീ മാസങ്ങളിലാണ്, മീൻപിടുത്തം വിപുലമായി നടക്കുന്നതു്.

# അധ്യായം ഇരുപത്തിരണ്ടു്

[—അപ്രാപ്യങ്ങളെന്നു പേർ വീണിട്ടുള്ള ശീതമേഖലാരാജ്യങ്ങൾ.]

സമുദ്രതീരങ്ങളിലുള്ള പല രാജ്യങ്ങളെപ്പററിയും പറഞ്ഞശേഷം, കുറെയധികം ഉള്ളിലേയ്ക്കു തള്ളിക്കിടക്കുന്നതും, താർത്താറികൾ തിങ്ങിത്താമസിക്കുന്നതുമായ, ചില ഉത്തരേഷ്യൻരാജ്യങ്ങളിലേയ്ക്കു ഞാൻ, പ്രവേശിക്കുകയാണ്. ആക്കം അടിമയല്ലാത്തവനും, 'ചിങ്കിസ്സ്ഖാൻ'വംശജനുമായ 'സെയ്ദു'വാണ്, അവിടത്തെ താർത്താറികളുടെ രാജാവു്. പ്രപിതാമഹന്മാരുടെ ആചാരസമ്പ്രദായങ്ങൾതന്നെയാണ്, അവിടത്തെ താർത്താറികൾ ഇപ്പോഴും തുടരുന്നതു്. അവർ നഗരങ്ങളോ കോട്ടകളോ നിർമ്മിച്ചു താമസിക്കുന്നില്ല. രാജാവിനോടൊന്നിച്ച മൈതാനങ്ങളി

ലോ, താഴ്വരകളിലോ, കാടുകളിലോ ആണ്, അവരുടെ താമസം അധികവും. അവർ കലപ്പില്ലാത്ത, തനിത്താർത്താറികളായി ഗണിക്കപ്പെടുന്നു. അവക്കു് ഒരുതരം ധാന്യങ്ങളുമില്ല. പക്ഷേ, മാംസവും, പാലും യഥേഷ്ടം കഴിച്ചു്, അവർ സുഖസമാധാനങ്ങളോടെ ജീവിക്കുന്നു. കുതിരകൾ, പശുക്കൾ, ചെമ്മരിയാടുകൾ തുടങ്ങി, എല്ലാത്തരം കന്നുകാലികളും അവക്കുണ്ടു്. ഇരുപതു കൈപ്പടം നീളമുള്ള വെള്ളക്കരടികളും, കരിംകുറുനരികളും, കാട്ടുകഴുതകളും, നീർണ്ണായൻേറതുപോലെ മൃദുവായ രോമചമ്മമുള്ള 'റോണ്ട്' എന്നൊരു ജന്തുവും, 'ഫറോവിൻെറ എലികൾ' എന്നറിയപ്പെടുന്ന, പ്രത്യേകതരം എലികളും ആ നാട്ടിൽ സുലഭമാണു്. ഇവയെ പിടിക്കാനും, മെരുക്കുവാനും താർത്താറികൾക്കു നല്ല വശമാണു്. കൊല്ലത്തിൽ, ചുരുക്കം ചില മാസങ്ങളൊഴികെ, ബാക്കി കാലംമുഴുവൻ, ഇവിടത്തെ തടാകങ്ങൾ ഉറച്ചു മഞ്ഞുകട്ടികളായിത്തീരുന്നു. അതിനാൽ, അവരുമായി വ്യാപാരംചെയ്യാനുദ്ദേശിക്കുന്ന, വിദേശവ്യാപാരികൾ, കരവഴിക്കു്, വിജനപ്രദേശങ്ങളിലൂടെ പതിന്നാലുദിവസത്തെ യാത്രചെയ്യേണ്ടിയിരിക്കുന്നു. ഓരോ ദിവസത്തേയും, യാത്ര കഴിഞ്ഞാൽ, മരക്കുടിലുകൾ കെട്ടി അതാതിടങ്ങളിൽ താവളമടിക്കുകയും, അത്തരം താവളങ്ങളിൽവെച്ചു്, നാട്ടുകാരുമായി അവർ ചരക്കുമാററക്കച്ചവടം നടത്തുകയും ചെയ്യുന്നു. ചക്രങ്ങളില്ലാത്തതും, അടിവശം പരന്നു മിനുസമായും, മുകൾഭാഗം കമാനംപോലെ വളഞ്ഞിരിക്കുന്നതും, ഈരണ്ടു നായ്ക്കളാൽ വലിക്കപ്പെടുന്നതുമായ 'ഹിമശകട'ങ്ങളി(Sledges) ലാണു്, ശൈത്യകാലത്തു വ്യാപാരികൾ യാത്രചെയ്യുക. വ്യാപാരിയും, വണ്ടിക്കാരനും, കുറെ രോമചമ്മോല്പന്നങ്ങളും മാത്രമേ, ഇത്തരം ഹിമശകടങ്ങളിലുണ്ടാകൂ.

ഈ താർത്താറിപ്രദേശത്തിൻെറ വടക്കായി, മറെറാരു രാജ്യംകൂടിയുണ്ടു്. ഭൂമിയുടെ വടക്കേ അററംവരെ വ്യാപിച്ചുകിടക്കുന്ന ഈ രാജ്യം, ശൈത്യകാലങ്ങളിൽ സൂര്യൻ പ്രത്യക്ഷപ്പെടാത്തതിനാലും നമ്മുടെ പ്രഭാതംപോലെ അവിടെ വായു കട്ടിയായും, അ

ന്തരിക്ഷം ഇരുണ്ടുമിരിക്കുന്നതിനാല്യം, 'അവ്യക്തഭൂമി' എന്ന പേരിലാണറിയപ്പെടുന്നതു്[1]. അവിടത്തെ ജനങ്ങൾ വിളറി വെളുത്തും തടിച്ചു കുറുതായും ഇരിക്കുന്നു. സൂൎയ്യപ്രകാശമില്ലാത്ത ഇരുണ്ട മാസങ്ങളിൽ താർത്താറികൾ, തങ്ങളുടെ അയൽപക്കത്തുള്ള 'ഇരുൾനാട്ടിൽ' കടന്നു്, കന്നുകാലികളേയും മററും മോഷ്ടിക്കുന്നു. വഴി തെററാതിരിക്കാനായി, കുടിക്കുന്ന കുട്ടികളുള്ള പെൺകുതിരകളുടെ പുറത്താണു് ഇവർ സവാരിചെയ്യുന്നതു്. സൂൎയ്യപ്രകാശം കുറഞ്ഞുകുറഞ്ഞു്, ഇരുണ്ട പ്രദേശത്തിന്റെ അതിൎത്തിയിലെത്തുമ്പോൾ, കുതിരക്കുട്ടിയെ ഒരു വിശ്വസ്തനായ കാവൽക്കാരനെ ഏല്പിച്ചശേഷം, പെൺകുതിരയെ മാത്രം ഓടിച്ചുകൊണ്ടു്, അവർ യാത്ര തുടരുന്നു. കവൎച്ചയെല്ലാം കഴിഞ്ഞാൽ, കുതിരയെ കടിഞ്ഞാണയച്ചു വിടുകയും, തങ്ങളുടെ കുഞ്ഞുങ്ങൾക്കു മുല നല്കാനുള്ള വെമ്പലോടെ, ആ കുതിരകൾ കുട്ടികളെ നിൎത്തിയിട്ടുള്ള അതിൎത്തിയിലേക്കു് അതിവേഗത്തിൽ കുതിച്ചുപായുകയും ചെയ്യുന്നു. വേനല്ക്കാലത്താണു്, അതിവിശിഷ്ടങ്ങളായ അനേകം രോമചൎമ്മങ്ങൾ അവർ ശേഖരിക്കുന്നതു്. ഈ അമൂല്യചൎമ്മങ്ങളിൽ ചിലതു്, റഷ്യയിൽ കൊണ്ടുവരപ്പെടുന്നുണ്ടെന്നു ഞാൻ കേൾക്കുകയുണ്ടായി. 'ഉത്തരാന്ധകാര'ത്തിന്നടുത്തു കിടക്കുന്ന ഒരു മഹാരാജ്യമാകുന്നു റഷ്യ. ലോകത്തിൽവെച്ചു് ഏററവും തണുപ്പുള്ള രാജ്യമാണിതു്. അവിടത്തെ ജനങ്ങൾ 'ഗ്രീക്കു് ഓർത്തഡോക്സു്' കൃസ്തീയസഭക്കാരാകുന്നു. സ്ത്രീകളും പുരുഷന്മാരും സൌന്ദൎയ്യമുള്ളവരാണു്. തങ്ങളുടെ അയൽപക്കക്കാരായ പടിഞ്ഞാറൻതാൎത്താറികളുടെ രാജാവിന്നു റഷ്യക്കാർ കപ്പം കൊടുക്കുന്നുണ്ടു്. ഈ രാജ്യത്തിന്നു വലിയ വ്യാപാരപ്രാധാന്യമില്ല. കിഴക്കൻറഷ്യയിൽ രോമചൎമ്മങ്ങൾ, മെഴു എന്നിവ ധാരാളം കിട്ടുന്നു. അവിടത്തെ വെള്ളിഖനികൾ പ്രസിദ്ധങ്ങളാണു്. പ്രാപ്പിടിയൻപക്ഷികളും ഇവിടെ ധാരാളമുണ്ടു്. അനേകം ചെറുദ്വീപുകളുള്ളതും, മഞ്ഞുകട്ടികൾ നിറഞ്ഞതുമായ ഉത്തരസമുദ്രമാണു് ഇതിന്റെ വടക്കേ അതിൎത്തി.

---

1 വടക്കൻസൈബീരിയയാണു്, ഇവിടെ സൂചിതമായിരിക്കുന്നതു്.

ഗ്രന്ഥശാല
തൃശ്ശൂർ-1

# ഉപസംഹാരം

താൎത്താരികളെപ്പററിയും, മുഹമ്മദീയർ, വിഗ്രഹാരാധനക്കാർ എന്നിവരെപ്പററിയും ലോകത്തിലെ നിരവധി രാജ്യങ്ങളെപ്പററിയും എനിക്കു പഠിക്കാനും, വിവരിക്കാനും കഴിഞ്ഞിടത്തോളം കാൎയ്യങ്ങൾ, ഞാൻ നിങ്ങളെ അറിയിച്ചുകഴിഞ്ഞു. കരിങ്കടലിൻെറ പരിസരങ്ങളിലുള്ള സംസ്ഥാനങ്ങളെ ഞാൻ മനഃപൂൎവ്വം ഒഴിവാക്കിയതാണു്. വെനീസു്, ജിനോവ, പിസാ എന്നിവിടങ്ങളിൽനിന്നു് അനേകം വ്യാപാരികൾ നിത്യേനയെന്നോണം, ആ പ്രദേശങ്ങൾ സന്ദൎശിച്ചു മടങ്ങിവന്നു്, നമ്മുടെ നാട്ടാൎക്കു പല വിവരങ്ങളും നല്കിക്കൊണ്ടിരിക്കേ, അത്തരം വിവരണങ്ങൾ ഞാൻ ആവൎത്തിക്കേണ്ടതില്ല. ഈ ഗ്രന്ഥത്തിൻെറ മുഖവുരയിൽ സൂചിപ്പിച്ചപോലെ, മഹാനായ കുബ്ലൈഖാൻെറ അനുവാദവും സഹായവും ഉണ്ടായിരുന്നില്ലെങ്കിൽ, ഇതെല്ലാം പറയുവാൻ ഞാൻ ഇവിടെ മടങ്ങിയെത്തുകയില്ലായിരുന്നു.

എന്നാൽ, ക്രിസ്ത്യനോ, മുഹമ്മദീയനോ, വിഗ്രഹാരാധകനോ ആയ, ലോകത്തിലെ ഒരു മനുഷ്യനും ഇന്നുവരെ ചെന്നെത്താനാവാത്തത്ര ദുൎഗ്ഗമങ്ങളും വിസ്തൃതങ്ങളും വിവിധങ്ങളുമായ ഭൂവിഭാഗങ്ങളിൽ പഠനവും പൎയ്യടനവും നടത്തി കാൽനൂററാണ്ടിലധികം ഒരു ലോകസഞ്ചാരിയായിത്തന്നെ കഴിഞ്ഞുകൂടിയ വെനീസ്സിലെ കുലീനനും പൌരനും നിക്കൊളോപോളോവിൻെറ പുത്രനുമായ ഈ മാൎക്കോപോളോതന്നെ സ്വദേശത്തു തിരിച്ചെത്തി, സ്വാനുഭവങ്ങൾ നാട്ടുകാൎക്കു പകൎന്നുകൊടുക്കണമെന്നതു് ഈശ്വരേച്ഛതന്നെയെന്നു ഞാൻ പൂൎണ്ണമായും വിശ്വസിക്കുന്നു.

ദൈവത്തിനു സ്തുതി

ആമേൻ.

4171



MARCOPOLOVINTE
SANCHARAKATHAKAL.

This book is very good.

Very Good

It is very MARCOPOLE BAD

This is a very good book

This book is a very good

This is a good book.

This is a good book.

9171

4171

[illegible]

[illegible]

4171

Indic Digital Archive Foundation
gpura.org